

# ക്രിസ്തുദേവൻ

പീറ്റർ സി. എബ്രഹാം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ക്രിസ്തുദേവൻ

(ക്രിസ്തുകേന്ദ്രീകൃതമായ ആദ്യത്തെ മലയാള ആഖ്യായിക)

പീറ്റർ സി. ഏബ്രഹാം

www.malankaralibrary.com

(Malayalam)
**Kristhudevan**
(Historical Novel)
by **Peter C. Abraham**

*First Published :*
X'Mas 1999

© Bini Peter

*Cover :*
N. Ajayan

*Typesetting :*
INTECS, Pathanamthitta
Phone : (0473) 323679, 325396

*Printed at :*
St. Mary's Offset & Letterpress Printers
Pattom, Trivandrum-4, Phone : 446116

**Price Rs. 95/-**

www.malankaralibrary.com

# അനുഗ്രഹം

ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ജീവിതമെന്ന മഹാ ചരിത്രസംഭവം പ്രധാനമായും സുവിശേഷങ്ങളിലൂടെയാണ് നാം അറിയുക. എന്നാൽ സുവിശേഷങ്ങളിലെ വിവരണങ്ങളും പലപ്പോഴും അപൂർണ്ണങ്ങളാണ്. പാരമ്പര്യത്തിന്റെയും, ചരിത്രത്തിന്റെയും, പ്രബോധനത്തിന്റെയും വെളിച്ചത്തിൽ അവയെ പരിശോധിക്കുമ്പോഴാണ് അവ പൂർണ്ണമാകുന്നത്.

യേശുക്രിസ്തുവിന്റെ ജീവിതത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാനുള്ള മനുഷ്യന്റെ താൽപര്യം വർദ്ധിച്ചുവരികയാണ്. അതിനുവേണ്ടി സുവിശേഷങ്ങളിൽ തെളിയുന്ന യേശുചരിത്രം മെച്ചമായി വരയ്ക്കുന്നതിനും സുവിശേഷങ്ങളുടെ പിന്നാമ്പുറങ്ങളിലേയ്ക്ക് കടന്ന് ചില നിഗമനങ്ങൾ നടത്തുന്നതിനും വേദപുസ്തകപണ്ഡിതന്മാർ തയ്യാറാകുന്നു. ഈ പരിശ്രമങ്ങളെ അതിയായ ആകാംക്ഷയോടെയാണ് സമൂഹം വീക്ഷിക്കുന്നതും, സ്വീകരിക്കുന്നതും. ഒരു പരിധിവരെ മനുഷ്യന്റെ ജിജ്ഞാസയ്ക്ക് പരിഹാരമാകുവാനും ഇവയ്ക്ക് കഴിയുന്നുണ്ട്.

ഉന്നതമായ ഭാവനയിലൂടെ യേശുവിന്റെ ജീവചരിത്രം അവതരിപ്പിക്കുവാൻ ശ്രമിക്കുന്ന സാഹിത്യത്തിന്റേതായ ഒരു ശാഖയും നിലവിലുണ്ട്. ഇവിടെയും അടിസ്ഥാനമായി നിലകൊള്ളുന്നത് സുവിശേഷങ്ങളും, പാരമ്പര്യവും, ചരിത്രവുമൊക്കെയാണെങ്കിലും ഭാവനയുടെ കണ്ണികൾകൊണ്ട് അവയെ കോർത്തിണക്കുവാനും, വിടവുകൾ നികത്തുവാനും കഴിയുന്നതിനാൽ അവ കൂടുതൽ പ്രിയതരമാകുന്നു. ശ്രീ. പീറ്റർ സി. എബ്രഹാം

www.malankaralibrary.com

'ക്രിസ്തുദേവൻ' എന്ന തന്റെ ചരിത്രാഖ്യായികയിലൂടെ ഇത്തരത്തിലുള്ള ഒരു യേശുചരിത്രരചനയാണ് നടത്തിയിരിക്കുന്നത്. യേശുക്രിസ്തുവിന്റെ രക്ഷാകരജീവിതത്തെ, അതിന്റെ മഹത്വം ഒട്ടും നഷ്ടപ്പെടാത്ത രീതിയിൽ, ഹൃദ്യമായ വർണ്ണനയോടുകൂടി, പണ്ഡിതനും പാമരനും ഒരുപോലെ സ്വീകാര്യമായ വിധത്തിൽ അവതരിപ്പിക്കുവാൻ ശ്രീ. പീറ്ററിനു കഴിഞ്ഞിരിക്കുന്നു. ഇത്തരത്തിലുള്ള അദ്ദേഹത്തിന്റെ കഴിവ് അദ്ദേഹത്തിന്റെ മറ്റ് കൃതികളിലൂടെ നാം അറിഞ്ഞിട്ടുള്ളതാണ്. തിരുവചനത്തോടുള്ള തികഞ്ഞ ഭക്തിയും ദൈവാത്മനിറവും ഉള്ള ഒരു വ്യക്തിക്കു മാത്രമേ ദൈവീകകാര്യങ്ങൾ ശുദ്ധമായ ഭാവനകളിൽ ചാലിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഒരളവുവരെ വിജയിക്കാൻ കഴിഞ്ഞ ശ്രീ. പീറ്റർ തീർച്ചയായും അനുഗൃഹീതനാണ്. നേടിയെടുത്ത അറിവും, പൈതൃകമായി ലഭിച്ച ദൈവഭയവും, പ്രാർത്ഥനാഭിരുചിയും അദ്ദേഹത്തിന്റെ തൂലികയെ ശക്തമാക്കിയെന്നതിൽ സംശയമില്ല. ദൈവജനരൂപീകരണത്തിനു വേണ്ടി കൂടുതലായി ആ തൂലിക ചലിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. അതിന്റെ സൽഫലങ്ങളായി കൂടുതൽ ഗ്രന്ഥങ്ങൾ പിറവിയെടുക്കട്ടെയെന്നാശംസിക്കുന്നു.

ഈ ഗ്രന്ഥം ദൈവപുത്രനായ യേശുക്രിസ്തുവിനെ അടുത്തറിയാനും, അറിഞ്ഞവർക്ക് അറിവിനെ ബലപ്പെടുത്താനും സഹായകമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പുസ്തകത്തിന് പ്രചുരപ്രചാരവും നേർന്നുകൊള്ളുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

**മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്**
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്ത
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

www.malankaralibrary.com

# ഉപോദ്ഘാതം

ശ്രീ. പീറ്റർ സി. ഏബ്രഹാം രചിച്ച 'ക്രിസ്തുദേവൻ', യേശുവിന്റെ അമരകഥയാണു ആഖ്യാനം ചെയ്തിരിക്കുന്നത്. മലയാളത്തിൽ യേശുവിനെ കേന്ദ്രമാക്കി മഹാകാവ്യങ്ങൾ പലതുണ്ടായിട്ടുണ്ട്. അവയിൽ ഏറ്റവും പ്രസിദ്ധി നേടിയതു കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശുവിജയവും, പുത്തൻകാവു മാത്തൻ തരകന്റെ വിശ്വദീപവും, ഇടയാറന്മുള കെ. എം. വർഗീസിന്റെ ക്രിസ്തുചരിതവുമാണ്. എന്നാൽ യേശുവിനെ കേന്ദ്രമാക്കി അത്രതന്നെ ഗദ്യത്തിലുണ്ടായിട്ടുണ്ടോ എന്നു സംശയിക്കണം. വിദേശഭാഷകളിൽ ക്രിസ്തുവിനെ കേന്ദ്രമാക്കി ധാരാളം ആഖ്യായികകൾ പുറത്തു വന്നിട്ടുണ്ട്. അവയിൽ ഫുൾട്ടൺ ഔസ്ലറുടെയും പാപ്പിനിയുടെയും ക്രിസ്തുകഥകളാണ് ഏറ്റവും പ്രഖ്യാതം. ഫുൾട്ടൺ ഔസ്ലറുടെ 'The greatest story ever told' എന്ന ക്രിസ്തു ചരിതത്തിന്റെ ഹൃദ്യമായ മലയാള പരിഭാഷയാണ് 'പ്രേമത്തിന്റെ പൊലിയാത്ത കഥ'.

ബൈബിളിലെ നാലു സുവിശേഷങ്ങളിൽ നിന്നുമാണ് യേശുവിന്റെ കഥ നമുക്കു ലഭിച്ചിരിക്കുന്നത്. ക്രിസ്തു ദർശനത്തിന്റെ വ്യാഖ്യാനങ്ങളാണു നടപടി പുസ്തകത്തിൽ നിന്നും ലേഖനങ്ങളിൽ നിന്നും ലഭിക്കുന്നത്. യേശുവിന്റെ ഉയിർപ്പിനു ശേഷം അപ്പോസ്തലന്മാർ നടത്തിയ പ്രവർത്തനങ്ങളാണ് നടപടി പുസ്തകത്തിൽ കൊടുത്തിരിക്കുന്നത്. ക്രിസ്തു ഏർപ്പെടുത്തിയ പുതിയനിയമത്തിന്റെ വ്യാഖ്യാനങ്ങളാണ് ശിഷ്യന്മാരുടെ ലേഖനങ്ങളിൽ പ്രതിഫലിച്ചിരിക്കുന്നത്. ഈ വ്യാഖ്യാനങ്ങൾ ആദിമസഭയുടെ ആകമാനജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

ബൈബിളിലെ സുവിശേഷകരിൽ യോഗിയായ യോഹന്നാൻ ദാർശനികനും വേദശാസ്ത്ര വിശാരദനുമായിരുന്നെങ്കിൽ, വൈദ്യനായ ലൂക്കോസ് ഭാവനയുള്ള സാഹിത്യകാരനും ആഖ്യാനകുതുകിയുമായിരുന്നു. യേശുവിന്റെ ജീവചരിത്രകാരന്മാരിലധികം പേരെയും കൂടുതലാകർഷിച്ചിട്ടുള്ളത് ലൂക്കോസിന്റെ സുവിശേഷമാണ്. വേദശാസ്ത്രജ്ഞന്മാർക്കു ഇപ്പോഴും ആദരവു തോന്നുന്നതു യോഹന്നാന്റെ സുവിശേഷത്തോടാണ്.

സാഹിത്യകാരൻ മൂലകഥയുടെ പുനരാഖ്യാനം നടത്തിയാൽ പോരെന്നും മൂലകഥയെ വ്യാഖ്യാനിക്കണമെന്നും വാദിക്കുന്നവരുണ്ട്. രണ്ടിനുമുണ്ട് അതാതിന്റെ പ്രാധാന്യവും പ്രസക്തിയും. ആഖ്യാനവും വ്യാഖ്യാനവും തമ്മിലുള്ള അന്തരം നാം മനസ്സിലാക്കേണ്ടതുണ്ട്. പൊതുവെയുള്ള സങ്കല്പം പുനരാഖ്യനം ഒരു യാന്ത്രിക പ്രവൃത്തിയാണെന്നും വ്യാഖ്യാനമെന്നത് ഒരു മൗലിക വ്യാപാരമാണെന്നുമാണ്. എന്നാൽ പുനരാഖ്യാനം കേവലമൊരു പകർത്തലല്ല എന്നു നാം ഓർക്കണം. ക്രിസ്തുകഥ പുനരാഖ്യാനം നടത്തുന്നവർ ക്രിസ്തുകഥയുമായി താദാത്മ്യം പ്രാപിക്കുന്നു. സത്യത്തോടു പ്രതിബദ്ധത പുലർത്തുന്നു. ക്രിസ്തുകഥയെ സ്വാംശീകരിക്കുന്നു. സ്വാംശീകരിച്ച ക്രിസ്തുകഥയെ ആവിഷ്ക്കരിക്കുന്നു. അതെ സമയം വ്യാഖ്യാനം കുറെക്കൂടി മൗലീകമാണെന്നു തോന്നാം. വ്യാഖ്യാനത്തിന്റെ അപകടം പ്രതിപാദ്യത്തിന്റെ ഏതെങ്കിലുമൊരു മുഖത്തിന് അത് അമിത പ്രാധാന്യം കൊടുക്കുന്നു എന്നതാണ്. ആഖ്യാനത്തിലേക്കു ബുദ്ധി കടന്നുവരുന്നു. അതു സ്വകീയമായ രീതിയിൽ തള്ളേണ്ടതു തള്ളുന്നു. കൊള്ളേണ്ടതു കൊള്ളുന്നു. കല്പിത വിഷയങ്ങളോട് ഈ മനോഭാവം അവലംബിക്കാവുന്നതാണ്. അതെ സമയം പ്രകാശിത സത്യത്തോട് ഈ മനോഭാവം കൈക്കൊള്ളുന്നത് ആപത്ക്കരമാണ്. സത്യത്തെ വളച്ചൊടിക്കലാണ്. പ്രൊഫസർ മുണ്ടശ്ശേരിയെപ്പോലുള്ളവർ ക്രിസ്തുകഥ ആഖ്യാനം ചെയ്താൽ മതിയാവില്ലെന്നും വ്യാഖ്യാനിക്കണമെന്നും സിദ്ധാന്തിച്ചതിന്റെ അപകടം ഇവിടെയാണ്.

ഇവിടെ ഒരു കാര്യം എടുത്തുപറയണമെന്നു തോന്നുന്നു. ക്രിസ്തുവിനെ സംബന്ധിച്ചുള്ള കാഴ്ചപ്പാടിന്റെ ഭേദമനുസരിച്ച് ലോകത്തിലുള്ള ക്രൈസ്തവർ മൂന്നു വിഭാഗങ്ങളായി തിരിഞ്ഞിരിക്കുകയാണ്; കത്തോലിക്കാ വിഭാഗം, പ്രൊട്ടസ്റ്റന്റു വിഭാഗം, ഓർത്തഡോക്സു വിഭാഗം എന്നിങ്ങനെ. ക്രിസ്തു ഒന്നാണെങ്കിലും മൂന്നു വിഭാഗങ്ങളും യേശുവിന്റെ സമഗ്രവ്യക്തിത്വത്തിന്റെ ഓരോ തലത്തിനു പ്രാധാന്യം നല്കുന്നു. ജീവചരിത്രകാരൻ സ്വീകരിക്കുന്ന വീക്ഷണം ഈ വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിന്റേതാകുന്നില്ലെങ്കിൽ അതു വിശ്വാസികളിൽ യാതൊരു കൂട്ടർക്കും സമ്മതമായിത്തീരു

www.malankaralibrary.com

കയില്ല. പ്രകാശിതമതങ്ങളുടെ സ്ഥാപകരെ സംബന്ധിച്ച് സാഹിത്യകാരൻ നടത്തുന്ന സ്വതന്ത്രവ്യാഖ്യാനം കസാൻദ്സാക്കീസിന്റെ 'ദ ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ്' എന്നതു പോലെ വിവാദപരമായേ പരിണമിക്കുകയുള്ളു.

പീറ്റർ സി. ഏബ്രഹാം ക്രിസ്തുചരിത നിർമ്മാണത്തിൽ പുനരാഖ്യാനത്തിന്റെ മാർഗ്ഗമാണ് സ്വീകരിച്ചിരിക്കുന്നത്. എഴുത്തുകാരൻ മാതൃകയാക്കിയിരിക്കുന്നത് സുവിശേഷകനായ വി. ലൂക്കോസിനെയാണ്. കന്യകാമറിയം അമലോത്ഭവയാണെന്ന വിവരണവും, വെറോനിക്കായുടെ തൂവാലയുടെ കഥയും മടിയിൽ തിരുമകന്റെ മൃതദേഹവുമായി മാതാവിരിക്കുന്ന ചിത്രവും അതീവ ഹൃദ്യമായി വിവരിച്ചിരിക്കുന്നു.

പീറ്ററിന്റെ ആഖ്യാനം അനർഗ്ഗളമാണ്. യേശുവിന്റെ ജനനത്തെപ്പറ്റി മാലാഖമാർ ആട്ടിടയരെ അറിയിക്കുന്ന സംഭവം തൊട്ടാണ് കഥ ആരംഭിക്കുന്നത്. പിന്നീടതു വിദ്വാന്മാരുടെ സന്ദർശനത്തിലേക്കു നീങ്ങുന്നു. സുവിശേഷത്തിൽ കൊടുത്തിരിക്കുന്ന ഓരോ സംഭവവും കഥാകാരൻ വിവരിച്ചു നീങ്ങുന്നു. പന്ത്രണ്ടു വയസ്സുമുതൽ മുപ്പതു വയസ്സുവരെ യേശു എന്തു ചെയ്യുകയായിരുന്നെന്ന് സുവിശേഷങ്ങൾ വ്യക്തമാക്കുന്നില്ല. ഈ വിടവ് വികൃത കല്പനകൊണ്ട് അടയ്ക്കുവാൻ ഗ്രന്ഥകർത്താവു ശ്രമിച്ചിട്ടില്ല. ഈ കാലഘട്ടത്തിൽ യേശു അറിവിലും ആത്മാവിലും വളരുകയായിരുന്നു.

കാനാവിലെ കല്യാണത്തിനു സംബന്ധിച്ച മനുഷ്യപുത്രൻ വെള്ളത്തെ വീഞ്ഞാക്കുന്ന രംഗം ഭാവനയോടെ എഴുത്തുകാരൻ ചിത്രീകരിക്കുന്നു. അതോടുകൂടി അവിടുത്തെ പരസ്യശുശ്രൂഷയുടെ ഘട്ടം ആരംഭിക്കുന്നു. യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങൾ ഉജ്ജ്വലമായി ഗ്രന്ഥകർത്താവു ആവിഷ്ക്കരിച്ചിരിക്കുന്നു. യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ച യേശു നാല്പതു നാളത്തെ ഉപവാസം കൊണ്ടു സാത്താനെ പരാജയപ്പെടുത്തുന്നതും, താബോർ മലയിൽ വച്ച് മറുരൂപപ്പെടുന്നതും, ദേവാലയത്തെ ശുദ്ധീകരിക്കുന്നതും, ഏകാകിയായി ധ്യാനിക്കുന്നതും, ജനങ്ങളെ പ്രബോധിപ്പിക്കുന്നതും കൂട്ടത്തിൽ ഗിരിപ്രഭാഷണം നടത്തുന്നതും, ഗത്സമേൻ തോട്ടത്തിൽ പ്രാർത്ഥന നടത്തുന്നതുമെല്ലാം ജീവൻ തുടിക്കുന്ന പദങ്ങളാൽ വിവരിച്ചിരിക്കുന്നു.

ക്രിസ്തുകഥയിലെ ഏറ്റവും ഹൃദയസ്പർശിയായ ഭാഗം പീഡാനുഭവവിവരണമാണ്. ഗ്രീക്കുദുരന്ത നാടകങ്ങളിലെ നായകന്മാർ പീഢനം ഏൽക്കേണ്ടിവരുന്നത് അവരുടേതായ മാരക പാപങ്ങൾ മുഖേനയാണ്. യേശു പാപരഹിതനായിരുന്നു. അവിടുന്ന് പീഡനമേറ്റതു സ്വന്തം പാപത്തിന്റെ

www.malankaralibrary.com

ശിക്ഷയായല്ല, മനുഷ്യരാശിയുടെ പാപത്തിനു ശിക്ഷയായാണ്. യേശുവിനെ ക്രൂശിൽ തറച്ചു. അവിടുന്നു തന്നോടു തെറ്റുചെയ്തവർക്കു വേണ്ടിയും പ്രാർത്ഥിച്ചു. യേശു മരിച്ചു. അടക്കപ്പെട്ടു. പക്ഷെ മരിച്ചതിന്റെ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. ശിഷ്യന്മാർക്കും യേശുവിൽ വിശ്വസിച്ച ചിലർക്കും പ്രത്യക്ഷപ്പെട്ടു. ഉള്ളിൽ തട്ടുന്ന വിധം ഈ ഭാഗങ്ങൾ വിവരിക്കുവാൻ എഴുത്തുകാരനു കഴിഞ്ഞിരിക്കുന്നു.

യേശുവിന്റെ അത്ഭുത പ്രവൃത്തികളത്രയും ഭാവനാത്മകമായി അവതരിപ്പിച്ചിരിക്കുന്നു. പ്രബോധനങ്ങൾ, പ്രത്യേകിച്ചും ഉപമകളിൽ കൂടിയുള്ളവ മിഴിവോടെ ആവിഷ്ക്കരിക്കയും ചെയ്തിരിക്കുന്നു.

ഈ ക്രിസ്തുകഥ സുവിശേഷങ്ങളുടെ പവിത്രത നിലനിർത്തിയിരിക്കുന്നു. സുവിശേഷങ്ങളുടെ അത്ഭുതാവഹത ഇതിലും മൂടൽ മഞ്ഞുപോലെ നിലനിൽക്കുന്നു. സുവിശേഷങ്ങളെ സാധാരണ രസസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാറില്ല. അറിയപ്പെട്ട നവരസങ്ങളിൽ ഭക്തിരസം ഉൾപ്പെടുന്നുമില്ല. എങ്കിലും ഈ ഹൃദയഹാരിയായ ആഖ്യാനത്തിൽ വിവിധരസങ്ങൾ ഉദ്ദീപ്തമാകുന്നുണ്ട്.

യേശു ദേവാലയശുദ്ധീകരണം നടത്തുന്ന രംഗം വീരരസപ്രധാനമാണ്. യേശുവിന്റെ അത്ഭുത പ്രവർത്തനങ്ങൾ അത്ഭുതരസത്തേയും കരുണരസത്തേയും ഉദ്ദീപിപ്പിക്കുന്നു. യേശു കാറ്റിനെ ശാസിക്കുന്നതും തിരമാലകളുടെമേൽ നടക്കുന്നതും ഓർമ്മിക്കുക. അഞ്ചപ്പം കൊണ്ടു അവിടുന്ന് അയ്യായിരത്തെ പോഷിപ്പിച്ചില്ലേ? ബീഭത്സവും രൗദ്രവും ഭുതങ്ങളെ പുറത്താക്കുന്ന ഉപാഖ്യാനങ്ങളിൽ പ്രകടമാണ്. രോഗികളെ സൗഖ്യമാക്കുന്ന സന്ദർഭങ്ങളിൽ കരുണരസവും അത്ഭുതരസവും ഉണരുന്നതായി അനുഭവപ്പെടുന്നു.

യേശുവിന്റെ പീഡാനുഭവവും ക്രൂശുമരണവും പോലെ കരുണരസമുണർത്തുന്ന ആഖ്യാനഭാഗങ്ങൾ ലോകസാഹിത്യത്തിൽത്തന്നെ കണ്ടെത്താനാവില്ല. ദൈവപുത്രനായ യേശുവിന്റെ ക്രൂശുമരണം പോലെ ശോകനിർഭരമായ ഒരു ആഖ്യാനം കണ്ടെത്താനാവില്ല. അതോടനുബന്ധിച്ച് നടക്കുന്ന സംഭവങ്ങൾ ഭയസംഭ്രമങ്ങളുണർത്തുന്നവയാണ്.

യേശുവിന്റെ കഥ പൂർണ്ണിമ പ്രാപിക്കുന്നത് ഉയിർപ്പിലാണ്. യേശുവിന്റെ കഥയുടെ കേന്ദ്രം ക്രൂശുമരണമാണോ ഉയിർപ്പാണോ എന്നതു വേദശാസ്ത്രജ്ഞന്മാരുടെ ചിന്തയെ മഥിക്കുന്ന പ്രശ്നമാണ്. ഉയിർപ്പ് ഹൃദയത്തിലുണർത്തുന്നതു ശാന്തരസമാണ്. ഉയിർപ്പ് പകരുന്ന സമാധാനത്തിനു

www.malankaralibrary.com

സമാനമായ ശാന്തി പകരാൻ ലോകത്തിലെ മറ്റൊരു സംഭവത്തിനും കഴിഞ്ഞിട്ടില്ല.

പീറ്റർ സി. ഏബ്രഹാമിന്റെ ആഖ്യാനത്തിന് സംവിധാനസൗന്ദര്യം സംസിദ്ധമായിരിക്കുന്നു. ഭാഷയ്ക്ക് ഓജസ്സും സഹജമാണ്. എഴുത്തുകാരന്റെ നൈസർഗ്ഗിക ഭാവനാവിലാസം പ്രകടീഭവിക്കുന്ന ഭാഗങ്ങൾ ധാരാളമുണ്ട് ഈ ഗ്രന്ഥത്തിൽ. വെള്ളം വീഞ്ഞാക്കുന്നതും, സാത്താനെ നേരിടുന്നതും, ഗത്സമേനിയിലെ യേശു, ഇങ്ങനെ ഏതു ഭാഗവും രചയിതാവിന്റെ പാടവം പ്രകാശിപ്പിക്കുന്നു.

നമുക്ക് മഹാകാവ്യങ്ങൾ മാത്രം പോരാ. ബൈബിൾ പരിഭാഷകൾകൊണ്ടും നാം തൃപ്തരല്ല. അനുവാചകർക്ക് ആനന്ദവും പ്രകാശവും അരുളുന്ന ക്രിസ്തുകഥകൾ കൊണ്ട് നമ്മുടെ ഭാഷ ധന്യമാകട്ടെ.

ക്രിസ്തുവിന്റെ മനോഹരമായ ജീവിത കഥയാണ് ശ്രീ. പീറ്റർ സി. ഏബ്രഹാമിന്റെ 'ക്രിസ്തുദേവൻ'. ഇത് അത്യധികം പാരായണക്ഷമമാണ്. ആഖ്യാനം ആദ്യന്തം അനർഗ്ഗളമാണ്. സ്വർണ്ണത്തോടൊപ്പം സുഗന്ധവുമുള്ള ഒരു ദിവ്യനിധിയാണ് ഈ ജീവചരിത്രമെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ഇതിന്റെ രചയിതാവിനു സർവ്വമംഗളങ്ങളും ആശംസിച്ചുകൊണ്ട് പ്രകാശം ചൊരിയുന്ന ഈ ഗ്രന്ഥം സഹൃദയസമക്ഷം ഞാൻ സന്തോഷപൂർവ്വം അവതരിപ്പിച്ചുകൊള്ളുന്നു.

**ഡോ. കെ.എം. തരകൻ**

29–10–1999
കിഴക്കേത്തലയ്ക്കൽ,
പത്തനംതിട്ട.

www.malankaralibrary.com

# നന്ദി

ലോകപ്രകാശമായ യേശുവിന്റെ ജീവിതം ആഖ്യായികാശൈലിയിൽ എഴുതണമെന്ന ആഗ്രഹത്തെ ഞാൻ ഗർഭം ധരിച്ചു നടക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായി. ഇതൊരു ദുർമോഹമായിത്തീരുകയേയുള്ളു എന്നും, വരം കിട്ടിയവർക്കല്ലാതെ ഈ ലക്ഷ്യസാക്ഷാത്ക്കാരം സുസാദ്ധ്യമാവുക യില്ലെന്നും എനിക്കറിയാമായിരുന്നു. എങ്കിലും എനിക്കാ നൽവരം സംല ബ്ധമായിരിക്കുന്നു. എന്റെ പാടവംകൊണ്ടല്ല; ഈശ്വരാനുഗ്രഹത്താലും അനേകരുടെ പ്രർത്ഥനയാലും.

മുമ്പു ഞാനെഴുതിയ പുസ്തകങ്ങൾക്ക് അനുവാചകരിൽ നിന്നും ലഭിച്ച ആവേശകരമായ സ്വീകാര്യതയാണ് വീണ്ടുമൊരു ബൃഹത്കൃതി എഴു താൻ എനിക്കു ശേഷിയായത്. ദീർഘകാല പഠനങ്ങൾക്കും മനനങ്ങൾക്കും ശേഷം പുർത്തിയാക്കിയ ഇതിന്റെ കയ്യെഴുത്തുമായി ഞാൻ സമീപിച്ചത് ക്രിസ്തുദർശനത്തിൽ അഗാധപണ്ഡിതനായ അഭിവന്ദ്യ ആർച്ച്ബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനിയെയാണ്. പിതൃസഹജമായ വാത്സല്യം ലോപം കുടാതെ എന്നിൽ ചൊരിഞ്ഞിട്ടുള്ള നല്ലിടയനാണദ്ദേഹം. ആംഗല, മലയാള ഭാഷകളിൽ പ്രൗഢകൃതികൾ രചിച്ചിട്ടുള്ള തിരുമേനി, സമൂഹ പുരോഗതിക്ക് രചനാ മാദ്ധ്യമം അനിവാര്യമാണെന്നു കരുതുന്ന വന്ദ്യദേഹവുമാണ്. അതുകൊണ്ടുകൂടിയാവാം ഈ കൃതി വന്ദ്യ തിരുമേനി നേരിട്ട് ഏറ്റെടുത്ത് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്. മാത്രമല്ല, ഒരു സഭ യുടെ പരമാധികാരിയെന്ന നിലയിൽ കർത്തവ്യഭാരം ഏറെയായിട്ടുപോലും ഈ പുസ്തകം വായിക്കുവാനും ആശംസയുടെ അനുഗ്രഹ സ്പർശം ഈ കൃതിയുടെയും എന്റെയും നെറുകയിലർപ്പിക്കാനും വന്ദ്യ പിതാവ് സന്മന

www.malankaralibrary.com

സ്സായി. ഗ്രന്ഥരചനയ്ക്കു സഹായകമായ നിർദ്ദേശങ്ങളും തിരുത്തലുകളും നൽകിയ പിതാവ് ഉദാരമതിയായ അപ്പനെപ്പോലെ നല്ലവാക്കുകളുടെ കുളിർമ ഴ പൊഴിച്ച് എന്നെ ഇതാ ധന്യനാക്കിയിരിക്കുന്നു. അഭിവന്ദ്യ തിരുമേനി യുടെ സ്നേഹത്തിനു മുമ്പിൽ അവാച്യമായ കൃതജ്ഞതയോടെ ഞാൻ അഞ്ജലിയർപ്പിച്ചുകൊള്ളുന്നു.

സാഹിത്യവിമർശകപ്രതിഭയായ ഡോ. കെ.എം. തരകനാണ് ഈ കൃതിയെ വിലയിരുത്തുന്നത്. 'ക്രിസ്തുവിന്റെ കഥ ഇത്തരമൊരു നല്ല പുസ്ത കത്തിലൂടെ വായിക്കാൻ അവസരം തന്നതിന് പീറ്ററിനോട് എത്ര നന്ദി പറ ഞ്ഞാലും മതിയാകുകയില്ല' എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം ഗ്രന്ഥാ ഭിപ്രായം എന്നെ ഏൽപ്പിച്ചത്. സ്വർണ്ണത്തോടൊപ്പം സുഗന്ധവുമുള്ള ഒരു ദിവ്യനിധിയാണ് ഈ പുസ്തകം എന്നു വരെ കർക്കശക്കാരനായ ഈ സാഹി ത്യവിമർശകൻ എന്റെ കൃതിയെ വിശേഷിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിനെ 'വിശ്വദീപം' എന്ന മഹാകാവ്യത്തിലൂടെ അവതരിപ്പിച്ച മഹാകവി പുത്തൻ കാവു മാത്തൻ തരകന്റെ പുത്രനായ ഡോ. കെ.എം. തരകനിൽ നിന്നും ഇത്തരമൊരു അഭിപ്രായം കേട്ടതിൽ എനിക്കു ചാരിതാർത്ഥ്യമുണ്ട്. മഹാ കവി പുത്തൻകാവു മാത്തൻ തരകൻ എന്റെ ആദ്യകാല കവിതകൾ പരി ശോധിച്ച് അവതാരിക എഴുതിത്തന്നിരുന്ന കാര്യം സാന്ദർഭികമായി ഞാനി പ്പോൾ ഓർത്തുപോവുകയാണ്. ബഹുമാന്യനായ തരകൻ സാറിന് എന്റെ അകമഴിഞ്ഞ നന്ദി.

ഓരോ പുസ്തകം എഴുതുമ്പോഴും ഞാൻ ഉള്ളിൽ വണങ്ങുന്ന ഒരാ ളുണ്ട്; മഹാകവി ഇടയാറന്മുള കെ.എം. വർഗീസ്. ക്രിസ്തുജീവിതം മനോ ഹര മഹാകാവ്യമാക്കിയ ഈ മഹാകവിയാണ് സാഹിത്യകാര്യങ്ങളിലുള്ള എന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥൻ. എന്നെ അത്രത്തോളം സ്നേഹിച്ച വന്ദ്യ ദേഹ മായിരുന്നു അദ്ദേഹം. പിതൃ ജ്യേഷ്ഠനായ മഹാകവി കെ.വി. സൈമണിന്റെ അനുഗ്രഹം ഏറ്റുവാങ്ങിയ അദ്ദേഹം തിരുവനന്തപുരത്തുള്ള 'വെള്ളിമന' എന്ന തന്റെ വീട്ടിലേയ്ക്ക് ക്ഷണിച്ച് ആ കൈവയ്പ് എന്നിലേയ്ക്കു പകരു കയായിരുന്നു. എൺപത്തിനാലുകാരനായ മഹാകവി ഇരുകരങ്ങളും എന്റെ ശിരസ്സിൽ അർപ്പിച്ച് ദീർഘനേരം പ്രാർത്ഥിച്ചു. 'എന്റെ കുഞ്ഞിനെ അനു ഗ്രഹിക്കണമേ' എന്നു പറഞ്ഞുള്ള ആ പ്രാർത്ഥനാ വചസ്സുകൾ എട്ടുവർഷ ങ്ങൾക്കു ശേഷവും എന്റെ ഉയിരിൽ നിലയ്ക്കാത്ത മുഴക്കമാവുന്നു. അന്നു മുതലാണ് അക്ഷരങ്ങളെ ഉപാസിക്കാനുള്ള തീവ്രമായ പ്രേരണ ഒരു വരം പോലെ എന്നിൽ കുടിയേറിയതും, എഴുതുന്നതെല്ലാം ഗ്രന്ഥരൂപത്തിൽ സഫലമാകാൻ തുടങ്ങിയതും. അതിനാൽ എന്റെ സാഹിത്യജീവിതം മഹാ കവി ഇടയാറന്മുളയോട് എക്കാലവും കടപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

അദ്ദേഹത്തിന്റെ സവിധത്തിലേയ്ക്ക് എന്നെ വഴി നടത്തിയത് കേരള ക്രൈസ്തവ സാഹിത്യസമിതിയുടെ ജീവനാഡിയായ ഡോ. ഹാബേൽ വർഗീസാണ്. അദ്ദേഹത്തെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

അനേകരുടെ പ്രാർത്ഥനാ പിൻബലം മൂലമാണ് ഈ കൃതി എഴുതപ്പെട്ടതെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ബഥനി സന്യാസിനികളായ എന്റെ സഹോദരിമാർ സിസ്റ്റർ ശാലീത്ത എസ്.ഐ.സി.യും, സിസ്റ്റർ വിനീതാ എസ്.ഐ.സി.യുമാണ് ഈ ഗ്രന്ഥരചനോദ്യമം സന്യാസ സമൂഹാംഗങ്ങളെ അറിയിച്ചതും അവരുടെ തീക്ഷ്ണമായ പ്രാർത്ഥന ആവശ്യപ്പെട്ടതും. ത്യാഗസുരഭിലജന്മങ്ങളായ സന്യാസിനി-സന്യാസികളുടെ പ്രാർത്ഥനാസാഫല്യമാണീ പുസ്തകം. ഈശ്വരസവിധത്തിൽ അപരനുവേണ്ടി പ്രാർത്ഥനാഞ്ജലിയായിത്തീർന്നിട്ടുള്ള അവരുടെ സുകൃത ജന്മങ്ങൾക്കു മുമ്പിൽ നന്ദിയോടെ ഞാൻ തൊഴുതു നിൽക്കുന്നു.

മുഖത്തല ആശ്രമസ്ഥൻ റവ. ഫാ. ചാക്കോ മണ്ണിശ്ശേരിൽ ഒ.എഫ്.എം.ന്റെ നല്ല നിർദ്ദേശങ്ങൾ വഴിവിളക്കുപോലെ എനിക്കു സഹായകമായിരുന്നു. പഠനകൃതികൾ തിരഞ്ഞെടുത്തു തന്നു സഹായിച്ചവരിൽ മദർ റഹമാസിനെ പ്രത്യേകം ഓർക്കുന്നു. ഇരുവർക്കും എന്റെ നന്ദി.

ഇതിന്റെ ആകർഷകമായ മുദ്രണത്തിനു കാരണക്കാർ പട്ടം സെന്റ് മേരീസ് ഓഫ്സെറ്റ് പ്രസിന്റെ ഡയറക്ടർ ബഹു. ജോസിയച്ചനും സഹപ്രവർത്തകരുമാണ്. മുഖചിത്രം തെരഞ്ഞെടുത്തു ചിട്ടപ്പെടുത്തി തന്നത് കോട്ടയത്തുള്ള ശ്രീ. അജയനാണ്. ശ്രദ്ധാപൂർവ്വം ഡി.ടി.പി. ചെയ്തു തന്നത് പത്തനംതിട്ടയിലെ ഇൻടെക്സ് ഡയറക്ടർ ശ്രീ. ബിജു ഡാനിയേലാണ്. ഇവരേയും നന്ദിയോടെ സ്മരിക്കുന്നു.

എന്റെ ജന്മ സാഫല്യമായ ഈ പുസ്തകം ഈശ്വരസ്തുതിയോടെ ഏവരുടെയും കൈകളിൽ തൊഴുതു സമർപ്പിച്ചുകൊണ്ട്,

**പീറ്റർ സി. ഏബ്രഹാം**

ചരിവുപറമ്പിൽ,
മൈലപ്ര പി.ഒ.,
പത്തനംതിട്ട -689 671
ഫോൺ. (0473) 320960

www.malankaralibrary.com

# ഒന്ന്

"ഭയപ്പെടേണ്ടാ."

അതു കേട്ടിട്ടും അവരുടെ ഉള്ളിൽ നിന്നും ഭയത്തിന്റെ കൂരിരുൾ ഒഴിഞ്ഞുപോയില്ല. പാവപ്പെട്ട ഇടയർ! നടുരാത്രിയിൽ ജ്വലിക്കുന്ന വസ്ത്രമണിഞ്ഞ ഒരത്ഭുതരൂപൻ വിളിച്ചുണർത്തുമ്പോൾ എങ്ങനെ ഭയക്കാതിരിക്കും! പകൽക്കാലത്തുപോലും പേടിച്ചു കഴിയാൻ വിധിക്കപ്പെട്ടവരല്ലേ ഇവർ. ആടുകളെ തിന്നാൻ പതുങ്ങിയെത്തുന്ന ചെന്നായ്ക്കളല്ല പേടിസ്വപ്നം. ചെന്നായ്ക്കളുടെ തല തകർക്കാനുള്ള കോപ്പും വിദ്യയും അവർക്കുണ്ട്. ക്രൂരജന്തുക്കളേക്കാൾ ഭയം, അവരുൾപ്പെടുന്ന സമുദായത്തിൽ ത്തന്നെയുള്ള യഹൂദരെയാണ്. പണക്കാരും ജ്ഞാനികളുമെന്ന അഹങ്കാരത്തോടെ നടക്കുന്ന ഫരിസേയരും സദൂക്യരുമാണല്ലോ അവർ. അറിവും പണവും ഇല്ലാത്ത ഇടയരെ വെറുക്കുന്നവർ. രാപകൽ വെയിലും മഴയുമേറ്റ്, കാടും മേടും കടന്ന് അലഞ്ഞു നടക്കുന്ന ഇടയഗണത്തെ കാണുന്നതു പോലും അവർക്കു ശാപം. വൃത്തികെട്ടവരെന്നപേരിൽ ഇടയരിൽ നിന്നും കമ്പിളിയോ പാലോ വാങ്ങാൻ കൂട്ടാക്കാത്തവർ. നിയമത്തിന്റെ ഊരാക്കുടുക്കുണ്ടാക്കി തങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന ഇവർ 'ക്ഷാളനകർമ്മം' എന്നൊരു നിയമക്കുരുക്ക് ഉണ്ടാക്കിയിട്ടുണ്ടല്ലോ. അതിൻ പ്രകാരം ഓരോ അവസരത്തിലും കൈ കഴുകേണ്ടത് പ്രത്യേക തരത്തിൽ. അറുന്നൂറോളം തരത്തിൽ കൈകഴുകൽ ഉള്ള ഈ സങ്കീർണ്ണ കർമ്മത്തിൽ ഏതെങ്കിലുമൊന്നു തെല്ലുപിശകിയാൽ കൈ അശുദ്ധമായി എന്നത്രേ ഫരിസേയ ശാഠ്യം. ഇടയരുണ്ടോ ഇതൊക്കെ ശ്രദ്ധിക്കുന്നു. കൈകഴുകാതെയാവും എന്തെങ്കിലും കിട്ടിയാൽ അവർ തിന്നുക. ഇതു കാണാനിടയാകുന്ന ഫരിസേയരുടെ കോപാഗ്നി ജ്വലിക്കും. ഉടൻ അവരെ ചീത്ത വിളിച്ച് എറിഞ്ഞോടിക്കും. പക്ഷേ കയ്യിൽ കല്ലും കവണയും കരുതി പതിയിരുന്ന് ഫരിസേയരുടെ തലകൾ അവർ തകർക്കുക തന്നെ ചെയ്യും.

പാതിരാവിൽ മുഴങ്ങുന്ന ഒച്ചകേട്ട്, അതു ഫരിസേയരുടേതെന്നു കരുതി പൊടുന്നനെ ഞെട്ടിയുണർന്ന് കണ്ണുകളിൽ അമ്പരപ്പും കൈകളിൽ കല്ലും കവണയുമായി ചാടിയെണീറ്റു നിൽക്കുമ്പോഴാണ് ഇങ്ങനെ കേട്ടത്, 'ഭയപ്പെടേണ്ട'. മിഴിച്ചു നില്ക്കുന്ന ഇടയരോട് ഒരാഹ്ലാദവൃത്താന്തം അറിയിക്കുകയാണ് ആ പ്രകാശദൂതൻ.



www.malankaralibrary.com

"ക്രിസ്തു എന്ന ലോകരക്ഷകൻ ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിൽ ജനിച്ചിരിക്കുന്നു. കണ്ടെത്താൻ ഒരടയാളം പറഞ്ഞു തരാം. കച്ചിത്തൊട്ടിലിൽ പിള്ളക്കച്ച പുതച്ച ഒരാൺകുട്ടിയെ നിങ്ങൾ കാണും.''

അതു പറഞ്ഞ് സന്ദേശവാഹകൻ ഇരുളിൽ മറഞ്ഞു.

ഇടയർ ആശ്ചര്യത്തോടെ പരസ്പരം നോക്കി.

ജനിച്ചതു ക്രിസ്തുവാണെന്നു കേട്ട് അവർക്കു വിശ്വസിക്കാനാവുന്നില്ല. വിവരംകെട്ടവരെങ്കിലും ക്രിസ്തു ആരാണെന്നവർക്കറിയാം.

യഹൂദജനാവലി മുഴുവൻ കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുന്നതു ക്രിസ്തുവിന്റെ പിറവി കാണാനാണെന്ന സാമാന്യജ്ഞാനമെങ്കിലും അവർക്കുണ്ട്.

'സ്വർഗ്ഗീയനിശ്വാസത്താൽ ഒരു താമരപ്പൂവുണ്ടാകുമെന്നും അതിലൊരു ദേവകന്യക ഉപവിഷ്ടയാകുമെന്നും അവളിലൂടെ ലോകരക്ഷകൻ പിറക്കുമെന്നു'മുള്ള ഗ്രീക്കുകാരുടെ ദീർഘകാലപ്രതീക്ഷയെപ്പറ്റി ഇടയർക്കറിയാൻ ഇടയില്ല.

'ജൂപ്പിറ്റർ ദേവൻ ഒരു കന്യകയുടെ നെറ്റിയിൽ തലോടുകയാൽ അവൾ ഒരമ്മയാകുമെന്നും ലോകത്തെ മഹോന്നതങ്ങളിലേയ്ക്കു നയിക്കാൻ പ്രാപ്തനായവൻ അവളിലൂടെ പിറക്കുമെന്നുമു'ള്ള റോമാക്കാരുടെ കാത്തിരിപ്പിനെപ്പറ്റിയും ഇടയർക്കറിഞ്ഞുകൂടാ. പക്ഷേ അവർക്കറിയാം, അവരുടെ കണ്ണീർ തുടയ്ക്കാൻ ഒരു കരുണാമയൻ പിറക്കുമെന്ന്. അതു ദാവീദുരാജാവിന്റെ പട്ടണത്തിൽത്തന്നെയാണെന്നല്ലേ അറിയിച്ചിട്ടുള്ളത്. 'ദാവീദ്' എന്ന പേരുമാത്രമാണല്ലോ തങ്ങൾക്ക് ആശ്വാസമരുളുന്നത്, രാജാവാകും മുമ്പ് ആട്ടിടയനായി തങ്ങളെപ്പോലെ അലഞ്ഞുനടന്നവൻ. ഭീകര ശത്രുമല്ലൻ ഗോല്യാത്തിന്റെ വെല്ലുവിളിയെ നേരിട്ട ഏകധീരൻ. ഗോല്യാത്തിനെ ദ്വന്ദ്വയുദ്ധത്തിൽ കല്ലും കവണയും മൂലം നേരിട്ട് തറപറ്റിച്ച് യഹൂദവംശത്തിന്റെ രണ്ടാം രാജാവായി അഭിഷിക്തനായ ആട്ടിടയൻ. ആടുകളെ മേയ്ച്ചു നടന്ന എത്രയോ പകലുകളിൽ ഈ രക്ഷാകര പിറവിയെപ്പറ്റി മറ്റിടയഗണവുമായി പ്രതീക്ഷയോടെ ഇവർ സംസാരിച്ചിട്ടുണ്ട്. ആടുകൾക്കു കാവൽ കിടന്ന എത്രയോ തണുത്ത രാത്രികളിൽ ആശ്വാസദായകന്റെ പിറവിയെപ്പറ്റിയുള്ള ചൂടുള്ള ചിന്തകൾ പങ്കുവച്ചിട്ടുണ്ട്. പകലറുതിയിൽ തളർന്നു മയങ്ങുമ്പോൾപോലും എത്രയോ തവണ ഈ ദിവ്യാവ



www.malankaralibrary.com

താരം സ്വപ്നം കണ്ടിട്ടുണ്ട്. ഇന്ന് ഈ രാവിൽ അതു സംഭവിച്ചിരിക്കുന്നു എന്നോ!

"നമുക്കുടൻ പുറപ്പെടാം."

ക്രിസ്തുവിന്റെ പിറവി കാണാനവർക്കത്ര തിടുക്കം. കീറിപ്പഴകിയ കമ്പിളിപുതച്ച് അവർ തയ്യാറായി. കൊടും തണുപ്പുമാറ്റാൻ ആലയുടെ അരികിൽ കൂട്ടിയ തീയിൽ നിന്നും തീക്കമ്പുകൾ ഊരിയെടുത്തു. ആലയിലുണർന്നു കരയുന്ന കുഞ്ഞാടുകളുടെ പറ്റം. ഒരു വയസു തികയാത്ത ലക്ഷണമൊത്ത വെളുത്ത ചെമ്മരിയാടിൻ കുട്ടികൾ. അടുത്ത പെസഹാത്തിരുനാളിലേക്ക് പ്രത്യേകം ശ്രദ്ധിച്ചുവളർത്തുന്ന ബലിക്കുഞ്ഞാടുകൾ. വേട്ടനായ്ക്കളെ കാവൽ നിർത്തി തീക്കമ്പുകൾ വീശിത്തെളിച്ച് കാട്ടുവഴികൾ താണ്ടി താഴ്‌വരയിലേക്ക് ഓടിയിറങ്ങി.

യഹൂദർ റോമാസാമ്രാജ്യത്തിന്റെ അടിമത്തത്തിലായിട്ട് വർഷങ്ങളേറുപതു കഴിഞ്ഞു. അതിശക്തവും വിസ്തൃതവുമായിരുന്ന റോമാ സാമ്രാജ്യം ഇരുപതു വർഷങ്ങളായി ഭരിക്കുന്നത് അഗസ്റ്റസ് സീസർ ചക്രവർത്തി. രണ്ടു നൂറ്റാണ്ടുകളുടെ യുദ്ധവും രക്തച്ചൊരിച്ചിലും റോമാ സാമ്രാജ്യത്തിന്റെ ചരിത്രപശ്ചാത്തലമാണെങ്കിലും ഇന്നു പൊതുവേ രംഗം ശാന്തം. വ്യത്യസ്ത ഭാഷാസംസ്കാരങ്ങൾ വിദഗ്ദ്ധനായ പുതിയ ഭരണാധിപന്റെ നേതൃത്വത്തിൽ ഒരുമയോടെ കഴിഞ്ഞുവരികയായിരുന്നു. എങ്കിലും പണക്കാരും പാവങ്ങളും തമ്മിലുള്ള അന്തരം രൂക്ഷം. ക്രൂരവിനോദങ്ങളും അടിമക്കച്ചവടവും ചൂഷണവും സർവ്വത്ര. പകൽമുഴുവൻ പണിയെടുക്കുന്ന പാവങ്ങൾക്കു കിട്ടുന്നത് ഒരു നേരത്തെ ആഹാരത്തിനുപോലും തികയാത്ത ഒരു 'ദെനാറ' കൂലി. ഈ ദുഃസ്ഥിതിയിൽ പൊറുതിമുട്ടിയ യഹൂദരിൽ നിന്നും ഒളിപ്പോരാളിസംഘം രൂപപ്പെട്ടതിൽ അത്ഭുതമില്ല. വനപ്രദേശങ്ങളിലും ഗലീലയാക്കുന്നുകളിലും അവർ പതിയിരുന്ന് തങ്ങളെ അടിച്ചമർത്തി ഭരിക്കുന്ന റോമാക്കാരെ ആക്രമിക്കുക പതിവായി. വനചരരായ ഇടയന്മാരാണ് ഈ ആക്രമണത്തിനു പിന്നിലെന്നു കരുതി റോമാക്കാരവരെ വേട്ടയാടാനും തുടങ്ങി. ഈ കഷ്ടതകളെല്ലാം ക്രിസ്തുവിന്റെ രക്ഷാവതാരത്താൽ തകർന്നടിയാൻ പോകുന്നുവത്രെ. പ്രതീക്ഷകളുടെ പൂക്കുലകൾ വിടർത്തുന്ന വിചാരങ്ങളോടെ ഇടയഗണം അസ്ഥി തുളയ്ക്കുന്ന കുളിരു പോലും മറന്ന് ഓടുകയാണ്.

പാലസ്തീൻ കുന്നുകളിൽ ശക്തമായ മൂടൽമഞ്ഞും ഹിമപാതവും. ചൂളംകുത്തി ആഞ്ഞടിക്കുന്ന മഞ്ഞിന്റെ ഈർപ്പക്കാറ്റിൽ മലകളിലെ ദേവദാരു മരങ്ങളും താഴ്‌വാരങ്ങളിലെ മുന്തിരിത്തോപ്പും തണുത്തു വിറച്ചു നില്ക്കുന്നു.



www.malankaralibrary.com

നീണ്ട ഓട്ടം ഇടയരെ താഴ്‌വരയുടെ ഒരറ്റത്തെത്തിച്ചു. കൃഷിക്കു കൊള്ളുകില്ലെന്നു പഴിച്ച് ആടുമാടുകളെ തീറ്റാനായി മാത്രം ഉപേക്ഷിച്ച ഭൂപ്രദേശം. യഹൂദാരാജ്യത്തിലുള്ള ആയിരക്കണക്കിനു ഗോത്രങ്ങളിൽ എറ്റം ചെറിയ ഒരിടം. ജറുസലേം നഗരത്തിൽ നിന്നും ആറുമൈൽ തെക്കു മാറി കിടക്കുന്ന പട്ടണം. പക്ഷേ, സകല യഹൂദരേയും ഭരിക്കാനുള്ളവൻ ഈ കൊച്ചുബേത്‌ലഹേമിൽ നിന്നാണെന്ന് ഏഴു നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ പ്രവചിക്കപ്പെട്ടതാണല്ലോ.

ബേത്‌ലഹേമിലെ ഏതു മുക്കും മൂലയും ഇടയർക്കു സുപരിചിതം. പൊതുവേ ആൾപ്പാർപ്പു കുറഞ്ഞ സ്ഥലം. ദാവീദുരാജാവും രാജകുടുംബങ്ങളും പാർത്തിരുന്ന ഈ സ്ഥലത്ത് ഇന്നുള്ളത് പാവപ്പെട്ട ആട്ടിടയരും കൃഷിക്കാരും. രാജവംശം പെരുകിയപ്പോൾ പല ഗ്രാമങ്ങളിലേക്ക് ചിതറിപ്പോവുകയായിരുന്നു അവർ. ക്രിസ്തു അവതരിച്ചാൽത്തന്നെ അത് ഇവിടെ നിന്നും ആറുമൈൽ ദൂരെയുള്ള ഹെറോദേസ് രാജാവിന്റെ കുറ്റൻ കൊട്ടാരത്തിലാകുമെന്നാണു കരുതിയത്. ബേത്‌ലഹേമിലെ ഏറ്റം ഉയർന്ന കുന്നിൻ നെറുകയിൽ കയറിനിന്ന് ആ കൊട്ടാരത്തിന്റെ ഭീകരസൗന്ദര്യം ഭയത്തോടെ ഇടയർ നോക്കിനിന്നിട്ടുണ്ട്. ശക്തിയുടെ അവതാരമായ ക്രിസ്തുവിന്റെ ജനനം ആ കൊട്ടാരത്തിലായിരുന്നെങ്കിൽ ക്രിസ്തുവിനെ കാണാൻ അവർ ഇങ്ങനെ ഇറങ്ങിത്തിരിക്കുമായിരുന്നില്ല. എന്നാൽ അതിനുള്ള ഭാഗ്യം ഇന്ന് അവർക്കുണ്ടായിരുന്നു.

വൈക്കോൽമെത്തയിൽ ശിശുവിനെ കാണുമെന്നല്ലേ അറിയിച്ചത്? അപ്പോൾ ക്രിസ്തുവിന്റെ ജനനം ഹേറോദേസിന്റെ രാജകൊട്ടാരത്തിലല്ലെന്നു തീർച്ച. പിന്നെവിടെയാണ്? അതു കണ്ടെത്തുക പ്രയാസവുമായിരിക്കുന്നു! ശാന്തവിജനമായ ബേത്‌ലഹേമിൽ ഇന്നാദ്യമായി വലിയൊരു ജനാവലിയുടെ തിക്കും തിരക്കും. ജറുസലേമിൽ നിന്നും ഈജിപ്തിലേയ്ക്കു പോകുന്ന കച്ചവടസംഘം ബേത്‌ലഹേമിനെ അവരുടെ ഇടത്താവളമാക്കാറുണ്ടല്ലോ. അപ്പത്തിന്റെ ഭവനം എന്നു ബേത്‌ലഹേമിനു പേരുണ്ടായതുതന്നെ അക്കാരണത്താലുമാണല്ലോ.

ദാവീദ് രാജാവിന്റെ കൂട്ടുകാരൻ കാമാം നിർമ്മിച്ച വഴിയമ്പലത്തിലാണല്ലോ കച്ചവടക്കാർ സാധാരണ ഒത്തുകൂടാറുള്ളത്. പക്ഷെ ഇന്നവിടെ തിങ്ങിക്കൂടിയിരിക്കുന്നവരെ കണ്ടിട്ട് കച്ചവടക്കാരുടെ യാതൊരു ലക്ഷണവുമില്ല. വഴിയോരങ്ങളിലെങ്ങും കഴുതവണ്ടികളും ഒട്ടകവണ്ടികളും. വീടുകളിൽ സ്ഥലം പോരായ്കയാൽ മുറ്റത്തുപോലും ജനങ്ങൾ മൂടിപ്പുതച്ചു കിടക്കുന്നു. ഒട്ടകങ്ങളുടെയും കഴുതകളുടെയും മലമൂത്രങ്ങൾ വരണ്ട മൺവഴികളിൽ ചെളിക്കുഴികൾ തീർത്തിരിക്കുന്നു.



www.malankaralibrary.com

അഗസ്റ്റസ് സീസറിന്റെ പുതിയൊരു വിളംബരത്തെപ്പറ്റി അപ്പോഴാണ വർ ഓർത്തത്. റോമാസാമ്രാജ്യത്തിലെ ജനസംഖ്യ തിട്ടപ്പെടുത്താനും പരിഷ്ക്കരിച്ച നികുതിയുടെയും മറ്റും സ്ഥിതിവിവരക്കണക്ക് ക്ലിപ്തപ്പെടുത്താനും രാജ്യത്തുള്ള സകലരും അവരവരുടെ പിതൃസ്ഥലത്ത് എത്തിച്ചേരണമെന്നാണല്ലോ രാജശാസന. അതിൻ പ്രകാരം ബേത്‌ലഹേമിൽ വേരുകളുള്ള ഗോത്ര ശാഖകളെല്ലാം പലയിടങ്ങളിൽ നിന്നും മടങ്ങിയെത്തിയതാവും.

ഇടയർ തിടുക്കത്തിൽ ഉണ്ണിയെ തേടുകയാണ്. അടഞ്ഞുകിടന്ന മതിൽക്കെട്ടുകൾക്കുള്ളിലേക്ക് എത്തിനോക്കി. എണ്ണ വിളക്കിന്റെ വെളിച്ചമുള്ള ഒരു വീടെങ്കിലുമുണ്ടോ എന്നു ശ്രദ്ധിച്ചു. ഒരു നവജാതശിശുവിന്റെ കരച്ചിൽ എവിടെയെങ്കിലും ഉയരുന്നുണ്ടോ എന്നു കാതോർത്തു.

ഭാഗ്യം ! അതാ ജനം നിറഞ്ഞ ഒരു കൊച്ചുവീട്. അതിന്റെ പിൻഭാഗത്തു നിന്നും ഒരു കുഞ്ഞിന്റെ ശബ്ദം പോലെ. അടഞ്ഞു കിടന്ന മതിൽക്കെട്ട് ചാടിക്കടന്ന് ഇടയന്മാർ ജനം തിങ്ങിയ മുറ്റത്തിന്റെ പിൻഭാഗത്തേക്കു പാഞ്ഞു. നേരം പുലരാനിനി ഏറെനേരം ഉണ്ടാവില്ല. ചിലർ ഉണർന്നു കൈകൾ വിരിച്ചു പ്രാർത്ഥിക്കുന്നു. ചിലർ പാടുന്നു. ഇടയർ ചെന്നു നിന്നത് ഒരു ഗുഹയുടെ മുമ്പിൽ.

ഇത്തരം തുരങ്കങ്ങളിലാണല്ലോ കൊടും തണുപ്പോ മഴയോ വരുമ്പോൾ ഇടയർ അഭയം തേടിയിട്ടുള്ളത്. എത്രയോ ഇടയത്തികൾ ഇത്തരം ഗുഹകളിൽ പ്രസവിച്ചിട്ടുപോലുമുണ്ട്. കന്നുകാലികളും അവയുടെ വിസർജ്യങ്ങളും കച്ചിയും നിറഞ്ഞ ഇരുട്ടു ഗുഹയിലേക്ക് അവർ ആകാംക്ഷയോടെ നോക്കി. ഗുഹയുടെ വലത്തേ കോണിൽ എണ്ണവിളക്കിന്റെ നേർത്ത വെട്ടം. ആ വെട്ടത്തിൽ, വിണ്ണിൽ നിന്നും ഞെട്ടറ്റുവീണ സ്വർണ്ണനക്ഷത്രം പോലൊരുണ്ണി. തുണിപൊതിഞ്ഞ കച്ചിമേൽ കൊച്ചു കരചരണങ്ങൾ ഇളക്കി, നക്ഷത്രക്കണ്ണുകൾ ചിമ്മിത്തുറന്നു കിടക്കുന്നു. ഇളം നീല ഉത്തരീയവും വെള്ളക്കുപ്പായവും ധരിച്ച ശാലീന സുന്ദരിയായ ഒരു പതിനാറുകാരി, സ്വതവേ വദനത്തിൽ തഞ്ചുന്ന പുണ്യഭാവത്തോടെ നേർത്ത വെള്ളത്തുണികൊണ്ട് കുഞ്ഞിനെ പൊതിഞ്ഞുകൊണ്ടിരിക്കുന്നു. കഴുതപ്പുറത്തുനിന്നും ഭാണ്ഡം അഴിച്ച്, അതു തുറന്ന് അത്യാവശ്യസാധനങ്ങൾ ചുമരിനോടുചേർത്ത് അടുക്കിവച്ചുകൊണ്ട് ഒരു ചെമ്പൻ താടിക്കാരനുമുണ്ട് തൊട്ടരികിൽ. അദ്ദേഹത്തിനു പ്രായം മുപ്പതിൽ കുറയില്ല.

ഇവരെല്ലാം ആരാണ്? കുഞ്ഞിന്റെ അപ്പനമ്മമാരോ? അതോ, അടർന്നു വീണ ഈ ദിവ്യനക്ഷത്രത്തിന്റെ പരിപാലകരോ? ഇടയർക്കിതൊന്നും



www.malankaralibrary.com

അറിഞ്ഞു കൂടാ. ചാണകഗന്ധം തുടിച്ച ഗുഹയ്ക്കുള്ളിലേക്കവർ ചാടിക്കയറി. സകല ഇസ്രായേല്യരും അനേക യുഗങ്ങളായി കാത്തിരിക്കുന്ന ദിവ്യാവതാരമാണു തങ്ങളുടെ കൺമുമ്പിലെന്നോർത്ത് അവർ തരിച്ചുപോയി. പെറ്റ ചൂടുമാറാത്ത കുഞ്ഞിനെ ആദ്യം വന്നു കാണുവാനുള്ള മഹാഭാഗ്യം അഗതികളും ശപ്തരുമായ തങ്ങൾക്കാണല്ലോ എന്നറിഞ്ഞപ്പോൾ ആ കുഞ്ഞിന്റെ ജ്വലിക്കുന്ന തേജസ്സിനു മുമ്പിൽ അവരുടെ കാലുകൾ മടങ്ങി. ശിരസ്സുകൾ മൺതറയോളം താഴ്ന്നു. കരങ്ങൾ മുന്നോട്ടാഞ്ഞു കൂപ്പി. ക്ഷീണനേത്രങ്ങളിൽ നിന്നും കണ്ണീർത്തുള്ളികൾ ഉതിർന്നു. അമിതാഹ്ലാദത്താൽ തങ്ങളുടെ രക്ഷകനെനോക്കി പൊട്ടിക്കരഞ്ഞു. ആ തേങ്ങലും കണ്ണീരും ശിശുവിന് വിലപ്പെട്ട കാഴ്ചവസ്തുക്കളായിരുന്നുവോ? അതുകൊണ്ടാവാം മോണകാട്ടി തങ്ങളെത്തന്നെ നോക്കി ആ പൂമൈതൽ നിർത്താതെ ചിരിച്ചുകൊണ്ടു കിടന്നത്.



www.malankaralibrary.com

## രണ്ട്

കാസ്പർ. നരച്ച താടിയുള്ള വയസ്സൻ. ചെറിയൊരു ചെപ്പിൽ കുന്തുരുക്കം മാറോടു ചേർത്തു പിടിച്ച് കുനി നടക്കുന്നു.

തൊട്ടടുത്ത് ബൽത്താസർ. സുന്ദരനായ ചെറുപ്പക്കാരൻ. മീറാ എന്ന വിശിഷ്ട വസ്തുവാണയാളുടെ കയ്യിൽ.

അടുത്ത ആൾ മെൽഖിയോർ. അദ്ദേഹത്തിന്റെ കയ്യിലുമുണ്ടൊരു സമ്മാനം, പൊന്ന്.

ഒട്ടകപ്പുറങ്ങളിൽ എത്രയോ ദിനരാത്രങ്ങൾ സഞ്ചരിച്ച് ജറുസലേമിൽ ഇവരെത്തിയിരിക്കുന്നു. വിദൂരമായ അറേബ്യായിൽ നിന്നുള്ളവർ. വിജ്ഞാനികളും വാനനിരീക്ഷകരുമായ മൂന്നു രാജാക്കന്മാർ. നിരീക്ഷണത്തിനിടയിലാണ് ആ ദിവ്യനക്ഷത്രം അവരുടെ ദൃഷ്ടിയിൽപ്പെട്ടത്. അത്യപൂർവ്വശോഭയുള്ള വാൽനക്ഷത്രം. അതു സഞ്ചരിക്കുന്നു; പകലായിട്ടുപോലും.

പുരാണേതിഹാസങ്ങളിലും വാനശാസ്ത്രത്തിലും അവഗാഹമുള്ള ജ്ഞാനികൾ പ്രവചനങ്ങളുടെ പൊരുളു തെരഞ്ഞു. അതും, പുതിയ നക്ഷത്രവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നു ചിന്തിച്ചു. അതവരെ വിസ്മയാവഹമായൊരു ദർശനതീരത്തെത്തിച്ചു. ഇതു 'മെസോറി' എന്ന ഈജിപ്തു മാസമാണല്ലോ. മെസോറി എന്ന പദത്തിന്റെ അർത്ഥം 'രാജാവിന്റെ ജനനം' എന്നും. അപ്പോൾ ഭൂമിയിൽ എവിടെയോ പിറന്ന ഒരു ദിവ്യശിശുവിന്റെ പ്രതീകമാവാം വാനിൽ ഉദിച്ച ഈ അപൂർവ്വതാരം. ഭൂവാസികൾ ഒരു രക്ഷാകരപിറവിക്കായി തപം നോറ്റ് കാത്തിരിക്കുകയുമാണല്ലോ. മനുഷ്യാവതാരമെങ്കിലും അമാനുഷസിദ്ധികൾ നിറഞ്ഞ ദിവ്യശിശുവാണു പിറന്നതെന്ന കാര്യത്തിൽ അവർക്കു സംശയമില്ല. മനുഷ്യത്വവും ദൈവത്വവും രാജത്വവും ഒത്തുചേർന്ന അത്ഭുത ജന്മമാവും അത്. അതിനാൽ രാജത്വപ്രതീകമായി സ്വർണ്ണവും ദേവത്വപ്രതീകമായി കുന്തുരുക്കവും മാനുഷികപ്രതീകമായി മീറയും സമ്മാനമായി സമർപ്പിക്കാൻ തെരഞ്ഞെടുക്കുകയായിരുന്നു.

യഹൂദവംശത്തിന്റെ രക്ഷാകരപ്രവാചകനായ എശയ്യായുടെ



www.malankaralibrary.com

പുസ്തകത്തിൽ ഇങ്ങനെ പറഞ്ഞിട്ടുള്ളതും ഈ ജ്ഞാനികൾക്കറിയാം.

'ജനതകൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയ ശോഭയിലേക്കും വരും. അവർ സ്വർണ്ണവും സുഗന്ധദ്രവ്യങ്ങളും കൊണ്ടു വരികയും ചെയ്യും.'

എന്നാൽ ദിവ്യശിശുവിന്റെ പിറവി എവിടെയാവും? അക്കാര്യത്തിൽ തല പുകയ്ക്കേണ്ടിവന്നില്ല. വഴികാട്ടുവാൻ നക്ഷത്രമുണ്ടല്ലോ. പിന്നൊരു നിമിഷം അമാന്തിച്ചില്ല. പല ദിനരാത്രങ്ങൾ കടന്ന് പേർഷ്യാ, ബാബിലോണിയ, സീറോഅറേബ്യൻ മരുഭൂമി ഇവ പിന്നിട്ട് ജറുസലേമിലെത്തിയിരിക്കുന്നു. കണക്കു കൂട്ടലുകളിൽ തെളിയുന്നത് ഇനിയേറെ ദൂരമില്ലെന്നാണ്. നക്ഷത്രം പാലസ്തീന്റെ തലസ്ഥാനമായ ജറുസലേമിൽ, ഒരു കൂറ്റൻ കൊട്ടാരത്തിനു മുകളിലാണിപ്പോൾ.

ഹേറോദേസ് മഹാരാജാവിന്റെ കൊട്ടാരമാണത്. കൂട്ടുകാരനായ മാർക്ക് ആന്റണിയുടെ ബഹുമാനാർത്ഥം തീർത്ത കൊട്ടാരം. യഹൂദവംശം റോമാ ചക്രവർത്തി അഗസ്റ്റസ് സീസറിന്റെ പരമാധികാരത്തിൻ കീഴിലാണെങ്കിലും ഹേറോദേസ് രാജാവിനെയാണ് സ്വതന്ത്രഭരണാധിപനായി നിയമിച്ചിട്ടുള്ളത്. അറുപത്തെട്ടു കൊല്ലങ്ങൾക്കു മുമ്പ് 'പോംപേ' എന്ന റോമാരാജാവ് യഹൂദരാജ്യത്തെ തകർത്ത് റോമാസാമ്രാജ്യത്തോടു ചേർത്തു. പ്രതികാരമായി യഹൂദർ അവരെ നിരന്തരം ആക്രമിക്കുകയും അവർക്കെതിരെ വിപ്ലവമുണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്നു. തന്മൂലം യഹൂദരാജാവിനെ നിഷ്ക്കാസിതനാക്കി അറബി സംസ്കാരമുള്ള ഇദുമേയവംശജനായ ഹേറോദേസിനെ റോമാഭരണാധിപൻ നിയമിക്കുകയായിരുന്നു. മുപ്പത്താറു കൊല്ലമായി യഹൂദരെ ഭരണമുഷ്ടിയിലാക്കി ഞെരുക്കുകയാണയാൾ. യഹൂദനല്ലാത്തതിനാൽ റോമാക്കാരോടാണു ചായ്വ്. അധികാരമേറ്റ അന്നുതന്നെ സീസർ ചക്രവർത്തിക്കൊപ്പം കാപ്പിറ്റോളിൻ മലയിൽച്ചെന്ന് ജൂപ്പിറ്റർ ദേവന് ബലിയർപ്പിച്ച ആളാണു ഹേറോദേസ്. ബിംബാരാധനയെ വെറുക്കുന്ന യഹൂദർ ഇതിനെ എതിർത്തപ്പോൾ അവരെ പ്രീതിപ്പെടുത്താൻ ജറുസലേം ദേവാലയത്തിലും ചെന്നു പോലും.

കൂറ്റൻ രാജകൊട്ടാരത്തിന്റെ താഴികക്കുടം ജ്ഞാനികളുടെ ദൃഷ്ടിയിൽപ്പെട്ടു. അത്ഭുത ശിശുവിന്റെ പിറവി രാജകൊട്ടാരത്തിലായിരിക്കുമോ? ജ്ഞാനികൾ സംശയിച്ചു. അപരിചിതരായ തങ്ങളുടെ ചുറ്റും അത്ഭുതത്തോടെ നോക്കിനില്ക്കുന്ന ജറുസലേം നിവാസികളോട് അവർ ഈ സംശയം ചോദിക്കുകയും ചെയ്തു.



www.malankaralibrary.com

"യൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെയാണ്?"

യൂദന്മാർക്കു താനല്ലാതെ മറ്റൊരു രാജാവുണ്ടെന്നു പറയുന്നവനെ കൊന്നുകളയുന്ന ഹേറോദേസ് മഹാരാജാവിന്റെ കൊട്ടാരസമീപത്തു വച്ചാണീ ചോദ്യം. ചോദ്യം കേട്ടവർ അമ്പരന്നു. അവർ ഓടിപ്പോയി കൊട്ടാരത്തിലെ കാവൽക്കാരെ വിവരമറിയിച്ചു. അവർ മഹാരാജാവിന്റെ കാതിലും. അതു കേട്ടയുടൻ കാതുരണ്ടും കൈപ്പത്തികൾ കൊണ്ടടച്ചു പിടിച്ച് ഒരലർച്ചയോടെ ഹേറോദേസ് സിംഹാസനത്തിൽ നിന്നും ചാടി യെണീറ്റു. തുറിച്ച കണ്ണുകളിൽ ഭയാനകമായ ക്രൗര്യം. എന്തും ചെയ്യാൻ മടിക്കാത്ത കരിങ്കൽ ഹൃദയമാണ്. തനിക്കെതിരെ ഗൂഢാലോചന നടത്തി യെന്ന സംശയത്തിൽ സ്വന്തം മക്കൾ രണ്ടുപേരെ ശ്വാസം മുട്ടിച്ചു കൊന്ന വനാണ്.

ഹേറോദേസ്, പടയാളികളോടു ചോദിച്ചു: "അവർ എന്താണന്വേഷി ക്കുന്നത്? വ്യക്തമായി പറയൂ...."

"ഇവിടെവിടെയോ ഒരു രാജകുമാരൻ പിറന്നിട്ടുണ്ടെന്നുപോലും. അതെവിടെയാണെന്നാണവർ തെരയുന്നത്."

ഹേറോദേസിന്റെ നെറ്റിയിൽ അനേകം ചുളിവുകൾ വീണു. പുരിക ക്കൊടികൾ പത്തിവിരിച്ചുയർന്നു. കോപാവേശത്താൽ ജ്വലിച്ചുകൊണ്ട യാൾ ശബ്ദിച്ചു, "നാം അറിയാതെ രാജകുമാരൻ പിറന്നെന്നോ? ഛെ! നമ്മുടെ രഹസ്യപ്പടയാളികൾ ഇങ്ങനെയൊരു സൂചനപോലും നമുക്കു തന്നിട്ടില്ലല്ലോ. ആകട്ടെ..... അവർ ആരാണ്? എവിടെ നിന്നു വരുന്നു?"

"കണ്ടിട്ട് രാജാക്കന്മാരെ പോലുണ്ട്. മൂന്നുപേരുണ്ട്. അങ്ങ് കിഴക്കു നിന്നുള്ളവരാണെന്നാ പറഞ്ഞത്."

"കിഴക്കുനിന്നുള്ളവരോ? എങ്കിൽ നമ്മുടെ ശത്രുക്കളാവാൻ വഴിയില്ല. എന്തായാലും ഉടൻ അവരെ ഇവിടെ കൊണ്ടുവരൂ?"

അവർ വന്നു. കുതന്ത്രബുദ്ധിയായ ഹേറോദേസ് മട്ടും ഭാവവും ഉള്ളി ലൊതുക്കി. ജ്ഞാനികളിൽനിന്നും എല്ലാ രഹസ്യങ്ങളും ചോർത്തുന്നതു വരെ യാതൊരനിഷ്ടവും പുറത്തു കാട്ടരുതെന്നുറച്ചു.

സദാ സുഗന്ധം നിറഞ്ഞ അകത്തളത്തിൽ അവർ ഉപവിഷ്ടരായി. ഹേറോദേസിന്റെ ഒൻപതു ഭാര്യമാരും അവരുടെ മക്കളും കൊട്ടാരത്തിലു



www.malankaralibrary.com

ണ്ട്. എങ്കിലും ഏറ്റം ഇഷ്ടപ്പെട്ട പത്നികളായ സമരിയാക്കാരി മാൽത്താസും ജറുസലേംകാരി ക്ലിയോപാട്രയുമാണിപ്പോൾ ഇടംവലം ഇരിക്കുന്നത്. മക്കൾ അർക്കലാവോസും അന്തിപ്പാസും ഫിലിപ്പും അതേ മുറിയിലുണ്ട്.

കൊട്ടാരമുറികളിലെ ആഡംബരപ്രൗഢികൾ കണ്ട് ജ്ഞാനികൾ വിസ്മയം കൂറി. അവരറിയുന്നോ, അലങ്കാരങ്ങളെല്ലാം യഹൂദ പ്രജകളിൽ നിന്നും അന്യായമായി പിരിച്ചെടുത്ത നികുതി ഉപയോഗിച്ചുള്ളവയാണെന്ന്! അനർഘങ്ങളായ അപൂർവ്വരത്നങ്ങൾ വർണ്ണദീപങ്ങൾ പോലെ മിന്നിത്തിളങ്ങുകയാണ്. അവരറിയുന്നോ, ജറുസലേം ദേവാലയത്തിന്റെ തൊട്ടടുത്തുള്ള ദാവീദുരാജാവിന്റെ ശവകുടീരം രാത്രിയിൽ രഹസ്യമായി തല്ലിപ്പൊളിച്ച് അതിന്റെ അറകളിൽ സൂക്ഷിച്ചിരുന്ന രത്നനിക്ഷേപം കൊള്ളചെയ്താണ് അഴകിന്റെ ഈ മഹാപ്രളയം സൃഷ്ടിച്ചിരിക്കുന്നതെന്ന്!

കണ്ണഞ്ചിപ്പിക്കുന്ന ഈ പ്രൗഢികളിൽ നിന്നും മിഴികളടർത്തിമാറ്റി, ഇവിടെവിടെയോ പിറന്ന ദിവ്യാവതാരത്തിന്റെ ദർശനസുഖത്തിനായി ദാഹിക്കുന്ന കണ്ണുകളോടെ പരതുന്ന ജ്ഞാനികളോടു ഹേറോദേസ് അനുനയത്തിൽ ആരാഞ്ഞു: "ആരുപറഞ്ഞു നിങ്ങളോട്, അങ്ങനൊരു രാജപുത്രൻ പിറന്നെന്ന്?"

മൂവരിൽ വൃദ്ധനായ കാസ്പർ യാത്രാക്ലേശത്തോടെ മൊഴിഞ്ഞു, "ആകാശത്തു സഞ്ചരിക്കുന്ന ഒരപൂർവ്വ നക്ഷത്രം ഞങ്ങൾ കണ്ടു. ലോകം മുഴുവൻ കാത്തിരിക്കുന്ന ഒരു ദിവ്യാവതാരത്തിന്റെ ജനനസൂചനകളാണിതു കാണിക്കുന്നതെന്നു ഞങ്ങൾ മനസിലാക്കുന്നു."

ജിജ്ഞാസയോടെ ഹേറോദേസ് ചോദിച്ചു, "അങ്ങനെയൊരു ശിശുവിനെപ്പറ്റി പൂർവ്വഗ്രന്ഥങ്ങളിലെങ്ങാനും പറയുന്നുണ്ടോ പ്രഭുക്കന്മാരേ?"

"തീർച്ചയായും. പുരാണേതിഹാസങ്ങളിലുണ്ട്. റോമാവിശ്വാസത്തിലുണ്ട്. യൂദന്മാരുടെ പഴയനിയമത്തിലുമുണ്ടല്ലോ."

"ഓഹോ!' എങ്കിൽ നാമൊന്നു പരിശോധിക്കട്ടെ. ആരവിടെ...."

ആജ്ഞ കേട്ടു മുമ്പിലെത്തിയ രാജസേവകരോടു കല്പിച്ചു: "ഉടൻ മഹാപുരോഹിതൻ അന്നാസിനോടു വരാൻ പറയൂ. കൊട്ടാരത്തിലെ വേദജ്ഞന്മാരും ജ്യോതിശാസ്ത്രജ്ഞരും കൂടെ വരട്ടെ."

കൊട്ടാരവാസികളായ അവർ രാജശാസന പ്രകാരം എത്തി.



www.malankaralibrary.com

രാജശിശുവിനെപ്പറ്റി കേട്ട് ആ പണ്ഡിതഗണം ഭയവികാരത്തോടെ വേദഗ്രന്ഥങ്ങളുടെ ചുരുളഴിച്ചു. ക്രിസ്തുവിന്റെ അവതാരത്തെപ്പറ്റി എശയ്യായുടെ പ്രവചനം കണ്ടെത്തി.

അന്നാസ് ഉറക്കെ വായിച്ചു: "ഇതാ, കന്യക ഗർഭിണിയായി മകനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും."

അതേ പ്രവചനം തന്നെ തുടർന്നു വായിച്ചു: "നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിൽ. അത്ഭുതമെന്നും ഗുരു, ലോകങ്ങളുടെ പരാക്രമിയായ ദേവൻ, സമാധാനത്തിന്റെ രാജാവ് എന്നും അവൻ വിളിക്കപ്പെടും."

യഹൂദർ പണ്ടുമുതൽ ക്രിസ്തുവിനെ പ്രതീക്ഷിക്കുന്ന കാര്യം ഹേറോദേസിനറിയാം.

അസൂയയുടെ വിഷം പടർന്ന മനസ്സോടെ ഹേറോദേസ് തിടുക്കത്തിൽ ചോദിച്ചു, "അവൻ പിറക്കുന്ന സ്ഥലത്തെപ്പറ്റി വല്ലസൂചനയും ഈ പുസ്തകത്തിലുണ്ടോ?"

"ബേത്‌ലഹേമിൽ."

അസന്നിഗ്ദ്ധമായിത്തന്നെ നിയമജ്ഞർ തുറന്നറിയിച്ചു. അതുകേട്ട് തിളച്ച എണ്ണയിൽ വീണപോലെ ഹേറോദേസ് പൊള്ളി വിറച്ചു.

"ബേത്‌ലഹേമിലോ? നമ്മുടെ തൊട്ടടുത്ത സ്ഥലമായ ബേത്‌ലഹേമിൽത്തന്നെയോ? അങ്ങനെ പറയാൻ കാരണം?"

സംശയാലുവായ മഹാരാജാവിന് ബേത്‌ലഹേമിനെപ്പറ്റിയുള്ള പ്രവചനഭാഗം കൂടി വായിച്ചു കേൾക്കാൻ ധൃതി.

പണ്ഡിതർ ചുരുൾ നിവർത്തിയത് മീഖാ പ്രവാചകന്റെ ഗ്രന്ഥം. ഒരാൾ വായിച്ചു.

"ഓ! ബേത്‌ലഹേം, നീ യൂദാ വംശങ്ങളിൽ എത്രയോ ചെറുതെങ്കിലും ഇസ്രായേലിന്റെ ഭരണാധിപൻ നിന്നിൽ നിന്നാണുത്ഭവിക്കുന്നത്."

ഇത്രയും കേട്ടുകഴിഞ്ഞ ഹേറോദേസ് ഒരുറച്ച തീരുമാനത്തിലെത്തി. അങ്ങനൊരു രാജപുത്രൻ എവിടെങ്കിലും പിറന്നിട്ടുണ്ടെങ്കിൽ അവന്റെ



www.malankaralibrary.com

കഥകഴിക്കുകതന്നെ. പക്ഷേ, അസഹിഷ്ണുത തെല്ലും മുഖത്തു കാട്ടാതെ പരമരഹസ്യമായി മൂന്നു വിജ്ഞന്മാരേയും തന്ത്രപൂർവ്വം വിളിച്ചടുപ്പിച്ചു. നക്ഷത്രം കണ്ട സമയം, ദിക്ക്, ഇവയെല്ലാം കൃത്യമായി ചോദിച്ചറിഞ്ഞു.

എന്നിട്ടു പറഞ്ഞു, "വിജ്ഞന്മാരേ, ഇക്കാര്യങ്ങളറിഞ്ഞ് നാം ഏറ്റം സന്തുഷ്ടനായിരിക്കുന്നു. നിങ്ങൾ ആ രാജകുമാരനെ പോയി കാണുക. എന്നിട്ട് എത്രയും വേഗം ഈ കൊട്ടാരത്തിൽ മടങ്ങിയെത്തി വിശദവിവരങ്ങൾ നമ്മേയും അറിയിക്കണം. നമുക്കും പോയി നമസ്ക്കരിക്കാൻ തിടുക്കമായി."

അന്യദേശക്കാരായ മൂന്നു വിജ്ഞന്മാരെപ്പറ്റിയുള്ള വാർത്ത പരന്ന ജറുസലേമിൽ നിന്നും അവർ ബേത്‌ലഹേമിലേക്കു തിരിച്ചു.

ഇക്കാര്യങ്ങളൊന്നുമറിയാതെ ഉണ്ണിയുമായി ബേത്‌ലഹേമിൽത്തന്നെയുള്ള ഒരു ബന്ധുഗൃഹത്തിലേക്കു താമസം മാറ്റിക്കഴിഞ്ഞിരുന്നു യൗസേഫും മറിയവും. ജനസംഖ്യാനിർണ്ണയ ബഹളങ്ങളെല്ലാം ഒഴിഞ്ഞ ബേത്‌ലഹേം പഴയതുപോലെ ഇന്നു ശാന്തം. പക്ഷേ, നിഗൂഢചിന്തകളുടെ ഉൾക്കടലായിരുന്നു അവളുടെ ഹൃദയം.

കുഞ്ഞിന്റെ അളവനുസരിച്ച് കമ്പിളിയുടുപ്പു തുന്നുമ്പോഴും, അമ്മയാകാൻ വിളിക്കപ്പെട്ട പതിനാറുകാരിയായ മറിയത്തിന്റെ ഹൃദയം പ്രാർത്ഥന പോലെ ഈശ്വരസവിധത്തിൽ അർപ്പിതമായിരുന്നു. അതിനാൽ ഓർമ്മകളൊന്നും അവളെ നടുക്കുന്നില്ല.

ദൂരെ നസ്രത്തിലെ ചെറുവീട്ടിൽ ആയിരുന്നകാലം. അതിനുമുമ്പ് ബാല്യം മുഴുവൻ ജറുസലേം ദേവാലയത്തിലായിരുന്ന നാളുകൾ. നിത്യകന്യകാവ്രതം നോറ്റ് പ്രത്യേക ശിക്ഷണത്തിൽ കഴിഞ്ഞ ആ പത്തു വർഷങ്ങൾ.

അന്നു ഭക്ഷണംപോലും ദേവാലയത്തിലെ നേർച്ചയപ്പമായിരുന്നല്ലോ. ആത്മപ്രകാശപൂരിതയായി അവിടെ നിന്നും മടങ്ങി വീട്ടിലെത്തിയപ്പോഴും ഉള്ളിലെ വെളിച്ചം വളർത്താൻ സദാ ഭജനം നോറ്റിരിക്കുകയുമായിരുന്നു. പിതാവ് യൊവാക്കീമും അമ്മ അന്നയും വിശുദ്ധിയുടെ മാതൃകകൾ മാത്രം സാക്ഷ്യപ്പെടുത്തിയതും തനിക്കെത്രയോ വളക്കൂറായി. പക്ഷേ, സ്വന്തം ഇഷ്ടത്തിനെതിരായി തനിക്കു വിവാഹനിശ്ചയം ചെയ്യേണ്ടി വന്നുപോയി! ബ്രഹ്മചര്യത്തെ യഹൂദർ ശപിച്ചിരുന്നതിനാൽ ഒരു കന്യകയ്ക്കു സമൂഹത്തിൽ സുരക്ഷിതത്വം അന്യം. ഭർത്താവില്ലാത്തവൾ ശിരസ്സറ്റ ശരീരമാണ്, യഹൂദരുടെ കണ്ണിൽ. പക്ഷേ, നിത്യകന്യാവ്രതസ്ഥയായ മറിയത്തിന്റെ



www.malankaralibrary.com

ഭർത്തൃസ്ഥാനികനായി ജീവിക്കാൻ ആരു തയ്യാറാകും? ഭാഗ്യം! അതിനൊരുക്കമായി ഒരാൾവന്നു. ദാവീദു രാജാവിന്റെ വംശപരമ്പരയിൽത്തന്നെയുള്ള ഒരാൾ. താപസതുല്യം വ്രതശുദ്ധ ഹൃദയൻ, യൗസേഫ്. തന്നേക്കാൾ പത്തു വയസു മൂപ്പ് കൂടും ആ ചെമ്പൻ താടിക്കാരന്. കുലത്തൊഴിൽ മരപ്പണിയാണ്.

ചിന്താധീനയായ മറിയത്തിനു സമീപം അത്തരമൊരു തച്ചുവേലയിൽ മുഴുകിയിരിക്കുകയാണ് യൗസേഫ്. പട്ടികകൾ ചേർത്തുതറച്ചൊരു കൊച്ചു തടിത്തൊട്ടിൽ കുഞ്ഞിനു വേണ്ടി ഉണ്ടാക്കുകയാണ്.

കുഞ്ഞിന് എന്തുപേരു നല്കണം എന്ന കാര്യത്തിൽ മറിയത്തിനും യൗസേഫിനും ആലോചിക്കേണ്ടിവന്നില്ല. പത്തുമാസം മുമ്പ് ഇങ്ങനെയൊരു ദർശനമുണ്ടായല്ലോ.

"മറിയം ദൈവാത്മാവിനാൽ ഗർഭിണിയാകും. ശിശുവിനെ യേശു എന്നു വിളിക്കണം. അന്ത്യരഹിതമായ മഹാരാജ്യത്തിന്റെ അധിപനായിരിക്കും അവൻ''.

ഈ രഹസ്യങ്ങളൊന്നും പക്ഷേ യൗസേഫിനോടവൾ മിണ്ടിയിട്ടേയില്ല. എങ്കിലും യൗസേഫിനു മറിയത്തോടു നീരസമില്ല. കാരണം യൗസേഫിനറിയാം, മറിയം ഒരു സാധാരണ യൂദസ്ത്രീയല്ല. എന്തോ മഹാദിവ്യത്വം അവളെ ചൂഴ്ന്നു നില്പുണ്ട്. വയസ്സിയായ ഏലിശുബായെ തേടി നാലഞ്ചു ദിവസം നടന്ന് അവളന്ന് യൂദയാ മലമുകളിലേയ്ക്കു പോയില്ലേ. എന്തിനുവേണ്ടിയായിരുന്നു? അറിയില്ല. സ്വന്തം അമ്മയുടെ സോദരീപുത്രിയും വയസ്സിയുമായ ഏലിശുബായെ കാണാനവൾ പോയതിൽ പ്രത്യേകിച്ചൊന്നും തോന്നിയിരുന്നുമില്ല. പക്ഷേ, അവൾ നസ്രത്തിലെ വീട്ടിൽ മടങ്ങിയെത്തിയതോ, നാലുമാസം കഴിഞ്ഞ്. അതിലും പരാതിപ്പെട്ടില്ല. പക്ഷേ അവളപ്പോൾ ഗർഭിണിയായിരുന്നു എന്നതാണ് സഹിക്കാനാവാഞ്ഞത്. ഇക്കാര്യത്തെപ്പറ്റി ഒരക്ഷരം തന്നോടവൾ പറയാതെയുമായപ്പോൾ പിന്നെ മറ്റൊരു വഴിയുമില്ലായിരുന്നു. ലില്ലിപ്പൂ പോലെ നിർമ്മലമുഖയായ ഈ കൗമാരക്കാരിയെ മരിക്കും വരെ സംരക്ഷിക്കണമെന്നു കരുതിയവനാണ്. പക്ഷേ ഇനി അതിനു കഴിയില്ലെന്നു തോന്നി. ഉപേക്ഷിക്കാൻ തന്നെ നിശ്ചയിച്ചു. അവിഹിതഗർഭം പേറുന്നവളെ ഉപേക്ഷാപത്രം എഴുതിക്കൊടുത്ത് ഉപേക്ഷിക്കണമെന്നാണല്ലോ യഹൂദ നിയമം. എന്തെങ്കിലും കാരണത്താൽ അത്തരക്കാരിയെ ഉപേക്ഷിക്കാത്ത പുരുഷനും കല്ലേറിയപ്പെടേണ്ടതുണ്ട്.



www.malankaralibrary.com

വീർത്ത വയറും നീലമിഴികളിൽ നിസ്സഹായഭാവവുമായി, ഒരു കയ്യിൽ ഉപേക്ഷച്ചീട്ടും പിടിച്ച് തെരുവിലൂടെ പരിത്യക്തയായി ഫരിസേയച്ചെന്നായ്ക്കളുടെ നിഷ്ഠൂരാക്രമണവും സഹിച്ച്, മുറിവേറ്റ് ഉടലാകെ ചോരയൊഴുക്കി ഇടറി നടക്കുന്ന തന്റെ സഹധർമ്മിണിയെ ഭാവനയിൽ കണ്ട് താൻ അന്ന നുഭവിച്ച ആത്മസംഘർഷം എത്ര ഭയാനകമായിരുന്നു. പരസ്യപ്പെടുത്താതെ രഹസ്യമായി അവളെ ഉപേക്ഷിച്ചാൽ അവളുടെ ഭാവി അപകടപ്പെടാതിരിക്കും എന്നു കരുതിയിരുന്നപ്പോഴല്ലേ തന്റെ മുമ്പിൽ ദൈവദൂതൻ പ്രത്യക്ഷനായത്. വിവരങ്ങൾ ആദ്യമായി അറിഞ്ഞതും ആ ദൂതനിൽ നിന്നും. തൽക്ഷണം ഭയാദരവുകളോടെ ഈശ്വരവിധിക്കു മുമ്പിൽ സ്വയം സമർപ്പിച്ച് അവളെ ഒരിക്കലും ഉപേക്ഷിക്കില്ലെന്ന് താൻ തീരുമാനിക്കുകയായിരുന്നല്ലോ.

യൂദാ ഗോത്രത്തിൽപ്പെട്ട താനും മറിയവും ഒരു കൂരയ്ക്കു കീഴിൽ അന്നു മുതൽ പാർപ്പു തുടങ്ങുകയായിരുന്നു. മൂന്നുമാസം കൂടി കഴിഞ്ഞപ്പോഴാണല്ലോ സീസർ ചക്രവർത്തിയുടെ കല്പന ഉണ്ടായത്. അങ്ങനെ തൊണ്ണൂറുമൈൽ ദൂരെയുള്ള സ്വന്തം ദേശമായ ബേത്ലഹേമിലേയ്ക്ക് ഇറങ്ങിത്തിരിച്ചു. നസ്രത്തിൽ നിന്നും ബേത്ലഹേമിലെത്താൻ നാലു ദിനങ്ങൾ വേണം. രാജകല്പന പ്രകാരം താൻ മാത്രം ബേത്ലഹേമിലേയ്ക്കു പോയാൽ മതി. പക്ഷേ അതിനു മനസു വന്നില്ല.

മറിയം തന്റെ ഭാര്യയല്ല. താനുമായി വിവാഹനിശ്ചയം ചെയ്തിട്ടേയുള്ളു. അത്തരമൊരാളുമായി ഒന്നിച്ചു നടക്കാൻ യഹൂദനിയമം അനുവദിക്കുകയുമില്ല. എങ്കിലും പൂർണ്ണ ഗർഭിണിയായ അവളെ തനിച്ചവിടാക്കി യാത്രചെയ്യാൻ തനിക്കാവില്ല. അങ്ങനെ മറിയത്തേയും കൂട്ടി ഇങ്ങോട്ടു പോന്നു.

യൗസേഫിന്റെ ഉള്ളിൽ പതഞ്ഞുയർന്ന ചിന്തകൾ നേർത്ത വാക്കുകളായി പുറത്തേയ്ക്കൊഴുകി വീണു.

"മറിയേ, നീ എന്നെങ്കിലും ഓർത്തിരുന്നോ, ഇത്ര വലിയ ദൈവകൃപ നിനക്കുണ്ടാകുമെന്ന്?"

പുരുഷനില്ലാതെ ഗർഭിണിയാവുക! അഥവാ കന്യാത്വം നിലനിൽക്കേ തന്നെ അമ്മയാവുക! വേദന കൂടാതെ പ്രസവിക്കുക! അവൻ സകല തലമുറകളും കാത്തു കഴിയുന്ന ക്രിസ്തുവാകുക! ഇതെല്ലാം വിശ്വ ചരിത്രത്തിൽ സംഭവിച്ചിരിക്കുന്നത് ഈ പെൺകുട്ടിയിലൂടെ. അങ്ങനെയുള്ള ഇവളുടെ സംരക്ഷകനും ദിവ്യശിശുവിന്റെ വളർത്തച്ഛനും ആകാൻ ഭാഗ്യം ലഭിച്ച യൗസേഫിന് ആത്മസന്തോഷം അടക്കാനാവുന്നില്ല.



www.malankaralibrary.com

കുഞ്ഞുടുപ്പു തുന്നിത്തീർത്ത മറിയം പൂങ്കാറ്റുപോലെ അതിസ്നിഗ്ദ്ധയായി മൊഴിഞ്ഞു.

"ക്രിസ്തുവിന്റെ അവതാരം ദാവീദുഗോത്രത്തിൽ തന്നെയാവുമെന്നറിയാമായിരുന്നു. നാഥാൻ പ്രവാചകനിലൂടെ യഹോവ അങ്ങനെയല്ലോ അരുൾ ചെയ്തിട്ടുള്ളത്. അങ്ങനെ പിറക്കുന്ന രക്ഷകശിശുവിനെ ശുശ്രൂഷിക്കാൻ ഭാഗ്യമുണ്ടാകണേ എന്നായിരുന്നു എന്റെ പ്രാർത്ഥന മുഴുവൻ. പക്ഷേ, വേലക്കാരിയാകാൻ ആശിച്ച അടിയനെ യഹോവയിതാ അമ്മയാക്കി ഉയർത്തിയിരിക്കുന്നു."

അവളുടെ നീലമിഴികളിൽ ആനന്ദത്തിന്റെ സ്നിഗ്ദ്ധത. അപ്പോഴേയ്ക്കും വീട്ടുമുറ്റത്ത് ആരുടെയോ കാൽപ്പെരുമാറ്റം. "ഇതുതന്നെ വീട്" എന്ന സംസാരവും. അതുകേട്ട് അവർ ചിന്തയിൽ നിന്നുണർന്നു.

രാജാക്കന്മാരെപ്പോലുള്ള മൂന്നു സഞ്ചാരികൾ ഒരുപറ്റം സ്ഥലവാസികൾക്കൊപ്പം ഭവ്യതയോടെ വന്നു നില്ക്കുന്നു. തച്ചനായ അപ്പൻ ഉണ്ടാക്കിയ തൊട്ടിലിൽ ഉണർന്നുകിടക്കുന്ന കുഞ്ഞിനെ കാണാൻ ജ്ഞാനികൾ മുറിയിലേയ്ക്കു കയറി. കൂരിരുട്ടിലുദിച്ച ആ മഹാപ്രകാശത്തെ കണ്ണിമയ്ക്കാതെ നോക്കിനിന്നു. അടക്കാനാവാത്ത ആഹ്ലാദത്തിരത്തള്ളലിൽ അവരുടെ മിഴികൾ നിറഞ്ഞു. കണ്ണീർ മൊട്ടുകൾ കവിളിലൂടെ വിരിഞ്ഞിറങ്ങി. മാസങ്ങളോളം ദീർഘിച്ച യാത്രാക്ലേശമെല്ലാം ഈ ദർശന നിമിഷത്തിൽ ഒലിച്ചുപോകുന്ന അനുഭവം. മാനുഷിക പരിമിതികൾക്കുള്ളിലും അമാനുഷികതയുടെയും രാജത്വത്തിന്റെയും സത്യഭാവം തുടിച്ച ദിവ്യാവതാരത്തിനു മുമ്പിൽ സ്വർണ്ണവും കുന്തുരുക്കവും മീറായും നിറച്ച ചെപ്പുകൾ കാഴ്ചയർപ്പിച്ച് വീണു വണങ്ങി പടിയിറങ്ങുമ്പോൾ ജ്ഞാനികളുടെ ഉള്ളിൽ പറഞ്ഞറിയിക്കാനാവാത്ത മഹാശാന്തി!



www.malankaralibrary.com

# മൂന്ന്

യഹൂദനിയമങ്ങൾ പാലിച്ചില്ലെന്ന പഴി തങ്ങൾക്കുണ്ടാവരുത്. അതിനാൽ എട്ടാം ദിവസത്തിൽത്തന്നെ പരിച്ഛേദന കർമ്മം നടത്തുകയും യേശു എന്നപേരു വിളിക്കുകയും ചെയ്തു. ഈ പരിച്ഛേദനകർമ്മം കൂടാതെ ആർക്കും യഹൂദവംശത്തിൽ അംഗമാകാനാവില്ല. പൂർവ്വപിതാവായ അബ്രഹാമിന്റെ പിന്തുടർച്ച അവകാശപ്പെടാനുള്ള മാർഗ്ഗമാണിത്. പരിച്ഛേദനം ചെയ്യാത്തവൻ മരിക്കുന്നതാണു നല്ലതെന്നുപോലും അവർ വാദിക്കുകയാണല്ലോ.

ഇന്നു നാല്പതാം ദിവസമായിരിക്കുന്നു. ആൺകുട്ടിയെ പ്രസവിച്ച സ്ത്രീ യഹൂദ നിയമപ്രകാരം നാല്പതു ദിവസം അശുദ്ധയാണത്രേ. ഇതിനും സ്വയം വിധേയയായി ബേത്‌ലഹേമിലെ കുടിലിൽ ധ്യാനലീനയായി അവൾ ഒതുങ്ങിക്കഴിയുകയായിരുന്നല്ലോ ഈ നാല്പതു നാളുകളിലും.

അശുദ്ധി മറിയത്തിനോ? അങ്ങനെ ആശ്ചര്യം കൂറാനും അവൾക്കു വേണ്ടി യൂദാനിയമം ഭേദഗതി ചെയ്യാനും ആരുമുണ്ടായില്ല. അഥവാ ഈ മൂന്നംഗ കുടുംബത്തെ തിരിച്ചറിഞ്ഞതുതന്നെ പാവം ഇടയന്മാരെപ്പോലുള്ളവർ മാത്രം!

ആദ്യമാതാപിതാക്കളുടെ പാപപാരമ്പര്യം സകല മനുഷ്യരിലും തുടരുകയാണ്. എന്നാൽ ഈ ജന്മപാപത്തിൽ നിന്നും മറിയം എങ്ങനെ മോചിതയായി? സന്താനഭാഗ്യമില്ലാത്ത യൊവാക്കീമിന്റെയും അന്നയുടെയും പ്രാർത്ഥനാരോദനം കേട്ട സർവ്വശക്തനായ ദൈവം 'ഉണ്ടാകട്ടെ' എന്ന വചനത്തെ അന്നയുടെ വന്ധ്യമായ ഉദരത്തിലേയ്ക്കയച്ച് ജീവന്റെ കുളിർമ്മ കിളുർപ്പിക്കുകയായിരുന്നല്ലോ. ആ തൈമുളയായ മറിയം കർമ്മപാപരഹിതയുമായി. മാതൃഗർഭത്തിലെത്തും മുമ്പുതന്നെ തന്നെപ്പറ്റി പദ്ധതി മെനഞ്ഞ ദൈവത്തിന്റെ പരമകാരുണ്യത്തിനു മുമ്പിൽ മറിയത്തിനു സമർപ്പിക്കാൻ പാപരഹിതജീവിതം മാത്രമേയുള്ളൂ.

സത്യം ഇതാണെങ്കിലും പുത്രനെ പ്രസവിച്ച ഏതൊരമ്മയ്ക്കും മുദ്രകുത്തുന്ന അശുദ്ധിയുടെ നാല്പതു ദിനങ്ങൾ മറിയം സ്വയം ഏറ്റെടുക്കുകയായിരുന്നല്ലോ. അശുദ്ധിയുടെ ദിനങ്ങൾ തീർന്നാൽ അവൾ ജറുസലേം



www.malankaralibrary.com

ദേവാലയത്തിലെത്തി സ്വയശുദ്ധീകരണത്തിനായി കാഴ്ചയർപ്പിക്കണം. യഹൂദനിയമം ഇതുകൊണ്ടും തൃപ്തമല്ല. ശിശു ആദ്യജാതനും ആൺ കുട്ടിയുമാണെങ്കിലോ! നിയമപ്രകാരം അവൻ യഹോവയ്ക്കുള്ളവൻ. അതിനാൽ അവൻ ദേവാലയത്തിൽ സമർപ്പിക്കപ്പെടണം. അപ്പോൾ അമ്മ യപ്പന്മാർക്ക് തങ്ങളുടെ ഏകപുത്രൻ നഷ്ടമാകില്ലേ? ഇല്ല. അതിനും യഹൂദ നിയമത്തിൽ സങ്കീർണ്ണഭേദഗതികളുണ്ട്. തിരിച്ചു കിട്ടാൻ മോചനദ്രവ്യ മായി അഞ്ചു ഷെക്കൽ ദേവാലയത്തിൽ കൊടുത്താൽ മതി.

ഈ ലക്ഷ്യത്തോടെ ജറുസലേം ദേവാലയത്തിലേയ്ക്ക് യൗസേഫും മറിയവും കുഞ്ഞിനേയുമെടുത്ത് പുറപ്പെട്ടു കഴിഞ്ഞു. പൊടി നിറഞ്ഞ മലമ്പാതയിലൂടെയുള്ള പ്രഭാതയാത്ര. വഴിയുടെ ഇരുപുറവും ഉയർന്നു നില്ക്കുന്ന അത്തിമരങ്ങളുടെ സമൃദ്ധമായ ഇലച്ചാർത്തിനിടയിലൂടെ ഉദയസൂര്യന്റെ സ്വർണ്ണ രശ്മികൾ ഊർന്നിറങ്ങുന്നു. ദേവതാരു മരങ്ങളുടെ ചില്ലകളിലിരുന്ന് മാടപ്രാവുകൾ കുറുകുന്നു. നേരെ ജറുസലേമിലേയ്ക്ക് ആറു മൈൽ ദൂരം മാത്രം. എന്നാൽ ജറുസലേമിനല്പം തെക്കുപടിഞ്ഞാറു ള്ള 'ആയിൻകാരേം' എന്ന സ്ഥലത്തു കൂടി പോകാനാണ് പരിപാടി. യൂദയാ നാട്ടിലെ കുന്നും മേടും നിറഞ്ഞ സോറക് താഴ്‌വര ചെരുവിലുള്ള ഒരു ശാന്തപ്രദേശം. അവിടെയാണ് പുരോഹിതനായ സഖറിയായും ഭാര്യ ഏലിശുബായും പാർക്കുന്നത്. ഏഴുമാസം മുമ്പുവരെ ഈ വൃദ്ധരല്ലാ തെ മറ്റാരും ആ വീട്ടിലുണ്ടായിരുന്നില്ല. മക്കളില്ലാത്ത വേദന അവരുടെ ജീവിതത്തെ ദഹിപ്പിച്ചിരുന്നു. എന്നാൽ പടുകിഴവിയായ ഏലിശുബായുടെ വയറ്റിൽ ദൈവത്തിന്റെ കൃപ ഒരു ശിശുവായി രൂപപ്പെട്ടു. യോഹന്നാനെന്ന പേരിൽ അവരുടെ ആഹ്ലാദമുകുളമായി ഇന്നവനുണ്ട്.

ഏലിശുബായുടെ ഗർഭകാലത്ത് അവിടെച്ചെന്ന് സഹായിച്ചവളാണ് മറിയം. അതിനാൽ കൊച്ചുയോഹന്നാനെ ഒന്നു കൂടി കാണാൻ മറിയത്തി നുത്സാഹം. കാരണം യോഹന്നാൻ ആരാണെന്നവൾക്കറിയാം. ജറുസലേം ദേവാലയത്തിൽ പാർത്ത നാളുകളിൽ പഴയനിയമ പുസ്തകങ്ങളെല്ലാം മനഃപാഠമാക്കിയപ്പോൾ ഏറ്റം ചെറിയ പുസ്തകമായ മലാക്കിയുടെ പുസ്ത കവും പഠിച്ചതല്ലേ. അതിലിങ്ങനെ ഒരാശയമുണ്ടല്ലോ.

'ക്രിസ്തുവിന്റെ ആഗമനത്തിനു മുമ്പ് ഒരു മുന്നോടി പ്രത്യക്ഷനാകും'.

ആ മുന്നോടി യോഹന്നാനാണെന്നാണ് തന്റെ ബോദ്ധ്യം. അല്ലെങ്കിൽ ഈശ്വര നിശ്വാസത്താൽ ആ വയസ്സിയുടെ ഊഷര ഉദരം ഉർവ്വരമാകുമാ യിരുന്നില്ല.



www.malankaralibrary.com

അവർ സഖറിയായുടെ ഭവനത്തിലെത്തി. പുരോഹിതനാകയാൽ സഖറിയ ധൂപാർപ്പണത്തിനായി ദേവാലയത്തിലേയ്ക്കു പോയിക്കഴിഞ്ഞു. അവിടെ തിരുനാളാഘോഷവുമാണ്. ഏലിശുബായ്ക്ക് അടക്കാനാവാത്ത ആനന്ദം. ആറുമാസം താൻ ഗർഭിണിയായിരിക്കേ തന്നെ ശുശ്രൂഷിക്കാൻ നാലു ദിവസം വഴിനടന്ന് ഈ യൂദയാ കുന്നിലേയ്ക്കു കടന്നു വന്ന മറിയത്തെ കണ്ടപ്പോൾ, അവൾ തനിക്കു വന്ദനം പറഞ്ഞപ്പോൾ, ഏതോ മഹാശക്തി തന്റെ മനസിൽ ആവേശിക്കുകയായിരുന്നില്ലേ. ബന്ധുവായ മറിയത്തിന്റെ ദൈവനിയോഗത്തെപ്പറ്റി ഒന്നുമറിയാത്ത താൻ അന്നെന്താണ് വിളിച്ചുപറഞ്ഞത്.

'ദൈവത്തിന്റെ അമ്മ എന്റെ അടുത്തേയ്ക്കു വരാനുള്ള ഭാഗ്യം എനിക്കുണ്ടായല്ലോ!' എന്നായിരുന്നില്ലേ! ഉടൻ അബലയായ പതിനഞ്ചുകാരി മറിയവും ഒരു മഹാവിപ്ലവകാരിയെപ്പോലെ എന്തെല്ലാമാണ് അന്നു പ്രവചിച്ചത്? അവൾ വിളിച്ചു പറഞ്ഞതെല്ലാം തന്റെ വൃദ്ധ ബുദ്ധിയിൽ മായാമുദ്രകളായി കിടപ്പുണ്ട്.

ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിക്കുന്ന ദൈവത്തെപ്പറ്റി, ശക്തന്മാരെ സിംഹാസനത്തിൽ നിന്നും താഴെയിട്ട് എളിയവരെ കൈപിടിച്ചുയർത്തുന്ന ദൈവത്തെപ്പറ്റി, വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങളാൽ തൃപ്തരാക്കി സമ്പന്നരെ വെറും കൈയ്യോടെ തിരിച്ചയയ്ക്കുന്ന ദൈവത്തെപ്പറ്റി അന്നുറക്കെ ഉത്ഘോഷിച്ചവളാണോ തന്റെ മുമ്പിൽ അരുമക്കുഞ്ഞിനെ മാറോടു ചേർത്ത് ഒരു ശോശന്നാപുഷ്പം പോലെ വിടർന്നു നില്ക്കുന്നത്!

വയസ്സി ഓടിവന്ന് യേശുവിനെ കൈയ്യിലേന്തി. ഹൃദയത്തിൽ അത്യാഹ്ലാദത്തിന്റെ തിരത്തള്ളൽ. രക്ഷകശിശുവിന്റെ ദേവാലയസമർപ്പണമുഹൂർത്തത്തിൽ സാക്ഷിയാകാൻ വയസ്സിക്ക് അത്യാശ. അങ്ങനെ അവർ ദേവാലയത്തിലേയ്ക്കു തിരിച്ചു.

പുന്നമരങ്ങളും ബദാംമരങ്ങളും തണലൊരുക്കിയ വഴിയിലൂടെ നടന്നു. അപ്പോഴേയ്ക്കും മോറിയാ മലയുടെ നെറുകയിൽ ഗംഭീരാകാരമായി വിണ്ണോളം തലപൊക്കി നില്ക്കുന്ന ദേവാലയത്തിന്റെ താഴികക്കുടം വെട്ടിത്തിളങ്ങുന്നു. മോറിയാമലയെപ്പറ്റിയുള്ള ഓർമ്മപോലും എത്ര വികാരനിർഭരമാണ്. പൂർവ്വപിതാവായ അബ്രാഹത്തെപ്പറ്റിയുള്ള ഓർമ്മകളാണ് ഉയിർത്തെഴുന്നേല്ക്കുന്നത്. സന്താനരഹിതനും വയസ്സനുമായ അദ്ദേഹത്തിനു ദൈവം വാക്കു കൊടുത്തതാണ്; തന്റെ സന്തതിപരമ്പരകൾ വിണ്ണിലെ താരഗണസമാനവും സാഗരതീരത്തിലെ പൂഴിസമാനവും



www.malankaralibrary.com

അസംഖ്യമാകുമെന്ന്. അബ്രഹാം അതുകേട്ട് തന്നെ പരിഹസിക്കുകയാവു മെന്നു കരുതി ചിരിച്ചുതള്ളി. എന്നാൽ ദൈവം വാക്കുപാലിച്ചു. വാർദ്ധക്യ ത്തിലാണെങ്കിലും ഒരു പുത്രനെ നൽകി. അവൻ ഇസഹാക്ക്. പക്ഷേ ഏതാനും വർഷം കഴിഞ്ഞ് ബാലനായ ഇസഹാക്കിനെ ഇക്കാണുന്ന മോറിയാ മലയുടെ മുകളിൽ കൊണ്ടുപോയി ബലിയർപ്പിക്കണമെന്നായി ദൈവകല്പന. അസംഖ്യം സന്തതിപരമ്പരകളെ വാഗ്ദാനം ചെയ്ത സർവ്വശക്തൻ അതിനുവേണ്ടിത്തന്ന ഏകപുത്രനെ തിരിച്ചെടുത്താൽ പിന്നെങ്ങനെ ഈ വാഗ്ദാനം നിറവേറ്റപ്പെടും? പക്ഷേ, അബ്രാഹത്തിന് ഈ സംശയം ഉണ്ടായില്ല. ദൃഢവിശ്വാസത്തോടെ ഏകജാതനേയും കൂട്ടി മോറിയാ മലമുകളിലെത്തി അവന്റെ കരചരണങ്ങൾ കൂട്ടിക്കെട്ടി ബലി ത്തട്ടിലേയ്ക്കു കിടത്തി കഴുത്തു വെട്ടാൻ കത്തിയുയർത്തി ഓങ്ങി. പക്ഷേ അവനെ കൊല്ലാൻ ദൈവം അനുവദിച്ചില്ലല്ലോ. ആ വിശ്വാസത്തിൽ നിന്നും ഉടലെടുത്ത മഹാജനതയായ എബ്രായവംശത്തിൽ അഥവാ ഇസ്രായേലിൽ തങ്ങളും അങ്ങനെ പിറവിയെടുത്തിരിക്കുന്നു. പിന്നീട് ഇസ്രായേലിന്റെ രണ്ടാം രാജാവായ ദാവീദ്, യഹോവയ്ക്ക് യാഗപീഠം തീർത്തതും ഈ മോറിയാമലയുടെ ഉച്ചിയിൽത്തന്നെ.

അദ്ദേഹത്തിന്റെ പുത്രൻ ശലോമോൻ രാജാവ് പൗരാണിക വിശ്വാത്ഭു തമെന്നവിധം തൊള്ളായിരത്തറുപതു കൊല്ലങ്ങൾക്കുമുമ്പ് ജറുസലേം ദേവാലയം പടുത്തുയർത്തിയതും അതേ സ്ഥാനത്ത്. വെണ്ണക്കല്ലുകളും തങ്കം പൊതിഞ്ഞ ദേവതാരുവും ചന്ദനവും കൊണ്ടുണ്ടാക്കിയ മതിമയക്കു ന്ന പ്രൗഢദേവാലയം. പക്ഷേ യഹൂദരുടെ ശത്രുക്കളായ ബാബിലോ ണിയക്കാരുടെ രാജാവ് നെബുക്കദ്നേസർ അഞ്ഞൂറ്റെൺപത്തിരണ്ട് വർഷ ങ്ങൾക്ക് മുമ്പ് അതു തകർത്തു തരിപ്പണമാക്കിക്കളഞ്ഞു. എന്നാലിപ്പോൾ ഇസ്രായേൽ രാജ്യം ഭരിക്കുന്ന ഹേറോദേസ് രാജാവ് യഹൂദരുടെ പ്രീതി നേടാനായി അതേ സ്ഥാനത്തു പഴയതുപോലൊരു മഹാദേവാലയം പടുത്തുയർത്തിയിരിക്കുന്നു.

കൂറ്റൻ കല്ലുകൾ നാല്പത് അടി താഴ്ചയിൽ നിന്നും അടുക്കി ഉയർ ത്തി രണ്ടരമൈൽ ചുറ്റളവിൽ തീർത്ത മതിൽക്കെട്ടിനുള്ളിൽ ഇന്നീ ദേവാലയം സുരക്ഷിതം. വിണ്ണോളമുയർന്ന ഗോപുരങ്ങളും ഏതു ദിക്കിലൂ ടെ വരുന്നവർക്കും സൗകര്യപ്രദമായി കടക്കാനായി എട്ടു വലിയ പ്രവേശന കവാടങ്ങളും.

ദേവാലയ പരിസരമാകെ ബഹളം. പെസഹാതിരുനാളിന്റെ ഒരുക്ക ദിനങ്ങളാണ്. കച്ചവടക്കാർ ദേവാലയാങ്കണം മുഴുവൻ കയ്യടക്കിക്കളഞ്ഞു.



www.malankaralibrary.com

പുറജാതിക്കാർക്കു മാത്രമായി പ്രാർത്ഥിക്കാൻ പ്രത്യേകം വേർതിരിച്ച പുറജാതിമണ്ഡപങ്ങളിൽ പോലും അവർ കടന്നു കയറിയിരിക്കുന്നു. വീതിയേറിയ നെറ്റിപ്പട്ടകളണിഞ്ഞ ഫരിസേയ പ്രമാണിമാർ അവിടവിടെ നിന്ന് കരങ്ങൾ നീട്ടിവിരിച്ച് പ്രാർത്ഥിക്കുന്നു. ചിലർ മറ്റുള്ളവരെ കാണിക്കാനായി സാഷ്ടാംഗം വീണുകിടന്ന് നിലവിളിച്ചും. ചില മണ്ഡപങ്ങളിൽ വെടിപറഞ്ഞട്ടഹസിക്കുന്ന ഫരിസേയർ.

ബലിക്കുള്ള എല്ലാ ജീവികളും കച്ചവട കുടാരങ്ങളിൽ ലഭ്യം. ആടിനെ വാങ്ങി യേശുവിനുവേണ്ടി ബലിയർപ്പിക്കണമെന്ന് യൗസേഫിന് ആശയുണ്ട്. പക്ഷേ അതിനുള്ള കാശ് അയാൾക്കില്ല. കുഞ്ഞിനു കമ്പിളിയും പാലും മറ്റും വാങ്ങാനായി ഉള്ളതെല്ലാം ചിലവായി. ഈ തെരക്കിനിടയിൽ പണി ചെയ്തു ചില്ലറ സ്വരൂപിക്കാനും കഴിയാതെ പോയി. അപ്പോൾപിന്നെ രണ്ട് ഇളംപ്രാക്കളെയോ രണ്ടു ചെങ്ങാലി കുഞ്ഞുങ്ങളെയോ വാങ്ങി ബലിയർപ്പിക്കുകയേ നിവൃത്തിയുള്ളൂ. വിജാതീയാങ്കണത്തിൽ ചെന്ന് യൗസേഫ് ഒരു ജോഡി പ്രാവിൻ കുഞ്ഞുങ്ങളെ വാങ്ങി. എന്നിട്ട് സകുടുംബം ദേവാലയത്തിനുള്ളിലേയ്ക്കു കടന്നു.

അവിടെ തരം തിരിക്കപ്പെട്ട എത്രയോ അകത്തളങ്ങൾ. മഹാ പുരോഹിതനല്ലാതെ മറ്റാർക്കും കാണാനോ കടന്നു ചെല്ലാനോ കഴിയാത്ത അതിവിശുദ്ധ സ്ഥലമാണ് ഏറ്റം മുമ്പിൽ. സുഗന്ധ ധൂപം അർപ്പിക്കാനുള്ളൊരു ബലിപീഠവും കാഴ്ചയപ്പം വയ്ക്കാനുള്ള ഒരു മേശയും ഏഴു തിരികളുള്ള വിളക്കും മാത്രമേ അവിടെയുള്ളൂ. ഒരിക്കലും തുറക്കാത്ത പട്ടുതിരശ്ശീലയാൽ അവിടം ജനത്തിൽ നിന്നും മറയ്ക്കപ്പെട്ടിരിക്കുന്നു. അതിവിശുദ്ധ സ്ഥലത്തോടു ചേർന്നു കാണുന്നതാണു മദ്ബഹാ. പടുകൂറ്റൻ വെണ്ണക്കല്ലുകളാൽ ഏറ്റം ഉയരത്തിൽ അതു തീർത്തിരിക്കുന്നു. ഈ മദ്ബഹായ്ക്ക് അഭിമുഖമായുള്ള ഇസ്രായേലിന്റെ അകത്തളത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം തളങ്ങൾ. ഏറ്റം പിന്നിലായി പുറജാതികൾക്കുള്ള മണ്ഡപവും. ബലിക്കുള്ള മാടപ്പിറാവുകളെ യൗസേഫ് മഹാ പുരോഹിതനെ ഏൽപ്പിച്ചു. യഹോവയ്ക്കുള്ള നിത്യ സമർപ്പണത്തിൽ നിന്നും ഏകജാതനെ തിരിച്ചു കിട്ടാനായി ആകെയുണ്ടായിരുന്ന അഞ്ചു ഷെക്കലും കൊടുത്തു.

പ്രാവിൻ കുഞ്ഞുങ്ങളുമായി ബലിക്കല്ലിന്റെ അടുത്തേയ്ക്കു പുരോഹിതൻ നടന്നു. അവിടെ വച്ച് പ്രാക്കളുടെ കഴുത്തുപിരിച്ചു മുറിച്ച് ചോര ബലിക്കല്ലിൽ വീഴ്ത്തും. പിന്നെ ചിറകുകളിൽ പിടിച്ചു വലിച്ചു കീറി ഹോമകുണ്ഡത്തിലെറിഞ്ഞു ദഹിപ്പിക്കും. എന്നാൽ അതൊന്നും കാണാൻ



www.malankaralibrary.com

നില്ക്കാതെ രാജകീയമണ്ഡപത്തിന്റെ അന്തർഭാഗത്തുള്ള പടികൾ ചവുട്ടി തെക്കുഭാഗത്തുള്ള കവാടം കടന്ന് യേശുവിനെ വഹിച്ച് മറിയം, സ്ത്രീകൾക്കുള്ള തളത്തിലെത്തി. അവിടെ അകത്തളമൂലയിൽ ബലിക്കാവശ്യമുള്ള വീഞ്ഞും വിറകും എണ്ണയും മറ്റും സൂക്ഷിച്ചിരിക്കുന്നു. പതിമൂന്നു നേർച്ചപ്പെട്ടികളും. അതിനുമുമ്പിൽ പുരുഷന്മാർക്കുമാത്രം പ്രവേശനമുള്ള മണ്ഡപത്തിലാണു യൗസേഫ്.

സമർപ്പണപ്രാർത്ഥന കഴിഞ്ഞ് ദേവാലയത്തിന്റെ പുറം വാതിലിലേയ്ക്കു നടക്കവേ വെളിയിൽ നിന്നൊരു പടുവയസ്സൻ തിടുക്കത്തിൽ ഏന്തിവലിഞ്ഞ് ദേവാലയത്തിലേക്ക് ഓടി വരുന്നു. കൂടെ ഒരു വയസ്സിയും. അന്ന എന്നു പേരുള്ള പ്രവാചികയാണ് അവരെന്ന് മറിയത്തിനറിയാം. ഏഴു വർഷം മാത്രം ദീർഘിച്ച ദാമ്പത്യ ജീവിതത്തിനുശേഷം വിധവയായിത്തീർന്ന അവൾ അന്നുമുതൽ എൺപത്തിനാലാം വയസ്സിലും ഈ ദേവാലയത്തിൽത്തന്നെ പ്രാർത്ഥനയിലും ഉപവാസത്തിലും മുഴുകി കഴിയുകയാണല്ലോ.

തീരെ ത്രാണിയില്ലാതെ വിറപൂണ്ട് ഓടിവരുന്ന വൃദ്ധനെ ഏതോ അദൃശ്യകരങ്ങൾ താങ്ങിക്കൊണ്ടു വരുന്നതുപോലെ. ദൈവാഭിഷിക്തനെ കാണുംവരെ ജീവിച്ചിരിക്കുമെന്നു വെളിപ്പാടു ലഭിച്ചവൻ. നീതിമാനും കറയറ്റ ദൈവഭക്തനുമായ ജറുസലേം വാസി; ശിമയോൻ. രാഷ്ട്രീയവാദ കോലാഹലങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി താപസജീവിതം നയിച്ചവൻ.

അമ്മയുടെ നെഞ്ചിലെ ഇളം ചൂടുപറ്റിക്കിടന്ന യേശുവിനെ വിറയാർന്ന ആ വൃദ്ധഹസ്തങ്ങൾ താങ്ങിയെടുത്തു. വർദ്ധിതാനന്ദത്താൽ അവനെ തെല്ലുയർത്തി, നരച്ച മിഴികളുയർത്തി കഴിയുന്നത്ര ഉച്ചത്തിൽ ശിമയോൻ സ്തുതിച്ചു:

"കർത്താവേ, സകല ജനതകൾക്കും വേണ്ടി അങ്ങൊരുക്കിയിരിക്കുന്ന നിത്യരക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു. അതു പുറജാതികൾക്കു വെളിപ്പാടിന്റെ പ്രകാശവും ഇസ്രായേലിന്റെ മഹത്വവും ആകുന്നുവല്ലോ."

ഈ രംഗം കണ്ട് അത്ഭുതം കൂറിനിന്ന മറിയത്തേയും യൗസേഫിനേയും ശിമയോൻ അനുഗ്രഹപൂർവ്വം നോക്കി. കുഞ്ഞിനെ മറിയത്തിന്റെ കയ്യിലേല്പ്പിച്ച് അവളോടു പ്രവചിച്ചു:

"ഈ കുഞ്ഞ് ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണക്കാരനാകും. ഇവൻ വിവാദവിഷയമായ അടയാളമായിരി



www.malankaralibrary.com

ക്കും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറുകയും ചെയ്യും."

ഇതുകേട്ട് അടുത്തു കൂടിയ ചില ഫരിസേയർ കാര്യമറിയാതെ മിഴിച്ചു നിന്നു. ജനക്കൂട്ടത്തിനിടയിലൂടെ നടന്നുവന്നപ്പോഴും ഉണ്ണിയെ തിരിച്ചറിയാൻ ആരുമുണ്ടായില്ല. എന്നാൽ ഈ തിരിച്ചറിവ് ശെമയോനുണ്ടായി. രക്ഷയുടെ ഈ മഹാപ്രകാശത്തെ ശിമയോൻ കണ്ണിമയ്ക്കാതെ നോക്കി നിന്നു. ക്രമേണ ആ മിഴികൾ അടഞ്ഞു തുടങ്ങി. അടുത്തു നിന്നവരുടെ കരങ്ങളിലേയ്ക്ക് ആ ദേഹം ചാഞ്ഞു. നാവ് അവസാനമായി ചലിച്ചു.

"ദൈവമേ, അവിടുത്തെ വാഗ്ദാനപ്രകാരം ഇനി ഈ ദാസനെ പോകാൻ അനുവദിച്ചാലും."



www.malankaralibrary.com

# നാല്

ഹേറോദേസ് കാത്തിരുന്നു മടുത്തു. ജ്ഞാനികൾ മടങ്ങി വരേണ്ട നേരം കഴിഞ്ഞിരിക്കുന്നു. അവരെത്തേടി ബേത്‌ലഹേമിലും പരിസരങ്ങളിലുമെല്ലാം തെരഞ്ഞ് അവശരായി കൊട്ടാരത്തിൽ തിരിച്ചെത്തിയ പടയാളികളെക്കണ്ട് മഹാരാജാവിന്റെ ക്രൗര്യം ഇരട്ടിച്ചു. പക്ഷേ, ജ്ഞാനികൾ ഉണ്ണിയെക്കണ്ട് അന്നുരാത്രിതന്നെ അറേബ്യയിലേക്കു തിരിച്ചു പോയിരുന്നു.

രക്ഷകശിശുവിനെ കണ്ട കണ്ണുകൾക്ക് ഇനി മറ്റൊന്നും കാണാൻ കഴിഞ്ഞില്ലെങ്കിലെന്ത് എന്ന തൃപ്തിയോടെ ബേത്‌ലഹേം സത്രത്തിൽ അവർ സുഖനിദ്രയിലായിരുന്നു. നിദ്രാമൂർച്ഛയിൽ സ്വപ്നത്തിലൂടെ ആരോ ഇങ്ങനെ നിർദ്ദേശിക്കും പോലെ തോന്നി.

"ഹേറോദേസിനെ കാണാതെ നിങ്ങൾ മടങ്ങിപ്പോകണം."

എന്തോ അപായധ്വനി ആ സ്വപ്നനിർദ്ദേശത്തിൽ അവർക്കനുഭവപ്പെട്ടു. പിന്നെ അമാന്തിച്ചില്ല. ഉടൻ പുറപ്പെട്ടു. വന്നതിനു നേരെ വിപരീതദിശയിൽ, ചാവുകടലിന്റെ പടിഞ്ഞാറേ തീരത്തുകൂടി. ജ്ഞാനികളാൽ ചതിക്കപ്പെട്ട ഹേറോദേസ് ഒരു വിഷസർപ്പത്തിന്റെ പകയോടെ ഭടന്മാർക്ക് ആജ്ഞ നൽകി:

"ബേത്‌ലഹേമിലും പരിസരങ്ങളിലും രണ്ടുവയസ്സുവരെ പ്രായമുള്ള സകല ആൺകുട്ടികളേയും കൊന്നുകളയുക."

അതുകേട്ട് പടയാളികൾ ഞെട്ടിയില്ല. കാരണം അവരാരും യഹൂദന്മാരായിരുന്നില്ല. സിറിയാക്കാരും ഫ്രഞ്ചുകാരുമായ ആ കൂലിപ്പട്ടാളം കുതിരപ്പുറത്തുകയറി ഉരുക്കു മുഷ്ടികളിൽ ഊരിപ്പിടിച്ച വാളും കഠാരകളുമായി ബേത്‌ലഹേമിലേയ്ക്കു പാഞ്ഞു.

ദിവ്യശിശുവിന്റെ പിറവി സമീപകാലത്തെന്നോ ആണെന്നാണ് ജ്ഞാനികളുടെ അറിയിപ്പിൽ നിന്നും അനുമാനിക്കേണ്ടത്. എങ്കിലും കുറച്ചുകാലം കൂടി മുന്നോട്ടു കടത്തി രണ്ടു വയസുമുതൽ താഴോട്ടു പ്രായമുള്ളവരെല്ലാം വധിക്കപ്പെടണമത്രേ. കഷ്ടം! ദുഷ്ടമൂർത്തിയുടെ



www.malankaralibrary.com

ചെങ്കോലിൻ നിഴലിൽ ധർമ്മത്തിന്റെ മുന്തിരിയല്ലല്ലോ അധർമ്മത്തിന്റെ ഞെരിഞ്ഞിലുകളാണല്ലോ കിളുർക്കുക!

പോർക്കുതിരകളുടെ കുളമ്പടി ശബ്ദം ബേത്‌ലഹേമിന്റെ ഗ്രാമസ്വച്ഛതയെ തുലച്ചു കളഞ്ഞു. പൊടിയുയർത്തി നെട്ടോട്ടം പായുന്ന കുതിരകളേയും അവയുടെ പുറത്ത് കഠാര ഉയർത്തിപ്പിടിച്ചലറുന്ന ഭടന്മാരേയും കണ്ട് ഗ്രാമീണർ നടുങ്ങി. എല്ലാ വീടുകളിലും കർശനപരിശോധന. വീട്ടുകാർ ഒളിച്ചുവച്ച കുഞ്ഞുങ്ങളെപ്പോലും അവരുടെ കഴുകൻ കണ്ണുകൾ കൊത്തിയെടുത്തു. കാലിൽ വീണ്, "എന്റെ കുഞ്ഞിനെ കൊല്ലല്ലേ....." എന്നു നെഞ്ചുപൊട്ടി തൊഴുതപേക്ഷിക്കുന്ന പെറ്റമ്മമാരെ തൊഴിച്ചെറിഞ്ഞ് അവരുടെ കൺമുമ്പിൽ വച്ചു തന്നെ കുഞ്ഞിന്റെ കഴുത്തിലെ പ്രാണഞരമ്പ് കഠാരമൂർച്ചയാൽ അറുത്തു കളയുന്ന കശ്മലർ! അതിനു സാക്ഷികളായി ബോധമറ്റ് തകർന്നു വീഴുന്ന അപ്പനമ്മമാർ, പ്രാകി അലമുറയിടുന്ന കൂടെപ്പിറപ്പുകൾ. എങ്ങും ചോരയുടെ രൂക്ഷഗന്ധം. ബേത്‌ലഹേമിൽ രണ്ടു വയസിനുതാഴെ ഇനിയാരും ശേഷിക്കുന്നില്ലെന്നുറപ്പായ കശ്മലർ ചോര തുടച്ച കഠാരകൾ ഉറയിൽ താഴ്ത്തി അശ്വാരൂഢരായി കൊട്ടാരത്തിലേയ്ക്കു തിരിച്ചു. കൊല്ലപ്പെട്ടവരിൽ ദിവ്യനായ ഭാവിരാജാവും ഉൾപ്പെട്ടുമെന്നുറച്ച ഹേറോദേസിന് ആശ്വാസം. തൃപ്തനായ അയാൾ ദിഗന്തം നടുങ്ങുന്ന പൊട്ടിച്ചിരിയോടെ കൊലയാളികളെ വരവേറ്റു.

പക്ഷേ ബേത്‌ലഹേമിന്റെ അതിർത്തികൾക്കപ്പുറത്ത് ഉണ്ണിയേശുവിനെയും വഹിച്ച് യൗസേഫും മറിയവും പലായനം ചെയ്ത കാര്യം അവരാരും അറിഞ്ഞില്ല. പാലസ്തീനാ മുഴുവൻ ഹേറോദേസിന്റെ ആധിപത്യത്തിലാകയാൽ അന്യരാജ്യമായ ഈജിപ്തിലേക്ക് പോകാനാണ് യൗസേഫിനുണ്ടായ സ്വപ്നനിർദ്ദേശം. അതിവിദൂരമായ ഈജിപ്തിലേയ്ക്ക് കഴുതയേയും കൊണ്ട് ആ രാത്രി തന്നെ പുറപ്പെടുകയായിരുന്നു. ഹെബ്രോൺ കഴിഞ്ഞ് ബീർഷേബായിലെത്തിയപ്പോഴേക്കും നൈൽനദിയുടെ ഡൽറ്റാ പ്രദേശം കണ്ടുതുടങ്ങി. അവിടം മുതലാണു സീനായ് മരുഭൂമി. ഇസ്രായേൽ വംശത്തിന്റെ മഹാചാര്യൻ മോശ നൂറ്റാണ്ടുകൾക്കുമുമ്പ് മിസ്രയിമിലെ ക്രൂര രാജാവായ ഫറവോന്റെ അടിമത്തത്തിൽ നിന്നും ദൈവജനത്തെ മോചിപ്പിച്ചു കടന്നുപോയ സ്ഥലം.

നിശയിൽ അസഹ്യശൈത്യം. പകലിൽ വെയിലിന്റെ സംഹാരാഗ്നിയും. മരമോ ചെടിയോ കാണാനില്ല. കല്ലോ പാറയോ ഇല്ല. കണ്ണെത്താദൂരത്തു നീണ്ടുകിടക്കുന്ന മണൽപ്പരപ്പുമാത്രം. വെള്ളത്തിന്റെ നനവു പോലും എങ്ങുമില്ല. ഹെബ്രോനിൽ നിന്നു ശേഖരിച്ച വെള്ളമെല്ലാം തീർ



www.malankaralibrary.com

ന്നുകഴിഞ്ഞു. ആരേയും കാണാനുമില്ല. കണ്ടാൽത്തന്നെ എന്തെങ്കിലും അന്വേഷിക്കാൻ ഈജിപ്തു ഭാഷ വശമില്ല. രാത്രിയിൽ തളർന്നു വീഴുന്നതു പോലും ഈ മണൽപ്പരപ്പിൽ. മണൽച്ചുഴികളിൽ പതുങ്ങി കിടക്കുന്ന വിഷജീവികളുടെ ആക്രമണം പേടിച്ച് ഉറങ്ങാനായില്ല. ഭയാനക മുഴക്കത്തോടെ വട്ടം ചുറ്റി ചീറിയടിക്കുന്ന ചുഴലിക്കൊടുങ്കാറ്റുയർത്തുന്ന പൊടിപടലത്തിൽ നിന്നും കുഞ്ഞിനെ രക്ഷിക്കുന്നതായിരുന്നു ഏറ്റം ക്ലേശകരം. തങ്ങൾ രക്ഷപ്പെട്ട കാര്യം ഗ്രഹിച്ച് പടയാളികൾ കൊല്ലാൻ വരുന്നുണ്ടോ എന്നു പിന്തിരിഞ്ഞു നോക്കിയാണു യാത്ര. പ്രാർത്ഥനയും സങ്കീർത്തനാലാപനവും നല്കുന്ന ആത്മശക്തിയാൽ തള്ളിനീക്കിയ കഷ്ട ദിനങ്ങൾ.

ഏഴാം ദിവസമാണ് ഈജിപ്തിന്റെ അതിർത്തിയായ പെലൂസിയത്തിലെത്തിയത്. ജനപ്പാർപ്പുള്ള ചെറുപട്ടണം. അവിടെ നിന്നും തോൽക്കുടങ്ങളിൽ ജലം നിറച്ചു. മറ്റെന്തെങ്കിലും വാങ്ങാൻ പണം തീരെയില്ല. ആകെ ഉണ്ടായിരുന്നത് അഞ്ചു ഷെക്കൽ മാത്രം. അതു ദേവാലയത്തിൽ കൊടുക്കുകയും ചെയ്തു. താൻ പട്ടിണി കിടന്നാലും മറിയവും കുഞ്ഞും പട്ടിണി അറിയരുത്. അതാണു യൗസേഫിന്റെ ആഗ്രഹം.

മറിയത്തോടദ്ദേഹം ചോദിച്ചു: "ഭക്ഷണം വാങ്ങാൻ കയ്യിലൊന്നുമില്ല. വിദ്വാന്മാർ കുഞ്ഞിനു കാണിക്കവച്ച സ്വർണ്ണം മാത്രമേയുള്ളൂ. അതു വിൽക്കുന്നതിൽ പ്രയാസമുണ്ടോ?"

ഭർത്തൃഹിതമാണു സ്വഹിതം എന്ന മട്ടിൽ മറിയം അനുകൂലിച്ചു.

അങ്ങനെ വാങ്ങിയ അത്യാവശ്യസാധനങ്ങളുമായി അവർ ഈജിപ്തിലെത്തി; ഇസ്രായേല്യർക്ക് എക്കാലവും അഭയകേന്ദ്രമായിരുന്ന ഈജിപ്തിൽ. പൂർവ്വഗോത്രപിതാവ് അബ്രാഹത്തിൽ നിന്നുള്ള കുടുംബം ഒരു മഹാജനതയായി രൂപപ്പെട്ട സ്ഥലത്ത് ഇനിയൊരു പ്രേരണ ഉണ്ടാകും വരെ പാർക്കുക തന്നെ.

ഉണ്ണിയുടെ കണ്ണും കാതും ഉറച്ചുകഴിഞ്ഞു. കമഴ്ന്നുതുടങ്ങി. നീന്തി വലിഞ്ഞു. പിടിച്ചിരുന്നു. പിച്ചവച്ചു നടന്നു. പിന്നെപ്പിന്നെ ഓട്ടമായി. വാടകവീടിനു ചുറ്റും പിടി തരാതോടുന്ന ഓമനക്കുരുന്നിന്റെ കളികളിൽ പണി ഒഴിഞ്ഞനേരം നോക്കി യൗസേഫും കൂടും. അമ്മ പഠിപ്പിച്ച പ്രാർത്ഥനകളെല്ലാം നാലുവയസിനുള്ളിൽ ഹൃദിസ്ഥമാക്കി. അമ്മയ്ക്കൊപ്പം പ്രാർത്ഥനയുടെ ഏഴു യാമങ്ങളിലും അവനതുരുവിട്ടു.

പുതിയ ദേശവുമായി ആ കൊച്ചുകുടുംബം ഇണങ്ങി വരവേ അടു



www.malankaralibrary.com

ത്ത സ്വപ്ന നിർദ്ദേശം, "ഇസ്രായേൽ ദേശത്തേക്കു തിരിച്ചുപോവുക."

തങ്ങൾക്കു ഭീഷണിയായ ഹേറോദേസ് രാജാവു മരിച്ചുകഴിഞ്ഞത്രേ. രക്തസാക്ഷികളായ നിർമ്മലശിശുക്കളുടെ ഓരോ തുള്ളിച്ചോരയ്ക്കും ഹേറോദേസ്, തന്റെ ജീവിതസായാഹ്നത്തിൽ ഗണ്യമായ വിലകൊടുക്കേണ്ടി വന്നു. എഴുപത്തിരണ്ടാം വയസ്സിൽ അസഹ്യമായ ദേഹാസ്വാസ്ഥ്യം. മരുന്നുകളെല്ലാം നിഷ്ഫലം. എന്തെങ്കിലും ഭേദമുണ്ടാകുമെന്ന പ്രതീക്ഷയാൽ സുഖകരമായ കാലാവസ്ഥയുള്ള ജറീക്കോയിലേയ്ക്കു കൊണ്ടുപോയി. ബോധം നശിച്ചുള്ള കിടപ്പ് മാസങ്ങളോളം നീണ്ടു. ദേഹം മുഴുവൻ കുരുക്കൾ പൊന്തി. അതു രൂക്ഷവ്രണങ്ങളായി ഉടൽ നിറഞ്ഞു.

ഇടയ്ക്കു ബോധം തെളിഞ്ഞു. മരണ തീരത്തേയ്ക്കു താൻ അടുക്കുകയാണെന്നയാൾക്കു വ്യക്തമായി. ബാലകരുടെ ചോരയാൽ ദൃഢപ്പെട്ടു എന്നു കരുതിയ തന്റെ രാജത്വം അതേ ചോരയുടെ വഴുക്കലിൽ നിലംപൊത്തുമെന്ന മഹാ ഭീതിയാണിപ്പോൾ. തന്റെ മരണത്തിൽ ഒരിറ്റു കണ്ണീർ തൂകാൻ ആരുമുണ്ടാകില്ലെന്നും അയാൾക്കറിയാം. പകരം പാലസ്തീനായിലുടനീളം പൊട്ടിച്ചിരികളും ആഹ്ലാദത്തിമിർപ്പുകളുമായിരിക്കുമെന്നും നിശ്ചയമുണ്ട്. എന്നാൽ തന്റെ മരണ ദിനത്തിൽ ഈ രാജ്യത്തെ കണ്ണീരിലാഴ്ത്തുക തന്നെ വേണം. പടുതിരി കത്തുന്ന പ്രജ്ഞയിൽ നിഷ്ഠൂരമായൊരു അവസാനകല്പന രൂപപ്പെടുത്തുകയായിരുന്നു ഹേറോദേസ്. തളർന്ന നാവ് അന്ത്യാഭിലാഷം പോലെ ക്ലേശിച്ച് ആജ്ഞാപിച്ചു:

"രാജ്യമെങ്ങുമുള്ള യഹൂദ ഗുരു ശ്രേഷ്ഠന്മാരെ എല്ലാം പിടിച്ചുകെട്ടി ഇവിടെ കൊണ്ടുവന്ന് നാം നാടു നീങ്ങുന്ന സമയത്തു തന്നെ അവരെ കൊന്നു കളയുക."

അത്യാദരണീയരായ യഹൂദർ കൊല്ലപ്പെട്ടാൽ അവരുടെ ബന്ധുമിത്രാദികൾ അലമുറയിടും, കണ്ണീരുകൊണ്ടിവിടം നനയ്ക്കും, എങ്ങും മ്ലാനത നിറയും. ഈ വിലാപത്തിനു കാരണം തന്റെ മരണമാണെന്നു പൊതുജനം തെറ്റിദ്ധരിച്ചുകൊള്ളും.

വ്രണിതശരീരത്തിൽ പുഴുക്കൾ നുരച്ചു. അതിവേദനയുടെ മൂർദ്ധന്യതയിൽ അന്നുതന്നെ അയാൾ ചാവുകയും ചെയ്തു. ബേത്‌ലഹേമിനടുത്തായി ഹേറോദേസ് സ്വന്തം ശവകുടീരം നേരത്തേതന്നെ പടുത്തുയർത്തിയിരുന്നു. അതിന്റെ പേര് 'ഹേറോദിയം'. രാജകീയപ്രൗഢികൾ നിറഞ്ഞ ഹേറോദിയത്തിനുള്ളിലേയ്ക്ക് പുഴുക്കൾ നിറഞ്ഞു വികലമായ ആ വ്രണിതദേഹം താഴ്ന്നിറങ്ങി.

ക്രൂരനായ ഭരണാധിപന്റെ മരണത്തോടെ പാലസ്തീനിൽ ഇനി



www.malankaralibrary.com

ശാന്തി വിടരും എന്നു കരുതിയിരുന്നവർക്കെല്ലാം പക്ഷേ തെറ്റു പിണഞ്ഞു. അടുത്ത രാജ്യാവകാശത്തിനായി ശേഷിക്കുന്ന മൂന്നു പുത്രന്മാരും ഒരു പോലെ വാദിച്ചു. വഴക്കു മൂത്തപ്പോൾ, റോമാസാമ്രാജ്യ ചക്രവർത്തി അഗസ്റ്റസ് സീസറിന് ഇടപെടേണ്ടിവന്നു. പാലസ്തീനായെ മൂന്നായി പങ്കു വച്ച് ഓരോരുത്തനും നൽകി. അങ്ങനെ അർക്കലാവോസിന് യൂദയാ, സമരിയ, ഇദൂമിയാ എന്നീ ഭൂവിഭാഗങ്ങൾ സ്വായത്തമായി. അഞ്ചാമത്തെ പുത്രനായ അന്തിപ്പാസിനു കിട്ടിയത് ഗലീലിയായും പെരിയായും. ഇളയവൻ ഫിലിപ്പിന് ഇറൂറിയായും.

അപ്പന്റെ സിംഹാസനത്തിൽ വാഴുന്നത് അർക്കലാവോസ്. ക്രൂരതയുടെ കാര്യത്തിൽ അപ്പനേക്കാൾ മുന്നിട്ടു നിൽക്കുന്നവൻ. യഹൂദരോട് ഒടുങ്ങാത്ത വൈരമുള്ളവൻ. രാജവാഴ്ചയുടെ ആരംഭത്തിൽത്തന്നെ മൂവായിരത്തിലേറെ യഹൂദരെ എന്തോ വിപ്ലവാഹ്വാനത്തിന്റെ പേരിൽ ജറുസലേം ദേവാലയപരിസരത്തുവച്ച് കൊന്നുകളഞ്ഞവൻ.

സ്വന്തം നാട്ടിലേയ്ക്കു തിരിച്ചുപോവുക എന്ന ദർശനമുണ്ടെങ്കിലും എങ്ങോട്ടു പോകണം എന്നാണ് യൗസേഫ് ചിന്തിക്കുന്നത്. ബേത്‌ലഹേമിലേയ്ക്കു പോകുന്നതു ബുദ്ധിയല്ല. അർക്കലാവോസും ഭയങ്കരൻതന്നെ. അതിനാൽ അവസാനം മനസുപറഞ്ഞു, നാലു വർഷങ്ങൾക്കു മുമ്പ് എവിടെ നിന്നു വന്നുവോ, അവിടേയ്ക്കു തിരിച്ചുപോവുക. അതേ, ഗലീലയിലെ നസ്രത്ത് എന്ന പഴയ ഗ്രാമത്തിലേയ്ക്കു തന്നെ.



www.malankaralibrary.com

# അഞ്ച്

മിഴികൾ വിടർത്തി പ്രപഞ്ചത്തെ വീക്ഷിക്കുക. പ്രാപഞ്ചിക സത്യങ്ങൾക്കു പിന്നിലെ വാസ്തവികത ഗ്രഹിക്കുക. ശൈശവം മുതൽ യേശുവിന്റെ പ്രത്യേകതകളായിരുന്നു ഇവ. ചന്ദ്രനും നക്ഷത്രങ്ങളും പൂത്തിറങ്ങിയ വാനം കാണാൻ എത്രയോ രാവുകളിൽ മട്ടുപ്പാവിനു മുകളിൽ അവൻ മലർന്നു കിടന്നിട്ടുണ്ട്.

കുറേച്ചേ സംസാരിക്കൂ. കൂടുതൽ ചിന്തിക്കുന്നവന്റെ ആഴവും ഗഹനതയും ആ ഹ്രസ്വമൊഴികളിൽ മുഴങ്ങുന്നുണ്ടായിരുന്നു. അരമായ ഭാഷ നന്നായി ഉപയോഗിക്കും. അക്ഷരത്തിന്റെ ക്ഷരമില്ലായ്മയെപ്പറ്റി ഗ്രഹിച്ചു. യഹൂദതത്വശാസ്ത്രങ്ങൾ പഠിച്ചു. യഹൂദനിയമതത്വങ്ങൾ രക്തത്തിൽ കലർന്ന് പുറത്തു വരണമെന്നാണല്ലോ അനുശാസനം. കാളയെ തൊഴുത്തിൽ നിർത്തി തീറ്റി പുഷ്ടിപ്പെടുത്തുംപോലെ ഒരു യുഹദബാലൻ 'തോറ' യിൽ പുഷ്ടിനേടണം. മോശയുടെ നിയമങ്ങൾക്ക് ഒരായിരം പാഠഭേദങ്ങൾ കൂട്ടിച്ചേർത്ത് ദുസ്സഹവും സങ്കീർണ്ണവുമായ തോറ എന്ന നിയമക്കുരുക്കുകളും ഗ്രഹിച്ചു. പിന്നെ, ഹില്ലേൽ, ഗമാലിയേൽ, എന്നീ പണ്ഡിതാഗ്രരുടെ തത്വശാസ്ത്രങ്ങളും.

പഴയനിയമ വിഷയങ്ങളെല്ലാം നേരത്തെതന്നെ അമ്മയിൽ നിന്നറിഞ്ഞിരുന്നു. അമാനുഷ പ്രഭാവരായി സൃഷ്ടിക്കപ്പെട്ട ആദം, ഹവ്വാ. അവരുടെ അനുസരണക്കേടിൽ നിന്നുണ്ടായ പാപവും പറുദീസാ നഷ്ടവും. ആദ്യമകൻ കായേൻ ഏക സഹോദരൻ ആബേലിനെ ചതിവിൽ തലയ്ക്കടിച്ചു കൊന്നതും അങ്ങനെ പാപം പെരുകിയ ഭൂമിയിൽ ദൈവകോപം നാല്പതു ദിനരാത്രങ്ങൾ നീണ്ട പേമാരിയായി നിപതിച്ചതും നീതിമാനായ നോഹയുടെ കുടുംബത്തെമാത്രം അവശേഷിപ്പിച്ചതും, പൂർവ്വഗോത്രത്തലവൻ അബ്രഹാം, ഇദ്ദേഹത്തിന്റെ പുത്രൻ ഇസഹാക്ക് അദ്ദേഹത്തിന്റെ മകൻ യാക്കോബ് എന്നിവരുടെ കഥകളും യാക്കോബിന്റെ പന്ത്രണ്ടു മക്കൾ പന്ത്രണ്ടു മഹാഗോത്രങ്ങളായിത്തീർന്നതും അവരിലൊരുവനായ ജോസഫ് മരണക്കിണറ്റിൽ നിന്നും രക്ഷപെട്ട് ഈജിപ്തിലെ ഫറവോന്റെ പ്രധാന മന്ത്രിയായതും ജോസഫിന്റെയും സഹോദരങ്ങളുടെയും വംശം ഫറവോന്റെ വംശത്തേക്കാൾ മിസ്രയിം രാജ്യത്തു തഴച്ചു പൊന്തിയതും അപ്പോൾ



www.malankaralibrary.com

ക്രൂരനായ ഫറവോ അവരെ അടിച്ചമർത്തിയതും അതിനെതിരെ രംഗ പ്രവേശം ചെയ്ത മോശ മിസ്രയിം അടിമപ്പാളയത്തിൽ നിന്നും ഇസ്രായേൽ വംശത്തെ മുഴുവൻ വിളിച്ചുകൂട്ടി പാസ്തീനിലേയ്ക്കു പാലായനം ചെയ്ത തും നാല്പതു വർഷങ്ങൾക്കു ശേഷം ആ മഹാപ്രയാണം കനാനിലെത്തുന്നതും ശൗൽ, ദാവീദ് എന്നീ രാജാക്കന്മാർ അവർക്കുണ്ടാകുന്നതുമെല്ലാം ഗ്രഹിച്ചു കഴിഞ്ഞു.

ഉള്ളിലൊതുക്കിയ ജ്ഞാനശേഖരത്തിന്റെ അടിസ്ഥാനത്തിൽ പലപ്പോഴും ചോദ്യങ്ങൾ ഉന്നയിക്കും. അവയ്ക്കുത്തരം നൽകാനാവാതെ കുഴയുന്ന നിസ്സഹായ മുഖങ്ങളെ കൂടുതൽ പ്രയാസപ്പെടുത്താതെ ഒഴിഞ്ഞു പോവുകയും ചെയ്യും. എന്നാൽ ഗർവ്വിഷ്ഠരായ ചില ഫരിസേയ പ്രമാണിമാരുണ്ട്. അവരുടെ അഹന്തയെ കൊമ്പുകുത്തിക്കും വരെ ചോദ്യശരങ്ങൾ എയ്തുകൊണ്ടിരിക്കുകയും ചെയ്യും.

നസ്രത്തിൽ ഇങ്ങനൊരു ജ്ഞാനബാലനെ ആദ്യമായി കാണുകയാണ് സ്ഥലവാസികൾ.

"സകലരുടെയും ആട്ടും തുപ്പുമേൽക്കാൻ വിധിക്കപ്പെട്ട നസ്രത്തിൽ ഇവനൊരു ഭാവി വാഗ്ദാനം തന്നെ."

യേശുവിനെ പരിചയപ്പെട്ടവർ അഭിപ്രായപ്പെട്ടു.

അത്രമാത്രം നസ്രത്ത് നിന്ദിക്കപ്പെട്ടിരുന്നു, അവഗണിക്കപ്പെട്ടിരുന്നു. 'സംസ്കാരമില്ലാത്ത വർഗ്ഗം', ഇതായിരുന്നു സസ്രത്തുകാരെപ്പറ്റി ഫരിസേയരുടെ ആക്ഷേപം.

'നസ്രത്ത്' എന്ന വാക്കിന്റെ അർത്ഥം 'സംരക്ഷകൻ' എന്നാണെങ്കിലും യാതൊരു സംരക്ഷണവും ആരിൽ നിന്നും കിട്ടാത്ത കുഗ്രാമം.

ഊരു ചുറ്റി അലയുന്ന അലസനായ ബാലവേദാന്തിയായിരുന്നില്ല അവൻ. അമ്മയ്ക്കെപ്പോഴും ഒരു കൈത്താങ്ങായിരുന്നു. തെല്ലുദൂരെയുള്ള നീരുറവയിൽ ചെന്ന് കുടത്തിൽ വെള്ളം നിറച്ച് കൊണ്ടുവരും. വിറകു കീറിക്കൊടുക്കും. അരണി കടഞ്ഞ് അടുപ്പിൽ തീകൂട്ടും. തിരികല്ലിൽ അരി പൊടിച്ചുകൊടുക്കും. പാത്രങ്ങൾ കഴുകി വയ്ക്കും. മുറ്റത്തു പറന്നു താഴുന്ന മാടപ്പിറാവുകൾക്ക് ബാർലി വിതറിക്കൊടുക്കും. പിന്നെ മരപ്പണിയിൽ മുഴുകുന്ന അപ്പന്റെ അടുത്തേയ്ക്ക്. ഉളികൾ മൂർച്ചകൂട്ടും. ഉളിയും കൊട്ടുവടിയുമെടുത്ത് തടികൾ പാകത്തിലാക്കും. ചിന്തേരിട്ടു മിനുക്കും. പണികൾക്കിടയിലും അപ്പനിൽനിന്നും ലോകജ്ഞാനം കേട്ടു കൊണ്ടിരി



www.malankaralibrary.com

ക്കും. ചിലപ്പോഴൊക്കെ പരിചിതരായ കച്ചവടക്കാർ യാത്രാമദ്ധ്യേ അപ്പനെ കാണാനും വിശ്രമിക്കാനുമായി കടന്നുവരും. അന്യദേശങ്ങളിലെ വർത്തമാനമൊക്കെ അവരിലൂടെയാണറിയുന്നത്. സിന്ധൂനദീതട സംസ്ക്കാരം, മാസിഡോണിയാ സംസ്ക്കാരം ഇവയെപ്പറ്റി അങ്ങനറിഞ്ഞു.

മറ്റുനേരത്തൊക്കെ ഒറ്റയ്ക്കു നടക്കും. വിജനപഥങ്ങളിലൂടെ വടക്കോട്ട്. ഗലീലായുടെ തെക്കൻപ്രദേശമായ നസ്രത്തിലുള്ളതിനേക്കാൾ മലനിരകൾ ഏറെയുള്ളതു വടക്കുഭാഗത്താണ്. അപ്പോഴെല്ലാം സംവദിക്കാൻ പ്രപഞ്ചമുണ്ടാകും. കാർമ്മൽ പർവ്വതത്തിൽ ഒലിവു മരത്തോപ്പുകളും താഴ്‌വാരങ്ങളിൽ മുന്തിരി കൃഷിയും. മലഞ്ചെരിവുകളിൽ നാനാജാതി പൂക്കളുടെ വർണ്ണ വൈവിധ്യം. പൂത്താലമേന്തിയ അത്തിമരച്ചില്ലകളിലിരുന്നു പാടുന്ന കിളികുലം.

അവിടെ ചെന്നിരിക്കും. മനസിലെ മഹാനിശ്ശബ്ദതയുടെ ഗംഭീരസ്വരം കേൾക്കും. മനസിലെ അഗ്നിയെ പ്രോജ്ജ്വലിപ്പിക്കും. അന്തരാളമാകെ അതൊരു മഹാപ്രകാശത്തിന്റെ വലയം തീർക്കും. ക്രമേണ അതു ശരീരമാകെ നിറഞ്ഞ് ചുറ്റുപാടുകളിലേക്ക് സംക്രമിക്കുന്ന അനുഭവം.

അന്നത്തെ ദിനചര്യകൾ ഒടുങ്ങി. ഒന്നിച്ചു നിലത്തിരുന്ന് മൺപാത്രത്തിൽ അത്താഴക്കഞ്ഞി കുടിക്കുന്നതിനിടയിൽ യൗസേഫ് ഓർമ്മപ്പെടുത്തി, “നാളെ അതിരാവിലെ തന്നെ നമുക്ക് പുറപ്പെടണം. വേണ്ടതെല്ലാം കരുതി എടുത്തോണം.”

യഹൂദമാസത്തിലെ ആദ്യത്തേതായ നീസാൻമാസമാണിത്. ജറുസലേം ദേവാലയത്തിൽ പെസഹാതിരുനാൾ ഈമാസം പതിനഞ്ചിനാണ്. പ്രായപൂർത്തിയായ സകല യഹൂദരും അതിൽ പങ്കെടുത്തേ മതിയാകൂ. പാപത്തിന്റെ ബന്ധനത്തിൽ നിന്നും ഓരോ യഹൂദനും മോചിപ്പിക്കപ്പെടുന്നത് പെസഹായിൽ പങ്കെടുത്ത് പാപപരിഹാരബലി അർപ്പിക്കുക വഴിയാണല്ലോ. അതിനായി ഒരു വയസ്സിൽ താഴെ പ്രായമുള്ള ലക്ഷണമൊത്ത കുഞ്ഞാടിനെ ദേവാലയത്തിൽ കൊണ്ടുപോയി കഴുത്തറുത്ത് ചോര അതിവിശുദ്ധസ്ഥലത്തു തളിക്കണം. ഇതിനായി ഒന്നാം തീയതി മുതൽ തീർത്ഥാടകർ നാനാ ദേശങ്ങളിൽ നിന്നും സംഘമായി യാത്ര പുറപ്പെട്ടു കഴിഞ്ഞു. നെബുക്കദ്നേസർ രാജാവ് പണ്ട് ജറുസലേമിനെ തകർത്തു കളഞ്ഞപ്പോൾ അലക്സാന്ത്രിയ, റോമാ എന്നീ ദേശങ്ങളിലേയ്ക്കു ഭയന്നോടി അവിടെ വാസമുറപ്പിച്ചവർ പോലും ജറുസലേമിലേയ്ക്ക് തീർത്ഥാടനം നടത്തുകയാണിപ്പോൾ. തച്ചന്റെ കുടുംബത്തെ സംബന്ധിച്ച് ഇത്തവണത്തെ പെസഹായ്ക്ക് വലിയൊരു പ്രത്യേകതയുണ്ട്. അതിനാൽ



www.malankaralibrary.com

തച്ചനും മറിയവും മാത്രമല്ല ഇത്തവണ പോകുന്നത്. യേശുവുമുണ്ട്. അവനിപ്പോൾ പന്ത്രണ്ടു വയസ്സായിരിക്കുന്നു. പന്ത്രണ്ടു വയസ്സുള്ള യഹൂദ ബാലൻ തനിക്കുതാൻ പോന്നവനത്രേ. അവൻ പെസഹാത്തിരുനാളിലും കൂടാരത്തിരുനാളിലും പങ്കുകൊള്ളേണ്ടതുണ്ട്. അതിനാൽ ഇന്നലെവരെ ധരിച്ചിരുന്ന ബാലവേഷമല്ല യേശു ഇന്ന് ധരിച്ചിരിക്കുന്നത്. പ്രായപൂർത്തിയായ യഹൂദന്റെ വേഷമായ നീണ്ടകുപ്പായം. കാൽവണ്ണവരെ ഇറങ്ങി കിടക്കുന്ന വെള്ളക്കുപ്പായം. വീതികുറഞ്ഞ നീലത്തുണികൊണ്ട് അര കെട്ടി ഒതുക്കിയിട്ടുണ്ട്.

നാലുദിവസത്തെ യാത്ര വേണ്ടിവരും. റൊട്ടിയും പഴങ്ങളും കുടിവെള്ളവും മറിയം കരുതി. സംഘം ചേർന്നു നീങ്ങി. ജറുസലേമിലെത്തുമ്പോൾ ദേവാലയപരിസരമാകെ ജനലക്ഷങ്ങൾ. പൊടിപാറുന്ന നിരത്തുകളിൽ തിങ്ങിനിറഞ്ഞു തള്ളി മുന്നേറുന്ന തീർത്ഥാടകർ. തകർക്കപ്പെട്ട പഴയ മഹാദേവാലയത്തിന്റെ പണികൾ തീർന്നിട്ടില്ല. ആയിരം ഫരിസേയരുടെ മേൽനോട്ടത്തിൽ പതിനായിരത്തോളം പണിക്കാർ രാപകൽ അധ്വാനിക്കാൻ തുടങ്ങിയിട്ട് മൂന്നുപതിറ്റാണ്ടുകളായിരിക്കുന്നു. എന്നാൽ പെരുനാളാകയാൽ പണികളെല്ലാം തൽക്കാലം നിർത്തിവച്ചിരിക്കുന്നു. എങ്കിലും ബഹളത്തിനു കുറവൊന്നുമില്ല. ദാവീദിന്റെ സങ്കീർത്തനങ്ങൾ ദേവാലയത്തിനുള്ളിൽ മുഴങ്ങുമ്പോൾ പുറത്തു കച്ചവട ബഹളം, ബലിമൃഗങ്ങളുടെ ആക്രന്ദനം, യാചകരുടെ നിലവിളിയും. മുഖ്യവാതിൽ കടന്നാൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക വഴികൾ. പക്ഷേ ബാലന്മാർക്ക് അത്തരം നിഷ്ഠകളോ വിലക്കുകളോ ഇല്ല.

യേശു എല്ലാം സൂക്ഷ്മമായി നോക്കിക്കാണുകയാണ്. ദേവാലയത്തിന്റെ വടക്കുപടിഞ്ഞാറായി അന്തോണിയാകോട്ട. പടുകൂറ്റൻ കല്ലുകൾ വളരെ ഉയരത്തിൽ അടുക്കി ഉയർത്തിയ ഗംഭീരമായ ചുറ്റുമതിൽ. ദേവാലയത്തിന്റെ ഒരു വശത്ത് അത്യഗാധമായ കെദ്രോൺ താഴ്വര. അവിടേക്ക് കൊരിന്ത്യൻ ശിലകളിൽ ഇരുവശങ്ങളിലുമായി തീർത്ത നൂറ്റിരുപത്തിരണ്ടു കൂറ്റൻ സ്തൂപനിര. അവിടയാണു റോമാപട്ടാളം തമ്പടിച്ചിരിക്കുന്നത്. എപ്പോഴാണു വിപ്ലവം പൊട്ടിപ്പുറപ്പെടുകയെന്നു നിശ്ചയിക്കുക വയ്യ. റോമായുടെ മർദ്ദിതഭരണത്തിൽ അസഹ്യരായി കഴിയുകയാണ് യഹൂദർ. താങ്ങാനാവാത്ത ചുങ്കം ചുമത്തൽ മൂലം അവർ നരകിക്കുകയാണ്. ഇതിനെതിരെ ഫരിസേയരിൽ ഒരു ഭീകരസംഘം സജീവമായിക്കഴിഞ്ഞു. പെരുനാളുകളിലോ മറ്റോ അവർ ജനത്തെ ഇളക്കിയാലോ? അതിനാൽ നിതാന്ത ജാഗ്രതയിലാണു പട്ടാളം.



www.malankaralibrary.com

അതിവിശാലമായ താഴ്വരയിൽ നോക്കെത്താദൂരത്തായി നിരത്തി നിർത്തിയിരിക്കുന്ന ബലിമൃഗങ്ങൾ. അവ എത്രയെണ്ണം ഉണ്ടാവും.? യേശു കണക്കുകൂട്ടി. മൂന്നുലക്ഷമോ അതോ അതിലേറെയോ! അവയുടെ കഴുത്തറുക്കാൻ കത്തി രാകുന്ന കശ്മലർ ആയിരങ്ങൾ. ഇന്നുച്ചയ്ക്ക് ഇവയുടെ ചോര ദേവാലയപാർശ്വത്തിലെ ചോരപ്പാത്തിയിലൂടെ ഇരച്ചൊഴുകും. യേശു ചിന്തിച്ചു. ഈ പാവം ജന്തുക്കളുടെ കുരുതി മൂലം മനുഷ്യ ഹൃദയങ്ങളിലെ പാപം മാഞ്ഞുപോകുമോ? എങ്കിൽ പോലും ഈ ബലിമൃഗങ്ങളെ അന്യായവിലകൊടുത്തു വാങ്ങാൻ കഴിവില്ലാത്ത ദരിദ്ര ജനതയുടെ പാപം എങ്ങനെ മോചിച്ചുകിട്ടും?

ചിന്തകളുടെ ആഴത്തിലേയ്ക്കു പൂഴ്ത്തിയ മനസുമായി യേശു അപ്പോഴും നടക്കുകയായിരുന്നു. വന്നുകയറിയത് പുറജാതികൾക്കായി വേർതിരിക്കപ്പെട്ട അകത്തളത്തിൽ. അയിത്തം കല്പിക്കുന്ന പുറജാതികളുടെ മണ്ഡപത്തിൽ യഹൂദർ നോക്കുകപോലുമില്ല. ഈ അകത്തളത്തിന്റെ തൊട്ടുമുമ്പിലാണ് യഹൂദന്മാർക്കുള്ള 'ശ്രേഷ്ഠ'മായ മണ്ഡപം. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമായി അതു വിഭജിച്ചിരിക്കുന്നു.

അതിന്റെ ഇങ്ങേ അരികിൽ എഴുതിവച്ചിരിക്കുന്നു: "പുറജാതികൾ ഇവിടെ നിന്നും മുന്നോട്ടു കടന്നാൽ മരണമായിരിക്കും ശിക്ഷ."

എന്നാൽ യേശു പുറജാതി മണ്ഡപത്തിൽത്തന്നെ സ്വസ്ഥമായൊരു മൂലയിൽ ചെന്നിരുന്നു. അങ്ങനെത്രനേരം ഇരുന്നെന്നറിയില്ല. മനസ്സിലുള്ളതെല്ലാം മനനം ചെയ്ത് ധ്യാനനിരതനായി കണ്ണടച്ചിരുന്നു, പെരുനാൾ തിരക്ക് ഒഴിയുവോളം.

ജനത്തിരമാല ഒഴിഞ്ഞുപോവുകയാണ്. അന്തോണിയാക്കോട്ടയുടെ എട്ടുകൂറ്റൻ കവാടങ്ങളിലൂടെയും തീർത്ഥാടകർ തിങ്ങിക്കൂടി താഴ്വാരങ്ങളിലേയ്ക്കു തിരിച്ചിറങ്ങുകയാണ്. ഉച്ചകഴിഞ്ഞു തുടങ്ങിയ മലയിറക്കം സായാഹ്നത്തോളം നീണ്ടു. ശബ്ദകോലാഹലത്തിൽ നിന്നും ദേവാലയം മുക്തമായതിനാൽ യേശുവിനാശ്വാസം. രാത്രിയായപ്പോഴേയ്ക്കും ശീതക്കാറ്റിന്റെ ആക്രമണം. കമ്പിളിയോ പുതപ്പോ ഇല്ല. കുളിരു കഠിനമായപ്പോൾ വിജാതീയാങ്കണത്തിൽ നിന്നെഴുന്നേറ്റ് ശലോമോന്റെ മണ്ഡപത്തിലേയ്ക്കു നടന്നു. അന്തോണിയാക്കോട്ടയുടെ ഉള്ളിൽത്തന്നെ ചുറ്റും പണിതീർത്ത മണ്ഡപങ്ങളാണിവ. തണുപ്പകറ്റാനുള്ള സംവിധാനം അതിനുള്ളിലുണ്ട്.

അവിടെത്തിയപ്പോൾ ചുറ്റു പീഠങ്ങളിൽ അമർന്നിരിക്കുന്ന പ്രമാണി



www.malankaralibrary.com

മാരും റബ്ബിമാരും. നടുക്കു വച്ചിരിക്കുന്ന എണ്ണവിളക്കിന്റെ നേർത്തവെട്ടത്തിൽ അവരുടെ മുഖങ്ങൾ കാണാം.

നരച്ചു നീണ്ട മീശയും കുപ്പായവും ശിരോവസ്ത്രവുമണിഞ്ഞ ഹില്ലേൽ, ഗമാലിയേൽ എന്നീ വിഖ്യാത യഹൂദ പണ്ഡിതർ.

പലരുടെയും സംസാരം യേശുവിന്റെ കാതുകളിൽ പതിച്ചു.

കഴമ്പില്ലാത്തതും ധാർഷ്ട്യപൂർണ്ണവുമായ വർത്തമാനമായിരിക്കുമെന്നാണ് കരുതിയത്. ഇങ്ങനെ കരുതാൻ കാരണമുണ്ട്. രണ്ടുദിവസമായി ചുറ്റിനടക്കുന്നതിനിടയിൽ അങ്ങിങ്ങ് വട്ടംകൂടി വെടിപറയുന്ന ഫരിസേയരെ കാണാനിടയായി. അതിലൊരു കൂട്ടർ വീറോടെ ചർച്ചചെയ്യുന്നതു കേൾക്കുകയും ചെയ്തു, "സാബത്തിൽ കോഴി ഇടുന്ന മുട്ട ഭക്ഷിക്കാൻ പാടുണ്ടോ ഇല്ലയോ?"

ഏഴു ദിനങ്ങളുള്ള ആഴ്ചയിൽ ഒരു നിശ്ചിത ദിവസം എല്ലാ വേലകളിൽ നിന്നും ഒഴിഞ്ഞിരിക്കണമെന്നാണല്ലോ യഹൂദ നിയമം. ആ ദിവസമാണു സാബത്ത്. സാബത്തിൽ എന്തെല്ലാം ചെയ്യാം എന്തെല്ലാം ചെയ്യരുത് എന്നു നിയമമുണ്ട്. സങ്കീർണ്ണതകൾ നിറഞ്ഞ ആയിരക്കണക്കിന് ഉപനിയമങ്ങൾ കൂട്ടിച്ചേർത്ത നിയമക്കുരുക്ക്. കോഴിമുട്ടയുടെ കാര്യം ഇതിൽ ഒന്നുമാത്രം.

ഇതിലേതെങ്കിലുമൊന്നു ലംഘിച്ചാൽ ശിക്ഷ, കല്ലെറിഞ്ഞുള്ള കൊല.

പക്ഷേ, മണ്ഡപത്തിലെ ചർച്ച അത്തരമൊന്നായിരുന്നില്ല. അതു രാഷ്ട്രീയമായിരുന്നു.

ഒരു റബ്ബി ചർച്ചയ്ക്ക് തുടക്കമിട്ടു.

"അർക്കലാവോസെങ്കിലും അപ്പനെപ്പോലെയാകത്തില്ലെന്നു കരുതി. എന്നാൽ അതിനേക്കാൾ കഷ്ടം. എത്ര യൂദന്മാരെയാ കാലൻ കൊന്നൊടുക്കിയത്."

മറ്റൊരാൾ പറഞ്ഞു: "അതുകൊണ്ടെന്താ, ഫ്രാൻസിലേയ്ക്ക് അയാളെ നാടുകടത്തിയില്ല്യോ?"

ഹേറോദേസ് രാജാവിന്റെ കാലശേഷം ഭരണമേറ്റ അർക്കലാവോസിന്റെ ക്രൂരതകൾക്ക് മുമ്പിൽ യഹൂദരുടെ ക്ഷമയറ്റിരുന്നു. അവർ ഒന്നടങ്കം റോമാ സാമ്രാജ്യാധിപൻ സീസറിനെ കണ്ട് സങ്കടമുണർത്തിക്കുകയും



www.malankaralibrary.com

ചെയ്തു. ഉടൻ അർക്കലാവോസിനെ ഫ്രാൻസിലേയ്ക്കു നാടുകടത്തി. പകരം റോമാഭരണാധിപന്റെ അധീനതയിലായി യൂദയായും സമറിയായും മറ്റും. അതായത് സാക്ഷാൽ പന്തിയോസ് പീലാത്തോസിന്റെ അധികാര മുഷ്ടിക്കു കീഴിൽ. യൂദയായിലെ കടലോരദേശമായ കേസറിയായിൽ പീലാത്തോസ് വാസമുറപ്പിച്ചുകഴിഞ്ഞു.

വിഖ്യാത യഹൂദഗുരുവായ ഹില്ലേൽ ചോദിച്ചു: "അല്ലയോ ഗമാലിയേൽ, ഈ രാഷ്ട്രീയമാറ്റവും ക്രിസ്തുവിന്റെ അവതാരവും തമ്മിൽ എന്തെങ്കിലും ബന്ധം അങ്ങു കാണുന്നുണ്ടോ?"

തന്റെ ഗുരുവിന്റെ ചോദ്യംകേട്ട് വൃദ്ധനായ ഗമാലിയേൽ ചിന്തയിൽ നിന്നുണർന്നു. താൻ ചിന്തിച്ചുകൊണ്ടിരുന്ന വിഷയത്തെപ്പറ്റിത്തന്നെയാണു ചോദ്യം.

ചിലമ്പിച്ച പരുക്കൻ ശബ്ദത്തോടെ ഗമാലിയേൽ പറഞ്ഞു: "നമ്മുടെ യൂദയാ രാജ്യം അന്യദേശക്കാരായ റോമാക്കാരുടെ നേരിട്ടുള്ള അധികാരത്തിലായി കഴിഞ്ഞു. ഇത്രത്തോളം പ്രതികൂലമായൊരു ദുഃസ്ഥിതി നമുക്കുണ്ടായിട്ടില്ല. മാത്രമല്ല, ദാനിയേൽ പ്രവാചകന്റെ ദർശനപ്രകാരം ഈ ദേവാലയത്തിന്റെ പുനരുദ്ധാരണത്തോടനുബന്ധിച്ച് ക്രിസ്തു അവതരിക്കുമെന്നാണു കരുതേണ്ടത്. അതിൻപ്രകാരം ഉടൻ ക്രിസ്തു വന്ന് നമ്മെ രക്ഷിക്കാതിരിക്കില്ല."

ഇതേപ്പറ്റി പലരും പല അഭിപ്രായങ്ങൾ പറഞ്ഞു. സ്ഥിരതയോ കൃത്യതയോ തീണ്ടാത്ത അഭിപ്രായങ്ങൾ. ഉടൻ യേശു മണ്ഡപത്തിനുള്ളിലേയ്ക്കു കയറി. ഇരിപ്പിടം ഒന്നും ഒഴിവില്ലാത്തതിനാൽ നിന്നു. എന്നിട്ട് തെളിഞ്ഞ സ്വരത്തിൽ തറപ്പിച്ചു പറഞ്ഞു: "ക്രിസ്തു അവതരിച്ചുകഴിഞ്ഞു എന്നു നിങ്ങൾ അറിയുക."

അസന്ദിഗ്ദ്ധമായി പൊട്ടിച്ച ആ സ്ഫോടനവാർത്ത കേട്ട് പണ്ഡിത സമൂഹം ചാടിയെണീറ്റുപോയി.

നരച്ച കണ്ണുകളോടെ ഗമാലിയേൽ സ്വരംകേട്ട ഭാഗത്തേക്കു തിരിഞ്ഞു. അവനെ വിളിച്ച് പണ്ഡിതവലയത്തിന്റെ നടുവിൽ നിർത്തി. വിറയ്ക്കുന്ന കയ്യിൽ എണ്ണവിളക്കെടുത്തുയർത്തി ഗമാലിയേൽ ആകാംക്ഷയോടെ അവന്റെ മുഖം കണ്ടു, തേജോമയനായ യൂദപ്പയ്യൻ.

നിശ്ചയദാർഢ്യം സ്ഫുരിക്കുന്ന നീലമിഴികളിൽ നോക്കി അവർ തെരക്കി: "നീ ആരാ? എവിടെ നിന്നു വരുന്നു?"



www.malankaralibrary.com

അവർ നീക്കിയിട്ട പീഠത്തിലിരുന്ന് യേശു പറഞ്ഞു: "പിതാവായ ദൈവത്തിൽ നിന്നുള്ള പുത്രൻതന്നെ."

ചിലർ അതുകേട്ട് ദേഷ്യപ്പെട്ടു, "അതുകള! ഞങ്ങളും നീയുമെല്ലാം ദൈവത്തിന്റെ മക്കളുതന്നെയാ. നീ ഏതുദേശക്കാരനാണെന്നാ ചോദിച്ച ത്."

ഒരു നിമിഷം യേശു മൗനത്തിലാണ്ടു.

അപ്പോൾ അവർ തുടർന്നു ചോദിച്ചു: "നീ ഗലീലായനല്ലേ? നിന്റെ അരമായാ കേട്ടിട്ട് അങ്ങനെ തോന്നുന്നല്ലോ."

"അതേ, ഗലീലായിലെ നസ്രത്തിൽ നിന്നും."

അതുകേട്ടവർ പുച്ഛത്തോടെ, "ഓ! നസ്രത്തുകാരനാണോ? ഒന്നിനും കൊള്ളാത്ത നസ്രത്തിൽ നിന്നെപ്പോലൊരു ശ്രേഷ്ഠബാലനോ?"

പക്ഷെ ബാലൻ വിട്ടില്ല, "നാടിനെയും നാട്ടാരെയും പല തട്ടുകളിലാക്കി തരം തിരിക്കുന്നതെന്തിനാണ്? ദുഷ്ടന്റെയും ശിഷ്ടന്റെയും മേൽ ഒരുപോലെ മഞ്ഞും മഴയും തൂകുവാൻ സ്രഷ്ടാവിനു കഴിയുമെന്ന് നിങ്ങൾ അറിയുന്നില്ലേ?"

ഹില്ലേൽ വിഷയം മാറ്റി ചോദിച്ചു: "ആട്ടെ, നീ പറഞ്ഞല്ലോ ക്രിസ്തു അവതരിച്ചു കഴിഞ്ഞെന്ന്. അതിനെന്താണു തെളിവ്?"

"സാധാരണ യഹൂദർക്കുപോലും അറിവുള്ള ആ തെളിവുകൾ നിങ്ങൾക്കറിവില്ലെന്നോ?"

"എന്തുതെളിവ്? യൂദയായിലെ ബേത്‌ലഹേമിൽ പത്തുപതിനഞ്ച് കൊല്ലം മുമ്പ് ഒരു ദിവ്യനക്ഷത്രം വന്നു നിന്നതാണോ?"

"അതുമാത്രമേയുള്ളോ?"

"കുറെ ആട്ടിടയർ പട്ടണത്തിൽ വന്ന് ഇങ്ങനെന്തോ വീറോടെ പറയുന്നതു കേട്ടവരുണ്ട്. പിന്നെ കിഴക്കു നിന്നും മൂന്നു ജ്ഞാനികൾ ബേത്‌ലഹേമിൽ വന്നതും അറിയാം."

"പരദേശികൾ കാര്യം ഗ്രഹിക്കുമ്പോൾ സ്വദേശികൾ അതു തള്ളിക്കളയുന്നു. അല്ലേ?"



www.malankaralibrary.com

"ബേത്‌ലഹേമിൽ ക്രിസ്തു അവതരിച്ചു എന്നുതന്നെ വയ്ക്കുക. പക്ഷേ രണ്ടുവയസുവരെ പ്രായമുള്ള ആൺകുട്ടികളെയെല്ലാം ഹേറോദേസ് കൊന്നുകളഞ്ഞപ്പോൾ ആ ശിശുവും കൊല്ലപ്പെട്ടുകാണില്ലേ?"

അതുകേട്ട് യേശു ശക്തമായ സ്വരത്തിൽ പറഞ്ഞു: "ഇല്ല. ക്രിസ്തു കൊല്ലപ്പെട്ടിട്ടില്ല. അവൻ നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്."

"എന്നിട്ടെന്തേ ഞങ്ങൾക്കു കാണാൻ കഴിയുന്നില്ല." പരിഹാസച്ചുവയുള്ള വാക്കുകൾ.

അതിനുത്തരമായി യേശു ഇത്രമാത്രം സൂചിപ്പിച്ചു: "സമയമാകുമ്പോൾ അവൻ വെളിപ്പെടുത്തപ്പെടും."

തുടർന്ന് പണ്ഡിതോചിത ചോദ്യങ്ങൾ യേശു അവർക്കുനേരെ എയ്തുവിട്ടു. അവരെ വിസ്മയഭരിതരാക്കുന്ന ചോദ്യങ്ങൾ.

തങ്ങളെക്കാൾ മഹാജ്ഞാനിയായ ബാലനെ വർദ്ധിതാഹ്ലാദത്താൽ വയസനായ ഹില്ലേലും എണ്ണവിളക്കിന്റെ വെട്ടത്തിൽ അടുത്തുപിടിച്ചു കണ്ടു.

പിറ്റേന്നും ചർച്ചകൾ തുടർന്നു. അതേ മണ്ഡപത്തിൽ അതുല്യമായ ജ്ഞാനവാദത്തോടെ ബാലനിരുന്നു.

നിലാവിൽ ഉൽക്കണ്ഠാകുലരായ രണ്ടുപേർ മണ്ഡപവാതിലിൽ ഓടിവന്ന് നിൽക്കുന്നതവർ കണ്ടു. യാത്ര ചെയ്തു തളർന്ന് അവശരായി വന്നു നില്ക്കുന്ന രണ്ടു സാധുക്കൾ.

കൊടുംതണുപ്പായിട്ടുപോലും ചർച്ച തീരും വരെ പുറത്തു കാത്തു നില്ക്കുകയാണവർ. പണ്ഡിതഗുരുക്കളെപോലും വിസ്മയിപ്പിക്കുന്ന ചോദ്യങ്ങളുമായി ഇരിക്കുന്ന ബാലനെ നോക്കി അവരും അന്തംവിട്ടു പോയി.

അവരെ തിരിച്ചറിഞ്ഞത് യേശു മാത്രം. യൗസേഫും മറിയവും. അവൻ നോക്കിയപ്പോഴേയ്ക്കും അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

"പൊന്നുമോനേ!....."

അമ്മയുടെ നെഞ്ചുപൊട്ടിപ്പുറത്തുവന്ന തേങ്ങൽ. അവൾ ഇരുകൈകളും നീട്ടി കരഞ്ഞുതളർന്നു നിന്നു.



www.malankaralibrary.com

"ഞങ്ങളോടു നീ ഇങ്ങനെ ചെയ്തല്ലോ കുഞ്ഞേ. നിന്റെ അപ്പനും ഞാനും നിന്നെ തെരയാൻ ഇനി ഒരിടവുമില്ല."

യേശുവിനു കാര്യം മനസിലായി. മടക്കയാത്രയിൽ താൻ കൂടെയില്ലെന്ന് അവർ വൈകിയാവും അറിഞ്ഞത്. സ്ത്രീ പുരുഷന്മാർ വെവ്വേറെ സംഘങ്ങളായാണല്ലോ മടങ്ങുക.

ഏതെങ്കിലും ഒരു സംഘത്തിൽ താനുമുണ്ടാവുമെന്ന് ഇരുവരും പ്രതീക്ഷിച്ചുകാണും. എന്നാൽ പതിനൊന്നു മൈൽ ദൂരെയുള്ള 'എൽബിറേ' എന്ന സ്ഥലത്താണല്ലോ ഇരുസംഘങ്ങളും അന്തിയുറങ്ങാനായി ഒത്തുകൂടുക. അവിടെ വച്ചാവും അപ്പനും അമ്മയും കണ്ടുമുട്ടിയത്. അപ്പോൾ മാത്രമാവും താൻ കൂടെയില്ലെന്നകാര്യം അറിഞ്ഞത്. അതവർക്കു താങ്ങാനാവില്ല, തീർച്ച. ഉടൻ നസ്രത്തിലേക്കു പോകുന്ന ഓരോരുത്തരോടും തന്നെപ്പറ്റി തെരക്കിക്കാണും. വഴിതെറ്റി അലയുന്ന കുട്ടികളെപ്പറ്റി അറിവു തരുന്ന ഓരോ നഗരകവാടത്തിലും അവർ അന്വേഷിച്ചിട്ടുണ്ടാവും. യാതൊരു തുമ്പും കിട്ടാതായപ്പോൾ കനത്ത ഭീതിയോടെ നടന്നുതളർന്ന് ഈ മൂന്നാം ദിവസം തിരിച്ചിവിടെത്തിയതാവും.

ഇവരുടെ എരിയുന്ന ഹൃദയങ്ങൾ തനിക്കു കാണാം. ഉൽക്കണ്ഠാകുല ചിന്തകൾ അറിയാം. എന്നാൽ ഇത് ഇവരുടെ സഹനപരമ്പരകളുടെ ആരംഭം മാത്രമല്ലേ. അതിനാൽ ശാന്തിഭാവം ഒളിഞ്ഞിരിക്കുന്ന രണ്ടു ചോദ്യങ്ങൾ ചോദിച്ചു.

"നിങ്ങൾ എന്തിനെന്നെ അന്വേഷിച്ചു? ഞാനെന്റെ പിതാവിന്റെ ഭവനത്തിൽ കഴിയേണ്ടവനാണെന്ന് നിങ്ങൾ അറിയുന്നില്ലേ?"



www.malankaralibrary.com

## ആറ്

"അണലി സന്തതികളേ....."

അതൊരലർച്ചയായിരുന്നു. അഥവാ, അലറുന്ന പരുക്കൻ ശബ്ദത്തിൽ മാത്രമേ യോഹന്നാനു പ്രസംഗിക്കാൻ കഴിയുകയുള്ളൂ. പക്ഷേ അയാളുടെ പ്രസംഗം കേൾക്കാൻ യൂദയായിൽ നിന്നും ജറുസലേമിൽനിന്നും യഹൂദർ ഓടിക്കൂടി.

ചുവന്ന നിറവും ഉടലാകെ പടർന്നുകയറിയ നനുത്ത ചെമ്പൻ രോമവും തീ പാറുന്ന ദൃഷ്ടികളും ഒട്ടകരോമം കൊണ്ടുള്ള വസ്ത്രവുമുള്ള മെലിഞ്ഞ ആ ദീർഘാകാരൻ ആരിലും കൗതുകമുണർത്തും. ജടപിടിച്ച മുടിയും താടിയുമായി, കയ്യിൽ വടിപിടിച്ച്, പാറപ്പുറത്തു കയറിനിന്ന് ഗർജ്ജിക്കുന്നതു കണ്ടാലോ; നടുങ്ങിപ്പോകും.

ജറുസലേം നഗരത്തിനു തെക്കുപടിഞ്ഞാറുള്ള യൂദയാ മരുഭൂമിയിൽ നിന്നാണീ ഗർജ്ജനം. താൻ ജനിച്ചുവളർന്ന ആയിൻകരേം വിട്ട് ഏകാന്ത തപസ്സു തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. വന്നെത്തിയത് ചാവുകടലിനു തൊട്ടുതെക്കുഭാഗത്തുള്ള ഈ യൂദയാ മരുഭൂമിയിൽ. അവിടെ ഉണ്ടായിരുന്ന സന്യാസസമൂഹത്തിൽ ചേർന്നു. ഉഗ്രമായ ഏകാന്തതയുടെ ദീർഘകാലം ചെലവിട്ടു. ഇലകളായിരുന്നു അന്നുഭക്ഷണം. പിന്നെ ജോർദ്ദാൻ നദീതടത്തിലെ കാട്ടിൽ നിന്നുള്ള തേൻ. അന്നത്തെ പ്രധാനപണി പഴയ നിയമ കൃതികൾ തുകൽ ചുരുളുകളിൽ പകർത്തുകയായിരുന്നു. കഠിന തപോജീവിതത്തിൽ നിന്നും അനുതാപത്തിന്റെ പ്രസംഗവും ജലസ്നാനവും നൽകിത്തുടങ്ങിയിട്ട് ഇപ്പോൾ രണ്ടു കൊല്ലങ്ങളായിരിക്കുന്നു.

"സകലരും അവനവന്റെ പാപത്തെ ഓർത്ത് പശ്ചാത്തപിച്ചു കൊള്ളണം. നല്ല ഫലങ്ങൾ കായ്ക്കാത്ത മരങ്ങളെല്ലാം വെട്ടി തീയിലിടാൻ പോവുകയാണ്."

രൂക്ഷ വിമർശനം തുടർന്നു കേട്ടിട്ടും ആരും പരിഭവിച്ചില്ല. കാരണം ജനം തിങ്ങിക്കൂടുന്നത് അനുതാപപ്രസംഗം കേൾക്കാനും ആന്തരികമായ അനുതാപത്തിന്റെ ബാഹ്യപ്രകടനകർമ്മമായ ജലസ്നാനം സ്വീകരിക്കാനുമാണ്.



www.malankaralibrary.com

നൂറ്റാണ്ടുകളായി തങ്ങൾ കാത്തിരിക്കുന്ന ഒരു വീരപ്രതാപവാനെ സ്വീകരിക്കാൻ സകല യഹൂദരും മനോവിശുദ്ധി നേടണമല്ലോ. യഹൂദ പണ്ഡിതന്മാർ പോലും സ്നാനകർമ്മത്തിനായി ഓടിക്കൂടുന്നത് അക്കാരണത്താൽ തന്നെ. ഇസ്രയേലിനു ഇന്നു വന്നുഭവിച്ചിരിക്കുന്ന ദുരന്തമെന്താണ്? ശൗലിലൂടെയും ദാവീദിലൂടെയും തുടർന്നു വന്ന രാജത്വം ഇസ്രായേലിൽ നിന്നെടുത്തു കളഞ്ഞു. കാരണമെന്താണ്? ഇസ്രായേൽ അഹങ്കാരികളും പാപികളുമായിത്തീർന്നു. അവർ യഹോവയെ മറന്നുകളഞ്ഞു. അതിനുള്ള ദൈവശിക്ഷയാണീ റോമാ ഭരണം. ഇസ്രായേലിനു മരണതുല്യമാണീ വിജാതീയ അടിമത്തം. എന്നാൽ അതുല്യശക്തിയോടെ ഒരു വീരരാജാവ് അവതരിച്ചിരിക്കുന്നുവത്രേ. അവന്റെ രാജത്വം ഇസ്രായേലിനുണ്ടാവണമെങ്കിൽ ഇസ്രായേൽ പശ്ചാത്തപിക്കുകയും ജലസ്നാനം കൈക്കൊള്ളുകയും വേണം.

അതിനു സൗകര്യമായി മരുഭൂമിയുടെ സമീപത്തുകൂടി ഒഴുകുന്ന ജോർദ്ദാൻ നദിയുണ്ട്. ജോർദ്ദാൻ നദി ചാവുകടലിൽ വന്നുപതിക്കുന്ന തീരത്ത് ആഴം നന്നേ കുറവാകയാൽ അവിടമാണ് ക്ഷാളന കർമ്മത്തിനായി യോഹന്നാൻ തിരഞ്ഞെടുത്തിട്ടുള്ളത്. വടക്കുള്ള ഹെബ്രോൺ പർവ്വത നിരകളിൽ നിന്നും വേനലിൽ മഞ്ഞുരുകി വരുന്ന ജോർദ്ദാൻ നദിയിലെ കുളിർ ജലത്തിൽ മുങ്ങി നിവരുമ്പോഴേക്കും സകല പാപക്കറകളും കഴുകി വെടിപ്പാക്കിയ പുത്തൻ അനുഭവമാണേവർക്കും.

ഏതാനും ശിഷ്യന്മാരുടെ അകമ്പടിയോടെയാണ് യോഹന്നാൻ സ്നാനം നടത്തുന്നത്. ഗലീലാ കടൽത്തീരത്തുള്ള ബെഥ്സെയ്ദാ പട്ടണത്തിൽ നിന്നുള്ള അന്ത്രയോസ്, ശിമയോൻ എന്നീ ജ്യേഷ്ഠാനുജന്മാരുണ്ട്. ധനശേഷിയുള്ള മുക്കുവനായ സെബദിയുടെ രണ്ടുമക്കളും ഉണ്ട്; യാക്കോബും, യോഹന്നാനും. ഇവരും ഗലീലാവാസികൾ.

തങ്ങളെ 'അണലിസന്തതികളേ...' എന്നുവിളിച്ചാക്ഷേപിച്ചിട്ടു പോലും ഫരിസേയരും സദുക്കായരും ജലസ്നാനത്തിനായി യോഹന്നാന്റെ പക്കൽ തിങ്ങിക്കൂടി.

സ്നാനകർമ്മം ചെയ്യുന്നതിനിടയിൽ പെട്ടെന്നു വെള്ളത്തിൽ നിന്നും ചാടിക്കയറിവന്ന് കാടുപിടിച്ച നദീതടത്തിൽ നിൽക്കുന്ന ഫരിസേയ പ്രമാണിമാരെ വിരൽചൂണ്ടി ഗർജ്ജനത്താൽ ആക്രമിക്കും.

"അബ്രാഹത്തിന്റെ മക്കളാകയാൽ ശിക്ഷാവിധി നിങ്ങൾക്കുണ്ടാകയില്ല എന്നുപറഞ്ഞ് നിങ്ങൾ അഹങ്കരിക്കുന്നു, അല്ലേ?"



www.malankaralibrary.com

ജ്വലിക്കുന്ന ദൃഷ്ടികളോടെ അവരെ തറപ്പിച്ചു നോക്കി, കുനിഞ്ഞ് നദീതീരത്തുനിന്ന് കുറെ കല്ലുകൾ പെറുക്കി ഉയർത്തി, തുടർന്നു, "ഈ കല്ലുകളിൽ നിന്നുപോലും അബ്രാഹത്തിന്റെ മക്കളെ സൃഷ്ടിക്കുവാൻ ദൈവത്തിനു കഴിയുമെന്നോർത്തോളിൻ."

ജനക്കൂട്ടത്തെ ആവേശം കൊള്ളിക്കുന്ന ഈ പ്രവാചകനെക്കണ്ട് ചില പണ്ഡിതർ തമ്മിൽ സംശയിച്ചു.

"നമ്മൾ പ്രതീക്ഷിക്കുന്ന ക്രിസ്തു ഇദ്ദേഹം തന്നെയാണോ?"

ഈ സംശയം അനേകരിൽ പ്രബലപ്പെട്ടു. തങ്ങളുടെ സംശയം അവർ സ്നാപകയോഹന്നാന്റെ മുമ്പിൽ വന്നു ചോദിക്കുകയും ചെയ്തു.

അതുകേട്ട ഉടൻ തീക്ഷ്ണമായ പ്രവാചക ശബ്ദം അത്യുച്ചത്തിലായി.

"അല്ല. അല്ല. വരാനിരിക്കുന്നവൻ ഞാനല്ല. അവന്റെ മഹാശക്തിയുടെ മുമ്പിൽ ഞാനാര്? അവന്റെ ചെരുപ്പിന്റെ കെട്ടഴിക്കുവാൻ പോലും യോഗ്യതയില്ലാത്തവനാണു ഞാൻ. ഞാൻ സ്നാനം നൽകുന്നത് ഈ പച്ചവെള്ളംകൊണ്ട്. എന്നാൽ ക്രിസ്തുവോ ദൈവാത്മാവിനാൽ സകലരെയും കഴുകി പരിശുദ്ധരാക്കും. ഗോതമ്പും പതിരും വേർതിരിക്കാനുള്ള വീശുമുറം അവന്റെ കയ്യിലുണ്ട്. കളം വെടിപ്പാക്കി ഗോതമ്പെല്ലാം അറപ്പുരയിൽ ശേഖരിക്കും. പതിരോ, കത്തിച്ചു ചാരമാക്കിക്കളയും."

ദുരൂഹമെങ്കിലും യോഹന്നാന്റെ വാക്കുകളുടെ അന്തരാർത്ഥമെന്തെന്ന് ഫരിസേയർ തമ്മിൽ ചർച്ചചെയ്തു.

"കളം എന്നാൽ ഇസ്രായേൽ എന്നാണോ അർത്ഥം? അപ്പോൾ ഗോതമ്പ് നമ്മൾ തന്നെയായിരിക്കുമല്ലോ. പതിര്, പുറജാതികളും."

"പക്ഷേ പുറജാതികളോടും പരസ്യപ്പാപികളോടുമൊത്താണല്ലോ യോഹന്നാന്റെ സഹവാസം. മാത്രമല്ല, അണലിസന്തതികളേ എന്നു നമ്മേ നോക്കിയല്ലേ പരിഹസിച്ചത്. അപ്പോൾ അർത്ഥം നമ്മൾ ചിന്തിക്കുന്നതായിരിക്കില്ല."

വെയിലാറിയ ആ സായാഹ്നത്തിൽ, ജോർദ്ദാൻ നദീതീരത്താകെ സ്വർണ്ണം ഉരുക്കിയൊഴിക്കുന്ന സൂര്യൻ. അനുതാപസ്നാനത്തിനായി കാത്തുനില്ക്കുന്ന ജനസഞ്ചയത്തിന്റെ ഒരറ്റത്തായി സൂര്യന്റെ തങ്കരശ്മികൾ പതിച്ചു തിളങ്ങുന്ന ശാന്തഗംഭീര മുഖവുമായി ഒരുന്നത ശീർഷൻ. ഒരു പറ്റം ഗലീലായരുടെ അകമ്പടിയോടെ നിവർന്നു നടന്നു വരികയാണ്.



www.malankaralibrary.com

പാദത്തോളം നീണ്ട വെള്ളക്കുപ്പായവും, ഇടക്കെട്ടും നീല ഉത്തരീയവും ധരിച്ച യുവകോമളൻ. നടുവേ പകുത്ത തിളക്കമുള്ള നീളൻ ചുരുളൻ മുടി തോളിലേയ്ക്കു വകഞ്ഞുകിടക്കുന്നു. ഏറെ നീളാത്ത തവിട്ടുനിറമുള്ള മീശ, താടിയിൽ പകുത്തു വേർപെട്ടതുപോലെ. തല തെല്ലു കുനിച്ചാണു നടന്നുവരുന്നതെങ്കിൽപോലും ജനക്കൂട്ടത്തിൽ നിന്നാൽ വേറിട്ടുകാണാവുന്നത്ര പൊക്കം.

കണ്ടവർ കണ്ടവർ വഴിമാറി. പ്രാകൃത രൂപനായ സ്നാപകന്റെ മുമ്പിൽ നേരെ വന്നു നിന്നു.

സ്നാപക യോഹന്നാന്റെ പെരുവിരൽ മുതൽ ശീർഷംവരെ തരിച്ചു കയറി. മുമ്പിൽ വന്നു നിൽക്കുന്ന തേജോമയനെ കണ്ട് 'ഇതാ, ഇതാ, മാനത്തു നിന്നടർന്നു മണ്ണിൽ വീണുപോയ ദിവ്യനക്ഷത്രം' എന്നു വിളിച്ചു പറയണമെന്നുണ്ട്. പക്ഷേ ഒരക്ഷരം സാക്ഷ്യപ്പെടുത്താനാവാതെ കൽ പ്രതിമപോലെ മരവിച്ചു നിൽക്കുകയാണ് സ്നാപകൻ.

വൃദ്ധരായ അപ്പനും അമ്മയും സഖറിയായും ഏലിശുബായും തന്റെ ചെറുപ്പത്തിൽതന്നെ മരിച്ചുപോയി. ഉടൻ വീടുവിട്ട് കാട്ടിലേക്കു താനും പോന്നു. അതിനാൽ തന്റെ ബന്ധുകൂടിയായ ഈ ദിവ്യമൂർത്തിയെ പിന്നൊരിക്കലും കാണാൻ കഴിഞ്ഞില്ല. ഇരുപതു വർഷങ്ങളെങ്കിലും കടന്നു കാണും. അന്നത്തെ ബാലനായ യേശുവിന്റെ മുഖം ഓർമ്മയിൽ പോലും തെളിയുന്നില്ല. എങ്കിലും ഇതാ, ഇപ്പോൾ യാതൊരു സൂചനയുമില്ലാതെ തിരിച്ചറിയാൻ തനിക്കു കഴിഞ്ഞിരിക്കുന്നു! മനസ്സിലിരുന്ന് ആരോ എല്ലാം പറഞ്ഞു തരികയാണോ? അഥവാ, അമ്മയുടെ വയറ്റിലായിരുന്നപ്പോൾ പോലും മറിയത്തിന്റെ വയറ്റിൽ കിടന്ന യേശുവിനെ തിരിച്ചറിഞ്ഞു തുള്ളിച്ചാടിയവനാണു താൻ. ഇതിനു തക്ക ആത്മജ്ഞാനവും മനോശുദ്ധിയും തനിക്കുണ്ടായതെത്രയോ വലിയ ഭാഗ്യം! ഒരു പക്ഷേ കന്മഷ ഹൃദയർക്കായിരിക്കാം തിരിച്ചറിയാനുള്ള അടയാളങ്ങൾ വേണ്ടത്.

ഉത്തരീയം അഴിച്ച്, കുപ്പായം തലയിലൂടെ ഊരി മാറ്റി യേശു, തീരത്തു നിന്നും അരളിമരങ്ങൾ തലകുമ്പിട്ടു നിൽക്കുന്ന ജോർദ്ദാൻ നദിയിലേയ്ക്ക് നേരെ ഇറങ്ങിച്ചെന്നു. ദേഹത്തിന്റെ പകുതിയോളം വെള്ളത്തിൽ ആണ്ടു കഴിഞ്ഞു.

പ്രഭാപൂർണ്ണനായ അജ്ഞാത യുവാവിന്റെ വരവും സ്നാപകന്റെ ഭാവമാറ്റവും കണ്ട് ജനമാകെ വിരണ്ടു നിൽക്കുകയാണ്. സ്നാനമേൽക്കും മുമ്പ് ഓരോ വ്യക്തിയും സ്വപാപങ്ങൾ പരസ്യമായി ഏറ്റുപറയേണ്ടതുണ്ട്.



www.malankaralibrary.com

പക്ഷേ നവാഗതൻ അതു ചെയ്തിട്ടില്ല. അതിനുള്ള ഭാവവുമില്ല. നേരെ ആറ്റിലിറങ്ങി. ജീവൻ സ്ഫുരിക്കുന്ന ഇളം നീല നിറമുള്ള പ്രകാശക്കണ്ണുകൾ യോഹന്നാന്റെ നേരെ നീണ്ടു ചെന്നു. നിഷ്ക്കളങ്കമെങ്കിലും ഗാഢമായ നോട്ടം.

പക്ഷേ, യോഹന്നാൻ തന്റെ മനസിൽ സംശയിച്ചു.

'ക്രിസ്തു എന്ന പദത്തിനർത്ഥം അഭിഷിക്തൻ എന്നാണല്ലോ. അതായത് പിതാവായ ദൈവത്തിൽ നിന്നുതന്നെ അഭിഷിക്തനായവൻ. സാക്ഷാൽ ക്രിസ്ത്വവതാരമായ ഈ നസ്രായന് വെള്ളംകൊണ്ടുള്ള അഭിഷേകം അപ്പോൾ എന്തിന്? പാപം തീണ്ടാത്ത ഈ ദിവ്യപ്രഭാവന് പാപമോചനത്തിന്റെ സ്നാനകർമ്മം എന്തിന്? ഇല്ല, തനിക്കീ കർമ്മം ചെയ്യാനാവില്ല.'

ഹൃദയം പൊട്ടി, യോഹന്നാൻ യാചിച്ചു: "അവിടുത്തേയ്ക്കിതിന്റെ ആവശ്യമെന്ത്? ഇതുചെയ്യാൻ എന്നോടാവശ്യപ്പെടരുതേ."

ജോർദ്ദാനിലെ കുളിരലകളുടെ കളാരവത്തിനും മുകളിൽ യേശുവിന്റെ മധുരമൊഴി ഉയർന്നു: "ഇപ്പോൾ ഇതു സമ്മതിക്കുക."

യോഹന്നാൻ നദീമദ്ധ്യത്തിലേയ്ക്കിറങ്ങിവന്നു.

ജനക്കൂട്ടം വീർപ്പടക്കി നിൽക്കുന്നു. മോശ, അഹറോൻ എന്നീ ഗോത്ര പിതാക്കളിലൂടെ അവസാന പ്രവാചകനായ യോഹന്നാനിൽ വരെ വന്നു ചേർന്ന കൈവയ്പ് ഒരിക്കൽകൂടി പകർന്നു നൽകുന്ന ഉജ്ജ്വല മുഹൂർത്തം.

യോഹന്നാൻ കുനിഞ്ഞ് ഒരു കൈക്കുമ്പിൾ ജലം കോരി ഉയർത്തി. മിഴിയിണപൂട്ടി, തന്നെ അയച്ച ദൈവപിതാവിൽ മനം അർപ്പിച്ച് വെണ്ണക്കുളിർക്കൽ പ്രതിമപോലെ നിൽക്കുന്ന യേശുവിന്റെ തെല്ലുകുനിഞ്ഞ ശിരസ്സിൽ ഇരുകരങ്ങളും അർപ്പിച്ചു. ജോർദ്ദാനിലെ വെള്ളപ്പളുങ്കുകൾ സ്നാപകന്റെ കൈക്കുമ്പിളിൽ നിന്നും നീളൻ മുടിച്ചുരുളുകളിലൂടെ ഊർന്നിറങ്ങി.

ദിഗന്തം നടുക്കുന്ന അതിഭയങ്കരമായൊരു ഒച്ചയായിരുന്നു പിന്നെ. ആകാശത്തുനിന്നാണ്. വെള്ളിടിവെട്ടുകയാണോ. അഭിഷിക്തൻ ഒഴികെ സകലരും നടുങ്ങി മുകളിലേയ്ക്കു നോക്കി. കണ്ണഞ്ചിപ്പോകുന്ന പ്രഭാജ്വലനം. അരക്ഷണം മാത്രമേ ആർക്കും നോക്കാൻ കഴിഞ്ഞുള്ളു. അതിനുള്ളിൽ എന്തെങ്കിലും കാണാൻ കഴിഞ്ഞോ? ഒരദൃശ്യലോകം തുറക്കപ്പെട്ടതു



www.malankaralibrary.com

പോലെ! അതു സ്വർഗ്ഗമാണോ? അവിടെ നിന്നു പറന്നു താണത് ഒരു വെള്ളപ്രാവ്! അതൊരു 'പക്ഷി'മാത്രമാണോ? അതോ സ്വർഗ്ഗസ്ഥിതനായ പരമപിതാവിന്റെ ആത്മസത്താപ്രതീകമോ? അഥവാ 'ദൈവാത്മാവോ'? അതുകൊണ്ടല്ലേ, അഭിഷിക്തന്റെ ശിരസ്സിനുമുകളിൽ ആ പ്രതീകം പറന്നു താണതും പിളർക്കപ്പെട്ട അദൃശ്യലോകത്തുനിന്നും അശരീരി ഇങ്ങനെ കേട്ടതും.

"നീ എന്റെ പൊന്നോമനപുത്രൻ. നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു."

അതുകേട്ടവരിൽ വർണ്ണനാതീതമായൊരു ആത്മഭാവം. എന്നിട്ടും ദുരൂഹതയുടെ പാട അവരുടെ ബോധങ്ങളെ പൊതിഞ്ഞിരുന്നു.

ദൃഢമായ കാൽവയ്പുകളോടെ യേശു സാവധാനം കരയിലേക്കു കയറി. ഉത്തരീയം നിവർത്തി തോർത്തി. കുപ്പായമണിഞ്ഞു. വീശിയൊഴുകുന്ന കാറ്റുപോലെ നേരെ നടന്നു. ചെന്നെത്തിയത് ജറീക്കോവിനു പടിഞ്ഞാറുള്ള കൊടും മരുഭൂമിയിൽ. കല്ലും ചരലും നിറഞ്ഞ ഭയാനകമായ യൂദാ മരുഭൂമി. ഗുഹകൾ നിറഞ്ഞ പാറക്കെട്ടുകളുള്ള ഉയർന്ന മലകളാണു ചുറ്റും. യേശു മലമുകളിലെത്തി. ചുറ്റും മിഴികളയച്ച് ഒരു നിമിഷം നിന്നു. കിഴക്കു ദേശത്തെ തഴുകി ഒഴുകുന്ന പുഴ, ജോർദ്ദാൻ. വടക്കുവശത്തു മഞ്ഞുറഞ്ഞ ഹെർമോൺ മലകൾ. പടിഞ്ഞാറ് അങ്ങുദൂരെ ഒലിവുമലകളുടെ നിമ്നോന്നതനിരകൾ. ജീവന്റെ നേർത്ത മുളപോലും പൊടിക്കാത്ത ശപിക്കപ്പെട്ട ചാവുകടൽ കറുത്തു കിടക്കുന്ന ദക്ഷിണദേശം. ഹെബ്രോനിൽ നിന്നും ഏറ്റുവാങ്ങുന്ന ജലം ഗലീലാക്കടലിലേയ്ക്ക് ഒഴുക്കിക്കൊടുക്കുന്ന നീല ജോർദ്ദാൻ നദി. അതിന്റെ ദാനശീലമഹിമയല്ലേ ഇരുതീരങ്ങളിലും പൂവിട്ട സസ്യവൃക്ഷസമൃദ്ധി വെളിവാക്കുന്നത്. സൂര്യതാപമേറ്റു വറ്റുകയല്ലാതെ ഒരു തുള്ളിവെള്ളം എങ്ങോട്ടും ഒഴുക്കിക്കൊടുക്കാത്ത ചാവുകടലിന്റെ ശാപമല്ലേ അതിന്റെ കരകളിൽപോലും കാണുന്ന നിർജ്ജീവത്വത്തിനു കാരണം.

ഒലിവുമല നിരകളിൽ മറയാറായ സൂര്യമുഖം. യേശു, സ്വസ്ഥമായൊരിടം തേടുകയാണ്. വീടുപേക്ഷിച്ചിറങ്ങിത്തിരിച്ചു. ഇനിയുള്ള കാലമത്രയും അതിരുകളില്ലാത്ത നാടാണു തന്റെ വീട്. ഈ വിശ്വഭവനത്തിലുള്ള സകലർക്കും സ്രഷ്ടാവായ ഏകപിതാവിന്റെ സ്നേഹം പകർന്നുകൊടുക്കണം. പിതാവിന്റെ ആത്മജ്ഞാനമായി തന്നെ അയച്ചിരിക്കുന്നത് അതിനുവേണ്ടിയല്ലേ. അതിനുമുമ്പ് പ്രവർത്തനവഴികളേതെന്ന് പിതാവിനോടു ചോദിച്ചറിയണം. അതു നേടുംവരെ ഗുഹാന്തരത്തിലെ ഈ വിജന



www.malankaralibrary.com

സ്വച്ഛതയിൽ ഉപവസിക്കണം. അതെത്രനാൾ നീളണം? നാല്പതു ദിന രാത്രങ്ങളോ? അത്രയും കാലമല്ലേ, മോശ സീനായ് മലയിൽ ഭജനം നോറ്റത്. അത്രയും നാളല്ലേ ഏലിയാ പ്രവാചകൻ യാതൊന്നും ഭക്ഷിക്കാതെ ഹോറേബ് മലയിൽ പ്രാർത്ഥിച്ചത്.

ഇരുൾ വീണ ഗുഹാന്തരത്തിൽ സ്വസ്ഥനായിരുന്നു. മിഴികൾ കൂമ്പി. സ്ഥലകാല ചിന്തയില്ല. വന്യമൃഗങ്ങളുടെ ക്രന്ദനം കേൾക്കാതെ, മരുഭൂമിയിലെ ചുഴലിക്കാറ്റിന്റെ മൂളൽ ശ്രദ്ധിക്കാതെ സ്വയാവബോധം പോലും മങ്ങിത്തുടങ്ങി. ആത്മപ്രകാശം മാത്രം ഉണർന്നു വളരുകയാണ്. ഏകധാരയിൽ പിതൃപുത്ര തേജസ്സുകൾ സന്ധിച്ച് വാരിപ്പുണരുകയാണ്. മനുഷ്യത്വത്തെ കീഴ്പ്പെടുത്തി ദേവത്വം വളരുകയാണ്. അതൊരു സ്വർഗ്ഗീയാനന്ദാതിരേകത്തിന്റെ നീണ്ട സ്വപ്നസുഷുപ്തിയാവുകയാണ്.

ഉണർന്നതു നാല്പതാം ദിനത്തിൽ. മിഴികൾ തുറന്നെഴുന്നേറ്റു. കൊടും വിശപ്പിന്റെ അഗ്നി വയറ്റിൽ കത്തിക്കാളുന്ന ആദ്യാനുഭവം. പരമാത്മാവിലുള്ള സായൂജ്യം ഈ നാല്പതു ദിനങ്ങളിലും ഭക്ഷണമായിരുന്നു. പക്ഷേ ഉപവാസസായൂജ്യത്തിന്റെ ആവരണത്തിൽ നിന്നും പുറത്തിറങ്ങിയപ്പോൾ മാത്രം വിശപ്പും ദാഹവും. നടക്കാനാവാത്തത്ര തളർച്ച. ശരീരം തീരെ ശോഷിച്ചിരിക്കുന്നു.

ക്ഷീണാർത്തനായി ഗുഹാ മുഖത്തേയ്ക്കു നടക്കവേ ഒരപരിചിതൻ കാത്തുനില്ക്കുന്നു. കണ്ടമാത്രയിൽ ചിരപരിചിതനായ ഉറ്റ സുഹൃത്തിനോടെന്നപോലെ ആ രൂപം തന്നെനോക്കി വെളുക്കെ ചിരിച്ചു നില്ക്കുന്നു. ലോകത്തെ അടക്കി വാഴുന്നവനെന്ന അഹന്തമുറ്റിയ ചിരി. പക്ഷേ, ഉള്ളിൽ നുരഞ്ഞുയരുന്ന ക്രോധത്തിന്റെ മുഖം മൂടിയാണീ ചിരിയെന്നു തനിക്കറിയാം. കരിഞ്ചിറകുകളും കൂർത്ത കൊമ്പും നീളൻ വാലും ചോരക്കണ്ണുകളുമുള്ള ഭയങ്കരനാണീ കപടവേഷത്തിനുള്ളിലുള്ളതെന്നും തനിക്കറിയാം. എന്നിട്ടും യാതൊരനിഷ്ടവും കാട്ടാതെ താഴേക്കിറങ്ങി. കപട രൂപനും പിന്നാലെ തന്നെ.

യേശുവിന്റെ ക്ഷീണാവസ്ഥയിൽ മുതലെടുക്കുകയാണു ലക്ഷ്യം. അതിനാൽ ഒട്ടും നേരം കളയാതെ പ്രലോഭനത്തിന്റെ വാക്കുകളെ അവൻ അഴിച്ചുവിട്ടു.

"നിനക്കു ഭയങ്കര വിശപ്പു കാണും അല്ലേ? അതിനെന്താ.... നീ ദൈവപുത്രനാണെങ്കിൽ ഇതാ ഈ കിടക്കുന്ന കല്ലുകളെ അപ്പമാക്ക്...."

ഇതുകേട്ട് യേശുവിന്റെ ചിന്ത പഴയനിയമ ഗ്രന്ഥത്തിലെത്തി.



www.malankaralibrary.com

അതിലെ വാക്യമാണ് ഇവൻ പ്രയോഗിച്ചിരിക്കുന്നത്. എങ്കിൽ ഇതിനുള്ള മറുപടി നിയമഗ്രന്ഥത്തിലുള്ള തൊട്ടടുത്ത വാക്യംതന്നെ. അതുടൻ തൊടുത്തുവിട്ടു: "അപ്പംകൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നത് കർത്താവിന്റെ നാവിൽ നിന്നുവരുന്ന ഓരോ അരുളുകൊണ്ടുമാണ്."

എന്നാലും തോറ്റു പിന്മാറുകയോ! താൻ ദൈവപുത്രനാണെന്ന സ്വയാവബോധം യേശുവിനുണ്ടോ എന്നു പരീക്ഷിച്ചറിയേണ്ടത് അവന്റെ ആവശ്യമാണ്. അതിനായി യേശുവിനെ വഴിതെളിച്ചു.

ഇത്തവണ എത്തിച്ചത് ദേവാലയപ്രാന്തത്തിലുള്ള ഉയരം കൂടിയ ഒരു മലയുടെ നെറുകയിൽ. അവിടെ നിന്നു നോക്കിയാൽ പ്രൗഢികൾ നിറഞ്ഞ മഹാനഗരം കാണാം. അവയിലെ ഓരോ പ്രതാപവും ചൂണ്ടിക്കാട്ടി അവൻ മുരണ്ടു.

"നോക്കൂ! ഈ സമസ്തപ്രതാപങ്ങളുടെയും അധിപൻ ഞാനാണ്. ഇതെല്ലാം നിനക്കു ഞാൻ തരാം. ഒന്നുമാത്രം ചെയ്താൽ മതി. എന്നെ നീ ഒന്ന് ആരാധിക്കണം."

അതുകേട്ട ക്ഷണം യേശുവിന്റെ ചിന്തയിൽ അങ്കുരിച്ചത് ഏശയ്യായുടെ പുസ്തക ഭാഗം. 'ഇസ്രയേലിന്റെ ദൈവമേ, അങ്ങുമാത്രമാണ് എല്ലാ രാജ്യങ്ങളുടെയും ദൈവം' പിന്നെ ശകാരമിഴികളുയർത്തി അവന്റെ നേരെ തിരിഞ്ഞ് ആജ്ഞാപിച്ചു: "സാത്താനേ, ദൂരെപോകൂ."

രണ്ടടി കിട്ടിയിട്ടും പിന്തിരിയാൻ കൂട്ടാക്കാത്ത ഭീകരൻ. ഇപ്പോൾ ആനയിക്കുന്നത് മോറിയാമലയുടെ ഉച്ചിയിൽ ജറുസലേം ദേവാലയത്തിന്റെ ഉത്തുംഗമായൊരു ഗോപുരമുകളിൽ. ശലോമോന്റെ മണ്ഡപവും രാജകീയ മണ്ഡപവും ചേരുന്ന മൂലയിൽ നിന്നും പടുത്തുയർത്തിയ അംബര ചുംബിയായ ഗോപുരം. നേരെ താഴെ അത്യഗാധമായ കെദ്രോൺ തോടും അതിന്റെ ഭയാനകമായ താഴ്ചയും. പുറംമതിലിന്റെ തെക്കുപടിഞ്ഞാറുള്ള ഈ ഗോപുരാഗ്രത്തിൽ നിന്നും അത്യഗാധമായ കെദ്രോൺ താഴ്വരയിലേയ്ക്കു നോക്കിയാൽ തല ചുറ്റിപ്പോകും.

ഇവിടെയും പഴയനിയമ പുസ്തകം തന്നെ ഉദ്ധരിക്കാനാണു ഭീകരന്റെ പദ്ധതി. സങ്കീർത്തന ഭാഗം ഓതി പ്രലോഭിപ്പിച്ചു.

"നീ ദൈവപുത്രനെങ്കിൽ ഇവിടെ നിന്നും താഴേക്കു ചാടുക. നിനക്കൊരു കുഴപ്പവും വരാത്തവണ്ണം ദൂതന്മാർ നിന്നെ താങ്ങിക്കൊള്ളും എന്നെഴുതപ്പെട്ടിരിക്കുന്നുവല്ലോ."

പെസഹാതിരുനാളിനു തിങ്ങിക്കൂടിയ ജനലക്ഷങ്ങളാണു താഴെ.



www.malankaralibrary.com

അവരുടെ മുമ്പിൽ ഒരു പോറലുപോലും ഏൽക്കാതെ ഇത്ര ഉയരത്തിൽ നിന്നും ഒരഭ്യാസിയെപ്പോലെ ചാടി മാലോകരെ അത്ഭുതം കൊള്ളിക്കുക! ചിലപ്പോൾ ജനം അക്കാരണത്താൽ തന്നെ രാജാവായി വാഴിക്കും! ഇത്തരം ചിന്തകളാൽ ഇത്തവണ യേശു വഴിപ്പെടും എന്നാശിച്ച് അവൻ കാത്തു നിന്നു.

എന്നാൽ വേദവാക്യത്താൽത്തന്നെ യേശു ആജ്ഞാപിച്ചു: "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നുകൂടി എഴുതപ്പെട്ടിരിക്കുന്നു."

ഇനി ഒരു പരീക്ഷണത്തിനു കെല്പില്ലാതായിരിക്കുന്നു. അത്ഭുതങ്ങളും സാഹസികതകളും കാട്ടുന്ന അതിശക്തനായ ഭരണാധിപനെയാണ് താൻ ക്രിസ്തുവിൽ പ്രതീക്ഷിച്ചത്. ഇവനാണു ക്രിസ്തു എങ്കിൽ, ശക്തന്മാരായ റോമാക്കാരുടെ ഭരണനുകത്തിൽ നിന്നും ഇസ്രയേൽ ജനത്തെ രക്ഷിക്കുന്നതെങ്ങനെയാണ്? പക്ഷേ ആ ശകാരഭാവം കണ്ട് നടുങ്ങി, മറ്റൊന്നും ചിന്തിക്കാതെ അവൻ പാഞ്ഞൊളിച്ചു.

ക്ഷീണിതനെങ്കിലും കൊടും തപസിനാൽ നേടിയ അജയ്യ ശക്തിയോടെ മലയിറങ്ങി, യൂദാ മരുഭൂമിയിലൂടെ നടന്ന് ജോർദ്ദാൻ നദീതീരത്തു തന്നെ വന്നു. ശാരോനിൽ പൊന്നുഷസ്സിൽ വിരിഞ്ഞ പനിനീർപൂവു പോലെ പ്രശോഭിതനായ യേശുവിനെ കണ്ടമാത്രയിൽ സ്നാപകൻ തന്റെ ശിഷ്യരെ വിളിച്ചുകൂട്ടി സാക്ഷ്യപ്പെടുത്തി: "ഇതാ! ലോകത്തിന്റെ പാപഭാരം മുഴുവൻ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്."

പാപപരിഹാര ബലിക്കായി ദേവാലയത്തിലേക്കു വഴിതെളിക്കുന്ന പെസഹാക്കുഞ്ഞാടിന്റെ രോദനം ശിഷ്യഹൃദയങ്ങളിൽ അപ്പോൾ മാറ്റൊലിക്കൊണ്ടു. അതിന്റെ ഭയാനകമായ മുഴക്കത്തിൽ പ്രകമ്പിതമായ ഹൃദയങ്ങളോടെ അഭൗമമായ ആ തേജസിൽ മിഴികളൂന്നി അവർ അങ്ങനെ നിന്നുപോയി.



www.malankaralibrary.com

## ഏഴ്

ആദ്യം ഓടിയെത്തിയത് സെബദിയുടെ ഇളയമകൻ യോഹന്നാൻ. നനുത്ത ചെമ്പൻമീശയുള്ള ഇരുപതുകാരൻ. പെൺകിടാവിന്റെ സുന്ദര നിർമ്മലമുഖമുള്ള അവൻ ഗുരുവിനെ കൊതിതീരാതെ നോക്കി നിന്നു. സ്നാപകന്റെ ശിഷ്യത്വം വിട്ട് യേശുവിന്റെ കാന്തവലയത്തിലേയ്ക്ക് പിടിച്ചടുപ്പിക്കപ്പെട്ടവരിൽ അവന്റെ ജ്യേഷ്ഠൻ യാക്കോബുമുണ്ട്. പിന്നെ ജ്യേഷ്ഠാനുജന്മാരായ ശിമയോനും അന്ത്രയോസും കൂടെയുണ്ട്. എല്ലാവരും മുക്കുവർ. അവർ ആ വിളികേട്ടതു ഗലീലാ കടൽത്തീരത്തു വച്ചാണ്.

"എന്റെ പിന്നാലെ വരുവിൻ, നിങ്ങളെ ഞാൻ മനുഷ്യരെ പിടിക്കുന്നവരാക്കും."

ആർദ്രമെങ്കിലും നിശ്ചയദാർഢ്യം സ്ഫുരിക്കുന്ന സ്വരം. അതിന്റെ അർത്ഥമെന്താണെന്ന് ഗ്രഹിക്കാൻ കഴിഞ്ഞില്ല. എങ്കിലും മീൻ വല വലിച്ചെറിഞ്ഞ് വള്ളവും വിട്ട് ആ സ്വരത്തിനു പിന്നാലെ കുതിക്കുകയായിരുന്നല്ലോ. അപ്പനായ സെബദി എതിർത്തിരുന്നെങ്കിൽ പോലും പിന്തിരിയാനാവാത്ത മനോനിലയായിരുന്നല്ലോ യാക്കോബിനും യോഹന്നാനും. ഇവരിൽ അന്ത്രയോസും യോഹന്നാനും ജോർദ്ദാൻ നദിയോരത്തു യേശു പാർത്തിരുന്ന കച്ചിക്കുടിലുകളിൽ താമസിച്ചിട്ടുണ്ട്. കൃഷിക്കാരുടെ കാവൽപ്പുര പോലുള്ള ഒന്നിൽ. സ്നാപകനെക്കാൾ അത്യുജ്ജ്വലമായൊരു കർമ്മകാണ്ഡമാണീ ദിവ്യമൂർത്തിയെന്ന് അപ്പോൾതന്നെ വ്യക്തമായി. താനറിഞ്ഞ സത്യം കൂടെപ്പിറപ്പായ ശീമോനെ അറിയിക്കാതെ അന്ത്രയോസിന് ഇരിപ്പുറയ്ക്കാത്ത അവസ്ഥ. അറിഞ്ഞ ഉടൻ ശിമയോനും കൂടെപ്പോന്നു. തന്റെ പിന്നാലെ വന്ന ശിമയോന്റെ നേരെ യേശു തിരിഞ്ഞു. അവനെ സൂക്ഷിച്ചു നോക്കി. എന്നിട്ടു പ്രവചിച്ചു:

"യോനായുടെ പുത്രനായ ശിമയോനെ, നീ കേപ്പാ എന്നു വിളിക്കപ്പെടും."

അതുകേട്ട് സകലർക്കും കൗതുകം. അങ്ങനൊരു പേര് ആർക്കും ഇന്നോളം അവർ കേട്ടിട്ടില്ല. പഴയനിയമത്തിലെങ്ങും അങ്ങനൊരു പേരില്ല.



www.malankaralibrary.com

മാത്രമല്ല, 'കേപ്പാ' എന്ന അരമായ വാക്കിന്റെ അർത്ഥം 'പാറ'എന്നാണല്ലോ. ഇങ്ങനൊരു പേര് തനിക്കെന്തിന് എന്ന മട്ടിൽ ശിമയോൻ നിന്നു. താനൊരു എടുത്തു ചാട്ടക്കാരനാണെന്നത് സത്യം. പക്ഷേ, പാറ എന്നൊക്കെ വിളിക്കത്തക്ക തരത്തിൽ താനൊരു കഠിന ഹൃദയനൊന്നുമല്ല.

കൂട്ടത്തിൽ പീലിപ്പോസും ഉണ്ട്. ബെത്സയ്ദാ തന്നെയാണ് അവന്റെയും സ്വദേശം. യേശുവിന്റെ വ്യക്തിപ്രഭാവത്തിൽ മതിമറന്ന് ഈ പീലിപ്പോസാണ് തന്റെ കൂട്ടുകാരൻ നഥാനിയേലിന്റെ പക്കലേയ്ക്കു കുതിച്ചു പാഞ്ഞത്. നഥാനിയേൽ സ്വന്തം നാടായ കാനാവിൽ നിന്നും ജറുസലേമിലേയ്ക്കുള്ള വഴിയാത്രയിൽ അത്തിമരത്തണലിൽ എന്തോ ചിന്തിച്ചിരുന്നശേഷം നടന്നുവരവേയാണ് പീലിപ്പോസ് ഓടിച്ചെന്നത്. കിതപ്പോടും അടക്കാനാവാത്ത ആവേശത്തോടും പറഞ്ഞു:

"പഴയനിയമത്തിൽ പ്രവാചകന്മാർ പ്രവചിച്ചവനെ ഞങ്ങൾ കണ്ടു, യൗസേഫിന്റെ പുത്രനായ നസ്രത്തുകാരൻ യേശുവിനെ"

പക്വമതിയും ശാന്തനുമായ നഥാനിയേൽ അതുകേട്ടൊന്നുണർന്നു. സത്യത്തിൽ മരച്ചോട്ടിലിരുന്നു താൻ ചിന്തിച്ചതുതന്നെ ഈ വിഷയമായിരുന്നല്ലോ. പക്ഷേ ക്രിസ്തുവിനെക്കണ്ടെന്നു വീമ്പിളക്കി ജനത്തെ അനേകർ കബളിപ്പിച്ച കാര്യവും നഥാനിയേലിനറിയാം. അതിനാൽ സംശയത്തോടെയാണു പ്രതികരിച്ചത്.

"ക്രിസ്തുവിനെപ്പറ്റിയോണോ നീ പറയുന്നത്?"

"അതേ.... അതേ...."

"പക്ഷേ, നസ്രത്തിൽ നിന്ന് വല്ല നന്മയും വരുമോ? പഴയനിയമത്തിൽ എഴുതിയിരിക്കുന്നത് ക്രിസ്തു നസ്രത്തിൽ നിന്നല്ല, ബേത്ലഹേമിൽ നിന്നുവരും എന്നാണല്ലോ."

'നസ്രത്ത്' എന്ന പേര് വേദഗ്രന്ഥങ്ങളിലൊരിടത്തും എഴുതപ്പെട്ടിട്ടില്ല. മാത്രമല്ല, ആൾപ്പാർപ്പില്ലാത്ത അവഗണിക്കപ്പെട്ട സ്ഥലവും.

നഥാനിയേലിന്റെ സംശയം തുടർന്നു, "അതുമാത്രമല്ല പീലിപ്പോസേ, ക്രിസ്തു ദൈവത്തിന്റെ പുത്രനല്ലേ? പിന്നെങ്ങനാ യൗസേഫിന്റെ പുത്രനാകുന്നത്?"

"എന്റെ പൊന്നു കൂട്ടുകാരാ, ഒന്നു വന്നു കാണ്. എന്നിട്ടു പറ."



www.malankaralibrary.com

കടുത്ത നിർബന്ധത്താലാണ് നഥാനിയേൽ യേശുവിന്റെ പക്കലേയ്ക്കു നടന്നടുത്തത്.

കണ്ടനിമിഷത്തിൽ യേശു അവനെ സാക്ഷ്യപ്പെടുത്തി: "ഇതാ! നിഷ്ക്കളങ്കനായ സാക്ഷാൽ ഇസ്രായേല്യൻ."

ഈ മുഖസ്തുതി കേട്ട് നഥാനിയേലിനു പ്രത്യേകിച്ചൊന്നും തോന്നിയില്ല. എങ്കിലും ചോദിച്ചു: "താങ്കൾ എന്നെ അറിയുമോ? എങ്ങനെ? എവിടെവച്ച്?"

"പീലിപ്പോസ് നിന്നെ വിളിക്കും മുമ്പ് നീ അത്തിയുടെ ചുവട്ടിലിരുന്നപ്പോൾ നിന്നെ ഞാൻ കണ്ടു."

നഥാനിയേൽ നടുങ്ങിപ്പോയി. ആരും യേശുവിനോടിതു പറഞ്ഞതല്ലെന്ന് അവനുറപ്പുണ്ട്. മറഞ്ഞിരിക്കുന്നതെന്തും അറിഞ്ഞുകൊണ്ടിരിക്കുന്ന മഹാ ജ്ഞാനിയുടെ മുമ്പിൽ നഥാനിയേലിന്റെ കാലുകൾ മടങ്ങി. തേങ്ങൽപോലെ വിറയാർന്നൊരു ഉച്ചസ്വരം ആ കണ്ഠത്തിൽനിന്നുയർന്നു. പരിസരം പോലും മറന്ന ആവേശശബ്ദം: "റബ്ബീ, അങ്ങു ദൈവപുത്രനാണ്. ഇസ്രായേലിന്റെ രാജാവാണ്."

അന്നുമുതൽ നഥാനിയേലും ശിഷ്യവൃന്ദത്തിൽപ്പെട്ടു. അങ്ങനെയിരിക്കെ ഒരു ദിവസം അയാൾ യേശുവിനോടു ചോദിച്ചു: "കാനാവിലെ കല്യാണത്തിനു നമ്മെ ക്ഷണിച്ചിട്ടുണ്ടല്ലോ. പോകേണ്ടേ ഗുരോ?"

സ്വദേശമായ കാനാവിലേക്കു മടങ്ങിച്ചെല്ലുക നഥാനിയേലിനു സന്തോഷകരമാണ്. യേശു എതിർത്തില്ല. കാരണമുണ്ട്. താനും ശിഷ്യരും അതിലേയ്ക്കു ക്ഷണിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല ഇരുപത്താറു കൊല്ലങ്ങൾക്കു മുമ്പ് മുതൽ താൻ ജീവിച്ചു പോന്ന നസ്രത്തിനോടടുത്ത ഗ്രാമമാണ് കാനാ. കൃത്യമായി പറഞ്ഞാൽ അവിടെ നിന്നും നാലു മൈൽ വടക്കുപടിഞ്ഞാറുള്ള ചെറിയഗ്രാമം. വിവാഹം തന്റെ ഒരു ബന്ധുവിന്റേതാണു താനും. അതിനാൽ നിശ്ചയമായും അമ്മയും അവിടെയുണ്ടാകും.

ജറുസലേമിൽ നിന്നു പോകുമ്പോൾ നസ്രത്തു കഴിഞ്ഞാണു കാനാ. രണ്ടുമാസത്തിനു ശേഷം സ്വഭവനത്തിൽ ആദ്യമായി എത്തുകയാണ്. പുല്ലുമേഞ്ഞ വീട്ടിൽ ആരുമില്ല. അമ്മ കല്യാണ വീട്ടിലേയ്ക്കു മുൻകൂട്ടി പോയിരിക്കും. തന്നാൽ കഴിയുന്ന എന്തുസഹായവും ചെയ്യാൻ അമ്മയ്



www.malankaralibrary.com

ക്കു വലിയ ഉത്സാഹമാണല്ലോ.

കൊട്ടിയടച്ച വീടിന്റെ ജനലഴികളിലൂടെ യേശു ഉള്ളിലേക്കു നോക്കി. അപ്പന്റെ ആശാരിപ്പുര നിർജ്ജീവം. വിശ്രമമറിയാത്ത കഠിനാദ്ധ്വാനം മൂലമല്ലേ ഇത്ര വേഗം അദ്ദേഹം മൺമറഞ്ഞത്. ഉളിയും ഈർച്ചവാളും മറ്റും തുരുമ്പിച്ചുകിടക്കുന്നു. പാതി പണിതീർത്ത കലപ്പയും കട്ടിലുമൊക്കെ അതേപടി പൊടി പിടിച്ചും.

ചിന്താഭാരത്തോടെ യേശു പിന്തിരിഞ്ഞു.

നേരെ ഇനി കാനാവിലേക്ക്. വഴിയാത്രയിലും നിശ്ശബ്ദനായിരുന്നു. കാനാവിലെ ബന്ധുവീട്ടിലെത്തുമ്പോൾ അവിടെ ആഹ്ലാദത്തിന്റെ വേലിയേറ്റം. സകലരും തിരക്കിലാണ്. പന്തലിൽ ഇരിപ്പിടങ്ങൾ സജ്ജം. കൈകഴുകാൻ കൽഭരണികളിൽ ജലം നിറച്ചു. അതിഥികൾ എത്തിക്കൊണ്ടിരിക്കുന്നു. കൈകഴുകി പീഠങ്ങളിലമർന്ന അവരുടെ മുമ്പിലെ പാത്രങ്ങളിലേയ്ക്കു വീഞ്ഞൊഴിക്കുന്ന വിളമ്പുകാർ. കലവറക്കാര്യങ്ങളുടെ ചുമതലയിൽ മുഴുകി മറിയം അകത്താണ്.

നീല അങ്കി തോളിലിട്ട് അതിന്റെ മറ്റേത്തുമ്പു വലിച്ചു തലയിലേയ്ക്കിട്ട് യേശുവും ശിഷ്യസമേതം പന്തിയിലെത്തി. മുൻനിരയിൽ പീഠങ്ങൾ യഥേഷ്ടം. അതിലിരിക്കാൻ തിടുക്കം കാട്ടിയ ശിഷ്യരെ ഉപദേശിച്ചു.

"പ്രധാനപീഠങ്ങളിൽ ആദ്യമേ കയറി ഇരിക്കരുത്. അങ്ങനെ ചെയ്താൽ വീട്ടുകാരൻ വന്ന് അതു മറ്റുള്ളവർക്കായി ഒരുക്കിയിട്ടിരിക്കുന്ന ഇരിപ്പിടങ്ങളാണ് എന്നു പറഞ്ഞ് നിങ്ങളെ പിന്നിലേയ്ക്കു മാറ്റി ഇരുത്താം. അങ്ങനെ പൊതുജന സമക്ഷം അപഹാസ്യരാകാതിരിക്കാൻ ആദ്യമേ തന്നെ അപ്രധാന പീഠങ്ങളിലിരിക്കുക. അപ്പോൾ ഗൃഹനാഥൻ വന്ന് നിങ്ങളെ മുൻനിരയിലേയ്ക്ക് ആനയിച്ചേക്കാം. അപ്പോൾ നിങ്ങൾ ബഹുമാന്യരാകും."

ഒരു മൂലയിൽക്കിടന്ന ഇരിപ്പിടങ്ങളിൽ അവർ ചെന്നിരുന്നു. കലവറയുടെ തുറന്ന ജനാലവഴി മറിയം സ്വപുത്രനെ കണ്ടു. കണ്ടമാത്രയിൽ മിഴികൾ തുളുമ്പിപ്പോയി. കലവറച്ചുമതല ആരെയോ ഏൽപ്പിച്ച് ഞൊടിയിടയ്ക്കുള്ളിൽ പുത്രസവിധത്തിലെത്തി. ക്ഷീണിച്ചു വളറിപ്പോയ അമ്മയെ യേശുവിന്റെ ശാന്തമായ നീലമിഴികൾ കണ്ടു. ശിരസിൽ നരയുടെ വെള്ളിവള്ളികൾ പതുക്കെ പടർന്നു കയറുന്നു. വിധിയുടെ വാൾ മുനക്കുത്തേറ്റു തുളഞ്ഞ ആ മാതൃഹൃദയം തനിക്കു കാണാം. പക്ഷേ എല്ലാം അനുഭവിച്ചേ



www.malankaralibrary.com

പറ്റൂ. കയ്പുനീരിന്റെ അവസാന തുള്ളിവരെയും നുണഞ്ഞിറക്കിയേ പറ്റൂ.

എങ്കിലും പുത്രനെ ഓർത്ത് അമ്മയ്ക്ക് ആനന്ദമേയുള്ളൂ. താൻ നിനച്ചിരുന്നതു മാത്രമേ പുത്രനിൽ ഇന്നോളം സംഭവിച്ചിട്ടുള്ളു. മകനെ വീണ്ടും കാണാമെന്ന പ്രതീക്ഷയോടെ മറിയം കലവറയിലേയ്ക്കു പോയി. പന്തലിലിരുന്നവർ പലരും യേശുവിനെ തിരിച്ചറിഞ്ഞു. ചിലർ അവജ്ഞ യോടെ മുഖം തിരിച്ചു പിറുപിറുത്തു: "പാവം തള്ളയെ കഷ്ടപ്പെടുത്തുന്ന ഒറ്റപ്പുത്രൻ! അപ്പനോ മരിച്ചു, തള്ളയ്ക്കു ദുരിതം കൊടുത്ത് വീടുപേക്ഷിച്ച് തെണ്ടിനടക്കുവാ ഇവൻ."

മറ്റു ചിലർ ഓടിവന്നു. ക്ലെയോഫാവും മറിയവും മറ്റും. മറിയത്തിന്റെ സഹോദരിയും ഭർത്താവുമാണ്. അവരുടെ മക്കളും കൂടെയുണ്ട്. ബന്ധു വായ യേശുവിനെ അവർ പുഞ്ചിരിയോടെ വരവേറ്റു.

പന്തലിൽ തീറ്റിയും കുടിയും തിമിർത്തു നടക്കുകയാണ്. ക്ഷണിക്ക പ്പെട്ട ഇടത്തരക്കാർക്കും പാവങ്ങൾക്കും ഇഷ്ടംപോലെ വീഞ്ഞുകുടിക്കാൻ കിട്ടുന്ന അസുലഭാവസരം.

ഏറെ വൈകിയില്ല, മറിയം അതാ, തിരിച്ചോടിവരുന്നു. ഉൽകണ്ഠാകു ലമായ മുഖം. മകന്റെ മുമ്പിൽ വന്നു നിന്നു പറഞ്ഞു: "വീഞ്ഞു മുഴുവൻ തീർന്നുപോയി. അടുത്ത പന്തിയിൽ വിളമ്പാൻ ഒട്ടുമില്ല."

ആളുകൾ ധാരാളമായി വന്നുകൊണ്ടിരിക്കുന്നു. അതുകണ്ട് പരി ഭ്രാന്തിയോടെ നെട്ടോട്ടമോടുകയാണ് വീട്ടുകാരൻ. ഇനി ആരുടെയെല്ലാം കുത്തുവാക്കുകൾ അയാൾ കേൾക്കണം.

യേശുവിനറിയാം, മറിയം തന്നിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നു. ഇവർക്കാവശ്യമായ വീഞ്ഞ് ഉണ്ടാക്കിക്കൊടുക്കണമത്രേ. എങ്ങനെ? ഒരമാനുഷിക കർമ്മത്തിലൂടെയോ?

പക്ഷേ അത്തരമൊരു സാക്ഷീകരണത്തിനു സമയമായിട്ടുണ്ടോ? തനിക്കു വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാൻ അദ്ദേഹത്തിന്റെ പ്രവർത്തികളിൽനിന്നും ഇനിയും വിരമിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തന്റെ ദൗത്യം ആരംഭിക്കുന്നതെങ്ങനെ?

മറിയത്തോടിതു തുറന്നു പറയുകയും ചെയ്തു: "നമുക്കിതിൽ എന്തു കാര്യം, അമ്മേ? എന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ല."

സമചിത്തതയോടുതന്നെ അമ്മ അതുകേട്ടു. പതിനെട്ടുകൊല്ലംമുമ്പ്



www.malankaralibrary.com

മകനെ കാണാതെപോയ സംഭവം അവൾ പെട്ടെന്നോർത്തു. "എന്റെ പിതാവിന്റെ വീട്ടിൽ കഴിയേണ്ടവനല്ലേ ഞാൻ" എന്നു തടസ്സം പറഞ്ഞ് തന്നെ ആദ്യം നിരാശപ്പെടുത്തി. പക്ഷേ, തൊട്ടടുത്ത നിമിഷം ദേവാലയത്തിലെ പണ്ഡിതസഭ വിട്ട് തന്റെ കൂടെ തിരിച്ചുവന്ന് എത്ര വിധേയപൂർവ്വമാണ് ജീവിച്ചത്. അതുപോലെ ഇത്തവണയും മകൻ തന്റെ അഭ്യർത്ഥനയെ മാനിക്കുക തന്നെ ചെയ്യും.

അതിനാൽ കരളുറപ്പോടെ പിന്നിൽ നിൽക്കുന്ന വേലക്കാരോട് അവൾ പറഞ്ഞു: "യേശു നിർദ്ദേശിക്കുന്നതുപോലെ നിങ്ങൾ ചെയ്തുകൊള്ളണം."

അവൾ പിന്നവിടെ നിന്നില്ല. ഉറച്ച കാൽവയ്പോടെ കലവറയിലേയ്ക്കു പോയി.

പന്തലിന്റെ വെളിയിൽ ഒഴിഞ്ഞിരിക്കുന്ന കുറേ കൽഭരണികൾ യേശു കണ്ടു. എന്തും അനുസരിക്കാൻ തയ്യാറായി മുമ്പിൽ കാത്തുനില്ക്കുന്ന വേലക്കാരോട് തുടർന്ന് ആവശ്യപ്പെട്ടു: "അവയിൽ വെള്ളം നിറയ്ക്കുക."

അവർ പാഞ്ഞുചെന്ന് തൊട്ടികളിൽ വെള്ളം കോരി ഭരണികളിൽ നിറച്ചുതുടങ്ങി. മൂന്നര അടിയോളം ഉയരമുള്ള ആറുകൽഭരണികളിൽ ജലം തുളുമ്പി.

മൂലയിൽ നിന്നും യേശു എഴുന്നേറ്റു. വീടിന്റെ പുറകിലൂടെ നടന്ന് പന്തലിന് വെളിയിലുള്ള നിറഭരണികളുടെ മുമ്പിൽ നിന്നു. വക്കോളം തുളുമ്പിയ പച്ചവെള്ളത്തിൽ യേശുവിന്റെ ചുവന്ന മുഖം പ്രതിഫലിച്ചു. ജലമാസകലം ആ അരുണാഭ ഏറ്റുവാങ്ങി. വീഞ്ഞിന്റെ നറുമണം ഉയർന്നു. നിറമോ മണമോ രുചിയോ ഇല്ലാത്ത പച്ചവെള്ളം അതെല്ലാം നിറഞ്ഞ തുടുടു മുന്തിരിച്ചാറായി മാറി.

പച്ചവെള്ളത്തിന്റെ ഭാവപ്പകർച്ച കണ്ട് അന്തംവിട്ട പരിചാരകർ അതല്പം കോരിയെടുത്ത് കലവറക്കാരന്റെ അടുത്തേയ്ക്കു പാഞ്ഞു. അയാളത് രുചിച്ച് വീട്ടുകാരനെ നോക്കി ആശ്ചര്യം കൂറി: "ആഹാ! ഒന്നാന്തരം വീഞ്ഞ്. ഇതങ്ങ് സൂക്ഷിച്ചു വച്ചിരുന്നല്ലോ."

വിസ്മയം പൂത്ത മിഴികളോടെ നിൽക്കുന്ന ശിഷ്യരുമായി യേശു ഉടൻതന്നെ കാനായുടെ പടിയിറങ്ങുകയാണ്. പുറപ്പെട്ടിടത്തേയ്ക്കു തന്നെ തിരിച്ചു പോകണമെന്നാണു വിചാരം; പരിശുദ്ധനഗരയിലേയ്ക്ക്. ഇപ്പോൾ തിരിച്ചാൽ മാത്രമേ തിരുനാൾ തീരും മുമ്പ് ദേവാലയത്തിൽ എത്താൻ



www.malankaralibrary.com

കഴിയുകയുള്ളൂ. ഇവിടേയ്ക്കു തിരിക്കുമ്പോൾ അവിടെ പെസഹാപ്പെരുനാളിന്റെ ഒരുക്കങ്ങൾ ആരംഭിച്ചിരുന്നു. പലതവണ തിരുനാളിൽ പങ്കെടുത്തിട്ടുണ്ട്. എങ്കിലും ഇത്തവണത്തെ പെരുനാൾ, തന്നെ സംബന്ധിച്ച് വളരെ പ്രധാനം; പരസ്യ രംഗപ്രവേശനത്തിനു ശേഷമുള്ള ആദ്യത്തെ പെസഹാ എന്ന നിലയിൽ. സ്വപിതാവിന്റെ ഭവനത്തിലേക്കുള്ള ഏകപുത്രന്റെ ആദ്യ പരസ്യ പ്രവേശമാണിത്.

ഇത്തവണയും എല്ലാം പതിവുദൃശ്യങ്ങൾ. മരങ്ങൾ ഇടതൂർന്നു പന്തലിച്ച വഴികൾ. അവയുടെ തണലിൽ നിന്ന് കരങ്ങൾ നീട്ടിവിരിച്ച് ഉച്ചത്തിൽ വിളിച്ചു കരഞ്ഞു പ്രാർത്ഥിക്കുന്ന ഫരിസേയ പ്രമാണിമാർ. അദൃശ്യനായവനെയല്ല ദൃശ്യരായവരെ ബോദ്ധ്യപ്പെടുത്തുകയാണവരുടെ ലക്ഷ്യം.

പുറത്തുള്ള ബഹളങ്ങളൊക്കെ കേട്ടില്ലെന്നു വയ്ക്കാം. പക്ഷേ ദേവാലയത്തിലേക്കു കടന്നാലോ! ലോകം കണ്ട ഏറ്റം വലിയ ചന്തയായി ദേവാലയാന്തരം മാറ്റപ്പെട്ടിരിക്കുന്നു. അതോ, പുറന്തള്ളപ്പെട്ട വിജാതീയരുടെ മണ്ഡപത്തിൽ. ഹീനവർഗ്ഗമെന്നു യഹൂദർ മുദ്രകുത്തിയിട്ടുള്ള പുറജാതിക്കാർക്ക് ദേവാലയത്തിനുള്ളിൽ സ്ഥാനമില്ല. അവർക്കുവേണ്ടി ഏറ്റം പുറകിൽ ഒഴിച്ചിട്ടിരിക്കുന്ന അതിവിശാലമായ മണ്ഡപമാണിത്. പൊതുവേ അബലരും പാവങ്ങളുമായ പുറജാതികളെ ആട്ടിപ്പായിച്ച് അതൊരു ബലിമൃഗച്ചന്തയാക്കി മാറ്റിയിരിക്കുന്നു.

ചാണകം ചവിട്ടിക്കുഴയ്ക്കുന്ന കാളക്കൂറ്റന്മാരുടെ മുക്ര. ആട്ടിൻ പറ്റത്തിന്റെ ഒടുങ്ങാത്ത രോദനം. എങ്ങും അസഹ്യമായ നാറ്റം. നാണയമാറ്റക്കാരും തിങ്ങിക്കൂടിയിട്ടുണ്ട്. അന്യനാടുകളിൽ നിന്നെത്തുന്നവരുടെ കയ്യിൽ രൂപങ്ങൾ പതിച്ച നാണയങ്ങളാവും ഉള്ളത്. രൂപങ്ങളെ വെറുക്കുന്ന യഹൂദർ അത്തരം നാണയങ്ങൾ ദേവാലയഭണ്ഡാരത്തിലേയ്ക്കു സ്വീകരിക്കില്ല. അതു മാറ്റി ആവശ്യമായ പാലസ്തീനാനാണയം കൊടുക്കുകയാണ് നാണയമാറ്റക്കാരുടെ തൊഴിൽ.

എല്ലാം കൊള്ളലാഭം കിട്ടുന്ന കച്ചവടം. മഹാപുരോഹിതൻ അന്നാസിന്റെ പിൻബലത്തോടെയുള്ള തോന്ന്യാസങ്ങളാകയാൽ ഇതിനെതിരെ വിരൽ ചൂണ്ടാൻ ആർക്കുണ്ടു ധൈര്യം!

പക്ഷേ, യേശുവിനിതു സഹിക്കാനാവില്ല. ഭൂമിയിൽ പരമപരിശുദ്ധസ്ഥലമെന്നു യഹൂദർ കരുതുന്ന ജറുസലേം ദേവാലയം. പിതാവിന്റെ ഭവനമായി താൻ ഗണിക്കുന്ന ഈ ദേവാലയം ഇന്നിതാ കൊള്ളക്കാരുടെ



www.malankaralibrary.com

ഗുഹയാക്കിത്തീർത്തിരിക്കുന്നു. നീതിയുടെ ജിഹ്വയായ ജറമിയാ പ്രവാചകൻ ജനിച്ച ഈ ജറുസലേമിൽ നടമാടുന്ന ഈ വേദപണ്ഡിതാഹങ്കാരം എത്രയോ കൊല്ലങ്ങളായി താൻ കാണുകയാണ്. ഇനി ഇതു കണ്ടില്ലെന്നു നടിക്കാനാവുമോ!

ആത്മനൊമ്പരവും കടുത്ത രോഷവും കത്തിയെരിയുന്ന ഉയിരോടെ മുന്നോട്ടൊരു കുതിപ്പായിരുന്നു പിന്നെ. കയ്യിൽ കിട്ടിയത് കനത്തു നീണ്ടൊരു കയർ. ക്ഷണത്തിൽ അതു രണ്ടു മടക്കാക്കി കയ്യിലുയർത്തി. കച്ചവടത്തളത്തിലേയ്ക്കു പാഞ്ഞു കയറി വായുവിൽ കയർ ആഞ്ഞു ചുഴറ്റി കടുത്തഭാഷയിൽ ആജ്ഞാപിച്ചു: "എന്റെ പിതാവിന്റെ ഭവനം സമസ്ത ജനത്തിനും പ്രാർത്ഥനാലയമാണെന്ന് എഴുതപ്പെട്ടിട്ടില്ലേ?"

അപ്രതിരോധ്യ പ്രകടനമായിരുന്നു പിന്നെ.

മണ്ഡപത്തൂണുകളിൽ കെട്ടിനിർത്തിയിരുന്ന ബലിമൃഗങ്ങളെ കെട്ടഴിച്ചോടിച്ചു. അവ വിരണ്ട് അമറി നാലുപാടും പാഞ്ഞു. അവയുടെ ഇഴഞ്ഞോടുന്ന കയറിൽ തൂങ്ങി കച്ചവടക്കാരും പാഞ്ഞു. മേശമേൽ നിരനിരയായി കുന്നു കൂട്ടിവച്ച നാണയക്കൂമ്പാരത്തിലേക്ക് ചാട്ട ആഞ്ഞുപതിഞ്ഞു. ചിതറിത്തെറിച്ച നാണയങ്ങൾ കിലുകിലാരവത്തോടെ കൊറീന്ത്യൻ ശിലാനിർമ്മിത തറകളിൽ വീണ് പൊട്ടിക്കരഞ്ഞു. "അയ്യോ" എന്നുറക്കെ വിളിച്ച് കച്ചവടക്കാർ മേശമേൽ ശേഷിച്ച നാണയങ്ങൾ പെട്ടെന്നു തൂത്തുവാരി ചാക്കുകളിലാക്കാൻ തുടങ്ങവെയാണ് അടുത്ത ആക്രമണം. കാലുയർത്തി മേശകളിൽ ആഞ്ഞൊരു തള്ള്! നടുക്കുന്ന മുഴക്കത്തോടെ അവ നാണയത്തോടൊപ്പം വീണടിഞ്ഞു. എണ്ണക്കച്ചവടക്കാരുടെ എണ്ണത്തുരുത്തികൾ പൊക്കിയെടുത്ത് താഴേക്കിട്ടു. 'ബ്ലും' എന്നൊരാരവത്തോടെ അവ ഭേദിച്ച് മിനുസത്തറയിൽ എണ്ണ പരന്നൊഴുകി. എണ്ണയുടെ വാസന, ചാണകഗന്ധത്തെയും അതിജീവിച്ച് അവിടെങ്ങും നിറഞ്ഞു. ബഹളത്തിനിടയിൽ അടിയേൽക്കാതെ രക്ഷപ്പെടാൻ പരിഭ്രമത്തോടെ ചാടിയിറങ്ങിയ കച്ചവട സംഘം എണ്ണ നിറഞ്ഞ മിനുത്ത തറയിൽ കാൽവഴുതി അവിടെയും ഇവിടെയും മലന്നടിച്ചു വീണു. പ്രാവുകളെയും ചെങ്ങാലികളെയും വിൽക്കുന്നവരിലായി അടുത്ത ദൃഷ്ടി. പണം തീരെയില്ലാത്ത പാവങ്ങൾക്കുള്ള ബലിവസ്തുക്കളാണവ. ഭയന്നു വിറപൂണ്ടു നിന്ന അവരോടു പക്ഷേ, കല്പിക്കുക മാത്രം ചെയ്തു: "എടുത്തുകൊണ്ടുപോകൂ."

പക്ഷിക്കൂടുകൾ താങ്ങിയെടുത്ത് അവർ ധൃതിയിൽ പുറത്തുചാടി. അറിയാതെ തുറന്നുപോയ കൂടുകളിൽ നിന്നും പുറത്തേക്കു പറന്ന പ്രാവുകൾ യേശുവിന്റെ ഇരു തോളുകളിലും നിർഭയം അഭയം തേടി, കുറുകി.



www.malankaralibrary.com

ബഹളം കേട്ടു പാഞ്ഞെത്തിയ പുരോഹിത ശ്രേഷ്ഠരും ഫരിസേയരും മണ്ഡപത്തിൽ അജയ്യനായി നിൽക്കുന്ന ഒരജ്ഞാത യുവാവിനെ കണ്ട് സ്തബ്ധരായി പോയി. അതിപുരാതനമായ ഈ ദേവാലയത്തിന്റെ ചരിത്രത്തിലിന്നോളം ഇങ്ങനൊന്നുണ്ടായിട്ടില്ല. ജനലക്ഷങ്ങളെ സാക്ഷി നിർത്തിയാണിവൻ ദേവാലയാധികാരികളെ വെല്ലുവിളിച്ചിരിക്കുന്നത്. പക്ഷേ എതിരെ നോക്കാൻ പേലുമാവാത്ത ഒരസാധാരണ പ്രഭാവം അവനെ ചൂഴ്ന്നു നിൽക്കുന്നില്ലേ! അതുമല്ല, അവൻ ചെയ്തതു തെറ്റാണെന്ന് ആർക്കും വിധിക്കാനും പറ്റില്ല.

എങ്കിലും പ്രമാണിമാർ ക്രൗര്യമുഖത്തോടെ മുന്നോട്ടുവന്ന് ജിജ്ഞാസയോടെ ചോദിച്ചു: "ഇതു ചെയ്യാൻ നിനക്കെന്തധികാരം? അധികാരം ഉണ്ടെന്നുള്ളതിന് എന്തെങ്കിലും അടയാളം കാണിക്കാമോ?"

അരക്ഷണം കൊണ്ട് യേശുവിന്റെ ചിന്ത തന്റെ ഭാവി ജീവിതത്തിലേക്കു കടന്നു. അതിന്റെ അടിസ്ഥാനത്തിൽ അടയാളവും കൊടുത്തു: "നിങ്ങൾ ഈ ദേവാലയം തകർത്തുകളയുക. മൂന്നു ദിവസത്തിനുള്ളിൽ ഞാനതു പുതുക്കിപണിയും."

അതുകേട്ട് അവർക്ക് ചിരിക്കാനാണു തോന്നിയത്. നാല്പത്താറു കൊല്ലങ്ങൾ, പതിനായിരങ്ങൾ രാപകൽ അത്യദ്ധ്വാനം ചെയ്തു പടുത്തുയർത്തിയതാണീ ദേവാലയം. അതു മൂന്നു ദിവസത്തിനുള്ളിൽ പുനരുദ്ധരിക്കുമെന്നു കേട്ടാൽ അവരെങ്ങനെ പരിഹസിക്കാതിരിക്കും! പക്ഷേ അധികാരത്തിന്റെ ഉജ്ജ്വല പ്രഭാവം തുടിച്ചുനില്ക്കുന്ന ആ യുവാവിന്റെ മുമ്പിൽ പതുങ്ങി നിൽക്കാനേ ആർക്കും അപ്പോൾ കഴിഞ്ഞുള്ളൂ.



www.malankaralibrary.com

## എട്ട്

രാത്രി ഏറെ വൈകിയപ്പോൾ അയാളെത്തി. മേലങ്കിയാൽ പാതി മറച്ച മുഖവുമായാണു വരവ്. മേലങ്കിയിൽ യഹൂദരുടെ നിയമ സംഖ്യയായ 'അറുനൂറ്റിപ്പതിമൂന്ന്' സൂചിപ്പിക്കുന്ന പ്രത്യേക തൊങ്ങലുള്ള തിനാൽ ഇദ്ദേഹം ഫരിസേയനാണെന്നു വ്യക്തം.

വയസ്സനും ഇസ്രയേലിന്റെ പരമോന്നത ഭരണസഭയായ സാൻഹെദ്രിനിലെ എഴുപത്തൊന്ന് അംഗങ്ങളിലൊരുവനും ജ്ഞാനിയും ആദരണീയനും.

പേര് നിക്കദേമൂസ്.

സ്നാപകനിൽ നിന്നും അറിഞ്ഞപ്പോൾ മുതൽ യേശുവിനെ നേരിൽ കാണാൻ ആശിക്കുകയായിരുന്നു. ഇക്കഴിഞ്ഞ ദിവസം ദേവാലയത്തിൽ നിന്നും കച്ചവടക്കാരെ തുരത്തിയതു കൂടി കണ്ടപ്പോൾ ആ ദാഹം എരി പൊരിക്കൊള്ളുകയായിരുന്നു. പക്ഷേ പകലിൽ വന്നുകാണുന്നതു ബുദ്ധിയല്ലെന്നു തോന്നി. കാരണം, ദേവാലയസംഭവത്തിൽ സാൻഹെദ്രിൻ സംഘാംഗങ്ങൾ അരിശം കൊണ്ടിരിക്കുകയാണ്. എങ്കിലും മരിക്കും മുമ്പ് തനിക്കു ചില കാര്യങ്ങൾ അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. പലരോടും ചോദിച്ചെങ്കിലും തൃപ്തികരമായൊരുത്തരം കിട്ടിയിട്ടില്ല. ആത്മാവിനെപ്പറ്റിയും മരണാനന്തര ജീവിതത്തെപ്പറ്റിയുമാണ് അറിയേണ്ടത്.

ആത്മാവുണ്ടെന്നും മരിച്ചാലും ആത്മാവു നിത്യമായിരിക്കും എന്നുമാണല്ലോ ഫരിസേയ വിശ്വാസം. എന്നാൽ സാദൂക്യർ അങ്ങനെയല്ലല്ലോ. എപ്പിക്യൂരിയൻ ചിന്താഗതിയാണവരുടേത്. അതായത് ശരീര സുഖങ്ങൾ അതിന്റെ പൂർണ്ണതയിൽ ഉപയോഗപ്പെടുത്തി ആസ്വദിക്കുക.

ഇവയിൽ ഏതാണു ശരിയെന്നറിയാതെ ഉഴറുന്ന മനസോടെ എണ്ണവിളക്കിന്റെ മങ്ങിയവെട്ടത്തിൽ യേശുവിന്റെ മുമ്പിൽ അയാളിരുന്നു.

യേശുവിനെ നേരിൽക്കണ്ട സംതൃപ്തിയോടെ വൃദ്ധൻ ആശ്ചര്യപ്പെട്ടു: "ഉന്നതങ്ങളിൽ നിന്നും വന്ന ഒരു ഗുരുശ്രേഷ്ഠനാണങ്ങ്. അതിനാലാണ് ഇക്കാര്യങ്ങളൊക്കെ അങ്ങേയ്ക്ക് ചെയ്യാൻ കഴിയുന്നത്."



www.malankaralibrary.com

നിക്കദെമൂസിന് അറിയേണ്ടതെന്തെന്ന് യേശുവിനറിയാം. മരിച്ചു കഴിഞ്ഞാൽ ആത്മാവു സ്വർഗ്ഗത്തിൽ പോകുമോ എന്നതാണ്. അതിനാൽ യേശു ഒരു സനാതന സത്യം തുറന്നു പറഞ്ഞു: "ദൈവരാജ്യത്തിൽ എത്തണമെങ്കിൽ ഏതൊരുവനും വീണ്ടും ജനിച്ചേ മതിയാകൂ."

അതുകേട്ടു വൃദ്ധൻ ആശയക്കുഴപ്പത്തിലായി. എന്താണീ പറഞ്ഞതിന്റെ അർത്ഥമെന്നു വ്യക്തമായില്ല. അതിനാൽ തെല്ലു പ്രയാസത്തോടെ പ്രതികരിച്ചു: "അമ്മയുടെ വയറ്റിൽ വീണ്ടും കയറി ജനിക്കണമെന്നാണോ? അതെങ്ങനെ സാധിക്കും?"

യേശു കുറച്ചുകൂടി വ്യക്തമാക്കാൻ ശ്രമിച്ചു: "വെള്ളം കൊണ്ടും ആത്മാവുകൊണ്ടുമാണു വീണ്ടും ജനിക്കേണ്ടത്."

ഇപ്പോൾ വൃദ്ധന് എന്തൊക്കെയോ പിടികിട്ടി.

വെള്ളം കൊണ്ടുള്ള വീണ്ടും ജനനത്തിന്റെ വക്താവാണല്ലോ സ്നാപകയോഹന്നാൻ. അതായത്, പാപങ്ങൾ ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ച്, ജലസ്നാനം നടത്തി വെടിപ്പുള്ള ഹൃദയത്തോടെ വീണ്ടും ജനനം നേടുക.

പക്ഷേ യേശു ഇവിടെ പറഞ്ഞത് ഇതിനേക്കാൾ കുറച്ചുകൂടി വ്യത്യസ്തമാണല്ലോ. വെള്ളംകൊണ്ടു മാത്രമല്ല, ആത്മാവുകൊണ്ടും വീണ്ടും ജനിക്കണമെന്നാണ്. അപ്പോൾ യോഹന്നാന്റെ ദൗത്യത്തെക്കാൾ ഉപരിയാണ് യേശുവിന്റേത് എന്നു വ്യക്തം. 'ഞാൻ വെള്ളം കൊണ്ടു സ്നാനം നൽകുന്നു. യേശുവോ, അഗ്നിയാലും ആത്മാവിനാലും നിങ്ങൾക്കു സ്നാനം നൽകും' എന്നാണല്ലോ സ്നാപകയോഹന്നാൻ പറഞ്ഞത്.

ഇതെല്ലാം ഓർത്ത് ആശ്ചര്യത്തോടെ ഇരിക്കുന്ന നിക്കദെമൂസിനോട് യേശു പ്രതീകാത്മകമായി തുടർന്നു:

"കാറ്റ് അതിനിഷ്ടമുള്ളിടത്തെല്ലാം വീശുന്നുണ്ട്. അതിന്റെ ശബ്ദം നമുക്കു കേൾക്കുകയും ചെയ്യാം. എന്നാൽ, അതെവിടെ നിന്നു വരുന്നെന്നോ എങ്ങോട്ടു പോകുന്നെന്നോ താങ്കൾക്കറിയാമോ?"

"ഇല്ല"

ഹീബ്രു ഭാഷയിൽ ആത്മാവിനു റൂഹാ എന്നു പറയും. റൂഹാ എന്നാൽ കാറ്റ് എന്നാണർത്ഥം. അതിനാലാണ് കാറ്റിനെ ആത്മാവിന്റെ പ്രതീകമാക്കി പറഞ്ഞത്. നാമറിയാതെ ദൈവിക പ്രേരണയാൽ മാത്രം



www.malankaralibrary.com

സംഭവിക്കുന്നതാണ് ആത്മാവിലുള്ള വീണ്ടും ജനനം എന്നത്രേ താൻ അർത്ഥമാക്കിയത്. ഇത്തരമൊരു പുനർജ്ജന്മം തന്റെ ജീവിതത്തിലും ഉണ്ടാകണമെന്നാഗ്രഹമുണ്ട്, നിക്കദമൂസിന്. പക്ഷേ ഇപ്പോഴും മനസു നിറയെ സംശയങ്ങളുടെ പുകച്ചുരുളാണ്. അതിനാൽ വീണ്ടും ചോദിച്ചു:

"പക്ഷേ... ഇതൊക്കെ എങ്ങനെ സംഭവിക്കും?"

ഇത്രയും വിശദമാക്കിയിട്ടും വിശ്വസിക്കാനാവാതെ ഉഴറുന്ന ഫരിസേയ പ്രമാണിയോടു യേശു തുടർന്നത് അവിശ്വസിക്കുന്ന തലമുറയെപ്പറ്റി പറഞ്ഞുകൊണ്ടാണ്. പ്രകാശം ലോകത്തിലേയ്ക്കു വന്നിട്ടും ഇരുട്ടിനെ കാമിക്കുന്ന അവിശ്വാസ തലമുറയെപ്പറ്റി.

"ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷിക്കാനല്ല. അവനിലൂടെ ലോകം രക്ഷ നേടാനാണ്."

ഇതുകേട്ട് നേരിയൊരു വിശ്വാസപ്രകാശം നിക്കദമൂസിന്റെ ഉള്ളിൽ തിളങ്ങി. ആത്മാവിലുള്ള വീണ്ടും ജനനം, ഇപ്പോൾ പറഞ്ഞ ദൈവപുത്രന്റെ വരവോടെ തനിക്കും ലഭ്യമാണ് എന്ന ചിന്ത അയാൾക്ക് ആശ്വാസമായി.

പാതിരാ ഇരുട്ടിൽ നിക്കദമൂസ് അവിടെ നിന്നും പിൻവാങ്ങുമ്പോൾ യേശു കൂട്ടിച്ചേർത്ത ഈ സമാശ്വാസ വാക്യം വഴിവിളക്കുപോലെ തന്നിൽ പ്രകാശിക്കുകയായിരുന്നു.

"അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രയധികമായി സ്നേഹിച്ചു."

നേരം പുലർന്നു. നിക്കദമൂസ് പോയിക്കഴിഞ്ഞ് കഷ്ടിച്ച് രണ്ടു മണിക്കൂർ ഉറങ്ങിക്കാണും. എങ്കിലും എഴുന്നേറ്റു നടന്നു തുടങ്ങി. ശിഷ്യരും കൂടെയുണ്ട്. വടക്കു ഗലീലയാ നാട്ടിലേക്കൊരു ദീർഘ സഞ്ചാരം.

സമറിയായിലൂടെയാണു പോകേണ്ടത്. അതറിഞ്ഞ ശിഷ്യർക്കു ഭയം. യേശുവിനറിയാം അവരുടെ ഭയകാരണം.

മെസപ്പെത്തോമിയായിൽ നിന്നും പൂർവ്വ ഗോത്രപിതാവായ യാക്കോബു വാങ്ങിയ ഐശ്വര്യസമൃദ്ധമായ ഭൂവിഭാഗമാണത്. പക്ഷേ, എണ്ണൂറു കൊല്ലങ്ങൾക്കു മുമ്പ് അസീറിയൻ രാജാക്കന്മാർ കുറേ വിദേശികളെ ഇവിടേയ്ക്കു കൊണ്ടുവന്നു. യാക്കോബിന്റെ പിന്തുടർച്ചക്കാരായ



www.malankaralibrary.com

സ്വദേശികളുമായി ഇവർക്കു നല്ല ചങ്ങാത്തം. സ്വദേശിയവിദേശിയ ഭേദം മറന്ന് ഇരുകൂട്ടരും തമ്മിൽ വിവാഹബന്ധം പോലും സാധാരണമായി. അങ്ങനെയുണ്ടായ സങ്കരവർഗ്ഗം ക്രമേണ ശക്തിപ്പെട്ടു. പക്ഷേ, ഈ സങ്കരവർഗ്ഗത്തെ ജറുസലേം ദേവാലയത്തിൽ കാലുകുത്താൻ യഹൂദർ സമ്മതിച്ചില്ല. അവർ വിഗ്രഹാരാധനക്കാരാണെന്നതായിരുന്നു കാരണം. അതു സത്യവുമാണ്. എങ്കിലും അവർക്കും വേണ്ടേ ഒരാരാധനാലയം? അങ്ങനെ അവർ സിക്കാറിനു സമീപമുള്ള ഗരിസിം മലയിൽ തങ്ങളുടെ ആരാധനാലയം പടുത്തുയർത്തുകയായിരുന്നു. ഇപ്പോൾ നാനൂറു കൊല്ലം കഴിഞ്ഞിരിക്കുന്നു. അന്നുമുതൽ ഇന്നോളം ബദ്ധവൈരികളാണ് ഇരു ജാതിയും. യഹൂദനും സമറായനും തമ്മിൽ കണ്ടാൽ ആരെങ്കിലുമൊരാൾ ചത്തുവീഴുംവരെ മൃഗീയസംഘട്ടനം ഉറപ്പാണ്.

ഇതറിയാവുന്നതിനാലാണ് ശിഷ്യന്മാർ ഭയന്നത്. എന്നാൽ നിർഭയ നായി യേശു നടന്നു.

ഗരിസിം, ഈബാൽ എന്നീ പർവ്വതങ്ങളുടെ നടുവിലുള്ള ഇടുങ്ങിയ താഴ്വരയിലൂടെയാണു പോകേണ്ടത്. എന്നാൽ അതിനപ്പുറമുള്ള സിക്കാറിൽ എത്തിയപ്പോഴേക്കും കലശലായ ദാഹം. വഴിയോരത്തൊരു കിണർ കണ്ടതോടെ ഏവർക്കും ആശ്വാസം. ഗോത്രപിതാവായ യാക്കോബുതന്നെ കുഴിപ്പിച്ച കിണറാണ്. ശിഷ്യർ കിണറിന്റെ വക്കിൽ നിന്ന് താഴേക്കുനോക്കി. അഗാധത്തിൽ ഉറവ ജലത്തിന്റെ തെളിവ്. പക്ഷേ കോരിയെടുക്കാൻ യാതൊരു മാർഗ്ഗവുമില്ല.

കിണറിനടുത്ത് ഒരു കൂറ്റൻ ഒലിവുമരം. വെള്ളനിറത്തിൽ ഇളം ചില്ലകളുള്ള അതിന്റെ ഇലച്ചാർത്തിൽ സൂര്യൻ നിന്നെരിയുന്നതുപോലെ. അതിന്റെ ചോട്ടിലെ തണലിൽ യേശു ചെന്നിരുന്നു. മരത്തിന്റെ നിഴൽ നോക്കി നേരം ഗണിച്ചു. നട്ടുച്ചതന്നെ. ശിഷ്യർ പറഞ്ഞു: "ഞങ്ങൾ പോയി എന്തെങ്കിലും തിന്നാൻ വാങ്ങിക്കൊണ്ടുവരാം."

യാക്കോബിന്റെ വത്സലപുത്രൻ ജോസപ്പിന്റെ ശവകുടീരവും കടന്ന് അവർ പോയി. ആ കല്ലറ കണ്ടപ്പോൾ, പൊട്ടക്കിണറിൽനിന്നും ഈജിപ്തി ലെ പൊത്തീഫർ രാജാവിന്റെ മുഖ്യമന്ത്രി പദത്തിലേക്കുയർത്തപ്പെട്ട ജോസപ്പിന്റെ വീരസ്മരണ ശിഷ്യസംഘത്തിന്റെ ഉള്ളിൽ ഉണർന്നു.

തീക്കാറ്റിൽ പാറുന്ന നീണ്ട മുടിയും താടിയുമായി മരച്ചോട്ടിലെ കരിങ്കല്ലിൽ യേശു ഒറ്റയ്ക്കിരുന്നു. ക്ഷീണത്താൽ മിഴികൾ തെല്ലു കൂമ്പി പ്പോയി. പെട്ടെന്നാരുടേയോ കാൽപ്പെരുമാറ്റം കേട്ടുണർന്നു നോക്കി. ഒരു



www.malankaralibrary.com

സ്ത്രീ. കയറും പാത്രവുമായി അവൾ കിണററിരികിൽ. അടുത്തുള്ള 'ശേഖേ'മിലെ കുടിപ്പാർപ്പിടത്തിൽ നിന്നാണുവരവ്.

സാധാരണയായി സംഘം ചേർന്നേ പെണ്ണുങ്ങൾ സഞ്ചരിക്കൂ. പ്രത്യേകിച്ചും വെള്ളം കോരാനും ആടിനെ തീറ്റാനും മറ്റും. മാത്രമല്ല, വിജനതയിൽ ഒറ്റയ്ക്കൊരു പുരുഷനെ കണ്ടിട്ടും അവൾ ഓടി മറയുന്നില്ല! യാതൊരു കൂസലുമില്ലാതെ കയറുകെട്ടിയ പാത്രം കിണറ്റിലേക്കിറക്കി തെല്ലു കുനിഞ്ഞ് മുന്നോട്ടാഞ്ഞ് അതു വലിച്ചു കയറ്റുകയാണവൾ.

യേശു എഴുന്നേറ്റു. അവളുടെ പാത്രത്തിൽ തുളുമ്പിയ സ്ഫടിക ജലംകണ്ടു ദാഹാർത്തനായി ചോദിച്ചു: "അല്പം കുടിക്കാൻ തരിക."

അതുകേട്ടവൾ തുറിച്ചൊരു നോട്ടം. ഒരു യഹൂദന്റെ സ്വരം അവൾക്കു വേഗം തിരിച്ചറിയാം. രൂപവും വേഷവും കണ്ടപ്പോൾത്തന്നെ ഊഹിച്ചതുമാണ്. ജറുസലേം ദേവാലയത്തിൽ പോയി മടങ്ങുന്ന ആളാവുമെന്നവൾ കരുതി. അതിനാൽ മയമില്ലാത്ത ശൈലിയിൽ അവൾ മുരണ്ടു: "അല്ലേ! ഒരു ജൂതൻ ശമറിയാക്കാരിയോടു വെള്ളം ചോദിക്കുന്നോ!"

ദൈവത്തിന്റെ ജ്ഞാനപ്രകാശമായ യേശുവിന്റെ മറുപടി വളരെ വ്യത്യസ്തമായിരുന്നു.

"നിന്നോടു ജലം ചോദിച്ചവൻ ആരാണെന്നു നിനക്കറിയാമോ? ദൈവത്തിന്റെ ദാനം എന്താണെന്നും നിനക്കറിയാമോ? അറിഞ്ഞിരുന്നെങ്കിൽ നീ അവനോട് ചോദിക്കുമായിരുന്നു. അപ്പോൾ അവൻ നിനക്കു നിത്യജീവന്റെ ജലം തരികയും ചെയ്യുമായിരുന്നു."

ഇപ്പറഞ്ഞതിന്റെ പൊരുൾ അവൾക്കറിയില്ല. എങ്കിലും ആ സ്വരം, തന്റെ ഉള്ളിലെ ഗർവ്വും പകയും തൂത്തെറിഞ്ഞതുപോലെ. ആദരവോടെയാണവൾ തുടർന്നു പറഞ്ഞത്: "നോക്കൂ, വളരെ ആഴമുള്ള കിണറാണിത്. വെള്ളം കോരാൻ അങ്ങയുടെ പക്കൽ കയറും പാത്രവുമില്ലതാനും. പിന്നെങ്ങനാ ഇപ്പോൾ പറഞ്ഞ ജീവജലം കിട്ടുന്നത്?"

പാലസ്തീനിലെ ഏറ്റം താഴ്ച്ച കൂടിയ കിണറാണിത്. തൊണ്ണൂറടി താഴ്ച. അവൾ പിന്നെ ചില ചരിത്ര സത്യങ്ങളും വിളമ്പി: "ഈ കിണർ ഞങ്ങടെ പൂർവ്വപിതാവായ യാക്കോബിൽ നിന്നും ഞങ്ങൾക്കു കിട്ടിയതാ. അദ്ദേഹവും സന്തതിപരമ്പരകളും ആടുമാടുകളുമെല്ലാം ഈ കിണറ്റിൽ നിന്നാണു കുടിച്ചിരുന്നത്."



www.malankaralibrary.com

യേശു പറഞ്ഞു: "പക്ഷേ, ഈ വെള്ളം കുടിച്ചാൽ വീണ്ടും ദാഹിക്കില്ലേ? എന്നിൽ നിന്നു കുടിക്കുന്നവർക്കോ, ഒരിക്കലും ദാഹിക്കില്ല."

പാറയിൽ നിന്നും ജലമൊഴുക്കിയ ചെപ്പടി വിദ്യക്കാരനായ മോശയെപ്പോലെ ആരോ ഒരാളാവും ഇതെന്നവൾ ഊഹിച്ചു. കാര്യം വ്യക്തമായില്ലെങ്കിലും അവൾ അതുകേട്ടു തിടുക്കത്തിൽ ആവശ്യപ്പെട്ടു.

"എങ്കിൽ ആ വെള്ളം എനിക്കുവേണം. പിന്നീടൊരിക്കലും എനിക്കു ദാഹിക്കത്തില്ലല്ലോ. വെള്ളം കോരാൻ ഇത്ര പാടുപെട്ട് വരികയും വേണ്ടല്ലോ."

യേശു പക്ഷേ ഒരുപാധി മുന്നോട്ടുവച്ചു.

"നീ പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരൂ"

ജീവജലത്തിന്റെ ആത്മീയാർത്ഥമെന്തെന്ന് അവളെ പഠിപ്പിക്കുകയാണ് ലക്ഷ്യം. പാപഗ്രസ്തമായ അവളുടെ ഹൃദയത്തിൽ ഈ ആത്മീയാർത്ഥം ഇറങ്ങിച്ചെല്ലില്ല. അപ്പോൾ അവളിൽ ആദ്യം നിറയ്ക്കേണ്ടതു പാപബോധമാണ്. എങ്കിലേ പശ്ചാത്താപമുണ്ടാകൂ. അതിലൂടെ മാത്രമേ ജീവജലത്തിന്റെ ആത്മീയാർത്ഥവും അവൾക്ക് ഉൾക്കൊള്ളാൻ കഴിയൂ. അതിനുവേണ്ടി മാത്രമാണ് ഈ വിചിത്ര നിർദ്ദേശം മുന്നോട്ടുവച്ചത്.

പക്ഷേ ഇങ്ങനൊന്നും പറയുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്നില്ല. ലജ്ജയാൽ ആ മുഖം വിവർണ്ണമായി. സ്വരം താഴ്ത്തി, കുനിഞ്ഞുപോയ മുഖത്തോടെ അവൾ മൊഴിഞ്ഞു: "എനിക്ക്..... അങ്ങനൊരാളില്ല."

എന്നിട്ടും യേശു വിട്ടുകൊടുത്തില്ല.

"നീ പറഞ്ഞതു വാസ്തവം. എന്നാൽ അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു. ഇപ്പോഴുമുണ്ടൊരാൾ. പക്ഷേ അവൻ നിന്റെ ഭർത്താവ ല്ല താനും"

ഇതെല്ലാം കേട്ട് അവൾ അന്തം വിട്ട് യേശുവിനെ നോക്കി നിന്നുപോയി. വെളിപ്പാടുകൾപോലെ എന്തോ തോന്നലുകൾ അവളിൽ രൂപം കൊള്ളുകയാണ്.

ഈ നിൽക്കുന്നവൻ ഒരു സാധാരണ യഹൂദനല്ല. ഒരുപക്ഷേ എല്ലാം ഗ്രഹിക്കാൻ പ്രാപ്തനായ ഒരു പ്രവാചകൻ തന്നെയാവാം. മഹാജ്ഞാനിയാവാം. അല്ലെങ്കിൽ തന്റെ ഈ രഹസ്യജീവചരിത്രം ഇദ്ദേഹം എങ്ങനറിഞ്ഞു!



www.malankaralibrary.com

പെട്ടെന്നവളുടെ ഉള്ളിലേയ്ക്കു കടന്നുവന്നത് ജാതീയമായ ഉച്ചനീചത്വത്തെപ്പറ്റിയുള്ള വേദന. പുറജാതികളെന്നു പഴിച്ച് യഹൂദർ തങ്ങളെ പുച്ഛിക്കുന്നു. തങ്ങളെ കാണുന്നതുപോലും ശാപമെന്നവർ പുലമ്പുന്നു. ഗരിസിം പർവ്വതത്തോളം ഉയർന്ന തന്റെ ഈ വേദനകളെല്ലാം മുമ്പിൽ നില്ക്കുന്ന അസാധാരണനായ മഹാമനുഷ്യനോടവൾ തുറന്നു പറയുകയാണ്.

"ഞങ്ങടെ പൂർവ്വികരെല്ലാം അതാ.... അക്കാണുന്ന ഗരിസിം മലയിൽ പോയി ആരാധിച്ചു. എന്നാൽ യൂദരായ നിങ്ങൾ ശഠിക്കുന്നു, ഇവിടെയല്ല ജറുസലേമിൽ മാത്രമേ ആരാധിക്കാവൂ എന്ന്....."

ഏതാണു ശരി എന്നറിയാൻ യേശുവിന്റെ മുഖത്ത് ഉറ്റുനോക്കി നിൽക്കുകയാണവൾ. യേശു അവളുടെ ആശങ്കകൾ തീർക്കുകയാണ്, ഒരു നിത്യസത്യം തുറന്നറിയിച്ചുകൊണ്ട്.

"ഈ മലയിലോ ജറുസലേമിലോ അല്ല പിതാവിനെ ആരാധിക്കേണ്ടത്. സത്യത്തിലും ആത്മാവിലുമാണ്. അതിനുള്ള സമയം ഇതാ വന്നു കഴിഞ്ഞിരിക്കുന്നു."

ക്രിസ്തു അവതരിച്ചു കഴിഞ്ഞാൽ പിന്നെ യാതൊരു പ്രതീകങ്ങളേയും ആരും ആരാധിക്കുകയില്ല. ജറുസലേം ദേവാലയത്തിനുള്ളിലെ പരമ പരിശുദ്ധസ്ഥലത്തു ദൈവികസാന്നിദ്ധ്യപ്രതീകമായി സൂക്ഷിച്ചിരിക്കുന്ന വാഗ്ദത്തപേടകത്തെപ്പോലും. സമസ്തലോകവും ക്രിസ്ത്വവതാരത്തോടെ പുതിയൊരു നിയമം സ്വീകരിക്കും. അതവരുടെ ആത്മാവുകളിൽ എഴുതപ്പെടുകയും ചെയ്യും. ഇതാണല്ലോ പതിനെട്ടു നൂറ്റാണ്ടുകൾക്കുമുമ്പുള്ള ജറമിയായുടെ പ്രവചനം. ഇതോർത്തുകൊണ്ടല്ലേ യേശു അവളോടിങ്ങനെ പറഞ്ഞത്.

പക്ഷേ അവൾക്കൊന്നും മനസിലായില്ല. ഉള്ളിൽ ദുരൂഹതകൾ മാത്രം ബാക്കി. എങ്കിലും ലോകരക്ഷകനായി ഒരാൾ അവതരിക്കുമെന്നും അതു ക്രിസ്തുവാണെന്നും അവൾക്കു കേട്ടറിവുണ്ട്. തങ്ങളുടെ നീറുന്ന ജാതി പ്രശ്നം അന്നുതീരും എന്നാണ് എല്ലാ സമറായരുടെയും പ്രതീക്ഷ.

ആ പ്രത്യാശയോടെ അവൾ പറഞ്ഞു: "ക്രിസ്തു വരുമ്പോൾ ഞങ്ങളെ എല്ലാം പറഞ്ഞു പഠിപ്പിക്കാതിരിക്കില്ല."

സംശയത്തിന്റെ മൂടുപടം വലിച്ചു ചീന്തി പരമമായൊരു സത്യം ആ അധഃകൃതപ്പെണ്ണിന്റെ മുമ്പിൽ യേശു തുറന്നുപറയുകയാണ്. ഇന്നോളം



www.malankaralibrary.com

പരോക്ഷമായല്ലാതെ ആരോടും പറയാത്ത മഹാസത്യം.

“ക്രിസ്തു ഞാൻ തന്നെയാണ്.”

അവൾ സ്തബ്ധയായി നിന്നുപോയി. ജലപാത്രം കയ്യിൽ നിന്നും അറിയാതെ താഴെവീണു. ആത്മഹർഷത്തിന്റെ വേലിയേറ്റം. ഒരു വ്യാക്ഷേപകസ്വരം പോലും ഉച്ചരിക്കാനാവാത്ത നിശ്ചലാവസ്ഥ. ഒരു കൽപ്രതിമ.പോലെ എത്രനേരം അങ്ങനെ നിന്നെന്നറിയില്ല.

അപ്പോഴാണ് ആഹാരപ്പൊതികളുമായി ശിഷ്യരുടെ വരവ്. ജോസപ്പിന്റെ അസ്ഥിത്തറയ്ക്കടുത്തെത്തിയപ്പോഴേക്കും അവർ ആ ദൃശ്യം കണ്ടു. അവളെ കണ്ട മാത്രയിൽ പുറജാതിക്കാരിയാണെന്നു വ്യക്തമായി. യഹൂദന്മാർ സ്വന്തം ഭാര്യയോടു പോലും പരസ്യമായി സംസാരിക്കാറില്ല. അതിനാൽ ഈ കാഴ്ചകണ്ട് ശിഷ്യന്മാർക്കൊരു വല്ലായ്മ. പക്ഷേ ആരും ഒന്നും ഉരിയാടിയില്ല. ഭക്ഷണപ്പൊതിയുമായി യേശുവിന്റെ അടുത്തേയ്ക്കവർ ചെന്നു.

തൽക്ഷണം പ്രതിമയ്ക്കു ജീവൻ വച്ചു. നൂറ്റാണ്ടുകളായി തങ്ങൾ ആറ്റുനോറ്റു കാത്തിരുന്നവനെ കണ്ണാൽക്കണ്ട മഹാസന്തോഷം സകലരോടും അവൾക്കു വിളിച്ചുപറയണം. എല്ലാം മറന്ന് ഒരു കാട്ടുകുളക്കോഴിയുടെ വേഗതയിൽ അവൾ പട്ടണത്തിലേയ്ക്കു പായുകയായിരുന്നു.

MALANKARA
LIBRARY



www.malankaralibrary.com

# ഒൻപത്

ചുറ്റും ജനാവലി. അതിനാൽ സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കാൻ പോലും കഴിയുന്നില്ല. ഏതെല്ലാം ദേശക്കാർ! എന്തെല്ലാം ആവശ്യങ്ങൾ! അറിഞ്ഞവർ അറിഞ്ഞവർ പറഞ്ഞ് പ്രചരിപ്പിച്ചതാവാം കാരണം. ആ സമറിയാക്കാരി കണ്ടവരോടെല്ലാം വിളിച്ചുകൂവി. അതിനാൽ സമറായർ കൂട്ടത്തോടെ വന്ന് അവരുടെ അതിഥിയായി അവിടെ പാർപ്പിച്ചു. ഒന്നല്ല, രണ്ടുദിവസ യഹൂദനെ കാണുന്ന മാത്രയിൽ കൂട്ടത്തോടെ വളഞ്ഞ് തല്ലിക്കൊല്ലുന്നവരാണ് അങ്ങനെ ചെയ്തത്! അതുകൊണ്ട് ആ സാധുക്കളുടെ ദുരിതജീവിതം കൂടുതലായി കണ്ടറിയാൻ കഴിഞ്ഞു.

അവിടെ നിന്നും തടിതപ്പി കാനാവിലെത്തിയപ്പോൾ അവരുടെ വക വരവേല്പ്. പച്ചവെള്ളം വീഞ്ഞാക്കിയവനെന്ന ഖ്യാതി.

ആദ്യമായാണ് ഒരു ജനാവലിയുടെ മുമ്പിൽ പ്രബോധകനായി നില കൊള്ളുന്നത്. അതിനാൽ എന്താണു പറഞ്ഞുതുടങ്ങേണ്ടത്? തന്റെ പരസ്യ രംഗപ്രവേശത്തിന്റെ അന്തഃസത്ത മുഴുവൻ ഉൾക്കൊള്ളുന്നൊരു സന്ദേശമാവണം ആദ്യമായി തന്റെ നാവിൽ നിന്നും വീഴേണ്ടത്. അതു തനിക്കു വഴിതെളിക്കാൻ വന്ന മുന്നോടിയായ സ്നാപകന്റെ ആശയങ്ങളുടെ തുടർച്ചയുമാവണം. അതിനാൽ പറഞ്ഞുതുടങ്ങി.

"ദൈവരാജ്യം ഇതാ വന്നു കഴിഞ്ഞു. പശ്ചാത്തപിക്കുവിൻ. സുവിശേഷത്തിൽ വിശ്വസിക്കുവിൻ."

പക്ഷേ അവരിൽ പലർക്കും രോഗശാന്തി വേണം, അത്ഭുതങ്ങൾ കാണണം. അതാണ് താനിഷ്ടപ്പെടാത്തത്. ഈ അനിഷ്ടം ഒരാളോട് പറയുകയും ചെയ്തു.

"അടയാളങ്ങളും അതിശയങ്ങളും കണ്ടാൽ മാത്രമേ നിങ്ങൾക്കു വിശ്വസിക്കാൻ കഴിയുകയുള്ളോ?"

അയാൾ അന്തിപ്പാസ് രാജാവിന്റെ ഒരുദ്യോഗസ്ഥൻ. ഇരുപതു മൈൽ ദൂരം താണ്ടി കഫർണാമിൽ നിന്നുമാണ് അയാൾ ഈ കാനായിലെത്തിയത്. അയാളുടെ മകൻ മരിക്കാറായി കിടക്കുന്നത്രേ. അയാളുടെ നിർബന്ധ



www.malankaralibrary.com

യാചനയ്ക്കു മുമ്പിൽ പക്ഷേ പറഞ്ഞു: "പൊയ്ക്കൊള്ളൂ. നിന്റെ മകൻ ജീവിക്കും."

അയാൾപോയി. പാതിദൂരം ചെന്നപ്പോൾ വീട്ടുവേലക്കാരൻ ഓടി വന്ന് ആ സന്തോഷവാർത്ത അറിയിച്ചു: "മോനിപ്പോൾ യാതൊരു കുഴപ്പവും ഇല്ല."

സുഖപ്പെട്ടതോ, "പൊയ്ക്കൊള്ളൂ" എന്നു യേശു ഉച്ചരിച്ച മാത്രയിൽ.

ഈ സംഭവവും പരസ്യമായിക്കാണും. അല്ലെങ്കിൽ ഈ കഫർണാമിൽ എത്തിയപ്പോഴേക്കും ഇത്രയേറെ ജനങ്ങൾ, തന്നെ പൊതിയുമായിരുന്നില്ല.

ഏറ്റം ഇഷ്ടപ്പെട്ട സ്ഥലമാകയാലാണ് ഇവിടെയെത്തിയത്. നസ്രത്തിലെ സ്വന്തം ഭവനം എന്നേ ഉപേക്ഷിച്ചു കഴിഞ്ഞു. ഇനിയൊരു ഭൗതിക ഭവനം തനിക്കുണ്ടെങ്കിൽ ഈ കഫർണാം ദേശമല്ലാതെ മറ്റേതാണ്? അന്തിപ്പാസിന്റെയും ഫിലിപ്പിന്റെയും രാജ്യങ്ങളുടെ അതിർത്തിയാണിവിടം. വളരെ പഴക്കമുള്ള ഈ പട്ടണത്തിന്റെ ഭൂപ്രകൃതിപോലും തനിക്കെത്രയോ ഹൃദ്യം. ഗോതമ്പു പാടങ്ങൾ നിറഞ്ഞ വിശാലമായൊരു പീഠഭൂമി. ഗലീലാക്കടലിന്റെ വടക്കു പടിഞ്ഞാറേ തീരത്തു ജോർദ്ദാൻ നദി വന്നു ചേരുന്ന സ്ഥലം.

ചുറ്റി നടക്കുന്നതിനിടയിൽ സിനഗോഗുകളിലും കയറിച്ചെന്നു. ശത്രുക്കൾ പണ്ടു ജറുസലേം ദേവാലയം തകർക്കുകയും യൂദന്മാരെ ഓടിക്കുകയും ചെയ്തപ്പോൾ പല ദേശങ്ങളിലായി ചിതറിപ്പോയ യൂദന്മാർ അവരവരുടെ സ്ഥലങ്ങളിൽ നിർമ്മിച്ച ചെറിയ ആരാധനാലയങ്ങളാണല്ലോ സിനഗോഗുകൾ. അത്തരമൊന്നിൽ ഇന്നലെ പഠിപ്പിച്ചു കൊണ്ടിരിക്കേയാണല്ലോ ഈ അലർച്ച കേട്ടത്.

"നസ്രയനായ യേശുവേ, നീ ഞങ്ങളെ നശിപ്പിച്ചേ അടങ്ങുവോ?"

ഭൂതാവേശത്താൽ ലക്കുകെട്ട ഒരുത്തൻ. സാത്താൻ ബാധിച്ച അവൻ സദസ്സിൽ നിന്നെഴുന്നേറ്റ് യേശുവിന്റെ നേരെ കുതിച്ചു. വിരൽചൂണ്ടി ഉറക്കെ വിളിച്ചുപറഞ്ഞു: "നീ ആരാണെന്ന് എനിക്കറിയാം. ദൈവത്തിന്റെ പരിശുദ്ധനല്ലേ?"

താൻ ഒളിച്ചു വയ്ക്കാൻ ആശിക്കുന്ന രഹസ്യമാണിയാൾ വെളിപ്പെടുത്തുന്നത്. അഥവാ പാവപ്പെട്ട ആട്ടിടയർക്കോ അധഃകൃതയായ സമറിയാസ്ത്രീക്കോ മാത്രം വെളിപ്പെടുത്തപ്പെട്ട വിഷയം.



www.malankaralibrary.com

അതുകേട്ട ഉടൻ എഴുന്നേറ്റു ശകാരദൃഷ്ടികളോടെ ആജ്ഞാപിച്ചു: "മിണ്ടരുത്."

അവൻ പിന്നൊന്നും ഉച്ചരിച്ചില്ല. എങ്കിലും ചേഷ്ടകൾ കാട്ടിക്കൊണ്ടിരുന്നു. പിന്നത്തെ ആജ്ഞ അവനിലെ ഭീകരനോടായിരുന്നു: "അവനെ വിട്ടുപോകൂ."

ജനാവലിയുടെ നടുവിലേക്ക് ഭയങ്കരമായൊരു അലർച്ചയോടെ ദുഷ്ടശക്തി അവനെ തള്ളിയിട്ട് അകന്നു.

തന്റെ ചുറ്റും ഇത്രയേറെ ജനം തിങ്ങിക്കൂടാൻ മറ്റൊരു കാരണം ഈ സംഭവത്തിന്റെ ഖ്യാതിയും ആയേക്കാം.

എന്തായാലും കഫർണാമിലെത്തിയതിനാൽ ശിഷ്യരിൽ ഏറെ സന്തോഷിക്കുന്നതു ശിമയോനാണ്. കാരണം അവന്റെ ഭാര്യാ ഭവനം അവിടെയാണ്. ഭാര്യ മരിച്ചുപോയെങ്കിലും അമ്മായിയമ്മ അവിടെയുണ്ട്. അവരാണെങ്കിൽ തുള്ളൽപനി പിടിച്ച് ചാകാറായി കിടക്കുന്നു. എന്നാൽ തന്റെ സാമീപ്യം അവൾക്കൊരു സിദ്ധൗഷധമായിത്തീർന്നല്ലോ. അപ്പവും മുന്തിരി അടയും തന്ന് തങ്ങളെ സൽക്കരിക്കത്തക്ക അവസ്ഥയിലേക്ക് അവൾ സുഖപ്പെടുത്തപ്പെട്ടല്ലോ.

ഇതുകൂടിയായപ്പോൾ ഈ വീട്ടുമുറ്റത്ത് രോഗികളുടെ വൻനിര. എന്നാൽ ഇതിനാൽ നഷ്ടമായത് തന്റെ ഏകാന്തതയാണ്. അതിനാൽ ശിമയോനെ വിളിച്ചുപറഞ്ഞു: "ഇവിടെത്തന്നെ തങ്ങുക എനിക്കു അസാദ്ധ്യമാണ്. ദൈവരാജ്യത്തിന്റെ സുവിശേഷം മറ്റിടങ്ങളിലും പ്രഘോഷിക്കേണ്ടതുണ്ട്."

അങ്ങനെയാണ് ഗലീലാക്കടലിന്റെ പടിഞ്ഞാറേക്കരയിലേക്കു പോയത്. മലനിരകളാൽ ചുറ്റപ്പെട്ട വൃത്താകൃതിയുള്ള ശാന്ത ജലാശയം. പാലസ്തീനാ രാജ്യത്ത് ഏറ്റമധികം മീൻ വിളയുന്ന കടൽ. ഒലിവും അത്തിയും പടർന്നു പന്തലിച്ച അതിന്റെ വിശാലതീരം.

തൊട്ടടുത്ത സ്ഥലമാണു ബത്സയ്ദാ. ശിഷ്യരായ യോഹന്നാൻ, യാക്കോബ് എന്നിവരുടെ അപ്പൻ സെബദിയുടെ പ്രവർത്തനരംഗമാണിവിടം. ഇവിടെ നിന്നും മീൻപിടിച്ച്, ഉണക്കി അങ്ങുദൂരെ ജറുസലേമിലുള്ള ഉണക്കമത്സ്യ ചന്തയിൽ വിൽക്കുകയാണു തൊഴിൽ. ശിഷ്യനാണെങ്കിലും ഈ കച്ചവടച്ചുമതല ഇളയമകൻ യോഹന്നാനെയാണ് അപ്പൻ ഏല്പിച്ചത്.



www.malankaralibrary.com

യാത്രയിൽ പോലും ജനാവലി പിന്തുടർന്നു. ആരേയും വെറും കൈയ്യോടെ തിരിച്ചയയ്ക്കാത്ത കരുണാമയൻ സകലരെയും തൊട്ടാശ്വസിപ്പിക്കുന്നു. സ്നേഹ സന്ദേശത്തിന്റെ വിത്തുകൾ ഹൃദയങ്ങളിൽ വാരി വിതയ്ക്കുന്നു.

ഇരുളിന്റെ ഗർഭാശയത്തിൽ നിന്നും ചുവപ്പിൽ കുളിച്ച സൂര്യശിശു കിഴക്കേ മലയിടുക്കിൽ മുഖം കാട്ടുന്നതേയുള്ളൂ. മുക്കുവരുടെ വാസകേന്ദ്രമാണിവിടം. കടൽത്തീരത്തുനിന്ന് വിഷണ്ണരായി വലകഴുകുന്ന തന്റെ ശിഷ്യനെ യേശു കണ്ടു; ശിമയോൻ. ശിഷ്യനെങ്കിലും കുടുംബദാരിദ്ര്യം മൂലം മിക്കവാറും മീൻ പിടിക്കാൻ വലയും വള്ളവുമായി ഇറങ്ങും. കൂടെപ്പിറപ്പായ അന്ത്രയോസുമുണ്ട് കൂടെ.

എന്നാൽ കഴിഞ്ഞ രാത്രി നിരാശാപൂർണ്ണമായിരുന്നു. രാത്രിമുഴുവൻ വലയെറിഞ്ഞു തളർന്നതു മിച്ചം. ഒരൊറ്റ മീൻപോലും കിട്ടിയില്ല. ശിമയോൻ നിരാശയയോടെ അന്ത്രയോസിനോടു ഇങ്ങനെ പിറുപിറുക്കുക പോലും ചെയ്തു: "എങ്ങോട്ടുപോയി ഈ മീനെല്ലാം? കൂട്ടത്തോടെ ദേശാടനത്തിനു പോയോ?"

നേരം വെളുക്കാറായപ്പോൾ പാഴ്‌വേല നിർത്തി. വലകഴുകി ചുറ്റിയെടുക്കുകയാണ്. ഇതു കണ്ടുകൊണ്ടിരുന്ന യേശു ശിമയോനെ ഉറക്കെ വിളിച്ച് കടലിന്റെ ഒരു വശത്തേക്കു വിരൽ ചൂണ്ടി കല്പിച്ചു: "അവിടെ വല വീശ്."

പത്രോസിനു ചിരിക്കാനാണു തോന്നിയത്. ഗലീലാക്കടലിന്റെ മുക്കും മൂലയും ആഴവും പരപ്പും ചുഴിയും മീനുള്ള ഭാഗവും എല്ലാം തന്നെപ്പോലെ നിശ്ചയമുള്ളവർ ചുരുക്കം. അങ്ങനെയുള്ള തന്നോടാണ് ഈ നിർദ്ദേശം. എങ്കിലും ഗുരുശാസനമല്ലേ? വള്ളത്തിൽ വീണ്ടും കയറി. അന്ത്രയോസിനേയും കൂട്ടി. ചൂണ്ടിയ സ്ഥലത്തു തുഴഞ്ഞുചെന്നു. ഉള്ള ശക്തി സ്വരൂപിച്ച് വല വീശിയെറിഞ്ഞു. പിന്നെ ചരടു പതുക്കെ മുറുക്കിതുടങ്ങി. വല വലിച്ചു നോക്കി. അനക്കമില്ല.

'കഷ്ടം! വല എവിടോ ഉടക്കികാണും. അതു കീറണമെന്നാവും തന്റെ വിധി.' ശിമയോൻ മനസിൽ പറഞ്ഞു.

പക്ഷേ വലയ്ക്കുള്ളിൽ കുതിച്ചു തുള്ളുന്ന മത്സ്യങ്ങളുടെ ബഹളം വല പിടിച്ചിരിക്കുന്ന തന്റെ കൈകളിൽ സ്പന്ദിക്കുന്നില്ലേ! എന്തായാലും കരയിലേയ്ക്കുനോക്കി മറ്റുള്ള മുക്കുവന്മാരെ കൂടി വിളിച്ചു. മറ്റൊരു വള്ള



www.malankaralibrary.com

ത്തിൽ അവരെത്തി. യാക്കോബും യോഹന്നാനും മറ്റു ചില യുവാക്കളും. എല്ലാവരും ഏലേലം പാടി ഒത്തു പിടിച്ച് ആഞ്ഞു വലിച്ചു. വല വലിച്ചു കയറ്റി. അവരുടെ കണ്ണുകുളിർക്കുന്ന കാഴ്ച. വലനിറയെ വലിയ മീനുകൾ. ഭാരക്കൂടുതൽ മൂലം വല കീറുകയും ചെയ്തിരുന്നു.

മീൻ നിറഞ്ഞ വഞ്ചികളുമായി കരയിലെത്തിയ ശിമയോൻ യേശുവിന്റെ പാദാന്തികത്തിലേക്ക് കമഴ്ന്നു വീണു. ആ കിടപ്പിൽ കരഞ്ഞു: "കർത്താവേ, ഞാൻ പാപിയാണേ, അതിനാൽ എന്നിൽ നിന്നും അകന്നു പോകണേ."

വിസ്മയഭരിതരായി നിന്ന ശിഷ്യരെ സാക്ഷിനിർത്തി യേശു പതിവു ശൈലിയിൽ പറഞ്ഞു: "ഭയപ്പെടേണ്ട, ഇന്നുമുതൽ നീ മത്സ്യത്തെയല്ലാ മനുഷ്യരെ പിടിക്കുന്നവനാകും."

വലയും വള്ളവും അതിലെ മത്സ്യസമ്പത്തും എല്ലാം എന്നേയ്ക്കും ഉപേക്ഷിച്ച് ശിമയോൻ യേശുവിന്റെ വലതു പക്ഷത്തു നിലയുറപ്പിച്ചു. വെയിൽ മൂക്കുന്നതിനു മുമ്പ് കടലോരത്തോടു വിടപറയുകയാണ്.

വഴിയാത്രക്കിടയിൽ എതിരേ ഒരു ജീവച്ഛവം. ദേഹമാകെ ചലവും ചോരയുമൊലിക്കുന്ന വ്രണം. അഥവാ അനേക വ്രണങ്ങൾ ചേർന്ന് ശരീരം നിറയുന്ന ഒരു വ്രണം പോലെ. അവന്റെ കൈവിരലുകൾ മിക്കവയും പഴുത്ത് അറ്റുപോയിരിക്കുന്നു. നാറ്റമോ, അസഹ്യവും.

സകലരാലും വെറുക്കപ്പെട്ട ഒരു കുഷ്ഠരോഗി.

കുഷ്ഠരോഗികൾ ജനമദ്ധ്യത്തിൽ ഇങ്ങനെ വരില്ല. വരാൻ അനുവാദമില്ല. വരേണ്ടിവന്നാൽ കഴുത്തിൽ കെട്ടിത്തൂക്കിയ മണി അടിച്ച് "ഞാനശുദ്ധനാണേ.... നിങ്ങൾ മാറിപ്പോകണേ...." എന്നു വിളിച്ചു പറയണം. യഹൂദ നിയമപ്രകാരം ഇവരെ അടിച്ചോ കല്ലെറിഞ്ഞോ ഓടിക്കണം. കാരണം അവർ യഹോവയുടെ ഉഗ്രകോപത്തിന്റെ വിധിവാഹകർ. അഥവാ യഹൂദ സമുദായം ചുമച്ചു തുപ്പിയ കഫം.

ഇതിനു മരുന്നോ ചികിത്സയോ ഇല്ല. പക്ഷേ അതിലും എത്രയോ അത്യാവശ്യം ഇത്തിരി കാരുണ്യമാണ്. സ്നേഹത്തിന്റെ ഒരാശ്വാസ വാക്കാണ്; ആർദ്രമായ നോട്ടമാണ്. അതിനുവേണ്ടി സകല വിലക്കുകളും മറന്ന് ഏകാന്തതയുടെ ഭീകര തടവറയിൽനിന്നും പുറത്തു ചാടി വന്നവൻ. വിശന്നുപൊരിഞ്ഞ് എല്ലും തോലുമായ മനുഷ്യക്കോലം.



www.malankaralibrary.com

യേശുവിനെപ്പറ്റി എങ്ങനയോ അയാളറിഞ്ഞു. ദിവ്യനായ ആ കരുണാമയനെ കാത്ത് വഴിയോരത്തെ പൊന്തയിൽ ഒളിച്ചിരുന്നു. ശിഷ്യ സമേതം വരുന്ന തേജോമയനെ ആ ദീനമിഴികൾ കണ്ടു. എന്തും വരട്ടെ ന്നു കരുതി യേശുവിന്റെ അടുത്തേക്കു ചെന്നു. തൃച്ചേവടികളിൽ കുഴഞ്ഞു വീണു കേണു.

"എന്നെ ശുദ്ധനാക്കാൻ മനസുണ്ടാകണേ കർത്താവേ...." യേശു കുനിഞ്ഞ്, ചീഞ്ഞളിഞ്ഞ തോളിൽപിടിച്ച് എഴുന്നേല്പിച്ചു. സ്നേഹത്തി ന്റെ ആദ്യ കുളിർ സ്പർശം അവനനുഭവിക്കുകയാണ്. കരുണയുടെ കരകാണാക്കടലിന്റെ തീരത്തുനിന്ന് അതിന്റെ അപാരത നോക്കിക്കാണുക യാണ്. ശിഷ്യർ പോലും നാറ്റം സഹിക്കാൻ വയ്യാതെ മൂക്കു പൊത്തി.

യേശു അവനെ ആശ്വസിപ്പിച്ചു: "എനിക്കു മനസുണ്ട്. നീ ശുദ്ധനാക ട്ടെ."

ഒരത്ഭുതം കൂടി കാണാൻ ശ്വാസമടക്കിനിൽക്കുകയാണു സകലരും. കുഷ്ഠരോഗി എവിടെപ്പോയെന്നറിയില്ല. തൽസ്ഥാനത്ത് ഓജസുള്ള ഒരാൾ. ദേഹത്തു തിളങ്ങുന്ന ചർമ്മം. പഴുത്തളിഞ്ഞ മൂക്കും കൈപ്പത്തിക ളുമെല്ലാം രോഗമുക്തമായി തിരിച്ചു കിട്ടിയിരിക്കുന്നു.

അത്ഭുതാഹ്ലാദമൂർച്ഛയിൽ സ്വയം മറന്ന് രോഗമുക്തൻ തുള്ളിച്ചാടുക യാണ്. കാരണം കുഷ്ഠരോഗി, മരിച്ചവനു തുല്യമാണ്. അവന്റെ സുഖ പ്രാപ്തിയോ, ഉയിർത്തെഴുന്നേല്പിനു തുല്യവും.

പക്ഷേ യേശു അവനെ വിലക്കി: "ഇക്കാര്യം നീ ആരോടും പറയരുത്. സാക്ഷ്യപത്രികയ്ക്കു വേണ്ടി പോയി, പുരോഹിതനു നിന്നെ കാട്ടി കൊടുക്കുക."

കാട്ടുതീ പോലെ കത്തിപ്പടരുകയാണ് ഈ വാർത്തകളെല്ലാം. കേട്ടറിഞ്ഞവരെല്ലാം തന്റെ പിന്നാലെ ഓടിക്കൂടുന്നു.

ആർജ്ജവത്തമുള്ള അവന്റെ പദാവലികൾക്ക് ഏഴകളുടെ ഹൃദയങ്ങ ളിൽ കൂടുകൂട്ടാനുള്ള ദിവ്യത്വമുണ്ട്. പക്ഷേ ഈ ജനപ്രീതിയിൽ അസൂയാ ലുക്കളായ ചില അധികാരികളുണ്ടായിരുന്നു; ഫരിസേയർ. സംശയ ചിത്തരായ അവർ യൂദയായിൽ നിന്നും വന്ന് ശിഷ്യസംഘത്തിൽ രഹസ്യ മായി നുഴഞ്ഞു കയറിയിട്ടുണ്ട്. പ്രബോധനം കേൾക്കാനെന്ന വ്യാജേന എവിടെയും പതുങ്ങി നടന്നു.

അങ്ങനെ അവർ ആ വീട്ടിലുമെത്തി. അത്രയും പേർക്ക് കടന്നിരി ക്കാൻ വേണ്ട സ്ഥലസൗകര്യം അവിടില്ല. ഏതാണ്ട് ഒത്ത നടുവിലുള്ള അകത്തളത്തിലിരുന്നാണു പഠിപ്പിക്കുന്നത്. കതകുകളും ജനാലകളും



www.malankaralibrary.com

മലർക്കെ തുറന്ന് ചുറ്റുമുറികളിലും അകത്തളങ്ങളിലും ജനം നിറഞ്ഞു. മറ്റുള്ളവരെല്ലാം മുറ്റത്തും.

അപ്പോഴാണ് നാലഞ്ചാളുകൾ ഒരു തളർവാതദീനക്കാരനെ കട്ടിലിൽ കിടത്തി എടുത്തു കൊണ്ടു വന്നത്.

എന്നാൽ എങ്ങനിവനെ യേശുവിന്റെ പക്കലെത്തിക്കും? പൂഴി വാരിയെറിഞ്ഞാൽ നിലത്തു വീഴാത്തത്ര ജനത്തിരക്ക്. മതിമയക്കുന്ന ദിവ്യപ്രബോധനങ്ങൾക്കു ഭംഗം വരത്തക്കവിധം ജനത്തെ എഴുന്നേൽപ്പിച്ചു മാറ്റി, വഴിയുണ്ടാക്കി യേശുവിന്റെ മുമ്പിൽ ഇവനെ എത്തിക്കുന്നതു ശരിയല്ല.

പഠിപ്പിക്കൽ തീരുന്നതുവരെ കാത്തുനിൽക്കാമെന്നു കരുതിയാൽ അതും ബുദ്ധിയല്ല. പ്രബോധനം തീർത്ത് ജനത്തിരക്കിൽ കുരുങ്ങി ഉടൻ മറ്റെങ്ങോട്ടെങ്കിലും അവിടുന്ന് യാത്രയായാലോ!

അതിനാൽ അവർക്കൊരുപായം തോന്നി, "വീടിന്റെ മോളിൽ കേറി, മുകൾത്തട്ടുമാറ്റി താഴെയ്ക്കു കെട്ടിയിറക്കിയാലോ?"

അല്ലാതെ മറ്റുമാർഗ്ഗമില്ല. പ്രയാസമുള്ള പണിയാണെങ്കിലും അതൊന്നു പരീക്ഷിക്കാൻ തന്നെ അവർ തീരുമാനിച്ചു. വർഷങ്ങളായി ദേഹം മുഴുവൻ തളർന്ന് മരിച്ചപോലെ കിടക്കുന്ന ഇവനെ എത്ര ബുദ്ധിമുട്ടിയാലും രക്ഷപ്പെടുത്തണമെന്നാണ് ആ ബന്ധു സംഘത്തിന്റെ ആഗ്രഹം.

ഉടൻപോയി ഒരു ഗോവണി കൊണ്ടുവന്നു. അതുവഴി ചിലർ വീടിന്റെ പരന്ന മുകൾത്തട്ടിൽ കയറി. കൊച്ചൊരു കട്ടിലിൽ കൊഞ്ചുപോലെ തളർന്നു ചുരുണ്ടു കിടക്കുന്ന രോഗിയേയും വളരെ പ്രയാസപ്പെട്ടാണെങ്കിലും അവിടേക്കു സംവഹിച്ചു.

തുലാങ്ങൾ ചതുരത്തിൽ വച്ച് പലകക്കഷണങ്ങൾ നിരത്തി അതിനു മുകളിൽ കച്ചിയും കളിമണ്ണും കുഴച്ചുതേച്ച മേൽത്തട്ടാണ്. രണ്ടുമൂന്നു ചതുരങ്ങൾ പൊളിച്ചുമാറ്റിയാൽ ഈ കൊച്ചു കട്ടിൽ കടക്കാനുള്ള വിസ്താരം കിട്ടും. നല്ലവനായ വീട്ടുകാരൻ ഈ സംരഭത്തിൽ നിന്നും തങ്ങളെ പിന്തിരിപ്പിക്കില്ലെന്നും അവർക്കുറപ്പുണ്ട്. അതിനാൽ ധൈര്യപൂർവ്വം അവർ പണിയാരംഭിച്ചു. മുകളിൽ തട്ടും മുട്ടും ഉയർന്നു. കാര്യമറിയാൻ ചിലർ വീടിന്റെ പിൻഭാഗത്തു വന്നു. വിവരമറിഞ്ഞ് അവർ മടങ്ങിപ്പോവുകയും ചെയ്തു. വളരെ വേഗം അവർ ചതുരങ്ങൾ പൊളിച്ചുമാറ്റി. മുകളിൽനിന്നും തീവെയിൽ ചതുരാകൃതിയിൽ അകത്തളത്തിൽ ഇറങ്ങിനിന്നു. ആളുകൾ ആശ്ചര്യത്തോടെ തല പൊന്തിച്ച് നോക്കിയിരിക്കുന്നു. ആകാംക്ഷ നിറഞ്ഞ അവരുടെ കണ്ണുകളിൽ കുമ്മായപ്പൊടിയും മണ്ണും മറ്റും ഉതിർന്നു വീണു. എന്നിട്ടും ആരും എതിർത്തില്ല.



www.malankaralibrary.com

പിന്നെ നാലുമൂലയ്ക്കും കയർ കെട്ടിയ കട്ടിൽ വളരെ സാവധാനം അതാ താഴ്ന്നു വരുന്നു.

യേശു പ്രസംഗം നിർത്തി. മുകളിലേക്കു നോക്കുന്നില്ലെങ്കിലും എല്ലാം ഗ്രഹിച്ചു കഴിഞ്ഞു. മുകൾത്തട്ടിൽ കയർ അയച്ചു കൊണ്ടിരിക്കുന്ന വരുടെ വിശ്വാസത്തിൽ മതിപ്പുതോന്നി. ബോധമില്ലാതെ കിടക്കുന്ന തളർവാതക്കാരൻ യേശുവിന്റെ തൊട്ടുമുമ്പിൽ താണിറങ്ങി.

അല്പം വ്യത്യസ്തമായൊരു ശൈലിയാണ് ഇത്തവണ യേശു ഉപയോഗിച്ചത്: "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു."

നിയമജ്ഞരായ ഫരിസേയരുടെ നെറ്റി ചുളിഞ്ഞു. അവർ മനസിൽ ചൊടിച്ചു: "ദൈവത്തിനല്ലാതെ മറ്റാർക്കെങ്കിലും പാപങ്ങൾ ക്ഷമിക്കാൻ പറ്റുമോ?"

ആ രഹസ്യവിചാരം പോലും പക്ഷേ, യേശുവിന്റെ മുമ്പിൽ പരസ്യം. പെട്ടെന്ന് ഫരിസേയരുടെ നേരെ തിരിഞ്ഞ് ആരാഞ്ഞു.

"നിങ്ങൾ ഇങ്ങനെ വിചാരിക്കുന്നത് എന്ത്? ഏതാണെളുപ്പം? നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറയുന്നതോ, എഴുന്നേറ്റു നടക്കുക എന്നു പറയുന്നതോ?"

പാപത്തിന്റെ ഫലമാണ് രോഗം എന്നാണല്ലോ യഹൂദവിശ്വാസം. അപ്പോൾ രോഗം മാറണമെങ്കിൽ ആദ്യം മാറേണ്ടത് പാപം. അതുകൊണ്ടാണ് അങ്ങനെ ചോദിച്ചത്.

പക്ഷേ ആരും മറുപടി കൊടുത്തില്ല.

യേശു തുടർന്നു: "ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരം ഉണ്ടെന്ന് നിങ്ങൾ അറിയണം."

എന്നിട്ട് രോഗിയുടെ നേരെ തിരിഞ്ഞ് ആജ്ഞാപിച്ചു: "കിടക്കയുമെടുത്ത് വീട്ടിൽ പോവുക."

തളർന്നു കിടന്നവൻ ആദ്യമായി ഒന്നനങ്ങി. ചുരുണ്ട കൈകാലുകൾ വലിച്ചു കുടഞ്ഞു. നിവർന്നു കട്ടിലിൽ എഴുന്നേറ്റിരുന്നു. ചുറ്റും നോക്കി. വിസ്മയിച്ചു. സ്തുതിച്ചു. പിന്നെ, ജനമദ്ധ്യത്തിൽ എഴുന്നേറ്റു നിന്ന് കട്ടിൽ എടുത്തു കൈകളിലുയർത്തി. ജനക്കൂട്ടം വിസ്മയത്തോടെ എഴുന്നേറ്റു വഴിമാറി നിന്നു.

തലയിലേറ്റിയ കട്ടിലുമായി ആശ്ചര്യസ്തുതികൾ അലയടിക്കുന്ന ജനമദ്ധ്യത്തിലൂടെ ചുറുചുറുക്കോടെ അവൻ വീട്ടിലേക്കു നടന്നു.



www.malankaralibrary.com

# പത്ത്

"മര്യാദക്കു കാശുതാടോ." പ്രമാണി ചന്തസ്ഥലത്തുനിന്ന് അലറി.

"ഇല്ലാതെങ്ങനാ തരുന്നേ?" കച്ചവടക്കാരൻ തേങ്ങി.

പ്രമാണി, പണസഞ്ചി ഇടതു കക്ഷത്തിൽ തിരുകി മറ്റേ കൈ നീട്ടി കച്ചവടക്കാരന്റെ കഴുത്തിൽ കടന്നു പിടിച്ചു. ഒന്നും ചെയ്യാനാവാതെ മറ്റു കച്ചവടക്കാരും വിഷണ്ണരായി നോക്കിനിന്നു.

പ്രമാണി, സർക്കാർ ഉദ്യോഗസ്ഥനാണ്. റോമാ ഭരണാധിപന്മാർക്കു വേണ്ടി യഹൂദരിൽ നിന്നും ചുങ്കം പിരിച്ചുകൊടുക്കുന്ന ആൾ. അതിനാലല്ലേ ചുങ്കക്കാരൻ ലേവി എന്നയാൾ അറിയപ്പെടുന്നതു തന്നെ. അൽപ്പേയിയുടെ മകൻ എന്നതിനേക്കാൾ ചുങ്കക്കാരൻ എന്ന സ്ഥാനം തന്നെയാണയാൾക്ക് അനുയോജ്യം. മത്തായി എന്നും വിളിക്കാറുണ്ട്.

ദരിദ്രർക്കു പോലും വൻ തുകയാണ് ചുങ്കമായി ചുമത്തിയിട്ടുള്ളത്. പണം കൊടുക്കാത്തവരെ നിർദാക്ഷണ്യം ഹേമിക്കാനും പണക്കാരനായ ലേവിക്കു മടിയില്ല.

യേശു കഫർണാമിലേയ്ക്കുള്ള യാത്രയ്ക്കിടയിലാണ് പാവം കച്ചവടക്കാരന്റെ കഴുത്തിൽ കുത്തിപ്പിടിച്ചു കയർക്കുന്ന ലേവിയെ കണ്ടത്.

"എന്റെ പിന്നാലെ വരൂ", ലേവിയെ നോക്കി ഇത്രമാത്രമേ പറഞ്ഞുള്ളൂ.

ദൃഢമൊഴിയുടെ ശ്രവണ മാത്രയിൽ അവൻ പിടിവിട്ടു. പലരും പറഞ്ഞുകേട്ടിട്ടുള്ള യേശുവിനെ തിരിച്ചറിഞ്ഞു. വീടോ ധനമോ യാതൊന്നുമില്ലാതെ അലഞ്ഞു നടക്കുന്നവനാണെങ്കിലും യേശുവിന്റെ വർദ്ധിച്ച ജനപ്രീതിയിൽ അവൻ അസൂയപ്പെട്ടിട്ടുണ്ട്. താനോ, യഹൂദരുടെ പ്രാക്കും തെറിയും കേട്ടു മടുത്തു കഴിയുന്നു. യേശുവിന്റെ ശിഷ്യത്വം തന്റെ ജീവിതത്തെ ശോഭായമാനമാക്കിയാലോ! എന്തായാലും വിളിച്ചവന്റെ പിറകെ ഇറങ്ങിത്തിരിക്കാൻ തന്നെ ഒരുങ്ങി. പണസഞ്ചി സകലരും കാൺകെ വലിച്ചെറിഞ്ഞ് ഏതാനും വാര മുന്നേറിയ യേശുവിന്റെ പിന്നാലെ ഓടിയെ



www.malankaralibrary.com

ത്തി. താൻ ചെയ്ത ക്രൂരതകളോരോന്നും അവന്റെ മനസിൽ കടന്നു വന്നുകൊണ്ടിരുന്നു. ഇന്നോളം തോന്നാത്ത പാപബോധം തനിക്കിന്നുണ്ടായിരിക്കുന്നു. അറിയാതെ കണ്ണുകൾ നനയുന്നു. പണത്തെ ചുറ്റിപ്പറ്റിയുള്ള ചിന്തകളിൽ നിന്നും ഇന്നാദ്യമായി മോചനമുണ്ടായിരിക്കുന്നു. അതെത്ര വലിയ മനഃശാന്തിയാണ് തനിക്കു സമ്മാനിക്കുന്നത്! ഇതിനെല്ലാം താൻ കടപ്പെട്ടിരിക്കുന്നത് തന്നിലേക്ക് ഒഴുകിയെത്തിയ യേശുവാകുന്ന മഹാനുഭാവനോടല്ലേ? അദ്ദേഹത്തോട് എങ്ങനെയാണ് നന്ദി പറയേണ്ടത്? പശ്ചാത്താപവിവശമായ തന്റെ ഹൃദയം എങ്ങനെയാണ്, സമൂഹത്തിനൊരു ഗുണപാഠമാകത്തക്കവിധം തുറന്നു വയ്ക്കേണ്ടത്?

ഈ യാത്ര കടന്നുപോകുന്നതു തന്റെ വീടിന്റെ മുമ്പിലൂടെയാണ്. അതു നല്ല അവസരമായി കരുതി യേശുവിനെയും കൂടെയുള്ളവരെയും വീട്ടിലേക്കു ക്ഷണിച്ചു.

യേശു സമ്മതിച്ചു. പക്ഷേ ഫരിസേയ നിരീക്ഷണ സംഘം മാത്രം വീട്ടിനുള്ളിൽ കയറാൻ കൂട്ടാക്കുന്നില്ല. കാരണം യഹൂദന്റെ ശത്രുവായ ചുങ്കക്കാരന്റെ വീടാണിത്. മാത്രമല്ല, യഹൂദർ വെറുക്കുന്ന പരസ്യപ്പാപികളെയും കൂട്ടിക്കൊണ്ടാണ് യേശു അകത്തു കടന്നിരിക്കുന്നത്. അതിനാൽ അകത്തു നടക്കുന്നതെന്താണെന്നറിയാൻ കഴുകൻ കണ്ണുകൾ ഉള്ളിലേയ്ക്കു പായിച്ച് മുറ്റത്തു ചുറ്റിപ്പറ്റി നില്ക്കുകയാണവർ.

വീട്ടിനുള്ളിലേക്ക് കടക്കാൻ തുടങ്ങിയ ശിഷ്യന്മാരോട് ഫരിസേയർ തട്ടിക്കയറി.

"ഛെ! നാണമില്ലേ നിങ്ങടെ ഗുരുവിന്? പാപികളോടും ചുങ്കക്കാരോടും ഒപ്പമാണല്ലോ വിരുന്നിനിരിക്കുന്നത്!"

യേശു അതുകേട്ടു. ഓസിയാസ് പ്രവാചകന്റെ പുസ്തകത്തിൽ എഴുതപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ മറുപടിയും കൊടുത്തു: "ദീനമുള്ളവർക്കാണ് വൈദ്യന്റെ ആവശ്യം. അല്ലാതെ സുഖമുള്ളവർക്കല്ല. എനിക്കു വേണ്ടതു ബലിയല്ല, കരുണയാണ്. അതുപോലെ, ഞാൻ വന്നത് നീതിമാന്മാരെ വിളിക്കാനല്ല. പാപികളെ പശ്ചാത്താപത്തിലേയ്ക്കു ക്ഷണിക്കാനാണ്."

ഫരിസേയർക്കു ഗതിമുട്ടി. എങ്കിലും മറ്റൊരാക്ഷേപം ഉടൻ തൊടുത്തുവിട്ടു. "താങ്കളുടെ ശിഷ്യന്മാർ മാത്രം ഉപവസിക്കാതെ, തിന്നു കുടിച്ചു നടക്കുകയാണല്ലോ. അതെന്താ?"



www.malankaralibrary.com

ശാന്തഭാവത്തിൽ യേശു പറഞ്ഞു: "മണവാളൻ കൂടെയുള്ളപ്പോൾ മണവറയുടെ തോഴർക്കു ദുഃഖിക്കാനാവുമോ? എന്നാൽ മണവാളൻ അവരിൽ നിന്നും എടുത്തുമാറ്റപ്പെടുന്ന ദിനങ്ങൾ വരും. അപ്പോൾ അവർ ഉപവസിച്ചുകൊള്ളും."

അവർ പിന്നൊന്നും ചോദിച്ചില്ല. ആവനാഴിയിലുണ്ടായിരുന്ന എല്ലാ ചോദ്യശരങ്ങളും എയ്തുവിട്ടു. പക്ഷേ, ലക്ഷ്യം തെറ്റി അതെല്ലാം മുനയൊടിഞ്ഞു വീണുപോവുകയും ചെയ്തു.

തളികകളിൽ മുന്തിരി അട വിളമ്പി. ഒലിവെണ്ണ തളിച്ച് വെയിലിൽ ഉണക്കിയെടുത്ത മധുരഭക്ഷണം. വീഞ്ഞു പറ്റിച്ചുണ്ടാക്കിയ പാവിൽ ജലം ചേർത്തു കുടിക്കാനും എടുത്തു. അതു കഴിച്ച് ഒരു സ്തോത്ര ഗീതം പാടി വീടിനും വീട്ടുകാർക്കും ശാന്തിനേർന്ന് അവരിറങ്ങി.

ശിഷ്യന്മാർ ഇപ്പോൾ പന്ത്രണ്ടുപേരായിരിക്കുന്നു. യാക്കോബിന്റെ പന്ത്രണ്ടു മക്കളിലൂടെ രൂപപ്പെട്ട പന്ത്രണ്ടു ഗോത്രങ്ങൾ ചേർന്ന ഇസ്രായേലിൽ അർത്ഥവത്തായ സംഖ്യ. പന്ത്രണ്ടു ശിഷ്യരും പന്ത്രണ്ടു തരക്കാർ. ജ്യേഷ്ഠാനുജന്മാരായിട്ടുപോലും ശിമയോനും അന്ത്രയോസും തമ്മിൽ ഒരുപോലെയല്ല. ഒരാൾ എടുത്തു ചാട്ടക്കാരനെങ്കിൽ അപരൻ മുയലിനെപ്പോലെ ശാന്തൻ. സെബദിയുടെ മക്കളായ യാക്കോബിനും യോഹന്നാനും തമ്മിലും ഇതുപോലെ വ്യത്യാസമില്ലേ? യേശുവിന്റെ കൊച്ചമ്മയുടെ മക്കളായിട്ടുപോലും ശാന്തതയേക്കാൾ അവരിൽ അല്പം മുന്നിട്ടു നിൽക്കുന്നതു ശൂരത്വമല്ലേ എന്നൊരു സംശയം. ഈ നാലുപേരും പരമ്പരാഗത മുക്കുവന്മാർ.

എന്നാൽ ഇപ്പോൾ ചേർന്ന ലേവിയോ, നല്ല വിദ്യാഭ്യാസമുള്ളവൻ. കണക്കെഴുത്തും പണം പിടുങ്ങലുമൊക്കെ നടത്താൻ അത് ആവശ്യവുമായിരുന്നല്ലോ.

തികഞ്ഞൊരു പക്വമതിയാണ്, പണ്ട് അത്തിമരച്ചോട്ടിൽ ചിന്തിച്ചുകൊണ്ടിരുന്ന നഥാനിയേൽ. അയാളുടെ കൂട്ടുകാരൻ പീലിപ്പോസാണെങ്കിൽ എല്ലാം പ്രായോഗികമായി മാത്രം വിശ്വസിക്കുന്ന ആളും.

ശിമയോൻ എന്നു പേരുള്ള മറ്റൊരാൾ കൂടിയുണ്ട്. പന്ത്രണ്ടുപേരിൽ ഏറ്റം കറുത്തവൻ ഇവനാണ്. അപ്പനു സ്വഭാര്യയിൽ മക്കളില്ലാതെ വന്നപ്പോൾ കാനായക്കാരിയായ ഒരടിമപ്പെണ്ണിൽ നിന്നു പിറന്നവനും. എരിവുകാരനായ ശിമയോൻ എന്നാണ് ഇയാൾ പ്രഖ്യാതൻ. അതായത്



www.malankaralibrary.com

ഇസ്രായേലിൽ ഒരു വിമോചന സംഘടനയുണ്ടായിരുന്നു; എരിവുകാരുടെ സംഘടന എന്നപേരിൽ. ഇസ്രായേലിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി മരിക്കാൻപോലും ഒരുക്കമുള്ള ഒരുപറ്റം യഹൂദ മതഭ്രാന്തരുടെ സംഘടന. ഇതിൽപ്പെട്ടവനായിരുന്നു ഈ ശിമയോൻ.

അതുപോലെ യാക്കോബ് എന്ന പേരിൽത്തന്നെയുണ്ട് മറ്റൊരുത്തനും. അദ്ദേഹത്തിന് ഉയരം നന്നേ കുറവ്. തിരിച്ചറിയാനായി "കൊച്ചു യാക്കോബേ" എന്നാണു വിളിക്കാറ്. അൽപ്പായിയുടെ പുത്രനുമാണ്. തോമ്മായാണ് മറ്റൊരാൾ. എന്തുകേട്ടാലും "അതുശരിയാണോ" എന്നോർത്ത് സംശയിച്ചു നിൽക്കും. പിന്നൊരാൾ തദ്ദായി. വളരെ ഒതുങ്ങി, ആരാലും അറിയപ്പെടരുതേ എന്നാശിച്ചു കഴിയുന്ന ആൾ. കൊച്ചു യാക്കോബിന്റെ സഹോദരനാണ്. മുഖഛായയിൽ ഗുരുവിനോടു സാമ്യമുള്ളവനും.

പക്ഷേ അങ്ങനെയൊന്നുമല്ല യൂദായുടെ സ്ഥിതി. കാഴ്ചയിൽത്തന്നെ സൗമ്യത തീരെയില്ലാത്ത ഭാവം. പകച്ചനോട്ടം. യൂദയായുടെ തെക്കു ദേശത്തു നിന്നുള്ള ഇസ്ക്കരിയോത്ത് എന്ന സ്ഥലത്തുനിന്നുള്ളവൻ. പന്ത്രണ്ടു ശിഷ്യരിൽ യൂദയായുടെ തെക്കു ദേശത്തു നിന്നുള്ള ഒരേ ഒരാൾ ഈ യൂദ മാത്രം. ഇസ്രയേലിന്റെ സ്വാതന്ത്ര്യം മാത്രമായിരുന്നു ഇയാളുടെ ലക്ഷ്യം. പക്ഷേ അതോ, ജനകീയവിപ്ലവത്തിലൂടെ നേടിയെടുക്കാനായിരുന്നു പദ്ധതി. ഒരു കൂട്ടുകാരനുമുണ്ടായിരുന്നു. ബറബ്ബാസ്. പക്ഷേ അയാളിപ്പോൾ കാരാഗൃഹത്തിലാണ്.

അങ്ങനിരിക്കെയാണ് യേശുവിനെ യൂദാ കണ്ടത്. അതോ, ഒരു മഹാരാജാവിന്റെ അധികാരത്തോടെ കയറു ചുഴറ്റി ദേവാലയത്തിൽ നിന്നും കച്ചവടക്കാരെ ആട്ടിപ്പായിച്ച ഉജ്ജ്വലമുഹൂർത്തത്തിൽ. ഗംഭീരമായ അക്കാഴ്ച കൺകുളിർക്കെ നോക്കിനിന്നുപോയി. താൻ വിഭാവനം ചെയ്യുന്ന ജനകീയവിപ്ലവം അതിശക്തമായൊരു രാജാവിന്റെ ധീരനേതൃത്വത്തിൽ മാത്രമേ സാദ്ധ്യമാകൂ എന്നുറപ്പുണ്ടായിരുന്നു. തന്റെ പ്രതീക്ഷയിലുള്ള ശക്തനായ അതേ ഭരണാധിപൻ ഇതാ എന്ന് തന്റെ ഉള്ളം അപ്പോൾ വിളിച്ചു പറയുന്നതായി തോന്നി. ഉടൻതന്നെ, ജനത്തിരക്കിലൂടെ ഞെരിഞ്ഞോടി ശിഷ്യഗണത്തിൽ ഒരുവനായി ചേരുകയായിരുന്നല്ലോ. എതിർത്തൊന്നും ഗുരു പറയാതിരുന്നത് ഭാഗ്യം. തന്റെ ഭൗതിക വിജ്ഞാനവും കണക്കുകൂട്ടാനുള്ള മിടുക്കും ശിഷ്യസമൂഹത്തിനു മുതൽക്കൂട്ടാകുന്നെങ്കിൽ ആകട്ടെ എന്നു കരുതിയാവും തന്നെ ഉപേക്ഷിക്കാതിരുന്നത്. അതുകൊണ്ടല്ലേ, സമൂഹത്തിന്റെ ചെലവുകളൊക്കെ നടത്താൻ താൻ നിയുക്തനായിരിക്കുന്നത്. പണസഞ്ചി സൂക്ഷിക്കാൻ തന്നേക്കാൾ



www.malankaralibrary.com

മിടുക്കൻ ഇക്കൂട്ടത്തിൽ മറ്റൊരാളില്ലെന്നും ഗുരുവിനറിയാമായിരിക്കും.

സന്ധ്യയോടെ ശിഷ്യസംഘം എത്തിയത് വിജനമായൊരു മലമ്പ്രദേശത്ത്. ഗലീലാക്കടലിന്റെ പടിഞ്ഞാറുള്ള 'താഗ്ബായ്ക്കു' മുകളിൽ. മലങ്കാറ്റിന്റെ നേർത്ത ചൂളവും രാക്കിളികളുടെ മധുര ഗാനാലാപവും ഒഴിച്ചാൽ സ്വരരഹിതമായൊരു രാത്രി. പുറങ്കുപ്പായത്തിന്റെ മുകൾ ഭാഗത്താൽ ഗുരു തലമൂടി. മുട്ടുകുത്തി, മുന്നിലെ പാറയിൽ കൈകൾ വിരിച്ച് പരമാത്മാവിൽ മനസ്സർപ്പിച്ച് ധ്യാനലീനനായി. തന്റെ ജീവപ്രയാണത്തിൽ എല്ലാം ദൈവരാജ്യ സംസ്ഥാപനാർത്ഥമുള്ള നിയോഗങ്ങൾ. ശിഷ്യഗണത്തിന്റെ രൂപീകരണവും അങ്ങനെതന്നെ.

സമൂഹം തള്ളിക്കളഞ്ഞവരും പാമരരുമായ ശിഷ്യഗണം. ദൈവരാജ്യത്തിന്റെ ശാന്തിഗീതം ലോകമെങ്ങും പാടി നിറയ്ക്കാൻ നിയുക്തരായവർ. അതിരുകളില്ലാത്ത ദൈവസ്നേഹത്തിന്റെ അലയൊലികൾ സകലരിലും ഉണർത്താൻ വിളിക്കപ്പെട്ടവർ. ചടങ്ങുകൾക്കും ആചാരങ്ങൾക്കും അതീതമായ ഒരു പുതിയനിയമത്തിന്റെ എരിതീപ്പന്തങ്ങളാകാൻ തെരഞ്ഞെടുക്കപ്പെട്ടവർ. കൂരിരുട്ടിന്റെ അന്ത്യവിനാഴികയിൽ തുയിലുണർത്താൻ കൃപ ലഭിച്ചവർ. വിശ്വമാകെ തണൽ വിരിക്കേണ്ട മഹാവൃക്ഷസഞ്ചയങ്ങളുടെ പ്രാരംഭ വിത്തുകൾ. തന്റെ ആത്മസത്തയിൽ അവരെ ലയിപ്പിച്ച് പരമാത്മാവിൽ അതു സമർപ്പിച്ച് രാവേറെയാകും വരെ അതേ അവസ്ഥ.

പൊന്നുഷസ്സിൽ ശിഷ്യസമൂഹത്തെ വിളിച്ചരികിൽ നിർത്തി, അവർക്കൊരു ഓമനപ്പേരിട്ടു; അപ്പസ്തലന്മാർ. അയയ്ക്കപ്പെട്ടവർ എന്നാണിതിന്നർത്ഥം. അതെ; സമയം സമാഗതമാകുമ്പോൾ ലോകത്തിന്റെ നാനാ അതിർത്തികളിലേയ്ക്കും സാർവ്വത്രിക സഭയുടെ വക്താക്കളായി അയയ്ക്കപ്പെടേണ്ടവർ.

നേരം വെളുത്തു തുടങ്ങിയതോടെ ഏകാന്തതയും കുറഞ്ഞു തുടങ്ങി. വിജനമായ താഴ്വാരത്തിൽ ജനം ഒഴുകിയെത്തുകയാണ്. തേൻകട്ട തേടി വരിവരിയായി വരുന്ന ഉറുമ്പുകളെപ്പോലെ. പടർന്നെരിയുന്ന അഗ്നിപോലെ യേശുവിന്റെ ഖ്യാതി വാമൊഴിയിലൂടെ വിദൂരങ്ങളിൽ പോലും ചെന്നെത്തിയിരിക്കുന്നു. ഗലീലായും കടന്ന് ഇദൂമയാ, യൂദയാ, സമറിയാ എന്നിവിടങ്ങളിൽ പോലും. അതുകൊണ്ടല്ലേ മെഡിറ്ററേനിയൻ തീരത്തുള്ള പുറജാതി സങ്കേതങ്ങളിൽ നിന്നും ദശഗ്രാമങ്ങളിൽനിന്നു പോലും ജനക്കൂട്ടം ഇവിടേയ്ക്കു വരുന്നത്.

മലയിൽ മരത്തണലിലുള്ള ഒരു ചെറുപാറയിൽ ഗുരു ഇരുന്നു. ജനാവലി ചുറ്റും.



www.malankaralibrary.com

ഏവർക്കും കേൾക്കാനായി അവിടുന്ന് ഉച്ചത്തിൽ ശബ്ദിച്ചു. ദീനരും പട്ടിണിപ്പാവങ്ങളുമായവരെ കണ്ട് ഉള്ളലിഞ്ഞ ഈ ദീനദയാലു തുടങ്ങിയത് ഇങ്ങനെ: "ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാകുന്നു. കരയുന്നവരേ, നിങ്ങൾ ഭാഗ്യവാന്മാർ, നിങ്ങൾ ചിരിക്കും."

ലോകം ആദ്യമായി കേട്ട ഒരു പുതിയ നിയമത്തിന്റെ ഉത്ഘാടന പ്രഘോഷണമായിരുന്നു അത്.

ഇതുപോലൊരു മലയായ സീനായ് മലയിൽ വച്ചല്ലേ മോശയിലൂടെ പഴയനിയമം ലോകത്തിനു കിട്ടിയത്. പക്ഷേ ആ നിയമം സാധാരണ ജനത്തെ സംബന്ധിച്ച് മരണക്കെണി ആവുകയായിരുന്നു. പത്തു കല്പനകൾക്ക് എഴുതിച്ചേർത്ത ഉപനിയമങ്ങളും പാരമ്പര്യവും കെട്ടുപിണഞ്ഞ 'തോറാ' എന്ന മരണക്കെണി. മേലാളന്മാരുടെ സുഖജീവിതത്തിനായി പാവങ്ങളുടെ ജീവിതം ഈ നിയമാവലി മൂലം ദുരിതജന്മങ്ങളായിരിക്കുന്നു.

അത്തരം നിയമപ്രകാരം, ഒരാൾ അടിച്ചാൽ തിരിച്ചടിക്കണം. കുത്തിയാൽ തിരിച്ചു കുത്തണം. കൊന്നാൽ കൊലചെയ്യപ്പെട്ടവന്റെ കൂട്ടാളികൾ കൊലപാതകിയെ കൊന്നു കളയണം.

യേശു പറഞ്ഞു: "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ശത്രുക്കളെ സ്നേഹിക്കുവിൻ. ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. നിന്റെ വലതു കരണത്ത് ഒരുവൻ അടിച്ചാൽ അവന് നിന്റെ മറ്റേ കരണവും കാണിച്ചു കൊടുക്കുവിൻ."

പലരും ചിന്തിച്ചു. ഒരുവന്റെ വലതു കരണത്ത് അടിക്കാൻ കഴിയുമോ? കഴിയും. ഒന്നുകിൽ, അടിക്കുന്നവൻ ഇടതുകൈ വശമുള്ളവനായിരിക്കും. അല്ലെങ്കിൽ അടിച്ചത് പിന്നിലൂടെ പതുങ്ങിവന്നായിരിക്കും. അതായത് ചതിവിലുള്ള അടി. അങ്ങനെയുള്ള അടിക്കാരന്റെ മുമ്പിൽ പോലും നേരെ തിരിഞ്ഞുനിന്ന് തന്റെ മറ്റേകരണം, അതായത് ഇടതുകരണം കാണിച്ചു കൊടുക്കണമെന്നാണ് ഗുരുവിന്റെ പുതിയനിയമം.

"കൊല്ലരുത്" എന്നത് പഴയനിയമത്തിലുള്ള പത്തു കല്പനകളിൽ ഒന്ന്. എന്നാൽ എന്താണു കൊലപാതകം എന്നു പറഞ്ഞുതരുകയാണു ഗുരു: "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, സഹോദരനോടു കോപിക്കുന്ന ഏവനും നരകാഗ്നിക്ക് ഇരയാകും."



www.malankaralibrary.com

വ്യഭിചരിക്കരുത് എന്നതും പത്തു കല്പനകളിൽ ഒന്ന്. എന്നാൽ എന്താണു വ്യഭിചാരമെന്ന് വ്യക്തമാക്കുകയാണു ഗുരു: "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു."

തുടർന്ന് ഗുരുദൃഷ്ടികൾ ചെന്നു തറച്ചത് നിരീക്ഷകഫരിസേയ പ്രമാണിമാരിൽ. മലയിൽ മാറ്റൊലി മുഴക്കി ഗുരുശാസനം ഉയർന്നു: "സമ്പന്നരേ നിങ്ങൾക്കു ദുരിതം. നിങ്ങളുടെ ആശ്വാസം നിങ്ങൾക്ക് ലഭിച്ചു കഴിഞ്ഞു. ഇപ്പോൾ ചിരിക്കുന്നവരേ നിങ്ങൾക്കു ദുരിതം. നിങ്ങൾ ദുഃഖിച്ചു കരയും."

അപ്രതിരോധ്യപ്രഭാവം തുടിച്ച ഗുരുവിനോടെതിർക്കാൻ ത്രാണി പോരാത്ത ഫരിസേയർ ചുളിഞ്ഞ നെറ്റിയോടെ കുനിഞ്ഞിരുന്നു. തൊങ്ങലുകൾ ചാർത്തിയ അവരുടെ മുന്തിയതരം പട്ടുവസ്ത്രം ദൃഷ്ടിയിൽപ്പെട്ട ഗുരു തുടർന്നു.

"എന്തുതിന്നും, എന്തു കുടിക്കും എന്ന് ജീവനെക്കുറിച്ചോ ശരീരത്തെക്കുറിച്ചോ ആകുലപ്പെടരുത്. ആകാശത്തിലെ പറവകളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല. ധാന്യപ്പുരകളിൽ ശേഖരിക്കുന്നുമില്ല. എന്നിട്ടും നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ."

വെളുത്ത മനോഹരങ്ങളായ ലില്ലിപ്പൂക്കൾ വിടർന്ന താഴ്‌വാരത്തിലേയ്ക്ക് വിരൽ ചൂണ്ടി തുടർന്നു.

"വസ്ത്രത്തെപ്പറ്റിയും നിങ്ങളെന്തിന് ആകുലപ്പെടുന്നു? ലില്ലിച്ചെടികൾ എങ്ങനെ വളരുന്നു എന്നുനോക്കുക. അവ അദ്ധ്വാനിക്കുന്നില്ല. നൂൽ നൂൽക്കുന്നില്ല. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ശലോമോൻ രാജാവിന്റെ സർവ്വമഹത്വത്തേക്കാൾ ശ്രേഷ്ഠമായി ഇതിലെ പുഷ്പം അലംകൃതമായിരിക്കുന്നു. ഇവയെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ."

ഫരിസേയരുടെ കപടനാട്യങ്ങളെ വീണ്ടും അനാവൃതമാക്കുകയാണ് പ്രബോധകൻ. പ്രാർത്ഥിക്കുന്നതാകട്ടെ, ഭിക്ഷകൊടുക്കുന്നതാകട്ടെ എല്ലാം മറ്റുള്ളവർ കാൺകെ ചെയ്യാനാണ് അവർക്കിഷ്ടം. പേരും പ്രശംസയുമാണല്ലോ അവർക്കാവശ്യം. എന്നാൽ ആ ശൈലിയെയാണ് യേശു നിശിതമായി വിമർശിക്കുന്നത്.



www.malankaralibrary.com

"നീ മുറിയിൽ കയറി, കതകടച്ച്, രഹസ്യത്തിൽ നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം തരും."

ഇതുകേട്ട് തൊട്ടടുത്തിരുന്ന ശിഷ്യന്മാർ ആവശ്യപ്പെട്ടു: "ഗുരോ എങ്ങനെയാണ് ഞങ്ങൾ പ്രാർത്ഥിക്കേണ്ടത്?"

അതും പറഞ്ഞു കൊടുത്തു:

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

അങ്ങയുടെ നാമം പൂജിതമാകണമേ.

അങ്ങയുടെ തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമേ.

അന്നന്നു വേണ്ട ആഹാരം ഞങ്ങൾക്കു തരണമേ.

ഞങ്ങളോടു തെറ്റു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതു പോലെ ഞങ്ങളുടെ തെറ്റുകളും ഞങ്ങളോട് ക്ഷമിക്കേണമേ.

ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.

ദുഷ്ടനിൽ നിന്നും ഞങ്ങളെ കാത്തു കൊള്ളണമേ.

എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു."



www.malankaralibrary.com

# പതിനൊന്ന്

സിംഹം അഴികൾക്കുള്ളിലായി.

അന്തിപ്പാസ് രാജാവിന്റെ കാരാഗൃഹത്തിൽക്കിടന്നും അവൻ ക്രുദ്ധനായി ഗർജ്ജിക്കുകയായിരുന്നു. തിന്മയും അനീതിയും കണ്ടാൽ ഗർജ്ജിക്കാതിരിക്കാൻ അവനു കഴിയില്ല. പാപത്തെ ഓർത്ത് പശ്ചാത്തപിക്കാൻ ആജ്ഞാപിച്ച ഈ സ്നാപകന് പാപത്തിനു കൂട്ടുനിൽക്കാനാവില്ല. ദൈവത്തിന്റെ കുഞ്ഞാടിനു വഴിയൊരുക്കാൻ വന്ന ഈ ധാർമ്മികമൂർത്തിക്ക് തിന്മയുടെ മുഖത്തു കാർക്കിച്ചു തുപ്പാതിരിക്കാനാവില്ല. അത് അന്തിപ്പാസ് രാജാവിന്റെ മുഖത്തായാൽ പോലും. അതിനുള്ള പ്രതിഫലം ഈ കാരാഗൃഹമായിരിക്കുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് താനതു ചെയ്തത്.

'ഞാൻ ചെറുതാകണം. അവനോ വലുതാകണം' എന്ന് യേശുവിനെ ഓർത്ത് ഉറക്കെപ്പറഞ്ഞ തനിക്ക് ചെറുതായി ചെറുതായി മറഞ്ഞുപോകാൻ തന്നെയാണിഷ്ടം. അവനോ, വളർന്നു വലുതായി വിശ്വമഹാപ്രകാശമായിത്തീരണം. പക്ഷേ, അതു കാണാൻ അന്നു താൻ ഉണ്ടാവില്ലെന്നു മനസിൽ തീർച്ചയുണ്ട്. അപ്പോൾപിന്നെ അനീതിയുടെ ഉപാസകനായ അന്തിപ്പാസിന്റെ നേർക്കാവട്ടെ അവസാനഗർജ്ജനം എന്നു കരുതി.

സ്വഭാര്യയെ ഉപേക്ഷിച്ചു കളഞ്ഞ് സഹോദരഭാര്യയെ തട്ടിക്കൊണ്ടു വന്ന അയാളെ എതിർക്കാൻ ഒരാളെങ്കിലും വേണ്ടേ?

മുപ്പതു വർഷം മുമ്പ്, അപ്പനായ ഹേറോദേസ് നാടുനീങ്ങിയപ്പോൾ വിഭജിക്കപ്പെട്ട പാലസ്തീനിലെ ഗലീലയാ രാജ്യത്തിന്റെ ഭരണഭാരമേറ്റവനാണ് അന്തിപ്പാസ്. അപ്പനെപ്പോലെ തന്ത്രശാലിയായ അന്തിപ്പാസിനോട് റോമാ ചക്രവർത്തി അഗസ്റ്റസ് സീസർ കല്പിച്ചു: "റോമിലേക്കു വരിക."

ഉദ്യോഗസ്ഥരുടെ രഹസ്യങ്ങൾ ചക്രവർത്തിക്കു ചോർത്തിക്കൊടുക്കുന്ന ചാരപ്പണിക്കു വേണ്ടിയാണ് അവിടേയ്ക്കു വരുത്തിയത്. അന്തിപ്പാസ് റോമിലെത്തി. തന്റെ സഹോദരൻ ഫിലിപ്പ് റോമിൽ സ്ഥിരവാസമാണ്. ഒറ്റയ്ക്കല്ല, സുന്ദരിയായ ഭാര്യ ഹേറോദിയായും അതിലേറെ ലാവണ്യവതിയായ മകൾ ശലോമിയുമുണ്ട്. റോമിലെത്തിയ അന്തിപ്പാസിന്റെ വാസം ഫിലിപ്പിന്റെ വീട്ടിലായി.



www.malankaralibrary.com

അധികാരമോഹിയും ആഡംബര പ്രിയയുമായ ഹേറോദിയായാണ് ഇതിലേറ്റം സന്തോഷിച്ചത്. മിടുക്കനായ അന്തിപ്പാസിനെ അവൾക്കിഷ്ടമായി. യാതൊരു രാഷ്ട്രീയാധികാരവുമില്ലാതെ വീട്ടിൽ അലസനായി കഴിയുന്ന ഫിലിപ്പിന്റെ ജീവിതത്തിൽ നിന്നും വഴുതിമാറി, ഗലീലയായുടെ രാജാവായ അന്തിപ്പാസിലേക്ക് പടർന്നു കയറുകയാണ് അവളുടെ ലക്ഷ്യം. പക്ഷേ അന്തിപ്പാസിനു പ്രായം അൻപതോളമുണ്ട്. തന്നേക്കാൾ പതിനഞ്ചു വയസു കൂടുതൽ. മാത്രമോ നിലവിൽ അയാൾക്കൊരു ഭാര്യ ഉണ്ടു താനും. ഗലീലാ കൊട്ടാരത്തിൽ പട്ടമഹിഷിയായി വാഴുകയാണവൾ. പക്ഷേ ഹേറോദ്യായുടെ അനവദ്യസൗന്ദര്യത്തിനുവേണ്ടി എന്തും ചെയ്യാൻ സന്നദ്ധനായിരുന്നു അന്തിപ്പാസ്. അങ്ങനെ തന്റെ സ്വാർത്ഥപാതയിലെ വിലങ്ങുതടിയായ ഭാര്യയെ അയാൾ വലിച്ചെറിഞ്ഞു. ഹേറോദിയ തന്റെ ഭർത്താവായ ഫിലിപ്പിനെയും. അന്തിപ്പാസും ഹേറോദിയായും അങ്ങനെ റോമിൽ നിന്നും ഗലീലാ കൊട്ടാരത്തിലേക്കു തിരിച്ചു. ഒപ്പം മധുരപ്പതിനാറുകാരി ശലോമിയും.

ഈ ദുഷ്കൃതിയിൽ പ്രജകൾ വേദനിച്ചു. എന്നാൽ രാജാവു കോപാന്ധനാണ്. രാജ്ഞി ഹേറോദിയാ പ്രതികാര ദുർഗ്ഗയും. അതിനാൽ ആരും എതിർക്കാൻ തുനിഞ്ഞില്ല. ഒരാളൊഴികെ. അതിനുള്ള ശിക്ഷ മക്കേറൂസിലെ ഈ കാരാഗൃഹവാസമാണെങ്കിലെന്ത്? എന്നാൽ ഒരു കാര്യത്തിലേയുള്ളൂ നിരാശ, യേശുവിന്റെ പരസ്യ രംഗപ്രവേശം കാണാൻ തനിക്കു കഴിയാത്തതിൽ മാത്രം. എങ്കിലും സ്വശിഷ്യന്മാർ കാരാഗൃഹത്തിൽ വന്ന് യേശുവിന്റെ വിശേഷങ്ങൾ അറിയിച്ചുകൊണ്ടിരിക്കുന്നു.

പക്ഷേ ഇത്തവണ ശിഷ്യഗണം വന്നറിയിച്ചത് പരിദേവനം കലർന്ന ദുഃഖവാർത്ത.

"യേശു വലിയ അത്ഭുതങ്ങളൊക്കെ കാണിക്കുന്നുണ്ട്. പക്ഷേ ഇതുവരെയായിട്ടും താൻ സാക്ഷാൽ ക്രിസ്തുവാണെന്ന കാര്യം പരസ്യമാക്കിയിട്ടില്ല. താൻ ക്രിസ്തുവാണെന്ന് തിരിച്ചറിഞ്ഞ് അക്കാര്യം പ്രചരിപ്പിക്കുന്നവരെപ്പോലും വിലക്കുകയാണദ്ദേഹം."

അതുകേട്ട് കൽത്തുറുങ്കിലെ ഇരുമ്പഴികൾക്കുള്ളിൽ സ്നാപകനും വിഷണ്ണനായി നിന്നു. അല്പാഹാരത്താൽ തളർന്ന കണ്ണുകൾ അഴികൾക്കപ്പുറത്തേയ്ക്കു പായിച്ച് അദ്ദേഹം ചിന്തയിലാണ്ടു. സഹസ്രാബ്ദങ്ങളായി സകലരും പ്രതീക്ഷയോടെ കാത്തുകഴിയുന്ന ക്രിസ്തുവാണു താനെന്ന് യേശു എന്തേ ഇനിയും പരസ്യപ്പെടുത്തിയിട്ടില്ല! അങ്ങനെ പരസ്യമാക്കാത്തിടത്തോളം കാലം മുന്നോടിയായ തന്റെ ദൗത്യം എങ്ങനെയാണ് പൂർണ്ണ



www.malankaralibrary.com

മാവുക. കൽത്തുറുങ്കിൽ അടയ്ക്കപ്പെടാതിരുന്നെങ്കിൽ യേശുവിനെ തേടി താൻ സ്വയം പോകുമായിരുന്നു. തന്റെ ക്രിസ്ത്വവതാര രഹസ്യം ഉടൻ ജനങ്ങളെ അറിയിക്കാൻ പ്രേരിപ്പിക്കുമായിരുന്നു. പക്ഷേ ഇത്തിരി വട്ടത്തിൽ ചുറ്റിത്തിരിയാൻ മാത്രം വിധിക്കപ്പെട്ട തനിക്ക് ഒന്നേ ഇനി ചെയ്യാനാവൂ. സ്വശിഷ്യരെ യേശുസവിധത്തിലേയ്ക്കു പറഞ്ഞയയ്ക്കുക.

എന്നാൽ യേശു ഇപ്പോൾ കഫർണാമിലാണ്. മലയിൽ ചെയ്ത പുതിയനിയമ പ്രഭാഷണത്തിനു ശേഷം രണ്ടുമൈൽ ദൂരത്തുള്ള തന്റെ പ്രിയപ്പെട്ട ദേശത്ത്. അവിടെത്തുമ്പോൾ പരിചിതരായ യഹൂദർ വന്നു തൊഴുതു പറഞ്ഞു: "ഗുരോ, അങ്ങയെ കാണാൻ പുറജാതിക്കാരനായ ഒരു പട്ടാളക്കാരൻ ദുഃഖത്തോടെ വന്നു നിൽക്കുന്നു. നല്ല മനുഷ്യനാണ്. അയാളാണ് നമ്മുടെ ഇവിടുത്തെ സിനഗോഗ് പണിയിച്ചു തന്നത്."

എന്തിനാണ് അയാൾ വന്നു നിൽക്കുന്നതെന്നും അവർ അറിയിച്ചു: "അയാളുടെ വീട്ടിലെ അടിമ എന്തോ ഭയങ്കര ദീനം പിടിച്ച് ചാകാറായത്രെ. അങ്ങ് സുഖമാക്കണമെന്ന്....."

കഫർണാമിന്റെ ഈ അതിർത്തി പ്രദേശത്ത് പാളയമടിച്ചിട്ടുള്ള വിജാതീയപടിയാളികളിൽ പ്രധാനിയാണിവൻ.

ക്ഷീണമെല്ലാം മറന്ന് യേശു ഉടൻ പുറപ്പെട്ടു. പട്ടാളക്കാരനും കൂട്ടരും വഴികാണിച്ചു. വീടിനോടടുത്തു. ഉടൻ പടയാളി തിരിഞ്ഞുനിന്നു. വഴി കയറിവരുന്ന ഗുരുവിനെ ആംഗ്യം കാട്ടി വിലക്കിക്കൊണ്ടു പറഞ്ഞു. "പുറജാതിക്കാരനായ എന്റെ വീട്ടിൽ കയറി ഗുരു അശുദ്ധനാകേണ്ട. അങ്ങൊരു വാക്കുച്ചരിച്ചാൽ മാത്രം മതി, എന്റെ അടിമ സുഖപ്പെടും."

ഇതുകേട്ട് വിസ്മയത്തോടെ യേശു യഹൂദജനത്തിനു നേരെ തിരിഞ്ഞു തറപ്പിച്ചു പറഞ്ഞു: "ഇത്ര അചഞ്ചലമായ വിശ്വാസം ഇസ്രയേലിൽ പോലും ഞാൻ കണ്ടിട്ടില്ല."

തീരാരോഗത്തിൽ നിന്നും മുക്തനായി വീട്ടുമുറ്റത്തേയ്ക്കിറങ്ങി വരുന്ന അടിമയെക്കൂടി കണ്ടപ്പോൾ ജനങ്ങൾക്ക് ആശ്ചര്യം.

അവിടെ നിന്നും തിരിച്ചിറങ്ങി. മുപ്പതുമൈൽ തെക്കോട്ടുപോന്നു. ഹെർമ്മോൻ പർവ്വതസാനുവിലുള്ള "നയീം" എന്ന പട്ടണത്തിലെത്തി. ചുറ്റുമതിലിൽ ഒരു പ്രവേശനകവാടം മാത്രമുള്ള പട്ടണം. ജനങ്ങൾക്കൊപ്പം കവാടത്തിലെത്തിയപ്പോഴേക്കും അതാ മറ്റൊരു ജനാവലി തങ്ങൾക്ക് എതിരേ വരുന്നു. ശവപ്പറമ്പിലേക്കുള്ള വിലാപയാത്രയാണെന്ന് പ്രത്യക്ഷ



www.malankaralibrary.com

ത്തിൽ മനസ്സിലായി. ഒരമ്മ തന്റെ വേദന താങ്ങാനാവാതെ മാറിലാഞ്ഞിടിക്കുന്ന ശബ്ദം വിലാപധ്വനിപോലെ പ്രതിദ്ധ്വനിക്കുന്നു. ഭർത്താവു മരിച്ചുപോയ അവളുടെ ഏക പുത്രനാണ് ശവപ്പെട്ടിയിൽ പ്രാണനറ്റു കിടക്കുന്നത്. അലമുറയിടുന്ന ഈ അമ്മയുടെ തകർന്ന ഹൃദയം യേശുവിനു കാണാം. ഓർക്കാപ്പുറത്ത് തന്നിൽനിന്നും അടർത്തി മാറ്റപ്പെട്ട ഏക പുത്രനെ ഓർത്ത് ഹൃദയത്തിൽ വാൾമുന കുത്തേറ്റു പിടയുന്ന വിധവയുടെ നൊമ്പരത്തിന്റെ ആഴം അറിയാം. ശവഭൂമിയിലേക്ക് ഇടറി നടക്കുന്ന ആ അമ്മ അടുത്തെത്തി. യേശുവിന്റെ കരുണാദ്ര ഹൃദയത്തിൽനിന്നും ആശ്വാസത്തിന്റെ ഒരു കൊച്ചുവാക്ക് പതഞ്ഞുയർന്നു: "കരയേണ്ടാ."

അതുകേട്ട് അവളുടെ വിലാപം ഉയർന്നതേയുള്ളൂ. മകൻ മരിച്ച നിമിഷം മുതൽ ഇങ്ങനെ എന്തെല്ലാം ആശ്വാസവാക്കുകൾ അവൾ കേട്ടുകഴിഞ്ഞു. ആളുകൾ താങ്ങി നടന്ന ശവപേടകത്തിനടുത്തേക്ക് യേശു ആഞ്ഞു. അതിൽ തൊട്ടു. ശവവാഹകരും നിന്നു.

'ഒരുപക്ഷേ, ശവം ഒന്നു കാണാനായിരിക്കും' അവർ കരുതി. എന്നാൽ യേശുവിന്റെ ആജ്ഞാസ്വരം വിധവയുടെ വിലപാപത്തിനും മുകളിൽ ഉയർന്നു: "യുവാവേ, ഞാൻ നിന്നോടുപറയുന്നു, എഴുന്നേല്ക്കുക."

പരിഹാസം കലർന്ന ആശ്ചര്യത്തോടെ ആളുകൾ ഒന്നു നിന്നു. മരണക്കയത്തിൽ നിന്നും തത്ക്ഷണം അവൻ പൊന്തിവന്നു. ശവപേടകം വഹിച്ചുകൊണ്ടു നിന്നവർ അന്ധാളിച്ച് പെട്ടി പെട്ടെന്ന് താഴ്ത്തിവെച്ചു. മൃതൻ അതിൽ എഴുന്നേറ്റിരുന്നു. ചുറ്റും നോക്കി. ദിവ്യപരിവേഷം ചൂഴ്ന്നു നിൽക്കുന്ന സൗന്ദര്യമൂർത്തിയെ കൺവിടർത്തിക്കണ്ടു. എന്തൊക്കെയോ ഊഹിച്ചു. പിന്നെ ആനന്ദാവേശത്താൽ എന്നപോലെ സംസാരിച്ചു തുടങ്ങി.

യേശു അവന്റെ കൈയ്ക്കുപിടിച്ച് എഴുന്നേല്പ്പിച്ചു. ആനന്ദപാരവശ്യത്താൽ യേശുവിനെത്തന്നെ നോക്കി ഇതു സത്യമോ മിഥ്യയോ എന്നു വിവേചിക്കാനാവാത്ത സംഭ്രാന്താവസ്ഥയിൽ നിന്നുപോയ അമ്മയുടെ കൈയ്യിൽ അവനെ ഏല്പിച്ചു. ഭയചകിതരായ ജനാവലി ക്രമേണ ഞെട്ടലിൽ നിന്നുണർന്നു. സകല കണ്ഠങ്ങളിലും ഈശസ്തുതി ഉയർന്നു. അവർ അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു: "ഇതാ ഒരു മഹാപ്രവാചകൻ നമ്മുടെ ഇടയിൽ ഉദിച്ചിരിക്കുന്നു."

അധികം വൈകിയില്ല, സ്നാപകയോഹന്നാന്റെ രണ്ടു ശിഷ്യന്മാർ



www.malankaralibrary.com

യേശുവിന്റെ മുന്നിലെത്തി. തടവറയിൽ കിടക്കുന്ന താപസന്റെ ആജ്ഞാനുസരണം എത്തിയതാണ്. സ്നാപകനേയും ശിഷ്യരേയും അലട്ടിക്കൊണ്ടിരുന്ന ആ സംശയം അവർ തുറന്നു ചോദിച്ചു: "വരാനുള്ളവൻ അങ്ങുതന്നെയാണോ? അതോ വേറൊരുവനെ ഞങ്ങൾ കാത്തിരിക്കണോ?"

സംശയ നിവാരണത്തെക്കാളുപരി ഇതിനുള്ള മറുപടി യേശുവിന്റെ നാവിൽ നിന്നുതന്നെ കേൾക്കണം എന്നതാണ് സ്നാപകന്റെ ആവശ്യം. തന്റെ പ്രതീക്ഷയ്ക്കൊത്ത് അനുകൂല മറുപടി മാത്രമേ ഉണ്ടാകൂ എന്നും മാമുനിക്കുറപ്പുണ്ട്.

ചോദ്യകർത്താക്കൾ ചിന്തിച്ചു. മറുപടി എന്താവും? "അതെ" എന്നോ "അല്ല" എന്നോ?

പക്ഷേ എശയ്യായുടെ പ്രവചനം ഓർത്തുകൊണ്ട് യേശുപറഞ്ഞതിങ്ങനെയാണ്: "നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം ചെന്ന് യോഹന്നാനെ അറിയിക്കുവിൻ. കുരുടർ കാണുന്നു. മുടന്തർ നടക്കുന്നു. കുഷ്ഠരോഗികൾ സുഖപ്പെടുന്നു. ചെകിടർ കേൾക്കുന്നു. മരിച്ചവർ ഉയിർക്കുന്നു. ദരിദ്രരോടു സദ്വാർത്ത പ്രഘോഷിക്കപ്പെടുകയും ചെയ്യുന്നു. എന്നിൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ."



www.malankaralibrary.com

# പന്ത്രണ്ട്

'ഈ ദിവ്യനെ ഒന്നു പരീക്ഷിക്കുക തന്നെ.'

അതായിരുന്നു ശെമയോന്റെ തന്ത്രം. അതിനുവേണ്ടിയാണ് തന്റെ രമ്യഹർമ്മ്യത്തിലേക്കു ക്ഷണിച്ച് യേശുവിനൊരു വിരുന്നുകൊടുക്കാൻ തീരുമാനിച്ചതും. എന്നിട്ടുവേണം അയാളെ ഒന്നടുത്തറിയാൻ; ഈ മുന്തിയ ജനപ്രീതിയുടെ പൊരുളറിയാൻ. അങ്ങനെ ചോർത്തിക്കിട്ടുന്ന രഹസ്യങ്ങൾ താൻ അംഗമായുള്ള സാൻഹെദ്രിൻ സഭയിൽ എത്തിക്കുകയും വേണം. ഒരുപക്ഷേ അതുമൂലം ഭരണസമിതിയിൽ തനിക്കൊരു സ്ഥാനക്കയറ്റം തരപ്പെടാതിരിക്കില്ല.

എങ്കിലും യേശുവിനെ താൻ ക്ഷണിച്ചകാര്യം മറ്റു ഫരിസേയരാരും അറിയാതിരുന്നെങ്കിൽ! ഫരിസേയരെ അത്രയ്ക്കും അരിശം കൊള്ളിക്കുന്നവനാണല്ലോ ആ നസ്രായൻ. അതിനാൽ ഇക്കാര്യം കൊട്ടിഗ്ഘോഷിക്കാനൊന്നും മെനക്കെട്ടില്ല. യേശുവിന്റെ വരവ് രഹസ്യമായിരിക്കട്ടെ എന്നു കരുതി മുറിക്കുള്ളിൽത്തന്നെ ഇരുന്നു. പക്ഷേ ശിഷ്യസമേതം യേശു വീട്ടിനുള്ളിൽ കടന്നുകഴിഞ്ഞപ്പോഴാണല്ലോ തനിക്കു ബോധോദയമുണ്ടായത്. ആതിഥേയന്റെ കടമകളെല്ലാം താൻ മറന്നുപോയോ? പിന്നെന്തു കൊണ്ടാണ് യേശുവിനെ താൻ ചുംബിച്ചു സ്വീകരിക്കാതിരുന്നത്? പാദക്ഷാളനത്തിനുള്ള ജലം കൊടുക്കാതിരുന്നത്? ശിരസ്സിൽ പരിമളദ്രവ്യം പുരട്ടാതിരുന്നത്? ഈ ആതിഥ്യമര്യാദകൾ പാലിക്കാൻ തനിക്കു നേരമില്ലായിരുന്നെങ്കിൽ ഭൃത്യരെയെങ്കിലും അതിനു നിയോഗിക്കാമായിരുന്നല്ലോ. പക്ഷേ ഇതൊന്നുമുണ്ടായില്ല. എങ്കിലും സൗമ്യഭാവം തുടിക്കുന്ന മുഖപ്രകാശത്തോടെ അതാ അദ്ദേഹം എല്ലാവരുടെയും നടുവിലായി ഇരുന്നു കഴിഞ്ഞു. ഭക്ഷണമേശയുടെ ചുറ്റുമുള്ള ശയ്യാതലങ്ങളിൽ ഒന്നിൽ ചാഞ്ഞിരിക്കുകയാണ് യേശു. ചെരുപ്പഴിച്ച് ഇരുകണങ്കാലുകളും ശയ്യാതലത്തിലേയ്ക്കുയർത്തി, ഇടതു വശത്തേക്കു മടക്കി, വലതുകൈ മേശമേലൂന്നിയുള്ള ഇരുപ്പ്. കാലുകൾ പിണച്ചു വയ്ക്കുകവഴി പാദത്തോളം നീണ്ട വെള്ളയങ്കി ഏതാണ്ടു മുട്ടോളം ഉയർന്നു നിൽക്കുന്നു.

സേവകർ ബാർലി അപ്പവും അതു മുക്കിക്കഴിക്കാനുള്ള ചാറും വിളമ്പിക്കൊണ്ടിരിക്കുന്നു. ഇവയ്ക്കെല്ലാം നേതൃത്വം നൽകി, അധികാരഭാവ



www.malankaralibrary.com

ത്തിൽ ഞെളിഞ്ഞു നിൽക്കുകയാണു ശിമയോൻ. ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥനയിൽ യേശു മുഴുകി.

ഉടൻ ഓർക്കാപ്പുറത്തെന്നപോലെയായിരുന്നു അവളുടെ വരവ്. പതിനായിരം റോസാപ്പൂക്കൾ വിരിഞ്ഞു വിലസുന്ന തോട്ടത്തെ തഴുകി വരുന്ന സുഗന്ധക്കാറ്റുപോലെ അവളെത്തി. ഒരു മദാലസ. മുൻവാതിലിലൂടെത്തന്നെയാണ് തിടുക്കത്തിലുള്ള വരവ്. നീണ്ടു തഴച്ച തലമുടി അഴിഞ്ഞുലഞ്ഞു കിടക്കുന്നു. ഒരു വെള്ളപ്പളുങ്കു പാത്രം ഇടം കയ്യാൽ മാറോടു ചേർത്തു ചുറ്റിപ്പിടിച്ചിരിക്കുന്നു. മറ്റാരേയും അവൾ ശ്രദ്ധിക്കുന്നില്ല. വന്നപാടെ യേശുവിന്റെ പിന്നിൽ മുട്ടുകുത്തി വീണു. ഗുരുപാദങ്ങളിൽ അവൾ മുഖം പൂഴ്ത്തി. സ്ഫടികം പൊട്ടി ചിതറും പോലൊരു കരച്ചിലുയർന്നു. കണ്ണീർപ്പൂമഴയിൽ പാദങ്ങൾ നനഞ്ഞു. അല്ല, അവ കഴുകുക തന്നെയാണവൾക്കു വേണ്ടത്. പിന്നെ, നിലം മുട്ടിക്കിടക്കുന്ന കാർമുടി ആ പാദങ്ങളിലേയ്ക്കവൾ ഉതിർത്തിട്ടു. അപ്പാദങ്ങൾ തുടയ്ക്കാൻ വസ്ത്രത്തേക്കാൾ മെച്ചം തന്റെ കാർകൂന്തൽ തന്നെയാണെന്നവൾ വിചാരിച്ചേക്കാം. അപ്പാദങ്ങൾ തെരുതെരെ ഉമ്മ വയ്ക്കുകയുമാണവൾ. അതുകൊണ്ടും തീർന്നില്ല. വെള്ളപ്പളുങ്കു ചെപ്പിന്റെ മൂടി മാറ്റി. രാജാക്കന്മാരുടെ ശവസംസ്ക്കാരത്തിനായി ഉപയോഗിക്കുന്ന അനർഘമായ നാർദ്ദീൻ പരിമളദ്രവ്യം പാദങ്ങളിൽ നന്നായി പൂശി. അതിന്റെ മണം അപ്പരിസരമാകെ തിങ്ങിനിന്നു.

കാര്യമെന്തെന്നറിയാതെ അത്ഭുതത്തോടെ ഉറ്റുനോക്കിയിരിക്കുകയാണ് ജനം. വീട്ടുകാരനാണെങ്കിൽ, ഇതെല്ലാം കണ്ടു കലികയറി നിൽക്കുകയാണ്. ആണുങ്ങളിരിക്കുന്ന മുറിയിലേക്ക് ഒരു സ്ത്രീയും മുൻവാതിലിലൂടെ വന്നുകൂടാ. മുടി അഴിച്ചിട്ടുകൊണ്ടാണെങ്കിൽ അതങ്ങേയറ്റം തെറ്റും. പക്ഷേ യേശു ഇതൊന്നും ഗൗനിക്കുന്നില്ല. കൃപാസമൃദ്ധിയുടെ പുണ്യവാണികൾ പൊഴിച്ചുകൊണ്ടിരിക്കുകയാണദ്ദേഹം. അതിനാൽ ഫരിസേയർക്ക് ഇവളെ പരസ്യമായി വിലക്കാനും പിടിച്ചിറക്കിവിടാനും കഴിയുന്നുമില്ല.

ശെമയോൻ പൊട്ടിത്തെറിക്കാറായി നിൽക്കുകയാണ്. ഇവൾ ആരെന്നു ശെമയോനറിയാം. രഹസ്യമായി അവളോടു പക്ഷമുണ്ടെങ്കിൽപോലും പരസ്യമായി അതംഗീകരിക്കുക അയാൾക്ക് അസാദ്ധ്യമാണ്. അങ്ങനെ ചെയ്താൽ അതു തന്റെ നിലയ്ക്കും വിലയ്ക്കും ക്ഷീണമാകും. ഗ്രീക്കുകാരുടെയും റോമാക്കാരുടെയും സുഖവാസകേന്ദ്രമായ മഗ്ദലനായിലെ ഈ പാതിരാപ്പൂവിനെ അറിയാത്ത പ്രമുഖന്മാരില്ല.



www.malankaralibrary.com

'ഈ മനുഷ്യൻ ഒരു പ്രവാചകനാണെങ്കിൽ ഇദ്ദേഹത്തെ തൊടുന്ന ഈ പെണ്ണ് വഴിപിഴച്ചവളാണെന്ന് അറിയേണ്ടതല്ലേ', ശെമയോൻ വിചാരിച്ചു.

ഈ പാരിജാതത്തെ ഉപകരണമാക്കി യേശുവിനെ കുടുക്കിലാക്കാനുള്ള ശ്രമത്തിലാണ് അയാൾ.

ശിമയോന്റെ രഹസ്യമനോവിചാരങ്ങൾ പക്ഷേ, പർവ്വതാഗ്രത്തിൽ നിന്നുള്ള അത്യുച്ചഘോഷണം പോലെ കേട്ടുകൊണ്ടിരിക്കുകയാണു ഗുരു. ഉടൻ അവന്റെ നേരെ തിരിഞ്ഞ് ഉച്ചരിച്ചു: "ശീമോനേ, ഞാനൊരു കാര്യം ചോദിക്കട്ടെ?"

"എന്താണു സ്വാമിൻ? ചോദിച്ചാലും," വളരെ ഭവ്യതയോടുള്ള മറുപടി.

യേശു ഒരു കഥപോലെ പറഞ്ഞുതുടങ്ങി: "ഒരാളിൽ നിന്നും രണ്ടുപേർ കടംവാങ്ങി. ഒരുവൻ അഞ്ഞൂറു ദേനേറായും മറ്റവൻ അൻപതു ദേനേറായും. കൊടുത്തുവീട്ടാൻ കഴിവില്ലാത്തതിനാൽ അയാൾ രണ്ടുപേരുടെയും കടം ഇളവു ചെയ്തു കൊടുത്തു. ആ രണ്ടു കടക്കാരിൽ ആരാണ് യജമാനനെ കൂടുതൽ സ്നേഹിക്കുക?"

ശീമോനു തെല്ലും ആലോചിക്കേണ്ടിവന്നില്ല, "കൂടുതൽ കടം ഇളയ്ക്കപ്പെട്ടു കിട്ടിയവൻ."

"നീ ശരിയായിത്തന്നെ വിധിച്ചു."

അതു പറഞ്ഞ് പശ്ചാത്താപവിവശയായിരിക്കുന്ന അവളുടെ നേർക്കൊന്നുനോക്കി. യേശു അവനോടു തുടർന്നു: "ഞാൻ നിന്റെ വീട്ടിൽ വന്നു, കാൽകഴുകാൻ നീയെനിക്കു വെള്ളംതന്നില്ല. ഇവളോ, കണ്ണീരുകൊണ്ട് എന്റെ പാദങ്ങൾ കഴുകി. നീ എന്നെ ചുംബിച്ചില്ല. ഇവൾ ഇതാ ഇപ്പോഴും പാദങ്ങളിൽ ചുംബിച്ചുകൊണ്ടിരിക്കുന്നു. നീ എന്റെ തലയിൽ തൈലം പൂശിയില്ല, ഇവളോ എന്റെ പാദങ്ങളിൽ സുഗന്ധതൈലം പൂശിയിരിക്കുന്നു. അതിനാൽ ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു."

ഇതുകേട്ട് പലർക്കും അമ്പരപ്പ്. അവർ ആശ്ചര്യത്തോടെ തങ്ങളിൽ പിറുപിറുത്തു, "പാപങ്ങൾ ക്ഷമിക്കുകയോ! അതു ചെയ്യാൻ ഇവൻ ആരാണ്?"



www.malankaralibrary.com

അപ്പോൾ യേശുവിന്റെ ആശ്വാസവാക്കുകൾ അവളിൽ കുളിരുപോലെ പെയ്തിറങ്ങുകയായിരുന്നു.

"നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പൊയ്ക്കൊള്ളുക."

കാറ്റേറ്റ് കാർമേഘപടലം അകന്നുപോയ ശുഭ്രാകാശംപോലെ അവളുടെ മനസ് തെളിഞ്ഞു. ആത്മാവിൽ പുനർജ്ജനിച്ച അനുഭൂതിയോടെ അവൾ പടിയിറങ്ങി.

ശിഷ്യന്മാരുമായി യേശു കടലോരത്തേക്കും.

പുൽക്കൊടികൾ കരിഞ്ഞുപോകുന്ന കഠിനമായ തീക്കാറ്റാണ് കരയിലെവിടെയും. എന്നാൽ കടലോരത്ത് തെല്ലാശ്വാസമുണ്ട്. ആർക്കും സുഗ്രഹമാകത്തക്കവിധം കഥകളിലൂടെയും ഉപമകളിലൂടെയും കടലോരത്തിരുന്നു പഠിപ്പിച്ചു.

ദൈവരാജ്യം എന്താണെന്ന് ഇത്ര ലളിതവും വ്യക്തവുമായി മറ്റാരിൽ നിന്നും അവർ കേട്ടിട്ടില്ല. ഗർവ്വിഷ്ഠഫരിസേയരുടെ ജ്ഞാനോപദേശം കേട്ടിട്ടും അവരുടെ സംശയങ്ങൾ പെരുകിയിട്ടേയുള്ളൂ. അതിനാലാവാം ഈ നവീനാശയക്കാരന് ആസ്വാദകർ ദിനം പ്രതി വർദ്ധിക്കുന്നത്.

പക്ഷേ അങ്ങനെ ഏകാന്തധ്യാനത്തിനും വിശ്രമത്തിനുമുള്ള നിമിഷങ്ങൾ ചുരുക്കപ്പെടുകയാണ്. സന്ധ്യയോളം അന്നു പഠിപ്പിച്ചു. ഇത്തിരി വിശ്രമം കൊതിച്ച് ശിഷ്യരോടു പറഞ്ഞു: "നമുക്ക് അക്കരയ്ക്കുപോകാം."

ഗലീലാക്കടലിന്റെ പശ്ചിമതീരത്തുനിന്നും അവർ വഞ്ചിയിൽ കടന്നു. വേഗം തുഴഞ്ഞു. എങ്കിൽപോലും ഏഴുമൈൽ വീതിയുള്ള കടലിന്റെ മറുകരയിലെത്താൻ ഏറെനേരം വേണ്ടിവന്നു. അമരത്തുവച്ച ഒരു ശിരോതല്പത്തിൽ തല ചായ്ച്ച് ഗുരു നിവർന്നു കിടന്നു. വഞ്ചിപ്പടികളിൽ ശിഷ്യന്മാരും ഇരുന്നു. പങ്കായം താഴ്ത്തി തുഴയുകയാണവർ.

നിമ്നോന്നതമായ ഒരു കൂറ്റൻ കോട്ടപോലെ കടലിനു ചുറ്റും ഉയർന്നു നില്ക്കുന്ന മലകളുടെ സൗന്ദര്യം നോക്കി യേശു അമർന്നു. വെള്ളത്തലപ്പാവണിഞ്ഞ ലെബനോൻ പർവ്വതാഗ്രം കണ്ടു കൺകുളിർത്തു. പ്രാർത്ഥനപോലെ ഒരു സങ്കീർത്തനം ഉരുവിട്ടുകൊണ്ട് അങ്ങനെ കിടന്നു. അതു പൂർത്തിയാകും മുമ്പ് ക്ലേശാധിക്യത്താൽ ഉറക്കത്തിലേയ്ക്കു വഴുതിവീണു



www.malankaralibrary.com

പോയി. തുഴച്ചിലിന്റെ താളത്തിനൊത്ത് ശിഷ്യർ അതു തുടർന്നു ചൊല്ലി. തുഴയുന്നവരുടെ ക്ഷീണ ഹസ്തങ്ങളിൽ നിന്നും പങ്കായം ഏറ്റു വാങ്ങി മറ്റു ശിഷ്യന്മാർ തുഴച്ചിൽ തുടർന്നു.

എങ്ങും കൊഴുത്തു തുടങ്ങുന്ന ഇരുട്ട്. വഞ്ചിയിലുള്ള മൺചെരാതിൽ മാത്രം ഒരു തിരി ഉണർന്നിരിക്കുന്നു. ഉറക്കഭാരത്താൽ അടഞ്ഞുപോകുന്ന കൺപോളകൾ വലിച്ചുതുറന്നു. തുഴയുന്നതിനിടയിൽ ഒരു മുഴക്കം കേട്ടു. കൊടുങ്കാറ്റിന്റെ മുഴക്കം. കണ്ണിലൊതുങ്ങാത്തത്ര വലിപ്പമുള്ള ഭീകര രാക്ഷസപ്പറവയെപ്പോലെ അതു പാറിവരികയാണ്; വഞ്ചിസഞ്ചാരികളെ റാഞ്ചി വിഴുങ്ങാനെന്നപോലെ.

കടലിൽ നിന്നുയരുന്ന തണുത്തകാറ്റും കരയിൽ നിന്നുണരുന്ന തീക്കാറ്റും തമ്മിൽ ഒന്നുചേർന്ന് വർദ്ധിതവീര്യത്തോടെ അലറിവരികയാവാം. അതോ, ഹെർമ്മോൻപർവ്വതത്തിൽ നിന്നും സടകുടഞ്ഞലറിവരുന്ന ക്രൂരശക്തിയാണോ എന്നും അറിയില്ല.

വഞ്ചി നിയന്ത്രിക്കാനാവുന്നില്ല. ശിഷ്യർ അതിന്റെ പായ വലിച്ചു താഴ്ത്തി. അലറിയുയരുന്ന തിരമാലകളുടെ വായിലേക്ക് അതു കൂപ്പു കുത്തുകയാണോ? ഒന്നും കാണാൻവയ്യ. ആകെ ഉണ്ടായിരുന്ന തിരിനാളത്തെ കാറ്റ് അടിച്ചു കൊന്നുകളഞ്ഞു. നിലാവിന്റെ അരണ്ട വെട്ടംമാത്രം. വിദഗ്ദ്ധരായ തുഴക്കാർ ഉണ്ടായിട്ടും ആർക്കും ഒന്നും ചെയ്യാനാവാത്ത അവസ്ഥ. ആടിയുലയുന്ന വഞ്ചിയിലേക്കു വെള്ളം ഇരച്ചുകയറിക്കഴിഞ്ഞു. മുങ്ങിത്താഴാൻ പോവുകയാണോ? സംഭീതപാരവശ്യത്താൽ കൂട്ട നിലവിളി ഉയർന്നു.

എന്നിട്ടും ഗാഢനിദ്രയിലായിരിക്കുന്ന ഗുരുവിനെ, അവർ തപ്പിത്തടഞ്ഞു കുലുക്കി വിളിച്ചു.

"ഗുരോ, ഗുരോ, ഞങ്ങൾ നശിക്കാറായി. അങ്ങ് ഉറങ്ങുകയാണോ?"

മിഴികൾ തുറക്കുമ്പോൾ ഇരുട്ട്, കൊടുങ്കാറ്റിന്റെ സംഹാരതാണ്ഡവം, ശിഷ്യരുടെ സംഭ്രമചേഷ്ടകൾ! എല്ലാം അരണ്ട വെളിച്ചത്തിൽ ഒരു നിമിഷം കണ്ടു.

ഗുരു എഴുന്നേറ്റു. വലം കൈ മുന്നോട്ടു നീട്ടി കാറ്റിനെ ശാസിച്ചു. അതേ, ഗൗരവത്തോടെ അലറിമറിയുന്ന കടലിനോടായി അടുത്ത ആജ്ഞ: "അടങ്ങുക, ശാന്തമാവുക."



www.malankaralibrary.com

സർവ്വം സ്വസ്ഥം! ശാന്തം! പിന്നെ സ്തബ്ധരായി നിൽക്കുന്ന ശിഷ്യരോട് ഗൗരവം വിടാതെ ചോദിച്ചു: "നിങ്ങൾ എന്തിനു പേടിക്കുന്നു. നിങ്ങൾക്കു വിശ്വാസമില്ലേ."

അതു കേട്ടിട്ടും അവരുടെ പരിഭ്രമം കൂടിയതേയുള്ളൂ. പാപങ്ങൾ മോചിക്കുന്ന ഇവനാര് എന്ന് ഇന്നലെ ജനം വിസ്മയിച്ചതുപോലെ ഇവർക്കും ഇങ്ങനെ വിസ്മയിക്കാനേ കഴിയുന്നുള്ളൂ.

'ഇദ്ദേഹം ആരാണ്! കടലിനേയും കൊടുങ്കാറ്റിനേയും പോലും അനുസരിപ്പിക്കുന്നല്ലോ!' ഈ അമ്പരപ്പോടെയാണവർ നേരം വെളുപ്പിച്ചത്. കടലിനക്കരെ കഫർണാമിനു നേരെ എതിർദിശയിലുള്ള ഗദറായരുടെ ദേശത്താണ് രാവിലെ ചെന്നെത്തിയത്.

കടലോരമെങ്കിലും മലകളും പാറക്കെട്ടുകളും നിറഞ്ഞ സ്ഥലം. ഇന്നെങ്കിലും തെല്ലു വിശ്രമിക്കാമെന്ന പ്രതീക്ഷയോടെയാണ് ഈ വിജനതയിൽ വന്നിറങ്ങിയത്. പക്ഷേ തങ്ങളെ സ്വാഗതം ചെയ്തത് വന്യമായ ഒരു അലർച്ച. മലയുടെ താഴ്വാരഗുഹയിൽ നിന്നുമാണത്. ഉടുതുണിയുരിഞ്ഞ് ചുഴലിക്കാറ്റുപോലെ ഒരു മഹാഭയങ്കരൻ തീരത്തേക്കു പാഞ്ഞു വരുന്നു. പിശാചുക്കളുടെ താവളമാണ് ആ ശരീരം എന്നു കണ്ടാലറിയാം. ഉരുക്കു ചങ്ങലകൾ പോലും പൊട്ടിച്ചെറിയാൻ പോന്ന ശക്തിയുള്ളവൻ. മഹാക്രൂരനായ ഈ ശല്ല്യക്കാരനെ പട്ടണവാസികൾ എറിഞ്ഞോടിച്ചു വിട്ടതാണിവിടേക്ക്. ശവം കൂട്ടിയിടുന്ന ഗുഹകളിലാണ് ഇപ്പോഴത്തെ വാസം. രാപകൽ ഈ പാറക്കെട്ടുകൾക്കിടയിലൂടെ അലറിക്കൊണ്ടു പാഞ്ഞു നടക്കും. ചിലപ്പോൾ പാറക്കെട്ടിൽ തല ആഞ്ഞുതല്ലി ചോരയൊലിപ്പിച്ചു കിടക്കും. ചിലപ്പോൾ കരിങ്കൽ ചീളുകൾ പെറുക്കി കാണുന്നവരെയെല്ലാം എറിയും.

അവന്റെ ഭയാനകമായ അലർച്ചയും വരവും കണ്ട് ശിഷ്യർ യേശുവിന്റെ പിന്നിൽ ഭയന്നുനിന്നു. അവൻ പാഞ്ഞടുത്ത് യേശുവിന്റെ മുന്നിലെത്തി. അചഞ്ചലപൗരുഷത്തോടെ നിവർന്നു നിന്ന ഗുരുവിന്റെ മുമ്പിൽ അവൻ വന്നു വീണു. സാഷ്ടാംഗം വന്ദിച്ച് അത്യുച്ചത്തിൽ നിലവിളിച്ചു: "ദൈവത്തിന്റെ പുത്രനായ യേശുവേ, നീ എന്നെ ഉപദ്രവിക്കല്ലേ."

യേശു അവനിലെ ദുഷ്ട ശക്തിക്കെതിരെ ശകാരിച്ചു: "ദുരാത്മാവേ, ഇവനെ വിട്ടുപോകൂ."

എന്നിട്ട് യേശു സാത്താനോട് തുടർന്നു ചോദിച്ചു: "നിന്റെ പേരെന്ത്?"



www.malankaralibrary.com

ഉടൻ അവനിൽ നിന്നും ദുഷ്ടശക്തികൾ ഒച്ചവച്ചു: "ഞാൻ ലെഗിയോൻ."

അതുകേട്ടു ശിഷ്യന്മാർ ഒന്നു ഞെട്ടി. കാരണം ഭീകരയുദ്ധപിശാചുക്കളുടെ ഒരു സംഘം തന്നെയാണ് ലെഗിയോൻ. യേശു അവരെ നശിപ്പിച്ചുകളയുമെന്നവർക്കറിയാം. അതിൽനിന്നും രക്ഷപ്പെടണമെന്നാശയുണ്ട്. അതിനുള്ള ഏകമാർഗ്ഗം ഇവനിൽ നിന്നിറങ്ങി മറ്റേതെങ്കിലും ജീവികളിൽ കുടിയേറുക. ഭാഗ്യത്തിന് അതാ കുന്നിൻ ചെരുവിൽ ധാരാളം പന്നികൾ.

പിശാചുക്കൾ തുടർന്നപേക്ഷിച്ചു: "ഇവനിൽ നിന്നു ഞങ്ങൾ പൊയ്ക്കൊള്ളാമേ. എന്നാൽ ഞങ്ങളെ കൊന്നുകളയരുതേ. അതാ... ആ പന്നിക്കൂട്ടത്തിലേയ്ക്ക് ഞങ്ങൾ കയറിക്കൊള്ളട്ടെ."

കടലിലേയ്ക്കു കുത്തനെ ചരിഞ്ഞു നിൽക്കുന്ന പർവ്വതത്തിൽ ആയിരക്കണക്കിനു പന്നികളാണ് മേഞ്ഞു നില്ക്കുന്നത്. യഹൂദർക്കു നിഷിദ്ധവും ഗദ്റായർക്കു സ്വീകാര്യവുമായ പന്നികൾ.

യേശു അനുവദിച്ചു.

സാത്താൻ പറ്റത്തിന്റെ അദൃശ്യപ്രയാണം പന്നികളിലേയ്ക്കു സംക്രമിച്ചു. അവ വിരണ്ടു പാഞ്ഞു. കുത്തിറക്കത്തിലൂടെ വന്ന് കടലിൽ വീണൊടുങ്ങി. അതോടെ, പന്നികളിൽ കടന്നുകൂടി ജീവിതം തുടരാമെന്നു പ്രതീക്ഷിച്ച ലെഗിയോനു തെറ്റി. പന്നികൾക്കൊപ്പം അവരും കഥാവശേഷരായി.

തൽക്ഷണം ഭീകരൻ ശാന്തനായി. ശിഷ്യരിലൊരാൾ നീട്ടിയ രണ്ടാം മുണ്ടുവാങ്ങി അവൻ ഉടുത്തു.

പന്നികളെ മേയ്ച്ചു നിന്നവർ സംഭ്രമിച്ചുപോയി. അവർ കൂട്ടത്തോടെ പട്ടണത്തിലേയ്ക്കു പാഞ്ഞു. സകലരോടും വിവരമറിയിച്ചു.

കേട്ടവരെല്ലാം തീരത്തേക്കു കുതിച്ചു. തങ്ങളുടെ വളർത്തു പന്നികളെ കൊന്നവനോടുള്ള പക അവരുടെ മുഖങ്ങളിൽ തെളിഞ്ഞുനിന്നു.

പക്ഷേ, തീരത്തു വന്ന അവർ ആ കാഴ്ചകണ്ട് ഒന്നും പറയാനാവാതെ നിന്നുപോയി.

തങ്ങളുടെ പേടി സ്വപ്നമായ ആ പിശാചു ബാധിതൻ അതാ അസാധാരണനായ ആ ചെറുപ്പക്കാരന്റെ തൊട്ടടുത്ത് ശാന്തനായി



www.malankaralibrary.com

നില്ക്കുന്നു.

അതു കണ്ടിട്ടും ആശ്വാസത്തേക്കാളുപരി പേടിയാണവർക്കു തോന്നിയത്. അമാനുഷ ശക്തി നിറഞ്ഞ ഈ അജ്ഞാതൻ ഈ നാട്ടിൽ കാലു കുത്തിയപ്പോൾ തന്നെ ഇത്രയും സംഭവിച്ചു. കുറച്ചുകൂടി കഴിഞ്ഞാൽ എന്തെല്ലാം സംഭവിക്കുമെന്നു പ്രവചിക്കാനും വയ്യ!

അതിനാൽ അവർ ഒന്നടങ്കം യേശുവിനോട് അപേക്ഷാ സ്വരത്തിൽ ആവശ്യപ്പെട്ടു: "ദയവായി ഇവിടെ നിന്നും മടങ്ങിപ്പോകണേ."

വിശ്രമം കാംക്ഷിച്ചാണ് ഈ വിജനതയിലേക്കു വന്നത്. പക്ഷേ ഇതു കേട്ടതോടെ പിന്നൊരു നിമിഷവും അവിടെ തങ്ങാൻ ഗുരു ആഗ്രഹിച്ചില്ല.

വഞ്ചിയിലേക്കു തിരിച്ചുകയറാൻ തുടങ്ങി. പിശാചു ബാധിതനും കൂടെച്ചെന്ന് അപേക്ഷിച്ചു: "എന്നെക്കൂടി അങ്ങയുടെ ശിഷ്യനാക്കികൊണ്ടു പോയാലും."

ഗുരു അവനെ വിലക്കി: "നീ വീട്ടിലേയ്ക്കു പോവുക. ദൈവത്തിന്റെ കരുണ നിന്നിൽ എങ്ങനെ പ്രവർത്തിച്ചു എന്ന് വീട്ടുകാരെ അറിയിക്കുക. അവരുടെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്യുക."



www.malankaralibrary.com

# പതിമൂന്ന്

അയാൾ കാൽക്കൽ വീണു കരഞ്ഞില്ലെങ്കിലേ അത്ഭുതപ്പെടേണ്ടു. കാരണം മരിക്കാറായി കിടക്കുന്നതു തന്റെ പൊന്നോമന പുത്രിയല്ലേ. അതോ, പന്ത്രണ്ടുവയസുള്ള ഏകമകൾ. കഫർണാം സിനഗോഗിലെ അധികാരിയായിട്ടും ഗുരുപാദങ്ങളിൽ വീണുകിടന്നപേക്ഷിക്കുകയാണ്, ജായിരൂസ്: "അങ്ങ് വന്നവളെ ജീവിപ്പിക്കേണമേ."

ഊർദ്ധ്വശ്വാസം വലിക്കുന്ന മകളെ കണ്ടിട്ടാണ് ഇവിടേയ്ക്കു പാഞ്ഞത്. ഇപ്പോൾ അവൾ അന്ത്യശ്വാസം വലിച്ചിട്ടുണ്ടാവും എന്നാണയാളുടെ ഭയം. ഗദ്രായരുടെ ദേശത്തു നിന്നും ഗുരു കഫർണാമിൽ വഞ്ചിയിറങ്ങിയ ഉടൻതന്നെ ഓടിച്ചെന്നു സങ്കടമറിയിക്കാൻ അയാൾക്കു കഴിഞ്ഞിരിക്കുന്നു.

ഗുരു വളരെ പരിക്ഷീണനാണെന്നറിയാം. വിശ്രമം കിട്ടാതെയുള്ള സഞ്ചാരവും പ്രസംഗങ്ങളും ആണെന്നറിയാം. എങ്കിലും തന്റെ കണ്ണീർ തുടയ്ക്കാൻ ആവാത്തവിധം ഗുരുവിന്റെ കരങ്ങൾ കുറുകിപ്പോയിട്ടില്ല എന്നും തനിക്കറിയാം. തന്റെ പരിദേവനം കേൾക്കുവാനാവാത്ത വിധം അവിടുത്തെ ചെവികൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ലെന്നും അറിയാം.

അതുതന്നെ സംഭവിച്ചു. ഫരിസേയപ്രമാണിയുടെ കൂടെ യേശു ഉടൻ തിരിച്ചു. പക്ഷേ നടക്കാനാവാത്തപോലെ തിങ്ങി ഞെരുങ്ങി വലി യൊരു പുരുഷാരമാണു ചുറ്റും.

ആനന്ദത്താൽ ഇളകിമറിയുന്ന ആരാധകർ. കൈകൊട്ടി സ്തുതിക്കുന്നവർ. മതിമറന്ന് ഉമ്മവയ്ക്കാൻ തള്ളിക്കയറുന്നവർ. അതിൽപ്പെട്ടു ക്ലേശിച്ച് ഏതാണ്ട് പകുതി ദൂരമെത്തിക്കാണും. പെരുവഴിയിൽ പെട്ടെന്നു ഗുരു നിന്നു. കാര്യമറിയാതെ ജനവും. പിന്നിലേയ്ക്കു തിരിഞ്ഞു നിന്ന് ഗൗരവത്തോടെ ആരാഞ്ഞു: "എന്നെ ആരാണ് തൊട്ടത്?"

ഇതുകേട്ട് ചുറ്റുമുള്ളവർക്കു വാസ്തവത്തിൽ ചിരിപൊട്ടി. പക്ഷേ ആരും ഒന്നും പറഞ്ഞില്ല. ശിഷ്യനായ ശിമയോൻ മുന്നോട്ടാഞ്ഞ് അന്തം വിട്ട് ചോദിച്ചു: "ജനക്കൂട്ടം തള്ളിക്കയറി അങ്ങയെ ഞെരുക്കുകയല്ലേ. അപ്പോൾ പിന്നെ ഇങ്ങനെ ചോദിക്കുന്നതെന്താ ഗുരോ?"



www.malankaralibrary.com

തന്നെ സ്പർശിച്ചത് ആരെന്നു കണ്ടുപിടിക്കുക തന്നെ എന്ന നിശ്ചയ ദാർഢ്യത്തോടെ പിന്നിലെ ജനക്കൂട്ടത്തിനിടയിലൂടെ മിഴികളയച്ചു യേശു പറഞ്ഞു. "അല്ല, എന്നെ ആരോ തൊട്ടു. എന്നിൽ നിന്നും ശക്തി പുറപ്പെട്ട തായി ഞാനറിയുന്നു."

ഇതുകേട്ട് പിന്നിലെ ജനാവലിക്കുള്ളിൽ തലപൂഴ്ത്താൻ ശ്രമിച്ച അവൾ നിന്നു. രഹസ്യം സൂക്ഷിക്കാനുള്ള തന്റെ ശ്രമം ഇനി പരാജയപ്പെടു കയേ ഉള്ളൂ. ഗുരു കണ്ടു പിടിച്ച് ശിക്ഷിക്കുന്നതിനുമുമ്പ് തന്റെ അവിവേകം ഏറ്റുപറയുക തന്നെ. അവൾ ജനത്തിരക്കിലൂടെ ഊർന്നിറങ്ങി. യേശുവി ന്റെ മുമ്പിൽ വന്നു തലതാഴ്ത്തി നിന്നു. നന്നേ നേർത്ത്, വിളറിവെളുത്ത ഒരു പാവം സ്ത്രീ, വേറോനിക്ക. ഭയന്നു വിറച്ചവൾ യേശുവിന്റെ കാൽക്ക ൽ വീണുപോയി. നിശബ്ദജനാവലി ശ്വാസമടക്കി നിൽക്കുകയാണ്.

അവൾ കരഞ്ഞുപറഞ്ഞു: "ഞാനൊരു ദീനക്കാരിയാരുന്നു. മരുന്നുക ളൊന്നും ഫലിച്ചില്ല. അവിടുത്തെ കുപ്പായത്തിൽ ഒന്നുതൊട്ടാൽ ദീനം പോകുമെന്നെനിക്ക് വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ടാണ് തൊട്ടു പോയത്."

രക്തവാർച്ചയായിരുന്നു അവളുടെ രോഗം. യഹൂദനിയമപ്രകാരം രക്തവാർച്ച അശുദ്ധിയുടെ ലക്ഷണമാണ്. ഈ രോഗമുള്ളവൾ തെറ്റു കാരിയും. ഒരു വ്യാഴവട്ടക്കാലമായി ഇതിന്റെ ദുരിതത്തിലാണവൾ. ഉള്ള തെല്ലാം വിറ്റു തുലച്ചു ചികിത്സിച്ചു. യാതൊരു ഫലവുമുണ്ടായില്ല. അങ്ങനെയിരിക്കേയാണ് ഗുരുവിനെപ്പറ്റി കേട്ടതും ഈ വരവിനെപ്പറ്റി അറി ഞ്ഞതും. ഇനി തന്റെ മരുന്ന് വിശ്വാസം മാത്രം. സുഖപ്രാപ്തിക്കായി ആ മേലങ്കിയുടെ അരികിലെങ്കിലും തൊട്ടാൽ മതിയെന്നായിരുന്നു തന്റെ വിശ്വാസം. രഹസ്യത്തിൽ കാര്യം നേടാനുള്ള സ്ത്രീ സഹജമായ വെമ്പ ലോടെ അങ്ങനെ ചെയ്യുകയായിരുന്നു. അത്ഭുതം! പന്ത്രണ്ടു വർഷത്തിനു ള്ളിൽ ഇന്നാദ്യമായി രോഗശല്യത്തിൽ നിന്നും താൻ മുക്തയായിരിക്കുന്നു.

യേശു പറഞ്ഞു: "കുഞ്ഞേ, സമാധാനത്തോടെ പോവുക. നിന്റെ വിശ്വാസം മൂലം നീ രക്ഷപ്രാപിച്ചിരിക്കുന്നു."

കരഞ്ഞുകൊണ്ടൊരാൾ വഴിയുടെ എതിരേ ഓടിവരുന്നുണ്ടായിരുന്നു. യേശുവിന്റെ അടുത്തു നിന്ന ജായിരൂസിന്റെ പക്കലേക്ക് അയാൾ ജനത്തിര ക്കിലൂടെ തള്ളിക്കയറിച്ചെന്നു. അയാൾ അറിയിച്ചതൊരു ദുഃഖവാർത്ത: "ഇനി വന്നിട്ടു കാര്യമൊന്നുമില്ല. നിന്റെ മോൾ മരിച്ചു പോയി."



www.malankaralibrary.com

ജായിരൂസിന്റെ കണ്ണുകൾ നിറഞ്ഞു. പക്ഷേ അവൻ നടുങ്ങിയില്ല. നിലവിളിച്ചില്ല. മരിക്കാറായ മകളെ കണ്ടിട്ടാണല്ലോ താനിവിടേക്കു വന്നത്. മാത്രമല്ല, മരിച്ചുപോയാലും അവളെ പുനർജ്ജീവിപ്പിക്കാൻ പ്രാപ്തിയുള്ള വന്റെ തണലിലാണല്ലോ താൻ അഭയപ്പെട്ടിരിക്കുന്നത്. ദുഃഖം ഉള്ളില മർത്തി ആശ്വാസദായകന്റെ പ്രശാന്തമുഖത്ത് ഉറ്റുനോക്കി നിൽക്കുമ്പോൾ ഗുരുവിൽനിന്നും ഈ ഹൃദ്യവചനം കേട്ടു: "ഭയപ്പെടേണ്ടാ. വിശ്വസിച്ചാൽ മാത്രം മതി. അവൾ സുഖപ്പെടും."

ജായിരൂസിന്റെ തളർന്ന പാദങ്ങൾക്ക് ആ വാക്യം ബലമരുളി. മരണ വീട്ടിലെത്തുമ്പോൾ അവിടെയും ജനക്കൂട്ടം. അറിഞ്ഞു കേട്ടവരെല്ലാം ഓടിക്കൂടിയിട്ടുണ്ട്. ഉറ്റവരുടെ കണ്ണീരും വിലാപവും.

കണ്ണീരിൽ കുതിർന്ന മുഖവുമായി മുറ്റത്തെത്തിയ ജായിരൂസ് മരണ മുറിയിലേക്കു കുതിച്ചില്ല. അതിദയനീയമായി ഗുരുമുഖത്തേക്ക് അപേക്ഷാ പൂർവ്വം നോക്കിനിന്നതേയുള്ളൂ. കരഞ്ഞു ചുവന്ന അയാളുടെ ദൃഷ്ടികളിൽ പ്രതീക്ഷയുടെ പ്രകാശം അപ്പോഴും തിളങ്ങുന്നുണ്ടായിരുന്നു. മുറ്റത്ത് അലമുറയിട്ടു കരയുന്നവരെ ഒന്നടങ്കം നോക്കി യേശു പ്രതികരിച്ചു: "നിങ്ങ ളിങ്ങനെ ബഹളം വച്ചു കരയുന്നതെന്തിന്? അവൾ മരിച്ചിട്ടില്ല. ഉറങ്ങുക യാണ്."

അതുകേട്ട് അവരുടെ ഉള്ളിൽ പരിഹാസമാണുയർന്നത്. അവൾ അമ്മയുടെ കയ്യിൽക്കിടന്ന് അന്ത്യശ്വാസം വലിച്ചത് നേരിൽ കണ്ടവരാ ണല്ലോ അവർ.

ശിഷ്യരിൽ നിന്നും മൂന്നുപേരെ യേശു വിളിച്ചു. അവർ ജിജ്ഞാസ യോടെ അടുത്തുവന്നു. ശിമയോനും സഹോദരങ്ങളായ യോഹന്നാൻ, യാക്കോബ് എന്നിവരും. അവരെയും കൂട്ടി പടികയറി നേരെ മരണമുറിയി ലേയ്ക്ക്. കൂടെ കയറാൻ ധൃതിയോടെ മുന്നോട്ടാഞ്ഞവരെ വിലക്കി.

യേശുവും മൂന്നു ശിഷ്യന്മാരും മാത്രം ഉള്ളിൽ. ജായിരൂസ് അല്പം മുമ്പേ കയറി അലമുറയിടുന്ന ഭാര്യയെ നേഞ്ചോടു ചേർത്ത് ആശ്വസിപ്പിക്കു കയാണ്.

മുറിക്കുള്ളിൽ എന്താണു സംഭവിക്കുന്നതെന്നറിയാൻ മുറ്റത്തു നിന്ന ജനാവലി ജനലിനുള്ളിലൂടെ നോക്കി. ജായിരൂസിന്റെ പ്രതീക്ഷയിലെ മഹാവൈദ്യൻ മരണക്കിടക്കയിൽ ഇരുന്നു. ജീവൻ നിലച്ച അവളുടെ തണുത്തു മരവിച്ച കൈ പിടിച്ചു. പിന്നെ സർവ്വശക്തന്റെ കരളുറപ്പോടെ ഉച്ചരിച്ചു: "ബാലികേ, എഴുന്നേൽക്കൂ."



www.malankaralibrary.com

വിദൂരതയിലേക്കു പറന്നുപോയ ജീവന്റെ പറവ അവളിലേക്കു തൽക്ഷണം തിരിച്ചുവന്നു കൂടു കൂട്ടി. അവൾ എഴുന്നേറ്റിരുന്നു. മഹാ വിസ്മയത്തിലാണ്ടു: നിറകണ്ണുകളോടെ ചിരിച്ചു. യാതൊന്നും ഭക്ഷിക്കാതെ പലനാൾ രോഗമൂർച്ഛയിലായിരുന്ന അവൾ ക്ഷീണമെല്ലാം മറന്നു സംസാരിച്ചു.

മഹാവൈദ്യൻ നിർദ്ദേശിച്ചു: "നിങ്ങൾ അവൾക്ക് ആഹാരം കൊടുക്ക്."

കാര്യമറിഞ്ഞ് പ്രതിമകളെപ്പോലെ തരിച്ചു നിന്നവരെ നോക്കി തന്റെ പതിവു ശൈലി ആവർത്തിച്ചു: "ഇക്കാര്യം നിങ്ങൾ ആരോടും പറയരുത്."

ശരീരം തീരെ ദുർബ്ബലമായിരിക്കുന്നു. ദീർഘയാത്രയും നീണ്ട പ്രഭാഷണങ്ങളും അല്പാഹാരവും ക്ഷുദ്രനിദ്രയുമാണല്ലോ തന്റെ ദിനചര്യ. തളർന്നു വീഴാതിരിക്കുന്നത് ധ്യാനത്തിൽ നിന്നു കിട്ടുന്ന ശക്തിയാൽ മാത്രം.

ശിഷ്യരോടൊപ്പം യേശു തിരികെ വരികയാണ്. എത്രയും വേഗം വിശ്രമസങ്കേതത്തിലെത്തണം. നടന്നു തൊലിപൊട്ടിയ പാദങ്ങൾ വലിച്ചു വച്ച് കഴിയുന്നത്ര വേഗത്തിൽ. ഏറ്റവും അടുത്ത വിശ്രമസ്ഥലം കഫർണാമാണ്. തനിക്കേറ്റം പ്രിയപ്പെട്ട സ്ഥലം. ശിഷ്യനായ ശിമയോന്റെ ഭാര്യാസദനവും അവിടെയുണ്ടല്ലോ. ആ വീടാണു ലക്ഷ്യം. സാധാരണയായി സഞ്ചാരവേളയിൽ ശിഷ്യരെ പഠിപ്പിക്കും. ഇന്നതുണ്ടായില്ല. വഴിവിശേഷങ്ങൾ തീരെ ശ്രദ്ധിച്ചുമില്ല. വഴിയിൽ മുഴങ്ങിയ ശബ്ദമൊന്നും കേൾക്കാൻ ശ്രമിച്ചുമില്ല. അഥവാ അതിനുള്ള ശക്തിയില്ല. അതിനാലാണ് ഈ യാചനാവിളിയും ശ്രദ്ധിക്കാതെ പോയത്. പക്ഷേ വീണ്ടും അവർ വിളിച്ചുകൂവുകയാണ്.

"ദാവീദിന്റെ പുത്രാ.... ഞങ്ങളിൽ കരുണ കാണിക്കണമേ..."

കരുണാമയന് കരുണയേക്കാൾ അതൃപ്തിയാണപ്പോൾ തോന്നിയത്. മറ്റൊന്നുകൊണ്ടുമല്ല. അവരുടെ സംബോധനയാൽത്തന്നെ.

'ദാവീദിന്റെ പുത്രാ' എന്നാണവർ തന്നെ വിളിച്ചത്. എന്താണിതിന്റെ അർത്ഥം? പ്രവചനപ്രകാരം ദാവീദുരാജാവിന്റെ ഗോത്രത്തിൽ അവതരിച്ച ക്രിസ്തു എന്നാണ്. താനിതുവരെയും പരമരഹസ്യമായി പൊതിഞ്ഞുവച്ച സത്യമാണീ വിളിയിലൂടെ ചോർന്നുപോകുന്നത്. അത്ഭുതങ്ങൾ കണ്ട് തലയ്ക്കു മത്തുപിടിച്ച മഹാജനമാണ് തന്നെ ചുഴ്ന്നു നില്ക്കുന്നത്. തന്നെ പ്രതിഷ്ഠിക്കാനുള്ള ഒരു വലിയ സിംഹാസനം പണിയാൻ വെമ്പി നില്ക്കു



www.malankaralibrary.com

കയാണവർ. പക്ഷേ, ഇവരിൽ നിന്നും തനിക്കു മറഞ്ഞുനിന്നേ മതിയാകൂ. അതിനീ സംബോധന ഒഴിവാക്കുക തന്നെ വേണം.

വിളിച്ചു കരയുന്നത് രണ്ടു കണ്ണുപൊട്ടന്മാരാണ്. എങ്കിൽ പോലും അവരെ ഗൗനിക്കാതെ ആവും വിധം മുന്നേറി. അന്ധന്മാരുണ്ടോ പിന്മാറുന്നു. സകലരുടെയും സുഖദായകൻ തങ്ങൾക്കും സൗഖ്യമേകും എന്നു തന്നെയാണവരുടെ പ്രത്യാശ. നിലയ്ക്കാത്ത അപേക്ഷയുമായി അവർ പിന്നാലെയുണ്ട്. നിവൃത്തിയില്ലാതെ വന്നപ്പോൾ കൂരിരുട്ടു തറഞ്ഞുനിന്ന കണ്ണുകളിൽതൊട്ട് പ്രകാശം കൊടുത്തു. ഒപ്പം മുമ്പെന്ന പോലെ ഒരാജ്ഞയും.

പക്ഷേ ആ ആജ്ഞ കാറ്റിൽ പറത്തി അവർ മതിമറന്നു തുള്ളിച്ചാടി വിളിച്ചുപറഞ്ഞു കൊണ്ട് ഓടിപ്പോകുന്നത് കണ്ടു.

കഫർണാമിലെ ഗൃഹാന്തരത്തിൽ യേശു ചിന്താധീനനായി. അന്ധരെ പോലെ, നിലയ്ക്കാത്ത നിലവിളിയോടെ തന്നേത്തേടുന്ന സർവ്വദേശ നിവാസികളെ തന്റെ ഹൃദയത്തിൽ തെളിഞ്ഞുകാണാം. കരളുരുക്കുന്ന അവരുടെ ദീനരോദനം തന്റെ ആത്മകർണ്ണങ്ങളിൽ വന്നു തുളുമ്പുകയാണ്. പക്ഷേ, മാനുഷിക പരിമിതികളുള്ള താൻ എങ്ങനെയാണ് എല്ലായിടത്തും പോയി സഹായമരുളുക? അതിനാൽ പ്രാർത്ഥിച്ചു. പരമപിതാവിൽ നിന്നും വഴിവെളിച്ചം കിട്ടുന്നതുവരെ.

ഉടൻ ശിഷ്യരെ വിളിച്ച് ചുറ്റും നിർത്തി. എല്ലാ വരങ്ങളും അവരിലേയ്ക്കു പകരാൻ പരമപിതാവിനോടു പ്രാർത്ഥിച്ചു.

മരിച്ചവരെ ജീവിപ്പിക്കാൻ പോലും പോന്ന വരങ്ങൾ അവരിലേക്കു പകർത്തപ്പെട്ടു. ജ്വലിക്കുന്ന ആത്മവീര്യത്തിന്റെ ആദ്യാനുഭവമായിരുന്നു അവർക്ക്. നിരക്ഷര കീടങ്ങളായ തങ്ങളെ എടുത്തു വളർത്തി, ദിവ്യ വരങ്ങൾ തന്ന് അനുഗ്രഹിക്കുന്ന ഗുരുനാഥന്റെ മുമ്പിൽ അവർ കൃതാർത്ഥതയോടെ നിന്നു.

വേലക്കാരെ കാത്തുകിടക്കുന്ന അതിവിശാലമായ വിളഭൂമിയിലേക്ക് അയയ്ക്കപ്പെടുന്ന രണ്ടുപേർ വീതമുള്ള ആറുഗണങ്ങൾ. ദൈവരാജ്യ പ്രസംഗമാണു മുഖ്യലക്ഷ്യം. അതാദ്യം വേണ്ടത്, തെരഞ്ഞെടുക്കപ്പെട്ടവരെന്ന അഹന്തപേറുന്ന സ്വന്തം തട്ടകത്തിൽത്തന്നെ. അതേ, ഇസ്രായേലിൽത്തന്നെ. പിന്നീടാവട്ടെ പുറജാതികളുടെ രക്ഷ.

ഗുരുശാസനം ശിരസ്സാവഹിച്ച് പുറപ്പെടാൻ ഒരുങ്ങുകയാണവർ.



www.malankaralibrary.com

ഗുരുവിന്റെ അസാന്നിദ്ധ്യത്തിൽ പരസ്യവേലയ്ക്കിറങ്ങുന്ന ആദ്യാനുഭവം.

അവർ തമ്മിൽ യാത്രാപദ്ധതികൾ മെനഞ്ഞു. ജോഡികൾ ആരെല്ലാം എന്നു നിശ്ചയിച്ചു. നടന്നു വലയാതിരിക്കാൻ ഓരോ ജോഡിക്കും ഓരോ കഴുതയേയും കൊണ്ടുപോകാം. പെട്ടെന്നു കേടാകാത്ത കുറച്ച് ആഹാരവും കരുതാം. ഞെരുക്കം വന്നാലോ എന്നു കരുതി അരപ്പട്ടയിൽ കുറച്ചു നാണയങ്ങളും സൂക്ഷിച്ചുവച്ചു. പണം തീർന്നാൽ ആരെങ്കിലുമൊക്കെ സഹായിക്കാതിരിക്കില്ല. അങ്ങനെ കിട്ടുന്ന പണം സൂക്ഷിക്കാൻ ചെറിയൊരു പണസഞ്ചി നല്ലതാണ്. കടുത്ത ചൂടും പൊടിയും ഏറ്റുള്ള യാത്രയല്ലേ? വസ്ത്രങ്ങൾ വേഗം മുഷിയും. അപ്പോൾ മാറിയുടുക്കാൻ ഒരോ വസ്ത്രം കൂടി പൊതിഞ്ഞെടുക്കാം. രാത്രിയിലാണെങ്കിൽ കൊടുംതണുപ്പും. അതിനാൽ മേലങ്കിയും അത്യാവശ്യമാണ്. കല്ലു നിറഞ്ഞ വഴികൾ താണ്ടണമെങ്കിൽ തുകൽച്ചെരുപ്പില്ലാതെ പറ്റില്ല.

ശിഷ്യരുടെ പദ്ധതികളെപ്പറ്റി ഗ്രഹിച്ച ഗുരു അവരെ വിളിച്ചു. ആകാശപ്പറവകളെപോലും സമൃദ്ധമായി പോറ്റുന്ന പരമപിതാവിൽ ആശ്രയിക്കാൻ ഇവർക്കിനിയും കഴിഞ്ഞിട്ടില്ലല്ലോ. അതിനാൽ ഉപദേശിച്ചു: "യാത്രയിൽ നിങ്ങൾ പണസഞ്ചിയോ, ചെരിപ്പോ, വടിയോ, രണ്ടുടുപ്പുകളോ കൊണ്ടുപോകരുത്. നിങ്ങളുടെ അരപ്പട്ടയിൽ നാണയങ്ങൾ കരുതി വയ്ക്കുകയും ചെയ്യരുത്."



www.malankaralibrary.com

# പതിന്നാല്

വീഞ്ഞുകുടിച്ചു ലഹരി മൂത്തിരിക്കുന്നവരുടെ നടുവിലേക്ക് അവൾ പദം വച്ചെത്തി. വർണ്ണച്ചിറകണിഞ്ഞ പൂമ്പാറ്റയെപോലൊരു പതിനേഴുകാരി. മാൻപേടയെപോലെ അവൾ കുതിച്ചു ചാടി. പാട്ടിനൊത്തുള്ള ചടുലപദചലനങ്ങളിൽ പൊട്ടിച്ചിരിക്കുന്ന കനകച്ചിലങ്കകൾ. ഇളം കാറ്റിൽ മുന്തിരിവള്ളികൾപോലെ ഇളകുന്ന അവരുടെ വളയണിക്കയ്യുകൾ. റോമിലെ നൃത്തവിദ്യാലയത്തിൽ പഠിച്ച അവളുടെ ലാസ്യഭംഗിയിൽ മതിമറന്നിരിക്കുകയാണു ഭോജനശാലയിലെ പ്രഭുക്കന്മാർ. അവൾ ശലോമി. അന്തിപ്പാസ് രാജാവിന്റെ അധാർമ്മിക ഭാര്യയായ ഹേറോദിയായുടെ ഏകമകൾ. അന്തിപ്പാസ് രാജാവിന്റെ അൻപതാം ജന്മദിനോത്സവത്തിലേയ്ക്കു ക്ഷണിക്കപ്പെട്ട ഗലീലായ പ്രഭുക്കന്മാർ ലഹരി മൂത്ത കണ്ണുകളോടെ അവളുടെ നൃത്തത്തിൽ ലയിച്ചിരിക്കുകയാണ്.

നടനം കഴിഞ്ഞ് ഒരു ഹംസത്തെപോലെ നഗ്നപാദങ്ങളിളക്കി അവൾ ഉള്ളറയിലേയ്ക്കു പോവുകയാണ്.

ലഹരിയേറി നാവുകുഴഞ്ഞ അന്തിപ്പാസ് രാജാവിന്റെ സ്വരം ഉടനുയർന്നു: "മോളേ.... ശ്ശലോമി..... നിന്റെ ഈ ഗംഭീര നൃത്തത്തിന് നാം ഒരു സമ്മാനം നിനക്കു തരുന്നുണ്ട്. ചോദിക്കൂ മോളെ.... നിനക്കെന്താവേണ്ടത്?"

എന്തുചോദിക്കണമെന്നറിയാതെ ആ പരിഷ്ക്കാരിപ്പെണ്ണ് തെല്ലു നിന്നു.

ഉൻമത്തന്റെ ശപഥം വീണ്ടുമുയരുകയാണ്: "ചോദിക്കെടീ മോളെ.... നിനക്കിഷ്ടമുള്ളതു ചോദിക്കൂ..... എന്താ നിനക്കുവേണ്ടത്....? ഈ ഗലീലയാ രാജ്യത്തിന്റെ പകുതി വേണോ? ചോദിക്കൂ.... നാം അതും തരും."

അതുകേട്ട് അവളുടെ അമ്മ ഹെറോദിയാ രാജ്ഞി ഉടൻ അകത്തെ മുറിയിൽ നിന്നും തിരശ്ശീല വകഞ്ഞുമാറ്റി മുഖം കാട്ടി മകളെ മാടി വിളിച്ചു.

നടനാധിക്യത്താൽ വിയർത്തുനിന്ന ശലോമി ഉള്ളിലേയ്ക്കു കടന്നു. ഹേറോദിയായുടെ കൗശലമൊഴികൾ മകളുടെ ചെവിയിൽ ഓതി നിറച്ചു.

തള്ളയുടെ താളത്തിനൊത്തു തുള്ളുന്ന പൊങ്ങച്ചക്കാരിപ്പെണ്ണ് അതു



www.malankaralibrary.com

കേട്ട് രാജസദസിലേക്ക് ഇറങ്ങിവന്നു. ത്വരിത ശ്വസനത്താൽ അവളുടെ മാറിടം അതിദ്രുതം ഉയർന്നുതാഴുന്നുണ്ടായിരുന്നു.

സദസു നിശ്ശബ്ദം. സകലരും കേൾക്കേ രാജാവിനോട് അവൾ സമ്മാനം ആവശ്യപ്പെട്ടു: "ഉടൻ ഒരു വെള്ളിത്തളികയിൽ സ്നാപക യോഹന്നാന്റെ തല വെട്ടിത്തരണം."

ഉന്മത്തനെങ്കിലും ഒരലർച്ചയോടെ അന്തിപ്പാസ് ചാടിയെഴുന്നേറ്റു. നിൽക്കാൻ കഴിയുന്നില്ല. കണ്ണുകളിൽ ഭയം നിറഞ്ഞു. തലചുറ്റുന്നു. നാവുകുഴയുന്നു. എങ്കിലും ഭ്രാന്തനെപോലെ അലറി: "ഇല്ല! ഇല്ല! ഇതു തരാൻ സാദ്ധ്യമല്ല. നീ മറ്റെന്തെങ്കിലും ചോദിക്ക്....."

പക്ഷേ ക്ഷണിക്കപ്പെട്ട പ്രഭുക്കന്മാർ ശലോമിയുടെ പക്ഷം ചേർന്നു. രാജാവു വാക്കുപാലിക്കണമത്രേ. ഗതികെട്ട് അവസാനം സിംഹാസനത്തിലേയ്ക്കു കുഴഞ്ഞു വീഴുന്നതിനിടയിൽ ഭടന്മാരോട് ഇങ്ങനെ കല്പിച്ചു: "വെട്ടിക്കൊടുക്കൂ ആ കുലടയ്ക്കും അവളുടെ സന്തതിക്കും ആ തല."

സ്നാപകനെ ഹേറോദിയാ വെറുക്കുമ്പോഴും അന്തിപ്പാസിന് അദ്ദേഹത്തെ ഭയമായിരുന്നു. പ്രവാചകനായ സ്നാപകന്റെ വർദ്ധിച്ച ജനപ്രീതിയായിരുന്നു കാരണം. എന്നാൽ പ്രതികാരദുർഗ്ഗയായ ഹേറോദിയാ, തന്നെ കുറ്റപ്പെടുത്തി ആക്ഷേപിച്ച സ്നാപകനോടു പകരം ചോദിക്കാൻ നിമിഷങ്ങൾ എണ്ണി എണ്ണി കാത്തിരിക്കുകയായിരുന്നു.

കൊട്ടാരത്തിനു തൊട്ടടുത്ത മക്കേറുസിലെ തടവറയിലേയ്ക്കു പടയാളികൾ വാളുമായി ഓടി. അഴികൾക്കപ്പുറം മുഖം തിരിച്ച് മുട്ടുകുത്തി പ്രാർത്ഥനയിൽ മുഴുകിയ യോഹന്നാൻ. പത്തുമാസം നീണ്ട തടവറ വാസത്തോടെ എല്ലും തോലും മാത്രമായ മഹായോഗി. പിന്നിൽ വാതിൽ തുറക്കുന്ന ഒച്ച ഉയർന്നിട്ടും ധ്യാനത്തിൽ നിന്നുണരാത്ത യോഗി. ശക്തനായ പടയാളി ശോഷിച്ച ആ പിൻകഴുത്തിലേക്ക് വാളുയർത്തി ആഞ്ഞൊരു വെട്ട്! ആ ധർമ്മശീർഷം ഉടലിൽ നിന്നറ്റുവീഴാൻ പടയാളിയുടെ ശക്തി അധികമായിരുന്നു. അനേകായിരങ്ങൾക്കു ജലസ്നാനം നൽകിയവന്റെ ശിരസ് ചുടു ചോരയിൽ മുങ്ങി. പടയാളികൾ അതെടുത്ത് തളികയിൽ വച്ചു. മുഴുമിക്കാൻ കഴിയാതെപോയ പ്രാർത്ഥന ഉറഞ്ഞ നാവ് അല്പം പുറത്തേക്ക് തള്ളിയിരുന്നു. മിഴികൾ പാതി തുറന്നും. കൊഴുത്ത ചോരയിൽ നീണ്ട മുടിയും മീശയും ഒട്ടിച്ചേർന്ന മുഖം. പക്ഷേ അപ്പോഴും നീതിയുടെ പ്രകാശം ആ മുഖത്ത് അസ്തമിക്കാതെ നിന്നു.

നൃത്തസമ്മാനം ശലോമി ഏറ്റുവാങ്ങി. ഈ ഭയാനകസമ്മാനം



www.malankaralibrary.com

അവൾക്കെന്തിന്? അറപ്പോടെ മുഖം തിരിച്ച് അമ്മയുടെ നേർക്കവൾ അതു നീട്ടി. ഹേറോദിയാ ആർത്തിയോടെ അത് ഏറ്റുവാങ്ങി. പകയുടെ ഒടുങ്ങാത്ത വിഷസർപ്പങ്ങൾ അവളുടെ കണ്ണുകളിൽ ഫണമുയർത്തി നിന്നു. സ്വന്തം പട്ടുകുപ്പായത്തിൽ നിന്നും ഒരു നീളൻ സൂചി അവൾ ക്രോധത്തോടെ പിഴുതെടുത്തു. തന്നെ വ്യഭിചാരിയെന്നു വിളിച്ചലറിയ ആ നാവിലേയ്ക്കവൾ സൂചി കുത്തിയിറക്കി. ഒരു തവണയല്ല, അരിശം തീരും വരെ.

* * * * * * * * * * *

ശിഷ്യരെ അയച്ചശേഷം കഫർണാമിലെങ്ങും ഏകനായി പ്രവർത്തിച്ചു കൊണ്ടിരുന്ന യേശു അവിടെനിന്നും യാത്ര പുറപ്പെടുകയാണ്. ഏറെ നാൾ ഇവിടെ താൻ ചെലവിട്ടു കഴിഞ്ഞു. ദൈവരാജ്യസന്ദേശം ഒരു ദേശത്തുമാത്രം ഒതുക്കപ്പെടാനുള്ളതല്ല. അതിനാൽ ഇനി സ്വന്തം നാട്ടിലേയ്ക്കു തന്നെ. അതേ, നസ്രത്തിലേക്ക്. അമ്മയെ വിട്ടുപിരിഞ്ഞ് നസ്രത്തിനോടു വിടപറഞ്ഞിട്ട് കൊല്ലം ഒന്നായിരിക്കുന്നു. അതിനാൽ അങ്ങോട്ടൊന്നു പോവുക തന്നെ. അവിടെയുള്ളവർ തന്നെ കാത്തു മടുത്തു കഴിഞ്ഞിരിക്കുന്നത്രേ. പലർക്കും തന്നോടു പിണക്കവും പരിഭവവും മറ്റുമാണത്രേ. അഥവാ, സ്വദേശംവിട്ട്, കഫർണാമിൽ പോയി താമസിച്ച് രോഗശാന്തി ചെയ്യുന്നു എന്നറിഞ്ഞാൽ അവർക്കു സഹിക്കാനാവുമോ?

അവരുടെ ഇച്ഛാഭംഗം മാറ്റുക തന്നെ. വേഗം പുറപ്പെട്ടു. നസ്രത്തിലെത്തിയത് ഒരു സാബത്തിൽ. ദേശവാസികൾ പ്രർത്ഥനയ്ക്കായി കൂട്ടത്തോടെ സിനഗോഗുകളിലേയ്ക്കു പോകുന്നു.

ഒറ്റയ്ക്കു കടന്നു വന്ന യേശുവിനെ ദൂരെവച്ചുതന്നെ അവർ തിരിച്ചറിഞ്ഞു. നസ്രത്തിലെ സിനഗോഗിലേക്കു കൂട്ടിക്കൊണ്ടുപോയി. അവരുടെ ക്ഷണം സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. കാരണം സിനഗോഗ് ഒരു പാഠശാലകൂടിയാണല്ലോ. പഠിപ്പിക്കാൻ കിട്ടുന്ന ഏതവസരവും ഗുരുവിനു സ്വീകാര്യം.

കൈകാലുകൾ കഴുകി പുറം തിണ്ണയിലേക്കു കയറി. അവിടെ നിന്നും ഉൾമുറിയിലേക്ക്. പുരുഷന്മാർ പുതിയ അതിഥിയെ കണ്ട് നാല്ക്കാലികളിൽ നിന്നും എഴുന്നേറ്റു നിന്നു. സ്ത്രീകൾക്കു പക്ഷേ, അതിനുള്ളിൽ സ്ഥാനമില്ല. ഇരുവശങ്ങളിലുമുള്ള ഇടുങ്ങിയ തളങ്ങളിൽ അവർ ഇരുന്നു കൊള്ളണം. അവരുടെ കൂട്ടത്തിൽ അമ്മയേയും കണ്ടു. ഉള്ളിലുള്ള ഏക അലങ്കാരം, എരിഞ്ഞുകൊണ്ടിരിക്കുന്ന ഏഴു ശിഖരങ്ങളുള്ള എണ്ണ വിളക്ക്.

ശുശ്രൂഷകൻ കുഴലൂതി. കാഹളധ്വനികേട്ട് എല്ലാവരും അകത്തു



www.malankaralibrary.com

കടന്നു. തുടർന്ന് യൂദന്മാരുടെ വിശ്വാസപ്രമാണമായ ഷേമാ ചൊല്ലി. മോശയെഴുതിയ അഞ്ചു പഴയനിയമ ഗ്രന്ഥങ്ങളിൽ നിന്നും രൂപപ്പെടുത്തിയവയാണ് ഷേമാ. എല്ലാവരും ചേർന്ന് ആമേൻ എന്നുപറഞ്ഞ് അതു ചൊല്ലിത്തീർത്തു.

സിനഗോഗ് അധികാരി മുഖ്യാതിഥിയെ പ്രസംഗപീഠത്തിലേക്ക് ആനയിച്ചു. പ്രശാന്തവദനൻ വേദിയിൽ നിന്നു. കെടാവിളക്കിനുമപ്പുറം പട്ടുതിരശ്ശീലയാൽ മറച്ചിരുന്ന ഒരു കൊച്ചു മുറിയിലേക്ക് അധികാരി കടന്നു. സകല യഹൂദരും ഏറ്റം ആദരിക്കുന്ന പഴയനിയമലിഖിതങ്ങളുടെ തുകൽ ചുരുളുകൾ പുറത്തെടുത്തു. അഞ്ചു നിയമപുസ്തകങ്ങളും നൂറ്റമ്പത്തിമൂന്ന് ഭാഗങ്ങളായി തിരിച്ച് മൂന്നുകൊല്ലത്തിനുള്ളിൽ വായിച്ചു തീർക്കണമെന്നാണു നിയമം. എന്നാൽ വിശിഷ്ടാതിഥികൾ ആരെങ്കിലുമുണ്ടെങ്കിൽ അവർക്കു വായിച്ചു വ്യാഖ്യാനിക്കാൻ പ്രവാചക കൃതികളാണു നൽകപ്പെടുക. അതിനാൽ ഇന്നത്തെ വായനയ്ക്കായി യേശുവിനെ ഏൽപ്പിച്ചത് എശയ്യാ പ്രവാചകന്റെ ഗ്രന്ഥം.

വടിയിൽ ചുറ്റിവച്ചിരുന്ന തുകൽചുരുളഴിച്ച് വായനാഭാഗം കണ്ടെത്തി സ്വരമുയർത്തി സുവ്യക്തമാം വിധം സാവധാനം വായിച്ചു.

“ദൈവത്തിന്റെ ആത്മാവ് എന്നിലുണ്ട്. പീഡിതരോടു സുവിശേഷം അറിയിക്കുവാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും, അടിമകൾക്കു വിടുതലും അന്ധർക്കു കാഴ്ചയും നൽകാനും ദൈവത്തിനു സ്വീകാര്യമായ കൃപാവത്സരം പ്രഘോഷിക്കുവാനും അവിടുന്നെന്നെ അയച്ചിരിക്കുന്നു.”

വായനയുടെ താളലയ മാധുര്യത്തേക്കാൾ അതിന്റെ ആധികാരികതയാണ് കൂടിയിരുന്നവരെ ആകർഷിച്ചത്.

ചുരുൾ മുറുക്കി, കയ്യെഴുത്തു പുസ്തകം ശുശ്രൂഷകനെ ഏല്പിച്ചു. എന്നിട്ടു പീഠത്തിൽ നിവർന്നമർന്നു. സകലരും പ്രബോധകനെ ഉറ്റു നോക്കിയിരിക്കുകയാണ്. ഇടം കൈ സ്വസ്ഥമായി വച്ച് വലംകൈ തെല്ലുയർത്തി വായനാഭാഗത്തിന്റെ വിശദീകരണത്തിലേക്കു ഗുരു കടന്നു.

“വായിച്ചു കേട്ട വേദഭാഗം, നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്ന ഇപ്പോൾത്തന്നെ ഇതാ നിറവേറ്റപ്പെട്ടു കഴിഞ്ഞു.”

വിമോചനത്തിന്റെ ഈ സുവിശേഷം യേശുവിലൂടെ സംഭവിച്ചത് ഇവിടെ ഇരിക്കുന്നവരിൽ പലരും നേരിൽ കണ്ടതാണ്. അന്ധരേയും ചെകിടരേയും പിശിചിനാൽ ബന്ധിക്കപ്പെട്ടവരേയും യേശു സുഖപ്പെടുത്തിയതു നേരിൽ കണ്ടവർ. എന്നാൽ ഈ വിമോചനദൗത്യമെല്ലാം ദൈവാത്മാവിനാൽ അഭിഷിക്തനായവന്റെ ദൗത്യമാണെന്ന സത്യം അവർ ആദ്യ



www.malankaralibrary.com

മായാണു കേൾക്കുന്നത്. ഇതവരിൽ പലരേയും ചിന്താധീനരാക്കി.

മറ്റു ചിലർക്ക് കോപമാണുണ്ടായത്.

യേശുവിന് അത്ഭുതസിദ്ധി ഉണ്ടെന്നു തന്നെയവർ സമ്മതിക്കുന്നു. എന്നാൽ ആ കഴിവുകൾ സ്വന്തം നാടായ ഈ നസ്രത്തിൽ എന്തുകൊണ്ടു ചെയ്യുന്നില്ല! അങ്ങുദൂരെ കഫർണാമിൽ മാത്രം ചെയ്യുന്നതെന്തുകൊണ്ട്? എന്താ, ഇവിടെ അന്ധരും, ബധിരരും, മുടന്തരും, പിശാചുബാധിതരും ഒന്നും ഇല്ലെന്നാണോ? സകലരും പുച്ഛിച്ചു തള്ളിയ നസ്രത്തിനെ യേശു ശ്രദ്ധേയമാക്കുമെന്നാണവർ പ്രതീക്ഷിച്ചിരുന്നത്. പക്ഷേ സ്വദേശത്തെപ്പറ്റി യാതൊരു പ്രത്യേക കരുതലും യേശുവിന് ഇല്ലാതെ പോയിരിക്കുന്നു. ഈ ചിന്തകളോടെ പലരും തമ്മിൽ പിറുപിറുത്തു.

"ഇവൻ ആശാരിയായിരുന്ന യൗസേഫിന്റെ മോനല്ല്യോ? ഇവന്റെ അമ്മ മറിയത്തേയും നമുക്കറിയാമല്ലോ. നമ്മെപ്പോലെ അന്യനാട്ടുകാർക്ക് ഇവന്റെ കുടുംബസ്ഥിതിയൊന്നും അറിയത്തില്ലല്ലോ. അതുകൊണ്ടാ യിരിക്കും ദൂരെ സ്ഥലങ്ങളിൽപോയി അത്ഭുതങ്ങൾ കാണിക്കുന്നത്."

ചിലർ കോപത്തോടെഴുന്നേറ്റ് ഇക്കാര്യം തുറന്നു ചോദിക്കുകയും ചെയ്തു.

ലോകമെല്ലാം വീടാക്കിയവൻ മറുപടി കൊടുത്തു. അഥവാ ലോക ത്തൊരിടത്തും തല ചായ്ക്കാൻ ഇടമില്ലാത്തവൻ മറുപടി കൊടുത്തു: "സ്വന്ത നാട്ടിൽ ഒരു പ്രവാചകനും ആദരിക്കപ്പെടുന്നില്ല".

യേശു തുടർന്നു, "ജാതിയെ അടിസ്ഥാനമാക്കിയുള്ള തെരഞ്ഞെടുപ്പി ന്റെ കാലം കഴിഞ്ഞിരിക്കുന്നു. ദൈവത്തെ മാത്രം ആശ്രയിക്കുന്നവർക്കുള്ള താണ് രക്ഷ."

യഹൂദന്മാരുടെ രോഷം ഇതുകേട്ട് ഇരട്ടിച്ചു. ഇസ്രായേലായ തങ്ങൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണെന്നും രക്ഷ തങ്ങൾക്കു മാത്രം അവകാശപ്പെട്ടതാണെന്നുമാണ് അവരുടെ ബോദ്ധ്യം. യഹുദജനതയു ടെ തെരഞ്ഞെടുപ്പിനുള്ള അടയാളമായ ലിംഗാഗ്രചർമ്മഛേദകർമ്മമോ, മോശയുടെ നിയമാനുഷ്ഠാനപാലനമോ ആണ് മോക്ഷമാർഗ്ഗം എന്നവർ ധരിച്ചുവച്ചിരിക്കുന്നു. തുടർന്ന് പഴയകാലപശ്ചാത്തലത്തിൽ സുദൃഢമായ വാദഗതികളോടെ യേശു തുടർന്നു:

"കൊടും പട്ടിണി വന്നപ്പോൾ ഏലിയാ പ്രവാചകനെ ദൈവം സ്വന്തം ഇസ്രായേല്യരുടെ ഇടയിലുള്ള ഒരു വിധവയുടെ പക്കലേക്കല്ല അയച്ചത്, അന്യദേശമായ സർപ്പസിലെ വിധവയുടെ പക്കലേക്കായിരുന്നു. അതു പോലെ, ഏലിശാ പ്രവാചകന്റെ കാലത്ത് ഇസ്രായേൽക്കാരായ കുഷ്ഠ



www.malankaralibrary.com

രോഗികളല്ല സുഖപ്പെട്ടത്, ആരാമായനായ നാമാൻ ആയിരുന്നു."

തങ്ങളെ തള്ളിപ്പറയുകയും വിജാതീയരോടു കൂറുകാട്ടുകയും ചെയ്യുന്ന പ്രബോധനത്തിന്റെ നേരെ പല്ലുകടിച്ച് പലരും ചാടിയെഴുന്നേറ്റു. ചിലർ വിരൽ ചൂണ്ടി ആക്രോശിച്ചു:

"കേട്ടതു മതി. പൊയ്ക്കോ പെട്ടെന്നിവിടെനിന്നും." സിനഗോഗിൽ കോലാഹലം. അവർ പെട്ടെന്നു ചുറ്റും കൂടി. മുഷ്ടി ചുരുട്ടി നില്ക്കുന്ന ക്രുദ്ധരുടെ നടുവിൽ നിർഭയത്വത്തിന്റെ പ്രഭാകിരീടം ചൂടിയ പ്രബോധകൻ എഴുന്നേറ്റു. വളർത്തിയ നാടിനോടു നന്ദിയില്ലാത്തവനെ ഈ നാട്ടിൽ നിന്നും എന്നേക്കുമായി ആട്ടിപ്പായിക്കാനാണ് യഹൂദരുടെ ശ്രമം. അവർ സിനഗോഗിന്റെ മുറ്റത്തു വട്ടംകൂടി അലറി: "ഈ കുലദ്രോഹിയെ കൊല്ലുകയാ വേണ്ടത്."

അതുകേട്ട് പടരുന്ന പരിഹാസാക്രോശങ്ങൾ. ഇതെല്ലാം കേട്ട് മറിയം തപിച്ചു നിൽക്കുകയാണ്. പക്ഷേ ഇതൊക്കെ താൻ സഹിക്കേണ്ടവളാണെന്ന് അവൾക്കറിയാം. എങ്കിലും മുട്ടാളന്മാരുടെ നടുവിൽ നിർത്തി തള്ളി, മലയുടെ നെറുകയിലേക്ക് അവർ വഴിതെളിച്ചു കൊണ്ടുപോകുന്നതു കണ്ട് കരഞ്ഞുപോയി.

മലയുടെ ഉച്ചിയിൽ ചെന്നവർ നിന്നു. പാറക്കെട്ടു നിറഞ്ഞ വലിയൊരു താഴ്ചയുടെ നേർമുകളിൽ പുച്ഛഭാഗത്ത് യേശുവിനെ നിർത്തി. ബലിഷ്ഠകരങ്ങളുള്ള മുട്ടാളന്മാർ തൊട്ടുപുറകിൽ. ഒന്നു തള്ളിയാൽ അത്യഗാധതയിൽ ദേഹം ചിതറി മരിച്ചു വീഴും.

ഇരുകരങ്ങളുമുയർത്തി മുഖംപൊത്തി അമ്മ നെഞ്ചുകലങ്ങി കരയുന്നതു പുത്രനു കാണാം.

അഗാധതയുടെ ഗംഭീരോദാത്തചന്തം നുകർന്നു നിന്ന യേശു ഉടൻ തിരിഞ്ഞ് മുട്ടാളന്മാരുടെ നിരയെ ഒന്നുനോക്കി. ഉൾക്കരുത്തിന്റെ നിറവു സ്ഫുരിക്കുന്ന ആ ദൃഷ്ടിപാതത്തിൽ എത്രയേറെ മനസുകൾ തൽക്ഷണം നിഷ്ക്രിയമാക്കപ്പെടുകയായിരുന്നു.

പിന്നൊന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അഥവാ ഗിരിശൃംഗം കണ്ടിറങ്ങുന്ന വിനോദ സഞ്ചാരിയുടെ മനോഭാവത്തോടെ തിരിച്ചിറങ്ങി. തള്ളിയിടാൻ കൈപൊങ്ങാത്തവരുടെ നാവും മരവിച്ചുപോയ നിമിഷങ്ങൾ.

കല്ലിൽ നിന്നും കല്ലിലേയ്ക്ക് കാലുകൾ വലിച്ചു വച്ച് നിവർന്നു നടക്കുന്ന, അഗ്രാഹ്യരഹസ്യഭാവം ചൂഴ്ന്ന അതുല്യപ്രഭാവവാന്റെ പിന്നിൽ കർമ്മശേഷി ചോർന്നുപോയ മനസുമായി മുട്ടാളന്മാർ വെറുതെ നിന്നുപോവുകയായിരുന്നു.



www.malankaralibrary.com

# പതിനഞ്ച്

"ഇവർക്കുവേണ്ട ആഹാരം നിങ്ങൾതന്നെ കൊടുക്കുക."

ഈ നിർദ്ദേശം കേട്ട് ശിഷ്യന്മാർ അമ്പരക്കുക തന്നെ ചെയ്തു. പുരുഷന്മാർ മാത്രം അയ്യായിരത്തിലധികം പേരാണ് പുൽപ്പരപ്പിൽ തിങ്ങിക്കൂടിയിരിക്കുന്നത്. സ്ത്രീകളും കുട്ടികളും ഏതാണ്ട് അത്രയും കൂടി കണ്ടേക്കും. ഇവർക്കെല്ലാം വേണ്ട ഭക്ഷണമാണ് തങ്ങൾ കൊണ്ടുവരേണ്ടത്!

ഈരണ്ടു പേരായി പിരിഞ്ഞ് സുവിശേഷവേല ചെയ്തുകൊണ്ടിരുന്ന ശിഷ്യരിൽ പലരും തിരിച്ചെത്തിയിട്ടുണ്ട്. അവർ ഈ വിചിത്രനിർദ്ദേശം കേട്ട് എന്തുചെയ്യണമെന്നറിയാതെ നിന്നുപോയി. ഈ വിജനതയിൽ നിന്നും കുറച്ച് മാറിക്കിടക്കുന്ന ബത്സയ്ദാ പട്ടണത്തിലേക്കു പോയാൽ പോലും ഇത്രയേറെ ആളുകൾക്കുള്ള ഭക്ഷണം കിട്ടുമോ! ശിമയോനും, അന്ത്രയോസും, യാക്കോബും, യോഹന്നാനും ഈ നാട്ടുകാരാണ്. അവർക്കുപോലും യാതൊരു നിശ്ചയവുമില്ല, എന്തുചെയ്യണമെന്ന്.

യോഹന്നാന്റെ കൊലപാതക വാർത്തയറിഞ്ഞ് കൊടും ദുഃഖത്തിലാഴ്ന്ന ഗുരുവും ശിഷ്യരും അന്തിപ്പാസിന്റെ രാജ്യാതിർത്തി വിട്ട് ഈ വിജനതയിലേയ്ക്കു വരികയായിരുന്നു. പക്ഷേ ഇവിടെത്തും മുമ്പ് ജനം ജോർദ്ദാൻ നദി കടന്നും ഗലീലയാ കടലിന്റെ വടക്കേക്കരയിലൂടെ ഓടിയും ബത്സയ്ദായിലെ വിശാലമായ ഈ പുൽപ്പരപ്പിൽ വന്നു നിറയുകയായിരുന്നല്ലോ. പ്രബോധകന്റെ വാമൊഴികൾ കൊത്തിവിഴുങ്ങി, ആ ഇരിപ്പ് ഏറെ നീണ്ടുപോയി. അവർ വിശന്നു പൊരിഞ്ഞിട്ടുണ്ട്. പ്രഭാഷണത്തിൽ മുഴുകിയ ഗുരു അക്കാര്യം മറന്നു കാണുമെന്നു കരുതിയാണ് ശിഷ്യന്മാർ ഗുരുസവിധത്തിലെത്തി ഇങ്ങനെ ഓർമ്മിപ്പിച്ചത്.

"നേരം വളരെയായി. ഇതു വിജനമായ സ്ഥലവും. അതിനാൽ ഇനിയെങ്കിലും ഇവരെ പിരിച്ചു വിട്ടില്ലെങ്കിൽ ഭക്ഷണം കിട്ടാതെ ഇവർ കഷ്ടപ്പെടും."

യേശു അതുകേട്ട് ജനക്കൂട്ടത്തെ നോക്കി. വിശപ്പും ക്ഷീണവും മറന്നിരിക്കുന്ന മഹാജനം. ദൈവരാജ്യത്തിന്റെ സുവിശേഷം തന്നെയാണി



www.malankaralibrary.com

വർക്കു ഭക്ഷണമെന്നു തോന്നും അവരുടെ ഭാവം കണ്ടാൽ.

ഉടൻ ശിഷ്യന്മാരോടു പറഞ്ഞു: "ഇവർക്കാവശ്യമുള്ള ഭക്ഷണം നിങ്ങൾ പോയി കൊണ്ടുവരിക."

അന്തംവിട്ടുപോയ ശിഷ്യർ തങ്ങളുടെ പണസഞ്ചി കുടഞ്ഞിട്ട് എണ്ണിനോക്കി. ആകെയുള്ളത് ഇരുനൂറു ദേനേറാ.

പീലിപ്പോസ് ചിരിച്ചുകൊണ്ട് ചോദിച്ചു: "ഇതു കൊണ്ടെങ്ങനാ ഇത്രേം പേർക്കുള്ള ആഹാരം വാങ്ങുന്നത്?"

പണത്തിന്റെ കണക്കുകൂട്ടലിൽ ഭാവി കരുപിടിപ്പിക്കാൻ വ്യാമോഹിക്കുന്ന ഭൗമികവാസനകളോടു ഗുരുവിനു പുച്ഛം.

അതിനാൽ ഗൗരവത്തോടെ ആരാഞ്ഞു: "നിങ്ങളുടെ പക്കൽ എത്ര അപ്പമുണ്ട്."

അവരുടെ പക്കൽ ഒരപ്പവുമില്ല. എങ്കിലും അന്ത്രയോസ്, ഒരന്വേഷകന്റെ ചുറുചുറുക്കോടെ ജനക്കൂട്ടത്തിന്റെ ഇടയിലൂടെ നടന്നു. ഒരു ചെറിയ ഇലപ്പൊതി പിടിച്ച് ജനത്തിരക്കിൽ ഇരിക്കുന്ന ഒരു ബാലനെ കണ്ടു. ആംഗ്യം കാട്ടി അവനെ വിളിച്ചു. അവൻ വന്നു. അവനോടു ചോദിച്ചു.

"എന്താ ഈ പൊതിക്കകത്ത്?"

"അപ്പോം മീനുമാ!"

"നീ ഇതിങ്ങു തരാമോ? ഗുരു ആവശ്യപ്പെട്ടിട്ടാ."

അതു കേട്ട് അവൻ സന്തോഷിച്ചു. ദൈവസ്നേഹത്തിന്റെ നന്മകളെപ്പറ്റി പ്രസംഗിച്ച യേശുവിന് തനിക്കുള്ളതു മുഴുവൻ നൽകാൻ ഒരുക്കമുള്ള പയ്യൻ. അവൻ ഉടൻ ആ പൊതി നീട്ടി.

അന്ത്രയോസ് അതു വാങ്ങി. പൊതിയഴിച്ചു നോക്കി. അഞ്ചു ബാർലി അപ്പവും പൊരിച്ച രണ്ടുമീനും. അതുമായി ഓടിച്ചെന്ന് ഗുരുവിനോടു പറഞ്ഞു: "ഒരു പയ്യന്റെ കൈയ്യിൽ നിന്നും കിട്ടിയതാ. അഞ്ച് അപ്പവും രണ്ടു മീനും. പക്ഷേ ഇതുകൊണ്ടെന്തു ചെയ്യാനാ ഗുരോ?"

യേശു ആ പൊതി വാങ്ങി എന്നിട്ടു പറഞ്ഞു: "നിങ്ങൾ ജനക്കൂട്ടത്തെ നിരനിരയായി ഇരുത്തുവിൻ".



www.malankaralibrary.com

ശിഷ്യന്മാർ പിന്നെ അറച്ചുനിന്നില്ല. ജനക്കൂട്ടത്തിനടുത്തേയ്ക്കു ചെന്നു. കൈകൊട്ടിയും ആംഗ്യം കാട്ടിയും അത്യുച്ചത്തിൽ പറഞ്ഞും അവരോട്. നിർദ്ദേശിച്ചു.

സകലരും എഴുന്നേറ്റ്, നോക്കെത്താദൂരത്തായി മലർന്നു കിടക്കുന്ന മൈതാനത്ത് ശിഷ്യരുടെ നിർദ്ദേശാനുസരണം ഇരുന്നു.

ഏവരും കാൺകെ യേശു അപ്പവും മീനും കരങ്ങളിലെടുത്തുയർത്തി സ്തോത്രം ചൊല്ലി. പിന്നെ ശിഷ്യരെ അരികിൽ വരുത്തി. അപ്പം മുറിച്ച് അവരെ ഏല്പിച്ചു പറഞ്ഞു.

"ഇനി എല്ലാവർക്കും വിളമ്പിക്കൊടുക്കുവിൻ."

വിശ്വാസത്തോടെ ശിഷ്യർ കൈയ്യിലുള്ള അപ്പക്കഷണങ്ങൾ തൊട്ടടുത്തിരുന്നവരിലേക്കു കൊടുത്തു. അടുത്ത ആളിനു കൊടുക്കാൻ വീണ്ടും അതാ അവരുടെ കൈകളിൽ അപ്പക്കഷണങ്ങളും പൊരിച്ച മീനും. ഇതെവിടെ നിന്നു വരുന്നു? ശിഷ്യന്മാർക്ക് ആശ്ചര്യവും ഉത്സാഹവും. ജനങ്ങൾ ഇതു കണ്ട് ഇളകി മറിഞ്ഞു. പലരും മതിമറന്നെഴുന്നേറ്റു. ശിഷ്യർ അതിദ്രുതം വിളമ്പിക്കൊണ്ടിരിക്കുകയാണ്. ശിഷ്യരെ സഹായിക്കാൻ അവരും വന്നു. മഹാഗുരുവിന്റെ സിദ്ധിയാൽ ഉണ്ടായ അപ്പം കഴിക്കുവാനും വിളമ്പുവാനും അവർ മത്സരിക്കുക തന്നെയായിരുന്നു. വയറു നിറയുവോളം തിന്നുകഴിഞ്ഞു. എന്നിട്ടും അനേകരുടെ കൈകളിൽ അപ്പക്കഷണങ്ങൾ മിച്ചം. അതൊന്നും നഷ്ടമാകാതിരിക്കാൻ ശിഷ്യർ അതു ശേഖരിച്ചു. അവിടെ സമൃദ്ധമായി വളർന്നു നില്ക്കുന്ന അത്തിമരത്തിന്റെ വലിപ്പം കൂടിയ ഇലകൾ ധാരാളം പറിച്ച് അവ ചേർത്തുകുത്തി പന്ത്രണ്ടു കൂടകൾ എല്ലാവരും വട്ടം കൂടിയിരുന്ന് ഉണ്ടാക്കി. മിച്ചം വന്ന അപ്പമെല്ലാം അതിൽനിറച്ച് ഓരോ ശിഷ്യനും ഓരോ കുട്ട വീതം വഹിച്ചുകൊണ്ടുപോയി. മറ്റുസ്ഥലത്തുള്ളവർക്കും വിളമ്പാമല്ലോ.

പുരുഷന്മാരും സ്ത്രീകളും കുട്ടികളുമെല്ലാം യേശുവിന്റെ ചുറ്റും തിങ്ങിക്കൂടി ഉറക്കെ സ്തുതിച്ചു. അടുത്തുവന്നൊന്നു തൊടാൻ തിക്കിത്തിരക്കി. തങ്ങളുടെ പൂർവ്വികർ മരുഭൂമിയിൽ വിശന്നു പൊരിഞ്ഞപ്പോൾ മോശയുടെ പ്രാർത്ഥനാ ഫലമായി ദൈവം മധുര 'മന്നാ' പൊഴിച്ചു കൊടുത്ത രക്ഷാസംഭവം ഓർത്തുകൊണ്ടാണവർ തുള്ളിച്ചാടിയത്. പഴയ നിയമത്തിലെ മോശയേക്കാൾ വലിയവനെ നേരിൽക്കണ്ട ആഹ്ലാദമാണവർക്ക്. ഇത് യഥാർത്ഥ ക്രിസ്തു തന്നെയല്ലേ എന്നാണപ്പോൾ അവരിൽ പലരുടെയും ചിന്ത. അങ്ങനെയാണെങ്കിൽ ഇസ്രായേലിന്റെ രക്ഷകൻ



www.malankaralibrary.com

ഇതാണ്! വിശപ്പിന്റെ വിമോചകൻ, രോഗത്തിന്റെ വിമോചകൻ, സുവിശേഷത്തിന്റെ പ്രഘോഷകൻ ഇതെല്ലാം ഇദ്ദേഹം തന്നെയാണെന്ന വർ ഉറപ്പിച്ചു കഴിഞ്ഞു. എങ്കിൽ ഇനി തെല്ലും വൈകാൻ പാടില്ല. തങ്ങളുടെ രാജാവായി ഇദ്ദേഹത്തെ അഭിഷേകം ചെയ്തേ പറ്റൂ.

അവരുടെ നീക്കം ഗ്രഹിച്ച യേശു അതിനെ അതിജീവിക്കാൻ തിടുക്കം കാട്ടി. ഉടൻ ശിഷ്യരെ വിളിച്ച് അറിയിച്ചു: "നിങ്ങൾ ഒരു വള്ളത്തിൽ കയറി മറുകരയിലുള്ള ബത്സയ്ദായിലേക്കു പൊയ്ക്കൊള്ളുക."

നേരം സന്ധ്യകഴിഞ്ഞ് ഇരുണ്ടു തുടങ്ങിയിരിക്കുന്നു. അതും സഹായമായി. പെട്ടെന്നാരും തിരിച്ചറിയുകയില്ലല്ലോ. യേശു ജനവലയത്തിൽ നിന്നും തന്ത്രപൂർവ്വം പുറത്തുവന്നു വേഗം നടന്നു. ജനക്കൂട്ടം മനസിലാക്കും മുമ്പേ ഏതെങ്കിലും വിജനതയിലേക്കു കടക്കാനാണു ശ്രമം. ഈ താഴ്വര വിട്ട് മുകളിലേയ്ക്കു പോകാം. അവിടെ പ്രാർത്ഥനയിൽ മുഴുകുകയും ചെയ്യാം.

ശിഷ്യന്മാർ ഗലീലാ കടൽതീരത്തേയ്ക്കു പോയി. തങ്ങൾ കഫർണാമിൽ നിന്നും യാത്ര തിരിച്ച ശിമയോന്റെ വഞ്ചിയിൽത്തന്നെ കടന്നിരുന്നു. പ്രകൃതിയുടെ മുഖം കറുത്തുതുടങ്ങി. വഞ്ചി കരയിൽ നിന്നകന്നു. അപ്പം വിളമ്പി തളർന്ന കൈകളിൽ പങ്കായം പിടിക്കാൻ നന്നേ പ്രയാസം. മാത്രമല്ല വല്ലാത്തൊരു കാറ്റും, തണുപ്പും. ഈ ഗലീലാ കടലിലൂടെയുള്ള രാത്രിയാത്ര അപകടകരം തന്നെയാണ്. എപ്പോഴാണു പർവ്വതത്തിൽനിന്നും കാറ്റുവരുന്നതെന്നു പ്രവചിക്കാനാവില്ല. കുറേ നാളുകൾക്കു മുമ്പ് കൊടുങ്കാറ്റും കടൽക്ഷോഭവുമുണ്ടായപ്പോൾ ഗുരു തങ്ങൾക്കൊപ്പമുണ്ടായിരുന്നു. ഇന്നു പക്ഷേ ഗുരുനാഥൻ കൂടെയില്ല. അതോർത്തപ്പോൾ ശിഷ്യമനസുകൾ ഒന്നു കലങ്ങി. കാറ്റിൽപ്പെട്ട് വഞ്ചി വട്ടത്തിലൊന്നു കറങ്ങി. ഏതോ ദിക്കിലേക്ക് വഞ്ചിമുഖം തിരിഞ്ഞു പോവുകയാണ്. എങ്കിലും പേടിക്കത്തക്ക കാറ്റില്ല. അതിനാൽ പലരും ക്ഷീണത്താൽ ഉറക്കമായി. പ്രഭാതം ആകാറായി. കനത്ത ഇരുട്ട് നേർത്തു തുടങ്ങുന്നതേയുള്ളൂ. വഞ്ചിയിൽ ഉണർന്നിരുന്നവർ അപ്പോൾ ഒരു കാഴ്ച കണ്ടു.

നിലയില്ലാ കടലിനു മുകളിലൂടെ ഒരാൾരൂപം നടന്നുനടന്നു വഞ്ചിയോടടുക്കുന്നതുപോലൊരു കാഴ്ച. വെള്ളത്തിൽ പാദങ്ങൾ അല്പം പോലും താഴാതെ വളരെ സാവധാനമാണു വരവ്. കാഴ്ച കണ്ടവർ കണ്ണുതിരുമ്മി ഒന്നുകൂടി നോക്കി. കാറ്റിൽ വട്ടം കറങ്ങിയ വഞ്ചി തങ്ങളേയും കൊണ്ട് ഏതെങ്കിലും മായാലോകത്തെത്തിയതാണോ എന്നുപോലും അവർ ശങ്കിച്ചുപോയി. പക്ഷേ ഇതു സ്വപ്നമല്ല, മായയുമല്ല.



www.malankaralibrary.com

ഉറങ്ങി കിടന്നവരെക്കൂടി ഉടൻ അവർ കുലുക്കി വിളിച്ചുണർത്തി. എല്ലാവരും ആ കാഴ്ച കണ്ടു. ഭയന്നു വിറച്ച് അവർ വിളിച്ചുകൂവി: "അയ്യോ! ഭൂതം! ഭൂതം!"

കാറ്റിന്റെയും തിരകളുടെയും ശബ്ദത്തിനു മുകളിൽ അവരുടെ ആക്രന്ദനം മുഴങ്ങി.

നടന്നടുത്തുകൊണ്ടു തന്നെ അതുകേട്ട് ആ ജലസഞ്ചാരി പറഞ്ഞു: "ഭയപ്പെടേണ്ട! ഇതു ഞാനാകുന്നു."

ആ സ്വരം അവർ തിരിച്ചറിഞ്ഞു. ഇന്നലെ സന്ധ്യവരെയും തങ്ങൾ കേട്ടുകൊണ്ടിരുന്ന ശബ്ദം. എങ്കിലും ഒരു നിമിഷം ഭയവിഹ്വലരായി നിന്നുപോയി.

പക്ഷേ ശിമയോൻ വലിയ ആഹ്ലാദത്തോടെ ഉറക്കെ പറഞ്ഞു: "നാഥാ! അങ്ങാണോ? എന്നാൽ എനിക്കിപ്പോൾ അങ്ങയുടെ അടുത്തു വരണം. ഇതുപോലെ വെള്ളത്തിന്റെ മുകളിലൂടെ നടന്നു വരാൻ എന്നോടു കല്പിക്കണേ നാഥാ....."

കുട്ടിയെപ്പോലെ ശഠിക്കുന്ന തന്റെ പ്രിയ ശിഷ്യനോട് യേശു കല്പിച്ചു: "നീ വരൂ ശിമയോനെ....."

കാറ്റിൽ ഉലയുന്ന വള്ളത്തിൽ അള്ളിപ്പിടിച്ചിരുന്ന ശിമയോൻ പിടി വിട്ടു. തുള്ളിക്കളിക്കുന്ന വള്ളത്തിൽ എഴുന്നേറ്റു നിന്നു. തന്നെ വിളിച്ചവൻ ശക്തനാണെന്ന ബോദ്ധ്യമുണ്ട്. അതിനാൽ വലംകാലുയർത്തി തണുത്ത ജലപ്പരപ്പിൽ സധൈര്യം ചവുട്ടി. താഴുന്നില്ല. നല്ല രസം തോന്നി. അങ്ങനങ്ങിറങ്ങി നടന്നു; പിച്ചവച്ചു തുടങ്ങുന്ന ഒരു കുഞ്ഞിന്റെ പദവിന്യാസ ശൈലിയിൽ.

നാലഞ്ചു ചുവടുകൾ കഴിഞ്ഞതേയുള്ളൂ. പെട്ടെന്നൊരു മലങ്കാറ്റിന്റെ ശക്തമായ മുഴക്കം. ശിമയോന്റെ ഉള്ളിലൊരു ആന്തൽ. കരിനീലക്കടലിന്റെ ആഴത്തെപ്പറ്റി ഒരു നിമിഷം ഓർത്തുപോയി. ഉള്ളിൽ ഭയത്തിന്റെ കാളിമ. വെള്ളത്തിലേക്കു പാദങ്ങൾ താണു തുടങ്ങി. സമനില വീണ്ടെടുക്കാൻ ഇരുവശത്തേയ്ക്കും വിരിച്ച കൈകൾ പറവയുടെ ചിറകുകൾപോലെ ഉയർന്നു താണുകൊണ്ടിരുന്നു. സംഭ്രമത്തോടെ ഉടൻ നിലവിളിച്ചു പോയി.

"അയ്യോ! എന്നെ രക്ഷിക്കണേ നാഥാ."

യേശു അപ്പോഴേക്കും കുറെകൂടി നടന്നടുത്തു കഴിഞ്ഞിരുന്നു. വെള്ള



www.malankaralibrary.com

ത്തിലേയ്ക്കു താണുകൊണ്ടിരുന്ന ശിഷ്യനെ തെല്ലു കുനിഞ്ഞ് കൈനീട്ടി പിടിച്ചു. എന്നിട്ടു സ്വരമുയർത്തി ശാസിച്ചു: "അല്പവിശ്വാസി, നീ സംശയിച്ചതെന്തിന്?"

കരയിലൂടെന്നപോലെ, ഗുരുവിന്റെ കരബന്ധത്തിൽ മുറുകി, അരുമ ശിഷ്യൻ സാഗരവിരിമാറിലൂടെ ജാള്യത മാറി അഭിമാനഭാവം പരന്ന മുഖത്തോടെ നടന്നു. ഗുരുസാന്നിദ്ധ്യം വീണ്ടു കിട്ടിയതോടെ ശിഷ്യർ ആശ്വസിച്ചു. അമരപ്പടിയിലിരുന്ന ഗുരുവിന്റെ ചരണങ്ങളിൽ അവർ ഏവരും നമസ്കാര മലരുകൾ അർപ്പിച്ച് ഒരേ സ്വരത്തിൽ ഉൽഘോഷിച്ചു: "സത്യമായും അങ്ങു ദൈവപുത്രനാകുന്നു."

മറുകരയിലെത്താൻ ഏറെ നേരം വേണ്ടിവന്നില്ല. വഞ്ചിയിറങ്ങുമ്പോൾ, തന്റെ വരവിനെപ്പറ്റി മണത്തറിഞ്ഞ ജനാവലി അവിടെയും. രോഗമുക്തിയാണ് അധികം പേരുടെയും ലക്ഷ്യം. എന്നാൽ യേശു അവിടെ തങ്ങാതെ നടന്നു. എങ്കിലും സുഖപ്രാപ്തിക്കായി തന്റെ കുപ്പായത്തിൽ തൊടാൻ വന്നവരെ വിലക്കിയതുമില്ല.

തീരത്തു നിന്നും നേരെ നടക്കുകയാണു ഗുരു. ചുറ്റും ശിഷ്യരും വിശ്വാസികളും. അപ്പത്തിന്റെ അത്ഭുതം കണ്ട് അതിന്റെ വക്താവിനെ വീണ്ടും കാണുവാനുള്ള ത്വരയോടെ വന്നിട്ടുള്ളവരുമുണ്ട്. അവർ യേശുവിനെ കണ്ട ഉടൻ അടുത്തുചെന്ന് ക്ഷേമം അന്വേഷിച്ചു: "ഗുരോ, അങ്ങിവിടെപ്പോഴാണു വന്നുചേർന്നത്?"

പരസ്യപ്പെടുത്താതെയായിരുന്നല്ലോ യേശു ഇന്നലെ ബത്സയ്ദായിലെ ജനക്കൂട്ടത്തിൽ നിന്നും മറഞ്ഞത്. ശിഷ്യന്മാർ മാത്രം ഒരു വഞ്ചിയിൽ കയറി തുഴഞ്ഞുപോയതവർ കണ്ടു. പക്ഷേ അതിൽ യേശു ഇല്ലായിരുന്നെന്ന് അവർക്കറിയാം. അതിനാലാണവർ ഇങ്ങനെ ചോദിക്കുന്നത്.

നടക്കുന്നതിനിടയിൽ യേശു സഗൗരവം പറഞ്ഞു: "അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടു മാത്രമാണ് നിങ്ങളെന്നെ തിരഞ്ഞു നടക്കുന്നത്. അല്ലാതെ അടയാളങ്ങളിലെ ദൈവികത കണ്ടുകൊണ്ടല്ല."

ശക്തനായ ഭൗതീകാധികാരിയാണ് അവരുടെ പ്രതീക്ഷയിലെ 'ക്രിസ്തു' എന്ന് അറിയാവുന്ന ഗുരു തുടർന്നു: "നശ്വരമായ അപ്പത്തിനു വേണ്ടി വേലചെയ്യാതെ മനുഷ്യപുത്രൻ തരുന്ന അനശ്വരമായ ജീവന്റെ അപ്പത്തിനുവേണ്ടി നിങ്ങൾ വേലചെയ്യുവിൻ."



www.malankaralibrary.com

ഗുരുശാസനം എന്തും പാലിക്കാൻ തയ്യാറായി നിൽക്കുന്നവർ ഉടൻ ജിജ്ഞാസയോടെ തിരക്കി: "അതിനു ഞങ്ങൾ എന്തുചെയ്യണമെന്നു പറഞ്ഞു തന്നാലും."

ഒരൊറ്റ വാക്യം പറഞ്ഞ് യേശു അതു വ്യക്തമാക്കി: "പിതാവായ ദൈവം ആരെ അയച്ചുതന്നുവോ, അവനിൽ വിശ്വസിക്കുക."

ദൈവത്താൽ അയയ്ക്കപ്പെട്ടവൻ താൻ തന്നെ എന്ന അർത്ഥത്തിലാണ് യേശു ഇതു പറയുന്നതെന്ന് ചിലർക്കറിയാം. എങ്കിലും അവർ സംശയത്തോടെ ചോദിച്ചു.

"കുറച്ചു കൂടി വ്യക്തമായ അടയാളങ്ങൾ എന്തെങ്കിലും കാണിക്കാതെ ഞങ്ങൾ എങ്ങനെയാ അങ്ങിൽ വിശ്വസിക്കേണ്ടത്? ഞങ്ങളുടെ പൂർവ്വികർക്ക് മരുഭൂമിയിൽ വച്ച് മോശ മന്നാ പൊഴിച്ച് അടയാളങ്ങൾ കാണിച്ചതു പോലെ എന്തെങ്കിലും......"

ബാർലി അപ്പം കണ്ടുമാത്രം അവർക്കു വിശ്വസിക്കാൻ കഴിയാത്തതു പോലെ. മോശയിലൂടെ കിട്ടിയ ആകാശമന്നാ ആയിരിക്കും അവർക്കു വേണ്ടത്.

മോശ ചെയ്തതുപോലെ ശൂന്യതയിൽ നിന്നും അപ്പം വരുത്തി ഇന്നലെ തനിക്കും കൊടുക്കാമായിരുന്നു. അങ്ങനെ ചെയ്താൽ ഈ രണ്ടു പ്രവൃത്തികൾ തമ്മിൽ എന്താണു വ്യത്യാസം. മോശയിലൂടെ പിതാവായ ദൈവമാണവിടെ പ്രവർത്തിച്ചത്. മോശ ഇടനിലക്കാരൻ മാത്രം. എന്നാൽ താൻ ചെയ്തത് അഞ്ചു ബാർലി അപ്പം വരുത്തി അതു പെരുക്കുകയായിരുന്നു. അതായത്, സിദ്ധികൾ തന്നിലും നിക്ഷിപ്തം എന്നിവർ ഗ്രഹിക്കുവാൻ. അഥവാ, ആ കർമ്മത്തിനു മുന്നോടിയായി ഒരു നിമിഷം പ്രാർത്ഥിക്കുകവഴി, പിതാവുമായി ഐക്യപ്പെടുന്ന പുത്രനാണു താനെന്നും തന്റെ എല്ലാ പ്രവർത്തനങ്ങളുടേയും മൂലാധാരം ഈ ഐക്യപ്പെടലാണെന്നും ഏവരും ഗ്രഹിക്കുവാൻ. എന്നിട്ടും തന്റെ പ്രവർത്തനങ്ങളുടെ സൂക്ഷ്മാർത്ഥങ്ങൾ ഇവർ ഗ്രഹിക്കുന്നില്ല. അടയാളങ്ങളുടെ പൊരുളുകൾ അറിയുന്നുമില്ല.

അവർ മുഴുമിക്കും മുമ്പ് യേശുവിന്റെ ഗംഭീരനാദം മുഴങ്ങി: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. സ്വർഗ്ഗത്തിൽ നിന്ന് അപ്പം ഇറക്കിത്തന്നതു മോശയല്ല. പിന്നെയോ, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ്. ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് ലോകത്തിനു മുഴുവൻ സമൃദ്ധമായ ജീവൻ നൽകുന്നതാകുന്നു."



www.malankaralibrary.com

'എന്റെ പിതാവ്' എന്ന പ്രസ്താവം ശക്തി ഊന്നിയാണ് യേശു ഉച്ചരിച്ചത്. അതായത്, പിതാവും ഞാനും ഒന്നുതന്നെയാണ് എന്ന് വ്യക്തമാകുന്ന തരത്തിൽ.

അവർ അപ്പോൾ അപേക്ഷിച്ചു: "നാഥാ, ഇത്തരം വിശേഷപ്പെട്ട അപ്പം ഞങ്ങൾക്ക് എപ്പോഴും തരണമേ."

സംശയത്തിന്റെ സകല പഴുതുകളും അടച്ച് യേശു തറപ്പിച്ചു പറഞ്ഞു: "ഞാനാകുന്നു ജീവന്റെ അപ്പം. എന്നെ സമീപിക്കുന്നവന് ഒരിക്കലും വിശക്കുകയില്ല. അതുപോലെ, എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല."

എന്നിട്ടും സംശയിച്ചു നിന്നവരോട് ഇങ്ങനെ പ്രവചിച്ചു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ ശരീരം നിങ്ങൾ ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവൻ ഉണ്ടായിരിക്കുകയില്ല."

യൂഹദർ ഇതുകേട്ട് അന്ധാളിച്ചുപോയി. പഴയനിയമത്തിൽ കർശനമായി വിലക്കുന്നുണ്ട്, യാതൊന്നിന്റെയും ചോര കുടിക്കരുതെന്ന്. ബലിമൃഗത്തിന്റെ ചോര ഒഴുക്കി കളയുന്നത് ഇക്കാരണത്താലാണല്ലോ. എന്നാൽ ജീവനുണ്ടാകുവാൻ തന്റെ മാംസം തിന്നുകയും ചോര കുടിക്കുകയും ചെയ്യണമെന്നാണല്ലോ ഈ മനുഷ്യൻ പറയുന്നത്. അവർക്കിതു കേട്ടിട്ട് തലചുറ്റുന്നതു പോലെ തോന്നി. ഇനി, ഈ മനുഷ്യന്റെ ചുറ്റും നിന്നാൽ ഇതു പോലെ ദുസ്സഹവും ഭയാനകവും ദുർഗ്രഹവുമായ പലതും കേൾക്കേണ്ടി വരും. അതിനു മുമ്പേ, തടിതപ്പുന്നതാണ് നല്ലത്. അവരെല്ലാം പിറുപിറുപ്പോടെ പിരിഞ്ഞകന്നു.

ഇനി ചുറ്റും നിൽക്കുന്നത് ശിഷ്യരും മറ്റു കുറച്ചാളുകളും മാത്രം. യേശു അവരെ നോക്കി ചോദിച്ചു: "എന്താ? നിങ്ങളും പോകുന്നില്ലേ?"

അതുകേട്ട ഉടൻ ശിമയോൻ ചാടിക്കയറി പറഞ്ഞു: "ഞങ്ങളെങ്ങോട്ടു പോകാനാണു നാഥാ. നിത്യജീവന്റെ വാക്കുകൾ അങ്ങിലാണുള്ളതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങ് ദൈവത്തിന്റെ പരിശുദ്ധനാണെന്നും ഞങ്ങൾക്കറിയാം."



www.malankaralibrary.com

# പതിനാറ്

താൽക്കാലത്തേയ്ക്കെങ്കിലും പാലസ്തീനാ വിട്ടുപോവുക തന്നെ. ഇവിടെ യഹൂദജനത്തിന്റെ കണ്ണിൽ താൻ കൊള്ളരുതാത്തവൻ. എന്തു ചെയ്താലും കുറ്റപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്യുന്ന അവരുടെ ശൈലി മടുത്തുകഴിഞ്ഞു. അവരിൽ നിന്നുള്ള ഓരോ ദിവസത്തെ അനുഭവങ്ങളും കയ്പേറിയതായിരിക്കുന്നു.

ഇക്കഴിഞ്ഞ ദിവസം, ജറുസലേം നഗരത്തിനു ചുറ്റുമുള്ള കൂറ്റൻ കോട്ടയുടെ പുറംവഴിയിലൂടെ നടക്കുകയായിരുന്നു. പട്ടണത്തിലേക്കു കടക്കാനുള്ള എട്ടു കവാടങ്ങളിൽ ഒന്നിലൂടെ ദേവാലയം ലക്ഷ്യമാക്കി നടന്നു തുടങ്ങിയതേയുള്ളൂ. അപ്പോൾ, വളരെ യാദൃശ്ചികമായാണ് ആ തളർവാത രോഗിയെ കണ്ടത്. ഈ കവാടത്തിന്റെ തൊട്ടടുത്തുള്ള ബഥസ്ദാ എന്ന കുളത്തിന്റെ കരയിലായിരുന്നു അവൻ. ഏതുരോഗവും സുഖപ്പെടുത്താൻ സിദ്ധിയുള്ള ഏതോ വാതക പ്രവാഹമോ നീരുറവയോ വല്ലപ്പോഴും ഈ കുളത്തിലേക്കു വന്നു ചേരുന്നുണ്ടെന്നും ആ പ്രവാഹത്തിന്റെ വരവോടെ കുളം ഒന്നു കലങ്ങുമെന്നും ആ നിമിഷത്തിൽ കുളത്തിലേയ്ക്ക് ആദ്യം ചാടുന്ന രോഗി സുഖപ്പെടുമെന്നുമാണ് പൊതുജന വിശ്വാസം. അതല്ല, വല്ലപ്പോഴും ഒരദൃശ്യ ശക്തി ജലം കലക്കി മറിക്കുകയാണെന്ന ധാരണയും ചിലരുടെ ഇടയിൽ പ്രചരിച്ചിരുന്നു. ഈ വിശ്വാസം മൂലം മുപ്പത്തെട്ടു വർഷങ്ങളായി ആ തളർവാതക്കാരൻ കുളക്കടവിൽ വന്നു കിടക്കുകയാണത്രേ.

പക്ഷേ അയാൾക്കു സ്വയം ഒന്നു തിരിഞ്ഞു കിടക്കാൻ പോലും ശേഷിയില്ലതാനും. പിന്നെങ്ങനെ, ജലം കലങ്ങുമ്പോൾ ഈ പാവം എടുത്തു ചാടും? ആരും അയാളെ യഥാസമയം കുളത്തിലേക്ക് എടുത്തിടുന്നുമില്ല. എന്തായാലും കുളക്കരയിൽ അഞ്ചു കൽമണ്ഡപങ്ങൾ പണിഞ്ഞിരുന്നതിനാൽ വെയിലും മഴയും ഏൽക്കാതെ ഇത്രനാൾ കഴിഞ്ഞു. മാത്രമല്ല, ആരെങ്കിലുമൊക്കെ എന്തെങ്കിലും ഭക്ഷിക്കാനും കൊടുത്തിരുന്നേക്കാം.

അവന്റെ കഷ്ടജീവിതം കണ്ട് അവനെ സുഖപ്പെടുത്തി. കിടക്കയും എടുത്തു നടന്നുപൊയ്ക്കൊള്ളൂ എന്നു തന്നെ പറയുകയും ചെയ്തു. പക്ഷേ അതു ഫരിസേയ ദൃഷ്ടിയിൽ കുറ്റമായി. കാരണം, അന്നു സാബ



www.malankaralibrary.com

ത്തായിരുന്നത്രേ. സാബത്തിൽ ഒരത്തിപ്പഴം പോലും എടുക്കാൻ പാടില്ലെന്നാണല്ലോ യഹൂദനിയമം. അഥവാ, സാബത്തു ലംഘിക്കുന്നതിനേക്കാൾ മരിക്കാൻ പോലും തയ്യാറാണത്രേ യഹൂദർ.

ഇതിനെപ്പറ്റി ഇങ്ങനെ പറഞ്ഞുകേട്ടിട്ടുണ്ട്.

ഒരിക്കൽ ഒരു ശത്രുരാജാവ് യഹൂദർക്കെതിരെ യുദ്ധത്തിനു വന്നു. അന്നു സാബത്തായിരുന്നതിനാൽ യഹൂദർ തിരിച്ചു യുദ്ധം ചെയ്യില്ലെന്നു ശത്രുരാജാവ് കണക്കുകൂട്ടി. ആ കണക്കു കൂട്ടൽ ഫലിച്ചു. ശത്രുസേനയ്ക്കെതിരെ കല്ലെടുത്ത് എറിയുക പോലും ചെയ്യാതെ എല്ലാ യഹൂദരും ആക്രമണമേറ്റ് മരിച്ചു വീഴുകയായിരുന്നത്രേ.

മാത്രമല്ല, പുറപ്പാടു പുസ്തകത്തിൽ ഇങ്ങനെ പറയുന്നുമുണ്ട്, സാബത്തിൽ ജോലി ചെയ്യുന്നവനെ എല്ലാവരും ചുറ്റും വളഞ്ഞ് കല്ലെറിഞ്ഞു കൊല്ലണം.

ഈ ശൂരപാരമ്പര്യത്തിന്റെ ധീരവാഹകർ തന്റെ പ്രവൃത്തികളെ എതിർക്കാതിരുന്നാലെ അത്ഭുതപ്പെടേണ്ടൂ.

കുറച്ചു നാളുകൾക്കു മുമ്പും ഇതുപോലൊരു സംഭവം നടന്നു. അതും സാബത്തിൽത്തന്നെ.

അന്നു വിളഞ്ഞു പഴുത്ത ഗോതമ്പു വയലിലെ നടുവരമ്പിലൂടെ ശിഷ്യരുമൊത്ത് താൻ നടന്നുപോവുകയായിരുന്നു. വല്ലാതെ വിശന്നു വലഞ്ഞ ഒന്നുരണ്ടു ശിഷ്യന്മാർ നടക്കുന്നതിനിടയിൽ ഓരോ കതിർ ഗോതമ്പിൽ പിടിമുറുക്കി. ഊർന്ന് കൈക്കുള്ളിലായ ഗോതമ്പുമണികൾ മറ്റേ ഉള്ളം കൈകൊണ്ട് അമർത്തിത്തിരുമ്മി, പോള ഊതിക്കളഞ്ഞ് വായിലിടുകയും ചെയ്തു.

ഇതുകണ്ട് പിന്നാലെ വന്ന ഫരിസേയ നിരീക്ഷകർ ചൊടിച്ചു. സാബത്തിൽ എന്തൊക്കെ ചെയ്യാം എന്തൊക്കെ ചെയ്യരുത് എന്ന കാര്യത്തിൽ അസംഖ്യം നിയമങ്ങളാണല്ലോ അവർ പടച്ചുവച്ചിരിക്കുന്നത്.

വിരലുകൾകൊണ്ടു കതിർ ഇറുത്തെടുത്ത ജോലി യഹൂദരെ സംബന്ധിച്ച് കൊയ്ത്തിനു തുല്യം. അതുപോലെ അതുള്ളം കയ്യിലിട്ടു തിരുമ്മിയത് മെതിക്കലിനു തുല്യവുമാണ്. പോള ഊതിക്കളഞ്ഞത് പാറ്റിക്കൊഴിക്കുന്നതിനും. സാബത്തു നിയമം ഇതുകൊണ്ടൊന്നും തീരുന്നില്ല. വിചിത്രങ്ങളായ അസംഖ്യം നിയമങ്ങൾ കെട്ടുപിണഞ്ഞു കിടക്കുകയാണ്. കയറിൽ



www.malankaralibrary.com

ഒരു കെട്ടിടുന്നതും വിളക്ക് ഊതിക്കെടുത്തുന്നതും രണ്ടക്ഷരമെങ്കിലും എഴുതുന്നതും സാബത്തിന്റെ ലംഘനമത്രേ. എന്നാൽ ഒറ്റക്കൈ കൊണ്ടാണ് കയറിൽ കെട്ടിടുന്നതെങ്കിൽ കുഴപ്പമില്ലതാനും. അതുപോലെ, കയറിൽ തൊട്ടി കെട്ടി വെള്ളം കോരുന്നതു സാബത്തിന്റെ ലംഘനമത്രേ. എന്നാൽ തുണി കെട്ടിയാണു വെള്ളം കോരുന്നതെങ്കിൽ യാതൊരു പ്രശ്നവുമില്ല. ഒരാളുടെ കാൽ മുറിഞ്ഞാൽ ആശ്വാസത്തിനായി കാൽ വെള്ളത്തിൽ താഴ്ത്തിവെക്കാം. എന്നാൽ ആ കാൽ ഒന്നനക്കിയാൽ അതു സാബത്തു ലംഘനവും.

ഇങ്ങനെ ഒരായിരം നിയമദുരിതങ്ങൾ.

ഇതു മനസിൽ വച്ചുകൊണ്ടാണ് കതിരു പറിച്ചു തിന്ന ശിഷ്യരെ കുറ്റപ്പെടുത്തിയ ഫരിസേയ നിരീക്ഷകർക്കു നേരെ തിരിഞ്ഞ് ഇങ്ങനെ ആക്രോശിക്കാൻ കഴിഞ്ഞത്.

"നിയമം മനുഷ്യനു വേണ്ടിയാണ്. അല്ലാതെ മനുഷ്യൻ നിയമത്തിനു വേണ്ടിയല്ല. മനുഷ്യപുത്രൻ നിയമത്തിന്റെയും കർത്താവാകുന്നു."

ഇതുകൊണ്ടും കുറ്റാരോപണങ്ങൾ കെട്ടടങ്ങിയില്ല.

മറ്റൊരു സംഭവം കൂടിയുണ്ടായി. ബഥസ്ദാ കുളക്കടവിലെ സംഭവത്തിനു ശേഷമായിരുന്നു അത്. പിതാവും ഞാനും ഒന്നാകുന്നു എന്നു പറഞ്ഞതിൽ ക്രുദ്ധരായിരുന്നു ഫരിസേയർ. അവരുടെ ക്രൂരനീക്കങ്ങളിൽ നിന്നും രക്ഷപ്പെടാൻ വടക്ക് ഗലീലായിലേക്കു പോരുന്ന വഴിക്കായിരുന്നു ഈ സംഭവം. ഇത്തവണ ഫരിസേയനിരീക്ഷകർ ഇങ്ങനൊരു ചോദ്യമാണ് ഉന്നയിച്ചത്.

"നിന്റെ ശിഷ്യന്മാർ പാരമ്പര്യത്തെ ധിക്കരിച്ചുകൊണ്ട് കൈകഴുകാതെ ഭക്ഷണം കഴിക്കുന്നതെന്തുകൊണ്ട്?" അവരുടെ ആരോപണം ശരിയാണ്. സ്വശിഷ്യന്മാർ കൈകഴുകാതെ തന്നെയാണു ഭക്ഷിച്ചത്. യഹൂദ നിയമപ്രകാരം അറുന്നൂറിൽപരം ക്ഷാളന വിധികളുള്ള കർമ്മങ്ങളിൽ ശിഷ്യന്മാർ ശ്രദ്ധവച്ചില്ല എന്നതു സത്യം. പക്ഷേ അവർ അഴുക്കു നിറഞ്ഞ കൈ കൊണ്ടല്ല ഭക്ഷിച്ചത്. മാത്രമല്ല, ഈ ക്ഷാളന വിധികൾ ദൈവം കല്പിച്ചതല്ല, പൂർവ്വികർ ഉണ്ടാക്കിയിട്ടുള്ളതാണ്. ദൈവം കല്പിച്ചു നൽകിയിട്ടുള്ളതു പത്തു കല്പനകളാണ്. യഹൂദർ പക്ഷേ, ദൈവത്തിന്റെ ഈ വിശുദ്ധ കല്പനകൾ പാലിക്കുന്നില്ല. പൂർവ്വികർ ഏച്ചുവച്ച നിയമങ്ങൾ പാലിക്കാൻ അവർ ബദ്ധപ്പെടുകയും ചെയ്യുന്നു.



www.malankaralibrary.com

ഇതാണു തന്നെ രോഷം കൊള്ളിച്ചത്. അതു ഫരിസേയ മുഖത്തു നോക്കി തുറന്നു ചോദിക്കുകയും ചെയ്തു: "നിങ്ങൾ പാരമ്പര്യത്തിന്റെ പേരുപറഞ്ഞ് ദൈവത്തിന്റെ പത്തു കല്പനകളെ തള്ളിക്കളയുന്നില്ലേ?"

'ഇല്ല' എന്ന അർത്ഥത്തിൽ അവരതു തലയാട്ടി നിഷേധിച്ചപ്പോൾ ഉദാഹരണസഹിതം പൊള്ളുന്ന വാദങ്ങൾ തനിക്കു നിരത്തി വെയ്ക്കേണ്ടി വന്നു.

"മാതാപിതാക്കളെ ബഹുമാനിക്കണമെന്നും അവരെ ദുഷിക്കുന്നവർ മരിക്കണമെന്നും ദൈവത്തിന്റെ പത്തു കല്പനകളിലുണ്ടല്ലോ? എന്നാൽ അപ്പനമ്മമാരെ വെറുക്കുന്ന മക്കൾ അവരോടു പറയുന്നു, നിങ്ങൾക്കു തരേണ്ടവയെല്ലാം ദൈവത്തിനു വഴിപാടായി സമർപ്പിച്ചു കഴിഞ്ഞു. അതിനാൽ ഇനി യാതൊന്നും നിങ്ങൾക്കു തരാനില്ല എന്ന്. അങ്ങനെ നിങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾക്കായി നിയമത്തെ വളച്ചൊടിച്ച് ദൈവ കല്പനകളെ നിങ്ങൾ പുറന്തള്ളുന്നു."

സ്വന്തം അപ്പനമ്മമാരെ പോലും വെറുക്കുന്നവരെ പിന്തുണയ്ക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഫരിസേയനിയമത്തെ തുറന്നെതിർത്തു കഴിഞ്ഞു. അപ്പനമ്മമാർക്ക് യാതൊരു സഹായവും ചെയ്തു കൊടുക്കാൻ ഇഷ്ടമില്ലാത്ത മക്കളുണ്ടെങ്കിൽ അവർ നിയമത്തിന്റെ നിഴലിൽ കുറ്റക്കാരാവുകയില്ലത്രേ. അവർ ഒരു കാര്യം മാത്രം അനുഷ്ഠിച്ചാൽ മതി. അപ്പനമ്മമാർക്ക് എന്തൊക്കെയാണോ ചെയ്തുകൊടുക്കേണ്ടത് അവയെല്ലാം ദൈവത്തിനു നേർച്ച നേർന്നു കഴിഞ്ഞു എന്നു വെറുമൊരു വാചകം പറഞ്ഞാൽ മതി. മക്കളിൽ നിന്നും നേർച്ചയായി കിട്ടുന്നവയെല്ലാം ദൈവം നേരിട്ട് മാതാപിതാക്കൾക്കു ചെയ്തു കൊടുത്തുകൊള്ളും എന്നാവാം ഈ വക്ര ബുദ്ധികളുടെ ദുഷ്ടവിചാരം. നിന്റെ അപ്പനമ്മമാരെ നീ ആദരിക്കണം എന്ന ദൈവകല്പനയുടെ തിരസ്കാരമാണിത് എന്നത്രേ അതുവഴി താക്കീതു ചെയ്തത്. തന്റെ വാദം കേട്ട് അവർ ചൂളിപ്പോയി. ഒരക്ഷരം ഉരിയാടാതെ പിരിഞ്ഞുപോവുകയും ചെയ്തു

എന്തായാലും ഈ പാലസ്തീനാ രാജ്യത്തിൽ നിന്നും ഒന്നകന്നു കഴിയാൻ അപ്പോൾ തോന്നി. ഫരിസേയശല്യം പാലസ്തീനയ്ക്കു വെളിയിലുണ്ടാകാൻ ഇടയില്ലല്ലോ.

അങ്ങനെ വിജാതീയനാടായ ഫെനീഷ്യയിലേക്കു കടന്നു. റോമൻ പ്രവിശ്യയിലുള്ള സിറിയായുടെ ഭാഗമാണിവിടം. ഈ വിജാതീയദേശത്തിൽ ഫെനീഷ്യായുടെ അയൽ നാടുകളാണ് സീദോനും, ടിയറും.



www.malankaralibrary.com

പ്രശസ്തമായ ദമാസ്ക്കസ് നഗരവും ഇതിന്റെ അതിർത്തിയിൽപ്പെടും.

റോമാ രാജാവായിരുന്ന പോംപെയിൽ നിന്നും തൊണ്ണൂറു വർഷങ്ങൾക്കു മുമ്പ് അടർത്തിമാറ്റി സ്വതന്ത്ര രാജ്യമാക്കിയ ഇവിടെ തഴച്ചു വളരുന്നത് ഗ്രീക്കു സംസ്ക്കാരം. റോമാക്കാരോടെന്ന പോലെ ഇസ്രായേൽക്കാരോടും കടുത്ത പകയും വെറുപ്പും നൂറ്റാണ്ടുകളായി തുടർന്നു പോരുന്ന വംശം.

അവിടെയാണ് ഗുരുപാദങ്ങൾ ഇന്നു പതിഞ്ഞത്. വിജാതീയനാട്ടിൽ താൻ തിരിച്ചറിയപ്പെടില്ലെന്ന ആശ്വാസത്തോടെ ശിഷ്യരെ ഏകാന്തസ്വച്ഛതയിലിരുത്തി പഠിപ്പിച്ചു തുടങ്ങി. ഉടൻ ഫെനീഷ്യാക്കാരിയായ ഒരധഃകൃത സ്ത്രീ അവിടെ ഓടിയെത്തി. പ്രബോധകപാദങ്ങളിൽ വീണു കിടന്നവൾ കരഞ്ഞു. പുറജാതിക്കാരിയായിട്ടും യേശുവിന്റെ അന്തഃസത്തയെ അവൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. പക്ഷേ അവളുടെ കരച്ചിൽ യേശു ഗൗനിച്ചില്ല. ശിഷ്യരെ പഠിപ്പിച്ചുകൊണ്ടുതന്നെ ഇരുന്നു.

അവൾ നെഞ്ചുപൊട്ടി വീണ്ടും അപേക്ഷിച്ചു: "കർത്താവേ, പിശാചു ബാധയുള്ള എന്റെ കൊച്ചുമോളെ രക്ഷിക്കണേ."

എന്നിട്ടും കരളില്ലാത്ത വെണ്ണക്കൽ പ്രതിമപോലെ ഇരിക്കുകയായിരുന്നു ഗുരു. ശിലപോലും അലിഞ്ഞുപോകുന്ന ആർദ്രതയോടെ അവൾ അപ്പോഴും നിലവിളിച്ചു.

ഇങ്ങനൊരു മനോഭാവം ഗുരുവിന് എങ്ങനുണ്ടായി എന്നു ചിന്തിച്ച് ശിഷ്യർ വിസ്മയിച്ചു. അവർ ഗുരുവിനോടപേക്ഷിച്ചു: "ഈ പാവത്തിനെ വിട്ടയയ്ക്കരുതോ ഗുരോ."

ഗൗരവത്തിന്റെ മുഖംമൂടിയണിഞ്ഞ യേശു അതേ ഇരുപ്പു തന്നെ.

ആരും അറിയുന്നില്ല, ഈ ഗൗരവഭാവം ഒരഭിനയമാണെന്ന്. തന്റെ ജീവിതധർമ്മം എന്താണെന്ന് ഒരു പുറജാതിക്കാരി വ്യക്തമായി ഗ്രഹിക്കുന്നുണ്ടോ എന്നാണ് തനിക്കറിയേണ്ടത്. തന്റെ സുവിശേഷപ്രഘോഷണം യഹൂദജാതിക്കു മാത്രമുള്ളതല്ല, സകലജാതിക്കും വംശത്തിനും ദേശത്തിനും വേണ്ടിയുള്ളതാണെന്ന ദൃഢബോദ്ധ്യം ഇവൾക്കുണ്ടോ എന്നു തനിക്കറിയണം. അതുവരെ ഗൗരവപ്പെട്ടിരിക്കുക തന്നെ.

ശിഷ്യന്മാരുടെ ശിപാർശയെപോലും ഗൗനിച്ചില്ല. എങ്കിലും ഇങ്ങനെ തുറന്നു പറഞ്ഞു: "ഇസ്രായേലിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ ഇടയിലേയ്ക്കു മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്."



www.malankaralibrary.com

ഇത്രയും കേട്ടിട്ടുപോലും പുറജാതിക്കാരി പിന്തിരിയാൻ ഭാവിക്കുന്നില്ല. അവൾ ഒന്നുകൂടി ദൃഢമായി അപേക്ഷിക്കുകയാണ്: "അവിടുന്നെന്നെ കൈവിടരുതേ."

ഇനി ശകാരിക്കുക തന്നെ എന്നുഭാവിച്ച് യേശു ഉച്ചരിച്ചു: "എന്റെ കയ്യിലുള്ളത് സ്വന്തം മക്കൾക്കുവേണ്ടിയുള്ള അപ്പം മാത്രമാണ്. അതു പട്ടികൾക്ക് എറിഞ്ഞുകൊടുക്കുന്നത് ശരിയല്ല."

ശിഷ്യന്മാർ അതുകേട്ട് തരിച്ചിരുന്നുപോയി. അവർ വിസ്മയനയനങ്ങളോടെ പരസ്പരം നോക്കി. ഇത്ര പരുഷമായ വാക്കുകൾ ഗുരുമുഖത്തു നിന്നും ഇതുവരെ കേട്ടിട്ടില്ല.

ഇതുകേട്ട് മനം തളർന്ന് ആ പാവം സ്ത്രീ പടിയിറങ്ങിപ്പോകും എന്നവർ കരുതി.

എന്നാൽ അവൾ അവിടെത്തന്നെ നിന്നു, കഴലുറപ്പോടും, കരളുറപ്പോടും. വിശ്വാസം നിറഞ്ഞു തുളുമ്പിയ ഹൃദയത്തോടും തന്റെ ആഗ്രഹം നിറവേറ്റപ്പെടും എന്ന ഉറപ്പോടും അവൾ അചഞ്ചലയായി നിന്നു. യഹൂദരുടെ ശത്രുക്കളും പുറജാതികളുമായ തന്റെ ജാതിയെ പട്ടികൾ എന്നുപോലും യേശു വിളിച്ച് അധിക്ഷേപിച്ചു കഴിഞ്ഞു. അവൾ അതേ മൂർച്ചയുള്ള വാക്കുകളാൽ തന്നെ മറുപടി കൊടുത്തു; പക്ഷേ അപേക്ഷാസ്വരത്തിൽ പ്രശാന്തയായിത്തന്നെ.

"എന്നാലും നാഥാ, ആ പട്ടികളും യജമാനന്മാരുടെ ഭക്ഷണമേശയിൽ നിന്നും തെറിച്ചു താഴെ വീഴുന്ന അപ്പത്തിന്റെ നുറുക്കുകൾ തിന്നാറുണ്ടല്ലോ."

യേശുവിന്റെ മുഖമൊന്നുണർന്നു. കൂമ്പി നിന്ന താമരമൊട്ട് മെല്ലെ വിരിയുന്നതുപോലെ. മിഴികൾ വിടർത്തി ആ പുറജാതിക്കാരിയെ ഒന്നു നോക്കി. യജമാനന്റെ സ്വാദിഷ്ടഭക്ഷണം കഴിച്ച് തുഷ്ടിപ്പെടുന്ന സ്വജാതികളേയും വിജാതികളെയും ഭാവനയിൽ കണ്ടു. പുറജാതികളുടെ ഇടയിലുള്ള തന്റെ പരസ്യരംഗപ്രവേശത്തിന്റെ ഉത്ഘാടനം ഇത്ര ഗംഭീരമായിരിക്കുന്നല്ലോ എന്നോർത്ത് മനം കുളുർത്തു.

യഹൂദരുടെ വാഗ്വാദത്തെ തല്ലിത്തകർത്ത മഹാജ്ഞാനി, പക്ഷേ ഈ വിജാതീയ പെണ്ണിന്റെ ഗംഭീര മറുപടിക്കു മുമ്പിൽ ആനന്ദിക്കുകയാണ്.

യേശു മൊഴിഞ്ഞു: "സ്ത്രീയേ, നിന്റെ വിശ്വാസം വലുതാകുന്നു. നീ എന്താശിച്ചുവോ അതുപോലെ തന്നേ സംഭവിക്കട്ടെ."



www.malankaralibrary.com

# പതിനേഴ്

ഇവിടെ ഇരുന്നാൽ മരച്ചാർത്തിനിടയിലൂടെയാണെങ്കിലും കറുത്തുയർന്ന ആ കൂറ്റൻ പാറ കാണാം. അതിന്മേൽ വെണ്ണക്കല്ലാൽ പടുത്തുയർത്തിയ മഹാദേവക്ഷേത്രം കാണാം. അതിന്റെ മുമ്പിൽ ജ്രംഭിതാകാരമായി നിലകൊള്ളുന്ന ബാൽദേവവിഗ്രഹവും.

ഇദൂരിയായിലെ പ്രധാന നഗരമായ കേസറിയ ഫിലിപ്പി നിറയെ അമ്പലങ്ങളും വിഗ്രഹ പ്രതിഷ്ഠകളുമുണ്ടെങ്കിലും അവയിലേറ്റം പ്രസിദ്ധം ഈ ബാൽദേവക്ഷേത്രം തന്നെ. കാരണം റോമാചക്രവർത്തി, തന്റെ ഖ്യാതി നിലനിർത്താനായി അരനൂറ്റാണ്ടു മുമ്പ് കൊത്തി ഉയർത്തിയ ബ്രഹ്മാണ്ഡ ക്ഷേത്രസമുച്ചയമാണിത്.

റോമാനഗരത്തെത്തന്നെ രക്ഷാദേവതയായി കരുതി ആരാധിച്ചുപോന്ന പാരമ്പര്യമുള്ളവരാണ് ഈ ദേശക്കാർ. മാത്രമല്ല. അലക്സാണ്ടർ ചക്രവർത്തിയുടെയും ജൂലിയസ് സീസറിന്റെയും പേരിൽ പോലും അമ്പലങ്ങൾ പണിഞ്ഞ് പൂജ ചെയ്തുപോന്ന പാരമ്പര്യവും ഉള്ളവരാണീ വിജാതീയർ.

യാത്രാ മദ്ധ്യേ ലബനോൻ പർവ്വതത്തിന്റെ ഈ ചെരിവിൽ തെല്ലു നേരം വിശ്രമിക്കാമെന്നു കരുതി, പന്തലിച്ച ഒരു മരത്തിന്റെ ചുവട്ടിൽ ഇരിക്കുകയാണ് ഗുരുവും ശിഷ്യരും. ഗ്രാമ്യലാവണ്യം നിറഞ്ഞ ശാന്തമായോരിടം.

അതുവരെ നിശ്ശബ്ദനായിരുന്ന യേശു എല്ലാ ശിഷ്യമുഖങ്ങളിലേയ്ക്കും നോക്കി ഒരു ചോദ്യം ഉന്നയിച്ചു: "ഞാൻ ആരാണെന്നാണ് പൊതുജനങ്ങൾ അഭിപ്രായപ്പെടുന്നത്?"

പരസ്യരംഗ പ്രവേശത്തിന്റെ ഒന്നരയോളം വർഷം പിന്നിട്ട സാഹചര്യത്തിൽ തന്നെപ്പറ്റി ഈ സമൂഹം വച്ചു പുലർത്തുന്ന അഭിപ്രായം എന്താണെന്നറിയാൻ ഗുരവിനാകാംക്ഷ. തൊട്ടു വലത്തു വശത്തിരിക്കുന്ന ശിമയോൻ മുതൽ ഇടത്തേ അഗ്രത്തിലിരിക്കുന്ന കറിയോത്തുകാരൻ യുദാവരെയുള്ളവർ അതു ശ്രവിച്ച് ഒന്നാലോചിച്ചു.



www.malankaralibrary.com

പിന്നെ ഓരോരുത്തൻ തനിക്കു കിട്ടിയ കേട്ടറിവു പകർന്നു: "ചിലർ പറയുന്നു അവിടുന്ന് സ്നാപകയോഹന്നാനാണെന്ന്."

തല അറുത്തു കളഞ്ഞിട്ടും സിദ്ധനായ സ്നാപകൻ പുനർജ്ജീവിച്ചു വെന്നും ആ പുനരവതാരമാണ് യേശുവെന്നും പലരും വിശ്വസിക്കുന്നുണ്ട്.

"അങ്ങ് ഏലിയാ ദീർഘദർശിയാണെന്നു വിശ്വസിക്കുന്ന ചിലരെ ഞാൻ കണ്ടിട്ടുണ്ട്", മറ്റൊരു ശിഷ്യൻ അറിയിച്ചു. യഹൂദജനം കാത്തിരി ക്കുന്ന അഭിഷിക്തന്റെ അവതാരത്തിനു മുന്നോടിയായി ഏലിയാ വരുമെ ന്നും പൊതുജനം കരുതിപ്പോന്നിരുന്നല്ലോ.

ഉടൻ വേറൊരു ശിഷ്യൻ പറഞ്ഞു: "ജറമിയ ദീർഘദർശിയാണെന്നും ചിലർ വിശ്വസിക്കുന്നതായി എനിക്കറിയാം."

ഇപ്പറഞ്ഞതൊന്നും ഗൗനിക്കാതെ അന്തമറ്റ എന്തോ ചിന്തയിൽ ആഴ്ന്നിരിക്കുകയാണു ഗുരു.

തനിക്കിനി ബോദ്ധ്യപ്പെടേണ്ടത് തന്നെപ്പറ്റി ശിഷ്യന്മാർ പുലർത്തിപ്പോ രുന്ന വിശ്വാസം എന്താണെന്നാണ്. പൊതുജനവിശ്വാസം എന്തുമായി കൊള്ളട്ടെ. പക്ഷേ, ശിഷ്യന്മാരുടെ ബോദ്ധ്യം എന്താണെന്നു തനിക്കറിയ ണം.

മുക്കുവക്കുടികളിൽ നിന്നും ചുങ്കസ്ഥലത്തുനിന്നും വിപ്ലവ സംഘങ്ങ ളിൽ നിന്നുമൊക്കെ വിളിച്ചിറക്കി വേദമോതി നിറയ്ക്കപ്പെട്ടവരാണിവർ. സത്യത്തെ തിരിച്ചറിയാൻ പ്രാപ്തരാക്കപ്പെട്ടവരും. അതിനാൽ ഇങ്ങനെ രണ്ടാം ചോദ്യമുയർന്നു: "എന്നാൽ, ഞാൻ ആരാണെന്നാണ് നിങ്ങൾ വിശ്വ സിക്കുന്നത്?"

അപ്രതീക്ഷിതമായ ഈ ചോദ്യത്തിനു മുമ്പിൽ ക്ലിഷ്ടഭാവത്തോടെ അവർ മൗനത്തിലാണ്ടു. നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങുകയാണ്. ശിഷ്യ മുഖങ്ങളിൽ ഗുരു മാറി മാറി നോക്കി. ഉത്തരം കനത്ത മൗനം മാത്രം.

ആരുടെയും നാവിൽ ഒരുത്തരവും വന്നു ചേരുന്നില്ല. വെറുതെ അകലേയ്ക്കു നോക്കി ഇരിക്കാനേ കഴിയുന്നുള്ളൂ. അപ്പോൾ വെൺകുളിർ ക്കല്ലുകൾ പാകി അടുക്കി, കൂറ്റൻ കരിമ്പാറപ്പുറത്ത് നിവർന്നു നിൽക്കുന്ന അമ്പലം വെയിലിൽ വെട്ടിത്തിളങ്ങുന്നതവർക്കു കാണാമായിരുന്നു. പാലസ്തീൻ രാജ്യത്തിന്റെ രക്ഷകപ്രതീകമായി അതിന്റെ മുമ്പിൽ ഉറച്ചു നില്ക്കുന്ന ജീവനില്ലാത്ത ബാൽദേവവിഗ്രഹവും കണ്ണിലുടക്കി.



www.malankaralibrary.com

പക്ഷേ, അവിടേയ്ക്കെങ്ങും ശ്രദ്ധ പതറാതെ സ്വന്തം ഹൃദയത്തിലേയ്ക്കു മാത്രം ഉറ്റു നോക്കിയിരുന്ന ഒരാളുണ്ടായിരുന്നു; ശിമയോൻ.

അയാളുടെ മട്ടും ഭാവവും പെട്ടെന്നു മാറി. ഒരു പുതിയ വെളിപ്പാടിന്റെ വാഹകൻ എന്നപോലെ അയാൾ പൊടുന്നനെ എഴുന്നേറ്റു. ഉള്ളിൽ ഉറച്ച ബോദ്ധ്യത്തിന്റെ തിരത്തള്ളൽ. ഗുരുമുഖത്ത് ഉറ്റുനോക്കി ഇരുകരങ്ങളും ഗുരുവിനു നേരെ നീട്ടി, അയാൾ ആവേശസ്വരത്തിൽ പറഞ്ഞു: "അവിടുന്ന് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു തന്നെയാകുന്നു."

ഹൃദയത്തിലെ അടക്കാനാവാത്ത പ്രേരണ വാക്കുകളായി പുറത്തേയ്ക്കു വന്നു കഴിഞ്ഞപ്പോൾ ശിമയോനു തന്നെ ആശ്ചര്യം; ഇതു താൻ തന്നെയോ പറഞ്ഞത്!

ഉടൻ യേശു എഴുന്നേറ്റു. കൂടെ ഇതര ശിഷ്യരും. ശിമയോന്റെ വെളിപാട് തങ്ങൾക്കു കിട്ടാതെ പോയതിൽ അവർക്കു ഖേദമുണ്ട്. പക്ഷേ തങ്ങൾ എല്ലാവർക്കും വേണ്ടിയാണല്ലോ ശിമയോൻ പ്രസ്താവിച്ചത് എന്നുള്ള ആത്മഹർഷവും.

തേൻ നിറഞ്ഞ പൂവുപോലെ യേശുവിന്റെ ഉള്ളം കുളിർത്തു. തൊട്ടടുത്തു മതിമറന്നു നിൽക്കുന്ന പ്രിയ ശിഷ്യന്റെ തോളിൽ വലം കൈ ചേർത്ത് ശിരസ്സല്പം മുകളിലേയ്ക്കുയർത്തി അനുഗ്രഹ വർഷം ചൊരിയുകയാണു ഗുരു: "യോനയുടെ മകനായ ശിമയോനെ, നീ ഭാഗ്യവാനാകുന്നു. ഈ രഹസ്യം നിനക്കു വെളിപ്പെടുത്തിത്തന്നത് നിന്റെ മാംസരക്തങ്ങളല്ല, പിന്നെയോ സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ്."

ഇതു പറഞ്ഞ് അവന്റെ കണ്ണുകളിലേക്കു തന്നെ ഉറ്റുനോക്കിനിന്നു. ഒന്നര വർഷം മുമ്പ് ശിമയോനെ കണ്ട നിമിഷത്തിൽ നിന്ന അതേ നില്പ്.

എന്നിട്ടു തുടർന്നു: ".....ഞാൻ നിന്നോടു പറയുന്നു നീ കേപ്പാ ആകുന്നു."

ശിമയോന്റെ ഉള്ളിൽ പെട്ടെന്നാ പഴയ പ്രവചനം ഓർമ്മ വന്നു. ആദ്യമായി കണ്ടപ്പോൾ, തന്നെ സൂക്ഷിച്ചു നോക്കി ഗുരു പറഞ്ഞ വാചകം: "നീ കേപ്പാ എന്നു വിളിക്കപ്പെടും."

ഇന്ന് ആ പ്രവചനം പൂർത്തിയായിരിക്കുന്നു. ശിമയോനായ താൻ കേപ്പാ ആയിത്തീർന്നിരിക്കുന്നു. അഥവാ, പത്രോസ് ആയി വിളിക്കപ്പെട്ടിരിക്കുന്നു. കേപ്പാ എന്ന അരമായ പദത്തിന്റെ അർത്ഥം എന്താണ്? 'പാറ' എന്നല്ലേ?



www.malankaralibrary.com

ഉറപ്പിന്റെ പ്രതീകമായ പാറയെ എന്തിനാണ് എടുത്തു ചാട്ടക്കാരനായ തന്നോടു ബന്ധപ്പെടുത്തുന്നത്? ഒന്നുമറിയില്ലെങ്കിലും കോൾമയിർ കൊണ്ടു നിൽക്കുകയാണയാൾ. തെല്ലകലെ ക്ഷേത്രസമുച്ചയത്തിന്റെ അടിത്തറയായി ഉയർന്നു നിൽക്കുന്ന കൂറ്റൻ കരിമ്പാറയിൽ യേശുവിന്റെ മിഴികൾ ചെന്നുതറച്ചു. പക്ഷേ അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും നിർജ്ജീവവിഗ്രഹങ്ങൾ നിറഞ്ഞ ഒരാലയമല്ല ഈ പാറമേൽ പടുത്തുയർത്തപ്പെടേണ്ടത്. വിളിച്ചാൽ വിളികേൾക്കുന്ന ജീവദൈവത്തിന്റെ ആലയമാണ്. ദാഹാർത്തപഥികർക്ക് ജീവന്റെ കുളിർജലവും വിശക്കുന്നവർക്ക് ജീവന്റെ അപ്പവും നൽകുന്ന ആലയമാണ്.

പിന്നെ ശിഷ്യരെ സാക്ഷിനിർത്തി യേശു അധികാരവചസുകൾ പത്രോസിനുമേൽ ചൊരിഞ്ഞു തുടങ്ങി: "ഈ പാറയുടെ മുകളിൽ ഞാനെന്റെ സഭയെ പണിയും. പൈശാചികശക്തികൾ ഇതിന്റെ മുമ്പിൽ ക്ഷയിച്ചു വീഴും. സ്വർഗ്ഗത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും."

ശിഷ്യർക്ക് ഇതെല്ലാം ദുർഗ്രഹമായി തോന്നി.

"ദാവീദുവംശത്തിന്റെ താക്കോൽ അവന്റെ തോളിൽ ഞാൻ വയ്ക്കും. അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല. അവൻ അടച്ചാൽ ആരും തുറക്കുകയുമില്ല" എന്ന എശയ്യായുടെ ദീർഘദർശനം അവർ ഒരുപക്ഷേ ഓർത്തു കാണില്ല.

എങ്കിലും ഒരു കാര്യം വ്യക്തമായിക്കഴിഞ്ഞു. തങ്ങളുടെ ഗുരു ഒരു മഹാ പ്രസ്ഥാനത്തിന്റെ അധിപൻ തന്നെ. രക്ഷാകരപ്രതീക്ഷയായ ക്രിസ്തു തന്നെ ആണ്. മഹാശക്തനും അജയ്യനുമാണ്. റോമാക്കാരെ തുരത്തിപ്പായിച്ച് ഇസ്രായേലിനു സ്വതന്ത്രഭരണം നേടിത്തരാൻ അവതരിച്ച മഹാരാജാവാണ്. ഈ ചിന്തയിൽ അത്യാഹ്ലാദത്താൽ തരിച്ചു നിന്നുപോയ ശിഷ്യരോട് പക്ഷേ, താക്കീതിന്റെ പതിവു ശൈലിയിൽ ഗുരു പറഞ്ഞു: "ഞാൻ ക്രിസ്തുവാണെന്ന കാര്യം നിങ്ങൾ ആരോടും പറയരുത്."

അവിടെ നിന്നും യേശു നടന്നു തുടങ്ങി.

ഈ മഹാരഹസ്യം തങ്ങൾക്കു ബോദ്ധ്യപ്പെട്ടതോർത്ത് വലിയ ആനന്ദത്തോടെ നടക്കുന്ന ശിഷ്യരുടെ കാതുകളിൽ വളരെ അപ്രതീക്ഷമായാണ് ഈ ഗുരുവചനങ്ങൾ തീത്തൈലം പോലെ വന്നുവീണത്.

"മനുഷ്യപുത്രൻ വളരെയേറെ സഹിക്കേണ്ടിവരും. മഹാപുരോഹിതന്മാരും ജനപ്രമാണിമാരും നിയമജ്ഞരുമെല്ലാം എന്നെ തള്ളിക്കളയും.



www.malankaralibrary.com

കൊല്ലും. മരണത്തിന്റെ മൂന്നാംനാൾ പുനർജ്ജീവിക്കുകയും ചെയ്യും."

ശിഷ്യർ നടുങ്ങിപ്പോയി. അവർക്കൊന്നും മനസിലാകുന്നില്ല. ക്രിസ്തുവാകുന്ന ദിവ്യാവതാരത്തിന് കഷ്ടതകളോ! മരണമോ!! സർവ്വ ശക്തനായ മഹാധിപനല്ലേ യഹൂദരുടെ പ്രതീക്ഷയിലുള്ള ക്രിസ്തു? ഇനി ഈ പ്രതീക്ഷ, മാറ്റിയെഴുതണമെന്നാണോ?

ശിഷ്യമുഖങ്ങൾ മങ്ങിത്താണു. എങ്കിലും പത്രോസ് മുന്നോട്ടാഞ്ഞ് ഗുരുവിനു തൊട്ടു പിന്നിൽ നിന്ന് പ്രാർത്ഥന പോലെ പറഞ്ഞു: "നാഥാ, ഇപ്പറഞ്ഞതൊന്നും അങ്ങേയ്ക്കു സംഭവിക്കാതിരിക്കട്ടെ."

ഝടുതിയിലാണു ഗുരു തിരിഞ്ഞത്. അരുമശിഷ്യന്റെ നാവിൽ നിന്നും ഇതുകേട്ട് കയർക്കാനാണു തോന്നിയത്.

"പിശാചേ, നീ എന്റെ മുമ്പിൽ നിന്നും പോകൂ. നീ എനിക്കു പ്രതി ബന്ധമാകുന്നു. നീ ദൈവീകമായല്ല, മാനുഷികമായാണു ചിന്തിക്കുന്നത്."

എന്നിട്ട് എല്ലാവരോടുമായി ഉപദേശിച്ചു: "ആരെങ്കിലും എന്നെ പിന്തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശും പേറി എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കാൻ ആശി ക്കുന്നവർക്ക് അതു നഷ്ടപ്പെടുകയേ ഉള്ളൂ. എന്നാൽ എനിക്കു വേണ്ടിയോ സുവിശേഷത്തിനു വേണ്ടിയോ ആരെങ്കിലും സ്വജീവൻ നഷ്ടപ്പെടുത്തി യാൽ അവൻ അതിനെ രക്ഷിക്കുക തന്നെ ചെയ്യും."

തങ്ങളുടെ ധാരണകളെല്ലാം പിഴച്ചു പോയതിൽ ശിഷ്യന്മാർ അസ്വ സ്ഥരായി.

അഞ്ചാറു ദിവസങ്ങളെങ്കിലും അങ്ങനെ നടന്നുകാണും. ഇടയ്ക്കിടയ് ക്കുള്ള വിശ്രമകേന്ദ്രങ്ങളിൽ പോലും പൊതുവേ, വിഷാദമൂകരായി ഇരി ക്കാനേ അവർക്കു കഴിഞ്ഞുള്ളൂ. ആഹ്ലാദത്തിന്റെ സ്നിഗ്ദ്ധതയെല്ലാം വറ്റിവരണ്ടിരിക്കുന്നു. ദീർഘയാത്രകളും നിരന്തര ജോലികളും മൂലം ഇന്നോളം ക്ഷീണിച്ചതു ശരീരം മാത്രമായിരുന്നു. എന്നാലിന്ന് ഉയിരും തളർന്നു പോയിരിക്കുന്നു.

ഒറ്റയാനെ പോലെ ഇതര മലനിരകളിൽ നിന്നും വേറിട്ട് വിണ്ണോളം തലയുയർത്തി അമരുന്ന താബോർ മലയുടെ താഴ്വാരത്തിലെത്തിയപ്പോ ഴേയ്ക്കും ഇനി നടക്കാനാവാത്ത തളർച്ച. ബാഖാ വൃക്ഷങ്ങളും കൊളുന്തു ചെടികളും തഴച്ച താഴ്വാരത്തിലെത്തി, എവിടെയെങ്കിലും ഒന്നിരിക്കാൻ



www.malankaralibrary.com

കൊതിക്കുന്ന ശിഷ്യഗണം. തന്റെ സ്വദേശമായ നസ്രത്ത് വളരെ അടുത്തായിട്ടും അവിടെങ്ങും പോയി വിശ്രമിക്കാൻ കൂട്ടാക്കാതെ താബോർ ഗിരി കയറി മുകളിലേക്കു പോവുകയാണു ഗുരു. നസ്രത്തിൽ ജീവിച്ച കാലത്ത് അവിടെ നിന്ന് ഈ മഹാഗിരിയെ നോക്കിക്കണ്ടിട്ടുണ്ട് പലതവണ. തെല്ലു കയറി പിന്തിരിഞ്ഞ് ശിഷ്യരെ ഒന്നുനോക്കി. അപ്പോഴേക്കും പലരും തരുഛായകളിലെ പുൽപ്പുറങ്ങളിൽ കിടന്നു കഴിഞ്ഞു. എങ്കിലും മൂന്നുപേരെ കൈനീട്ടി വിളിച്ചു. അവർ ഗുരുവിനൊപ്പം നടന്നു ചെന്നു. പത്രോസും ജ്യേഷ്ഠാനുജന്മാരായ യാക്കോബ്, യോഹന്നാൻ എന്നിവരും.

പ്രപഞ്ചത്തിന്റെ വിളക്ക് എരിഞ്ഞു തീരാറായി. ഇഴഞ്ഞെത്തുന്ന ഇരുൾ സമ്മാനിച്ച നിദ്രാഭാരവും പേറി വീണുപോയ ശിഷ്യന്മാർ ഉറക്കക്കയത്തിലേയ്ക്ക് ആണ്ടുപോകാൻ ഏറെനേരം വേണ്ടിവന്നില്ല. അപ്പോഴും ഗുരുവിനു പിറകേ പാറക്കെട്ടു നിറഞ്ഞ കുത്തുകയറ്റം കയറിക്കൊണ്ടിരിക്കുകയാണ് ശിഷ്യമൂവർ. യുദയാ നഗരം മുഴുവൻ കാണത്തക്ക ഉയരത്തിലെത്തിക്കഴിഞ്ഞു. ഇനി കയറാൻ ശിഷ്യമൂവർക്കും ആവില്ല. പരവശരായി അവരവിടെ തളർന്നു കിടന്നു. യേശു പക്ഷേ വീണ്ടും കയറുകയാണ്. ഈ രാത്രി മുഴുവൻ പ്രാർത്ഥിക്കാൻ മനസ്സു ദാഹിക്കുകയാണ്. തന്റെ പരസ്യജീവിതത്തിന്റെ ഒന്നരക്കൊല്ലം പിന്നിട്ടുകഴിഞ്ഞു. ഇനിയുള്ള പ്രവർത്തന വഴിയിലേയ്ക്കു വെളിച്ചം തൂകാൻ അപേക്ഷിക്കണം.

മലയുടെ നെറുകയിൽ ഒറ്റയ്ക്കു ചെന്നു. മിഴികൾ പൂട്ടി, കരങ്ങൾ നീട്ടി വിരിച്ച് താഴ്വാരഭാഗത്തേയ്ക്കു ദർശനമായി നിന്നു. സ്വഹൃദയത്തെ പറിച്ചെടുത്ത് പിതാവിന്റെ പാദാന്തികത്തിൽ സമർപ്പിക്കാനുള്ള പ്രാർത്ഥനാവേശം. തന്റെ സ്വത്വത്തെ തമ്പുരാനിൽ സമ്പൂർണ്ണമായി സമർപ്പിച്ച ലയന സായൂജ്യമഹാസമ്മേളനം. നരനായി പിറക്കും മുമ്പ് താൻ എന്തായിരുന്നുവോ, അതേ അനുഭവത്തിലേയ്ക്കുള്ള മടക്കയാത്ര. അഥവാ ശൂന്യവൽക്കരിക്കപ്പെട്ട ഹൃദയസ്ഥാനത്ത് പരമാത്മാവിന്റെ രംഗപ്രവേശം. ചുട്ടുപഴുത്തെരിയുന്ന അതിന്റെ ഉഷ്ണജ്ജ്വാലയാൽ മാനുഷികരൂപം പോലും എരിഞ്ഞമരുന്ന മഹാഭാവം! സത്യം സത്യമായി ആ ജ്വാല കണ്ണഞ്ചിപ്പിക്കുന്ന മഹാപ്രകാശമായി ഗിരിമകുടത്തിൽ നിന്നും തിളച്ചൊഴുകുകയാണ്.

താഴെ, തളർന്നുറങ്ങിക്കിടന്ന ശിഷ്യമൂവരുടെ അടഞ്ഞ കൺപോളകൾക്കു മീതെ ആ പ്രകാശപ്രളയം ആഞ്ഞടിച്ചു. ക്ഷണത്തിൽ അവർ പിടഞ്ഞെണീറ്റു പോയി. നടുക്കത്തിന്റെ ശക്തിയാൽ കൺപോളകൾ വലിച്ചു തുറക്കപ്പെട്ടു. കണ്ണഞ്ചിപ്പോകുന്ന ഉഗ്രപ്രഭാപൂരത്തിനു നേരെ അവ താനേ അടഞ്ഞുപോയി. ഉറക്കച്ചടവിൽ കണ്ട ഒരത്ഭുത സ്വപ്നമോ ഇതെന്ന



www.malankaralibrary.com

മട്ടിൽ അന്ധാളിച്ചു നിൽക്കാനല്ലാതെ അവരെന്തു ചെയ്യാൻ! പണ്ടു ജോർദ്ദാൻ നദിയിൽ ജലസ്നാനമേൽക്കാൻ വന്നു നിന്ന ഗുരുവിന്റെ മുകളിൽ തുറക്കപ്പെട്ട പ്രഭോജ്ജ്വലാകാശം പോലെ.

ഇടയ്ക്കൊന്നു മിഴിച്ചു നോക്കുമ്പോൾ കണ്ണിൽ പതിഞ്ഞത് ഗുരുവിന്റെ ഉഗ്രപ്രകാശിത മുഖം! നട്ടുച്ചസൂര്യന്റെ പ്രചണ്ഡവദനത്തേക്കാൾ അത്യുജ്ജ്വലം. വെയിലേറ്റു വെട്ടിത്തിളങ്ങുന്ന സ്ഫടികസമാനമായിരിക്കുന്നു അവിടുത്തെ വെള്ളക്കുപ്പായം.

മാത്രമല്ല, പ്രകാശിതന്റെ ഇടംവലം ഓരോരുത്തർ ചേർന്നു നില്ക്കുന്നു. ആരോ പണ്ടെങ്ങോ മനസ്സിൽ കൊത്തിവച്ച വാഗ്മയരൂപങ്ങളുടെ അഭിമുഖ ദർശനം. അതെ, എബ്രായ പിതാവായ മോശ തന്നെയല്ലേ ഒരാൾ? ഏതാണ്ട് സ്നാപകയോഹന്നാന്റെ വേഷത്തോടു കൂടിയ മറ്റേ ആൾ ഏലിയ പ്രവാചകനല്ലാതെ മറ്റാരാണ്? അതേ, അതേ, എന്നല്ലേ ആരോ ഉള്ളിലിരുന്നരുളുന്നതും.

മാത്രമല്ല, അവർ മൂവരും സംസാരിക്കുന്നുമുണ്ടല്ലോ. അതു തങ്ങളുടെ കാതുകളിലും പറന്നെത്തുന്നുവല്ലോ.

ദുരിതപൂർണ്ണമായ തന്റെ ഭാവിജീവിതപ്രയാണത്തെപ്പറ്റിയുള്ള പ്രവചനങ്ങൾ നിറഞ്ഞ സംസാരം. നിയമങ്ങളും പ്രവചനങ്ങളും അടിസ്ഥാനപ്പെടുത്തിയുള്ള വർത്തമാനം. അതിനാൽത്തന്നെ അവർ ഇരുവരും മോശയും ഏലിയായും എന്നു തീർച്ചയാക്കി.

ഈ ത്രിമൂർത്തീദർശനം സംഭ്രമജനകമെങ്കിലും മതിവരാ ത്തൊരനുഭവം. ഈ അനുഭവത്തിൽ, തന്നെത്തന്നെ മറന്ന് പത്രോസ് വിളിച്ചു പറഞ്ഞു: "ഗുരോ, നമ്മളിങ്ങനെ ഇവിടെ ആയിരിക്കുന്നത് എത്രയോ നല്ലതാണ്. ഞങ്ങളിവിടെ അങ്ങേയ്ക്കും മോശയ്ക്കും ഏലിയായ്ക്കും വേണ്ടി ഓരോ കൂടാരങ്ങൾ ഉണ്ടാക്കട്ടെയോ?"

മറുപടിക്കു കാത്തുനിന്ന ശിഷ്യത്രയം കണ്ടത് പ്രകാശം ചൂഴ്ന്ന ഒരു തുണ്ടുമേഘം വാനിൽ നിന്നും താണിറങ്ങി ഗുരുവിനെ മറയ്ക്കുന്നതാണ്. ഒപ്പം മേഘക്കീറിനുള്ളിൽ നിന്നും പണ്ടു ജോർദ്ദാൻ നദിയോരത്തുയർന്ന അതേ ഭയങ്കര ശബ്ദം മുഴങ്ങി: "ഇവനെന്റെ പൊന്നോമനപുത്രൻ. ഇവനെ നിങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുവിൻ."

തങ്ങളെ അടിച്ചു താഴെയിടാൻ പോന്ന മഹാശക്തിയുള്ള ഉഗ്രസ്വരം. കൈകളുയർത്തി ചെവികൾ പൊത്തിപ്പോയി. കമിഴ്ന്നടിച്ചു വീഴുക തന്നെ



www.malankaralibrary.com

ചെയ്തു. പ്രജ്ഞ നശിച്ചതുപോലെ അങ്ങനെ എത്രനേരം കിടന്നുവെന്നു നിശ്ചയം പോരാ. ഇടംവലം നിന്ന പഴയനിയമവക്താക്കൾ എങ്ങോ മറഞ്ഞകന്ന കാര്യം അറിഞ്ഞില്ല. ആരുടെയോ ശീതള സ്പർശനമേറ്റപ്പോൾ മാത്രം മിഴികൾ മിഴിച്ചു. പേടിച്ചരണ്ട മിഴികളിൽ തെളിഞ്ഞത്, കുനിഞ്ഞ്, തങ്ങളെ പിടിച്ചെഴുന്നേല്പിക്കാൻ തുനിയുന്ന ഗുരുനാഥൻ. കരങ്ങൾ മാറ്റി തുറന്ന കാതുകളിൽ ആദ്യം പതിച്ചതും ഗുരുസ്വരം: "ഭയപ്പെടേണ്ടാ. എഴുന്നേല്ക്കുവിൻ."

അതിഗൂഢവിസ്മയദർശനം പോലെ ആ രാത്രി കഴിഞ്ഞു പോവുകയാണ്.

അവരെയും കൂട്ടി താഴ്‌വാരത്തിലേയ്ക്കു വരുമ്പോൾ ആദ്യം തേടിയതു ബാക്കി ഒൻപതു ശിഷ്യരെ. അവരോ, അതാ ഒരു സംഘം ആളുകളുടെ നടുവിൽ ഇതികർത്തവ്യതാമൂഢരായി നിൽക്കുന്നു. ചിലർ വിരൽ ചൂണ്ടി ശിഷ്യർക്കു നേരെ കയർക്കുന്നുപോലുമുണ്ടല്ലോ.

ശിഷ്യരുടെ മുമ്പിൽ നുരയും പതയും ഒലിച്ചിറങ്ങുന്ന വായുമായി നിൽക്കുന്ന ഒരു അവശബാലൻ. മുഖത്തും ദേഹത്തും തീപ്പൊള്ളലിന്റെ വടുക്കൾ. കരിവാളിച്ച മുഖത്ത് ചോര കട്ടപിടിച്ചു കിടക്കുന്നു. ഏതോ ഒരു ദുർമൂർത്തി മിക്കവാറും അവനിൽ കുടിയേറും. അപ്പോഴെല്ലാം തീയിലും വെള്ളത്തിലുമൊക്കെ അവനെ തള്ളി വീഴ്ത്തി ആ ഭീകരൻ രസിക്കും.

താഴ്‌വാരത്തിലേക്കിറങ്ങിച്ചെന്ന ഗുരുവിനെക്കണ്ട് ആൾക്കൂട്ടത്തിൽ നിന്നൊരാൾ ഓടിയെത്തി താണുവണങ്ങി കരഞ്ഞു: "പൊന്നുനാഥാ, ഈ നിൽക്കുന്ന ദീനക്കാരൻ ചെക്കൻ എന്റെ ഒരേ ഒരു മോനാ. അവനെ സുഖപ്പെടുത്താൻ അങ്ങയുടെ ശിഷ്യരോട് പറഞ്ഞിട്ട് അവരെക്കൊണ്ടതു കഴിയുന്നില്ല."

ഗൗരവത്തോടെ യേശു, ശിഷ്യരെ നോക്കി. ദുർബാധ അകറ്റാനും മരിച്ചവരെ ഉയിർപ്പിക്കാൻ പോലുമുള്ള വരങ്ങൾ അവർക്കു താൻ കൊടുത്തിട്ടുണ്ട്. എന്നിട്ടും അതിനു കഴിവില്ലാതെ കുനിഞ്ഞു നിൽക്കാനേ അവർക്കു കഴിയുന്നുള്ളല്ലോ. അതോർത്ത് ഗുരുവിന്റെ ഉള്ളുലഞ്ഞു. അവിടുന്ന് വിലപിച്ചു. പയ്യന്റെ ദീനതയിലും അവന്റെ അപ്പന്റെ വേദനയിലും ശിഷ്യന്മാരുടെ പരാജയത്തിലും മനംനൊന്ത വിലാപശബ്ദം: "ഹാ! വിശ്വാസരഹിതരേ, ഞാൻ നിങ്ങളോടൊപ്പം എത്രനാൾ ഉണ്ടായിരിക്കും?"

എന്നിട്ട് അവന്റെ അപ്പനോട് ആജ്ഞാപിച്ചു: "ഇങ്ങു കൊണ്ടുവരൂ, അവനെ."



www.malankaralibrary.com

അയാൾ ഒരു കുതിപ്പിന് അവനെ പിടിച്ചു വലിച്ച് മുമ്പിലെത്തിച്ചു. പയ്യന്റെ കണ്ണുകളിലേക്ക് ഗുരു ഒന്നുനോക്കി.

ആരോ തള്ളിയിട്ടതുപോലെ ഉടൻ അവൻ കമിഴ്ന്നടിച്ചു നിലത്തു വീണു. അങ്ങോട്ടും ഇങ്ങോട്ടും അതിദ്രുതം ഉരുണ്ടു. കടിച്ചു പിടിച്ച പല്ലുകൾക്കിടയിലൂടെ പത നുരഞ്ഞൊലിച്ചു. ഉടൻ ശിഷ്യന്മാർ ഓടിയെത്തി അവനെ താങ്ങിയെടുത്തു ശുശ്രൂഷിച്ചു. അപ്പനോട് യേശു, രോഗവിവരങ്ങൾ സസൂക്ഷ്മം ആരാഞ്ഞു: "എത്രനാളായി ഇതാരംഭിച്ചിട്ട്?"

"കൊച്ചിലേ മുതൽ ഉണ്ട്. ഇതുമൂലം തീയിൽപ്പോലും ഇവൻ പല പ്രാവശ്യം വീണിട്ടൊണ്ട്."

നിസ്സഹായനായി തേങ്ങിക്കരഞ്ഞുകൊണ്ട് അയാൾ തുടർന്നു: "അങ്ങേയ്ക്കെന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ കരുണ തോന്നി ഞങ്ങളെ സഹായിക്കണേ കർത്താവേ."

"എന്തുപറഞ്ഞു? കഴിയുമെങ്കിലെന്നോ? വിശ്വസിക്കുന്നവന് സകലതും സാധിച്ചു കിട്ടും."

അതുകേട്ട് ഉത്സാഹചിത്തനായി അയാൾ വിളിച്ചു പറഞ്ഞു: "കർത്താവേ, ഞാൻ വിശ്വസിക്കുന്നേ..... നൂറുവട്ടം വിശ്വസിക്കുന്നു."

ശിഷ്യരുടെ കൈകളിൽ താങ്ങിനിൽക്കുന്ന ദീനക്കാരനിലേയ്ക്ക് ദൃഷ്ടികൾ വീണ്ടും തറപ്പിച്ച് യേശു ശകാരിച്ചു: "ദുരാത്മാവേ, ഇവനിൽ നിന്നും പുറത്തുപോകൂ. മേലാൽ ഇവനിൽ കടന്നുപോകുകയും അരുത്."

വീണ്ടും ആദ്യാനുഭവം തന്നെ. വെട്ടിയിട്ട തടിപോലെ അവൻ ആഞ്ഞു വീണു, ഒരലർച്ചയുടെ അകമ്പടിയോടെ. പക്ഷേ പിന്നെ നിശ്ശബ്ദം! നിശ്ചലം! ഉരുളലോ മുരളലോ ഇല്ല.

സകലരും ഭയന്നു.

"അയ്യോ! മരിച്ചോ?" പലരും നടുങ്ങി ചോദിച്ചു.

അവരുടെ മുമ്പിൽ യേശു കുനിഞ്ഞ് കൈനീട്ടി, നിലം പറ്റിക്കിടന്ന അവനെ പിടിച്ചുയർത്തി. സ്വാസ്ഥതയെന്തെന്ന് ആദ്യമായറിഞ്ഞ് അവൻ എഴുന്നേറ്റിരുന്നു. എന്നിട്ട്, ഇതെന്തുകൊണ്ട് ശിഷ്യന്മാർക്ക് ചെയ്യാൻ കഴിഞ്ഞില്ല എന്നതിനു വിശദീകരണം നൽകുകയാണു ഗുരു. "....കാരണം നിങ്ങളുടെ വിശ്വാസക്കുറവുതന്നെ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നും മാറി മറ്റൊരിടത്തുപോയിരിക്കുക എന്നു പറഞ്ഞാൽ അതു നിങ്ങളെ അനുസരിക്കും തീർച്ച."



www.malankaralibrary.com

# പതിനെട്ട്

ചൂണ്ടയിൽ മീൻ കൊരുക്കുന്നുണ്ടോ എന്നുറ്റുനോക്കി കടൽത്തീരത്തിരിക്കുകയാണ് പത്രോസ്. ചരടിളകി മുറുകിയപ്പോൾ കമ്പ് വെട്ടിച്ചുയർത്തി. മുതുകിൽ ചീപ്പുപോലെ പൊന്തിയ ചിറകുള്ള ഒരു മത്സ്യം ചൂണ്ടയിൽ തല മുകളിലായി കിടന്നു പിടയ്ക്കുന്നു. വലംകൈ പിന്നിലേക്കു വലിച്ച് പിടയ്ക്കുന്ന മീനിനെ ഇടംകൈക്കുള്ളിലാക്കി. പാതി തുറന്ന അതിന്റെ വായ് മറ്റേ കൈകൊണ്ട് ഉടൻ പൊളിച്ചുനോക്കി. അത്ഭുതം! ഗുരുവിന്റെ പ്രവചനം പോലെ അതാ, വായ്ക്കുള്ളിൽ ഒരു ലോഹനാണയം. തലകീഴായ് പിടിച്ചപ്പോൾ അതിന്റെ വായിൽ നിന്നും മണൽത്തീരത്തിൽ ഊർന്നു വീണ നാണയം പത്രോസ് എടുത്തു തിരിച്ചും മറിച്ചും നോക്കി. വീണ്ടും അത്ഭുതം! കൃത്യം ഒരു ഷെക്കൽ നാണയം തന്നെ. മീനിനെ തിരികെ കടലിലേയ്ക്കെറിഞ്ഞ് നാണയവുമെടുത്ത് തന്റെ വീട്ടിലിരിക്കുന്ന ഗുരുവിന്റെ പക്കലേക്ക് കുതിക്കുകയായിരുന്നു. ഈ നാണയം ആവശ്യപ്പെട്ട് വീട്ടുമുറ്റത്ത് വന്നു നിൽക്കുന്ന ദേവാലയകരം പിരിവുകാരെ നാണയം ഏൽപ്പിക്കണം.

കഫർണാമിൽ യേശു എത്തിയെന്നറിഞ്ഞ് കരം പിരിവുകാർ അടുത്തുകൂടുകയായിരുന്നല്ലോ. ഇരുപതു വയസു തികഞ്ഞ സകല യഹൂദരും ജറുസലേം ദേവാലയത്തിലേക്ക് വർഷന്തോറും അര ഷെക്കൽ നാണയം കൊടുക്കാൻ കർശനനിയമമുണ്ടല്ലോ. പുറപ്പാടു പുസ്തകത്തിൽ ഈ അനുശാസനയുമുണ്ട്. ദേവാലയനടത്തിപ്പിനും പുരോഹിതന്മാരുടെ ചെലവിനും വേണ്ട തുകയാണത്രേ ഇത്. പക്ഷേ അതിലുമെത്രയോ അധികം വരുന്ന വൻ തുകയാണ് ഓരോ വർഷവും കരം പിരിവുകാർ ശേഖരിച്ചു കൂട്ടുന്നത്!

തന്നിൽ നിന്നും കരം പിരിക്കാൻ വന്ന പ്രമാണിമാരെ കണ്ട് പത്രോസിനോടു യേശു ചോദിച്ചു: “പത്രോസേ, ഭൂമിയിലെ രാജാക്കന്മാർ നികുതി പിരിച്ചെടുക്കുന്നത് ആരിൽ നിന്നാണ്? രാജാക്കന്മാരുടെ പുത്രരിൽ നിന്നോ അന്യരിൽ നിന്നോ?”

“അന്യരിൽ നിന്നല്ലാതെ സ്വന്തം മക്കളിൽ നിന്നാരും കരം പിരിക്കില്ല ഗുരോ.”



www.malankaralibrary.com

“എങ്കിൽ രാജപുത്രന്മാർക്ക് കരം കൊടുക്കേണ്ട ബാദ്ധ്യതയുമില്ല ല്ലോ.”

പിരിവുകാർ ഇതുകേട്ട് ഒന്നു ചൂളി. പ്രഭുത്വമാർന്ന യേശു, രാജപുത്ര നേക്കാൾ ജനകീയനാണെന്ന് അവർക്കറിയാം. അഥവാ, അത്യുന്നത രാജാ വിന്റെ പുത്രനാണിവൻ എന്നു വിശ്വസിക്കുന്നവരും ഉണ്ടല്ലോ. അങ്ങനെ യുള്ള രാജപുത്രൻ കരംകൊടുക്കേണ്ട കാര്യമില്ലെന്നാണ് വാദം.

എങ്കിലും അവരെ നിരാശരാക്കി വിടാൻ ഗുരു ഒരുക്കമല്ല. പണം കൊടുക്കാൻ തന്നെയാണു നിശ്ചയം. യൂദായുടെ കയ്യിൽ പണസഞ്ചി കാ ണും. എങ്കിലും ലോകരാജാവായ ദൈവത്തിന്റെ ഏകപുത്രനായ തനിക്കു വേണ്ടി ആ പണം ചെലവിടരുത്. ഒരടയാളത്തിലൂടെ കണ്ടെത്തുന്ന പണം തന്നെ നൽകാം.

അതിനാലാണ് ശിഷ്യപ്രധാനിയോട് ഇങ്ങനെ പറഞ്ഞത്: “നീ പോയി ചൂണ്ടയിടുക. കിട്ടുന്ന മീനിന്റെ വായ് തുറക്കുമ്പോൾ അതിലൊരു നാണയം കാണും. അതെടുത്ത് എനിക്കും നിനക്കു വേണ്ടി കരം കൊടു ക്കുക.”

അര ഷെക്കൽ വീതം ഇരുവർക്കും വേണ്ട ആ ഒരു ഷെക്കൽ ചുങ്കം പിരിവുകാരെ ഏൽപ്പിച്ച് പത്രോസ് വീട്ടിനുള്ളിലേക്കു കയറി. കൊച്ചു വീട്ടിലെ അകത്തളത്തിൽ ഇരിക്കുന്ന പന്ത്രണ്ടു പേരോടും യേശു ചോദിച്ചു: “ഇങ്ങോട്ടു വരുന്ന വഴി നിങ്ങൾ തർക്കിക്കുകയും മറ്റും ചെയ്യുന്നതു കണ്ട ല്ലോ. എന്തായിരുന്നു കാര്യം?”

സംഗതി ശരിയാണ്. തങ്ങൾ ഒരോരുത്തരുടേയും മരണശേഷമുള്ള ജീവിതത്തെപ്പറ്റി ചർച്ച ചെയ്യുകയായിരുന്നു. ദേഹം മരിച്ചാൽ ദേഹി ഭൂമി യിൽ നിന്നും വേർപിരിഞ്ഞ് സ്വർഗ്ഗലോകത്തെത്തുമെന്ന് അവർക്കറിയാം. എന്നാൽ അവിടെ ദൈവത്തോടടുത്തിരിക്കാനുള്ള ഭാഗ്യം ആരുടെ ആത്മാവിനാണു കിട്ടുക എന്നതായിരുന്നു തർക്കം.

പത്രോസ് വെറുതെ വിടുമോ. കേസറിയാ ഫിലിപ്പിയിൽ വച്ച് ശിഷ്യ പ്രധാനിയായി താനല്ലേ തെരഞ്ഞെടുക്കപ്പെട്ടവൻ. അതിനാൽ താൻ തന്നെ സ്വർഗ്ഗത്തിലും ഒന്നാമൻ എന്നായിരുന്നു പത്രോസിന്റെ വാദം. പക്ഷേ, മറ്റുള്ളവർക്കുമുണ്ട് ഇതുപോലോരോ ന്യായവാദങ്ങൾ. എന്തായാലും അതൊരു വാഗ്വാദം തന്നെയായി മാറി. ഒച്ചകേട്ടു തെല്ലു മുമ്പിലായിരുന്ന ഗുരു തിരിഞ്ഞുനോക്കിയപ്പോൾ മാത്രമാണതൊന്നു ശമിച്ചത്. എന്നാൽ അതെന്തിനു വേണ്ടിയായിരുന്നു എന്നാണിപ്പോൾ ഗുരു ചോദിക്കുന്നത്.



www.malankaralibrary.com

ഉത്തരം കൊടുക്കാതെ അവർ ഇളിഭ്യതയോടെ മുഖം താഴ്ത്തി ഇരുന്നതേയുള്ളു.

"തർക്കം എന്തായിരുന്നു എന്നല്ലേ ചോദിച്ചത്?"

ഗുരുവിന്റെ നിർബന്ധത്തിനു മുമ്പിൽ അവരുടെ മൗനം വീണുടഞ്ഞു. അവർ സത്യം തുറന്നു പറഞ്ഞു. അതുകേട്ട് യേശുവിന്റെ പ്രബോധന സ്വരമുയർന്നു: "നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവൻ ആയിരിക്കണം. അവൻ സകലരുടെയും ദാസനും അടിമയുമാകാൻ മനസുള്ളവനായിരിക്കണം."

വീട്ടുകാരുടെ കണ്ണുവെട്ടിച്ച് അവിടേക്ക് ഒരു പിഞ്ചു കുഞ്ഞ് വലിഞ്ഞിഴഞ്ഞു വന്നു. ആ പിഞ്ചോമനക്കുഞ്ഞിനെ പീഠത്തിൽ നിന്നെഴുന്നേറ്റ് യേശു കുനിഞ്ഞ് വാരിയെടുത്തു. യേശുവിന്റെ ചെമ്പൻ ചുരുൾ മീശയിൽ താരിളം കരങ്ങൾ പിടിമുറുക്കി. കരുണാമയന്റെ ആർദ്രതയൂറുന്ന ഇളം നീല മിഴികളിലേക്കു നോക്കി അവൻ പല്ലില്ലാവായ് തുറന്നു ചിരിച്ചു. തേൻ പോലെ അവന്റെ ചോരിവായിൽ നിന്നും ഊറിവീണ തുപ്പൽ ഗുരുവിന്റെ കയ്യിലൂടെ ഒലിച്ചിറങ്ങി. അവന്റെ പരമപരിശുദ്ധിക്കു മുന്നിൽ എല്ലാം മറന്ന് ഒരുനിമിഷം യേശു ചിരിച്ചു.

എന്നിട്ട് ഏവരോടും പറഞ്ഞു: "നിങ്ങൾ മനോവിശുദ്ധി നേടി കുഞ്ഞുങ്ങളെപ്പോലെ ആകാത്തപക്ഷം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ഈ കുഞ്ഞിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ്".

ശിഷ്യരെ മാത്രമല്ല ഗലീലായരെ പൊതുവേ മനസിൽ കണ്ടുകൊണ്ടാണിതു പറഞ്ഞത്. വളർന്ന നാടിനെപ്പോലും വിട്ട് താൻ ഏറെ പ്രിയപ്പെട്ടു പോയ നാടുകളാണ് ഗലീലായിലെ ബത്സയ്ദായും, കൊറാസിനും ഈ കഫർണാമും മറ്റും. പക്ഷേ ഇവർപോലും അനുതപിച്ച് മനം തിരിയാൻ തുനിയുന്നില്ല. ആകാശത്തോളം ഉയർത്തപ്പെട്ടവരാണു തങ്ങളെന്നു ഭാവിച്ച് അഹങ്കരിക്കുകയാണവർ. അതിനാൽത്തന്നെ അവർ പാതാളത്തോളം താഴ്ത്തപ്പെടുമെന്ന ദൈവനീതി ഇനിയും അവർ ഗ്രഹിക്കുന്നില്ല.

ഇവർക്കെല്ലാം ഇപ്പോഴും വേണ്ടത് അത്ഭുതങ്ങളും രോഗശാന്തിയും. മറിച്ച്, ദൈവരാജ്യത്തിലേക്ക് ആനയിക്കുന്ന അടയാളങ്ങൾ മാത്രമാണിവയെന്ന് ഇവർക്കറിഞ്ഞു കൂടാ. അതുകൊണ്ടുതന്നെ ഈ നാടുകളോട് മനസ്സിൽ കടുത്ത നീരസം. ഇവിടെ നിന്നും തലസ്ഥാനനഗരിയിലേക്കു



www.malankaralibrary.com

പോകാൻ തിടുക്കം കൂട്ടിയതും അതുകൊണ്ടുതന്നെ.

മാത്രമല്ല ജറുസലേമിൽ കൂടാരപ്പെരുനാൾ അടുത്തു വരികയുമാണല്ലോ. പെസഹാ, പെന്തിക്കോസ്തി എന്നിവ കഴിഞ്ഞാൽ ഏറ്റം പ്രധാനപ്പെട്ട പെരുനാളാണല്ലോ അത്. യൂദന്മാർക്ക് ആകെയുള്ള ഏഴു പെരുനാളുകളിൽ ഏഴാം മാസമായ 'ഏഥാനീം' മാസത്തിൽ ആഘോഷിക്കപ്പെടുന്ന പെരുനാൾ എന്ന പ്രത്യേകതയും അതിനുണ്ടല്ലോ. പൂർവ്വികർ ഫറവോയുടെ അടിമത്തത്തിൽ നിന്നും മോചിതരായി ഈ പാലസ്തീനിലേക്കുള്ള പ്രയാണത്തിൽ നാല്പതുകൊല്ലം കൂടാരവാസികളായി ഇസ്രായേൽ മരുഭൂമിയിൽ കഴിഞ്ഞു കൂടിയതിന്റെ മഹാസ്മരണയാണീ പെരുനാൾ.

ദീർഘയാത്രയാണ്. അതോ, പുറജാതികൾ അടക്കി വാഴുന്ന സമറിയായിലൂടെയും. അതിനടുത്ത സ്ഥലമായ സിക്കാറിലൂടെ ഒന്നരക്കൊല്ലം മുമ്പ് സഞ്ചരിച്ച ഓർമ്മ ശിഷ്യർക്കുണ്ട്.

തീർത്ഥാടകരായ യൂദന്മാരെ പതിയിരുന്ന് എറിഞ്ഞു താഴെയിട്ട് തല്ലിക്കൊല്ലുന്നവരാണത്രേ പുറജാതികൾ. പക്ഷേ അത്ഭുതകരമായ സ്വീകാര്യതയാണ് അന്ന് ഗുരുവിനു കിട്ടിയത്. ഈ സമറിയാക്കാരും അതേ തരക്കാരാണോ എന്തോ? സമറിയായുടെ അതിർത്തിയിലെത്തും മുമ്പേ ശിഷ്യന്മാരെ മുന്നോട്ടു പറഞ്ഞയച്ച് ഗുരു ഒരിടത്തിരുന്നു. തനിക്കും ശിഷ്യർക്കും അന്തിയുറങ്ങാൻ ഒരിടം തരുമോ എന്നറിയാനാണവർ സമറിയായിലെ ഉൾഗ്രാമത്തിലേക്കു കടന്നത്.

എന്നാൽ കൈകളിൽ കല്ലും കമ്പും ഉയർത്തി ഓങ്ങിയും അസഭ്യം പുലമ്പിയുമാണ് യഹൂദശിഷ്യരെ അവർ എതിരേറ്റത്. മലയിടുക്കിലെ കാട്ടുവഴികളിലൂടെ വീണും പിടഞ്ഞെണീറ്റ് പിന്തിരിഞ്ഞോടിയും ഗുരുവിന്റെ മുമ്പിൽ അവർ വന്നു നിന്നു. ആഞ്ഞു കിതിച്ച് ശിഷ്യസഹോദരരായ യാക്കോബും യോഹന്നാനും ഉഗ്രകോപത്തോടെ ഗുരുവിനോടപേക്ഷിച്ചു: "ആകാശത്തുനിന്നും എരിതീ ഇറക്കി ഈ സമറിയാക്കാരെ ചുട്ടുകൊല്ലാൻ ഞങ്ങൾ പ്രാർത്ഥിക്കട്ടെ ഗുരോ?"

ഏലിയാ പ്രവാചകൻ ആകാശത്തു നിന്നും അഗ്നി താഴെയിറക്കി അഹസിയാ രാജാവിന്റെ ദൂതന്മാരെ ചുട്ടു ചാരമാക്കിയ വീരസംഭവം ശിഷ്യസഹോദരന്മാരിൽ എരിയുകയായിരുന്നു.

കത്തുന്ന രോഷാഗ്നിയോടെ അനുവാദം കാത്തുനിന്ന അവർക്ക് ഗുരുവിൽനിന്നും കിട്ടിയതോ, 'അരുത്' എന്ന ശാസന. താൻ ഭൂമിയിൽ 'തീ' ഇടാൻ തന്നെയാണു വന്നതെങ്കിലും അതു പ്രതികാരത്തിന്റെ തീയല്ല,



www.malankaralibrary.com

ദൈവാത്മാവാകുന്ന തീയാണല്ലോ. മനുഷ്യ പുത്രൻ വന്നിരിക്കുന്നത് ജീവൻ നശിപ്പിക്കാനല്ല, അതു സമൃദ്ധിയായി ഉണ്ടാക്കുവാനല്ലോ.

അതിനാൽ ശിഷ്യരെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു: "കുറുനരികൾക്കു മാളങ്ങളുണ്ട്. പറവകൾക്ക് കൂടുകളും. പക്ഷേ, തലയൊന്നു ചായ്ക്കാൻ ഇടം തീരെയില്ലാത്തത് ഈ മനുഷ്യപുത്രനു മാത്രം."

കിടക്കാൻ ഇടം കിട്ടിയില്ലെങ്കിലെന്ത്! പാറപ്പുറത്തോ പുൽപ്പുറത്തോ കിടന്നു നേരം വെളുപ്പിക്കുക തന്നെ. വേനൽക്കാലം തീർന്ന് ശരത്കാലാരംഭമായതിനാൽ രാത്രി ഉഷ്ണരഹിതവുമായിരുന്നു.

എട്ടുദിവസം നീളുന്ന കൂടാരപ്പെരുനാളിന്റെ മദ്ധ്യദിവസത്തിൽ ജറുസലേമിലെത്തി. ഇരുളിൽ എങ്ങും പൂത്തുനിൽക്കുന്ന അസംഖ്യം എണ്ണവിളക്കുകൾ. കൂരിരുട്ടിനെ തുരത്താൻ കിണഞ്ഞു ശ്രമിക്കുന്ന കളിമൺ വിളക്കുകളുടെ ഒരു മഹാവിന്യാസം തന്നെ. പരിമിതവൃത്തത്തിനുള്ളിൽ കിനിഞ്ഞിറങ്ങുന്ന വെട്ടത്തിൽ അവിടവിടെ കെട്ടിയുണ്ടാക്കിയ പച്ചിലക്കുടിലുകൾ കാണാം. കൊളുന്തും അരളിയും ഈന്തപ്പനയോലകളും ചേർത്തുണ്ടാക്കിയ കൊച്ചുകൂരകളുടെ നിര. പൂർവ്വികരുടെ മരുഭൂവാസത്തിൽ അഗ്നിസ്തംഭമായി ദൈവം അവരെ നയിച്ചതോർത്ത് ഒരാഴ്ചക്കാലം താമസിക്കുന്ന തീർത്ഥാടകർ.

ദേവാലയത്തോടടുക്കുമ്പോൾ അതിന്റെ വിശാലാങ്കണം നിറയെ, ഗാനങ്ങൾ പാടി, കൈകളിൽ എരിയുന്ന വിളക്കുമേന്തി നൃത്തമാടുന്ന ഫരിസേയർ. കുടിൽവാസികൾ അവയിലിരുന്ന് സങ്കീർത്തനങ്ങൾ നീട്ടിച്ചൊല്ലുന്നു.

നേരെ ദേവാലയത്തിലേക്കു കടന്ന് നേർച്ച സമർപ്പണമുറിയിൽ യേശു ഇരുന്നു. ആധികാരിക പ്രബോധനധ്വനികൾ മുഴങ്ങിത്തുടങ്ങി. വാർത്തയറിഞ്ഞ് ഫരിസേയവിമർശകർ പാഞ്ഞെത്തി. യേശുവിന്റെ മഹാജ്ഞാനത്തിൽ അന്തംവിട്ടു നിന്നുപോയ അവരിൽ പകയുടെ വിഷപ്പത്തി ഉയർന്നു. പല സംഭവങ്ങളും അവർക്കു മറക്കാൻ കഴിയുന്നില്ല.

കുറച്ചുനാൾ മുമ്പ് ബഥസ്ദയിലെ തളർവാതക്കാരനെ ഒരു സാബത്തിൽ സുഖപ്പെടുത്തി തങ്ങളുടെ പരിശുദ്ധപാരമ്പര്യത്തിനു കളങ്കമുണ്ടാക്കിയവനാണിവൻ. ക്രിസ്തുവാണന്നു സ്വയം പ്രസ്താവിച്ചു നടക്കുകയും ചെയ്യുന്നു. ചുഴറ്റിയെറിയുന്ന കല്ലുകൾകൊണ്ട് ഈ തോന്ന്യാസങ്ങൾക്കെല്ലാം മറുപടി കൊടുക്കാൻ കഴിയാഞ്ഞിട്ടല്ല. പക്ഷേ, തന്റെ അനുയായി



www.malankaralibrary.com

കളായ ഈ മഹാജനം തങ്ങൾക്കുനേരെ തിരിഞ്ഞേക്കും. അതൊരു മഹാ വിപ്ലവത്തിനു വഴിതെളിച്ചെങ്കിലോ!

അവരുടെ ഗൂഢനീക്കം മണത്തറിഞ്ഞ് അവരുടെ കൂട്ടത്തിലൊരുവൻ തന്നെയായ നിക്കദമൂസ് പക്ഷേ, അവരോട് എന്തും വരട്ടെ എന്നു കരുതി പറഞ്ഞു: "അദ്ദേഹം പറയുന്നവ എന്താണെന്നു നിങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്ക്. എന്തൊക്കെയാണു പ്രവർത്തിക്കുന്നതെന്നും കാണ്. ഇതൊന്നും ചെയ്യാതെ ഇങ്ങനെ അവനെ ദുഷിക്കുന്നത് നമ്മുടെ നിയമത്തിനു ചേർന്നതല്ല."

പണ്ടുമുതൽക്കേ യേശുവിന്റെ രഹസ്യാനുയായിയായ നിക്കദമൂസിന്റെ പ്രായാധിക്യത്തെ പോലും മാനിക്കാതെ അതുകേട്ടവർ കയർത്തു: "എന്താ? നീയും ഒരു ഗലീലാക്കാരനാണോ അവനുവേണ്ടി വാദിക്കാൻ? പോയി വിശുദ്ധ ഗ്രന്ഥങ്ങൾ പഠിച്ചു നോക്ക്. 'ക്രിസ്തു' എന്നല്ല ഒരു പ്രവാചകൻ പോലും ഗലീലായിൽ നിന്നും വരുന്നില്ലെന്ന് അപ്പോൾ മനസിലാകും."

ഫരിസേയ സംവാദത്തിലല്ല യേശുവിന്റെ ശ്രദ്ധ, ചുറ്റും എരിഞ്ഞുനില്ക്കുന്ന മൺവിളക്കുകളിലാണ്. അവയിലെ പ്രകാശ രശ്മികൾ തട്ടിത്തിളങ്ങുന്ന മുഖവുമായി യേശു ഉച്ചസ്വരത്തിൽ സ്വന്തം അസ്തിത്വത്തെ അനാവരണം ചെയ്തു പറഞ്ഞു: "ഞാൻ ലോകത്തിന്റെ പ്രകാശം ആകുന്നു. എന്നെ അനുഗമിക്കുന്നവരാരും ഇരുട്ടിലാവുകയില്ല. അവരിൽ ജീവപ്രകാശം ഉണ്ടായിരിക്കുകയും ചെയ്യും".

ഇതുകൂടി കേട്ടപ്പോൾ ഫരിസേയരക്തം തിളച്ചു. തങ്ങളെപ്പോലെ വിഖ്യാതരായ യഹൂദറബ്ബിമാരെ 'ഇസ്രായേലിന്റെ പ്രകാശം' എന്നാണല്ലോ വിളിക്കുക. അതും കടന്ന് 'ലോകത്തിന്റെ മുഴുവൻ പ്രകാശ' മാണു താനെന്നും ഇവൻ സ്വയം പുകഴ്ത്തിക്കഴിഞ്ഞു. ഇതുവഴി, ലോകത്തിന്റെ മുഴുവൻ ഗുരുനാഥനും താനാണെന്ന് പരോക്ഷമായി വ്യക്തമാക്കുകയല്ലേ. അതായത് ലോകത്തിന്റെ ഈ മഹാപ്രകാശത്തിനു മുമ്പിൽ, കേവലം ഇസ്രായേലിന്റെ പ്രകാശങ്ങളായ തങ്ങളെല്ലാം നിഷ്പ്രഭരായി പോകണമത്രേ.

ഉടൻ അവർ പിൻനിരയിൽ നിന്നും ജനാവലിക്കിടയിലൂടെ തള്ളിക്കയറി മുമ്പിൽ വന്നു കയർത്തു: "തന്നെത്താനുള്ള നിന്റെ ഈ സാക്ഷ്യപ്പെടുത്തലുണ്ടല്ലോ, അതു പച്ചക്കള്ളമാണ്."

"അല്ല. നിങ്ങളുടെ നിയമത്തിൽ തന്നെയുണ്ടല്ലോ, രണ്ടുപേർ. സാക്ഷ്യപ്പെടുത്തിയാൽ അതു സത്യമായിരിക്കുമെന്ന്. ഇതാ, ഇവിടെ,



www.malankaralibrary.com

ഞാൻ മാത്രമല്ല എന്നെ അയച്ച എന്റെ പിതാവും എന്നെക്കുറിച്ചു സാക്ഷ്യം നൽകുന്നു."

"നിന്റെ പിതാവോ? അദ്ദേഹം എവിടെയാണ്?"

"നിങ്ങൾ എന്നെയോ, എന്റെ പിതാവിനെയോ അറിയുന്നില്ല. എന്നെ അറിയുന്നവൻ എന്റെ പിതാവിനെയും അറിയുന്നു."

"നീ ആരാണെന്നാണ് ഞങ്ങൾ അറിയേണ്ടത്?"

"നിങ്ങളോടു ഞാൻ ഇക്കാര്യം ആദ്യം മുതൽ തന്നെ പറഞ്ഞിട്ടുണ്ട്".

അക്കാര്യം എന്താണെന്ന് ഓർമ്മയിൽ നിന്നും ചികഞ്ഞെടുക്കാൻ അവരുണ്ടോ മിനക്കെടുന്നു! പകരം വീണ്ടും കയർത്തു: "നിന്നിൽ ഏതോ പിശാചു കയറിയിട്ടുണ്ട്. എന്താ, അതല്ലേ ശരി?"

"ഒരിക്കലും ഇല്ല. നിങ്ങൾ എന്നെ ആക്ഷേപിച്ചുകൊള്ളൂ. എന്നാൽ എന്റെ മഹത്വം കാണുന്ന ഒരു വിധികർത്താവുണ്ട്."

തെല്ലുനിർത്തി പൂർവ്വാധികം ദൃഢസ്വരത്തിൽ തുടർന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ വചനം പാലിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല."

ഫരിസേയർ അതു കേട്ടലറി: "നിന്നിൽ പിശാചുണ്ടെന്ന് ഇപ്പോൾ വ്യക്തമായി കഴിഞ്ഞു. അല്ലെങ്കിൽ ഇങ്ങനെ നീ പറയുമോ? അബ്രഹാമും പ്രവാചകന്മാരും മരിച്ചുപോയി. നീ പറയുന്നു, നിന്റെ വചനം പാലിക്കുന്ന വർക്കു മരണമില്ലെന്ന്. എന്താണിതിന്റെയൊക്കെ അർത്ഥം? ഞങ്ങളുടെ പുണ്യപിതാവായ അബ്രഹത്തേക്കാൾ കേമനാണു നീ എന്നാണോ?"

"നിങ്ങളുടെ പൂർവ്വപിതാവായ അബ്രഹാം 'എന്റെ ദിവസം' കാണുവാൻ ആശിച്ചിരുന്നു. അവൻ അതു കണ്ടു, ആനന്ദിച്ചു."

യേശു പറഞ്ഞതു സത്യമാണ്. പാപത്തിൽ വീണുപോയ ലോകജനത്തെ വീണ്ടെടുക്കുവാൻ വരുമെന്ന പ്രതീക്ഷയോടെ ആ രക്ഷകനെ കാണാൻ അബ്രഹാമും ആശിച്ചിരുന്നു. 'ദൈവത്തിന്റെ ദിവസം' എന്നാണല്ലോ രക്ഷാകരപ്രതീക്ഷയുടെ ആ ദിവസങ്ങൾ അറിയപ്പെട്ടിരുന്നത്. എന്നാൽ ദൈവത്തിന്റെ ദിവസം എന്നു പറയേണ്ടതിനു പകരം 'എന്റെ ദിവസം' എന്നാണ് യേശു ഇപ്പോൾ പറഞ്ഞത്.

ഇതുകേട്ട് യഹൂദർക്കു കലിയിളകി. രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ്



www.malankaralibrary.com

ജീവിച്ചിരുന്ന അബ്രഹാം, യേശുവിന്റെ ദിവസങ്ങൾ കണ്ട് ആനന്ദിച്ചു എന്നൊക്കെ പുലമ്പിയാൽ അവർ അടങ്ങിയിരിക്കുമോ? അവർ ക്രുദ്ധരായി പരിഹസിച്ചു: "നിനക്കെത്ര വയസുണ്ട്?. അമ്പതു പോലുമില്ലല്ലോ. എന്നിട്ടും നീ അബ്രഹാത്തെ കണ്ടുപോലും!"

അനന്യമായ നെഞ്ചൂക്കോടെ സദസ്സിൽ നിവർന്നു നിന്ന് അസന്ദിഗ്ദ്ധമായി യേശു പ്രസ്താവിച്ചു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അബ്രഹാം ജനിക്കുന്നതിനു മുമ്പ് തന്നെ ഞാനുണ്ട്."

ഇപ്പറഞ്ഞത് ഫരിസേയരെ സംബന്ധിച്ച് കടുത്ത ദൈവദോഷം തന്നെയാണ്. ഹീബ്രു നിയമപ്രകാരം ദൈവദോഷം ആരോപിക്കുന്നവരെ കല്ലെറിഞ്ഞുകൊല്ലണം. അവർ പുറത്തേയ്ക്കു പാഞ്ഞു. ദേവാലയപുനരുദ്ധാരണത്തിനായി കൂട്ടിയിട്ട കരിങ്കൽ കൂനകളിലേയ്ക്ക് ഫരിസേയഹസ്തങ്ങൾ താണു. കൂർത്ത കരിങ്കൽ ചീളുകളുമായി പൊന്തിയെണീറ്റ് വേഗം തിരിച്ചു ചെന്നപ്പോഴേയ്ക്കും ഭണ്ഡാരമണ്ഡപം കടന്ന് ജനാവലിയിലൂടെ പുറത്തെവിടേക്കോ യേശു നടന്നു മറഞ്ഞിരുന്നു.



www.malankaralibrary.com

# പത്തൊൻപത്

മുടി അഴിഞ്ഞ് അവളുടെ മുഖത്തേക്കു ചിതറി വീണു കിടക്കുന്നു. ഉലഞ്ഞ കുപ്പായത്തിൽ ഒരു കൈ മുറുക്കി അപമാനത്താൽ കുനിഞ്ഞുപോയ മുഖം മറ്റേ കൈകൊണ്ടു പൊത്തി അവൾ കരയുകയായിരുന്നു. വേട്ടനായ്ക്കൾ ഓടിച്ചവശയാക്കിയ മാൻപേടയെപ്പോലെ അവൾ വിറയ്ക്കുകയും കിതയ്ക്കുകയുമാണ്. പിന്നിൽ ഉരുക്കുമുഷ്ടികളിൽ കരിങ്കല്ലുകളുമായി നിരന്നു നില്ക്കുന്ന നിയമജ്ഞരും ഫരിസേയരും. അവരുടെ തെറിയും തുപ്പുമേറ്റ് ഏറും അടിയുമേറ്റ് ഉഴറി ഓടുകയായിരുന്നു, ഈ ഗുരുമുമ്പിൽ എത്തുന്നതുവരെ. വഴിക്കല്ലുകളിൽ തട്ടിവീണ് ചോര ഉതിരുന്ന മുറിവുകളിൽ അസഹ്യമായ നീറ്റൽ. അതു സഹിക്കാൻ ശ്രമിക്കുമ്പോഴും വഴിയോരത്തു നിരന്ന പൗരാവലിയുടെ കൂക്കു വിളികളും പരിഹാസവും സഹിക്കാനാവാത്ത നൊമ്പരമായി ശേഷിക്കുകയായിരുന്നു.

ഫരിസേയശബ്ദം ഗുരുവിന്റെ ചെവികളിൽ പതിഞ്ഞു: "അല്ലയോ യേശുവേ, വ്യഭിചാരക്കുറ്റം ചെയ്ത പെണ്ണാണിവൾ. വ്യഭിചാരികളെ കല്ലെറിഞ്ഞു കൊല്ലണമെന്നാണല്ലോ മോശയുടെ നിയമത്തിലുള്ളത്. അങ്ങെന്തു പറയുന്നു?"

ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളെപ്പോലെ, തന്നെ പരീക്ഷിക്കാനുള്ള പുറപ്പാടാണിതെന്നു ഗുരുവിനറിയാം. അല്ലെങ്കിൽ ഇവളെ തന്റെ മുമ്പിൽ ഹാജരാക്കുമായിരുന്നില്ല. നിയമപ്രകാരം വ്യഭിചാരികളെ സാൻഹെദ്രിൻ സഭയിലാണല്ലോ എത്തിക്കേണ്ടത്. പക്ഷേ, അങ്ങനെ ചെയ്താൽ ഈ ഫരിസേയരുടെയും നിയമജ്ഞരുടെയും ലക്ഷ്യം നടക്കുകയില്ല. നിയമം തെറ്റിക്കുന്നവരെ മാതൃകാപരമായി ശിക്ഷിച്ച് നാട്ടിൽ വിശുദ്ധി നിറയ്ക്കാനൊന്നുമല്ലല്ലോ ഫരിസേയരുടെ ലക്ഷ്യം. തന്നെ എങ്ങനെയെങ്കിലും കെണിയിൽ വീഴ്ത്തണം. തന്റെ ജനപ്രീതിയിൽ വിള്ളൽ ഉണ്ടാക്കണം. അനുയായികളുടെ മുമ്പിൽ, തന്നെ അപമാനിക്കണം.

അതുകൊണ്ടുതന്നെ, അവരുടെ ചോദ്യം കേൾക്കാത്ത മട്ടിൽ ഇരുന്നു. കാൽമുട്ടുകളിൽ ഇടതുകൈ ഊന്നി, തെല്ലുമുന്നോട്ടു കുനിഞ്ഞ് വലതു കൈയിലെ ചൂണ്ടുവിരൽ കൊണ്ട് നിലത്തെ പൊടിമണ്ണിൽ വെറുതെ എഴുതിക്കൊണ്ടിരുന്നു.



www.malankaralibrary.com

'എന്താവും മറുപടി?' ഇതാണ് ഫരിസേയരുടെ ആകാംക്ഷ. അവർ കാതുകൂർപ്പിച്ചു നിന്നു.

ഒന്നുകിൽ മറുപടി ഇങ്ങനെയാവും, 'ഇവളെ കല്ലെറിയരുത്.'

എങ്കിൽ ഈ ഒരൊറ്റ മറുപടിയാൽത്തന്നെ പുത്തൻ പ്രബോധകനെ വലയിൽ കുടുക്കാം. അതായത്, യഹൂദരുടെ സർവ്വസ്വവുമായ നിയമാവലി കല്പിച്ചു തന്ന മഹാപ്രവാചകനായ മോശയെ ധിക്കരിച്ചു എന്ന ഏക കാരണത്താൽ.

'ഇവളെ കല്ലെറിയുക' എന്നാണു മറുപടിയെങ്കിലോ? എങ്കിൽ അതോടെ ഈ ഗുരുവരന്റെ പൊതുജന സമ്മതി തകർന്നു തുടങ്ങും. അവന്റെ ആശയങ്ങൾക്ക് യാതൊരു പുതുമയും ഇല്ലെന്നു ജനം കരുതിക്കൊള്ളും. കരുണയുടെ കരകാണാക്കടൽ എന്നൊക്കെയുള്ള അപരനാമങ്ങൾ മാഞ്ഞുപോവുകയും ചെയ്യും.

വലിയ വീറോടെ ഈ പാവത്തിന്റെ പാപത്തെ പർവ്വതീകരിച്ച് ഓടിക്കിതച്ച് വന്നുനിൽക്കുന്ന ഫരിസേയർക്കു നൽകേണ്ട മറുപടി അവരെ ഗൗനിക്കാതിരിക്കുക തന്നെ, എന്നാണ് ആദ്യം തോന്നിയത്. അതുകൊണ്ടു തന്നെയാണ് വെറുതെ നിലത്ത് വിരൽ നീട്ടി എഴുതിക്കൊണ്ടിരിക്കുന്നതും. എന്നാൽ ഈ ചുട്ട മറുപടി അവർക്കു വായിക്കാനറിയില്ല. പാപത്തെ വെറുത്താൽ മതി, പാപിയെ വെറുക്കരുത് എന്ന സന്ദേശം തുടിക്കുന്ന മൗനത്തിന്റെ രൂക്ഷഭാഷ ഉൾക്കൊള്ളാനും അവർക്കാവില്ല. അതുകൊണ്ടാണല്ലോ അതേ ചോദ്യം തന്നെ ഉരുക്കഴിച്ച് അവിടെത്തന്നെ പ്രമാണിമാർ നിൽക്കുന്നത്.

ഗുരു എഴുത്തു നിർത്തി. മടക്കിവച്ച കാലിന്റെ മുട്ടുകളിൽ ഇരു കൈകളും നീട്ടിവച്ച് പിന്നെ നിവർന്നിരുന്നു. ചെന്നായ്ക്കളുടെ വലയത്തിനുള്ളിലെ മാൻകിടാവിനെ കണ്ടു. നിണമൂറുന്ന അവളുടെ മുറിവുകളും. ശരീരത്തിന്റെ മുറിവുകളേക്കാൾ ആഴമുള്ള ഹൃദയ മുറിവുകൾ. കനിവിന്റെ ഒരുറവ കൊതിക്കുന്ന അവളുടെ എരിതീ ഹൃദയം കണ്ടു.

ഈ അബലയുടെ പാപത്തിന്റെ പങ്കുപറ്റിയ പുരുഷൻ രക്ഷപ്പെട്ടിരിക്കുന്നു. അഥവാ, അവനെ പുരുഷമേധാവിത്വത്തിന്റെ ശക്തഹസ്തങ്ങൾ സംരക്ഷിച്ചിരിക്കുന്നു. ഒരുപക്ഷേ, അവൻതന്നെ, നിയമത്തിന്റെ കാവൽക്കാരനെന്നു സമൂഹത്തെ ബോദ്ധ്യപ്പെടുത്താനായി തന്റെ പാപത്തിന്റെ ഈ പങ്കാളിയുടെ പിന്നിൽ കല്ലുയർത്തി ഓങ്ങി നില്ക്കുന്നുണ്ടാവും!



www.malankaralibrary.com

അതിനാൽ ഇങ്ങനെ മറുപടി കൊടുത്തു: "നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ."

ഉടൻ വീണ്ടും കുനിഞ്ഞ് പൊടിമണ്ണിലെ എഴുത്തിലായി ശ്രദ്ധ. നിലത്ത് ഫരിസേയ പാപങ്ങൾ ലിപികളായി വലത്തുനിന്നും ഇടത്തോട്ടു പടരുകയായിരുന്നോ? ആ ലിപികളുടെ അഗ്നി രസം മണൽപ്പരപ്പിലൂടെ എരിഞ്ഞ് പാദങ്ങളിലൂടെ പടർന്ന് ഫരിസേയ ഹൃദയങ്ങളിൽ തീക്കനലുകൾ വാരിയെറിയുകയായിരുന്നോ? ആയിരുന്നിരിക്കാം. അതുകൊണ്ടല്ലേ, ഉരുക്കു മുഷ്ടികളുടെ ബലം ക്ഷയിച്ച് കരിങ്കൽ ചീളുകൾ അവരറിയാതെ ആ പൂഴിപ്പരപ്പിൽ ഊർന്നു വീണത്. അതുകൊണ്ടല്ലേ, 'ഞാൻ ആദ്യം എറിയാം' എന്നതിനു പകരം, 'ഞാനാദ്യം പോയേക്കാം' എന്ന താല്പര്യത്തിൽ സകലരും സ്ഥലം വിട്ടത്.

കരഞ്ഞു തളർന്നു മുമ്പിൽ ഒറ്റയ്ക്കു നില്ക്കുന്ന അവളെ നിവർന്നു നോക്കി ഗുരു ആരാഞ്ഞു: "എവിടെ അവരെല്ലാവരും? ആരും നിന്നെ വിധിച്ചില്ലേ?"

"ഇല്ല കർത്താവേ..."

ഇനിയും നടുക്കം മാറാത്ത മറുപടി. ഒരുപക്ഷേ തന്റെ വിധിയാൾ ഈ വന്ദ്യദേഹമാണെങ്കിലോ!

എന്നാൽ ആ മൊഴികൾ അവളെത്തന്നെ ഭാവാന്തരപ്പെടുത്താൻ പോന്ന മഹാസാന്ത്വനമായിരുന്നു.

"ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്".

ഫരിസേയർ ഒരുക്കിയ ചതിക്കെണിയിൽ വീഴാതെ രക്ഷപ്പെട്ട ഗുരുവിന്റെ മുമ്പിൽ ശിഷ്യരുടെ ആഹ്ലാദ മുഖങ്ങൾ. പുതിയൊരു നിയമത്തിന്റെ അജയ്യനായ വക്താവിനെ കാണാൻ ജനങ്ങൾ എത്തിക്കൊണ്ടിരുന്നു. മഹാപ്രവാഹത്തിന്റെ ജീവ ഉറവയായി പരന്നൊഴുകുന്ന ആ പ്രബോധനത്തിൽ ആരുടെ ഹൃദയമാണ് ആർദ്രമാകാത്തത്! നിയമത്തിന്റെ തലനാരിഴ കീറിമുറിച്ച് ഫരിസേയ ശൈലിയിലുള്ള ദുർഗ്രഹ വിവരണമല്ലിത്.

ആർക്കും എളുപ്പം സ്വീകാര്യമായ തെളിഞ്ഞ പ്രായോഗികമൊഴികൾ. നിത്യാനന്ദത്തിന്റെയും ശാന്തിയുടെയും വഴികൾ. കഥകളും ഉപമകളും ചേർത്തു വിളമ്പുന്ന മനോഹാരികളായ ജീവനിർദ്ദേശങ്ങൾ.



www.malankaralibrary.com

അതാസ്വദിക്കുന്നവരിൽ പരീക്ഷകരായ നിയമപണ്ഡിതരും ഉണ്ട്. അത്തരമൊരാൾ ഒരു ചോദ്യവുമായി എഴുന്നേറ്റു നിന്നു. എയ്തു വിട്ടത് ഒരു പരീക്ഷണ ചോദ്യം: "നിത്യജീവൻ കിട്ടുവാൻ ഞാൻ ചെയ്യേണ്ട തെന്താണു ഗുരോ?"

ചോദ്യം ഇഷ്ടപ്പെട്ടുകൊണ്ടുതന്നെ നിയമപണ്ഡിതനോട് യേശു ഒരു മറുചോദ്യം ഉന്നയിച്ചു: "ഇതിനെപ്പറ്റി നിയമപുസ്തകത്തിൽ എന്താണെഴു തിയിട്ടുള്ളത്?"

ഇതിനുത്തരം നൽകാൻ ഫരിസേയ പ്രമാണിക്ക് ആലോചിക്കേണ്ടി വന്നില്ല.

"ദൈവത്തെ പൂർണ്ണശക്തിയോടും പൂർണ്ണഹൃദയത്തോടും കൂടി സ്നേഹിക്കണം. തന്നെപ്പോലെ തന്നെ അയൽക്കാരനേയും. ഇങ്ങനെയാ ണു നിയമത്തിൽ വായിക്കുന്നത്."

"ഉത്തരം ശരിയാണ്. ഈ നിയമനുസരിച്ചു ജീവിച്ചാൽ നിനക്കു നിത്യ ജീവനുണ്ടാകും".

ആത്മാവിലും മരണാനന്തര ജീവിതത്തിലും ഉറച്ചു വിശ്വസിക്കുന്ന ഫരിസേയവർഗ്ഗത്തിന് നിത്യജീവൻ കിട്ടുക എന്നതിനേക്കാൾ വലുതായി മറ്റൊന്നുമില്ല. അതിനുള്ള നിയമങ്ങളിൽ പ്രധാനപ്പെട്ടത് 'സ്വയത്തെപ്പോ ലെ അയൽവാസികളേയും സ്നേഹിക്കുക' എന്നതാണല്ലോ. എങ്കിലും ഒരു സംശയം ബാക്കി. മടികൂടാതെ അതു തുറന്നു ചോദിക്കുകയും ചെയ് തു.

"അയൽക്കാരൻ ആരാണു ഗുരോ? ബന്ധുക്കളോ സുഹൃത്തുക്ക ളോ....?"

നിയമജ്ഞനെങ്കിലും ആരാണയൽക്കാരൻ എന്നറിയാൻ ആകാംക്ഷ യോടെ നിൽക്കുന്ന ഫരിസേയനു മുമ്പിൽ ഗുരു പറഞ്ഞു തുടങ്ങിയത് ലളിതമായ ഒരു ചെറുകഥ.

പുണ്യനഗരമായ ജറുസലേമിൽ നിന്നും ജറീക്കോവിലേക്കു യാത്ര തിരിച്ച ഒരു കച്ചവടക്കാരൻ. കാടു നിറഞ്ഞ വിജനമായ മലമ്പാതയിലൂടെ അയാൾ നടന്നു. സഞ്ചാരികളെ കൊള്ള ചെയ്യുന്ന അക്രമികൾ പതിയിരി ക്കുന്ന വഴിയാണ്. അയാളെക്കണ്ട് കൊള്ളക്കാർ ചാടിവീണു. മൽപ്പിടുത്ത ത്തിനിടയിൽ അവന്റെ കൈവശമുള്ളതെല്ലാം മോഷ്ടിച്ച് അക്രമികൾ



www.malankaralibrary.com

നിഷ്ക്രമിച്ചു. ചോരയിൽ കുളിച്ചു ചാകാറായി പിടയ്ക്കുന്ന അവന്റെ മുമ്പിലൂടെ ഒരു ദേവാലയപുരോഹിതൻ വന്നു. പക്ഷേ, മുഖം തിരിച്ച് അകന്നു പോയതേയുള്ളൂ. പിന്നെ വന്നത് ദേവാലയശുശ്രൂഷകനായ ലേവായൻ. ഓടി മറയാനാണ് അയാളും ധൃതിപ്പെട്ടത്. മൂന്നാമതു വന്നതോ, സമറിയായിൽ നിന്നുള്ള ഒരു പുറജാതിക്കാരൻ. കച്ചവടക്കാര്യത്തിനായി കഴുതയേയും കൂട്ടി ജറീക്കോവിലേയ്ക്കു തിടുക്കത്തിൽ പോയ ഒരാൾ. പക്ഷേ അയാൾ മരണാസന്നനെ കണ്ടു. അവന്റെ ദീനവിലാപം കേട്ടു. ഓടി അടുത്തെത്തി. യഹൂദനെ കണ്ടാൽ കല്ലെറിഞ്ഞുകൊല്ലണമെന്ന സമറായന്റെ ക്രൗര്യചിന്ത മറന്ന് താങ്ങിയെടുത്ത് മടിയിൽ കിടത്തി. തോൾസഞ്ചി തുറന്ന് ഒലിവെണ്ണയും വീഞ്ഞും എടുത്ത് മുറിവുകളെല്ലാം വെച്ചു കെട്ടി. ഏറെ പണിപ്പെട്ടു താങ്ങി ഉയർത്തി കഴുതമേൽ കയറ്റി. എത്തിച്ചത് ഒരു സത്രത്തിൽ. തന്റെ കൈവശം ആകെയുണ്ടായിരുന്ന രണ്ടു വെള്ളി ദേനേറാ സത്രം പരിചാരകനെ ഏൽപ്പിച്ച് സമറായൻ പറഞ്ഞു:

"ഇവന്റെ എല്ലാ കാര്യങ്ങളും നോക്കിക്കൊള്ളണം. ഞാൻ വീട്ടിൽ പോയി പണവുമായി സാധനം വാങ്ങാൻ എത്രയും വേഗം തിരിച്ചുവരും. പോരാതെ വരുന്ന തുക അത്രയും അപ്പോൾ ഞാൻ തന്നുകൊള്ളാം".

കഥ ഇത്രയും പറഞ്ഞ് യേശു ഒന്നു നിർത്തി. എന്നിട്ട്, സദസ്സിൽ എഴുന്നേറ്റു നിന്നു ശ്രവിക്കുന്ന നിയമജ്ഞനോടു ചോദിച്ചു: "ഇനിപറയൂ. ഈ മൂവരിൽ ആരാണ് അയാളെ സംബന്ധിച്ച് നല്ല അയൽക്കാരൻ?"

ഉള്ളുലയ്ക്കുന്ന ഈ കഥയിലെ ഓരോ കഥാപാത്രവും നിയമജ്ഞന്റെ നീതിബോധത്തിൽ വിധിക്കപ്പെടുകയായിരുന്നു.

വെറും ചടങ്ങുകൾക്കുവേണ്ടി മാത്രം ദേവാലയകർമ്മങ്ങൾ തീർത്ത് ജറുസലേമിൽ നിന്നു മടങ്ങുന്ന പുരോഹിതൻ. മറ്റൊരു നന്മയും ചെയ്യാതെ തന്നെ ഈ കർമ്മാനുഷ്ഠാനങ്ങൾ മൂലം നിത്യജീവൻ നേടാമെന്നു വ്യാമോഹിക്കുന്ന മഹാവിഡ്ഢി.

മറഞ്ഞിരിക്കുന്ന കൊള്ളക്കാർ തന്നെയും ആക്രമിക്കുമെന്നു പേടിച്ച്, പിടഞ്ഞു കേഴുന്നവനെ വിട്ടോടിപ്പോയ കഠിനഹൃദയനായ ലേവായൻ.

അപ്പോൾ പിന്നെ മറുപടി പറയാൻ എന്തിന് അറച്ചു നില്ക്കണം. സ്വർഗ്ഗത്തിൽപ്പെട്ട രണ്ടുപേരും അല്ല നിത്യജീവൻ അവകാശമാക്കാൻ പോന്ന നല്ല അയൽക്കാരൻ. പിന്നയോ, ശത്രുവംശജനായ ആ പുറജാതിക്കാരൻ തന്നെ.



www.malankaralibrary.com

ഗുരുവിന്റെ ചോദ്യത്തിന് തെല്ലും അറയ്ക്കാതെ മറുപടി നൽകി: "നല്ല അയൽക്കാരൻ ആ പുറജാതിക്കാരൻ തന്നെ."

നിത്യജീവന്റെ മാർഗ്ഗം അപ്പോൾ യേശു പറഞ്ഞുകൊടുത്തു: "പോയി അവനെപ്പോലെ നീയും ജീവിക്കുക."

അതുപറഞ്ഞ് അന്നത്തെ പ്രബോധനം അവസാനിപ്പിക്കുകയാണു ഗുരു. അതിനൊരു കാരണവുമുണ്ട്. തന്റെ ഒരാത്മസ്നേഹിതൻ ബഥാനിയായിലെ വീട്ടിൽ ദീനം പിടിപെട്ട് കിടപ്പിലാണ്, ലാസർ. അവിടേയ്ക്ക് രണ്ടുമൈലിൽ കൂടുതൽ ദൂരവുമില്ല.

കൂടാരപ്പെരുനാളിനു താൻ ജറുസലേമിൽ വരുമെന്നും അപ്പോൾ വീട്ടിലെത്തുമെന്നും അയാൾ ആശിക്കുന്നുണ്ടാവും. അതിനാൽ അവിടേയ്ക്ക് പോവുക തന്നെ.

ജറീക്കോ പട്ടണത്തിലേക്കുള്ള ഇറക്കത്തിലൂടെ നടന്ന് ഗ്രാമവിശുദ്ധി പൂത്തു നിന്ന ബഥാനിയായിൽ എത്തി.

വീട്ടിലേക്കുള്ള പരിചിത വഴിയിലൂടെ ശിഷ്യർക്കൊപ്പം കയറിച്ചെന്നു. അടക്കാനാവാത്ത ആഹ്ലാദത്തോടെ മാർത്തയും മറിയയും ഓടിയിറങ്ങി വന്നു സ്വീകരിച്ചു. തന്റെ സുഹൃത്തിന്റെ പെങ്ങന്മാരാണവർ. വീട്ടിൽ കടന്ന ഉടൻ ലാസറിനെ കണ്ടു. ദീനാവസ്ഥ മറന്ന് ആനന്ദാതിരേകത്താൽ ലാസർ കിടക്കയിൽ മെല്ലെ എഴുന്നേറ്റിരുന്നു. വല്ലാതെ ക്ഷീണിച്ചുപോയ കൂട്ടുകാരനെ കണ്ട് വേദനയോടെ യേശു ഇരുന്നു.

മൂത്തവളായ മാർത്ത പരക്കം പായുകയാണ്. വന്നിരിക്കുന്നത് ആങ്ങളയുടെ ആത്മപ്രിയൻ മാത്രമല്ല ഇസ്രായേലിൽ പരക്കെ പ്രഖ്യാതനായ പുണ്യപുരുഷനാണ്. കൂടെ ശിഷ്യരുമുണ്ട്. ഭക്ഷണകാര്യത്തിൽ തീരെ നിഷ്ഠയില്ലാത്ത ആളാണെങ്കിലും ആതിഥ്യമര്യാദ പാലിക്കേണ്ടേ? എന്തെങ്കിലും ഒരൽപം സസ്യാഹാരമേ വേണ്ടൂ. എങ്കിലും എന്തെടുക്കണമെന്നു യാതൊരു നിശ്ചയവുമില്ലാത്ത മാർത്ത അടുക്കളയിലേക്കു പാഞ്ഞു കയറി. അത്തിപ്പഴത്തിന്റെ അടയും മുന്തിരിനീരും മാത്രമേ അവിടെയുള്ളൂ. എല്ലാവർക്കും വേണ്ട അപ്പമുണ്ടാക്കാൻ അവശേഷിച്ച മാവ് തെകയുമോ എന്തോ? തിരികല്ലിൽ കൂടുതൽ പൊടിച്ചെടുക്കാൻ നേരവും ഇല്ല. സഹായിക്കാൻ അനിയത്തി വന്നെങ്കിൽ എന്നു കൊതിച്ച് അടുക്കള വാതിലിൽ നിന്ന് തെരഞ്ഞു. പക്ഷേ മറിയം അതാ ഗുരുവിന്റെ പാദങ്ങൾക്കരികിൽ ഇരിക്കുന്നു. ഗുരുമുഖത്തുറ്റു നോക്കി, നാവിൽ നിന്നടർന്നു വീഴുന്ന ദിവ്യ



www.malankaralibrary.com

വാണികൾ കൊത്തി വിഴുങ്ങുകയാണവൾ. ചുറ്റുപാടുകളെയും തന്നെത്തന്നെയും മറന്ന് ഗുരുവാക്യങ്ങൾ ആഹരിച്ച് ഹൃദയം നിറയ്ക്കുകയാണവൾ.

മാർത്താ ഒറ്റയ്ക്കു ക്ലേശിക്കുകയാണ്. അടുപ്പിൽ തീ കൂട്ടാൻ തന്നെ കുറേ നേരം വേണ്ടി വന്നു. ഊതി ഊതി തലമണ്ട വരെ പുക കയറിക്കാണും. ഗുരുവിന്റെ അധരങ്ങളിൽ നിന്നൂറി വീഴുന്ന ലോലമധുരവാണികൾ അടുക്കളയിലെ ജോലിത്തിരക്കിനിടയിലും മാർത്തായുടെ കാതുകളിൽ അവ്യക്തമായി പതിക്കുന്നുണ്ട്. ഗുരുവിന്റെ പക്കലെത്തി അതെല്ലാം വ്യക്തമായി കേൾക്കണമെന്ന് അവൾക്കും ആശയില്ലാഞ്ഞല്ല. ആ ഭാഗ്യം നുകരുന്ന അനുജത്തിയോട് അസൂയാവഹമായ ദേഷ്യം തോന്നാതെയുമിരുന്നില്ല. അത്തരം സമ്മിശ്രവികാരങ്ങളോടെ മാർത്ത അടുക്കളയിൽ നിന്നിറങ്ങി ഗുരു ഇരിക്കുന്ന മുറിയുടെ വാതിൽക്കൽ നിന്ന് മുഖം വീർപ്പിച്ച് അപേക്ഷാസ്വരത്തിൽ പരിഭവപ്പെട്ടു: "നോക്ക്, കർത്താവേ, അടുക്കളയിൽ ഞാനൊറ്റയ്ക്കാണ്. ഈ മറിയത്തെക്കൊണ്ട് ഒരു സഹായവുമില്ല. അവളെ ഒന്നു പറഞ്ഞുവിടണമേ കർത്താവേ...."

യേശു പുറകിലേക്ക് തിരിഞ്ഞുനോക്കി. ജോലി ചെയ്തു വിയർത്ത് ബാർലി മാവും കരിയും പുരണ്ട മുഖവുമായി അടുക്കള വാതില്ക്കൽ നിൽക്കുന്ന മാർത്തയെ കണ്ടു. അവളോടു പറഞ്ഞു: "മാർത്താ, നീ എന്തിനിങ്ങനെ അനേകകാര്യങ്ങളെയോർത്ത് ഭാരപ്പെടുന്നു? നമുക്കാവശ്യമുള്ളത് ഒരൊറ്റക്കാര്യം മാത്രമേയുള്ളൂ. ആ ഒരേ ഒരു കാര്യമാണ് നിന്റെ അനുജത്തി മറിയം തെരഞ്ഞെടുക്കാൻ ഉത്സാഹിക്കുന്നത്."



www.malankaralibrary.com

# ഇരുപത്

അതൊരു ഭയാനക രംഗമായിരുന്നു. ഓർമ്മയിൽ പോലും നടുക്കം വിതയ്ക്കുന്ന രംഗം! വികാരഭരിതനായി ഗുരുനാഥൻ ഇത്ര രൂക്ഷമായി എരിഞ്ഞ് ആരും കണ്ടിട്ടില്ല.

പ്രശ്നം മൂർച്ഛിച്ചത് കപടഫരീസേയന്റെ വിരുന്നിനിരിക്കുമ്പോൾ. അയാൾ ക്ഷണിച്ചതുകൊണ്ടു മാത്രമാണു വന്നത്. പക്ഷേ, ക്ഷണിച്ചതു ധാരാളം ഫരിസേയ പ്രമാണിമാരുടെ മുമ്പിലിട്ട് തന്നെ ആക്ഷേപിച്ച് ആട്ടിയിറക്കുക എന്ന ലക്ഷ്യത്തോടെ. രണ്ടായിരം വർഷം പഴക്കമുള്ള യഹൂദരുടെ ദുരിതനിയമങ്ങൾക്കു വഴിപ്പെടാതെ പുതിയൊരു നിയമം ജനഹൃദയങ്ങളിൽ എഴുതിച്ചേർത്തു കൊണ്ടിരിക്കുന്ന ഈ നവീനാശയക്കാരനെ തല്ലിത്തകർക്കാൻ പറ്റിയ വഴി മാറി മാറി പരീക്ഷിച്ചു നോക്കുകയാണവർ. ഒരിക്കലും ക്ഷമിക്കപ്പെടാത്ത പാപങ്ങൾ ചെയ്യുന്നവരാണ് യൂദന്മാരായ തങ്ങൾ എന്നുവരെ ഈ പുത്തൻ പ്രബോധകൻ പ്രസ്താവിച്ചു കഴിഞ്ഞു. അതായത് മരിച്ചുകഴിഞ്ഞാൽ തങ്ങളുടെ ആത്മാക്കൾ നിത്യനരകത്തിൽ പതിക്കുകയേ ഉള്ളത്രേ.

തീരെ പേടിയില്ലാതെ ഇത്രത്തോളം പറഞ്ഞ ഈ നാവിനെ തളർത്താനുള്ള തന്ത്രങ്ങളുമായി യഹൂദമേധവികൾ വിരുന്നു ഭവനത്തിൽ നിരന്നു കഴിഞ്ഞു.

യേശു ഉറച്ച കാൽവയ്പോടെ സഗൗരവം നേരെ ഭവനത്തിൽ കടന്ന് പീഠത്തിലമർന്നു.

പാദക്ഷാളനത്തിനു മുറ്റത്തു ജലം നിറച്ചു വച്ചിട്ടുണ്ടായിരുന്നു. പക്ഷേ, അവശ്യം അനുഷ്ഠിക്കേണ്ട ക്ഷാളനകർമ്മത്തിനു മെനക്കെടാതെയാണ് പാരമ്പര്യത്തിന്റെ ഈ ധിക്കാരി വീട്ടിലേക്കു കടന്നത്.

അതിനാൽ ഫരിസേയരുടെ കോപം മുഴുത്തു. അധഃകൃതരായ പുറജാതികളുടെ തോളിൽ കയ്യിട്ടു നടക്കുന്നവനല്ലേ ഇവൻ? അലഞ്ഞു തിരിഞ്ഞ് വേർപ്പും പൊടിയും പൂണ്ട് നടക്കുന്നവനുമല്ലേ? അത്തരക്കാരൻ കൈയ്യും കാലും കഴുകാതെ ഭക്ഷണത്തിനിരിക്കുന്നത് നിയമത്തിന്റെ കാവൽക്കാരായ തങ്ങളെ അധിക്ഷേപിക്കാനല്ലേ?



www.malankaralibrary.com

കൊല്ലാൻ പോലുമുള്ള അരിശത്തോടെ മുറുമുറുത്തു നിൽക്കുന്ന ഫരിസേയരുടെയും നിയമജ്ഞരുടെയും മുഖത്തേക്കു തറപ്പിച്ചു നോക്കി അവരുടെ ഉള്ളിലിരുപ്പ് യേശു വായിച്ചു കഴിഞ്ഞു. പിന്നെ ഫരിസേയരുടെ നേരെ തിരിഞ്ഞ് രോഷാഗ്നി ആളുന്ന ശകാരവാക്കുകൾ സ്വരമുയർത്തി നീട്ടിത്തുപ്പി:

"ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പാനപാത്രത്തിന്റെയും ഭക്ഷണ പാത്രത്തിന്റെയും പുറം വെടിപ്പാക്കുന്നു. നിങ്ങളുടെ അകമോ, ആർത്തിയും ദുഷ്ടതയും കൊണ്ടു നിറഞ്ഞിരിക്കുന്നു. ഉള്ളിലെ അഴുക്കു കാണാൻ കണ്ണുകളില്ലാത്ത ഫരിസേയരെ, നിങ്ങൾക്കു ശാപം! നിങ്ങൾ വെള്ള പൂശിയ ശവക്കല്ലറകളാണ്. അവ പുറമേ മനോഹരങ്ങളായി കാണപ്പെടുമെങ്കിലും അവയ്ക്കുള്ളിൽ അസ്ഥികളും മാലിന്യങ്ങളും നിറഞ്ഞു കിടക്കുന്നു.

ഫരിസേയരേ, നിങ്ങൾക്കു ശാപം! നിങ്ങൾ നെറ്റിപ്പട്ടകൾക്കു വീതിയും വസ്ത്രത്തിന്റെ തൊങ്ങലുകൾക്കു നീളവും കൂട്ടുന്നു. നിങ്ങൾ വിരുന്നു ശാലകളിലും സിനഗോഗുകളിലും പ്രധാനപീഠവും നഗരവീഥികളിൽ അഭിവാദനവും കൊതിക്കുന്നു."

ശാപവാക്കുകളുടെ തീക്കട്ടകൾ വന്നുപതിച്ച് അനങ്ങാനോ, ഒരക്ഷരം ഉരിയാടാനോ വയ്യാതെ ബിംബങ്ങൾ പോലെ തുറിച്ചിരുന്നുപോവുകയാണ് ഫരിസേയർ. ഇതുകേട്ട് മനസ്സുപൊള്ളിയ ഒരു നിയമജ്ഞൻ മുന്നോട്ടുവന്ന് അപേക്ഷിച്ചു.

"ഗുരോ, ഈ വാക്കുകൾ ഞങ്ങൾക്കു കൂടി അപമാനകരമാണ്."

എരിതീയിൽ എണ്ണ പകരുകയായിരുന്നു ആ വാക്കുകൾ. ഉടൻ ദൃഷ്ടികൾ നിയമജ്ഞരിലേക്കു പാഞ്ഞു. അതേ ശൈലിയിൽ ശാപവാക്കുകൾ തുപ്പി.

"നിയമജ്ഞരേ, നിങ്ങൾക്കു ദുരിതം! താങ്ങാനാവാത്ത ഭാരിച്ച ചുമടുകൾ മനുഷ്യരുടെമേൽ നിങ്ങൾ കെട്ടിയേൽപ്പിക്കുന്നു. ഭാരം പേറി അവർ വീണാൽപോലും അവരെ സഹായിക്കാൻ നിങ്ങൾ ചെറുവിരൽ പോലും അനക്കുന്നില്ല.

നിയമജ്ഞരേ നിങ്ങൾക്കു ശാപം! മനുഷ്യരുടെ മുമ്പിൽ നിങ്ങൾ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല. പ്രവേശിക്കാൻ വരുന്നവരെ അതിനനുവദിക്കുന്നുമില്ല.



www.malankaralibrary.com

നിയമജ്ഞരേ നിങ്ങൾക്കു ശാപം! നിങ്ങൾ അരുത, തുളസി, ജീരകം എന്നിവയുടെ ദശാംശം ദേവാലയത്തിനു കൊടുക്കുകയും പക്ഷേ, നിയമത്തിലെ ഏറ്റം പ്രധാനപ്പെട്ടവയായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുകയും ചെയ്യുന്നു. അതായത് കൊതുകിനെ അരിച്ചു നീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നവരാണു നിങ്ങൾ."

സദാ പ്രശാന്തകോമളമായ യേശുവിന്റെ മുഖം പക്ഷേ, ഇവിടെ ചുവന്നെരിയുകയായിരുന്നു, കത്തുന്ന തീക്കട്ടപോലെ. ചെറുപ്പം മുതൽ നിശ്ശബ്ദം കണ്ടുപോന്ന യഹൂദമൂല്യത്തകർച്ചയ്ക്കു നേരെയുള്ള ആദ്യത്തെ ഉഗ്രപ്രഹരമാണിത്.

ഇരുവശത്തും തരിച്ചു നില്ക്കുന്ന ഫരിസേയരേയും നിയമജ്ഞരേയും മാറിമാറി നോക്കി ശാപോക്തികളുടെ ചാട്ട ചുഴറ്റി ആഞ്ഞടിക്കുകയായിരുന്നു വീണ്ടും.

"സർപ്പങ്ങളേ, അണലി സന്തതികളേ, നരകവിധിയിൽ നിന്നൊഴിഞ്ഞു മാറാൻ നിങ്ങൾക്കെങ്ങനെ കഴിയും? ഇതാ പ്രവാചകന്മാരേയും ജ്ഞാനികളേയും നിങ്ങളുടെ അടുക്കലേക്കയയ്ക്കുന്നു. അവരിൽ പലരേയും നിങ്ങൾ കൊല്ലും.

അങ്ങനെ നിഷ്ക്കളങ്കനായ ആബേലിന്റെ ചോരമുതൽ ദേവാലയത്തിനും ബലിപീഠത്തിനും മദ്ധ്യേവച്ചു നിങ്ങൾ വധിച്ച സഖറിയാ പ്രവാചകന്റെ ചോര വരെ ഭൂമിയിൽ ചൊരിയപ്പെട്ട സകല നിരപരാധികളുടെയും ചോര നിങ്ങളുടെ മേൽ നിപതിക്കും.

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഇവയെല്ലാം ഈ തലമുറയ്ക്കു സംഭവിക്കുക തന്നെ ചെയ്യും."

യേശു എഴുന്നേറ്റ് നേരെ പുറത്തിറങ്ങി. നടക്കാൻ ഇടം പോരാത്തത്ര ജനസഞ്ചയമാണു മുറ്റം നിറയെ. ശിഷ്യരുടെ മുമ്പിൽ ഗുരുവിന്റെ ഉഗ്രകോപം ആറിത്തണുത്തിരിക്കുന്നു.

ഭയന്നു പോയ അവരെ ആശ്വസിപ്പിച്ചുകൊണ്ട് ഉപദേശിച്ചു: "എന്റെ സ്നേഹിതരേ, ശരീരത്തെ കൊല്ലുന്നവരെ നിങ്ങൾ ഭയപ്പെടരുത്. എന്നാൽ ആത്മാവിനെ നാശത്തിലേക്കു തള്ളിയിടാൻ പതിയിരിക്കുന്നവരെ ഭയന്നു കൊള്ളുവിൻ. സിനഗോഗുകളിലും ഭരണാധിപന്മാരുടെ മുമ്പിലും അവർ നിങ്ങളെ കൊണ്ടുപോകുമ്പോൾ എന്തുത്തരം കൊടുക്കുമെന്നു വിചാരിച്ചു പേടിക്കേണ്ടാ. എന്താണു പറയേണ്ടതെന്ന് തക്കസമയത്ത് ദൈവാത്മാവ് നിങ്ങളെ പഠിപ്പിച്ചുകൊള്ളും."

ജനത്തിരക്കിലൂടെ ഞെരുങ്ങി മുന്നേറുന്നതിനിടയിലാണ് ഒരപരിചി



www.malankaralibrary.com

തൻ അടുത്തു വന്നത്. ഗൃഹസംബന്ധമായ ഒരു സാമ്പത്തിക പ്രശ്നമാണ് അവന് ഉന്നയിക്കാനുള്ളത്.

"ഗുരോ, അപ്പനിൽ നിന്നുള്ള കുടുംബസ്വത്തു മുഴുവൻ എന്റെ ജ്യേഷ്ഠൻ കൈക്കലാക്കി വച്ചിരിക്കുകയാണ്. എനിക്കു കൂടി അവകാശപ്പെട്ട സ്വത്തായിട്ടും ജ്യേഷ്ഠൻ അതിന്റെ പങ്ക് എനിക്കു വിട്ടു തരുന്നില്ല. ജ്യേഷ്ഠനോട് അങ്ങ് ഇക്കാര്യത്തെപ്പറ്റി ഒന്നു ഗുണദോഷിക്കണേ."

അതുകേട്ട ക്ഷണത്തിൽ ഗുരുമുഖത്തു വീണ്ടും ഗൗരവം. പണം എന്ന വാക്കു കേൾക്കുന്നതുപോലും വെറുപ്പാണ്. പിന്നെയല്ലേ കുടുംബസ്വത്തിന്മേലുള്ള തർക്കം പരിഹരിക്കാൻ പോകുന്നു!

അപരിചിതനായ ആവലാതിക്കാരന്റെ നേരെ തിരിഞ്ഞ് യേശു കയർത്തു: "ഹേ മനുഷ്യാ, നിങ്ങളുടെ സ്വത്തു ഭാഗിച്ചു തരുന്ന ന്യായാധിപനായി എന്നെ ആരു നിയമിച്ചു?"

വീണ്ടും ജനങ്ങളെ നോക്കി ലൗകിക സമ്പത്തിന്റെ അർത്ഥശൂന്യതയെപ്പറ്റി പറഞ്ഞു: "ജാഗരൂകരായിരിക്കുവിൻ. സകല അത്യാഗ്രഹങ്ങളിലും നിന്ന് അകന്നുമാറുവിൻ. മനുഷ്യജീവിതം ധന്യമാകുന്നത് സമ്പത്തു കൊണ്ടല്ലെന്ന് എപ്പോഴും ഓർത്തുകൊള്ളുവിൻ."

തുടർന്ന് ഒരുപമയും മൊഴിഞ്ഞു: "സമൃദ്ധമായ വിളവാണ് കൃഷിഭൂമിയിൽ നിന്നും അക്കൊല്ലം ആ ധനികനു കിട്ടിയത്. പക്ഷേ, ഇത്രയേറെ ധാന്യം സൂക്ഷിക്കാൻ വലിപ്പമുള്ള അറപ്പുരകൾ അയാൾക്കില്ല. അതിനാൽ അയാൾ ചില പദ്ധതികൾ മെനഞ്ഞു. അറപ്പുരകൾ പൊളിച്ച് വലിയവ പണിയാം. അതിൽ അനേക കാലത്തേയ്ക്കുള്ള ധാന്യ വിഭവങ്ങൾ കൂട്ടി വയ്ക്കാം. പിന്നെ അഹന്തയോടെ സ്വന്തം ആത്മാവിനോടു പറഞ്ഞു; ആത്മാവേ, അനേക വർഷങ്ങൾക്കു വേണ്ട വിഭവങ്ങൾ ഇതാ നിനക്കായി സംഭരിച്ചുകഴിഞ്ഞു. അതിനാൽ വിശ്രമിക്കുക, തിന്നു കുടിച്ച് ആനന്ദിക്കുക. എന്നാൽ ദൈവസ്വരം വെള്ളിടി പോലെ അവനിൽ മുഴങ്ങി. ഭോഷാ! ഇന്നു രാത്രി നിന്റെ ആത്മാവിനെ ഞാൻ തിരികെ ചോദിക്കും. അപ്പോൾ നീ കൂട്ടിവച്ചിരിക്കുന്നവ ആരുടേതാകും?"

ജനഹൃദയങ്ങളിൽ ആ ചോദ്യം പ്രകമ്പനം കൊള്ളിക്കുമ്പോൾ ഗുരു ഇങ്ങനെ പറഞ്ഞു നിർത്തി: "നിങ്ങളുടെ സമ്പത്ത് വിറ്റു ദാനം ചെയ്യുവിൻ.

ഒടുങ്ങാത്ത നിക്ഷേപം സ്വർഗ്ഗത്തിൽ സംഭരിച്ചു വയ്ക്കുവിൻ. അവിടെ കള്ളന്മാർ കടന്നുവരികയോ ചിതൽ നശിപ്പിക്കുകയോ ഇല്ല.

നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും."



www.malankaralibrary.com

# ഇരുപത്തൊന്ന്

അവളെ കണ്ടാൽ ആരുമൊന്നു നോക്കിപ്പോകും. കാരണം അവളുടെ മുഖവും കാൽമുട്ടുകളും ഏതാണ്ട് ഒരേ പൊക്കത്തിലായിരുന്നു. വില്ലിന്റെ ആകൃതിയുള്ള സ്ത്രീ ശരീരം. പക്ഷേ ഈ അസ്വസ്ഥത ജന്മനാൽ ഉള്ളതല്ല. പതിനെട്ടു കൊല്ലങ്ങൾക്കു മുമ്പ് ഞാങ്ങണ ചെടി പോലെ നേരെ നിവർന്നു നിന്ന ദേഹം. ഇപ്പോൾ, തൊട്ടു മുമ്പിലുള്ളവരെ പോലും ശരിക്കു കാണാനാവാത്തത്ര കൂന്. ആൾത്തിരക്കിലെങ്ങാനും അകപ്പെട്ടുപോയാൽ രക്ഷപ്പെടാനാവാത്ത തരത്തിലുള്ള ദേഹഘടന. അതുകൊണ്ടുതന്നെയാണ് അത്ഭുതപ്രവർത്തകനായ യേശുവിന്റെ മുമ്പിൽ ഇതുവരെയും എത്താൻ കഴിയാതെ പോയത്. ജനാവലിയാൽ ചുറ്റപ്പെട്ടല്ലാതെ അദ്ദേഹത്തെ കണ്ടുകിട്ടുക അസാദ്ധ്യമാണല്ലോ. എന്നാൽ ഇന്നദ്ദേഹം സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സാബത്തു ദിവസമാകയാൽ അവിടെയും നല്ല ജനത്തിരക്കുണ്ടെന്നതു സത്യം. എങ്കിലും അധികം ബുദ്ധിമുട്ടാതെ തന്നെ ഗുരുസവിധത്തിലെത്താൻ കഴിഞ്ഞു.

ഗുരുവിന്റെ ആർദ്രമൊഴികൾ മൂന്നടി പൊക്കത്തിൽ കൂനി നിൽക്കുന്ന ദൈന്യ രുപത്തിൽ ചെന്നുടക്കി. സ്ത്രീകളുടെ അകത്തളത്തിൽനിന്നും അവൾ എന്തിനാണ് ഇത്ര കഷ്ടപ്പെട്ട് തന്റെ മുമ്പിലെത്തിയതെന്ന് ഗുരുവിനറിയാം. ആളുകൾ പറയുന്നതുപോലെ, ഇതു സന്ധിവാതവും മറ്റുമല്ലെന്നും അറിയാം. നേരെ വളർന്നു നിന്ന ഞാങ്ങണച്ചെടി അർദ്ധവൃത്താകൃതിയിൽ വളച്ച് ചരടു വലിച്ചു കെട്ടി ഒരു വില്ലാക്കിത്തീർത്തതുപോലെ. ദുരാത്മാവാകുന്ന ആ അദൃശ്യച്ചരടും യേശുവിന്റെ ജ്ഞാനദൃഷ്ടിയിൽ തെളിഞ്ഞു. പതിനെട്ടുകൊല്ലമായി ഇവളെ വികൃതയാക്കിയ കാണാപ്പിശാചിനെ തുരത്തിയാൽ പിന്നെ പ്രശ്നമില്ല. ആ കാണാച്ചരടൊന്ന് അഴിച്ചു വിടുകയേ വേണ്ടൂ.

താനിരിക്കുന്നിടത്തേയ്ക്കു കരുണാമയൻ അവളെ വിളിച്ചു. പ്രബോധകർക്കു മാത്രം കടക്കാൻ അനുവാദമുള്ള സ്ഥലത്തേക്ക് പക്ഷേ സ്ത്രീകൾക്കു പ്രവേശനമില്ല. എങ്കിലും, തന്നെ വിളിക്കുന്നവൻ അജയ്യനാണ്. അതിനാൽ അവൾ സധൈര്യം കൂനി നടന്നവിടെത്തി. വളരെ പാടുപെട്ട് യേശുവിന്റെ മുഖം കാണാൻ തത്രപ്പെട്ടു നിൽക്കുന്ന അവളെ ആർദ്രമൊഴി



www.malankaralibrary.com

കളോടെ ഗുരു സ്വീകരിച്ചു: "സ്ത്രീയേ, നീ സുഖപ്പെട്ടു കഴിഞ്ഞു."

നീട്ടിയ കൈത്തലം അവളുടെ തലയിൽ നനുത്ത സ്പർശമായി. ആ സ്പർശനമാത്രയിൽ അവളിലെ പൈശാചികബന്ധനം അഴിഞ്ഞു മാറുകയായിരുന്നു. വില്ലിന്റെ ഞാൺ അഴിച്ചു വിട്ടപ്പോൾ നേരെ നിവർന്ന ഞാങ്ങണ പോലെ അവൾ നിന്നു. ജനാവലിയുടെ ആശ്ചര്യാരവത്തിനു മീതെ പക്ഷേ, ഇതിനു സാക്ഷിയായ സിനഗോഗ് അധികാരി ചൊടിച്ചുകൊണ്ട് ജനത്തെ ആക്രോശിച്ചു:

"സാബത്തു ദിവസത്തിൽ മേലിൽ ആരും രോഗസൗഖ്യത്തിനായി വന്നുപോകരുത്. ബാക്കിയുള്ള ആറു ദിവസങ്ങളിൽ ഏതിലെങ്കിലും വരരുതോ?"

കുറിക്കുകൊള്ളും തരത്തിലായിരുന്നു ഇതിനുള്ള യേശുവിന്റെ മറുപടി. സാത്താനെയാണ് താനിപ്പോൾ അഴിച്ചുവിട്ടത്. അതിനാൽ അഴിച്ചുവിടലിനെ ന്യായീകരിച്ചുകൊണ്ടുതന്നെയാണ് പ്രതികരണം.

"സാബത്തിൽ കാളയേയോ കഴുതയേയോ തൊഴുത്തിൽ നിന്നും അഴിച്ച് വെള്ളം കുടിപ്പിക്കാനായി നിങ്ങളിൽ ആരാണ് കൊണ്ടുപോകാത്തത്? പതിനെട്ടു വർഷം സാത്താൻ കെട്ടിയിട്ടിരുന്ന അബ്രാഹത്തിന്റെ ഈ മകളെ സാബത്തു ദിവസം അഴിച്ചുവിടേണ്ടത് ആവശ്യമല്ലേ?"

സാബത്തിലാണെങ്കിലും വളർത്തു മൃഗങ്ങളെ അഴിച്ചുമാറ്റി സ്വതന്ത്രമാക്കാൻ നിയമം അനുവദിക്കുന്നുണ്ട്.

സിനഗോഗ് അധികാരിയുടെ നാവുതാണു. അനുയായികളുടെ ആഹ്ലാദാഘോഷം ഉയരുകയും ചെയ്തു.

താനിപ്പോൾ ഗലീലാദേശത്തിന്റെ അതിർത്തിക്കുള്ളിലാണ്. പായസത്തിലെ പാഷണം പോലെ തന്നെ വെറുക്കുന്ന ഫരിസേയർക്ക് തന്റെ അന്ത്യം കുറിക്കാനാണു വെമ്പൽ. പക്ഷേ, ജനാവലിയെ ഭയന്ന് പരസ്യമായിട്ടൊന്നും ചെയ്യാനും വയ്യ. അപ്പോൾപിന്നെ എന്താണു മാർഗ്ഗം. എങ്ങനെയെങ്കിലും ഇവിടെ നിന്നും, തന്നെ ജറുസലേം നഗരത്തിലേയ്ക്ക് ഓടിച്ചു വിടണം. ഫരിസേയ പ്രമാണിമാരുടെ ശക്തികേന്ദ്രമാണല്ലോ ജറുസലേം. അവരുടെ ആസൂത്രിതസംഘടിതദുഷ്ടമുഷ്ടിക്കുള്ളിൽ ഈ നവ്യപ്രബോധകൻ ഞെരിഞ്ഞു പൊടിഞ്ഞുകൊള്ളും. ഒരു പക്ഷേ, പിന്നീടൊരിക്കലും ആരും കാണാത്ത വിധത്തിൽ തന്നെ.



www.malankaralibrary.com

അത്തരമൊരു ഗൂഢപദ്ധതി ഉള്ളിലൊതുക്കി അനുനയത്തിൽ വെളുക്കെ ചിരിച്ച് ചില ഫരിസേയർ അടുത്തുകൂടി രഹസ്യോപദേശം പോലെ പറഞ്ഞു.

"ഗുരുവേ, ഇവിടെ തങ്ങുന്നതു ബുദ്ധിയല്ല, കേട്ടോ. അന്തിപ്പാസ് രാജാവ് അങ്ങയെ കൊല്ലാൻ തക്കം നോക്കി കഴിയുകയാണ്. അതിനാൽ വേഗം ഇവിടം വിട്ട് ജറുസലേമിലേക്കു പോകുന്നതാ നല്ലത്."

നല്ലൊരുപായം ഓതിക്കൊടുത്ത തങ്ങളോടു നന്ദിപറയും എന്ന പ്രതീക്ഷയാൽ മറുപടിക്കായി ഉറ്റുനിന്ന അവർക്ക് പക്ഷേ, ക്രുദ്ധനോട്ടത്തിന്റെ ചാട്ടയടിയാണേൽക്കേണ്ടിവന്നത്.

നിർഭയമഹാപുരുഷൻ തിരുവായ് മൊഴിഞ്ഞു: "നിങ്ങൾപോയി ആ കുറുക്കനോട് ഇങ്ങനെ പറയുവിൻ. ഞാൻ ഇന്നും നാളെയും ഇവിടെ രോഗശാന്തി നൽകും. പിശാചുക്കളെ പുറത്താക്കുകയും ചെയ്യും. എന്നാൽ അതിനടുത്ത നാളായ മൂന്നാം ദിവസം എന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണത നിങ്ങൾ കാണും. പക്ഷേ അത് ഇവിടെവച്ചായിരിക്കില്ല. തീർച്ചയായും ജറുസലേമിൽ വച്ചുതന്നെയായിരിക്കും."

സ്നാപകനെ തലവെട്ടിക്കൊന്ന ക്രൂരമൂർത്തിയായ അന്തിപ്പാസിന്റെ ഭരണാതിർത്തിയിൽ നിന്നുകൊണ്ടാണീ പരസ്യപ്രസ്താവം. പാത്തുപതുങ്ങി ഇതര ജീവികളെ ആക്രമിച്ചും വയലുകളിലെ വിളവുകൾ നശിപ്പിച്ചും ഓടിനടക്കുന്ന കുറുക്കനോട് എന്തുകൊണ്ടും ഉപമിക്കപ്പെടാവുന്ന വ്യക്തിത്വമാണ് അന്തിപ്പാസിന്റേതെങ്കിലും ഇങ്ങനെ പരസ്യമായി അധിക്ഷേപിക്കാൻ മറ്റൊരുവനും ചങ്കുറ്റമുണ്ടായിട്ടില്ല. അതിനാൽ ഫരിസേയർ ആശ്ചര്യഭരിതരായി.

ഇതുപോലെ, മുമ്പും മൂന്നുദിവസങ്ങളെപ്പറ്റി യേശു പറഞ്ഞിട്ടുള്ള കാര്യം പലരും ഓർത്തു. അന്നൊരു പെസഹാപ്പെരുനാളിൽ, ജറുസലേം ദേവാലയത്തിൽ കച്ചവടക്കാരെ തുരത്തിയ അവസരത്തിലും പറഞ്ഞു, ഈ ദേവാലയം നിങ്ങൾ തകർത്താൽ മൂന്നു ദിവസം കൊണ്ട് അതു പുനർനിർമ്മിച്ചു കാണിക്കാമെന്ന്. പിന്നെയും പലപ്പോഴും മൂന്നിന്റെ പ്രാധാന്യം എടുത്തുപറഞ്ഞിട്ടുണ്ടല്ലോ. എന്താണിതിനു കാരണം? അതെന്തായാലും ഇപ്പോൾ തങ്ങളുടെ പദ്ധതി വിഫലമായിരിക്കുന്നു. മാത്രമല്ല, ജറുസലേമിനു പുറത്തെവിടെയും താൻ അപായരഹിതനായിരിക്കുമെന്നും വ്യക്തമായി കഴിഞ്ഞു. അപ്പോൾപിന്നെ തങ്ങളുടെ സംഘാതാക്രമണം ജറുസലേമിൽ തന്നെ അരങ്ങേറുക. അതുവരെ അനുനയത്തിൽ ഇടപെട്ട് ഈ വ്യക്തി



www.malankaralibrary.com

പ്രഭാവത്തിന്റെ രഹസ്യം എന്തെന്നും അതു നിഷ്പ്രഭമാക്കാനുള്ള മാർഗ്ഗമെന്തെന്നും നിരീക്ഷിച്ചറിയാം.

ഭയരഹിതനായ ഈ ഉജ്ജ്വല നേതാവിൽ ആകൃഷ്ടരായി നിന്ന ചിലർ മുന്നോട്ടുവന്ന് ഒരാഗ്രഹം പ്രകടിപ്പിച്ചു.

"അങ്ങയുടെ ശിഷ്യന്മാരായി ഞങ്ങളെക്കൂടെ ചേർക്കണം. അതിനു ഞങ്ങൾ എന്തുചെയ്യണമെന്നു പറഞ്ഞുതന്നാലും ഗുരോ."

യേശുവിന്റെ ശിഷ്യരായാൽ ധീരസാഹസികമുദ്രയും പ്രശസ്തിയും അംഗീകാരവും തങ്ങൾക്കു കിട്ടുമെന്ന മോഹമാണവർക്ക്.

യേശു അതിനുള്ള ഉപാധികൾ പറഞ്ഞുകൊടുത്തു: "സ്വന്തം പിതാവിനേയും മാതാവിനേയും ഭാര്യയേയും മക്കളേയും സഹോദരന്മാരേയും സ്വന്തം ജീവനെപോലും വെറുത്തുപേക്ഷിക്കാതെ ആർക്കും എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല."

അതുകേട്ടവരിൽ പലരുടെയും മുഖം മങ്ങി. കത്തിനിന്ന ആവേശം കെട്ടടങ്ങി. മുന്നോട്ടു വച്ച കാൽ പിന്നോട്ടു വച്ചു. പിന്നെ പിന്തിരിഞ്ഞ് ജനാവലിക്കുള്ളിൽ മറഞ്ഞുപോവുകയും ചെയ്തു.

പക്ഷേ, ഇങ്ങനെ എല്ലാം ഉപേക്ഷിച്ച അനേകർ അപ്പസ്തലന്മാരോടു ചേർന്നു നടക്കുന്നുണ്ട്. അവരിൽ പലരും മാനസാന്തരപ്പെട്ട ചുങ്കക്കാരും പരസ്യപാപികളും. അത്തരക്കാർക്കൊപ്പം നടക്കുന്ന യഹൂദ വംശജനായ യേശുവിനെ യഹൂദ നിയമജ്ഞന്മാർ അക്കാരണത്താൽ തന്നെ വെറുത്തു. അവർ ഇവിടെയും വെറുപ്പോടെ മുറുമുറുത്തു.

"കഷ്ടം! ഇവൻ ഈ പരസ്യപ്പാപികളോടും ചുങ്കക്കാരോടും ഒപ്പം സഹവസിക്കുകയും അവർക്കൊപ്പം ഭക്ഷിക്കുകയും ചെയ്യുന്നല്ലോ."

ഈ ചോദ്യം എത്രയോ തവണ ഗുരു കേട്ടിരിക്കുന്നു. അപ്പോഴെല്ലാം പ്രതിവചിക്കുകയും ചെയ്തിട്ടുണ്ട്. എന്നാലിപ്പോൾ ഇങ്ങനെ ആലങ്കാരികമായി പറയാനാണ് തോന്നിയത്.

"നിങ്ങൾ കരുതുക. നൂറ് ആടുകൾ നിങ്ങൾക്കുണ്ട്. അവയെ മേയിച്ച് അന്തിയിൽ തിരികെ വീട്ടിലേക്കു മടങ്ങവേ നിങ്ങൾ അറിഞ്ഞു; ഒരാടിനെ കാണാനില്ല. അപ്പോൾ തൊണ്ണൂറ്റൊൻപത് ആടുകളെയും മരുഭൂമിയിൽ കാവലേൽപ്പിച്ച് നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുന്നതുവരെ അന്വേഷിക്കാനായി നിങ്ങൾ തീർച്ചയായും ഇറങ്ങിത്തിരിക്കുകയില്ലേ? കണ്ടുകിട്ടി കഴിഞ്ഞാ



www.malankaralibrary.com

ലോ? അതിനെ തോളിലേറ്റി ആഹ്ലാദത്തോടെ വീട്ടിലെത്തി ആ സന്തോഷം അയൽക്കാരും തോഴരുമായി നിങ്ങൾ പങ്കുവയ്ക്കുകയില്ലേ?"

തെല്ലു നിർത്തി, സശ്രദ്ധം കേൾക്കുന്ന സമൂഹത്തോട് താൻതന്നെ ഇടയൻ എന്നും ഇക്കാണുന്ന ചുങ്കക്കാരും പരസ്യപ്പാപികളും വീണ്ടെടുക്കപ്പെട്ട അജഗണം എന്നും ഉപമിച്ചുകൊണ്ട് തുടർന്നു.

"....അതുപോലെ, അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപത് നീതിമാൻമാരെക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു."

ഉപമ പറഞ്ഞു തീർന്നിട്ടും ഇനിയും ഇതുപോലൊരു മനോഹരാഖ്യാനം കേൾക്കാൻ കൊതിക്കുന്ന മുഖഭാവത്തോടെ നിശ്ചേഷ്ടരായി ഇരിക്കുന്നവരോട് കുറച്ചുകൂടി നീളമുള്ളൊരു കഥ പറയാനാണ് ഗുരുവിന്റെ ശ്രമം.

"ധനവാനായ ഒരു പിതാവിനു രണ്ടാൺമക്കൾ. മൂത്തവൻ കുടുംബവക കൃഷിഭൂമിയിൽ അദ്ധ്വാനനിരതൻ. ഇളയവനോ സുഖാസക്തനും സ്വാതന്ത്ര്യദാഹിയും. മടുത്തുകഴിഞ്ഞ ഈ നാട്ടിൻപുറം വിട്ട് പട്ടണത്തിലേയ്ക്കു ചേക്കേറാൻ വെമ്പുന്ന സ്വപ്നാടകൻ. പരിഷ്കൃതസുഹൃത്തുക്കൾക്കൊപ്പം ആടിപ്പാടി നടക്കാൻ കൊതിക്കുന്നവൻ. അതിനാൽ അപ്പന്റെ മുന്നിലെത്തി അവൻ ആവശ്യപ്പെട്ടു.

"കുടുംബസ്വത്തു ഭാഗിച്ച് എനിക്കുള്ള ഓഹരി ഉടൻ തരണം." യഹൂദ നിയമപ്രകാരം മൂന്നിലൊന്നു സമ്പത്തിന് എന്നായാലും ഇളയവൻ അർഹനാണല്ലോ. ദുഃഖത്തോടെയാണെങ്കിലും മകന്റെ ശാഠ്യത്തിനു മുമ്പിൽ അപ്പനു തോൽക്കേണ്ടിവന്നു.

കിട്ടിയ സ്വത്തുമായി വിദൂര ദേശത്തേയ്ക്ക് അവൻ പാഞ്ഞു. പിന്നീടുള്ള ദിവസങ്ങൾ അത്രയും മഹാധൂർത്തിന്റേതായിരുന്നു. കറുത്ത വാവിലേയ്ക്കുള്ള പൂർണ്ണചന്ദ്രന്റെ ക്ഷയോന്മുഖ പ്രയാണം പോലെയുള്ള ദിനങ്ങൾ. ഇനിയൊരു ദേനേറ പോലും മിച്ചമില്ലാത്ത ദുരിതപൂർണ്ണമായൊരു അമാവാസിയിലേക്കവൻ കൂപ്പുകുത്തി. പോരാത്തതിന് നാടെങ്ങും കൊടും ക്ഷാമവും. പട്ടിണി സഹിക്കാൻ വയ്യാതെ അഭിമാനം പണയപ്പെടുത്തി അവൻ ഒരപരിചിത ഭവനത്തിൽ അഭയം തേടി. അവന്റെ പരവശ്യം കണ്ട് ഒരു ജോലി നൽകി. പന്നി മേയ്ക്കൽ. യഹൂദന് ശപിക്കപ്പെട്ട ജന്തുവാണ് പന്നി. പക്ഷെ വിശന്നു ചാകാറായവൻ തൽമൂദിലെ ഈ നിയമാവലികൾ എങ്ങനെ പാലിക്കാനാണ്!



www.malankaralibrary.com

സമ്പന്നർ പോലും പട്ടിണിയിലാണ്ടുപോയ ക്ഷാമകാലമാണ്. ഇവന്റെ കാര്യം പിന്നെന്തുപറയാൻ! പന്നികൾക്കുള്ള അമരത്തവിടെങ്കിലും ഒരു പിടി വാരിത്തിന്നാൻ അവൻ കൊതിച്ചു. . പക്ഷേ, പന്നികൾക്കുപോലും അവ തികയാത്തതിനാൽ അവന്റെ ആശ എങ്ങനെ സാധിക്കാൻ! സഹന ത്തിന്റെ പുച്ഛത്തിലെത്തിയ അവൻ ഇങ്ങനെ ചിന്തിച്ചുപോയി.

'സ്വന്തം പിതൃഭവനത്തിൽ വേലക്കാർ പോലും എത്രയോ സുഭിക്ഷരാ യി കഴിയുന്നു. താനോ ഇവിടെ വിശന്നു മരിച്ചുകൊണ്ടിരിക്കുന്നു.'

സുബോധത്തിന്റെ നെയ്ത്തിരിവെട്ടം ജീവിതത്തിന്റെ കൂരിരുൾ പാത യിലേക്ക് കിനിഞ്ഞിറങ്ങുന്ന അനുഭവം. മാനസാന്തരത്തിന്റെ സങ്കീർത്തനാ ലാപം ഉയരുന്ന ഹൃദയത്തോടെ അവൻ എണീറ്റു നടന്നു; വിദൂരസ്ഥനായ പിതാവിന്റെ പക്കലേയ്ക്ക്.

ആരും തന്നെ തിരിച്ചറിഞ്ഞില്ലെങ്കിലും വീട്ടുമുറ്റത്തെത്തും മുമ്പേ തിരിച്ചറിഞ്ഞ് ഓടിയെത്തി സഗാഢം വാരിപ്പുണർന്ന് ഉമ്മ തരാൻ ഒരാളു ണ്ടായിരുന്നു; സ്വപിതാവ്.

ആ കാൽച്ചോട്ടിൽ വീണു കിടന്ന് അവൻ കരഞ്ഞുപോയി.

"അപ്പാ....! സ്വർഗ്ഗത്തിനെതിരായും എന്റെ അപ്പനെതിരായും ഞാൻ പാപം ചെയ്തുപോയി. അങ്ങയുടെ പുത്രനെന്ന പദവിക്കു ഞാനിനി യോഗ്യനല്ലപ്പാ. അങ്ങയുടെ അടിമയെപ്പോലെയെങ്കിലും എന്നെ സ്വീകരി ക്കേണമേ."

വികാരാവേശത്തിന്റെ ആഹ്ലാദമൂർച്ഛയിൽ വേലക്കാർക്കു നിർദ്ദേശം കൊടുത്തുകൊണ്ടു നിന്ന അപ്പൻ ഈ പരിദേവനം ശ്രദ്ധിച്ചിരിക്കില്ല.

നിർദ്ദേശാനുസരണം ഭൃത്യന്മാർ പട്ടുവസ്ത്രങ്ങളുമായി പാഞ്ഞെത്തി. അതവനെ ഉടുപ്പിച്ചു. മോതിരവും ചെരുപ്പും അണിയിച്ചു. കൊഴുത്ത മൂരി ക്കിടാവിന്റെ മാംസം പാകപ്പെടുത്തി സമൃദ്ധമായൊരു വിരുന്നൊരുക്കി.

സർവ്വം പൊറുക്കുന്ന സ്നേഹതാതന്റെ ആഹ്ലാദ ഗദ്ഗദസമ്മിശ്ര ശബ്ദം വാദ്യമേളങ്ങൾക്കും മീതെ ഉയരുകയായിരുന്നു.

"എന്റെ ഈ കുഞ്ഞ് നഷ്ടപ്പെട്ടുപോയവനായിരുന്നു. എന്നാൽ ഇപ്പോ ൾ ഇതാ തിരിച്ചു കിട്ടിയിരിക്കുന്നു."

ഈ കഥ കേട്ടുകൊണ്ടിരുന്നവരുടെ കണ്ണുകൾ തുളുമ്പുന്നത് യേശു



www.malankaralibrary.com

വിനു കാണാമായിരുന്നു. ആരെല്ലാം തള്ളിക്കളഞ്ഞാലും കൊടും പാപികളെ കരുണയുടെ കരങ്ങൾ നീട്ടി സ്നേഹസാഗര തീരത്തേയ്ക്ക് ആനയിക്കുന്ന പിതാവിന്റെ ആർദ്രഹൃദയം കണ്ട് അവരെങ്ങനെ കരയാതിരിക്കും.

പുകഞ്ഞ കൊള്ളി പുറത്ത് എന്ന മനോഭാവത്താൽ പരസ്യപ്പാപികളെ നഷ്ടപുത്രന്മാർ എന്നപേരിൽ ആട്ടിയകറ്റുന്ന ഫരിസേയമേധാവിത്വത്തിന് ഈ കഥാഖ്യാനം ഒരാഘാതമായിരുന്നു.

പക്ഷേ, ഗുരു കഥ ചുരുക്കുകയല്ല, തുടരുകയാണ്. "കൃഷിഭൂമിയിൽ നിന്ന് വീട്ടിലേയ്ക്കു വന്ന മൂത്ത പുത്രനാകട്ടെ, വിവരങ്ങളറിഞ്ഞ് പക്ഷേ, ക്ഷോഭിക്കുകയാണ്. ഇത്രനാൾ വിശ്വസ്തനായി അപ്പനെ സേവിച്ചിട്ടും ഒരാടിനെ പോലും അറുത്തു വിരുന്നു തരാൻ മനസ്സു കാട്ടാത്ത അപ്പൻ, സ്വത്തെല്ലാം ധൂർത്തടിച്ചു നശിപ്പിച്ച ഈ ഇളയവനു വേണ്ടി കാളയെ കൊന്നും മറ്റും വലിയ വരവേൽപ്പു കൊടുത്തതിനാലാണവനു ക്ഷോഭം. വീട്ടിൽ കയറാൻ കൂട്ടാക്കാതെ പിണങ്ങി മാറി വെളിയിൽ നിന്ന കനിഷ്ഠപുത്രന്റെ പക്കലേയ്ക്ക് പിതാവ് ഇറങ്ങിച്ചെന്നു.

അവന്റെ ക്ഷുഭിതഹൃത്തിൽ അപ്പന്റെ സാന്ത്വനശീതളവചസുകൾ പതിച്ചു: "മോനേ, നീ എപ്പോഴും എന്റെ കൂടെയില്ലേ? എനിക്കുള്ളതെല്ലാം നിനക്കുമുള്ളതല്ലേ. എന്നാൽ നാമിപ്പോൾ ഏറെ സന്തോഷിക്കണം. കാരണം, നിന്റെ ഈ സഹോദരൻ മരിച്ചുപോയിരുന്നു. ഇപ്പോൾ ഇവനിതാ ജീവിക്കുന്നു."



www.malankaralibrary.com

# ഇരുപത്തിരണ്ട്

'ദുരിതമാണീ വിവാഹ ജീവിതം! അതു ഭൂമിയിൽ നരകങ്ങൾ സൃഷ്ടിക്കുന്നു!!' ഇതായിരുന്നു മിക്ക യഹൂദപെൺകുട്ടികളുടെയും മനോഭാവം.

കുടുംബത്തിലെ സ്വേച്ഛാധിപതി പുരുഷനാണല്ലോ. അവന്റെ ഇഷ്ടാനിഷ്ടങ്ങൾക്കു മാത്രമേ പ്രസക്തിയുള്ളൂ. അവന്റെ ഏകപക്ഷീയസൗഖ്യത്തിനുള്ള മാംസോപകരണം മാത്രമാണു ഭാര്യ. ഈ സാഹചര്യത്തിൽ വിവാഹജീവിതം വേണ്ടെന്നുവച്ച് ഒറ്റയ്ക്കു കഴിയാമെന്നു കരുതിയാലോ! അതിനും വിലക്കുകൾ ഉണ്ടാക്കി വച്ചിട്ടുണ്ടല്ലോ പുരുഷമേധാവികൾ. അവിവാഹിതകൾ ശപിക്കപ്പെട്ടവരാണന്നാണല്ലോ അവരുടെ ഭാഷ്യം. അതിനാൽ കറുത്ത പർദ്ദയണിഞ്ഞ് ഗൃഹാന്തരത്തിലെ വെളിച്ചംകേറാമൂലയിൽ ഒതുങ്ങിക്കഴിയാൻ വിധിക്കപ്പെട്ടവളാണവൾ. ആട്ടും തുപ്പും ഏൽക്കേണ്ടി വരുന്ന ഒരടിമയേക്കാൾ ഹീനമായി ഗണിക്കപ്പെടുന്നവൾ.

ഒരു പുരുഷന്റെ മരണം വരെ, അയാൾക്കൊപ്പം ജീവിക്കാമെന്നു ഒരു ഭാര്യയ്ക്കും ഉറപ്പു വിചാരിക്കാൻ കഴിയില്ല. ഏതു നിമിഷത്തിൽ വേണമെങ്കിലും അവളെ ഉപേക്ഷിക്കാനുള്ള നിയമസ്വാതന്ത്ര്യം പുരുഷന്മാർക്കുണ്ട്. അത്ര നിസാരങ്ങളായ കാരണങ്ങൾ ധാരാളമായിരുന്നു, വിവാഹ മോചനത്തിന്.

കഷ്ടപ്പെട്ടുണ്ടാക്കി വച്ച ഭക്ഷണത്തിന് ഒരിത്തിരി ഉപ്പു കൂടിപ്പോയാൽ, അല്ലെങ്കിൽ കുറഞ്ഞു പോയാൽ മതി തൽസ്ഥാനത്തുനിന്നും ഭാര്യ നിഷ്കാസിതയാവാം. ശിരോവസ്ത്രമില്ലാതെ എപ്പോഴെങ്കിലും അവളെ കാണാൻ ഇടയായാൽ, വിവാഹമോചനത്തിന് അതു മതിയായിരുന്നു. തെരുവിൽ വച്ച് ഏതെങ്കിലും ആണുങ്ങളെ നോക്കുകയോ വർത്തമാനം പറയുകയോ ചെയ്താൽ അതുവരെയുള്ള അവളുടെ വിവാഹബന്ധം അറ്റുപോകാം. പരമപരിശുദ്ധയാണെങ്കിൽ പോലും അവൾക്കു രക്ഷയില്ല. അവളേക്കാൾ സുന്ദരിയായ ഒരു പെണ്ണിനെ ഭർത്താവു കണ്ടുമോഹിച്ചാലും നിലവിലുള്ളവളെ ഉപേക്ഷിച്ച് സുന്ദരിയെ കല്യാണം കഴിക്കാൻ യഹൂദനിയമത്തിൽ പഴുതുകളുണ്ട്. ദീനമോ വന്ധ്യതയോ ഉള്ളവളാണെങ്കിൽ അവളുടെ സ്ഥിതി ഇതിലും കഷ്ടം!



www.malankaralibrary.com

എന്നാൽ എത്ര അസഹ്യനായ ഭർത്താവാണെങ്കിലും അയാളിൽ നിന്നും അകന്നുമാറാൻ ഒരു സ്ത്രീക്കും അനുവാദമില്ല താനും. ഇക്കാര്യത്തിൽ യഹൂദനിയമം ഇങ്ങനെയാണല്ലോ പറയുന്നത്.

'സ്ത്രീയുടെ സമ്മതം ഉണ്ടെങ്കിലും ഇല്ലെങ്കിലും അവളെ ഭാര്യാപദവിയിൽ നിന്നും പറഞ്ഞുവിടാം. എന്നാൻ, പുരുഷനെ വിവാഹത്തിൽ നിന്നും മോചിപ്പിക്കണമെങ്കിൽ അവന്റെ സമ്മതം കൂടിയേ തീരൂ.'

വിവാഹമോചനത്തെപ്പറ്റി ആവർത്തനപുസ്തകത്തിൽ മോശ അനുശാസിക്കുന്നുണ്ട്. അതിൻ പ്രകാരം ഉപേക്ഷിക്കപ്പെടുന്നവൾക്ക് വിവാഹമോചനപത്രിക എഴുതിക്കൊടുത്താൽ മാത്രം മതി.

യഹൂദ റബ്ബിമാരായ ഷമ്മായിയും, ഹില്ലേലും ഈ വ്യവസ്ഥിതിക്ക് ചിന്താപരമായ പിന്തുണ നല്കുന്നുമുണ്ട്. അപ്പോൾപിന്നെ ഈ വിവാഹമോചന വിഷയത്തിൽ 'പുതിയനിയമ റബ്ബൂനി'യുടെ അഭിപ്രായം കൂടി അറിയാം. അതായിരുന്നു പരീക്ഷകരായ ഫരിസേയരുടെ ലക്ഷ്യം. ഒരു പക്ഷേ ഇക്കാര്യത്തിൽ അദ്ദേഹത്തിന് രോഷം കാണും. പെണ്ണുങ്ങളുടെ കണ്ണീര് കണ്ട് അലിഞ്ഞുപോകുന്ന ഒരു ഹൃദയമാണല്ലോ അദ്ദേഹത്തിന്റേത്. അങ്ങനെ സ്ത്രീജനങ്ങളുടെ പക്ഷം ചേർന്നാണു പ്രതികരണമെങ്കിൽ 'മോശയുടെ നിയമ ലംഘകൻ' എന്ന കുറ്റം അദ്ദേഹത്തിൽ ചുമത്താം.

അവർ യേശുവിന്റെ പക്കലണഞ്ഞു ചോദിച്ചു: "ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ?"

ഇതുസംബന്ധിച്ച് പ്രത്യേകിച്ചൊരു സംസാരം തന്നിൽ നിന്നുണ്ടായിട്ടില്ല. എന്നിട്ടും ഇങ്ങനൊരു ചോദ്യം തന്റെ മുമ്പിലേയ്ക്ക് എറിഞ്ഞിടാൻ എന്തെങ്കിലും കാരണം കാണും എന്നു കരുതിത്തന്നെ ഗുരു അരുളി: "മോശ നിങ്ങളോട് എന്തു കല്പിക്കുന്നു?"

അവർ സന്തോഷത്തോടെ പറഞ്ഞു: "വിവാഹമോചനപത്രിക എഴുതിക്കൊടുത്ത് അവളെ ഉപേക്ഷിച്ചുകൊള്ളാൻ മോശയുടെ അനുവാദമുണ്ട്."

കർക്കശഭാഷയിൽ യേശു പറഞ്ഞു: "നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് ഇത്തരമൊരു നിയമം മോശ നിങ്ങൾക്കുവേണ്ടി എഴുതിയത്." ഈ നിയമമില്ലായിരുന്നെങ്കിൽ ഭർത്താക്കന്മാരാൽ വധിക്കപ്പെടുകയും കൊല്ലാക്കൊല ചെയ്യപ്പെടുകയും ചെയ്യുന്ന ഭാര്യമാരുടെ എണ്ണം അനിയന്ത്രിതമായി പെരുകിക്കൊണ്ടിരിക്കുമായിരുന്നു.



www.malankaralibrary.com

എന്നിട്ട് പഴയനിയമ ഗ്രന്ഥസമുച്ചയത്തിലെ പ്രഥമ ഗ്രന്ഥമായ 'ഉൽപ്പത്തി'യിലേയ്ക്ക് ഗുരുവിന്റെ ശ്രദ്ധ പറന്നുചെന്നു. ആ പഴയനിയമ വാക്യങ്ങളുടെ പശ്ചാത്തലത്തിൽ തന്നെ ഒരു പുതിയ നിയമം സംസ്ഥാപിക്കുകയാണ് ഗുരു.

"സൃഷ്ടിയുടെ ആരംഭം മുതൽ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇതിനാൽ, പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒരു ശരീരമായിരിക്കും. തന്മൂലം ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ ഒരിക്കലും വേർപെടുത്തരുത്."

ഫരിസേയഹൃദയങ്ങളിൽ അരിശം നുരഞ്ഞുയർന്നു. ഈ ജനപ്രിയ നായകന്റെ ആഹ്വാനങ്ങൾ എന്തും പാലിക്കാൻ ഉത്സുകരായി നിൽക്കുകയാണു ജനാവലി. അതിനാൽ തകർന്നടിയുന്നത് തങ്ങൾക്ക് അനുകൂലമായി ഇതുവരെ നിലനിന്ന നിയമാവലികളാണ്. മാത്രമല്ല ഈ ഒരൊറ്റ ആഹ്വാനം മൂലം പാലസ്തീനിലെ സ്ത്രീകളെല്ലാം ഈ നേതാവിന്റെ പിന്നാലെ ആവേശഭരിതരായി അണിനിരക്കും. അവരുടെ ആർപ്പുവിളികൾ തങ്ങളുടെ ചെവികളെ കുത്തിത്തുളയ്ക്കും. ഇതെല്ലാം യഹൂദനിയമങ്ങളുടെ ഉരുക്കുകോട്ടയിൽ ഏൽപ്പിക്കപ്പെടുന്ന ആഘാതങ്ങളാവും. ഇത്തരം ആഘാതങ്ങളുടെ തിരത്തള്ളലിൽ ഒരുനാൾ ഈ ഉരുക്കുകോട്ട മഹാരവത്തോടെ നിലംപൊത്തിത്തകരുന്നത് തങ്ങൾക്കു കാണേണ്ടി വരും. ചിന്തയിൽ പോലും സംഭീതമാണാ അവസ്ഥ.

കുത്തഴിഞ്ഞ കുടുംബ വ്യവസ്ഥിതിക്കു പരിഹാരമായി ഈ പുതിയ നിയമത്തെ, പാറപോലെ ഉറപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യേശു തുടർന്നു: "ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഭർത്താവിനെ ഉപേക്ഷിച്ച് മറ്റൊരുവനെ വിവാഹം ചെയ്യുന്നവളും വ്യഭിചാരം ചെയ്യുന്നു."

വാസ്തവത്തിൽ ഇതുകേട്ട് ഫരിസേയരെപോലെ ശിഷ്യന്മാരും നടുങ്ങിപ്പോയി.

ഫരിസേയർ ഞെട്ടിയത്, ഉപാധികൾക്കനുസൃതമായി മാത്രമേ വിവാഹമോചനം പാടുള്ളൂ എന്നു പറഞ്ഞ 'ഷമ്മായി'യെപ്പോലും ഈ നിയമം മറികടന്നിരിക്കുന്നതിനാൽ. ഷമ്മായിയുടെ നിയമപ്രകാരം മാറാരോഗങ്ങളും പിശാചുബാധയും ഷണ്ഡത്വവും മറ്റുമുണ്ടെങ്കിൽ മാത്രമേ ഭാര്യയെ ഉപേക്ഷിക്കാൻ പാടുള്ളൂ. എന്നാൽ തളർവാതമോ, കുഷ്ഠമോ, ഭ്രാന്തോ എന്തുമുള്ള പങ്കാളിയെ പോലും ഉപേക്ഷിക്കാൻ സാദ്ധ്യമല്ലെന്നു



www.malankaralibrary.com

മുടിനാരിഴപ്പഴുതു പോലുമില്ലാതെ കല്പിക്കപ്പെട്ടിരിക്കുകയാണിപ്പോൾ.

ശിഷ്യരും നടുക്കത്തോടെ ചോദിച്ചു: "ഭാര്യാഭർതൃബന്ധം ഇത്ര അഭേദ്യമാണെങ്കിൽ കല്യാണം കഴിക്കാതിരിക്കുന്നതല്ലേ നല്ലത്?"

ചിലർ വിവാഹിതരാകുന്നു. ചിലർ സുവിശേഷവേലയ്ക്കുവേണ്ടി വിവാഹജീവിതം വേണ്ടെന്നു വയ്ക്കുന്നു. ദൈവാനുഗ്രഹമുള്ളവർക്കേ ഇതു രണ്ടും സാദ്ധ്യമാകൂ എന്നു വ്യക്തമാക്കുവാൻ യേശു തുടർന്നു.

"മൂന്നുതരത്തിലുള്ള ഷണ്ഡന്മാരുണ്ട്. ആദ്യത്തെ കൂട്ടർ ജന്മനാൽ തന്നെ ഷണ്ഡന്മാരായിപോയവർ. മറ്റൊരു കൂട്ടരുണ്ട്, അവർ മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ടവരാണ്. എന്നാൽ മൂന്നാമത്തെ വിഭാഗമോ, ദൈവ രാജ്യത്തിനു വേണ്ടി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിതീർക്കുന്നവർ."

വിവാഹം വേണ്ടെന്നുവച്ച പല ശിഷ്യന്മാരും ഈ മൂന്നാമത്തെ കൂട്ടർ തങ്ങളാണല്ലോ എന്നോർത്ത് ആനന്ദിച്ചു.

രണ്ടാളുകൾ ഉടൻ ഗുരുവിന്റെ മുമ്പിൽ ഓടിവന്ന് ഒരു സങ്കടവാർത്ത അറിയിച്ചു: "അങ്ങയുടെ സ്നേഹിതനായ ലാസറിന് ദീനം കൂടുതലാണ്."

ബഥാനിയായിൽ നിന്നും ഒരു ദിവസം സഞ്ചരിച്ച് പെരിയായിലെ ഈ ജോർദ്ദാൻ നദീതീരത്തു വന്ന് ഇക്കാര്യം അറിയിക്കണമെങ്കിൽ ലാസറിനു രോഗം വളരെ കൂടുതലാവും. രോഗം മൂർച്ഛിച്ചു കിടക്കുന്ന കൂട്ടുകാരനെ കാണാൻ ദുഃഖാർത്തനായി ഉടൻതന്നെ ഗുരു യാത്ര തിരിക്കുമെന്നു കരുതി നിൽക്കുകയാണു ശിഷ്യന്മാർ.

പക്ഷേ വികാരരഹിതമായ മുഖഭാവത്തോടെ ദൂതന്മാരെ ഗുരു തിരിച്ച യച്ചു. എന്നിട്ടു ദൃഢബോദ്ധ്യത്തോടെ എല്ലാവരോടും പറഞ്ഞു: "ലാസറി ന്റെ രോഗം ദൈവത്തിന്റെയും ദൈവപുത്രന്റെയും മഹത്വത്തെ വെളിപ്പെടു ത്താനുള്ള അടയാളമാണ്. അല്ലാതെ അതു മരണത്തിനുള്ളതല്ല."

യാതൊരു തിടുക്കവും കാട്ടാതെ പ്രസംഗിച്ചും പഠിപ്പിച്ചും പേരായിലെ ഗ്രാമാന്തരങ്ങളിൽ തന്നെ തങ്ങുകയായിരുന്നു പിന്നെയും ഗുരു. ബഥാനി യായിലെ വീട്ടിൽ എത്ര സന്തോഷത്തോടെയാണ് ഗുരു എത്തിയിരുന്ന തെന്ന് ശിഷ്യർ ഓർമ്മിച്ചു. ലാസറും അവന്റെ പെങ്ങന്മാരും മാത്രമുള്ള ആ സ്നേഹഭവനം ഗുരുവിന് ഏറെ പ്രിയപ്പെട്ടതായിരുന്നു. പക്ഷേ, ജറുസലേമിനു സമീപമുള്ള യൂദയായിലൂടെ മാത്രമേ ബഥാനിയായിലേക്കു പോകാൻ കഴിയൂ. ഗുരുവിനുനേരെ ആഞ്ഞടിക്കാൻ സംഘം ചേരുന്ന



www.malankaralibrary.com

ഫരിസേയരുടെ താവളമാണവിടം. അതിനാലാവും ഈ സങ്കടവാർത്ത കേട്ടിട്ടും ബഥാനിയായിലേക്കു പോകാൻ ഗുരു ഒരുമ്പെടാത്തതെന്നു ശിഷ്യർ കരുതി.

എന്നാൽ പേരായിൽ നിന്നും മൂന്നാം ദിവസം അതിരാവിലെ ഗുരു നടന്നു തുടങ്ങുകയാണ്. ബഥാനിയായിലേക്കുതന്നെ. അതേ, യൂദയായിലൂടെയും.

ഇതറിഞ്ഞ ശിഷ്യർ സംഭ്രമത്തോതെ വിലക്കി: "ഗുരോ, അങ്ങയെ കല്ലെറിയാൻ യഹൂദർ തക്കംനോക്കിയിരിക്കുകയാണു യൂദയായിൽ. എന്നിട്ടും അങ്ങോട്ടുതന്നെ പോകാൻ തുടങ്ങുന്നോ?"

ഭാവിനിമിഷങ്ങൾ എല്ലാം വ്യക്തമായി അറിയുന്നവനെപ്പോലെ മുന്നോട്ടുനടന്നു കൊണ്ടുതന്നെ യേശു പറഞ്ഞു: "പകൽ വെളിച്ചത്തിൽ നടക്കുന്നവൻ കാൽതട്ടി വീഴുന്നില്ല. നിങ്ങൾ അറിയുക, എന്റെ പകലിനു ഇനിയും ദൈർഘ്യമുണ്ട്."

ഞെട്ടിക്കുന്ന ഒരു വാർത്ത യേശു തുടർന്നറിയിച്ചു: "ലാസർ മരിച്ചു പോയി."

പെരുവഴിയിൽ ഇതുകേട്ടു തരിച്ചു നിന്നുപോയി ശിഷ്യന്മാർ. നടന്നു മുന്നേറിയ ഗുരുവിന്റെ പിന്നിൽ നിന്നു ശിഷ്യന്മാർ വിളിച്ചു പറഞ്ഞു: "ഇനി നമ്മൾ എന്തിനാ അങ്ങോട്ടു പോകുന്നത്? ലാസർ മരിച്ചുപോയല്ലോ. ഫരിസേയരുടെ ചതിക്കുഴിയിൽപ്പെടാനായി നാം യൂദയായിലേക്കു പോകാതിരിക്കുകയല്ലേ നല്ലത്."

അവിടേയ്ക്കു പോയാൽ ഒരു പക്ഷേ, തിരിച്ചു വരാനാവാത്തവിധം തങ്ങളെല്ലാം ആക്രമിക്കപ്പെട്ടെങ്കിലോ എന്നാണവരുടെ പേടി. എന്നാൽ തോമ്മാ, ശിഷ്യഗണത്തിൽ നിന്നും മുന്നോട്ടു കുതിച്ച് നടന്നു നീങ്ങിക്കൊണ്ടിരുന്ന ഗുരുവിന്റെ പക്കലേയ്ക്കു സധൈര്യം പാഞ്ഞ് മറ്റു ശിഷ്യർക്ക് ശക്തിപകർന്ന് ആവേശത്തോടെ ഉറക്കെ പറഞ്ഞു: "വരുവിൻ, ഗുരുവിനൊപ്പം നമുക്കും പോയി മരിക്കാം."

തോമ്മയുടെ ആവേശത്തിനു പിന്തുണ നൽകി, എന്തും നേരിടാനുള്ള ഒരുക്കത്തോടെ മറ്റു ശിഷ്യരും മുന്നോട്ടാഞ്ഞു. ജറീക്കോവിലൂടെ ജറുസലേമിലെത്തി അവിടെ നിന്നും നേരെ ബഥാനിയായിലേക്ക്.

അന്നു സായാഹ്നത്തിൽ ബഥാനിയായിലെത്തി. വീട്ടിലെത്തും മുമ്പെ



www.malankaralibrary.com

അവർ കണ്ടു, ആശ്വസിപ്പിക്കാനായി ലാസറിന്റെ വീട്ടിൽ വന്നു മടങ്ങുന്ന യഹൂദജനത്തെ. അവരിൽ നിന്നുമാണ് സഹിക്കാനാവാത്ത ഈ ദുഃഖകാര്യം ഗുരുവും ശിഷ്യരും അറിഞ്ഞത്. "ലാസറിന്റെ ശവം കുഴിയിൽ വച്ചിട്ട് നാലു ദിവസങ്ങൾ ആയിരിക്കുന്നു."

വീട്ടുമുറ്റത്തു കൂടിനിന്ന ആളുകളോട് സഹോദരന്റെ മരണവിവരങ്ങൾ വിശദീകരിച്ചു നിൽക്കുന്നതിനിടയിലാണ് യേശുവിനെ മാർത്താ കണ്ടത്. അവൾ പൊട്ടിക്കരഞ്ഞ് ഇരു കൈകളും നീട്ടി യേശുവിന്റെ പക്കലേക്കു പാഞ്ഞു. അടക്കാനാവാത്ത വേദനയോടെ അവൾ നിലവിളിച്ചു പറഞ്ഞു: "നാഥാ, അങ്ങിവിടുണ്ടായിരുന്നെങ്കിൽ ലാസർ മരിക്കത്തില്ലായിരുന്നു."

ദൂതന്മാരെ വിട്ട് വിവരങ്ങൾ അറിയിച്ചിരുന്നതാണ്. അപ്പോൾ തന്നെ പേരായിൽ നിന്നും യാത്ര തിരിച്ചിരുന്നെങ്കിൽ മരിക്കും മുമ്പെ ഇങ്ങെത്താൻ കഴിഞ്ഞേനേ. പക്ഷേ എല്ലാം കഴിഞ്ഞശേഷം ഇനി വന്നിട്ടെന്തു കാര്യം എന്നാവാം അവളുടെ ചിന്ത.

ഗുരു അവളെ ആശ്വസിപ്പിച്ചു: "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും."

ഇതവൾക്കു പുതിയ അറിവൊന്നുമല്ല. അതിനാൽ ആശ്വാസവും തോന്നിയില്ല. ആത്മാവിലും പുനരുത്ഥാനത്തിലും അവൾക്കു വിശ്വാസമുണ്ട്. ലോകാന്ത്യത്തിൽ മരിച്ചവരെല്ലാം ഉയിർത്തെഴുന്നേൽക്കുമെന്ന് അവൾക്കറിയാം. അക്കാര്യം അവൾ പറയുകയും ചെയ്തു. ഉടൻ അവളുടെ മനോഭാവത്തെ തിരുത്തിക്കൊണ്ട് അനന്യമായ മുഖശോഭയോടെ ഒരു സനാതനസത്യം അവളുടെ മുമ്പിൽ തുറന്നുപറയുകയാണു ഗുരു: "പുനരുത്ഥാനവും ജീവനും ഞാൻ തന്നെയാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ എന്നേക്കും ജീവിക്കും. ഇതു നീ വിശ്വസിക്കുന്നുണ്ടോ?"

"തീർച്ചയായും കർത്താവേ! ലോകം പ്രതീക്ഷിച്ചിരിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തു അങ്ങുതന്നെയാകുന്നു എന്നും ഞാൻ വിശ്വസിക്കുന്നു."

പലപ്പോഴും ഈ സത്യം മൂടിവയ്ക്കാനായിരുന്നു ഗുരുഹിതം. പക്ഷേ ഇപ്പോൾ അവളുടെ വെളിപ്പാടിനെ ഇതാ അംഗീകരിച്ചിരിക്കുന്നു. 'ആരോടും പറയരുത്' എന്ന പതിവു ശൈലി ഇവിടെ ആവർത്തിക്കുന്നില്ല. എന്തെന്നാൽ ഈ സത്യം ഗ്രഹിക്കാനുള്ള പ്രാപ്തിയിലേക്ക് പലരേയും താൻ വളർത്തിക്കൊണ്ടു വന്നിരിക്കുന്നു. ഇനിയും ഇതു ഗ്രഹിക്കാൻ കഴിയാത്തവരുണ്ട്. ഇനി അവരുടെ കൺമുന്നിൽ പല അടയാളങ്ങളും അരങ്ങേറും.



www.malankaralibrary.com

എന്നിട്ടും തന്റെ സത്യത്തെ ഉൾക്കൊള്ളാനാവാത്തവരുണ്ടെങ്കിൽ അവർ ദൈവരാജ്യത്തിന് പുറംതിരിഞ്ഞു നടക്കുന്നവരായിരിക്കും.

മാർത്താ ഉടൻ വീട്ടിലേയ്ക്കു പാഞ്ഞ് മുറിക്കുള്ളിൽ കരഞ്ഞു തളർന്നു കിടക്കുന്ന അനുജത്തിയെ പിടിച്ചിറക്കി ഗുരുവിന്റെ അടുത്തേക്ക് വേഗം ഇറങ്ങിവന്നു.

ഗുരുവിന്റെ കാൽക്കൽ വീണു മറിയം കരഞ്ഞു.

കണ്ണീരിൽ മുങ്ങിയ സോദരികളുടെ വിഷാദമുഖങ്ങൾ കണ്ട് യേശുവിന്റെ ഹൃദയം കരുണാർദ്രമായി. നിശ്ചയദാർഢ്യങ്ങളുടെ വിളഭൂമിയായ ഹൃദയം അതിലോലമായി. ചുണ്ടുകളിൽ നൊമ്പരം വിതുമ്പിനിന്നു. മിഴികൾ കവിഞ്ഞൊഴുകി. സന്ധ്യാസൂര്യന്റെ കാവിപ്രഭയിൽ കവിളിണയിലൂടെ ഒലിച്ചിറങ്ങുന്ന കണ്ണീർത്തുള്ളികൾ വൈഡൂര്യമണികളായി മാറി. ശവകുടീരത്തിനു സമീപത്തേയ്ക്കു പോകാനുള്ള തിടുക്കത്തോടെ ഗുരു ആരാഞ്ഞു: "എവിടെയാണ് അവനെ അടക്കിയിരിക്കുന്നത്?"

അവിടെ നിന്നും വടക്കു കിഴക്കു ഭാഗത്തേക്ക് യഹൂദർ വഴിനടത്തി. ചെടികളും മരങ്ങളും അന്യം നിന്ന, വരണ്ടുണങ്ങിയ പീഠഭൂമിയിൽ വിഷാദമൂകരായി എത്തി. മൊട്ടക്കുന്നുകളുള്ള ആ പർവ്വതസാനുവിൽ തിരശ്ചീനമായി വെള്ളാരംപാറ തുരന്നുണ്ടാക്കിയ ശവകുടീരത്തിനു മുമ്പിൽ യേശു നിന്നു. ശവക്കുഴിയുടെ മുമ്പിൽ ചേർത്തടച്ച കൂറ്റൻ പാറ അടപ്പ് യേശുവിന്റെ നീർമിഴികളിൽ തെളിഞ്ഞു.

ഉടൻ ആവശ്യപ്പെട്ടു: "ആ കല്ല് എടുത്തു മാറ്റുവിൻ."

തൊട്ടരികിലുള്ള മാർത്തയും മറിയയും മാത്രമല്ല പിന്നിൽ നിരന്ന ജനസഞ്ചയം മുഴുവൻ അതു കേട്ടു ഞെട്ടി. ഒരിക്കലും തിരിച്ചുവരാനാവാതെ എന്നേയ്ക്കുമായി ഈ ലോകത്തോടു വിടപറഞ്ഞവന്റെ മുമ്പിലുള്ള അതിശക്തമായ ബന്ധനമാണത്. അതുരുട്ടിമാറ്റുക എന്നു പറഞ്ഞാൽ ആർക്കും അതു ന്യായീകരിക്കാനാവില്ല.

യാചനാസ്വരത്തിൽ മാർത്താ വിലക്കി: "അരുത് കർത്താവേ. നാലു ദിവസമായ ശരീരമാണ്. അഴുകി നാറുന്നുണ്ടാവും."

യേശു അവളെ തറപ്പിച്ചു നോക്കി. എന്നിട്ടു ചോദിച്ചു: "വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം നിനക്കു കാണാൻ കഴിയുമെന്നു ഞാൻ പറഞ്ഞില്ലേ."



www.malankaralibrary.com

പിന്നവൾ എതിർത്തില്ല. മറ്റുള്ളവരും.

ജനാവലിയിൽ നിന്നും നാലഞ്ചു മുട്ടാളന്മാർ മുന്നോട്ടുവന്ന് അനിഷ്ടമുണ്ടെങ്കിലും അതിലേറെ ജിജ്ഞാസയോടെ കല്ലു തള്ളി ഒരു വശത്തേയ്ക്കു മാറ്റി.

ഇരുകരങ്ങളും വിരിച്ച് പ്രശാന്തമിഴികളുയർത്തി യേശു ഉറക്കെ പ്രാർത്ഥിച്ചു: "പിതാവേ, എന്നെ അവിടുന്നാണ് അയച്ചതെന്ന് ചുറ്റും നിൽക്കുന്ന ഈ ജനം വിശ്വസിക്കുന്നതിനുവേണ്ടി ഞാൻ പറയുന്നു, 'ലാസറേ.... പുറത്തുവരിക'."

എന്താണു സംഭവിക്കുന്നതെന്നു കാണാൻ ജിജ്ഞാസാഭരിതരായ ജനം പിന്നിൽനിന്നും തള്ളിക്കയറി മുന്നിലേക്കു വന്നുകൊണ്ടിരുന്നു. ദുഃസഹദുർഗ്ഗന്ധമുണ്ടാകുമെന്നു ഭയന്ന് കൈവിരലുകളാൽ നാസാദ്വാരങ്ങൾ മുറുക്കി അടച്ച് മലർക്കെ തുറന്ന കണ്ണുകളോടെ അവർ ശ്വാസമടക്കി നിന്നു.

തെല്ലും കാത്തുനിൽക്കേണ്ടി വന്നില്ല. ശവക്കുഴിക്കുള്ളിൽ നിന്നും ഒരു ആളനക്കം. സംസ്ക്കരിക്കും മുമ്പെന്നപോലെ തുണിക്കീറിനാലുള്ള കരചരണബന്ധനങ്ങളോടെ മെല്ലെ നിരങ്ങി മാറി വാതിൽക്കലേക്കു കാലുകൾ നീട്ടിയിഴഞ്ഞ്, വാതിലിനു വെളിയിലേക്കു കണങ്കാലുകൾ തൂക്കി തറയിൽ ചവുട്ടി തല ശവഗുഹയുടെ മുകളിൽത്തട്ടാതിരിക്കാൻ കുനിഞ്ഞ് നിവർന്നു നിന്നു.

"ലാസർ! ലാസർ!!" അയാളെക്കണ്ട് ജനാവലി അത്യാഹ്ലാദകരമായ മഹാവിഭ്രാന്തിയാൽ ദിഗന്തങ്ങളിൽത്തട്ടുമാറ് ആർത്തലയ്ക്കുകയായിരുന്നു.



www.malankaralibrary.com

## ഇരുപത്തിമൂന്ന്

സംഭവിക്കേണ്ടതു സംഭവിക്കാതെ തരമില്ല. അതു പിതൃഹിതമാണ്. അതിനെ സ്വീകരിക്കുക മാത്രമാണ് അനുസരണമുള്ള പുത്രന്റെ ധർമ്മം. അതിനാൽ ജറുസലേമിലേയ്ക്കുള്ള ഈ സഞ്ചാരം തന്നെ ഭയപ്പെടുത്തുന്നില്ല.

യാത്ര നേരെ ജറുസലേമിലേയ്ക്കല്ല. മരുഭൂമിയുടെ അതിർത്തിയായ എഫ്രേം പട്ടണത്തിൽച്ചെന്ന് ജറീക്കോ നഗരം വഴി ജറുസലേമിലേക്ക്. മരിച്ചഴുകിയ ലാസറിൽ മാംസരക്തങ്ങൾ നിറച്ച് ഭൗമജീവിതത്തിന്റെ ഉൺമയിലേക്കു തിരിച്ചുകൊണ്ടുവന്ന വാർത്ത കാട്ടുതീപോലെ പടർന്നെരിയുകയാണ്. കേട്ടവരെല്ലാം ഉയിർത്തവനേയും ഉയിർപ്പിച്ചവനേയും കാണാൻ ഒഴുകിയെത്തുകയുമാണ്.

പെസഹാതിരുനാൾ ആരംഭിച്ചിരിക്കയാൽ നാനാദേശത്തുനിന്നും ജറുസലേമിൽ തിങ്ങിനിറയുന്ന ജനസമുദ്രത്തിൽ അലയടിച്ചുയരുന്നത് ഈ ഉത്ഥാനവാർത്ത തന്നെ.

ഇക്കാര്യം അറിഞ്ഞ ഉടൻ സംഭീതഫരിസേയർ അതിദ്രുതം സാൻഹെദ്രിൻ സഭ വിളിച്ചു കൂട്ടുക പോലുമുണ്ടായി. അത്ഭുതങ്ങളും ചെപ്പടിവിദ്യകളും കാട്ടി സകല യഹൂദരേയും വലയിലാക്കിക്കൊണ്ടിരിക്കുന്ന നസ്രായനായ ധിക്കാരിയെ ഇനി അതിനനുവദിച്ചുകൂടാ എന്നായിരുന്നു സാൻഹെദ്രിനിലെ അടിയന്തിരപ്രമേയത്തിന്റെ ഉള്ളടക്കം. നിക്കദമൂസിനെപോലെ ഒന്നോ രണ്ടോ പേരൊഴികെ മറ്റംഗങ്ങളെല്ലാം ആക്രോശിച്ചത് ഒരൊറ്റകാര്യം. അവന്റെ കഥകഴിക്കുക. അല്ലെങ്കിൽ വിജാതീയരായ റോമാക്കാരെ പോലും അവൻ ആകർഷിക്കും. അങ്ങനെ യഹൂദരും റോമാക്കാരും ഐക്യപ്പെടുന്ന പുതിയൊരു മഹാജനവിഭാഗം രൂപപ്പെടും. അവർ തങ്ങളുടെ ചക്രവർത്തിയായി ഈ ചെപ്പടിവിദ്യക്കാരനെ വാഴിക്കും. അവർ ഒന്നുചേർന്ന് തങ്ങളുടെ പുണ്യനഗരമായ ജറുസലേമിനെ ആക്രമിച്ചു പിടിച്ചെടുക്കാൻ പട നയിക്കും. അതിന്റെ ഫലമോ, യഹൂദ വംശത്തിന്റെ കൂട്ടക്കൊലയും. അപ്പോൾ ഒരു നിമിഷംപോലും പാഴാക്കാതെ കർമ്മനിരതരായേ പറ്റൂ. അതിനാൽ സാൻഹെദ്രിൻ സഭ പിരിഞ്ഞത് സഭാധ്യക്ഷനായ കയ്യഫാസിന്റെ ഈ കല്പനപ്രഖ്യാപനത്തോടെയായിരുന്നു: "എത്രയും



www.malankaralibrary.com

വേഗം ആ യേശുവിനെ പിടിച്ചുകെട്ടിക്കൊണ്ടുവരിക."

ഇനി വരുന്ന ദിനങ്ങളിലെ സംഭവപരമ്പരകൾ ഒന്നൊന്നായി ഹൃദയത്തെ തൊട്ടുപൊള്ളിച്ചു കടന്നുപോകുമ്പോഴും, ജറുസലേമിലേക്കു കാൽ വലിച്ചുവച്ച് നടക്കുകയാണു ഗുരു. ഇടയ്ക്ക് ഒന്നു നിന്ന് ഇരുവശങ്ങളിലും പിന്നിലുമായി നിരക്കുന്ന ശിഷ്യരെ മറ്റു ജനങ്ങളിൽ നിന്നും വിളിച്ചടുപ്പിച്ച് ശോകമിഴികൾ ദൂരേക്കു പായിച്ച് ഹൃദയ നൊമ്പരത്തിൽ വെളിപ്പാടുകൾ അരുളി. പക്ഷേ എന്താണ് ഈ വചസുകളുടെ ഉൾപ്പൊരുൾ എന്നറിയാതെ അവ്യക്തതയുടെ പാടമൂടിയ ഹൃദയങ്ങളോടെ നിൽക്കുവാൻ മാത്രമേ ശിഷ്യഗണത്തിനു കഴിഞ്ഞുള്ളൂ. അപ്പോഴും അവരിൽ പലരുടെയും ഉള്ളിൽ അപ്രതിരോധ്യനായ വിസ്മയപ്രവർത്തകനാണ് ഗുരു.

ഈ ധാരണ ഏറെയുള്ള രണ്ടുപേരുണ്ട് ശിഷ്യഗണത്തിൽ. സഹോദരങ്ങളായ യാക്കോബും യോഹന്നാനും. ആവേശം മൂത്ത സമറിയാക്കാരെ തീയിറക്കി കൊല്ലാൻ വരെ പണ്ടൊരിക്കൽ പറഞ്ഞവർ. അതുപോലൊരു ആവേശത്തിന്റെ തള്ളലിൽ ഇരുവരും ഗുരുവിന്റെ മുമ്പിൽ നിന്നു. തീരെ സങ്കോചമില്ലാതെ കുറെ നാളുകളായി ഉള്ളിൽ അടക്കിവച്ചിരുന്ന വലിയൊരാഗ്രഹം തുറന്നാവശ്യപ്പെട്ടു.

"അങ്ങയുടെ രാജവാഴ്ചയിൽ അങ്ങയുടെ വലത്തും ഇടത്തും ഇരിക്കാനുള്ള വരം ഞങ്ങൾ രണ്ടുപേർക്കും കല്പിച്ചു തരണമേ."

ഗുരുവിനു വമ്പിച്ച ജനപ്രീതിയുണ്ട്. എന്തും ചെയ്യാൻ തയ്യാറായി അവർ കൂടെയുണ്ട്. അവർ ഗുരുവിനെ എത്രയും വേഗം ചക്രവർത്തിയായി വാഴിക്കും. അങ്ങനെ പുതിയൊരു രാജ്യം രൂപീകൃതമാകും. അപ്പോൾ ചെങ്കോലും കിരീടവുമായി സിംഹാസനത്തിൽ ഗുരു ഉപവിഷ്ടനാകും. ആ രാജസിംഹാസനത്തിന്റെ വലത്തും ഇടത്തും മന്ത്രിമാരായി ഇരിക്കാൻ കഴിഞ്ഞാൽ അതിൽ കൂടിയ പദവിയുണ്ടോ? അതിനു ചെറുപ്പക്കാരും തീക്ഷ്ണമതികളുമായ തങ്ങളെക്കാൾ മറ്റാരും ശിഷ്യഗണത്തിൽ ഇല്ല തന്നെ. ഇതായിരുന്നു യാക്കോബിന്റെയും യോഹന്നാന്റെയും ചിന്ത.

യേശു ഇരുവരേയും സഹതാപത്തോടെ തെല്ലുനേരം നോക്കി നിന്നുപോയി. എന്നിട്ടു തുറന്നു പറഞ്ഞു: "നിങ്ങളെന്താണ് ആവശ്യപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കാൻ പോകുന്ന പാനപാത്രം നിങ്ങൾക്കു കുടിക്കാൻ കഴിയുമോ?"

അധികാരക്കൊതി തലയ്ക്കുപിടിച്ച ഇരുവരും ഗുരു പറഞ്ഞതിന്റെ പൊരുളെന്തെന്നു ചിന്തിക്കാതെ ചാടിക്കയറി പറഞ്ഞു: "ഞങ്ങൾക്കു കഴിയും."



www.malankaralibrary.com

യേശു അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു: "ശരിയാണ്. എന്റെ പാനപാത്രം നിങ്ങളും കുടിക്കും. എങ്കിലും എന്റെ വലത്തും ഇടത്തും ആരെല്ലാം ഇരിക്കണമെന്ന വരമരുളുന്നതു ഞാനല്ല. എന്റെ പിതാവ് ആർക്കു വേണ്ടി അതൊരുക്കിയിരിക്കുന്നുവോ അവർക്കുമാത്രമുള്ള താണ്."

ഇതുകേട്ടു മറ്റു പത്തു ശിഷ്യർക്കും ദേഷ്യം. ഇത്രനാൾ പന്ത്രണ്ടു പേരും സമന്മാരായി കഴിഞ്ഞു. ഇപ്പോൾ രണ്ടുപേർ കൂടുതൽ അധികാര പദവിക്കായി തന്ത്രപരമായി മുന്നേറുന്നു. ഇതു തടയുക തന്നെ.

നടന്നു കൊണ്ടുതന്നെ എളിമയുടെ ഗുണപാഠം ഒരിക്കൽ കൂടി പറഞ്ഞു കൊടുത്തു: "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ മറ്റെല്ലാവരുടെയും അടിമയാകാൻ ശ്രമിക്കുക. മനുഷ്യപുത്രന്റെ ജീവിതം നിങ്ങൾ കാണുക. അവൻ വന്നിരിക്കുന്നത് എല്ലാവരെയും ശുശ്രൂഷിക്കാനാണ്. അല്ലാതെ ആരുടെയും ശുശ്രൂഷകൾ സ്വീകരിക്കാനല്ല. സകലർക്കും ജീവൻ കിട്ടുവാനായി സ്വന്തം ജീവനെ നഷ്ടപ്പെടുത്തുവാനുമാണ്."

ജറീക്കോവിനോടടുത്തു വരുമ്പോഴേക്കും പെരുനാൾജനാവലി യേശുവിന്റെ പിന്നാലെ തിങ്ങി നിറഞ്ഞു. വീതിയുള്ള വഴിയായിട്ടും കഠിനമായ ഞെരുക്കം. പതിനായിരങ്ങളുടെ പദവിന്യാസത്താൽ നിരത്തിലെ കാവി നിറമാർന്ന പൂഴി ഉയർന്ന് അന്തരീക്ഷമാകെ നിറഞ്ഞുകഴിഞ്ഞു. പൊടി, മൂക്കിലേയ്ക്ക് അടിച്ചു കയറാതിരിക്കാൻ ഞാന്നു കിടക്കുന്ന ശിരോവസ്ത്രഭാഗം കൊണ്ട് മൂക്കും വായും പൊത്തിപ്പിടിച്ചാണ് അവരുടെ യാത്ര. യേശുവും തലമൂടി കഴുത്തിലൊന്നു ചുറ്റി പിന്നിലേക്കിട്ടിരുന്ന നീല ഉത്തരീയത്തിന്റെ അറ്റം ഉയർത്തി മൂക്കും വായും മറച്ചു കഴിഞ്ഞു. കണ്ണു തുറക്കാൻ പോലും ആവാത്തത്ര സർവ്വത്ര പൊടി നിറഞ്ഞ അന്തരീക്ഷം. ഭയങ്കരമായ വെയിലും. പക്ഷേ അതൊക്കെ ആരു കാര്യമാക്കുന്നു. മുമ്പേ നടക്കുന്ന അതിമാനുഷനെ കാണാൻ നിരത്തിലൂടെ ഞെരുങ്ങി കുതിക്കുന്നവർ. ഒന്നുതൊടാൻ കൊതിക്കുന്നവർ. തമ്മിൽ തമ്മിൽ അവർക്കു പറയാനുള്ളതോ; നസ്രായനായ ഈ ഉജ്ജ്വലനേതാവിന്റെ വീരസാഹസിക കഥകൾ. നേതാവിനു ജയാരവം മുഴക്കി ഇളകി മറിഞ്ഞുള്ള ആ പ്രയാണം ജറീക്കോ നഗരവും കടന്നു കഴിഞ്ഞു. രാജധാനികളും കച്ചവട നിലയങ്ങളും പാർപ്പിടസമുച്ചയങ്ങളും നിറഞ്ഞ പഴമയുടെ ആഢ്യത്തം പേറി നിൽക്കുന്ന ജറീക്കോ നഗരത്തെ പിന്നിലാക്കി നടന്നുതുടങ്ങി. പാതയോരങ്ങളിൽ നിരന്നുനിൽക്കുന്ന മരങ്ങൾ മൂലം വെയിലിന്റെ ചൂടേൽക്കേണ്ടിവന്നില്ല. അരുവികളും കുളങ്ങളും പച്ചപ്പുൽ നിറഞ്ഞ മലമടക്കുകളും പിന്നിട്ടു നടന്നു.



www.malankaralibrary.com

പെട്ടെന്ന് മുൻഗാമി നിന്നു. ജനാവലിയും. തല തെല്ലുയർത്തി വഴി വക്കിൽ വളർന്നു പന്തലിച്ചു നിന്ന സിക്കമൂർ മരത്തിന്റെ ഇലച്ചാർത്തണിഞ്ഞ നെഞ്ചിലേക്കു മിഴികൾ എയ്ത് ഉറക്കെ ശബ്ദിച്ചു. "സഖായീ.... നീ വേഗം ഇറങ്ങി വരൂ."

ആർക്കും ഒന്നും മനസിലായില്ല. തഴച്ചു വളരുന്ന സിക്കമൂർ മരത്തിലേയ്ക്കു ജനം സൂക്ഷിച്ചു നോക്കി. അത്ര മാംസളമല്ലാത്ത കുറെ പഴങ്ങൾ അങ്ങിങ്ങു നിൽക്കുന്നതല്ലാതെ മറ്റൊന്നും കാണാനായില്ല. പക്ഷേ യേശു മുഖം താഴ്ത്താതെ കാട്ടുമരത്തിലേക്കു നോക്കി അതേ നിൽപുതന്നെ. ഉടൻ മരത്തിന്റെ നെഞ്ചൊന്നിളകി. സമൃദ്ധമായ ഇലച്ചാർത്തിനുള്ളിൽ ഒരു ശിഖരത്തിൽ പതുങ്ങിയിരുന്ന അയാൾ ഉടൻ മറ്റൊരു ശിഖരത്തിൽ കയ്യെത്തിപ്പിടിച്ചു നിവർന്നുനിന്നു. കള്ളി വെളിച്ചത്തായല്ലോ എന്ന ജാള്യഭാവത്താൽ വിളറിപ്പോയ മുഖവുമായി നിൽക്കുന്ന ഒരു കുള്ളൻ.

വലിയ പണക്കാരനായ താൻ മരത്തിൽ വലിഞ്ഞുകയറി, ഇലപ്പടർപ്പിൽ ഒളിച്ചിരുന്ന കാര്യം ഒരു മഹാജനാവലിക്കു മുമ്പാകെ വെളിവാക്കപ്പെട്ടിരിക്കുന്നു.

താനൊരു യഹൂദനല്ലെങ്കിലും യഹൂദവംശജനായ യേശുവിനെ ഒന്നടുത്തുകാണാൻ എത്രയോ കാലമായി കാത്തിരിക്കുകയായിരുന്നു. ഇന്ന് ഇതുവഴി ഈ മഹാപുരുഷൻ കടന്നുവരുന്നുണ്ടെന്നു സൂചന കിട്ടിയിരുന്നു. ചുങ്കം പിരിവുകാരുടെ തലവനായ തനിക്ക് എന്തുകൊണ്ടോ യേശുവിനെപ്പറ്റി കേട്ടറിഞ്ഞ അന്നുമുതൽ ഒരാരാദ്ധ്യമനോഭാവം. അതിനാൽ ജറീക്കോ നഗരത്തിൽ കരംപിരിവു നേരത്തെ തീർത്തു കാത്തിരുന്നു. പക്ഷേ, ഗുരുവിന്റെ വരവിനെപ്പറ്റി അറിഞ്ഞ ജറീക്കോ നഗരവാസികളുടെ വലയത്തിൽ അദ്ദേഹം അകപ്പെട്ടുപോയിരുന്നു. പൊക്കമില്ലാത്ത താൻ പുരുഷാരത്തിനു നടുവിൽപ്പെട്ട ഗുരുവിനെ എങ്ങനെ കാണാൻ? പക്ഷേ ഒരു ബുദ്ധി തോന്നി. അങ്ങനെ ജനക്കൂട്ടത്തിനു മുമ്പിൽ കടന്ന് ഓടി. വല്ല മരക്കൊമ്പിലും കയറിയിരുന്ന് കൺകുളിർക്കെ കാണുക. അതായിരുന്നു പദ്ധതി. അങ്ങനെ കുറച്ചധികനേരമായി ഈ കാട്ടുമരത്തിൽ ഒളിച്ചിരിക്കുകയായിരുന്നു.

എന്നാൽ ഇതാ, യേശു തന്നെ കണ്ടുപിടിച്ചിരിക്കുന്നു. ഇലത്തഴപ്പിനിടയിലൂടെ അത്യാവേശത്താൽ തല വെളിയിലേക്കു നീട്ടിപ്പോയതുകൊണ്ടാണോ അതോ ജ്ഞാനദൃഷ്ടിയിൽ തന്റെ കാര്യങ്ങൾ വെളിപ്പെട്ടതുകൊണ്ടാണോ എന്തോ? എന്തായാലും സകലരുടേയും മുമ്പിൽ താൻ അപഹാസ്യനായി കഴിഞ്ഞു. ചുങ്കം പിരിവുകാരൻ എന്ന നിലയിൽ ജനങ്ങളുടെ ഇട



www.malankaralibrary.com

യിൽ ഒട്ടും സ്വീകാര്യനല്ല. പിന്നെ പണക്കാരനുമാകയാൽ ഭൂരിപക്ഷം വരുന്ന ഈ സാധാരണക്കാർക്ക് താൻ വെറുക്കപ്പെട്ടവനും. പോരാത്തതിന് ഈ പൊക്കമില്ലായ്മയും. എങ്കിലും തന്നെ നോക്കി കൊഞ്ഞനം കുത്തിച്ചിരിക്കുന്ന മഹാജനത്തെ ശ്രദ്ധിച്ചില്ല. തന്നെ എറിഞ്ഞു താഴെയിടാൻ ആഗ്രഹിക്കുന്നവരുടെ ആക്ഷേപാരവം കേട്ടതുമില്ല. ശ്രദ്ധിക്കാൻ കഴിയുന്നത് തേജോമയനായി മുകളിലേക്കു മിഴികളുയർത്തി, തന്നെ ഉറ്റുനോക്കുന്ന ഉജ്ജ്വലമൂർത്തിയെ മാത്രം. കേൾക്കാൻ കഴിയുന്നത് ആ പവിഴാധരങ്ങളിൽ നിന്ന് അടർന്നു വീണ ഈ വാക്കുകൾ മാത്രം, 'സഖായീ.... വേഗം ഇറങ്ങി വരൂ.'

പിന്നൊന്നും ചിന്തിച്ചില്ല. വേഗം ഇറങ്ങി വരാനാണ് ആജ്ഞ. അതു താൻ അക്ഷരംപ്രതി പാലിച്ചേ പറ്റൂ. ഗോവേണിപോലെ ചില്ലകൾ ഉണ്ടെങ്കിലും അവയിൽ ചവുട്ടി ഇറങ്ങിയാൽ ഇത്തിരി വൈകും. അതിനാൽ ഇതു തന്നെ മാർഗ്ഗം. സഖായി മരച്ചില്ലയിലെ പിടിവിട്ടു. ആഞ്ഞു താഴേക്കൊരു ചാട്ടം. നേരെ വന്നു വീണത് പതിനാലടി താഴ്ചയുള്ള നിരത്തിൽ. അതോ, ഗുരുചരണങ്ങൾക്കരികിൽ.

വരണ്ട ചെമ്മണ്ണു നിറഞ്ഞ നിരത്തിൽ നിന്നും ഉടൻ പിടഞ്ഞെണീറ്റു. ഒരു യഹൂദന്റെ മുമ്പിൽ വിജാതീയൻ നില്ക്കാൻ പാടില്ലെന്നറിയാം.

അവന്റെ വിഭ്രമനേത്രങ്ങളിൽ നോക്കി ഗുരു അരുളി: "ഞാനിന്ന് നിന്റെ വീട്ടിൽ താമസിക്കാൻ വരുന്നു."

അതുകേട്ട് സഖായിയേക്കാൾ അധികം ഞെട്ടിയതു ജനങ്ങളാണ്. പാവങ്ങളെ ചൂഷണം ചെയ്ത്, കരം പിരിച്ച് പണക്കാരനായിത്തീർന്ന ദുഷ്ടനാണു സഖായി. പിടിച്ചുപറിക്കാരനായ അയാളെ കാണുന്നതു തന്നെ അവർക്കു ശാപം. അങ്ങനെയുള്ള അശുദ്ധന്റെ വീട്ടിലേക്കോ ഗുരു കടന്നു ചെല്ലുന്നു! മറ്റുള്ളവരുടെ മുറുമുറുപ്പൊന്നും സഖായി ശ്രദ്ധിച്ചില്ല.

ആനന്ദപാരവശ്യത്തോടവൻ ഗുരുവിനു മുമ്പേ വീട്ടിലേക്കോടി.

മറ്റുള്ളവർ വെറുപ്പോടെ വീടിനു വെളിയിൽ നിൽക്കുകയാണ്. എന്നാൽ യഹൂദേതരനായ ആ വിജാതീയന്റെ കൊട്ടാരസദൃശ്യമായ വീട്ടിലേയ്ക്ക് യേശു പ്രവേശിച്ചു. ഉടൻ പശ്ചാത്താപവിവശനായ സഖായി കരഞ്ഞ് കെഞ്ചി പറഞ്ഞു: "കർത്താവേ എനിക്കുള്ള സമ്പത്തിന്റെ നേർപകുതി ഞാനിതാ പാവങ്ങൾക്കു കൊടുക്കുന്നു. ചതിവിൽ ഞാൻ ആരുടെയെങ്കിലും എന്തെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ നാലിരട്ടി ഞാൻ തിരിച്ചു കൊടുക്കുന്നു."



www.malankaralibrary.com

അതുകേട്ട് പുറത്തുനിന്നവർ വിസ്മയത്തോടെ സഖായിയെ നോക്കി.

ഗുരുഹൃദയം സന്തുഷ്ടമായി. പാവങ്ങളോടുള്ള കരുണയേക്കാൾ മറ്റൊന്നും അവിടുത്തേയ്ക്കു ശ്രേഷ്ഠമല്ല. അതിനാൽ സകലരേയും സാക്ഷി നിർത്തി അവനേയും അവന്റെ കുടുംബത്തേയും അനുഗ്രഹിക്കുകയാണു ഗുരു.

"ഇന്നീ വീടിനു രക്ഷയുണ്ടായിരിക്കുന്നു. ഇതാ, ഇവനും അബ്രാഹത്തിന്റെ പുത്രൻ തന്നെ. നഷ്ടപ്പെട്ടു പോയതിനെ രക്ഷിക്കുകയാണ് മനുഷ്യപുത്രന്റെ അവതാരലക്ഷ്യം."



www.malankaralibrary.com

# ഇരുപത്തിനാല്

ആർത്തലയ്ക്കുന്ന അലമാലകൾ നിറഞ്ഞ സാഗരസമാനമായിരുന്നു ജനാവലി. ജാതീയനിയന്ത്രണങ്ങളുടെ എല്ലാ മൺവരമ്പുകളും ആവേശത്തിന്റെ ഈ തിരത്തള്ളലിൽ തകർന്നടിയുകയാണ്. ഗ്രീക്കുകാരും റോമാക്കാരും സമറായരും യഹൂദരുമെല്ലാം ഈ ജനസമുദ്രത്തിലെ പോഷകനദികളായി സംഗമിച്ചുകഴിഞ്ഞു. ഇളകിമറിയുന്ന ഈ സമുദ്രപ്പരപ്പിൽ പവിഴത്തുരുത്തായി നിൽക്കുന്ന ജനനായകന്റെ രാജവാഴ്ച കാണാതെ ആനന്ദത്തിന്റെ ഈ അലമാലകൾ ഇനി അടങ്ങുമെന്നു തോന്നുന്നില്ല. ഈ അവതാരം, പഴയനിയമപ്രതീക്ഷയായ ക്രിസ്തു തന്നെ എന്നു ബോദ്ധ്യപ്പെട്ട എത്രയോ നിമിഷങ്ങളുണ്ടായിരുന്നു. അന്നെല്ലാം കിരീടധാരണത്തിനുള്ള ശ്രമങ്ങൾ തിരക്കിട്ടു ചെയ്തതുമാണ്. പക്ഷേ, അതിനു നിന്നുതരാതെ അപ്പോഴെല്ലാം വഴുതിമാറുകയായിരുന്നല്ലോ യേശു.

എന്നാലിന്ന് ഈ ഗുരുമുഖം കണ്ടിട്ട് അത്തരമൊരു ഒഴിഞ്ഞുമാറലിന്റെ ലക്ഷണമില്ല. സ്തുതിഗീതങ്ങൾ കേട്ടിട്ട് 'അരുത്'എന്നു വിലക്കാൻ ആ കരം ഉയരുന്നുമില്ല. 'ദൈവത്തിന്റെ പുത്രാ' എന്നാർത്തലയ്ക്കുന്ന ആനന്ദാരവം കേട്ടിട്ടും ശാസിക്കാൻ ദൃഷ്ടികൾക്കു ഭാവവുമില്ല.

മാത്രമല്ല, ജറുസലേമിനു തൊട്ടുമുമ്പുള്ള ബഥാനിയാ കവലയിൽ എത്തിയപ്പോഴേക്കും ശിഷ്യരിൽ രണ്ടുപേരെ അരികിൽ വരുത്തി ഒരു ഭാഗത്തേക്കു വിരൽ ചൂണ്ടി എന്തോ നിർദ്ദേശിക്കുകയുമാണല്ലോ.

"എതിരെ കാണുന്ന ആ ഗ്രാമത്തിലേയ്ക്കു നിങ്ങൾ പോകണം. അവിടെ ഒരു കഴുതക്കുട്ടിയെ കെട്ടി നിർത്തിയിട്ടുണ്ടാവും. അതിനെ അഴിച്ച് എന്റെ അടുത്തു കൊണ്ടു വരണം."

അവർക്കറിയാം അര മൈൽ ദൂരം പോയാൽ ബത്തഫാജെ ഗ്രാമത്തിലെത്താം. എന്നാൽ പെസഹാക്കാലമാകയാൽ യഹൂദർ ധാരാളം അവിടെയുണ്ടാകും. ഗുരുവിന്റെ കൂടെയാണെങ്കിൽ കുഴപ്പമൊന്നുമുണ്ടാകയില്ല. എന്നാലിപ്പോൾ പോകേണ്ടത് തങ്ങൾ രണ്ടാൾ മാത്രം. അതുമല്ല, കഴുതയെ അഴിക്കാൻ തുടങ്ങുമ്പോൾ യഹൂദർ തല്ലാൻ വന്നാലോ? എങ്കിലും ധൈര്യത്തോടെ പോകാൻ തുനിഞ്ഞപ്പോൾ തങ്ങളുടെ മനോനില ഗ്രഹി



www.malankaralibrary.com

ച്ചിട്ടോ എന്തോ ഗുരു തുടർന്നു: "കഴുതയെ അഴിക്കുമ്പോൾ ആരെങ്കിലും നിങ്ങളോട് 'ഇതെന്തിന്' എന്നു ചോദിച്ചാൽ ഇങ്ങനെ പറയണം, 'ഇതിനെ നാഥന് ആവശ്യമുണ്ട്'."

അവർ പോയി. ബെത്തഫാജെ ഗ്രാമത്തിൽ ഒരു വീട്ടിലേക്കുള്ള പ്രവേശന വഴിയുടെ ഓരത്ത് പന്തലിച്ച ഈന്തപ്പനത്തണലിൽ ശാന്തനായി നിൽക്കുന്ന കഴുത. ഇടംവലം നോക്കാതെ ഗുരുവചസ്സുകളുടെ പിൻബലത്തിൽ തെല്ലധികാരഭാവത്തോടെ നേരെചെന്ന് അതിനെ അഴിച്ചുതുടങ്ങി. അപരിചിതരെക്കണ്ട് കഴുത നീട്ടിക്കരഞ്ഞു. അതുകേട്ട് വീട്ടുകാർ വാതിൽ വലിച്ചുതുറന്ന് പാഞ്ഞെത്തി, 'പട്ടാപ്പകൽ കഴുത മോഷണമോ' എന്നമട്ടിൽ ആക്രോശിച്ചു.

"നാഥന് ഇതിനെ ആവശ്യമുണ്ട്" ഇത്രമാത്രമേ ശിഷ്യർ പറഞ്ഞുള്ളൂ. ഉടൻ വീട്ടുകാരുടെ മുഖത്ത് ആഹ്ലാദത്തിന്റെ കളിയാട്ടം. ഇതു തങ്ങളുടെ ഭാഗ്യമെന്ന മട്ടിൽ അവർ തന്നെ അതിനെ അഴിച്ച് ആദരവോടെ കയർത്തുമ്പ് ശിഷ്യഹസ്തങ്ങളിൽ ഏൽപ്പിച്ചുകൊടുത്തു. ഇന്നോളം ചുമടെടുപ്പിക്കാതെ ഓമനിച്ചു വളർത്തിയ ലക്ഷണമൊത്ത കഴുതക്കുട്ടി കണ്ണിൽ നിന്നു മറയുന്നതുവരെ തൃപ്തമാനസരായ വീട്ടുകാർ നോക്കിനിന്നു.

കഴുതയുമായി മടങ്ങിയെത്തിയപ്പോഴേക്കും ശിഷ്യർക്കു കാണാൻ കഴിഞ്ഞത് ഏതോ മഹാഘോഷത്തിന്റെ ലഹരി പിടിച്ച ബഹുജനത്തെ. ഇരുവശത്തേക്കും അകന്നുമാറി ജനം ഒരുക്കിയ വഴിയിലൂടെ കഴുതയെ അവർ ഗുരുസവിധത്തിൽ എത്തിച്ചു. വാസനപ്പൂക്കൾ വിരിഞ്ഞുനിന്ന വള്ളിച്ചെടിയിൽ നിന്നും നീണ്ടൊരു തണ്ടുമുറിച്ചെടുത്ത് വട്ടത്തിൽ പിണച്ച് ആരോ ഗുരുവിന്റെ ശിരസ്സിൽ കിരീടം പോലെ ഒരുക്കി വച്ചിരിക്കുന്നു.

ഇനി ജറുസലേം വരെ ഈ കഴുതയുടെ പുറത്തിരുന്നു സഞ്ചരിക്കാനാണ് ഗുരുവിനു താല്പര്യം. അതറിഞ്ഞവർ തങ്ങളുടെ രണ്ടാം മുണ്ടുകൾ തോളിൽ നിന്നും വലിച്ചെടുത്ത് ആഞ്ഞു കുടഞ്ഞു നിവർത്തി ഭംഗിയായി കഴുതപ്പുറത്തു വിരിച്ചു. അതു കണ്ടു പലരും തങ്ങളുടെ മേലങ്കികളുമായി ഓടിയെത്തി. അപ്പോഴേക്കും കഴുതയുടെ പുറത്ത് ഇരുന്നു കഴിഞ്ഞിരുന്നു ഗുരു. എങ്കിലും ബഥാനിയാ മുതൽ ജറുസലേം വരെ രണ്ടു മൈലോളം അവർ രണ്ടാംമുണ്ടുകൾ നിലത്തുവിരിച്ചു തങ്ങളുടെ വീരരാജാവിന് അലങ്കാരവഴിയൊരുക്കി. ചിലർ 'ബാഖാ'വൃക്ഷത്തിന്റെയും ഒലിവുമരത്തിന്റെയും ഇളം ചില്ലകൾ ഒടിച്ചെടുത്തു പിടിച്ചു. മറ്റു ചിലർ ഈന്തപ്പനയുടെ കുരുന്നോലകളും, അരളിയുടെയും കൊളുന്തിന്റെയും ചില്ലകളും. ചിലർ കാട്ടുപൂക്കൾ ഇറുത്തെടുത്തു വഴിയിൽ വിതറി. പതിനായിരങ്ങളുടെ സ്വന



www.malankaralibrary.com

തന്തുക്കളിൽ നിന്നും മുഴങ്ങിയ മഹാരവം ചുറ്റുമലകളിൽ തട്ടി പ്രതിദ്ധ്വനിച്ചു.

അവർ ആർത്തട്ടഹസിച്ചു: “ഓശാന”

ക്രിസ്തു എന്ന രാജാവിനെ തങ്ങൾക്കായി നൽകിയ പരമപിതാവായ ദൈവത്തിന് അർപ്പിക്കുന്ന ഒരു സ്തോത്ര പദമായിരുന്നു അത്. ആ പദം കേട്ടവരെല്ലാം ഏറ്റുചൊല്ലി.

പണ്ടു ജറുസലേമിന്റെ അധിപനായിരുന്ന ദാവീദുരാജാവിന്റെ വംശജനും ദൈവനാമത്തിൽ വന്നവനുമായവനേ എന്നുറക്കെ വിളിച്ചു കൊണ്ടാണവർ ‘ഓശാന’ എന്നു താളാത്മകമായി നീട്ടി സ്തുതിക്കുന്നത്. തള്ളമാരുടെ പള്ളയിൽ അള്ളിപ്പിടിച്ചിരുന്ന പിള്ളേരും അവ്യക്തഭാഷയിൽ ഓശാന പാടുന്നുണ്ടായിരുന്നു.

‘ശിശുക്കളുടേയും മുലകുടിക്കുന്ന കുഞ്ഞുങ്ങളുടേയും ചുണ്ടുകളിൽ നീ സ്തുതി ഒരുക്കി വച്ചു’ എന്ന സങ്കീർത്തനത്തിന്റെ സാഫല്യം.

ബാലവൃന്ദമോ! അവർക്കു ജനത്തിരക്കിൽ നിന്നാൽ രാജാവിനെ കാണാനാവില്ല. അതിനാൽ തള്ളിക്കയറി ബാലന്മാരുടെ പട യേശുവിന്റെ ചുറ്റും നിരന്നു കഴിഞ്ഞു. അവരുടെ നിഷ്ക്കളങ്കാവേശത്തിൽ പ്രീതി പൂണ്ടു വലകൈ ഉയർത്തി ചെറുവിരലും അണിവിരലും മാത്രം മടക്കിയ കൈപ്പത്തിയാൽ അവരെ അനുഗ്രഹിക്കുകയുമാണ് ഗുരു. പക്ഷേ പിൻജനാവലിയിൽ നിരക്കുന്ന നിരീക്ഷകഫരിസേയരിൽ പലർക്കും ഒരു ശങ്ക. ഇസ്രായേലിന്റെ രക്ഷാകരഅവതാരമായ ക്രിസ്തു തന്നെയോ ഇത്? അതോ അത്തരമൊരു പ്രശസ്തിക്കു വേണ്ടി സാഹചര്യമൊരുക്കുന്ന ഒരു വ്യാജരാജനോ ഇത്? അങ്ങനെ കരുതാൻ കാരണമുണ്ട്. റോമാ ചക്രവർത്തിക്കുള്ളതുപോലെ നാലുകുതിരകളെ പൂട്ടിയ തങ്കരഥത്തിലല്ലേ മഹാവതാരമായ ക്രിസ്തു എഴുന്നെള്ളുകയുള്ളൂ. അല്ലാതെ ഇതുപോലെ മറ്റുള്ളവരുടെ അടിയേൽക്കാൻ വിധിക്കപ്പെട്ട ഒരു ഗർദ്ദഭത്തിന്റെ പുറത്തോ! മാത്രമല്ല എവിടെ ശക്തിചിഹ്നങ്ങളായ ചെങ്കോലും കിരീടവും? പകരം തലയിൽ പൂവള്ളിയുടെ ഒരു ചുറ്റുമാത്രം. വാളേന്തിയ വീര ഭടന്മാരുടെ നിരയെവിടെ? അവരുടെ ഭയാനകങ്ങളായ പെരുമ്പറമുഴക്കങ്ങളും സമര കാഹളങ്ങളുമെവിടെ? പകരം കയ്യിൽ മരച്ചില്ലകളും പൂക്കളും പിടിച്ച് ഓശാന പാടുന്ന ഇടത്തരക്കാരും ഉണ്ണിക്കിടാങ്ങളും. അവരിൽ അധികവും പുറജാതികളും അധഃകൃതരും. ഇങ്ങനെ തങ്ങളുടെ പ്രതീക്ഷയ്ക്കു കടക വിരുദ്ധമായ ഇദ്ദേഹം എങ്ങനെയാണു വിജാതീയരായ റോമാക്കാരുടെ



www.malankaralibrary.com

അടിമത്തത്തിൽ നിന്നും ഇസ്രായേലിനെ രക്ഷിക്കുന്നത്?

പക്ഷേ സിംഹഭാഗം ജനങ്ങളുടെയും ഉള്ളിൽ രക്ഷകനെപ്പറ്റിയും രക്ഷകന്റെ രാജ്യത്തെപ്പറ്റിയുമുള്ള തീക്ഷ്ണമായ മഹാവേശമാണ്. ഇപ്പോൾ കഴുതപ്പുറത്താണ് സഞ്ചാരമെങ്കിലും രാജ്യം രൂപീകരിച്ചാലുടൻ എല്ലാ സന്നാഹങ്ങളും യേശുവിനുണ്ടാകും എന്നാണ് അവരുടെ പ്രതീക്ഷ.

കെദ്രോൻ താഴ്വര കഴിഞ്ഞ് സമുദ്ര നിരപ്പിൽ നിന്നും രണ്ടായിരത്തി അഞ്ഞൂറോളം അടി ഉയരത്തിൽ കിടക്കുന്ന മലനിരകളുടെ താഴ്വരകളിലൂടെ ആ ഘോഷയാത്ര കഴുതയുടെ സഞ്ചാര വേഗത്തിനൊത്ത് മുന്നേറുകയാണ്.

അങ്ങനെ ഒലിവുമലയിലേക്കു കടന്നു. ജറീക്കോ മുതൽ കയറ്റമുള്ള വഴിയായിരുന്നു ഇതുവരെ. നിറയെ ഒലിവുമരങ്ങൾ തഴച്ചു നില്ക്കുകയാൽ സ്വച്ഛതയും കുളുർമ്മയും, മനസിനെ ഏകാന്തധ്യാനത്തിലേയ്ക്കാനയിക്കാൻ പോന്ന ഗ്രാമ്യവിശുദ്ധിയും. പ്രധാനമായും നാലു കുന്നുകൾ ചേർന്ന പർവ്വതനിര.

യഹൂദരെ സംബന്ധിച്ച് പ്രത്യേകതകൾ ഏറെയുള്ള മല. ജറുസലേം ദേവാലയം പണിയുന്നതിന് മുമ്പ് ദാവീദുരാജാവ് ആരാധനയ്ക്കായി തെരഞ്ഞെടുത്ത മല. നെബുക്കദ്നേസറിന്റെ ആക്രമണത്തെത്തുടർന്ന് മെസപ്പൊട്ടാമിയായിലേക്കും മറ്റും പലായനം ചെയ്ത യഹൂദർക്ക് തങ്ങളുടെ അമാവാസി ഉത്സവത്തെപ്പറ്റി അറിവു കൊടുക്കാനുള്ള സൂചനാവിളക്കു കത്തിച്ചിരുന്നത് ഈ മലമുകളിലായിരുന്നു. അതിന്റെ തുടർച്ചയായി മലനിരകൾ തോറും കത്തിച്ച് മെസപ്പൊട്ടാമിയ വരെ ഉത്സവസൂചന നൽകിപ്പോന്നു.

കുന്നിന്റെ നെറുകയിൽ കയറി നിന്ന്, യേശു പടിഞ്ഞാറേക്കു ദൃഷ്ടികളയച്ചു. രണ്ടുമൈൽ ദൂരെയുള്ള ജറുസലേം നഗരവും നഗരത്തിന്റെ വിളക്കായി മോറിയാക്കുന്നിൽ വിളങ്ങി നിൽക്കുന്ന ദേവാലയവും കാണാം. മോറിയാ മലയുടെ അടിവാരത്തിൽ കെദ്രോൺ തോടു കാണാം. മഴക്കാലത്തു മാത്രം ശക്തമായ ഒഴുക്കുള്ളതും വേനൽക്കാലത്തു പൊതുവേ വറ്റി വരണ്ട് താഴ്വരയുടെ ഭാഗമായി കിടക്കുന്നതുമായ തോട്. ഈ ഒലിവുമലയേയും മോറിയാക്കുന്നിനേയും വേർതിരിക്കുന്നതു കെദ്രോൺ താഴ്വരയും കെദ്രോൺ തോടും ആണല്ലോ. യെസക്കിയേൽ പ്രവാചകൻ സ്വപ്നത്തിൽ കണ്ട അസ്ഥികൾ ചിതറിയ താഴ്വരയാണിത്. അതിന്റെ വടക്കേ മൂലയിൽ ശക്തിപ്രതീകം എന്നവണ്ണം വിണ്ണോളം പൊങ്ങി നിൽക്കുന്ന



www.malankaralibrary.com

അന്റോണിയാ ഗോപുരവും വ്യക്തമായി കാണാം. അവിടെയാണ് റോമൻ സൈന്യവ്യൂഹത്തിന്റെ പാളയം. അതിന്റെ എതിർവശത്ത് അന്തിപ്പാസ് രാജാവിന്റെ കൂറ്റൻ കൊട്ടാരം. ജറുസലേം എന്ന പദത്തിന്റെ അർത്ഥം സമാധാനത്തിന്റെ നഗരം എന്നല്ലേ. പക്ഷേ ദീർഘകാലമായി സമാധാനം എന്തെന്നറിയാതെ ഉഴറുന്ന നഗരം.

വിശുദ്ധിയുടെയും സമൃദ്ധിയുടെയും പ്രതാപത്തിന്റെയും വിളനിലമായ ജറുസലേമിലേക്കുതന്നെ അവിടുന്നു നോക്കി നിൽക്കുകയാണ്. മുപ്പത്തിമൂന്നു കൊല്ലം ദാവീദുരാജാവ് ഭരിച്ച നഗരം. വർഷന്തോറും ഓരോ പെസഹാത്തിരുനാളിലും താൻ നിഷ്ഠയോടെ കടന്നുവന്ന പുണ്യദേശം. ഭവനരഹിതനായ തന്റെ കർമ്മകേന്ദ്രങ്ങളായ ജറുസലേം ദേവാലയവും സമീപസ്ഥലങ്ങളും. ഒടുങ്ങാത്ത എന്തെന്തു പഴയകാലകഥകളുടെ സ്വർണ്ണച്ചെപ്പാണത്. എന്നാൽ ഈ ജറുസലേമിന്റെ ഭാവി എന്തെന്ന് തന്റെ ഉള്ളം ഇപ്പോൾ മന്ത്രിക്കുന്നു. ഇന്നോളം താൻ പ്രവചിച്ചതെല്ലാം ഭാവിയുടെ പരമസത്യങ്ങളായി തീർന്നിട്ടുണ്ട്. അപ്പോൾ ഇതും....! യേശുവിന്റെ ഹൃദയം തപിച്ചുപോയി. അതൊരു നെടുവീർപ്പായി. ഉള്ളം കലങ്ങി. മിഴികൾ തുളുമ്പി. ചുണ്ടിണ വിറപൂണ്ട് ഭയാനകപ്രവചനമായി ആ വാക്കുകൾ ശക്തമായി പ്രവഹിക്കുകയാണ്.

"അല്ലയോ മഹാനഗരമേ! ശത്രുക്കൾ നിനക്കുചുറ്റും പാളയമടിച്ചു വളയും. എല്ലാ ഭാഗത്തുനിന്നും നിന്നെ അവർ ഞെരുക്കും. നിന്നെയും നിന്റെ മക്കളേയും അവർ കൊന്നൊടുക്കും. അവസാനം കല്ലിന്മേൽ കല്ലു ശേഷിക്കാത്ത വിധം എല്ലാം നശിപ്പിക്കപ്പെടും."

ഓശാനയുടെ ജയാരവമദ്ധ്യത്തിൽ ദൂരെ, ജറുസലേമിനെ നോക്കി കരയുന്ന രാജാവിനെ കണ്ട് പ്രജകൾ നടുങ്ങുകതന്നെ ചെയ്തു.

യഹൂദവിശ്വാസപ്രകാരം ജറുസലേമിന്റെ നാശം ലോകാവസാനത്തിൽ മാത്രമേ സംഭവിക്കൂ! എന്നാൽ ജറുസലേമിന്റെ സർവ്വനാശം സമീപസ്ഥമായിരിക്കുന്നുവെന്ന് ഇതാ പ്രവചിക്കപ്പെട്ടിരിക്കുന്നു.

ആ പ്രവചനം കേൾക്കാൻ കഴിയാതെ പോയവർ കരുതി, തലസ്ഥാനനഗരത്തിലേക്കു പദമൂന്നാൻ പോകുന്ന രാജാവിന്റെ ആനന്ദാശ്രുക്കളായിരിക്കും അത്.

ഒലിവുമലയിൽ നിന്നും ചരിഞ്ഞിറങ്ങുന്ന വഴിയിലൂടെ പ്രയാണം തുടർന്നു. സായാഹ്നത്തോടെ രണ്ടുമൈലുകൾ കൂടി നടന്ന് ലക്ഷ്യനഗരത്തിൽ.



www.malankaralibrary.com

ഏഴു കൂറ്റൻ പ്രവേശന വഴികളിൽ ഒന്നായ കിഴക്കേ സൂസാ കവാടത്തിലൂടെ മഹാപ്രയാണം ജറുസലേം നഗരത്തിൽ പ്രവേശിച്ചു കഴിഞ്ഞു.

അഭൂതപൂർവ്വമായ വർണ്ണോജ്ജ്വലപ്രയാണം കാണാൻ ജറുസലേമിന്റെ ശാദ്വലങ്ങളിലും താഴ്വാരങ്ങളിലും ജനലക്ഷങ്ങൾ കാത്തുനില്ക്കുകയാണ്. അവരിൽ അനേകർ യേശുവിന്റെ പല അത്ഭുതങ്ങൾക്കും സാക്ഷികൾ തന്നെ. അവരും ആവേശത്തോടെ ഗുരുസവിധത്തിലേക്കു പാഞ്ഞുചെന്ന് ആർത്തുവിളിച്ചു: "ദൈവനാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ."

കോപവെറി പൂണ്ടു നിരന്നു നിൽക്കുന്ന മുഖ്യപുരോഹിതന്മാരും സാൻഹെദ്രിൻ സഭാംഗങ്ങളും ഫരിസേയരും ദിഗന്തം നടുക്കുന്ന ആരവം കേട്ട് കൈകളുയർത്തി ചെവി അടച്ചുപിടിച്ചു.

അവരുടെ അസഹ്യചേഷ്ടകൾ കണ്ടു രസം പൂണ്ട ജനം കുറേക്കൂടി ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കി.

മൂന്നു വലിയ മലകളെ അടുപ്പുകല്ലുകളാക്കി, ആകാശം പോലൊരു പാത്രം അതിന്മേൽ വച്ച് തടാകം പോലെ എണ്ണ നിറച്ച് തിളപ്പിച്ച് അതിൽ ഈ സ്തുതിഗായകരുടെ മഹാവ്യൂഹത്തെ എറിഞ്ഞ് പൊരിച്ചെടുക്കാൻ പോന്ന അരിശത്തോടെ മഹാപുരോഹിതർ യേശുവിന്റെ നേരെ തിരിഞ്ഞ് അലറി: "ഒന്നു നിർത്താൻ പറ ഈ പരിഷകളോട്."

പറയാനല്ലാതെ ഒന്നും ചെയ്യാൻ അവർക്കാവില്ല. രാജാവിനെ കിട്ടിയ ആഹ്ലാദാധിക്യത്തിലാണു ജനാവലി. ഈ മഹാസൂര്യനെതിരെ ആരെങ്കിലും വിരൽ ചൂണ്ടിയാൽ ശത്രുനിരയെ അരിഞ്ഞു വീഴ്ത്താൻ മടിക്കാത്ത മഹാജനം.

നിലത്തു കിടക്കുന്ന കല്ലുകളിലേക്കു വിരൽ ചൂണ്ടി യേശു മറുപടി നൽകി: "ഇവർ മിണ്ടാതിരുന്നാൽ ഈ കിടക്കുന്ന കല്ലുകൾ ആർത്തട്ടഹസിക്കുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു."

വിരണ്ടു നിൽക്കുന്ന മഹാപുരോഹിതന്മാരുടെ മനസ്സിൽ സഖറിയായുടെ പഴയനിയമപ്രവചനങ്ങൾ കടന്നു വന്നിരിക്കാം.

"ജറുസലേം പുത്രീ, ഭയപ്പെടേണ്ട. ഇതാ നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നെള്ളുന്നു."



www.malankaralibrary.com

പക്ഷേ, ആ പ്രവചനത്തിന്റെ പൂർത്തീകരണമാണിതെന്ന് അവർക്കു വിശ്വസിക്കാനാവുമോ.

ഏറെ നടന്നും പൊടിനിറഞ്ഞ ദേഹം വേർപ്പിൽ കുളിച്ചും പരിശുദ്ധ ദേവാലയത്തിന്റെ നടുമുറ്റത്തു വന്നു നിൽക്കാൻ ധൈര്യപ്പെടുന്ന അധഃകൃതമഹാജനത്തെക്കണ്ട് മുരണ്ടുനില്ക്കുകയാണു ഫരിസേയർ. ക്ഷാളനകർമ്മം ചെയ്യാതെ ദേവാലയത്തിനുള്ളിലേയ്ക്കു തള്ളിക്കയറാൻ ഒരുമ്പെട്ടു നില്ക്കുകയുമാണവർ. ഇതെല്ലാം ഒരൊറ്റ നേതാവിന്റെ പ്രേരകശക്തിയാൽ.

അതുകൊണ്ടാണ് നൈരാശ്യം പൂണ്ട മുറുമുറുപ്പോടെ തമ്മിൽ തമ്മിൽ കോപചേഷ്ടകളോടെ അവരിങ്ങനെ പിറുപിറുത്തത്: "നമ്മളെന്തോ ചെയ്യാനാ, നോക്ക്! ലോകം മുഴുവൻ അവന്റെ പിറകെ ഇറങ്ങിപ്പുറപ്പെട്ടുകഴിഞ്ഞു."


www.malankaralibrary.com

# ഇരുപത്തഞ്ച്

ദുസ്സൂചനകളുടെ നേരിയ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയോ എന്നൊരാശങ്ക. ഓശാനയുടെ രാജകീയവരവേൽപ്പെല്ലാം കെട്ടടങ്ങിയ ഇന്നത്തെ സായാഹ്നത്തിൽ തന്നെ വന്നുകണ്ട വിജാതീയരായ ഏതാനും ഗ്രീക്കുകാരോട് ഗുരുനാഥൻ ചിലകാര്യങ്ങൾ പറഞ്ഞതു മുതലാണ് ശിഷ്യന്മാരുടെ ഈ ആശങ്ക.

ആ വാക്യങ്ങൾ ഇപ്പോഴും ഉള്ളിൽ കിടന്നു മുഴങ്ങുകയാണ്: "ഇതാ മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഗോതമ്പുമണി നിലത്തുവീണ് അഴിഞ്ഞാൽ മാത്രമേ അതിൽ നിന്നും ധാരാളം ഫലങ്ങൾ ഉണ്ടാകുകയുള്ളൂ."

അതുച്ചരിച്ചപ്പോൾ ഗുരുഹൃദയം ഏറെ അസ്വസ്ഥമായിരുന്നെന്നു മുഖം കണ്ടാലറിയാമായിരുന്നു. തപ്തവികാരത്തോടെ മിഴികളുയർത്തി ദയനീയ ശാന്തഭാവത്തിൽ ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്തു.

"പിതാവേ..... ഈ മണിക്കൂറിൽ നിന്നും എന്നെ രക്ഷിക്കേണമേ."

സഹിക്കാനാവാത്തതെന്തെല്ലാമോ ഇനിമുതൽ വന്നു ഭവിക്കാൻ പോകുന്നു എന്നാണ് അതു കേട്ടപ്പോൾ തോന്നിയത്. ഏതോ ദുരന്തകർമ്മപൂർത്തീകരണത്തിനായി അപ്പൻ പറഞ്ഞുവിട്ട മകനെപോലെ ദുഃഖിക്കുകയും അടുത്ത നിമിഷം അതു തിരുത്തി, ആ ധർമ്മപൂർത്തിക്കായി സ്വയം സജ്ജനാവുകയുമായിരുന്നു ഗുരു.

"അല്ല. ഇതിനുവേണ്ടിത്തന്നെയാണല്ലോ ഞാനീ മണിക്കൂറിലേക്കു വന്നു ചേർന്നിരിക്കുന്നത്. അതിനാൽ അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തിയാലും....."

ഉടൻ വെള്ളിടി വെട്ടും പോലൊരു സ്വരം ഉയരത്തിൽ നിന്നുയർന്നു. പണ്ട് ജോർദ്ദാൻ നദിയിലും താബോർ മലയിലും ആയിരുന്നപ്പോൾ മുഴങ്ങിയതു പോലൊരു ഗംഭീര ശബ്ദം. പുത്ര വിലാപം ശ്രവിച്ച് പിതാവരുളിയ വചസ്സുകൾപോലെ.



www.malankaralibrary.com

"ഞാനിതാ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തുകയും ചെയ്യും."

എന്താണീ അശ്ശരീരിയുടെ അർത്ഥമെന്തെന്നറിയാതെ മിഴിച്ചു നിന്ന തങ്ങളോടു ഗുരു മൊഴിഞ്ഞു: "മനുഷ്യപുത്രൻ ഭൂമിയിൽ നിന്നും ഉയർത്തപ്പെടുവാൻ പോകുന്നു. അപ്പോൾ സകല മനുഷ്യരും എന്നിലേയ്ക്ക് ആകർഷിക്കപ്പെടും."

പക്ഷേ, ഇപ്പറഞ്ഞതിന്റെ അർത്ഥവും തങ്ങൾക്കു മനസിലായില്ല. എങ്കിലും മനുഷ്യപുത്രൻ എന്നു സ്വയം വിശേഷിപ്പിക്കുന്ന ഗുരുനാഥൻ എങ്ങോട്ടോ അകന്നുപോകാൻ തുടങ്ങുന്നു എന്നാണു തോന്നിയത്. പക്ഷേ ക്രിസ്തുവതാരമാണു ഗുരു എന്നാണല്ലോ തങ്ങൾ ദൃഢമായി വിശ്വസിക്കുന്നത്. അങ്ങനെയുള്ള ദിവ്യാവതാരത്തിന്, അകന്നുപോകാൻ കഴിയില്ല എന്നല്ലേ പഴയനിയമങ്ങളിൽ പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ പലരും സംശയം പ്രകടിപ്പിക്കുകയും ചെയ്തു.

".....പക്ഷെ, ക്രിസ്തു എന്നേക്കും നിലനിൽക്കുന്നവനാണെന്നാണല്ലോ നിയമപുസ്തകത്തിലുള്ളത്. പിന്നെന്തുകൊണ്ടാണ് മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടതുണ്ട് എന്ന് അവിടുന്ന് പറയുന്നത്?..... അപ്പോൾ..... മനുഷ്യപുത്രൻ എന്നു പറയുന്നവൻ ആരാണ്?"

ദൈവപുത്രൻ എന്ന് യേശു സ്വയം വിശേഷിപ്പിച്ചിട്ടില്ല. മനുഷ്യപുത്രൻ എന്നു മാത്രമേ അറിയപ്പെടാൻ ആഗ്രഹമുള്ളൂ. പക്ഷേ, ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു.

"മനുഷ്യപുത്രനെപ്പോലൊരാൾ വരുന്നത് സ്വപ്നത്തിൽ ഞാൻ കണ്ടു. വയോധികന്റെ മുമ്പിൽ ആനയിക്കപ്പെട്ട മനുഷ്യപുത്രന് അദ്ദേഹം ആധിപത്യവും മഹത്വവും രാജത്വവും കൊടുത്തു. എല്ലാ ജനപദങ്ങളും ഭാഷക്കാരും അവനെ ശുശ്രൂഷിക്കും. അവന്റെ ആധിപത്യം നിത്യമാണ്. അവന്റെ രാജത്വം ഒരിക്കലും അവസാനിക്കുകയുമില്ല."

ഈ പ്രവചനത്തെപ്പറ്റി അറിയാത്തവർ ആരോ ആണ് മുൻ ചോദ്യം ചോദിച്ചത്. പക്ഷേ ആ ചോദ്യം ശ്രദ്ധിക്കാനാവാത്തവിധം ഗുരുഹൃദയം ചിന്താധീനമായിരുന്നു. അതിനാൽ ചുറ്റുമുള്ളവരെ ഗുണദോഷിച്ചു.

"പ്രകാശം കുറച്ചു നേരത്തേക്കു കൂടിയേ നിങ്ങളോടുകൂടി ഉണ്ടായിരിക്കുകയുള്ളൂ. നിങ്ങൾ കൂരിരുട്ടിനു കീഴ്പ്പെടാതിരിക്കാൻ വെളിച്ചം തീരും മുമ്പേ നടന്നുകൊള്ളുവിൻ."



www.malankaralibrary.com

അപ്പോഴും പലരും കരുതി, സൂര്യൻ മറയും മുമ്പേ ബഥാനിയായിലെത്താൻ വേണ്ടി പറയുകയാണെന്ന്. ബഥാനിയായിലെത്തി ലാസറിന്റെ വീട്ടിൽ ഉറങ്ങാൻ കിടന്നപ്പോഴും മനസ്സുനിറയെ ഇതിനെപ്പറ്റിയുള്ള ചിന്തകളായിരുന്നു. ചിന്തിച്ചു കിടന്നു നേരം വെളുപ്പിച്ചു എന്നുമാത്രം.

അതിരാവിലെ എഴുന്നേറ്റ് ഗുരുവിനൊപ്പം ജറുസലേമിലേക്ക് പുറപ്പെടുകയും ചെയ്തു. മാർത്ത രാവിലെ അടുക്കളയിൽ കയറുന്നതിനു മുമ്പെ ഗുരു ഇറങ്ങിക്കഴിഞ്ഞു. വിവരമറിഞ്ഞ അവളും മറിയയും പിന്നാലെ ഓടി വന്നു കേണപേക്ഷിച്ചതാണ്, വല്ലതുംകഴിച്ചിട്ടേ പോകാവൂ എന്ന്. അപ്പത്തിനുള്ള മാവും മറ്റും കുഴച്ച് ഇന്നലെ രാത്രിതന്നെ അവൾ ഒരുക്കി വച്ചതുമാണ്. പക്ഷേ ഗുരുവിന്റെ ഭക്ഷണം പിതൃഹിതം നിറവേറ്റലാണ്. അതിനാൽ വെറും വയറുമായി ഇറങ്ങിത്തിരിച്ചു. എങ്കിലും സഹിക്കാനാവാത്ത വിശപ്പുണ്ട്. ഗുരുവിന്റെ ചിന്താധീനമായ മുഖം കണ്ട് ഇന്നലെയും ഒന്നും കഴിക്കാൻ തോന്നിയില്ല. എങ്കിലും ലാസറും മറ്റും നിർബന്ധിച്ചപ്പോൾ ഒന്നോ രണ്ടോ ബാർലി അപ്പം ഇത്തിരി ചാറിൽ മുക്കി കഴിച്ചു. പിന്നെ നാലഞ്ച് ഈന്തപ്പഴവും.

ഗുരുവിനും വല്ലാതെ വിശക്കുന്നുണ്ടായിരുന്നു. ബഥനിയുടെ അതിർത്തി കഴിഞ്ഞ് ജറുസലേമിലേയ്ക്കു കടക്കുകയാണ്. ദൂരെ മൺപാതയുടെ ഇടത്തു വശത്ത് വാനോളം തഴച്ചുയർന്ന ഒരു കൂറ്റൻ അത്തിമരം.

പിന്നിൽ കൈകൾ കെട്ടി, പട്ടിന്റെ ശിരോവസ്ത്രം ധരിച്ച് ഞെളിഞ്ഞു നിന്ന് ചൂളം കുത്തി വെയിൽ കായുന്ന ഫരിസേയ പ്രമാണിയെ പ്പോലെ. ഹേമന്തത്തിലെ ഉദയസൂര്യരശ്മികൾ തറച്ച് കരിംപച്ച നിറ മാർന്ന അതിന്റെ ഇലച്ചാർത്ത് വെട്ടിത്തിളങ്ങുന്നു. അകലെ വച്ചുതന്നെ യേശുവിന്റെ ദൃഷ്ടികൾ ആശയോടെ ഈ പടുമരത്തിൽ പതിഞ്ഞു. തളിരും പൂവും ഒരുമിച്ചു വിടർത്തുന്ന ഈ മരത്തിൽ വേനൽക്കാലത്തിന്റെ മദ്ധ്യത്തോടെയാണ് അത്തിപ്പഴം സമൃദ്ധമായി കിട്ടുന്നത്. അതായത്. ഈ ഹേമന്തത്തിൽ അത്തിപ്പഴം നന്നേ കുറയും. എങ്കിലും നിരാശപ്പെടേണ്ടി വരില്ല. ഈ ശൈത്യത്തിലും തലപ്പഴങ്ങൾ കാണാതിരിക്കില്ല. വേനലിൽ കിട്ടുന്ന പഴത്തേക്കാൾ സ്വാദുള്ള മേൽത്തരം പഴങ്ങളാവും ഈ ശൈത്യത്തിലുള്ളവ. പക്ഷേ കാറ്റടിച്ച് പാകമാകും മുമ്പേ കായ്കൾ കൊഴിഞ്ഞു പോകരുതെന്നേയുള്ളൂ.

ഗുരുനാഥൻ അത്തിമരത്തിന്റെ അടുത്തെത്തിക്കഴിഞ്ഞു. ആശയോടെ അവിടുത്തെ തന്റെ കണ്ണുകൾ ഒരു പഴത്തിനുവേണ്ടി ആ വൻ വൃക്ഷത്തിന്റെ അടിമുതൽ മുടിവരെ പലതവണ കയറിയിറങ്ങുകയായിരുന്നു.



www.malankaralibrary.com

താഴെ എവിടെയെങ്കിലും പഴം കണ്ടാൽ ചാടിപ്പറിക്കാവുന്നതേയുള്ളൂ. അല്ലെങ്കിൽ കയറുകയോ എറിയുകയോ വേണം. അതിനു തയ്യാറായി ശിഷ്യരും ഗുരുഹിതം ഗ്രഹിച്ച് മരത്തിൽ പരതുകയാണ്.

നടന്നുവന്ന് അത്തിയുടെ ചുവട്ടിൽ നിന്ന് യേശു ഒരു വട്ടം കൂടി ശ്രദ്ധിച്ചുനോക്കി. കമ്പും തടിയും കാണാനാവാത്തവിധം ഇടതൂർന്നു തഴച്ചു വളർന്ന ഇലപ്പടർപ്പുമാത്രം. മരത്തിൽ നിന്നും യേശു ദൃഷ്ടികൾ പറിച്ചെടുത്തു. അതു ശിഷ്യരുടെ പിന്നാലെ കൂട്ടം കൂടി വരുന്ന ഫരിസേയരിൽ തൊടുത്തു. ഗുരു മൂന്നു വർഷത്തിലേറെയായി ഈ ഫരിസേയരിൽ നിന്നും അഥവാ ഇസ്രായേൽ ജാതിയിൽനിന്നും പഴങ്ങൾ തേടുകയാണ്. കഷ്ടം! ഒരൊറ്റ പഴംപോലും ഇന്നോളം കാണാൻ കഴിഞ്ഞില്ല. ഇവരുടെ ഹൃദയത്തിന്റെ ചില്ലകളിൽ സ്നേഹത്തിന്റെ ഒരു പൂവും വിടരുന്നില്ല. പിന്നെങ്ങനെ ഈ യഹൂദച്ചില്ലകളിൽ പഴങ്ങൾ ഉണ്ടാകും! സുഖാസക്തിയുടെ വളം തിന്ന് മറ്റുള്ളവരുടെ കടാക്ഷം കൊതിച്ച് ഈ ബാഹ്യാഡംബര പ്രൗഢികൾ വാരിച്ചുറ്റി വഴിയോരത്ത് ഗർവ്വോടെ ഞെളിഞ്ഞു നിൽക്കാനല്ലേ ഇവർക്കു കഴിയുന്നുള്ളൂ. എന്തിനിങ്ങനെ ഭൂമിക്കു ഭാരമായി വളർന്നു നില്ക്കുന്നു. ഫലരഹിത വൃക്ഷങ്ങളുടെ കടയ്ക്കൽ കോടാലി വയ്ക്കപ്പെട്ടിരിക്കുന്നു എന്നല്ലേ പ്രവചനം. അവ വെട്ടി തീയിൽ എറിയപ്പെടുകയും വേണമല്ലോ. അതിനാൽ തന്റെ കണ്ണിൽ ഇതു വെറുമൊരു അത്തിമരമല്ല, ഇസ്രായേലിന്റെ പ്രതീകം.

ഉടൻ ഗുരുദൃഷ്ടികൾ അവസാനമായി ആ വൻ വൃക്ഷത്തിൽ പതിച്ചു, ഉഗ്രമായൊരു ശാപവചസ്സോടെ: "ഇനി ഒരിക്കലും നിന്നിൽ പഴങ്ങൾ ഉണ്ടാകാതെ പോകട്ടെ."

വേരുമുതൽ മരത്തിന്റെ നെറുകവരെ ആ ശാപവാക്യം അഗ്നിപോലെ എരിഞ്ഞു കയറി. നാലുഭാഗത്തേക്കും വിരിച്ചുനിന്ന ചില്ലകൾ തോറും അതു പടർന്നു കത്തി. തൽക്ഷണം നിശേഷം അതുണങ്ങിച്ചുരുണ്ടു.

കാറ്റിൽ നൃത്തമാടി ചൂളം കുത്തിനിന്ന മരച്ചില്ലകളിൽ ഇപ്പോൾ വരണ്ട ഗദ്ഗദം. ശിഷ്യർ തരിച്ചു നിന്നുപോയി.

ഫരിസേയരുടെ ഉള്ളിൽ രോഷം തിളച്ചുയർന്നു. അവരെ ക്രുദ്ധനായി നോക്കിയശേഷമാണ് മരത്തിനു നേരെ ഗുരു തിരിഞ്ഞത്. അതിനാൽ ഈ ശാപവും തങ്ങളും തമ്മിൽ എന്തോ ചേർച്ചയുണ്ടെന്ന് സൂക്ഷ്മദൃക്കുകളായ അവർക്കറിയാം. ഇനിമേലിൽ ഒരു ശാപവാക്കും ഉച്ചരിക്കാനാവാത്ത വിധം ഈ നസ്രായനെ എന്തു ചെയ്യണമെന്നും അവർക്കറിയാം. പക്ഷേ



www.malankaralibrary.com

അതിപ്പോൾ വേണ്ട. പരസ്യമായൊന്നും ധൃതിയിൽ ചെയ്തു കൂടാ. അങ്ങനെ ചെയ്താൽ പൊതുജന സമക്ഷം തങ്ങൾ ക്രൂരന്മാരാകും. പ്രത്യേകിച്ചും ജനലക്ഷങ്ങൾ ജറുസലേമിൽ ഒത്തുചേരുന്ന ഈ പെസഹാപ്പെരുനാളിൽ.

അത്രയേറെ ജനസമ്മതിയുള്ളവനാണല്ലോ ഈ ഗുരു. അതിനാൽ വളരെ തന്ത്രപരമായ ഒരു രഹസ്യപദ്ധതി ആവശ്യമാണ്. അതു മെനഞ്ഞു കൊണ്ടിരിക്കുകയാണല്ലോ സാൻഹെദ്രിൻ സഭ.

എല്ലാ പെസഹാതിരുനാളിലും എന്നപോലെ ഇത്തവണയും പെരുനാൾ തീരും വരെ ഈ ദിവ്യപ്രബോധകൻ ജറുസലേമിൽത്തന്നെ ഉണ്ടാകും എന്നവർക്കു ബോദ്ധ്യമുണ്ട്. നേരിട്ട് ആക്രമിക്കുന്നതു തന്ത്രപരമല്ല. ഇപ്പോൾ അനുകൂലികളായി കൂടെ നടക്കുന്ന മഹാജനത്തെത്തന്നെ ശത്രുക്കളാക്കി മാറ്റാൻ കഴിഞ്ഞാൽ പിന്നിദ്ദേഹത്തിനു അടി ഇളകും. അതൊരു വലിയ പതനത്തിനു വഴിയൊരുക്കും. അങ്ങനെ ഈ ദുഃശകുനം എന്നേയ്ക്കുമായി ഇല്ലാതാവുകയും ചെയ്യും.

പക്ഷേ ജനാവലിയുടെ മുമ്പിൽ ഇദ്ദേഹത്തെ അപഹാസ്യനാക്കേണ്ടത് എങ്ങനെയാണ്?

അങ്ങനെ ചിന്തിച്ചു തലപുണ്ണാക്കിയിരിക്കുമ്പോഴാണ് പ്രധാന പുരോഹിതന്മാർക്കും നിയമജ്ഞന്മാർക്കും ഒരവസരം വീണുകിട്ടിയത്.

ദേവാലയ മണ്ഡപത്തിൽ പ്രബോധനത്തിൽ മുഴുകി ഗുരു ഇരുന്നു കഴിഞ്ഞു. അധികാരത്വത്തിന്റെ മുഴക്കമുള്ള പ്രബോധനം. ഉടൻ അവിടേയ്ക്കു കടന്നുവന്ന ഫരിസേയ പ്രമാണിമാരുടെ സ്വരമുയർന്നു. സർവ്വാധികാരിയെ പോലെ പ്രബോധിപ്പിക്കുന്ന യേശുവിന്റെ ശൈലിയിൽ അരിശപ്പെട്ടുള്ള ചോദ്യം: "താങ്കൾ ഇതൊക്കെ ചെയ്യുന്നത് എന്തധികാരത്തിലാണ്? ഈ അധികാരമെല്ലാം നിങ്ങൾക്ക് ആരാണ് തന്നത്?"

മണ്ഡപത്തിന്റെ ഇടതുവശത്തു നിരന്നു നിന്നു ചോദ്യശരം തൊടുത്തു വിടുന്നവരെ യേശു തലതിരിച്ചൊന്നു നോക്കി. എങ്ങനെയെങ്കിലും തന്നെ വീഴ്ത്താനുള്ള ചോദ്യമാണിതെന്നു വ്യക്തം.

പക്ഷേ അതിനുള്ള മുറപടി പറയാനല്ല ഭാവം, ഒരു മറുചോദ്യം എറിയാനാണ്. അതിങ്ങനെ അവതരിപ്പിച്ചു: "ഞാനും നിങ്ങളോടൊന്നു ചോദിക്കാം. നിങ്ങൾ എന്നോടുത്തരം പറയണം. അപ്പോൾ ഞാനും പറയാം."



www.malankaralibrary.com

“ശരി എന്താണു താങ്കളുടെ ചോദ്യം?”

അനിഷ്ടകരമായ പ്രതികരണം. എങ്കിലും ജനാവലിയുടെ മുമ്പിൽ ഉത്തരം മുട്ടാതിരിക്കാനായി ചോദ്യം ശ്രദ്ധയോടെ കേൾക്കുകയാണവർ.

“സ്നാപകന്റെ ജ്ഞാനസ്നാനം സ്വർഗ്ഗത്തിൽനിന്നോ മനുഷ്യരിൽ നിന്നോ?”

ഫരിസേയ മുഖങ്ങൾ പെട്ടെന്നു മങ്ങി. കുഴയ്ക്കുന്നൊരു ചോദ്യമാണിത്. എന്തുത്തരം പറയും എന്നമട്ടിൽ അവർ അന്യോന്യം നോക്കി. എന്തു പറഞ്ഞാലും അതു ‘വടികൊടുത്ത് അടിവാങ്ങുന്നതിനു തുല്യമാകരുത്.’ ജനങ്ങളുടെ മുമ്പിൽ പതറിപ്പോകരുത്. എങ്കിൽ യേശുവിന്റെ ജനപ്രീതി അതിനാൽ ഏറുകയേയുള്ളൂ. അപ്പോൾ എന്തു മറുപടി കൊടുക്കണം?

‘സ്വർഗ്ഗത്തിൽനിന്ന്’ എന്നുത്തരം പറഞ്ഞാലോ?

എങ്കിൽ ഉടൻ അദ്ദേഹം ഇങ്ങനെ ചോദിക്കും ‘പിന്നെന്തുകൊണ്ട് നിങ്ങൾ സ്നാപകയോഹന്നാനെ വിശ്വസിച്ചില്ല!’ അതിനു തങ്ങൾക്കുത്തരമുണ്ടാവില്ല. ദൈവനിഷേധികൾ എന്നുപോലും ഈ മറുപടിയുടെ അടിസ്ഥാനത്തിൽ ജനം തങ്ങളെ വിളിച്ചാക്ഷേപിക്കും.

അതിനാൽ, അതുപറയേണ്ടാ. പിന്നെന്തുപറയും?

‘മനുഷ്യരിൽ നിന്ന്’ എന്നുത്തരം കൊടുത്താലോ?

പക്ഷേ അതും വലിയ കുഴപ്പമാകും. കാരണം, ജനങ്ങളെല്ലാം വിശ്വസിക്കുന്നത് പ്രവാചകശ്രേഷ്ഠനായ യോഹന്നാന്റെ ജ്ഞാനസ്നാനം സ്വർഗ്ഗീയമാണെന്നു തന്നെയാണ്.

അപ്പോൾപിന്നെ ഇങ്ങനെ പറയുകയേ നിവൃത്തിയുള്ളൂ. നിസ്സഹായാവസ്ഥ മറച്ചുപിടിച്ച് ധാർഷ്ട്യത്തോടെ അവർ പറഞ്ഞു: “ഞങ്ങൾക്കറിഞ്ഞുകൂടാ.”

ഒരു നറുപുഞ്ചിരി പൂത്ത ചുണ്ടിണകളോടെ ഗുരുവും പറഞ്ഞു: “എങ്കിൽ ഞാനും നിങ്ങളോടു പറയുന്നില്ല, എന്തധികാരത്താലാണ് ഞാനിതെല്ലാം പ്രവർത്തിക്കുന്നതെന്ന്.”

അടിയേറ്റ വിഷസർപ്പങ്ങളെപോലെ ഫരിസേയർ നിന്നു.

പകനിറഞ്ഞ ഫണങ്ങളുയർത്തി അവസരം പാർത്തിരിക്കുന്ന ഫരിസേ



www.malankaralibrary.com

യർ കേൾക്കാനായിത്തന്നെ ജനങ്ങളോട് ഒരുപമ ഉറക്കെ പറഞ്ഞു തുടങ്ങുകയാണു ഗുരു.

ആർക്കും സുവ്യക്തമാകത്തക്ക വിധം അനുയോജ്യങ്ങളായ സദൃശ്യങ്ങൾ ഉപയോഗിച്ച്, ദൈവത്തിന്റെ കൃഷിഭൂമിയായ ഇസ്രായേലിൽ നിന്ന് വിളവു കൊയ്യാൻ പിതാവ് അയച്ച പ്രവാകന്മാർക്കെല്ലാം അതിന്റെ കൃഷിക്കാരായ ഈ യഹൂദമേധാവിത്തം എന്താണു സമ്മാനിച്ചതെന്നു വ്യക്തമാക്കുന്ന മനോഹരാഖ്യാനം.

"ഒരാൾക്ക് ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അയാൾ അതു കൃഷിക്കാരെ ഏൽപ്പിച്ച് അവിടെ നിന്നും വളരെ നാളത്തേയ്ക്കുപോയി. വിളവെടുപ്പിന്റെ കാലമായപ്പോൾ യജമാനൻ തന്റെ ഒരു സേവകനെ കൃഷിത്തോട്ടത്തിലേക്കു വിട്ടു. കൃഷിക്കാർ പക്ഷെ, അവനെ അടിച്ചോടിച്ചു.

വീണ്ടും മറ്റൊരാളെ അയച്ചു. അവനോടും കൃഷിക്കാർ ക്രൂരമായി പെരുമാറി.

മൂന്നാമതൊരാളെ കൂടി യജമാനൻ അയച്ചു. കല്ലെടുത്തെറിഞ്ഞ് തോട്ടത്തിനു പുറത്തേക്കു അയാളെ ഓടിച്ചുവിട്ടു.

ഏറ്റം ഒടുവിൽ യജമാനൻ നിശ്ചയിച്ചു. ഇനി ഭൃത്യന്മാരെ വിടണ്ട. തനിക്ക് ഒരു പുത്രനുണ്ടല്ലോ. ഒരേ ഒരു പുത്രൻ. അവനെ അയയ്ക്കാം. കൃഷിക്കാർ അവനെ മാനിക്കാതിരിക്കില്ല. അങ്ങനെ ഏകജാതൻ മുന്തിരിത്തോട്ടത്തിലേയ്ക്ക് അയയ്ക്കപ്പെട്ടു. എന്നാൽ കൃഷിക്കാർ ഒത്തുകൂടി ഗൂഢാലോചന നടത്തി.

"ഇവനാണ് അവകാശി. ഇവനെ കൊന്നാൽ അവകാശം നമ്മുടേതാകും."

അവർ ഏകജാതനെ കൊന്ന് തോട്ടത്തിനു പുറത്ത് എറിഞ്ഞു കളഞ്ഞു. ഇതറിഞ്ഞ യജമാനൻ എരിയുന്ന കോപാഗ്നിയോടെ മുന്തിരിതോപ്പിലേയ്ക്കു സ്വയം ഇറങ്ങിവന്നു. ദുഷ്ടകർഷകരെ മുഴുവൻ അപ്പോൾ തന്നെ കൊന്നുകളഞ്ഞു. മുന്തിരിത്തോട്ടം വേറെ കർഷകരെ ഏല്പിക്കുകയും ചെയ്തു."

ഇതു പറയുമ്പോൾ, അയക്കപ്പെട്ട ആ ഭൃത്യരിൽ ഒരുവനായ യോഹന്നാൻ സ്നാപകന്റെ ചോരയിൽ കുളിച്ച മുഖം യേശുവിന്റെ ഉള്ളിൽ തെളിഞ്ഞിരിക്കാം.

ഇതുപറയുമ്പോൾ, പ്രവാചകനായ ഭൃത്യന്മാർക്കു ശേഷം അയയ്ക്കപ്പെട്ട താനാകുന്ന ഏകപുത്രന്റെ അചിന്ത്യമായ സഹനനിമിഷങ്ങളെപ്പറ്റിയും ചിന്തിച്ചിരിക്കാം.



www.malankaralibrary.com

# ഇരുപത്താറ്

ഏതു ചൂണ്ടയിലാണ് ഈ വമ്പൻ മത്സ്യം കുടുങ്ങുക? അഥവാ, എങ്ങനെ ചൂണ്ടയെറിഞ്ഞാലാണ് പിടിക്കാനാവുക?

ഓരോ പരീക്ഷണത്തിനു പിന്നിലും ഫരിസേയരുടെ ചിന്ത ഇതു മാത്രം. അങ്ങനെയാണിപ്പോൾ അന്തിപ്പാസ് രാജാവിന്റെ ചാരന്മാരെ കൂട്ടി യേശുവിന്റെ മുമ്പിൽ അവർ വന്നു നില്ക്കുന്നത്. ഇന്നലത്തെ, മുന്തിരി ത്തോട്ടത്തിന്റെ ഉപമകേട്ട് അവരുടെ രോഷം എരിയുകയാണ്.

ഇത്തവണ ഒരു രാഷ്ട്രീയപ്രശ്നം ഉന്നയിച്ചു കുടുക്കാനാണ് പരിപാടി. എന്നാൽ ഈ ഗൂഢോദ്ദേശ്യം യേശു അറിയുകയുമരുത്. അതിനാൽ 'നല്ല പിള്ള' ചമഞ്ഞ് ഭയാദരവുകളുടെ നാട്യഭാവമണിഞ്ഞ മുഖങ്ങളുമായി ദേവാലയമണ്ഡപത്തിൽ അവരെത്തി. പറഞ്ഞു തുടങ്ങിയതും വളരെ ഭവ്യതയോടെ തന്നെ.

"ഗുരുനാഥാ..... അവിടുന്ന് സത്യവാനാണെന്നു ഞങ്ങൾക്കറിയാം. ആരുടെയും മുഖം നോക്കാതെ നിർഭയനായി ദൈവത്തിന്റെ വഴി പഠിപ്പിക്കുന്നവനാണെന്നും അറിയാം. അതിനാൽ ഒരു സംശയം ചോദിച്ചോട്ടെ......?"

പീഠത്തിൽ നിവർന്നിരുന്നു ശലോമോന്റെ മണ്ഡപത്തിലിരിക്കുന്ന ജനാവലിയെ നോക്കി പ്രതീകാത്മക വിവരണങ്ങളിലൂടെ നിത്യജീവന്റെ വചസുകൾ ഒഴുക്കിക്കൊണ്ടിരുന്ന ഗുരു, സ്വരംകേട്ട വശത്തേയ്ക്കു തിരിഞ്ഞു. ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളെ കണ്ടു. അവരുടെ മനസിന്റെ കുടിലത അറിഞ്ഞു. എങ്കിലും സൗമ്യനായി പറഞ്ഞു: "ചോദിക്കുക."

വീര്യചിത്തരായ ചാരന്മാർ ചോദ്യമെറിഞ്ഞു: "സീസർ ചക്രവർത്തിക്കു നികുതി കൊടുക്കുന്നതു നിയമപരമായി ന്യായമോ അന്യായമോ?"

'ന്യായം' എന്നുപറഞ്ഞാൽ ജനങ്ങളെല്ലാം തനിക്കെതിരെ തിരിയും. കാരണം സാധാരണക്കാരായ അവർ നികുതി കൊടുക്കുന്നതിൽ വിമുഖരാണ്. അന്യായം എന്നു പ്രസ്താവിച്ചാൽ അത് ഇവിടം ഭരിക്കുന്ന റോമാ പ്രതിനിധിക്ക് എതിരായുള്ള കുറ്റമായി തെളിയിക്കപ്പെടും. തൊട്ടടുത്തുള്ള അന്തോണിയാക്കോട്ടയിൽ നിന്നും പടയാളികൾ ഉടൻ പാഞ്ഞെത്തി, തന്നെ



www.malankaralibrary.com

വിലങ്ങുവച്ചു കൊണ്ടുപോകാം.

ലോകത്തിന്റെ അധികാരികളെ പുച്ഛിക്കുന്ന യേശു, ഇവിടെയും അങ്ങനെയേ ചെയ്യാൻ തരുമുള്ളൂ എന്നാണ് ചാരന്മാരുടെ പ്രതീക്ഷ. അങ്ങനെ സീസർ ചക്രവർത്തിക്കെതിരെ എന്തെങ്കിലും പ്രസ്താവിച്ചാൽ, ഉടൻ പോയി അക്കാര്യം പെന്തിയോസ് പീലാത്തോസിനെ അറിയിക്കാൻ വെമ്പി നിൽക്കുകയാണവർ. സീസർ ചക്രവർത്തിയുടെ പ്രതിനിധിയാണല്ലോ പീലാത്തോസ്.

പക്ഷെ ഭാവപ്പകർച്ച തീരെയില്ലാതെ യേശു ആവശ്യപ്പെട്ടു: "നിങ്ങൾ നികുതി കൊടുക്കാറുള്ള നാണയം എന്നെ ഒന്നു കാണിക്കൂ."

അവർ വേഗം മേലങ്കി വകഞ്ഞുമാറ്റി കുപ്പായത്തിന്റെ ഇടക്കെട്ടഴിച്ച് മടിശീലയിലേക്കു കൈ കടത്തി. കിലുകിലാരവത്തോടെ പരതി ഒരു വെള്ളി ദേനേറാ എടുത്തുപിടിച്ച് ഒരു കുതിപ്പിന് ഗുരുവിന്റെ മുമ്പിൽ വന്ന് നീട്ടിക്കൊടുത്തു. അതു വാങ്ങാതെ തന്നെ അവരോടു ചോദിച്ചു: "അതിൽ ആലേഖനം ചെയ്തുവച്ചിരിക്കുന്ന രൂപവും പേരും ആരുടേതാണ്?"

ഏതൊരു പാലസ്തീനക്കാരനും അതറിയാം. എങ്കിലും പൂർണ്ണ ബോദ്ധ്യത്തിനുവേണ്ടി രാജചാരൻ വെള്ളിനാണയം ഉള്ളം കയ്യിൽവച്ച് തിരിച്ചും മറിച്ചും നോക്കി. ഒരു വശത്ത് റോമാസാമ്രാജ്യാധിപൻ അഗസ്റ്റസ് സീസർ ചക്രവർത്തിയുടെ മുഖം. ആ രൂപത്തിനു ചുറ്റും ചക്രവർത്തിയുടെ പേരും. അയാൾ ഉത്തരം കൊടുത്തു: "സീസറിന്റേതു തന്നെ."

യേശു സ്ഥിരീകരിച്ചു: "സീസറിന് അവകാശപ്പെട്ടതു സീസറിനും ഈശ്വരന് അവകാശപ്പെട്ടത് ഈശ്വരനും കൊടുക്കുക."

പ്രശ്നങ്ങളുടെ കാർമേഘം ആ മറുപടിക്കാറ്റിൽ പറന്നുപോയി. റോമാക്കാരെ തുരത്തി ഇസ്രായേലിന്റെ ഭരണം പിടിച്ചെടുത്ത് ജറുസലേമിൽ അധികാരക്കൊടി ഉയർത്തുകയല്ല തന്റെ ലക്ഷ്യമെന്ന് ഈ മറുപടിയിലൂടെ യേശു വ്യക്തമാക്കുകയായിരുന്നു.

ഒരിക്കൽ കൂടി ശത്രുപക്ഷം പത്തിചുരുക്കി പിൻവാങ്ങി. ദേവാലയത്തിനുള്ളിൽ നേർച്ചയിടാനുള്ള സമയമായി. യഹൂദരെ സംബന്ധിച്ച് നേർച്ചസമർപ്പണം ഒരാത്മീയധർമ്മം എന്നതിലുപരി സമൂഹദൃഷ്ടിയിൽ തങ്ങളുടെ ജീവിതനിലവാരം അനാവരണം ചെയ്യാനുള്ള കർമ്മമുഹൂർത്തമാണ്. അതുകൊണ്ടുതന്നെ നേർച്ചപ്പെട്ടിയെ ലക്ഷ്യമാക്കിയുള്ള നീണ്ട നിരയിൽ വല്ലാത്ത തിക്കും തിരക്കും. നീണ്ട തൊങ്ങലുകളുള്ള പട്ടുധരിച്ച്



www.malankaralibrary.com

ഞെളിഞ്ഞു നിൽക്കുന്ന അവരുടെ കയ്യിൽ വിലകൂടിയ നാണയങ്ങൾ. തങ്കത്തിലും വെള്ളിയിലുമുള്ളവ. മറ്റുള്ളവർ കാണത്തക്കവിധം ആ നാണയങ്ങൾ ഒരു കയ്യിൽ നിന്നും മറ്റേകയ്യിലേക്കു പകർന്നും കയ്യിലിട്ടു കുലുക്കി സ്വരമുയർത്തിയും നേർച്ചപ്പെട്ടിയോടടുക്കുകയാണവർ.

നാണയങ്ങൾ പെട്ടിയിലിടും മുമ്പ്, എല്ലാവർക്കും തന്റെ സാമ്പത്തിക ഭദ്രതയെപ്പറ്റി ബോദ്ധ്യമായല്ലോ എന്ന മട്ടിൽ ചുറ്റുമുള്ളവരെ നോക്കി, ഒന്നു ഹസിച്ച്, ഓരോ നാണയവും എടുത്തുയർത്തി, കൂറ്റൻ പെട്ടിയുടെ നേർച്ച വാതിലിലൂടെ താഴേക്കിട്ട്, അപ്പോഴുയരുന്ന കിലുകിലു ശബ്ദം ആസ്വദിച്ച് കടന്നുപോകുന്ന ഫരിസേയകുബേരന്മാർ. എത്രയേറെ കിലുകിലു ശബ്ദം മുഴങ്ങുന്നുവോ അത്രയേറെ ദേവപ്രീതി തങ്ങൾക്കു സംലബ്ധമാകും എന്നാണവരുടെ ഭാവം. കൈനിറയെ പണം വാരി ഇടുന്ന ധനാഢ്യരെ ആശ്ലേഷിച്ചു ചുംബിച്ചഭിനന്ദിക്കാൻ നേർച്ചപ്പെട്ടിയുടെ അരികിൽതന്നെ ഫരിസേയ പ്രമാണിമാരും പുരോഹിതരും കൂട്ടം ചേർന്നു നില്പുണ്ട്. അവർ അത്തരം പ്രകടനങ്ങൾ പണക്കൊഴുപ്പിന്റെ പ്രൗഢമുഖങ്ങളിൽ അനുസ്യൂതം തുടരുകയാണ്.

യേശു ഇതെല്ലാം സസൂക്ഷ്മം വീക്ഷിച്ച് നേരെ എതിർ ദിശയിലുള്ള പീഠത്തിൽ ഇരിക്കുകയാണ്. ആരെല്ലാം എത്രവീതം നേർച്ചയിടുന്നു എന്ന് ഇവിടിരുന്നാൽ കാണാം. അപ്പോഴതാ ഒരു ദുഃഖപുത്രി, തന്റെ ഊഴമായപ്പോൾ നേർച്ചവഞ്ചിയുടെ മുമ്പിൽ. വിലകുറഞ്ഞ പരുക്കൻ വെള്ളത്തുണിയാൽ ഉടലും ശിരസും മറച്ച ഒരു വിധവ. വേഷം കൊണ്ടും ഭർത്തൃവിയോഗവിഷാദം ചൂഴ്ന്ന മുഖഭാവം കൊണ്ടും താനൊരു വിധവ എന്നു ഗ്രഹിച്ച ഫരിസേയർ, മധുരപ്പായസത്തിൽ കല്ലുകടിച്ച ഭാവത്തിൽ അവളെനോക്കി. വിധവയും വന്ധ്യയും മറ്റും യഹൂദ ദൃഷ്ടിയിൽ ശപ്തരാണല്ലോ. ശിരോവസ്ത്രത്തിന്റെ ഒരു വശം കൊണ്ട് വിഷാദമുഖം പാതി മറച്ച് അകാല നര കടന്നു കയറിയ തല തെല്ലുതാഴ്ത്തി ആരും കാണരുതേ എന്നാശിച്ച് ചുരുട്ടിപ്പിടിച്ച വലം കരത്തിൽ സൂക്ഷിച്ചിരുന്ന തുട്ടുകൾ അവൾ പെട്ടിയിൽ ഇട്ടു. ഏറ്റം വിലകുറഞ്ഞ രണ്ടു ചെമ്പു തുട്ടുകൾ.

അതുകണ്ട് ഗുരു പൊടുന്നനെ എഴുന്നേറ്റു. സകലരുടേയും ശ്രദ്ധ ആകർഷിക്കാൻ ഇരുകരങ്ങളും ചേർത്തടിച്ച് വലം കൈ ആ വിധവയുടെ നേരെ അനുഗ്രഹപൂർവ്വം നീട്ടി ഉച്ചത്തിൽ പറഞ്ഞു: "ഇതാ ഈ സാധു വിധവ മറ്റാരെക്കാളും അധികമായി ഇവിടെ നിക്ഷേപിച്ചിരിക്കുന്നു."

ഭണ്ഡാരമണ്ഡപത്തിൽ ഈ ശബ്ദം കേട്ടു സകലരും തരിച്ചുനിന്നു പോയി. വനിതാ മണ്ഡപത്തിൽ സ്ത്രീകളും ഉറ്റുനോക്കിയിരുന്നു. അക്കൂട്ട



www.malankaralibrary.com

ത്തിൽ നീല ശിരോവസ്ത്രമണിഞ്ഞ തന്റെ അമ്മയെ യേശു കണ്ടു. അഗ്രാഹ്യരഹസ്യഭാവം ചൂഴ്ന്നെരിയുന്ന പുത്രന്റെ നില്പും ഭാവവും കണ്ട് നെഞ്ചിൽ ഇരുകരങ്ങളും ഒരു പ്രാർത്ഥനാകർമ്മം പോലെ അർപ്പിച്ച് ആർദ്ര മിഴികളോടെ നോക്കി നിൽക്കുകയാണ് അമ്മ. ഒരു വിധവയെ പൊതുജന സമക്ഷം ശ്ലാഘിക്കുക വഴി തന്റെ വൈധവ്യദുഃഖത്തിൽ ശീതളഔഷധം ഇറ്റിക്കുകയല്ലേ ഈ ഏകജാതൻ എന്നാശ്വസിക്കുകയാണ് അമ്മ. വേശ്യ കളെ സമാധാനിപ്പിക്കുക വഴി, വിവാഹമോചനനിയമം തിരുത്തിയെഴുതുക വഴി പാലസ്തീനിലെ സ്ത്രീ ജനങ്ങളുടെ ആരാധ്യ മൂർത്തിയായവനാണ് ഇന്നിവിടെ ഒരു വിധവയുടെ പക്ഷം ചേരുന്നത്. കടിച്ചു കീറാൻ വെമ്പി നില്ക്കുന്ന ക്രൂദ്ധഫരിസേയവ്യാഘ്രങ്ങൾക്കു മുമ്പിലും ആ കുഞ്ഞാട് നിർഭയനായിരുന്നു. എങ്കിലും താൻമൂലം ദേവാലയത്തിലെ കർമ്മാനുഷ്ഠാ നങ്ങളൊന്നും തടസ്സപ്പെട്ടുകൂടായെന്നു നിഷ്ഠയുള്ളതിനാൽ അവിടെ നി ന്നെഴുന്നേറ്റു. സ്ത്രീകളുടെയും പുറജാതികളുടെയും മണ്ഡപങ്ങൾ കടന്നു പള്ളിയുടെ മുറ്റത്തേയ്ക്കിറങ്ങി. അവിടെ നിലകൊള്ളുന്ന ഉപസൗധങ്ങളും കടന്ന് കുത്തിറക്കമായ കെദ്രോൺ താഴ്വരയിലേയ്ക്കുള്ള പടികൾ ചവുട്ടി ഇറങ്ങി. ഒപ്പം ശിഷ്യരും. ഗുരുവിന്റെ പ്രബോധനങ്ങളിൽ ഈയിടെയായി നിഴലിച്ചു കാണുന്ന ഏതോ അഗ്രാഹ്യമായൊരു നൊമ്പരത്തിന്റെ ഛായ ശിഷ്യമനസുകളിലും പടർന്നു കഴിഞ്ഞിരുന്നു. അതിനാൽ ഗുരുവിന്റെ പിന്നിൽ ചിന്താഭാരത്താൽ തലകുനിച്ച് അവർ നടക്കുകയാണ്. എന്നാൽ യൂദായ്ക്കു മാത്രം ഭാവഭേദമില്ല. തന്റെ ഗുരു അതിശക്തനാണെന്നയാൾ ക്കറിയാം. മൂന്നു കൊല്ലങ്ങൾക്കു മുമ്പ് ജറുസലേം ദേവാലയത്തിൽ കയറു ചുഴറ്റി കച്ചവടക്കാരെ ആട്ടിപ്പായിച്ച ആ കരുത്തൻ തന്നെയാണിപ്പോഴും തന്റെ ആരാദ്ധ്യൻ.

പിന്നെ, നെടുവീർപ്പിടുകയും, നിസ്സഹായനെ പോലെ വിലപിക്കുക യും മറ്റും ചെയ്യുന്നത് തന്റെ രാജകീയരാജ്യം സ്ഥാപിക്കുന്നതിന്റെ മുന്നോ ടിയായിട്ടുള്ള ചില അടവുകളായിരിക്കും. അതിനാൽ അത്തരം ദുരൂഹാശ യങ്ങളുടെ പൊരുളിനെപ്പറ്റിയൊന്നും ഓർത്തു താൻ നേരം കൊല്ലാറുമില്ല.

അതിനാൽ നൂറ്റമ്പതടി താഴ്ചയുള്ള കെദ്രോൺ താഴ്വാരത്തിലേയ് ക്കു പടിയിറങ്ങുമ്പോൾ യൂദായുടെ ദൃഷ്ടികൾ ചുറ്റുപാടുകളിൽ പരതിക്കൊ ണ്ടിരുന്നു. ഈ കെദ്രോൺ താഴ്വരയിൽ നിന്ന് കെട്ടിയുയർത്തിയ ബലി ഷ്ഠമായ കൂറ്റൻ അടിത്തറയുടെ മുകളിലാണ് ദേവാലയത്തിന്റെ ചുറ്റുമുള്ള മഹാസൗധങ്ങളും അങ്കണങ്ങളിൽ കാണുന്ന ഉപഗോപുരങ്ങളും. അടിത്ത റക്കല്ലുകളുടെ വലുപ്പം യൂദാ ഗണിച്ചുനോക്കി. അയാൾക്കങ്ങനെ ഒരു സ്വഭാ വമുണ്ട്. ഏന്തു വിഷയം കിട്ടിയാലും അതിന്റെ കണക്കെടുക്കണം. കുറെ



www.malankaralibrary.com

നാൾ മുമ്പ് ഗുരുപാദങ്ങളിൽ ഒരുത്തി വിലകൂടിയ നാർദ്ദീൻ പരിമള തൈലം ഒഴിച്ചിരുന്നല്ലോ. അപ്പോൾ അത്തരം ഒരു ചെപ്പ് നാർദ്ദീൻ തൈലത്തിന്റെ വില മുന്നൂറു ദേനേറായെന്ന് ഉടൻ ഇയാൾ കണക്കുകൂട്ടി കണ്ടു പിടിച്ചു. അതുപോലെ ഈ അടിക്കല്ലൊന്നിന് കുറഞ്ഞത് ഇരുപത് അടിയെങ്കിലും നീളമുണ്ടാകുമെന്നു കണക്കുകൂട്ടി.

കിഴക്കോട്ടുള്ള കുത്തിറക്കമിറങ്ങി കെദ്രോൺ താഴ്‌വരയും കെദ്രോൺ തോടിനുമുകളിലുള്ള തടിപ്പാലവും കടന്ന് രണ്ടു മൈൽ നടന്ന് ഒലിവുമല യിലെത്തുകയാണു ഗുരുനിശ്ചയം. പകൽ മുഴുവൻ ദീർഘിക്കുന്ന പ്രഭാഷ ണൾക്കു ശേഷം ദേവാലയമണ്ഡപം വിട്ട് ഇതുവഴി ഇറങ്ങി ഒലിവു മലയി ലെ ഗത്സമനിത്തോട്ടത്തിൽ അന്തിഉറങ്ങുകയുമാണല്ലോ, ഈ പെസഹാ വാര പരിപാടി. ഇക്കഴിഞ്ഞ ഞായറാഴ്ച മുതൽ ഇന്നലെ വരെ ഈ പതിവു തുടർന്നു.

ഒലിവുമലയിലേയ്ക്കുള്ള കയറ്റത്തിൽ നിന്ന് മോറിയാ മലമുകളിൽ സന്ധ്യാസൂര്യന്റെ തങ്കരശ്മികൾ പതിച്ച് വെട്ടിത്തിളങ്ങുന്ന ജറുസലേം ദേവാലയം യൂദാ നോക്കിനിന്നു. ദേവാലയമദ്ബഹായും അന്തോണിയാ ക്കോട്ടയുമാണ് ഇവിടെ നിന്നാൽ വ്യക്തമായി കാണാൻ കഴിയുക. ഹേറോദേസ് രാജാവ് തന്റെ കൂട്ടുകാരനായ അന്തോണിയോവിന്റെ പേരിൽ പടുത്തുയർത്തിയ ശക്തിയുടെ പര്യായമായ അന്തോണിയാ കോട്ട കണ്ട് യൂദാ രോമാഞ്ചം കൊണ്ടു. കല്ലുകൾ അതിമനോഹരങ്ങളായി കൊത്തി അടുക്കി പടുത്തുയർത്തിയ ദേവാലയത്തിന്റെ കാവൽ നിലയമെന്നവണ്ണം ആ കോട്ടക്കൊത്തളം നിലകൊള്ളുകയാണ്.

അങ്കണം നിറയെ വൃക്ഷങ്ങളുള്ള ദേവാലയത്തിന്റെ കെട്ടും മട്ടും ആർത്തിപൂണ്ട കണ്ണുകളോടെ നോക്കിനിന്ന യൂദാ ഗുരുവിനു നേരെ തിരി ഞ്ഞ് ആവേശത്തോടെ പറഞ്ഞു: "നോക്കൂ ഗുരോ! എന്തൊരു വലിപ്പമുള്ള അടിക്കല്ലുകൾ, ആ ഗോപുരങ്ങൾ എത്ര അതിശയകരമായിരിക്കുന്നു."

അതുകേട്ട് മറ്റു ശിഷ്യരും, ഒലിവുമല കയറുന്നതിനിടയിൽ തിരിഞ്ഞു നിന്ന് രണ്ടുമൈൽ പടിഞ്ഞാറ് അന്തിവെയിലിന്റെ പൊന്നിൽ പൊതിഞ്ഞു നിൽക്കുന്ന ദേവാലയത്തെ ഒന്നുനോക്കി. പക്ഷേ, പിന്തിരിയാതെ തന്നെ മുന്നോട്ട് നടന്നുകൊണ്ട് യേശു പ്രവചിച്ചു: "സത്യമായി ഞാൻ പറയുന്നു, ഇക്കാണുന്ന മഹാസൗധങ്ങൾ കല്ലിന്മേൽ കല്ലുശേഷിക്കാത്തവിധം തകർ ക്കപ്പെടുക തന്നെ ചെയ്യും. അതിനുള്ള സമയം ഇതാവരുന്നു."

ശിഷ്യന്മാർ നടുങ്ങിപ്പോയി.



www.malankaralibrary.com

ഇക്കഴിഞ്ഞ ഞായറാഴ്ചയിലെ രാജകീയപ്രദക്ഷിണവേളയിൽ ഇതു പോലൊന്നു നടുങ്ങിയതാണ്. ജറുസലേം നഗരം ശത്രുക്കളാൽ നശിപ്പിക്കപ്പെടും എന്ന ഗുരുപ്രവചനം കേട്ടപ്പോഴായിരുന്നു അത്. ഇപ്പോഴിതാ യഹൂദരാഷ്ട്രത്തിന്റെ ഹൃദയമായ ദേവാലയത്തിന്റെ നാശത്തെപ്പറ്റി പ്രവചിക്കുന്നു.

ശിഷ്യന്മാർ ചിന്താകുലരായി.

ഈ നാശത്തിനു കാരണക്കാർ ആരായിരിക്കും? റോമാക്കാരോ? ചിലപ്പോൾ അതിനു സാദ്ധ്യതയുണ്ട്. ബറബ്ബാസിന്റെ നേതൃത്വത്തിലുള്ള യഹൂദവിപ്ലവപ്പോരാളികൾ റോമാക്കാർക്കെതിരെ ആഞ്ഞടിക്കാൻ തക്കം പാർത്തിരിക്കുകയാണല്ലോ. ആ ഏറ്റുമുട്ടലിൽ റോമാക്കാർ ആദ്യം തകർക്കുന്നത് യഹൂദരുടെ സർവ്വസ്വവുമായ ദേവാലയം തന്നെയായേക്കുമോ! അത്തരം പല ലഹളകളും ജറുസലേമിൽ സംഭവിച്ചിട്ടുണ്ടെങ്കിലും പന്തിയോസ് പീലാത്തോസ് അതെല്ലാം അടിച്ചൊതുക്കുകയായിരുന്നല്ലോ. അന്തോണിയാ കോട്ടയിലെ പടയാളികളുടെ പ്രഹരമേറ്റ് വിപ്ലവക്കാർ ചിതറിപ്പാഞ്ഞെങ്കിലും വിപ്ലവനേതാവായ ബറബ്ബാസിനെ പിടികിട്ടി. ആ ഭീകരൻ തുറുങ്കലിൽ അടയ്ക്കപ്പെടുകയും ചെയ്തു.

എന്തായാലും, ഇനിയൊരിക്കൽ കൂടി ഈ പുണ്യഗേഹം തകർക്കപ്പെടുമെന്നറിയുന്നത് ഭയാനകം തന്നെ.

ദാവീദു രാജാവാണ് ഇസ്രായേൽ ഗോത്രങ്ങളെ ഒന്നിപ്പിച്ചതും ആസ്ഥാനമായി ജറുസലേമിനെ രൂപപ്പെടുത്തിയതും. ദേവാലയം പണിയാൻ മോറിയാ മലയുടെ നെറുക തെരഞ്ഞെടുത്തതും അദ്ദേഹം തന്നെ. മകൻ ശലോമോൻ രാജാവ് ആ കുന്നിൻ നെറുകയിൽ അതിമനോഹരമായൊരു ആരാധനാലയം പടുത്തുയർത്തുകയും ചെയ്തു. ലോകത്തിലെ ഏഴു മഹാത്ഭുതങ്ങളിൽ ഒന്നായിത്തീർന്ന മഹാദേവാലയം.

എങ്ങനിതു മഹത്തരമാകാതിരിക്കും? ഇതിലെ മരപ്പണി മുഴുവൻ ലെബനോൻ പർവ്വതത്തിൽ നിന്നും വെട്ടിക്കൊണ്ടുവന്ന ദേവതാരു മരങ്ങൾ കൊണ്ടാണല്ലോ. മരം മുറിക്കുന്നതിനുമാത്രം മുപ്പതിനായിരം ഇസ്രായേൽ അടിമകളെയാണ് ശലോമോൻ നിയോഗിച്ചത്. അതു ചുമന്ന് കൊണ്ട് വരാനും ഏതാണ്ട് അത്രയും പേർ. പിന്നെ, ബലിഷ്ഠങ്ങളും ചൊവ്വൊത്തതുമായ കല്ലുകൾ വെട്ടിയെടുക്കാനും മറ്റും മലമുകളിലേയ്ക്കു പോയവർ എൺപതിനായിരത്തോളം. ഈ കൂറ്റൻ കല്ലുകൾ കെട്ടിപ്പൊക്കി അതു കാണാത്ത വിധം ദേവതാരു മരപ്പലകകൾ പൊതിഞ്ഞു. ഈ കട്ടിപ്പലകക



www.malankaralibrary.com

ളിൽ ഫലസമൃദ്ധമായ ഈന്തപ്പനകളും മുന്തിരിച്ചെടികളും വിടർന്ന പൂക്കളും കൊത്തിയുണ്ടാക്കാൻ അതിവിദഗ്ദ്ധതച്ചന്മാർ നിയുക്തരായി. മനോഹരങ്ങളായ ഇത്തരം ശില്പങ്ങൾ കറതീർന്ന തങ്കപ്പാളികളാൽ പൊതിയപ്പെട്ടു.

അത്യപൂർവ്വങ്ങളായ വെണ്ണക്കല്ലുകളിലാണല്ലോ അതുയർന്നത്. മദ്ബഹായാണെങ്കിൽ സ്വർണ്ണം പൊതിഞ്ഞ് അനർഘരത്നങ്ങൾ പതിച്ചതുമായിരുന്നല്ലോ. കെദ്രോൺ താഴ്വരയുടെ ഒരു ഭാഗം മുഴുവൻ നികത്തിയാണല്ലോ അതിന്റെ വിശാലമായ അങ്കണം ഒരുക്കപ്പെട്ടത്.

പക്ഷേ അതു തകർക്കപ്പെട്ടു! പൂർണ്ണമായിത്തന്നെ!

ബാബിലോണിയായിലെ ശത്രുരാജാവായ നെബുക്കദ്നേസറായിരുന്നു കാരണക്കാരൻ. ദൈവസാന്നിദ്ധ്യപ്രതീകമായിരുന്ന 'പേടകം' ഉൾപ്പെടെ വിലപിടിപ്പുള്ളതെല്ലാം അവർ ബാബിലോണിയായിലേക്കു കൊണ്ടുപോയി; കണ്ണുകൾ രണ്ടും ചൂഴ്ന്നെടുത്ത് ജറുസലേം രാജാവിനെ ചങ്ങലകളിൽ കെട്ടിക്കൊണ്ടുപോയി. ജറുസലേമിൽ നിന്നും പേടിച്ചോടിയ യൂദന്മാർ പ്രവാസികളായി അന്യദേശങ്ങളിൽ അഭയം തേടുകയും ചെയ്തു.

എന്നാൽ ദാവീദുരാജാവിന്റെ പിൻഗാമിയും യൂദയാദേശത്തിന്റെ അധിപനുമായി ഒരാൾ വന്നു, സെറബ്ബാബേൽ. അദ്ദേഹത്തിന്റെ സാഹസികോദ്യമത്താൽ ആദ്യത്തേതിനോളം ഗംഭീരമായൊരു ദേവാലയം തൽസ്ഥാനത്തുയർന്നു. പക്ഷെ അതിന്റെ ഉത്തുംഗമദ്ബഹായും പല മണ്ഡപങ്ങളും ഭിത്തികളും എന്തുകൊണ്ടോ, ഇടിഞ്ഞുപൊളിഞ്ഞു വീണുകൊണ്ടിരുന്നു. പതിനെണ്ണായിരത്തോളം തൊഴിലാളികളുടെ സഹായത്താൽ അതും പുനർ നിർമ്മിച്ചു തുടങ്ങിയത് ഹേറോദേസ് രാജാവാണല്ലോ. ഇനിയും അതിന്റെ പണി പൂർണ്ണമായിട്ടുമില്ല. ഈ അവസരത്തിലാണ് വീണ്ടും ഒരു തകർച്ചയുടെ പ്രവചനം.

ഒലിവുമല നടന്നുകയറി ഗത്സമനി തോട്ടത്തിലേക്കു കടന്നു. ഒലിവുമരങ്ങൾ ഇടതൂർന്നു വളർന്നു നില്ക്കുന്ന തോട്ടം. കൊച്ചുമലകളും മൺപുറ്റുകളും ഗുഹകളും വള്ളിപ്പടർപ്പുകളും നിറഞ്ഞ ഗത്സമനിത്തോട്ടത്തിന് കനമുള്ളൊരു ചുറ്റുമതിലും. തന്റെ സ്നേഹിതൻ മർക്കോസിന്റെ സ്വന്തം തോട്ടമാകയാൽ യേശുവിനു സ്വതന്ത്രമായി അവിടെ വിശ്രമിക്കാം. 'ഗത്സമനി' എന്ന പേര് അന്വർത്ഥമാക്കുമാറ് കരിങ്കല്ലിൽ തീർത്ത ഒരു എണ്ണച്ചക്കും തോട്ടത്തിലുണ്ട്. പഴുത്ത ഒലിവുകായ്കൾ ഉണക്കി ആട്ടി എണ്ണ എടുക്കാനുള്ള ചക്കാണ്. ചക്കിനടുത്തു തന്നെ അന്തിയുറങ്ങാൻ



www.malankaralibrary.com

ഒരു കാവൽപുരയും. ആ പുരയിൽ ചെന്ന് ഗുരു ഇരുന്നു. അപ്പോഴും ശിഷ്യ മനസുകളിൽ പ്രവചനത്തെപ്പറ്റിയുള്ള അവ്യക്തതയും ഭീതിയും. അപ്പോൾ സഹോദരശിഷ്യന്മാരായ നാൽവർ ഗുരുവിന്റെ അടുത്തിരുന്നു. പത്രോസ്, അന്ത്രയോസ് എന്നിവരും യാക്കോബ്, യോഹന്നാൻ എന്നിവരും. അനന്ത തയിലേയ്ക്കു മിഴികളൂന്നി, തൂക്കിയിട്ട എണ്ണവിളക്കിന്റെ നേർത്ത വെട്ടത്തി ൽ പ്രശാന്തനായിരിക്കുന്ന ഗുരുവിനോടവർ ആരാഞ്ഞു: "ഇപ്പറഞ്ഞതൊ ക്കെ എപ്പോൾ സംഭവിക്കും നാഥാ? ലോകാവസാനത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണെന്നുകൂടി പറഞ്ഞുതന്നാലും."

ദേവാലയത്തിന്റെ തകർച്ചയോടെ ലോകത്തിന്റെയും അവസാനമാകു മെന്നാണ് ശിഷ്യരുടെ വിശ്വാസം.

ലോകാന്ത്യത്തിന്റെ ഭയാനകപ്രവചനങ്ങൾ ഗുരുനാവിൽനിന്നും ഉൽക്കകൾപോലെ വീണു.

"നിങ്ങൾ യുദ്ധങ്ങളെപ്പറ്റി കേൾക്കും. പക്ഷെ ഭയപ്പെടരുത്. ജനം ജനത്തിനെതിരായും, രാജ്യം രാജ്യത്തിനെതിരായും തിരിയും.

കൊടും പട്ടിണിയും പ്രകൃതിക്ഷോഭങ്ങളും വരും. അവ ഈറ്റനോവി ന്റെ ആരംഭം മാത്രം. ഞാൻ കാരണം സകലരാലും നിങ്ങൾ വെറുക്കപ്പെ ടും. ഭരണാധിപൻമാരുടെ മുമ്പാകെ നിങ്ങൾ ഹാജരാക്കപ്പെടും. അവർ നിങ്ങളെ കഠിനമായി പീഡിപ്പിക്കുകയും ചിലരെ കൊന്നുകളയുകയും ചെയ്യും.

എന്നാൽ ലോകമാസകലമുള്ള സകലജനങ്ങളോടും സുവിശേഷം പ്രസംഗിക്കപ്പെടും. അതിനുശേഷം ലോകാന്ത്യവും സംഭവിക്കും. അന്നു സൂര്യൻ പെട്ടെന്ന് ഇരുണ്ടു മറയും. പിന്നീടൊരിക്കലും ചന്ദ്രനെ ആരും കാണുകയുമില്ല. താരങ്ങൾ അടർന്നു നിലംപതിക്കും. മഹാസമുദ്രങ്ങളുടെ ഭയാനകമായ അലർച്ചയിൽ ലോകം വിറയ്ക്കും. അപ്പോൾ മനുഷ്യപുത്രൻ വാനമേഘങ്ങളിൽ മഹാപ്രതാപവാനായി എഴുന്നെള്ളും.

ഉജ്ജ്വലകാഹളധ്വനിയോടെ അയയ്ക്കപ്പെടുന്ന മനുഷ്യപുത്രന്റെ ദൂതന്മാർ ലോകത്തിലെ നാലുദിക്കുകളിൽ നിന്നും തന്റെ തെരഞ്ഞെടുക്ക പ്പെട്ട ജനത്തെ ഒന്നിച്ചുകൂട്ടും. ആ ദിവസം കെണിപോലെ നിങ്ങളുടെ മേൽ പൊടുന്നനെ വന്നു വീഴാതിരിക്കാൻ മക്കളേ, നിങ്ങൾ എപ്പോഴും ജാഗരൂകരായിരിക്കുവിൻ."



www.malankaralibrary.com

# ഇരുപത്തേഴ്

വാനമേഘങ്ങളിലുള്ള മനുഷ്യപുത്രന്റെ പ്രത്യാഗമം. അതു ഭാവനയിൽ കണ്ട് ചിന്താകുലരായിരിക്കുകയാണു ശിഷ്യഗണം. ആ ദിനം ഒരു കെണിയാകാതിരിക്കാൻ സദാ ജാഗരൂകരായിരിക്കണമെന്നാണു ഗുരുകല്പന. 'അതെങ്ങനെയാണ്' എന്നാലോചിച്ചു വിഷമിക്കുമ്പോൾ ഒരുപമയിലൂടെ അതു വ്യക്തമാക്കുകയാണു ഗുരു.

"മണവാളനെ സ്വീകരിക്കാൻ പത്തുകന്യകമാർ വിളക്കുകൾ കൊളുത്തി കാത്തുനിന്നു. ഇവരിൽ അഞ്ചുപേർ ബുദ്ധിമതികളും അഞ്ചുപേർ ബുദ്ധിഹീനരുമായിരുന്നു. ബുദ്ധിയുള്ളവർ വിളക്കു മാത്രമല്ല അധികം എണ്ണയും കരുതി. പക്ഷേ ബുദ്ധിഹീനർ അതു കരുതിയില്ല. വളരെ വൈകിയാണ് മണവാളൻ വന്നത്. പാതിരാത്രിയിൽ. ക്ഷീണിച്ചുറങ്ങിപ്പോയ കന്യകമാർ കാഹളധ്വനി ശ്രവിച്ച് പിടഞ്ഞെണീറ്റു. ബുദ്ധിമതികൾ വിളക്കുകൾ തെളിച്ചു. പക്ഷേ ബുദ്ധിഹീനരുടെ വിളക്കുകളിൽ എണ്ണ തീർന്നുപോയിരുന്നു. അവർ സംഭ്രമത്തോടെ ബുദ്ധിമതികളുടെ പക്കൽ ച്ചെന്ന് എണ്ണ കടം ചോദിച്ചു. പക്ഷേ അവർ കൊടുത്തില്ല. അതുമൂലം ഇരുകൂട്ടർക്കും ഇല്ലായ്മയാകുമെന്ന ഭയത്താൽ. അതിനാൽ എണ്ണ വാങ്ങാൻ അവർ കച്ചവടക്കാരെ തേടി പാഞ്ഞു. തത്സമയം മണവാളൻ മണവറയുടെ വാതില്ക്കലെത്തുകയും ചെയ്തു. വിളക്കുകൾ തെളിച്ചു കാത്തുനിന്നവരെ കൂട്ടി അവൻ വിരുന്നു ശാലയിൽ കടന്നു. കവാടം ബന്ധിക്കുകയും ചെയ്തു. മറ്റേ കന്യകമാർ തിരികെ ഓടിയെത്തി. അടഞ്ഞ വാതിലിൽ മുട്ടി 'തുറക്കണമേ' എന്നവർ അപേക്ഷിച്ചു. പക്ഷേ ഉടൻ മറുപുറത്തു നിന്നും മണവാളന്റെ ഉറച്ച ശബ്ദം ഉയർന്നു. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ നിങ്ങളെ അറിയുന്നില്ല. നിങ്ങൾക്കുപോകാം."

ജാഗരൂകതയുടെ പൊരുൾ ഇനിയും നിങ്ങൾക്കു മനസിലായില്ലേ എന്ന മട്ടിൽ അതു പറഞ്ഞശേഷം ശിഷ്യമുഖങ്ങളിലേയ്ക്ക് യേശു നോക്കി.

ഇനിയും ആർക്കെങ്കിലും ബോദ്ധ്യപ്പെടാനുണ്ടങ്കിൽ എന്നു കരുതി വീണ്ടും പറഞ്ഞു, ഇടയനു നേരെ കുത്താൻ ചാടുന്ന അനുസരണം കെട്ട കോലാടുകളുടേയും രോമം കത്രിക്കാനോ പാൽ ഊറ്റാനോ എന്തിനും ഇടയനു വിധേയപ്പെടുന്ന ചെമ്മരിയാടുകളുടെയും സാമ്യവിവരണത്തിലൂടെ.



www.malankaralibrary.com

“മഹത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്ന മനുഷ്യപുത്രന്റെ മുമ്പിൽ ലോകത്ത് ഇന്നോളം പിറന്നിട്ടുള്ള സകല മനുഷ്യരും ഒരുമിച്ചു കൂട്ടപ്പെടും. കോലാടുകളിൽ നിന്നും ചെമ്മരിയാടുകളെ ഒരിടയൻ എങ്ങനെ വേർതിരിക്കുന്നുവോ അങ്ങനെ ഈ ജനാവലിയെ രണ്ടു പറ്റമാക്കും. ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും അവൻ നിർത്തും.

പിന്നെ, രാജകീയഇടയൻ ആനന്ദചിത്തനായി വലത്തുവശത്തേയ്ക്കു തിരിയും. അവിടെ നിൽക്കുന്നവരോട് ഇങ്ങനെ പറയും. നിങ്ങൾ എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവർ. ആദികാലം മുതൽ നിങ്ങൾക്കായി ഒരുക്കിയിട്ടുള്ള രാജ്യം സ്വന്തമാക്കാൻ വരുവിൻ. കാരണം, എനിക്കു വിശന്നപ്പോൾ നിങ്ങളെനിക്കു ഭക്ഷണം തന്നു. ദാഹിച്ചപ്പോൾ പാനീയവും തന്നു. ഞാൻ പരദേശിയായിരുന്നപ്പോൾ നിങ്ങളെന്നെ കൈക്കൊണ്ടു. നഗ്നനായികണ്ട് നിങ്ങളെന്നെ ഉടുപ്പിച്ചു. ദീനക്കാരനായിരുന്ന എന്നെ നിങ്ങൾ പരിചരിച്ചു. കാരാഗൃഹത്തിലായിരുന്നപ്പോൾ എന്നെ വന്നുകണ്ട് ആശ്വസിപ്പിച്ചു.

ഇതുകേട്ട് അവർ ആശ്ചര്യത്തോടെ ഇങ്ങനെ ചോദിക്കും. അങ്ങയെ വിശക്കുന്നവനായി കണ്ട് ഞങ്ങൾ ആഹാരം തന്നെന്നോ? പരദേശിയായി കണ്ട് സ്വീകരിച്ചെന്നോ? നഗ്നനായിക്കണ്ട് ഉടുപ്പിച്ചെന്നോ? രോഗാവസ്ഥയിലും കാരാഗൃഹവാസത്തിലും സന്ദർശിച്ചെന്നോ? ഇതൊക്കെ എപ്പോഴായിരുന്നു?

അതുകേട്ട് രാജാവ് ഇങ്ങനെ സ്ഥിരീകരിക്കും, “സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റം എളിയ ഭൂവാസികളിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തില്ലേ? അപ്പോൾ എനിക്കു തന്നെയാണു നിങ്ങളതു ചെയ്തത്.”

പിന്നെ ഇടയരാജാവ് നീരസത്തോടെ ഇടതുവശത്തേക്കു തിരിയും. കോപാഗ്നി എരിയുന്ന വാക്കുകൾ അവരുടെമേൽ ഇങ്ങനെ വീഴും.

“ശപ്തജനമേ, ദൂരെപ്പോകൂ. പിശാചിന്റെ സങ്കേതമായ തീ നരകത്തിൽ പോയി വീഴൂ. കാരണം, എനിക്കു വിശന്നു, നിങ്ങൾ ആഹാരം തന്നില്ല. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിനീർ തന്നില്ല. ഞാൻ പരദേശിയായിരുന്നു, നിങ്ങളെന്നെ സ്വീകരിച്ചില്ല. ഞാൻ നഗ്നായിരുന്നു, നിങ്ങളെന്നെ ഉടുപ്പിച്ചില്ല. രോഗാവസ്ഥയിലും കാരാഗൃഹത്തിലുമായിരുന്നു, നിങ്ങളെന്നെ വന്നുകണ്ടില്ല.”



www.malankaralibrary.com

ഉടൻ അവരും അന്തംവിട്ട് ഇപ്രകാരം ചോദിക്കും, "പ്രഭോ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ, ദാഹിക്കുന്നവനോ, പരദേശിയോ, നഗ്നനോ, രോഗിയോ, കാരാഗൃഹവാസിയോ മറ്റുമായി കണ്ടതും ശുശ്രൂഷ ചെയ്യാതിരുന്നതും എപ്പോഴായിരുന്നു?"

രാജാവ് അതിനും ഉത്തരം പറയും, "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു; എറ്റം ചെറിയവരിൽ ഒരുവനു നിങ്ങളിതു ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണു ചെയ്യാതിരുന്നത്."

ആത്മരക്ഷയുടെ അനർഘപാഠങ്ങളായി ഈ ദിവ്യോക്തികളെല്ലാം ശിഷ്യസമൂഹം ഹൃദയച്ചെപ്പിൽ ശേഖരിച്ചു വയ്ക്കുകയായിരുന്നു. എന്നാൽ ഈ ഗുരുവാണികളിൽ അശ്രദ്ധാലുവായിരുന്ന ഒരാളുണ്ടായിരുന്നു, യൂദാ. അയാൾക്കിത്തരം വേദോപദേശങ്ങൾ കേട്ട് വല്ലാതെ മടുത്തുകഴിഞ്ഞു. എത്രയും വേഗം ഒരു പുതിയ രാജ്യം യേശുവിന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെടുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ അതിനിനിയും സമയം വേണ്ടിവന്നേയ്ക്കാം. പക്ഷെ, തന്റെ പ്രതീക്ഷയിലുള്ളൊരു രാജാവിന്റെ സ്വഭാവവിശേഷതയല്ല ഈ ഗുരുവിനുള്ളത്.

ഗുരുവും ശിഷ്യരും ഉറങ്ങാൻ കിടന്നെങ്കിലും യൂദാ പുറംതിണ്ണയിൽ വെറുതെ കുത്തിയിരുന്നു. പിന്നെ, നിലാവു പടർന്ന ഒലിവുമലയുടെ ചെരിവിലൂടെ നടന്നു. ഈ വിരസതയിൽ ഇരിക്കുന്നതിനേക്കാൾ ജറുസലേമിലെ പെരുനാൾ തിരക്ക് ആസ്വദിക്കുന്നതാണ് നല്ലതെന്നുതോന്നി. മാത്രമല്ല, വല്ലാതെ വിശക്കുന്നുമുണ്ട്. ഇവിടെ യാതൊന്നും കഴിക്കാനുമില്ല. ജറുസലേമിലാണെങ്കിൽ ഭക്ഷണം വാങ്ങിക്കഴിക്കാം. പണസഞ്ചി തന്റെ കൈയിലാണല്ലോ.

അങ്ങനെ ജറുസലേമിലേക്കുതന്നെ ഒറ്റയ്ക്കു മടങ്ങി. ഏതോ അജ്ഞാതശക്തിയുടെ പ്രേരണയാലെന്നപോലെ നടത്തയുടെ വേഗം കൂട്ടി. വിപ്ലവാശയങ്ങൾ കൂടിക്കുരുങ്ങുന്ന മനസ്സിൽ എന്തൊക്കെയോ വിഭ്രാന്തചിന്തകൾ പെറ്റുപെരുകുന്നതുപോലെ. ജറുസലേമിൽ എത്തുന്നതുവരെ വഴിനീളെ സംസാരിക്കാനും ചർച്ചചെയ്യാനും ഈ സംഭ്രാന്തചിന്തകൾ കൂടെയുണ്ടായിരുന്നു.

അസമയത്ത് ശിഷ്യസമൂഹത്തേയും ഗുരുവിനെയും വിട്ട് ഒറ്റയ്ക്ക് ദേവാലയാങ്കണത്തിൽ ചുറ്റിത്തിരിയുന്ന യൂദായെ സാൻഹെദ്രിൻ സഭാംഗങ്ങളിൽപെട്ട ചിലർ കണ്ടു. അവർക്കറിയാം യൂദായെ. പണക്കൊതിയനും അധികാരമോഹിയും വിപ്ലവനേതാവുമായ അവനെ യേശുവിന്റെ ശിഷ്യനാ



www.malankaralibrary.com

കുന്നതിനു മുമ്പേ അവർക്കറിയാം. അവർ ഓടി യൂദായെ സമീപിച്ചു ജിജ്ഞാസയോടെ തിരക്കി: "നീ ഒറ്റയ്ക്കേ ഉള്ളോ?"

"ഓ! ഗുരുസൂക്തം കേട്ട് എനിക്കു മുഷിഞ്ഞു. ഞാൻ വെറുതെ ഇങ്ങോട്ടു പോന്നു."

"നിന്റെ ഗുരുവും മറ്റേ ശിഷ്യരുമൊക്കെ എന്തിയേ?"

അവൻ കിഴക്കോട്ടു ചൂണ്ടിപ്പറഞ്ഞു: "ഒലിവുമലയിലെ ഗത്സമെനിയിലുണ്ട്."

അവർ ഉദ്വേഗത്തോടെ അതു മനസിൽ ഉരുവിട്ടു: ഒലിവുമലയിലെ ഗത്സമെനി! ഗത്സമെനി!

എന്നിട്ടവർ തിടുക്കത്തിൽ ചോദിച്ചു: "ആട്ടെ, പെരുനാൾ തീരുന്നതു വരെ എല്ലാ രാത്രികളിലും യേശു അവിടെത്തന്നെ കാണുമോ?"

"ഓ! അങ്ങെനൊന്നും തീർച്ച പറയാനൊക്കത്തില്ല. എന്തായാലും മൂന്നു ദിവസങ്ങളായി അവിടെത്തന്നെയാ താമസം." എന്നിട്ടവർ യൂദായുടെ ബലഹീനതയെ ചൂഷണം ചെയ്യാനായി വിഷയം മാറ്റി. അരയിൽ കെട്ടിഞാത്തിയിട്ടിരുന്ന പണസഞ്ചിയിലേക്കു ചൂണ്ടി ചോദിച്ചു: "ഇതിൽ കാശൊക്കെ ഏറെയുണ്ടോടാ യൂദാ?"

യൂദാ വിഷമത്തോടെ ഉള്ളതുപറഞ്ഞു: "ഓ! ഒന്നിനും തെകയത്തില്ല. ഒരു ചില്ലി എടുത്താൽപോലും അതിന്റെ കണക്കും കാര്യങ്ങളും ആ പത്രോസിനെ അറിയിക്കണമെന്നാണു ചട്ടം. എന്തോ ചെയ്യാനാ...."

ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്നുചുറ്റും നോക്കി അവർ യൂദായുടെ ചെവിക്കുടവാതില്ക്കലേക്ക് ചുണ്ടുകൾ അടുപ്പിച്ച് പരമരഹസ്യമായി മന്ത്രിച്ചു.

"നിനക്കു വേണമെങ്കിൽ നല്ലൊരു തുക ഞങ്ങൾ തരാം. വേണോ വേണ്ടായോ എന്ന് ഇപ്പോൾ പറയണം."

യൂദായ്ക്ക് ഒന്നും മനസിലായില്ല. അവൻ വക്രദൃഷ്ടികൾ മിഴിച്ചു നിന്നു. അവർ അവന്റെ ഇരുകൈകളിലും പിടിച്ചു പ്രേരിപ്പിച്ചു.

"നീ വാ ഞങ്ങളുടെ കൂടെ. നിനക്കു വേണ്ടതെല്ലാം ഞങ്ങൾ തരാം."

യൂദാ പിന്നൊന്നും ചിന്തിച്ചില്ല. അവർക്കൊപ്പം നടന്നു. ദേവാലയ



www.malankaralibrary.com

ത്തിന്റെ പൂമുഖം കടന്ന് അന്തിപ്പാസ് രാജാവിന്റെയും മഹാപുരോഹിതനായ കയ്യഫാസിന്റെയും അരമനകൾ തമ്മിൽ വേർതിരിക്കുന്ന കൂറ്റൻ മതിലിന്റെ ഇപ്പുറത്തുള്ള നിരത്തിലൂടെ നടന്നു. എത്തിച്ചേർന്നത് കയ്യഫാസിന്റെ അരമന വാതില്ക്കൽ. സാൻഹെദ്രിൻ അംഗങ്ങളെക്കണ്ട് പാറാവുകാർ കൂറ്റൻ പുറംവാതിൽ തുറന്നുകൊടുത്തു. അവർ വിശാലമായ നടുമുറ്റത്തേയ്ക്കു കടന്നു. രണ്ടു കൂറ്റൻ മാളികകളുടെ സമുച്ചയമാണാ അരമന. രണ്ടു മുഖ്യപുരോഹിതന്മാരാണ് അതിന്റെ ഓരോ മാളികയിലും താമസിക്കുന്നത്. പടുവയസനായ അന്നാസും യുവാവായ ജോസഫ് കയ്യഫാസും. അന്നാസിന്റെ മരുമകനാണു കയ്യഫാസ്. ഭരണകാര്യങ്ങളിൽ ഈ രണ്ടു പ്രധാനാചാര്യന്മാർക്കും ഏതാണ്ടു തുല്യ അധികാരങ്ങൾ തന്നെ. വലതു വശത്തുള്ള കയ്യഫാസിന്റെ അരമനയിൽ എണ്ണവിളക്കുകൾ കത്തി നിൽക്കുന്നത് യൂദാ കണ്ടു. അതിന്റെ വെട്ടത്തിൽ പരിചിതരായ പല സാൻഹെദ്രിൻ സഭാംഗങ്ങളുടെ മുഖങ്ങളും. മൂപ്പൻമാരും റബ്ബിമാരും മുൻനിരയിലിരിക്കുന്നു. അവരുടെ മട്ടും ഭാവവും കണ്ടിട്ട് എന്തോ ഗൂഢമായ ആലോചന പോലെ. ആലോചനകൾക്കു നേതൃത്വം നൽകി അന്നാസും കയ്യഫാസും മുഖ്യപീഠങ്ങളിൽ ഇരിക്കുന്നു.

യൂദാ പുറംവാതിലിൽ കാതോർത്തു നിന്നു. മെലിഞ്ഞു നീണ്ടുയർന്ന അന്നാസ് നരച്ച താടിമീശയിൽ ഒരു കൈ ഒടിച്ച്, സർപ്പദൃഷ്ടികൾ മുഴുപ്പിച്ച് കടുപ്പത്തിൽ പറഞ്ഞു.

"ഇനി അവനെ പിടിക്കാൻ നാം ഒട്ടും വൈകിപ്പോകരുത്. പെസഹാതിരുനാളിൽ ജനലക്ഷങ്ങൾ തിങ്ങിനിറഞ്ഞാൽ പിന്നൊന്നും പറ്റത്തില്ല. ജനം അറിഞ്ഞാൽ അവർ നമുക്കെതിരെ തിരിയും. അതുകൊണ്ട് പരമരഹസ്യമായി വേണം കാര്യം സാധിക്കാൻ."

ഉടൻ കയ്യഫാസും എഴുന്നേറ്റ് അമ്മായിയപ്പന്റെ തന്ത്രമാർഗ്ഗങ്ങളോടു പക്ഷം ചേർന്നു പറഞ്ഞു.

"പെസഹാതിരുനാൾ കഴിഞ്ഞ് ആളൊഴിയുമ്പോൾ പിടിക്കാം എന്നു കരുതുന്നതും ബുദ്ധിയല്ല. കാരണം തീർത്ഥാടകർക്കൊപ്പം നസ്രായനും ദൂരെ എങ്ങോട്ടെങ്കിലും പൊയ്ക്കളയും. പിന്നിവിടെ കാണണമെങ്കിൽ ഒരുപക്ഷേ, അടുത്ത പെസഹായ്ക്കേ പറ്റൂ."

മേലോട്ടും കീഴോട്ടും തലയാട്ടി, മരുമകന്റെ വാദത്തെ ശരിവച്ചുകൊണ്ടിരുന്ന അന്നാസ് സാൻഹെദ്രിൻ സഭയോടു പറഞ്ഞു: "ഇക്കാര്യം നേടാൻ നിങ്ങളുടെ ഉപായങ്ങൾ അറിയിക്കാം."



www.malankaralibrary.com

ഉടൻ, പുറം വാതിലിൽ നിന്ന സാൻഹെദ്രിൻ അംഗങ്ങൾ യൂദായെ പിടിച്ച് സഭാനടുവിലൂടെ നടത്തി. മുഖ്യപുരോഹിതന്മാരുടെ മദ്ധ്യേ നിർത്തി പറഞ്ഞു: "വേണ്ടതെല്ലാം ഇവൻ ചെയ്തുതരും. ഇവനു വേണ്ടതു നമ്മൾ കൊടുത്താൽ മതി."

അവനെ സൂക്ഷിച്ചു നോക്കി അന്നാസ് അതിശയപ്പെട്ടു: "അവന്റെ ശിഷ്യനല്ലേ ഇവൻ?"

"അതേ, പക്ഷേ ഇവൻ നമ്മെ സഹായിക്കും."

"എങ്ങനെ?"

യൂദായുടെ ഉള്ളിൽ ഗുരുസ്നേഹത്തിനു പകരം നിറഞ്ഞു നില്ക്കുന്നതു ധനസ്നേഹം. കറുത്ത് ഇടതൂർന്ന മീശയിൽ വിരലോടിച്ച് എന്തും വരട്ടെ എന്ന ഭാവത്തിൽ വെട്ടിത്തുറന്നു പറഞ്ഞു: "ഗുരുവിന്റെ രഹസ്യസങ്കേതം ഞാൻ കാണിച്ചുതരാം. അതുമതിയോ?"

"മതി, മതി. പക്ഷെ അപ്പോൾ പൊതുജനം കൂടെയുണ്ടാവരുത്." ആഹ്ലാദവും ആകാംക്ഷയും തുടിച്ച സ്വരം. അവർ തുടർന്ന് ആവശ്യപ്പെട്ടു.

"പിടിക്കാൻ വരുന്നത് പടയാളികളായിരിക്കും. ചിലപ്പോൾ രാത്രിയിലും. അവർക്ക് യേശു ആരെന്ന് അറിയാൻ കഴിഞ്ഞെന്നു വരില്ല. അപ്പോൾ, ശിഷ്യരോടു കൂടി നിൽക്കുന്ന അദ്ദേഹത്തെ പടയാളികൾ എങ്ങനെ തിരിച്ചറിയും? മാത്രമല്ല, തദ്ദായി എന്നപേരിൽ ഒരു ശിഷ്യനുണ്ടല്ലോ യേശുവിന്. അവർ ഇരുവരും കാഴ്ചയിൽ ഒരുപോലെയാണുതാനും."

യൂദാ വീണ്ടും ഒന്നാലോചിച്ചു. ഉടൻ പോംവഴി കണ്ടെത്തുകയും ചെയ്തു.

"അങ്ങനെയെങ്കിൽ പടയാളികൾക്കുമുമ്പേ നടന്ന് ഗുരുവിനെ കെട്ടിപ്പിടിച്ച് ഞാനൊരു ഉമ്മ കൊടുക്കും. അദ്ദേഹമാണു ഗുരു എന്നു മനസിലാക്കി നിങ്ങൾ വേണ്ടതു ചെയ്തുകൊള്ളുക."

"ഭേഷ്, ഭേഷ്! നീ മിടുക്കൻതന്നെ."

യൂദായുടെ തോളിൽത്തട്ടി അന്നാസ് അഭിനന്ദിച്ചു. യൂദായ്ക്കു പക്ഷെ, അഭിനന്ദനമല്ല വേണ്ടത്, പണമാണ്. അയാളതു ചോദിച്ചു: "പക്ഷെ എനിക്കെന്തു പ്രതിഫലം തരുമെന്ന് പറഞ്ഞില്ലല്ലോ."

അമ്മാവിയപ്പനും മരുമകനും കൂടിയാലോചിച്ചു. എന്നിട്ടൊരു



www.malankaralibrary.com

തീരുമാനത്തിലെത്തി. സകലരും കേൾക്കെ അതു യൂദായോടു പറഞ്ഞു.

"നിനക്ക് മുപ്പതു വെള്ളിനാണയങ്ങൾ തരാം. എന്താ?"

അവന്റെ മനസ്സു കുളുർത്തു. അതു ഗണ്യമായൊരു തുകതന്നെ. ലക്ഷണമൊത്ത ഒരടിമയ്ക്കു പാലസ്തീനായിൽ കിട്ടുന്ന ന്യായവില.

മുപ്പതു വെള്ളിനാണയങ്ങൾ കിലുകിലാരവം ഉയർത്തുന്ന മനസോടെ സാൻഹെദ്രിൻ സഭാലയത്തിൽ നിന്നും യൂദാ ഒരു കൊടുങ്കാറ്റുപോലെ പുറത്തേയ്ക്കു പാഞ്ഞിറങ്ങി.



www.malankaralibrary.com

# ഇരുപത്തെട്ട്

ഇന്നു നീസാൻ മാസം പതിനാലാം തീയതി, വ്യാഴം. വലിയ പെരുനാളായ പെസഹായുടെ ഒരുക്കദിനം. ബലിക്കുള്ള ആടുമാടുകളെ വലിച്ചിഴച്ച് ദേവാലയത്തിലേക്കു കൊണ്ടു പൊയ്ക്കൊണ്ടിരിക്കുന്നു. നാളെയുടെ പകൽയാമങ്ങൾ മുഴുവൻ ലക്ഷോപലക്ഷം ബലിമൃഗങ്ങളുടെ കഴുത്തിലെ പ്രാണഞരമ്പുകൾ അറുത്തുകളയാനായി നീക്കിവയ്ക്കും. ബലിയർപ്പകന്റെ പാപപരിഹാരാർത്ഥം അവയുടെ ചൂടുചോര അതിവിശുദ്ധ മദ്ബഹായിൽ തളിക്കും. ബാക്കി ചോര പ്രത്യേകം രൂപപ്പെടുത്തിയ തോടുകളിലൂടെ ഇരച്ചൊഴുകി കെദ്രോൺ താഴ്ചയിൽ ചെന്നു വീഴും. മോറിയാ മലയിൽ മൃഗലക്ഷങ്ങൾ ഉയർത്തുന്ന അന്ത്യനിലവിളികൾ കെദ്രോൺ താഴ്ചയിൽ വീണു ഭയാനകമുഴക്കങ്ങളായി പ്രതിദ്ധ്വനിക്കും.

ജറുസലേം നഗരത്തിലെ സകല പാർപ്പിടങ്ങളിലും പത്തുപേരിൽ കുറയാത്ത സംഘമായി തിരിഞ്ഞ് അവർ പെസഹാ ഒരുക്കും. അപ്പവും മസാലക്കറിയും വീഞ്ഞും ഒരുക്കി വയ്ക്കും. തലയറുത്തുകളഞ്ഞ ആടുകളുടെ കയ്യും കാലും വെട്ടിയെടുത്തു പൊരിച്ച് പെസഹാ ഭക്ഷണമായി പങ്കുവെയ്ക്കും. പുതിയ നിയമത്തിലെ പെസഹാ, അരകൾ മുറുക്കി, കയ്യിൽ വടിപിടിച്ച്, ചെരിപ്പുധരിച്ച്, പൊരിച്ച ആട്ടിറച്ചി കയ്പുള്ള ഇല ചേർത്ത് നിന്നുകൊണ്ട് ധൃതിപൂണ്ടാണ് ഭക്ഷിച്ചിരുന്നത്. പക്ഷെ ഇപ്പോൾ പെസഹാ വിരുന്ന് ഇരുന്നുകൊണ്ടു തന്നെ. ഭക്ഷണ വേളയിൽ സംഘമൂപ്പനോട് ഏറ്റം ഇളയ സംഘാംഗം ആരായും "എന്താണീ പെസഹായുടെ പൊരുൾ?"

അപ്പോൾ മൂപ്പൻ എഴുന്നേറ്റ് പെസഹാ ആചരണത്തിന്റെ അർത്ഥം വിശദീകരിക്കും.

ഇസ്രായേൽ എന്നു വിളിക്കപ്പെട്ട യാക്കോബിന്റെ പന്ത്രണ്ടു ഗോത്രങ്ങളും ഈജിപ്തിലെ ഫറവോയുടെ ക്രൂരമായ അടിമത്തത്തിൽ കഴിയവേ, അവരെ അവിടെ നിന്നും വിളിച്ചിറക്കി പാലസ്തീനായിലേക്കു കൊണ്ടുവരുവാൻ നിയുക്തനായ മോശയുടെ കഥയാണു പറഞ്ഞുകൊടുക്കുന്നത്. ഭയങ്കരങ്ങളായ ഒൻപത് അതിശയകർമ്മങ്ങൾ ചെയ്തിട്ടും ഫറവോ വഴിപ്പെട്ടില്ല. അവസാനം ഫറവോയുടെയും കൂട്ടാളികളുടെയും കടിഞ്ഞൂൽ



www.malankaralibrary.com

പുത്രന്മാരെ കൊന്നുകളയാൻ ദൈവം നിശ്ചയിച്ചു. ബിംബങ്ങളെ ആരാധിക്കുന്ന ഫറവോപക്ഷത്തെ ദൈവം അത്രമാത്രം വെറുത്തു കഴിഞ്ഞു. വാളൂരി പാഞ്ഞുവരുന്ന ഒരദൃശ്യസംഹാരമൂർത്തിയാണത്രേ ഈ കൊലപാതകം നടത്തുക. എന്നാൽ ഈജിപ്തിൽത്തന്നെയുള്ള ഇസ്രായേൽ വംശജരുടെ ആദ്യജാതന്മാർ കൊല്ലപ്പെടാതിരിക്കാനായി മോശ ഒരു കാര്യം നിർദ്ദേശിച്ചു. യാതൊരു ഊനവുമില്ലാത്ത മുട്ടാടിൻ കുരുന്നിനെ നീസാൻ മാസം പത്താംതീയതി വേർതിരിച്ചു നിർത്തി, പതിനാലാം തീയതി അതിന്റെ കഴുത്തറുത്ത് ചോര എല്ലാ ഇസ്രായേൽ ഭവനങ്ങളുടെയും കട്ടിളപ്പടികളിൽ തളിക്കുക. ഈ രക്തലേപനം കണ്ട് സംഹാരദൂതൻ ആ ഭവനത്തെ മരണവാളിൽ നിന്നും രക്ഷിച്ചുകൊള്ളും.

പൂർവ്വികരിൽ നിന്നും വാമൊഴിയായിക്കിട്ടുന്ന ഈ പെസഹാ കഥ കേട്ട് ഇളംതലമുറ യഹൂദരക്തത്തിന്റെ തനിമയെ ആവഹിച്ചുപോന്നു.

യേശുവിനും ഈ പെസഹാ അന്യമായിരുന്നില്ല. അതിനുവേണ്ടിയാണ് സായന്തനത്തിന്റെ നിഴൽപരക്കും മുമ്പേ ഒലിവുമലയിൽ നിന്നിറങ്ങിയത്.

വേനലിൽ വരണ്ടുണങ്ങിയ കെദ്രോൺ തോട്ടിലെ ഒരു ചെറിയ നീർക്കുഴിയിലിറങ്ങി ഗുരുവും ശിഷ്യരും കുളിച്ചു കയറിയാണു വരവ്. പക്ഷേ ദേവാലയത്തിൽ പോകാനോ മൃഗബലി നടത്താനോ താൻ ഒരുക്കമല്ല. ഒന്നിച്ചിരുന്ന് പെസഹാഭക്ഷിക്കാൻ ഇന്നോളമില്ലാത്ത തീക്ഷ്ണമായൊരു ആത്മദാഹമായിരുന്നു ഗുരുവിന്. അതു ശിഷ്യരോട് തുറന്നു പറയുകയും ചെയ്തു.

കുന്നുകയറി ദേവാലയാങ്കണത്തിലെത്തി. നിരപരാധികളായ ബലിമൃഗങ്ങളുടെ പ്രാണനാളങ്ങളിൽ കുരുങ്ങി ഉയരുന്ന മരണക്കരച്ചിൽ കേൾക്കാനാവാതെ യേശു ചെവികൾ പൊത്തി. വെട്ടിയെറിഞ്ഞ ബലിമൃഗങ്ങളുടെ തുറിച്ച കണ്ണുകളിൽ ഒരിറ്റു കരുണയുടെ പൊരിഞ്ഞ ദാഹം. ചോരയുടെ നാറ്റം തറഞ്ഞുനിൽക്കുന്ന മോറിയാക്കുന്നിൽ നിന്നും രക്ഷപ്പെടാനാണു തോന്നിയത്. കഴിഞ്ഞ രണ്ടുകൊല്ലവും എവിടെയെങ്കിലും ഒന്നിച്ചിരുന്ന് തിരുനാൾ ആചരിച്ചിരുന്നു. എന്നാൽ ഇത്തവണ എവിടെ വേണമെന്ന് മനസു മന്ത്രിക്കുന്നുണ്ട്. അതു കണ്ടുപിടിച്ച് വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടവൻ പക്ഷേ, ഇപ്പോൾ ശിഷ്യഗണത്തിലില്ല. ഇന്നലെ രാത്രിയിൽ ഗത്സമനിയിൽ വരെ കൂടെ ഉണ്ടായിരുന്നു. എന്നാൽ പിന്നീട് ഇതുവരെ കണ്ടില്ല. അതിനാൽ ഈ ദൗത്യം മറ്റാരെയെങ്കിലും ഏൽപ്പിക്കാം. പത്രോസും, യോഹന്നാനും തന്നെയാണവർ.



www.malankaralibrary.com

അവരോടു പറഞ്ഞു, "നിങ്ങൾ നഗര കവാടത്തെ ലക്ഷ്യമാക്കി പോകണം. അപ്പോൾ നിങ്ങൾക്കെതിരെ ഒരാൾ നടന്നുവരും. വെള്ളം നിറച്ച കുടം അയാൾ വഹിച്ചിരിക്കും. നിങ്ങൾ അയാളുടെ പുറകെ തിരിച്ചു നടക്കണം. അയാൾ ചെന്നു കയറുന്ന വീട്ടിൽ നിങ്ങളും ചെല്ലണം. അവിടുത്തെ വീട്ടുകാരനോട് നിങ്ങൾ പറയണം, ഞങ്ങളുടെ ഗുരുവിന് പെസഹാ ഒരുക്കാനുള്ള സൗകര്യം ചെയ്തുതരിക. സജ്ജീകൃതമായൊരു വലിയ മാളിക അയാൾ നിങ്ങളെ കാണിച്ചുതരും."

ഒലിവുമലയുടെ നേരെ എതിർ ദിശയിലുള്ള കവാടം കടന്ന് ഇരുവരും നഗര നിരത്തിലേയ്ക്കിറങ്ങി. ഗുരു അരുളിയ അസാധാരണമായ ആ കാഴ്ച കണ്ടു. ജലകുടമേന്തിയ സ്ത്രീകളെ മാത്രം കണ്ടു ശീലിച്ച ശിഷ്യനയനങ്ങളിൽ അതാ, അടുത്തുള്ള ശീലോഹാ കുളത്തിൽ നിന്നും ജലം നിറച്ച കുടം ശിരസ്സിൽ വച്ച് നടന്നുവരുന്ന ഒരു പുരുഷൻ!.

അടുത്തെത്തിയപ്പോഴാണ് ആളെ തിരിച്ചറിഞ്ഞത്, മർക്കോസ്. ഗുരുവിന്റെ സ്നേഹിതനും ശിഷ്യസമനുമായ അയാളുടെ തോട്ടത്തിലാണല്ലോ തങ്ങൾ നാലഞ്ചു ദിവസങ്ങളായി അന്തിയുറങ്ങുന്നത്. ശിഷ്യരെക്കണ്ട് മർക്കോസ് കാര്യം തിരക്കി.

അവൻ പറഞ്ഞു, "വാ, അപ്പനോടീകാര്യം പറയാം."

മർക്കോസ് തങ്ങളെ കടന്ന് നടന്നു തുടങ്ങിയ ഉടൻ ശിഷ്യരും തിരിഞ്ഞ് പിന്നാലെ കൂടി. മോറിയാമലയുടെ തെക്കുഭഗത്തുകൂടി നടന്ന് ഒരു താഴ്ച ഇറങ്ങിക്കയറിയത് സീയോൻ മലയിലേക്ക്. അവിടെ ദാവീദു രാജാവിന്റെ കൊള്ളയടിക്കപ്പെട്ട ശവകുടീരം കടന്നു കുറച്ചുകൂടി നടന്നു. അവിടൊരു വീട്ടിലേക്കു നടന്നുചെന്ന മർക്കോസിന്റെ പിന്നാലെ ശിഷ്യരും കടന്നു. പുറംതിണ്ണയിൽ പെസഹാ ഒരുക്കത്തിൽ വ്യാപൃതനായിരുന്ന അപ്പനെ കണ്ടു കാര്യം പറഞ്ഞു. അപ്പനു നിറഞ്ഞ സന്തോഷം. അയാൾ ഉത്സാഹത്തോടെ തടിപ്പടികൾ ചവുട്ടി വീടിനു മുകളിലുള്ള രണ്ടാം മാളികയിലേക്കു കയറി. എല്ലാം ചൂണ്ടിക്കാട്ടി. ആ സെഹിയോൻ മാളികയിൽ പത്തുപതിനഞ്ചുപേർക്ക് ചാഞ്ഞിരിക്കാനുള്ള ഇരിപ്പിടങ്ങൾ. നടുവിൽ വലിയൊരു മേശ. ആവശ്യമായ പിഞ്ഞാണങ്ങളും കോപ്പകളും അടുക്കിവച്ചിരിക്കുന്ന തടിപ്പെട്ടി.

ഗൃഹനാഥൻ ചോദിച്ചു, "ഈ മാളിക പോരെ?"

"ധാരാളം."



www.malankaralibrary.com

പത്രോസും യോഹന്നാനും മൂലയിൽ ചാരിവച്ചിരുന്ന ചൂലെടുത്ത് മാളിക അടിച്ചു വാരി. തുണികൊണ്ടു ഇരിപ്പിടങ്ങളും മേശയും പൊടി തുടച്ചു വെടിപ്പാക്കി. മേശമേൽ നല്ലൊരു വിരിപ്പിട്ടു. കൈ കഴുകാനുള്ള വെള്ളം മൺഭരണിയിൽ നിറച്ച് വാതില്ക്കൽ വച്ചു. കൈ തുടയ്ക്കാൻ വൃത്തിയുള്ള വെളുത്ത കച്ച അടുത്തുതന്നെ വിരിച്ചിട്ടു. ഉത്തരത്തിൽ നിന്നും ചങ്ങലയിൽ കൊളുത്തി ഞാത്തിയ തൂക്കുവിളക്കിൽ ഒലിവെണ്ണ നിറച്ച് തിരികൾ നീട്ടിവച്ചു. തടിപ്പെട്ടി തുറന്ന് രണ്ടുമൂന്നു പിഞ്ഞാണങ്ങൾ മേശമേൽ നിരത്തി. ഒന്നുരണ്ടു പാനീയക്കോപ്പകളും.

അപ്പോഴേക്കും മർക്കോസ് സാമാന്യം വലിയൊരു പാത്രം നിറയെ പുളിപ്പില്ലാത്ത ബാർലി അപ്പവും മറുകയ്യിൽ രണ്ടു തുകൽത്തുരുത്തിയുമായി കയറിവന്നു. തുരുത്തികളിൽ ഒന്നിൽ വീഞ്ഞും മറ്റതിൽ വെള്ളവും.

ഇത്രയും ഒരുക്കങ്ങൾ കഴിഞ്ഞ് ശിഷ്യന്മാർ തടിപ്പടികൾ ചവുട്ടി ഇറങ്ങി ഗുരുവിന്റെ പക്കലേക്കു പാഞ്ഞു. പകുതി ദൂരം ചെന്നപ്പോഴേയ്ക്കും ഗുരുവും കൂട്ടുകാരും അതാ, നടന്നടുക്കുന്നു. കൂടെ യൂദാസും. എവിടെയൊക്കെയോ കറങ്ങിത്തിരിഞ്ഞ് അയാൾ ഗുരുവിന്റെ പക്കൽ വീണ്ടും വന്നിരിക്കുന്നു.

ഗുരുവും പന്ത്രണ്ടു ശിഷ്യന്മാരും കൂടി മർക്കോസിന്റെ മാളികയിലെത്തുമ്പോൾ സൂര്യൻ മറഞ്ഞുപോയിരുന്നു. താഴെ നിന്നും കൊളുത്തിയെടുത്ത എണ്ണത്തിരിയുമായി മുമ്പേ പടികയറി പത്രോസ് രണ്ടാം നിലയിലെ വിളക്കിൽ അതു പകർന്നു. ജറുസലേമിലെത്തുമ്പോൾ പലപ്പോഴും അന്തിയുറങ്ങിയിട്ടുള്ള മാളികയിലേക്ക് ഗുരു നടന്നുചെന്നു. പരമപിതാവു തന്നെ ഏൽപ്പിച്ച ദൗത്യങ്ങളുടെ സമ്പൂർണ്ണതയിലേക്കുള്ള ആരോഹണ നിമിഷങ്ങളാണിതെന്നു ഗുരുവിനു ബോദ്ധ്യമുണ്ട്. അതിനാലാണ് തന്റെ കരൾച്ചെപ്പിലിട്ടു സ്നേഹഭോജ്യം നൽകി പോറ്റിവളർത്തുന്ന ഈ അപ്പസ്തലന്മാർക്കൊപ്പം ഇരുന്ന് ഇത്തവണത്തെ പെസഹാ ഭക്ഷിക്കാൻ ഇത്രയേറെ ആശിച്ചു പോയത്.

ഈ ഗുരുമുഖലിഖിതം ശിഷ്യസംഘവും വായിച്ചിരുന്നു. അതിനാലാവാം അവരും കഴിഞ്ഞ തവണകളിലേക്കാൾ ഏറെ ആദരവോടും ശുഷ്ക്കാന്തിയോടും ഒരുങ്ങിയെത്തുന്നത്. കെദ്രോൺ വെള്ളത്തിലുള്ള ദേഹക്ഷാളനത്തിലുപരി ദൈവാത്മാവിനാലുള്ള ദേഹീക്ഷാളനവും അവർ ആഗ്രഹിക്കുന്നതും അതിനാൽത്തന്നെ.



www.malankaralibrary.com

ഗോവേണിപ്പടികൾ കടന്ന് നേരെ മുകളിലെ മാളികയിലേക്ക് കയറുന്ന ഗുരുവിന്റെ കൂടെത്തന്നെയുണ്ട്, യൂദാ. പണസഞ്ചി വാഹകനും മികച്ച സംഘാടകനും കാര്യപ്രാപ്തനും മറ്റുമായി തിളങ്ങുന്ന താൻ എന്തിനു മറ്റുള്ളവരുടെ പിന്നിൽ തങ്ങണം എന്നാണവന്റെ ഭാവം. യേശു നേരെ ചെന്ന് ഏതോ ഒരിരിപ്പിടത്തിൽ അമർന്നു. ഗുരുവിന്റെ മുഖ്യപീഠത്തിനു തൊട്ടടുത്തിരിക്കാൻ എന്തുകൊണ്ടും യോഗ്യൻ താൻതന്നെ എന്നമട്ടിൽ യൂദാ മുന്നോട്ടാഞ്ഞു.

എന്നാൽ പത്രോസ് വിടുമോ? ഗുരുവിനെ ഏറ്റം സ്നേഹിക്കുന്ന വൻ താനാണെന്നാണു പത്രോസിന്റെ ബോദ്ധ്യം. മാത്രമല്ല, പന്ത്രണ്ടു പേരിൽ പ്രഥമഗണനീയൻ താനാണല്ലോ. ഗുരുനാഥന്റെ തൊട്ടടുത്തിരിക്കാനുള്ള യൂദായുടെയും പത്രോസിന്റെയും വെമ്പൽകണ്ട് യോഹന്നാനും അടങ്ങി നിന്നില്ല. ഗുരുവിന്റെ സ്നേഹം ഏറ്റമധികം അനുഭവിച്ചിട്ടുള്ളവൻ താനാണെന്ന വിശ്വാസത്തോടെ അവൻ മുന്നോട്ടു കുതിച്ചു. അതിനാൽ ഗുരുവിന്റെ വലതു വശത്തുതന്നെ ഇരിക്കാൻ കഴിഞ്ഞു. പക്ഷേ, പത്രോസിനെ രണ്ടാം പീഠത്തിലേക്കു മാറ്റിക്കൊണ്ടു യുദാ തള്ളിക്കയറി ഗുരുവിന്റെ ഇടതു വശത്തു നിലയുറപ്പിച്ചിരിക്കുന്നു. അതിൽ കുണ്ഠിതനായി അടുത്ത പീഠത്തിൽ പത്രോസ് ഇരുന്നു.

എല്ലാവരും ഇരുന്നു കഴിഞ്ഞപ്പോൾ ഗുരു എഴുന്നേറ്റു. മേലങ്കി അഴിച്ച് പീഠത്തിൽ വച്ചു. കൈ തുടയ്ക്കാൻ ഇട്ടിരുന്ന വെള്ളത്തുണി എടുത്ത് ദേഹത്തിനു പിന്നിലൂടെ ഇരുവശത്തേക്കും അകറ്റിപിടിച്ച് അരഭാഗത്ത് ഒന്നുചുറ്റി വലതു വശത്തായി പിണച്ചുവച്ചു. പിന്നെ, ക്ഷാളനത്തിനു വച്ചിരുന്ന വെള്ളം ഒരു പാത്രത്തിൽ പകർന്നെടുത്തു. പരന്നു വിസ്തൃതമായ മറ്റൊരു താലവും കരുതി.

എന്തിനുള്ള പുറപ്പാടാണെന്നറിയാതെ ആകാംക്ഷയോടെ നോക്കിയിരിക്കുകയാണു ശിഷ്യന്മാർ പന്ത്രണ്ടുപേരും. സകലരുടെയും ഗുരു, തന്റെ പീഠത്തിനു തൊട്ടിടതുവശത്തിരിക്കുന്ന യൂദായുടെ നേരെ ആദ്യം അടുത്തു. അവന്റെ മുമ്പിൽ താണു മുട്ടുകുത്തി നിന്നു. വലിയ താലത്തിനുള്ളിൽ അവന്റെ പാദങ്ങൾ ഗുരു എടുത്തുവച്ചു. മറ്റുള്ളവർ അന്തംവിട്ടു പോയി. അഴുക്കുപൊടി നിറഞ്ഞ വഴികൾ പകലന്തിയോളം താണ്ടി, വിയർപ്പും ചെളിയും പൂണ്ടിരിക്കുന്ന കാലുകളിൽ അത്യാകർഷണീയമായ കരങ്ങൾ പിടിച്ചതു കണ്ട് അവർ നടുങ്ങുകതന്നെ ചെയ്തു. എന്നിട്ടു മറ്റേ പാത്രത്തിൽ നിന്നും വെള്ളം കൈക്കുമ്പിളിൽ കോരി ആ പാദങ്ങളിലൊഴിച്ചു. വേർപ്പിൽ കുഴഞ്ഞ ചെളിയും മണ്ണും കൈകളാൽ കഴുകിയിറക്കി.



www.malankaralibrary.com

പാദങ്ങൾ വെടിപ്പാകുവോളം അല്പാല്പം വെള്ളം കോരി ഒഴിച്ചു കൊണ്ടേയിരുന്നു. പിന്നെ, അരയിൽ കെട്ടിയ കച്ചയുടെ നീണ്ട വാൽഭാഗം നീട്ടി നിവർത്തി ആ പാദങ്ങൾ തുടച്ചു.

യൂദാ ആത്മാഭിമാനത്തോടെ ഞെളിഞ്ഞിരിക്കുകയാണ്. താൻ ഇപ്പോഴെങ്കിലും മറ്റുള്ളവരേക്കാൾ ആദരിക്കപ്പെട്ടിരിക്കുന്നു എന്ന മനോഭാവത്താൽ അവൻ ഗർവ്വിഷ്ടനായിരുന്നു. പിന്നെ യോഹന്നാന്റെ പാദാന്തികത്തിലേയ്ക്കു താലം നീക്കി. അതേ കർമ്മം തുടർന്നു. തടയാനോ നിഷേധിക്കാനോ ആവാതെ ഓരോരുത്തരും നിശ്ചലപാദങ്ങളോടെ പ്രതിമസമാനം ഇരുന്നു പോവുകയായിരുന്നു.

അവസാനം പത്രോസിന്റെ കഴൽച്ചോട്ടിൽ. പക്ഷെ മറ്റെല്ലാവരെയും പോലെ നിർന്നിമേഷനായിരിക്കാൻ അയാൾക്കാവില്ല. രണ്ടു കൈയും നീട്ടി ഗുരുവിനെ തടഞ്ഞുകൊണ്ട് കാലുകൾ പൊക്കി പീഠത്തിലേയ്ക്കു കയറ്റി വച്ചു ശഠിച്ചു: "അരുതു നാഥാ! അങ്ങെന്താണു കാട്ടുന്നത്? ഞാനിതിനു സമ്മതിക്കില്ല."

ശിഷ്യന്റെ പാദാന്തികത്തിൽ മുട്ടുകുത്തിയിരുന്ന ഗുരു ഈ വാദം കേട്ട് മുഖമുയർത്തി പ്രിയ ശിഷ്യനെ നോക്കി, തറപ്പിച്ചു പറഞ്ഞു: "ഇതിനു സമ്മതിക്കുന്നില്ലെങ്കിൽ നീ എന്റെ പങ്കാളിയായിരിക്കില്ല."

ശിഷ്യപ്രമുഖൻ അതുകേട്ടു തകർന്നുപോയി. എന്തെല്ലാം പരീക്ഷണങ്ങൾ നേരിട്ടപ്പോഴും ഗുരുവിന്റെ കൂടെ ഉറച്ചു നിന്നിട്ടേയുള്ളൂ. ഇനി എന്നും അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും.

പീഠത്തിൽ കയറ്റിവച്ച കാലുകൾ രണ്ടും പൊടുന്നനെ താലത്തിലേയ്ക്കു താഴ്ത്തിവച്ചു പറഞ്ഞു.

"അയ്യോ കർത്താവേ, അങ്ങനെയെങ്കിൽ അങ്ങുകഴുകണമേ, എന്റെ ചരണങ്ങൾ മാത്രമല്ല, കരങ്ങളും ശിരസും എല്ലാം....."

കാലുകളിൽ ജലലേപനം ചെയ്യുന്നതിനിടയിൽത്തന്നെ ഗുരു പ്രസ്താവിച്ചു.

"വേണ്ടാ. കുളി കഴിഞ്ഞവന്റെ കാലുകൾ മാത്രം കഴുകിയാൽ മതി. അങ്ങനെയുള്ളവൻ പൂർണ്ണ ശുദ്ധനായിരിക്കും."

അവസാന പാദവും കഴുകിത്തുടച്ച് നിവരുന്നതിനു മുമ്പ് പത്രോസ് മുതൽ ഒരു വലം ചുറ്റി യൂദായിൽ നോട്ടം അവസാനിപ്പിച്ച് ഗുരു ഇങ്ങനെ



www.malankaralibrary.com

കൂട്ടിച്ചേർത്തു: "നിങ്ങളും ശുദ്ധിയുള്ളവർതന്നെ. എന്നാൽ എല്ലാവരും അങ്ങനെയല്ല."

ശിഷ്യർക്കു തോന്നി അതു യൂദായെപ്പറ്റിയുള്ള പരാമർശമാണന്ന്. കാരണം കെദ്രോൺ അരുവിയിൽ കുളിക്കാൻ യൂദാ ഇല്ലായിരുന്നല്ലോ. തിരക്കു പിടിച്ച എന്തോ ജോലികളുമായി ചുറ്റിത്തിരിയുന്ന അയാൾ ദേവാലയാങ്കണത്തിൽ വച്ചാണല്ലോ തങ്ങൾക്കൊപ്പം ചേർന്നത്. പക്ഷേ അതു കേൾക്കാൻ കഴിയാത്ത വിധം എന്തോ നിഗൂഢചിന്താഭാരവുമായി ജനലഴികളിലൂടെ ഇരുളും നിലാവും കുടിക്കലരുന്ന പുറംലോകത്തേയ്ക്ക് നോക്കിയിരിക്കുകയായിരുന്നു യൂദാ.

നിവർന്നെഴുന്നേറ്റ് വെള്ളക്കച്ച അഴിച്ചുമാറ്റി, മേലങ്കിയെടുത്തു ധരിച്ച് പീഠത്തിൽ ഗുരു അമർന്നു. എന്നിട്ടവരോടു ചോദിച്ചു: "ഞാനിപ്പോൾ നിങ്ങൾക്കു ചെയ്തതെന്താണെന്നറിയാമോ?"

അവർ ഒന്നും പറഞ്ഞില്ല. തന്റെ കർമ്മത്തിന്റെ പൊരുൾ എന്തെന്നു വ്യക്തമാക്കുകയാണു ഗുരു: "നിങ്ങളെന്നെ ഗുരുവേ, കർത്താവേ, എന്നൊക്കെ വിളിക്കുന്നു. അല്ലേ? അതു ശരിയുമാണ്. അങ്ങനെയുള്ള ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം ഇതേ മനോഭാവം വച്ചു പുലർത്തുവിൻ."

മുഖ്യ പീഠങ്ങൾക്കായി തങ്ങൾ തള്ളിക്കയറിയതാണ് ഇതിനെല്ലാം കാരണമെന്ന് പലർക്കും ബോദ്ധ്യപ്പെട്ടു. പദക്ഷാളനകർമ്മം ഒരടിമയുടെ വേലയാണ്. ഞാൻ ലോകത്തിന്റെ പ്രകാശമാണെന്നു പറഞ്ഞ വിശ്വമഹാഗുരു ഇന്നൊരു അടിമയെപ്പോലെ സ്വയം ഹീനനായിരിക്കുന്നു. നാലുദിവസം മുമ്പ് ജറുസലേമിലേക്കു രാജകീയജൈത്രയാത്ര നടത്തിയ മാഹാത്മാവ് ഇന്നിതാ ദാസ്യവേല ചെയ്യുന്നു. എല്ലാം, ശിഷ്യരായ തങ്ങൾക്കു വേണ്ടി. എന്തുകേട്ടാലും എന്തുകണ്ടാലും ഭൗമതലത്തിൽനിന്നുയരാൻ ഇനിയും കഴിഞ്ഞിട്ടില്ലാത്ത തങ്ങൾക്കു ജീവിതമാതൃകയാകാൻ വേണ്ടി. മുഖ്യശിഷ്യനായ പത്രോസിന്റെ പാദങ്ങൾ ഏറ്റവും ഒടുവിൽ കഴുകിയതുതന്നെ ശൂന്യവൽക്കരണത്തിന്റെ ഗുണപാഠം പറഞ്ഞുതരാനായിരുന്നില്ലേ.

ഗുരുവിനെക്കൊണ്ട് ഈ ഹീനകൃത്യം ചെയ്യിച്ചതിൽ വിഷാദമൂകരായി അവരിരുന്നു. ആ ഇരുപ്പിൽത്തന്നെ അപ്പക്കഷണങ്ങൾ എടുത്തു മസാലക്കൂട്ടിൽ മുക്കി സാവധാനം കഴിച്ചുതുടങ്ങി.

സൂര്യൻ ഇരുളുന്നപോലെ പെട്ടെന്നു ഗുരു മുഖം മങ്ങി. എന്തോ ഭയങ്കരങ്ങളായ ബോധങ്ങളുടെ കാർമേഘങ്ങൾ ഗുരുഹൃദയത്തിൽ നിഴലി



www.malankaralibrary.com

ച്ചു കഴിഞ്ഞു. കുഞ്ഞാടിനെപ്പോലെ ശാന്തനായ യേശുവിന്റെ നിരുദ്ധ കണ്ഠത്തിൽ നിന്നും ഒരു ഭയാനകസത്യം പുറത്തേക്കു വന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളിൽ ഒരാൾ എന്നെ ഒറ്റിക്കൊടുക്കും."

ശിഷ്യരുടെ ഉള്ളിലൊരു വെള്ളിടിവെട്ടി. ഒരുനിമിഷത്തിനു ശേഷം പ്രജ്ഞയിലേക്കു തിരിച്ചുവന്നപ്പോൾ ഉൽക്കണ്ഠാകുലമിഴികളോടെ തമ്മിൽ നോക്കിയിരിക്കാനേ അവർക്കു കഴിഞ്ഞുള്ളു. മൗനം കനത്തുറഞ്ഞ അതേ നിമിഷത്തിൽത്തന്നെ ഗുരുനാഥൻ തുടർന്നു.

"പ്രവചനപ്രകാരം മനുഷ്യപുത്രൻ കടന്നുപോയേ മതിയാകൂ. പക്ഷെ, മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നവനു ശാപം. പിറക്കാതെ പോകുന്നതായിരുന്നു അവനു ഭേദം."

"ഗുരുനാഥാ, അതാരാണ്?" എന്നാരായാൻ വീണ്ടും ഒരൽപനേരം കൂടി അവർക്കു വേണ്ടിവന്നു. താങ്ങാനാവാത്ത ഹൃദയവേദനയോടെ സകലരും ആ ചോദ്യം ആവർത്തിക്കുകയാണ്. കല്ലേറേറ്റ തേനീച്ചക്കൂട്ടിൽ നിന്നുയരുന്ന അസ്വാസ്ഥ്യ മുരളലിന്റെ മുഴക്കംപോലെ. എല്ലാവരുടെയും ചോദ്യം തന്നെ യൂദായും ചോദിച്ചു: "ഗുരോ അതാരാണ്? ഞാനോ?" അല്ലെങ്കിൽ മറ്റുള്ളവർ തന്നെ സംശയിച്ചെങ്കിലോ എന്ന ഭയത്താലാണീ ചോദ്യം.

ഗുരു അരുളി: "നിനക്കതു ശരിക്കറിയാമല്ലോ."

ബഹളമയമായ അന്തരീക്ഷത്തിൽ ആ വാക്യം ആർക്കും തിരിച്ചറിയാനാവാതെ മുങ്ങിപ്പോയി.

എന്നാൽ തൊട്ടടുത്തിരുന്ന യൂദായുടെ സൂക്ഷ്മശ്രോത്രങ്ങളിൽ അതു വീണു മുഴങ്ങി. ബലിഷ്ഠഹൃദയഭിത്തികളിൽ അതു പ്രതിദ്ധ്വനിച്ചുകൊണ്ടിരുന്നു. വരണ്ട കെദ്രോൺ താഴ്വരയിൽ വീണു മുഴങ്ങുന്ന ബലിമൃഗാന്ത്യവിലാപം പോലെ.

തൊട്ടു വലത്തിരിക്കുന്ന യോഹന്നാനാണെങ്കിൽ നിവർന്നിരിക്കാനുള്ള ശേഷിപോലും ചോർന്ന് ആത്മനാഥന്റെ നെഞ്ചിലേയ്ക്ക് കുഴഞ്ഞു വീണു പോയി. നെഞ്ചിൽ മുഖം അമർത്തി തളർന്നു കിടക്കുമ്പോൾ എതിർവശത്തു നിന്ന് വിഭ്രാന്തനായ പത്രോസ് 'അവൻ ആരാണെന്നു ഗുരുവിനോടൊന്നു ചോദിക്കൂ' എന്നമട്ടിൽ ആംഗ്യം കാട്ടുന്നത് യോഹന്നാന്റെ കണ്ണീർമിഴികളിൽ തെളിയുന്നുണ്ടായിരുന്നു.



www.malankaralibrary.com

“നാഥാ, ആ മഹാപാപി ആരാണെന്നു പറയില്ലേ?”

ഏങ്ങലടിച്ച് ഗുരുമുഖത്തേയ്ക്കു വിഷാദമിഴികളുയർത്തി യോഹന്നാൻ അപേക്ഷിച്ചു. ഉടൻ ഗുരുഹൃദയത്തിൽ സങ്കീർത്തനത്തിലെ ഈ പ്രവചനഭാഗം ഓടിയെത്തി.

“ഞാൻ വിശ്വസിച്ചവനും എന്റെ ഭക്ഷണത്തിൽ പങ്കു ചേർന്നവനുമായ എന്റെ പ്രാണ സ്നേഹിതൻപോലും എനിക്കെതിരായി കുതികാലുയർത്തിയിരിക്കുന്നു.”

അതിന്റെ പശ്ചാത്തലത്തിൽ ഒറ്റുകാരന്റെ അടയാളം അതിലോല സ്വരത്തിൽത്തന്നെ ഗുരു അറിയിച്ചു: “അപ്പം മുക്കി ഞാൻ കൊടുക്കുന്നവൻ തന്നെ.”

അതും ആർക്കെങ്കിലും കേൾക്കാനായോ എന്തോ! കാരണം, ഒറ്റുകാരനെക്കുറിച്ചുള്ള ചൂടുപിടിച്ച ചർച്ചകളിൽ മുഴുകിക്കഴിയുകയായിരുന്നു അവർ. മൂടി മാറ്റിയ പാത്രത്തിൽ നിന്നും യേശു ഒരു കഷണം അപ്പമെടുത്ത് ചാറിൽ മുക്കി യൂദായുടെ നേരെ നീട്ടി.

തൊട്ടടുത്തിരിക്കുന്നവനുള്ള പ്രഥമപരിഗണനയായി മാത്രമേ അപ്പോഴും ഇതിനെ അവർ കരുതിയുള്ളൂ. ഭാവഭേദങ്ങൾ തീരെയില്ലാതെ ഉറച്ചിരുന്ന യൂദായുടെ ബലിഷ്ഠഹസ്തം അപ്പത്തിനു നേരേ, തൊടുത്തുവിട്ട കൂരമ്പു പോലെ നീണ്ടു. തീറ്റവസ്തുക്കളോട് അയാൾക്കുള്ള കൊതി ഒന്നു വേറെ തന്നെയാണല്ലോ. കിട്ടിയ പാടെ അപ്പക്കഷണം വായിലേക്കു കുത്തിത്തിരുകി പാടുപെട്ടു വിഴുങ്ങി.

അതു തിന്നു തീർന്ന ഉടൻ യൂദാ ഒന്നു നിവർന്നിരുന്നു. എന്തോ ഒരസ്വാസ്ഥ്യം പോലെ. ഉരുണ്ടു വീർത്ത വയറ്റിലാണോ നെഞ്ചിലാണോ തലയ്ക്കുള്ളിലാണോ പ്രശ്നമെന്നറിയില്ല. കണ്ണുകളിൽ കൂരിരുട്ട് തിങ്ങുന്നതു പോലെ. സംഭ്രാന്തമനസ്സോടെ അയാൾ എഴുന്നേറ്റു.

ഒരു പഴത്തിലൂടെ ആദ്യമനുഷ്യനെന്നപോലെ ഈ ബാർലി അപ്പത്തിലൂടെ ഇവനും ദുഷ്ടാരൂപിക്കു വഴിപ്പെടുകയാണോ? അതോ, മരുഭൂമിയിൽ ഗുരുവിന്റെ മുമ്പിൽ പരാജയപ്പെട്ട് ഓടിമറഞ്ഞ ഭീകരൻ, തന്റെ പ്രതികാര കർമ്മപദ്ധതിക്കുവേണ്ടി ഇവനെ ഒരുപകരണമാക്കുകയാണോ?

ഇരിപ്പുറയ്ക്കാതെ എന്തൊക്കെയോ ചെയ്തു തീർക്കാനുള്ള വിഭ്രമാവേശത്തോടെ എഴുന്നേറ്റു നില്ക്കുന്ന വിപ്ലവനായകനോടു ഗുരു പറഞ്ഞു: “നീ ചെയ്യാനിരിക്കുന്നതു വേഗം ചെയ്തു കൊള്ളുക.”



www.malankaralibrary.com

പുറത്തേക്കു പായാൻ ഉഴറി നിന്ന യൂദായുടെ കാലുകൾക്ക് ആ അനുമതി ശക്തി പകർന്നു. പിന്നൊരു നിമിഷം അവൻ പാഴാക്കിയില്ല. കൊടുങ്കാറ്റേറ്റു പറന്നുപോയ കരിയില പോലെ യൂദാ അവിടെ നിന്നും നിഷ്ക്രമിച്ച്, തടിപ്പടികൾ ഝുടുപുടാരവത്തോടെ ചവിട്ടിയിറങ്ങി രാത്രിവഴികളിലൂടെ വേഗം ഓടി.

എന്നിട്ടും ആർക്കുമൊന്നും മനസ്സിലായില്ല. അവർ കരുതി, പണസഞ്ചി യൂദായുടെ കയ്യിലാണല്ലോ. അപ്പോൾ, തിരുനാൾ പ്രമാണിച്ച് എന്തെങ്കിലും വാങ്ങാനോ, പാവങ്ങൾക്കു വല്ലതും കൊടുക്കാനോ മറ്റുമായി ഗുരു പറഞ്ഞയച്ചതാവും.

തൂക്കുവിളക്കിൽ എണ്ണവറ്റി തിരി കരിഞ്ഞു തുടങ്ങി. അതുകൊണ്ടൊരാൾ തട്ടത്തിൽ എണ്ണ പകർന്നു. അതു പുതിയൊരുന്മേഷത്തോടെ തെളിഞ്ഞെരിഞ്ഞു. പുറത്തു പൂത്തുനില്ക്കുന്ന നിലാവിന്റെ ഇതളുകൾ ജനാലവഴി മാളികാന്തരത്തിലേക്കു നീണ്ടുവരുന്നുണ്ടായിരുന്നു. പ്രശാന്തഗൗരവഭാവം ചൂഴ്ന്ന ഗുരുവദനത്തെ അതു പ്രദീപ്തമാക്കുകയും ചെയ്തു.

കഴിഞ്ഞ രണ്ടാണ്ടുകളിലും പഴയനിയമാനുഷ്ഠാനങ്ങളിൽ മാത്രം ഒതുക്കപ്പെട്ട പെസഹാ. പക്ഷേ ഇത്തവണ അനുഷ്ഠാനങ്ങൾക്കെല്ലാം ഒരാർദ്രഭാവവും പുതിയ ശൈലിയും. ഒന്നര സഹസ്രാബ്ദങ്ങളായി യഹൂദമഹാജനത അഭംഗുരം ആചരിച്ചുപോരുന്ന പെസഹായുടെ കർമ്മ ശൈലിയിൽ ഗുരു അസഹ്യനായിരിക്കുന്നു. വാസ്തവത്തിൽ പാവങ്ങളെ ദ്രോഹിക്കുന്ന ഒരേർപ്പാടല്ലേ ഇത്? ലോകത്തിന്റെ നാനാവഴിക്കും ചിതറിപ്പോയ തെരുവുതെണ്ടിയായ യഹൂദൻപോലും തന്റെ പാപങ്ങൾ കഴുകിക്കിട്ടാൻ നൂറുകണക്കിനു മൈലുകൾ നടന്നലഞ്ഞ് ഈ ജറുസലേം ദേവാലയത്തിൽ എത്തണം! പാപപരിഹാരബലിക്കുള്ള ആടിനെ കൂടെ കൊണ്ടുവരാനുള്ള അനുവാദം പോലും ആ പാവത്തിനില്ല. മഹാപുരോഹിതന്മാർ വളർത്തുന്ന ലക്ഷോപലക്ഷം ആടുകളെ വിൽക്കുന്ന, ലോകത്തിലെ ഏറ്റം വലിയ ആട്ടുചന്ത ജറുസലേം ദേവാലയ സമീപത്തു തന്നെ ഉണ്ട്. കടം വാങ്ങിക്കൊണ്ടുവരുന്ന തുക ഈ പട്ടിണി പാവങ്ങൾ അവിടെക്കൊടുത്ത് ആടിനെ വാങ്ങി ബലി അർപ്പിച്ചുകൊള്ളണം. ഈ അന്യായത്തുകയെല്ലാം ചെന്നുവീഴുന്നത് മുഖ്യപുരോഹിതന്മാരുടെ മടിശ്ശീലയിൽ. പതിനാലു പേരുള്ള സംഘത്തിന് ഒരാട് എന്നാണു കണക്ക്. സംഘത്തിൽ പതിനഞ്ചു പേരാണെങ്കിൽ പാവങ്ങൾ വാങ്ങേണ്ട ആടുകളുടെ എണ്ണം രണ്ട്. ഇങ്ങനെ ഓരോ പെസഹായും പാവങ്ങളെ സംബന്ധിച്ച് ദുരിതകർമ്മങ്ങളുടെ കൂമ്പാരമായിരുന്നു.



www.malankaralibrary.com

യേശുവിന്റെ ഉള്ളിൽ ബലിമൃഗങ്ങളുടെ ദൈന്യമായ അലർച്ച മുഴങ്ങി. ശിരസ്സറ്റ അവയുടെ കരുണാദാഹികളായ കണ്ണുകൾ തന്നെ നോക്കി യാചിക്കുകയല്ലേ. നിഷ്ഠൂരകഠാരകൾ ബലിമൃഗങ്ങളുടെ കഴുത്തുകളിൽ താഴ്ത്തി ചോരപ്പാത്തിയിലൂടെ ചുടുചോര പായിക്കുന്ന മതമേധാവികളുടെ ഭയാനകമായ നിരയും ഉൾക്കണ്ണുകളിൽ തെളിയുകയാണ്. ചോര ഇറ്റിറങ്ങുന്ന നീളൻ കുപ്പായവുമായി ജനങ്ങൾക്കിടയിലൂടെ തിരിക്കു പിടിച്ചു പായുന്ന പുരോഹിത ഗണത്തേയും കാണാം. ഇവരുടെ ബലിഷ്ഠ മുഷ്ടികളിൽ നിന്നും ഈ ദരിദ്രജനതയെ മോചിപ്പിച്ചേ മതിയാകൂ. അതിനൊരു പുതിയ ശൈലിയിലുള്ള പെസഹാ സംസ്ഥാപിതമാകണം. ബലിമൃഗങ്ങളില്ലാത്ത, ചോര ചിന്താത്ത ഒരു പുതിയനിയമ ബലിയാണു വേണ്ടത്. അതേ സമയം തന്നെ അതു തന്റെ ശരീരരക്തങ്ങളുടെ ദൃശ്യപ്രകാശനവുമായിത്തീരണം. അഥവാ ആത്മനേത്രങ്ങളിൽ അവ മാംസവും ചോരയും തന്നെയായി ഭവിക്കണം. എങ്കിലേ പഴയ നിയമത്തിന്റെ നിഴലിലുള്ള പുതിയനിയമ ബലിയാകുകയുള്ളൂ. ഈ സാത്വികബലി അർപ്പിക്കാൻ ആരും ദൂരെ യാത്ര ചെയ്യേണ്ടതുമില്ല. ജറുസലേമിൽ വന്നു മാത്രമേ ബലിയർപ്പിക്കാൻ പാടുള്ളൂ എന്ന യഹൂദമതമേധാവികളുടെ ഗൂഢചിന്തകൾ തകർക്കപ്പെടുക തന്നെ വേണം. അഥവാ ഈ ദേവാലയം ശത്രുക്കളാൽ നശിപ്പിക്കപ്പെടാൻ പോവുകയാണല്ലോ. ഈ തലമുറ കടന്നുപോകും മുമ്പ് അതു സംഭവിക്കുകയും ചെയ്യും.

തന്റെ ഐഹിക കർമ്മങ്ങളുടെ പരിസമാപ്തിയിലേക്കു പ്രവേശിക്കുകയാണ്. ഈ മനുഷ്യപുത്രന്റെ സ്വതന്ത്രകർമ്മങ്ങൾക്കു കുരുക്കുവീഴാൻ പോകുന്നു. അതിനാൽ പുതിയൊരു പെസഹാശൈലിയുടെ ആരംഭം കുറിക്കാൻ ഇങ്ങനൊരവസരത്തിനായി താനെത്രയോ ദാഹിച്ചിരിക്കുന്നു. അതു സാദ്ധ്യമാക്കിത്തന്ന പരമപിതാവിനോടുള്ള കൃതജ്ഞതാ സ്തോത്രങ്ങളാൽ മനസ്സു നിറയുകയാണ്.

എന്നാൽ ഈ ശൈലി അതിപുരാതനമായൊരു ശ്രേഷ്ഠപാരമ്പര്യത്തിന്റെ പിന്തുടർച്ചയുമാവണം. അതായത് മഹാപുരോഹിതനായ മൽക്കിസദേക്കിന്റെ രക്തരഹിതബലിയുടെ പിന്തുടർച്ച. മാത്രമല്ല, താൻ മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതനായിരിക്കും എന്ന് ദാവീദു രാജാവിന്റെ പ്രവചനവുമുണ്ടല്ലോ.

പുറപ്പാടു പുസ്തക പ്രകാരം, പഴയ ഉടമ്പടി സ്ഥാപിക്കാനായി ബലിമൃഗച്ചോര ബലിപീഠത്തിലും ജനശീർഷങ്ങളിലും വർഷിച്ചു മോശപറഞ്ഞു, “കണ്ടാലും, ദൈവം നിങ്ങളുമായി ചെയ്യുന്ന ഉടമ്പടിയുടെ രക്തം.” തന്റെ



www.malankaralibrary.com

രക്തരഹിത ബലിയിലും ഇതേവാചകം പുനഃരവതരിപ്പിച്ചുകൊണ്ട് ഒരു നവ്യമായ ഉടമ്പടി സ്ഥാപിക്കുകയാണ് തന്റെ ലക്ഷ്യം.

അതിനുള്ള ബലിവസ്തുക്കൾ ഇതാ ഈ മേശമേലുണ്ട്. പുളിപ്പില്ലാത്ത അപ്പവും വീഞ്ഞും. കാലാന്തരത്തിലും ഊനമുണ്ടാകാത്തവയാണു രണ്ടും. അഥവാ, അനാദ്യന്തവചനമായ തനിക്ക് സ്വീകാര്യമായ പ്രതീകങ്ങൾ. ഈ ബലിവസ്തുക്കളിലൂടെ നിണം നിറഞ്ഞ തന്റെ ശരീരത്തിന്റെ സജീവ സാന്നിദ്ധ്യം നിത്യവത്ക്കരിക്കപ്പെടട്ടെ. ഇടയൻ അടിയേല്ക്കുമ്പോൾ ആടുകൾ ചിതറിപ്പോകാതിരിക്കാൻ ഈ ശാദ്വലം അവരെ കാട്ടിക്കൊടുക്കാം. എത്ര ഭക്ഷിച്ചാലും എത്ര കുടിച്ചാലും കുറഞ്ഞുപോകാത്ത ഈ ഭക്ഷ്യപാനീയങ്ങൾ ഉൾക്കൊണ്ട് പുഷ്ടിപ്പെടുന്ന തന്റെ അജഗണത്തെ തനിക്കു ഹൃദയത്തിൽ കാണാം.

ഈ മനോഭാവത്തോടെ യേശു വലംകൈ നീട്ടി വിശേഷാൽ ഒരുക്കി വച്ചിരിക്കുന്ന പെസഹാ അപ്പം എടുത്തു. ഇരുകരങ്ങളും ചേർത്ത് അതുയർത്തി പരമപിതാവിനു നന്ദിയർപ്പിച്ചു. പിന്നെ താഴ്ത്തി, കഷണങ്ങളാക്കി, ശിഷ്യഹസ്തങ്ങളിലേയ്ക്ക് കൊടുത്തുകൊണ്ട് അരുളി ചെയ്തു.

“വാങ്ങി ഭക്ഷിപ്പിൻ, ഇതെന്റെ ശരീരമാകുന്നു.” ബാർലി അപ്പം വാങ്ങാൻ നീട്ടിയ കൈകളിൽ ഗുരുനാഥന്റെ നുറുക്കപ്പെട്ട ദിവ്യ ശരീരമാണെന്നോ! ഭയാദരവോടെ കൈത്തലങ്ങളിൽ ഏറ്റുവാങ്ങിയ അപ്പക്കഷണങ്ങളിലേയ്ക്കു അവർ സൂക്ഷിച്ചുനോക്കി. അതു ചോരയൂറുന്ന മാംസക്കഷണങ്ങളായി മാറുന്നുണ്ടോ? ഇല്ല. പിന്നെങ്ങനെ നാഥന്റെ മുറിക്കപ്പെട്ട ദേഹമാകും ഇവ? അടുത്ത നിമിഷം അവരുടെ സ്മരണ കുറച്ചു പിന്നോട്ടു പറന്നു.

അന്നു കഫർണാമിൽ വച്ച് ഗുരു ഇങ്ങനെ പറഞ്ഞല്ലോ. “നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കുകയും ചോര കുടിക്കുകയും ചെയ്യും”. കൂടി നിന്ന യഹൂദർ മുഴുവൻ ഈ ദുർഗ്രഹഭാഷണം കേട്ട് ഓക്കാനിച്ച് പിരിഞ്ഞുപോയതും അവരോർത്തു.

“എന്താ, നിങ്ങൾക്കും പോകണ്ടേ?” എന്നു ചോദിച്ച ഗുരുവിനോട്, “ഞങ്ങളെങ്ങോട്ടു പോകാനാ? നിത്യജീവന്റെ വചനങ്ങൾ അങ്ങിലാണല്ലോ ഉള്ളത്” എന്ന് വെളിവു നിറഞ്ഞ് പത്രോസ് പ്രത്യുത്തരിച്ചതും അവരുടെ ഓർമ്മയിലെത്തി. ഒരു പക്ഷെ, രഹസ്യാത്മകത്വം ഉൾക്കൊള്ളുന്ന ഒന്നാവാം ഈ പുതിയ പെസഹാ. അഥവാ, ഗുരുവിന്റെ ജീവിതം ആകമാനം ഒരു മഹാരഹസ്യമല്ലേ!

വീണ്ടും ജനിക്കണമെന്നു നിക്കദേമൂസിനോടു പറഞ്ഞപ്പോൾ മനസ്സി



www.malankaralibrary.com

ലായില്ല. ഞാൻ തരുന്ന ജീവജലം കുടിച്ചാൽ ദാഹിക്കില്ലെന്നു സമറായക്കാരിയോടു പറഞ്ഞപ്പോഴും അന്നതു ദുർഗ്രഹമായിരുന്നു. എന്നാൽ ഈ രഹസ്യാത്മതകളെ സുഗ്രഹമാക്കി വിശ്വമഹാഭിത്തിയിൽ ഒരു പുതിയ നിയമം ആരചിക്കാനാണല്ലോ മൂന്നിലേറെക്കൊല്ലവും ഗുരു ശ്രമിച്ചത്.

ഈ ദിവ്യഭക്ഷണം ആത്മശുദ്ധിയോടെ ഉൾക്കൊള്ളണമെന്നതിന്റെ സൂചനയായിരുന്നില്ലേ കുറച്ചുമുമ്പു ചെയ്ത കാൽകഴുകൽ? ഈ ചിന്തയോടെ സകലർക്കും വേണ്ടി മുറിക്കപ്പെട്ട ദിവ്യദേഹം നിർമ്മലമനസോടെ പതിനൊന്നു ശിഷ്യന്മാരും ഉൾക്കൊണ്ടു.

യേശു അനന്തരം പാനപാത്രത്തിൽ വീഞ്ഞും ജലവും ഒഴിച്ചു. പരമപിതാവിൽ ഹൃദയമർപ്പിച്ചു സ്തോത്രം ചെയ്തു. എന്നിട്ട്, കുടിച്ചു കൈമാറാൻ ശിഷ്യർക്കു നേരെ നീട്ടി അരുൾ ചെയ്തു.

"നിങ്ങളെല്ലാവരും ഇതിൽ നിന്നു കുടിക്കുവിൻ. ഇതെന്റെ രക്തമാകുന്നു. പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ രക്തം."



www.malankaralibrary.com

# ഇരുപത്തൊമ്പത്

ഒന്നും ഒന്നും രണ്ടല്ല, ഒന്നുതന്നെ. വേർതിരിച്ചു കാണാനാവാതെ, ഒന്നു മറ്റൊന്നിന്റെ സാരാംശത്തിൽ ലയിച്ചു ചേരുന്ന അവസ്ഥ. അഥവാ പൂർണതയിൽ നിന്നും മുറിച്ചെടുക്കുന്ന കഷണം തൽസ്ഥാനത്തു തിരികെ ചേർന്ന് പൂർവ്വസത്ത തന്നെ ആയിത്തീരുന്ന അവസ്ഥ. ഇതാണു തന്നെ സംബന്ധിച്ച് മഹത്വീകൃതമായ സമയം. 'എവിടെ നിന്നു വന്നുവോ, അവിടേക്കു തിരികെ പോകുന്നു' എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് ഇതല്ലേ? പക്ഷെ നിത്യനായ വചനസാന്നിദ്ധ്യം ഈ ലോകത്തിൽ നിന്നും എടുക്കപ്പെടുന്നുമില്ല. ആ വചനത്തിൽ സത്താഭേദം വരുത്തിയ സ്വശരീര രക്തങ്ങൾ ലോകത്തിനു തന്റെ നിത്യസമ്മാനമായി എടുത്തു നീട്ടുന്നത് അതുകൊണ്ടല്ലേ? അഥവാ, നിത്യമായ വചനത്തിന്റെ ഈ രൂപാന്തരത്തെ ആത്മവിശുദ്ധിയോടെ ഉൾക്കൊള്ളുകമൂലം സൃഷ്ടികളെല്ലാം സ്രഷ്ടാവിൽ ഐക്യപ്പെടുകയല്ലേ ചെയ്യുന്നത്? അതു വഴി പാപിയുടെ വംശം അറ്റു പോവുകയും സകല മർത്ത്യരും ദൈവപുത്രന്മാരായി ഉയർത്തപ്പെടുകയുമല്ലേ ചെയ്യുന്നത്. സകലരും ദൈവപ്രതിഷ്ഠയുള്ള പുണ്യാലയങ്ങളായി പരിണമിക്കുകയുമാണല്ലോ അതുമൂലം.

എന്നാൽ ഇതൊക്കെ ഗ്രഹിക്കാൻ തന്റെ ഈ ആത്മസന്താനങ്ങൾക്കു ശേഷിയുണ്ടോ? അതിനുള്ള സമയം ഇനിയും വന്നു ചേർന്നിട്ടില്ല. താനുമായുള്ള ഐക്യത്തിൽ നിന്നും ഇവർ ഭീതിപൂണ്ടു ചിതറിയോടുക തന്നെ ചെയ്യും.

'ഇടയൻ അടിയേറ്റു, ആടുകൾ ചിതറി ഓടും' എന്ന പ്രവചനവും തന്നിലൂടെ പൂർത്തിയായേ പറ്റൂ. ഈ പ്രവചനപൂർത്തി ഇന്നു തന്നെ നിറവേറ്റപ്പെടുമെന്നു ശിഷ്യരോടു തുറന്നു പറയുകയും ചെയ്തു. ഉടൻ പത്രോസ് ഉറച്ച ശബ്ദത്തിൽ നൊമ്പരപ്പെട്ടു ശഠിച്ചു, "ഇല്ല നാഥാ, സകലരും അങ്ങയെ ഉപേക്ഷിച്ചാലും ഈ ഞാൻ അങ്ങയുടെ കൂടെയുണ്ടാവും. ഞാനൊരിക്കലും അങ്ങയെ തള്ളിപ്പറയുകയില്ല. അങ്ങേയ്ക്കൊപ്പം മരിക്കാൻ പോലും ഞാൻ തയ്യാറാണ്."

വീറോടെ വാദിക്കുന്ന തന്റെ പ്രാണശിഷ്യന്റെ ഭാവം കണ്ട് ഗുരുനാഥൻ പക്ഷെ അതു നിഷേധിക്കുകയാണ്.



www.malankaralibrary.com

"പത്രോസേ, സത്യമായി ഞാൻ നിന്നോടു പറയുന്നു. ഇന്നു രാത്രി കോഴി കൂവും മുമ്പ് നീ എന്നെ മൂന്നു പ്രാവശ്യം നിഷേധിച്ചു പറയും."

അതുകേട്ട് ഇടനെഞ്ചു തകർന്നുപോയ പത്രോസ്, 'ഇല്ല! ഇല്ല!' എന്ന മനോഭാവത്തോടെ പാറപോലെ ഉറച്ചുതന്നെ നിന്നു.

എങ്കിലും അടുത്ത നിമിഷം പലതും ചിന്തിച്ചു. ഗുരുവിന്റെ സംസാരത്തിൽ ഉടനീളം നിഴലിക്കുന്നത് തനിക്കു വന്നു ഭവിക്കാൻ പോകുന്ന ഏതോ ദുരന്തസൂചനകളാണ്. ഇടയൻ അടിയേൽക്കുമത്രേ. എത്രയോ തവണ, അടിക്കാനും എറിയാനും കയ്യുയർത്തിയിട്ടുണ്ട്, ഫരിസേയർ. പക്ഷെ അവരുടെ ക്രൂരഫണങ്ങൾ നിഷ്ക്രിയമായി ചുരുങ്ങിത്താഴാൻ ഗുരുവിന്റെ ഒരൊറ്റ നോട്ടം അധികമായിരുന്നു. എന്നാൽ, ഇന്നലെ മുതൽ ഗുരുവിന്റെ വീരഭാവം മറഞ്ഞു കഴിഞ്ഞതുപോലെ. ഭീകരദുരന്തപരമ്പരകളുടെ പ്രവചനങ്ങൾ മാത്രമാണല്ലോ ആ തളിർ ചുണ്ടുകളിൽ നിന്നൂറി വീഴുന്നത്.

പെട്ടെന്നു പത്രോസിന്റെ ഉള്ളിൽ ഒരേറ്റുമുട്ടലിന്റെ രംഗം തെളിഞ്ഞു. ശാന്തപ്രതീകമായ ഈ കുഞ്ഞാടിനെ കടിച്ചു കീറാൻ ചുറ്റും വളയുന്ന ചെന്നായ്ക്കളുടെ ചിത്രം. അപ്പോൾ നിഷ്ക്രിയത്വത്തിന്റെ ദൃക്സാക്ഷിയാകാൻ തനിക്കു കഴിയില്ല. ചാട്ട ചുഴറ്റി നിൽക്കുന്ന ഗുരുവിന്റെ പ്രതിരോധഭാവം പത്രോസിൽ നിറഞ്ഞു. സർവ്വശക്തിയും സ്വരൂപിച്ച് ശത്രുപക്ഷത്തെ പ്രതിരോധിക്കുക തന്നെ എന്നുറച്ചു. അതിനുള്ള പദ്ധതികൾ ചിന്തിച്ചു നില്ക്കുമ്പോഴാണ് തീർത്തും അപ്രതീക്ഷിതമായൊരു നിർദ്ദേശം ഗുരുമുഖത്തുനിന്നും കേൾക്കേണ്ടിവന്നത്.

"നിങ്ങൾ ഭാണ്ഡവും പണസഞ്ചികളും എടുത്തുകൊള്ളുവിൻ. വാളും കരുതിക്കൊള്ളുക. വാളില്ലാത്തവൻ സ്വന്തം കുപ്പായം വിറ്റ് വാൾ വാങ്ങട്ടെ."

ഇതുകൂടി കേട്ട ശിഷ്യപ്രമുഖന്റെ ചോര തിളച്ചു. അയാൾ ധൃതിപ്പെട്ട് മർക്കോസിന്റെ സഹായത്തോടെ വീട്ടിൽ പരിശോധന നടത്തി തിരികെ ഗുരുവിന്റെ പക്കൽ ഓടിയെത്തി ഉദ്വേഗത്തോടെ പറഞ്ഞു: "നാഥാ.... ഇവിടെ രണ്ടു വാളുകൾ ഇരിപ്പുണ്ട്."

പത്രോസിന്റെ അത്യാവേശം കണ്ട് സഹതാപത്തിൽ കുതിർന്ന നോട്ടത്തോടെ യേശു വിഷാദമൂർത്തിയായി നിന്നു.

ആകാശപ്പറവകളുടെയും താഴ്വരകളിലെ ലില്ലിപ്പൂക്കളുടെയും കഥ



www.malankaralibrary.com

പറഞ്ഞു കൊടുത്തിട്ടും അതിന്റെ പൊരുൾ ഗ്രഹിക്കാൻ ഇവർക്കു കഴിയാതെ പോയല്ലോ! ഭാണ്ഡവും പണവും ചെരിപ്പു പോലും ഉപേക്ഷിച്ച് നാടെങ്ങും അയച്ചപ്പോൾ യാതൊരു കുറവും തങ്ങൾക്കുണ്ടായില്ലെന്ന സത്യം പോലും ഇവർ മറന്നു പോയല്ലോ!

ഒരുപക്ഷെ, വാളും കുതിരയും മറ്റുമായി ഭൗതിക രാജത്വത്തിലേയ്ക്കൊരു ചുവടുമാറ്റം തന്നിൽ നിന്നും പാവം ശിഷ്യന്മാർ പ്രതീക്ഷിക്കുന്നുണ്ടാവാം. വാളും യുദ്ധസന്നാഹങ്ങളും എന്തിനു വേണ്ടിയാണ്? ശത്രുക്കളെ തുരത്താനോ! എന്നാലതു ഭീരുത്വ ലക്ഷണമല്ലേ? അഥവാ, തന്റെ പ്രബോധനപ്രകാരം ശത്രു എന്നൊരാൾ ഇല്ല തന്നെ. ഉണ്ടെങ്കിൽത്തന്നെ ഏഴേഴു വീതം എഴുപതു തവണ അവനോടു ക്ഷമിച്ച് അനന്തമായി സ്നേഹിക്കാനല്ലേ താനിവരെ പ്രബോധിപ്പിച്ചത്. ശപിക്കുന്നവരെ അനുഗ്രഹിക്കാനല്ലേ താൻ പറഞ്ഞിട്ടുള്ളൂ. പക്ഷേ, ഈ പ്രബോധനങ്ങളെല്ലാം ജലരേഖകളാവുകയാണോ? ശിഷ്യമുഖ്യനായ പത്രോസു പോലും ഇതാ, ശത്രുക്കളെ വെട്ടിയകറ്റാനായി വാളും പരിചയും തെരയുന്നു!

വാളും ഭാണ്ഡവും പണവും കരുതുവാൻ താൻ നിർദ്ദേശിച്ചത് എന്തിനുവേണ്ടിയാണെന്ന് ഇവർ ഗ്രഹിക്കുന്നില്ലല്ലോ. തീർച്ചയായും താനീ പറഞ്ഞത് അനീതി തന്നെയാണ്. ഇന്നോളമുള്ള തന്റെ പ്രബോധനങ്ങൾക്കു കടകവിരുദ്ധവുമാണ്. എന്നാലതു തന്നെപ്പറ്റി ഏഴര നൂറ്റാണ്ടുകൾക്കു മുമ്പു ചെയ്ത എശയ്യാപ്രവചനത്തിന്റെ പൂർത്തീകരണത്തിനു വേണ്ടിയായിരുന്നു.

'അവൻ അവരുടെ തിന്മകളെ വഹിക്കും, പാപികൾക്കൊപ്പം എണ്ണപ്പെടുകയും ചെയ്യും.'

പഴയനിയമപ്രവചനങ്ങളുടെ സമ്പൂർണ്ണസാക്ഷാത്കാരം തന്നിലൂടെ നിറവേറ്റപ്പെടുന്നതു കാണാൻ കഴിയാതെ രണ്ടു വാളുകൾ കരുതാൻ ബദ്ധപ്പെടുന്ന പത്രോസിനോട് ഇങ്ങനെ പറയാനാണു ഗുരു ആഗ്രഹിക്കുന്നത്: "അതുമതി."

അവസരം വരുമ്പോൾ വാളിന്റെ അനർത്ഥത്തെപ്പറ്റി ബോദ്ധ്യപ്പെടുത്തിക്കൊടുക്കാം. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രബോധിപ്പിച്ചാലെങ്കിലും കാര്യം ഗ്രഹിക്കുമോ എന്നു പരീക്ഷിച്ചു നോക്കാം.

രാത്രി എട്ടുമണി കഴിഞ്ഞിട്ടുണ്ടാവും.

ഗുരുഹൃദയത്തിൽ വിടവാങ്ങലിന്റെ തപ്തഭാവങ്ങൾ നിറയുകയാ



www.malankaralibrary.com

ണ്. ലോകത്തിന്റെ അധികാരിയായ സാത്താന്റെ കർമ്മസമയം വരാറായി. അതിനകം തന്റെ ആത്മഭാജനങ്ങളെ കുറച്ചുകൂടി അടുത്തു പിടിച്ചിരുത്തി അവസാനസന്ദേശം പറഞ്ഞുകൊടുക്കുകയാണു നാഥൻ.

"മക്കളേ, പിതാവിന്റെ ഭവനത്തിലേക്കു എനിക്കു തിരിച്ചു ചെല്ലാനുള്ള സമയമിതാ അടുത്തുകഴിഞ്ഞു. ഒരുനാൾ വീണ്ടും വന്ന് നിങ്ങളെല്ലാവരെയും അവിടേക്കു ഞാൻ കൊണ്ടുപോകും".

എന്താണിതിന്റെ അർത്ഥമെന്നറിയില്ലെങ്കിലും വേദനതിന്നു തളർന്നിരിക്കുകയാണവർ. തോമ്മാ തന്റെ അറിവില്ലായ്മ തുറന്നു പറയുകയും ചെയ്തു: "കർത്താവേ, എവിടേയ്ക്കാണ് അവിടുന്നു പോകുന്നതെന്നോ, വഴി ഏതാണെന്നോ ഞങ്ങൾക്കറിഞ്ഞുകൂടാ."

തന്റെ സ്വത്വത്തെ വെളിവാക്കുന്ന വാക്കുകൾ ഗുരുമുഖത്തു നിന്നും അപ്പോൾ നിർഗ്ഗളിച്ചു. വഴി ചൂണ്ടിക്കാട്ടുന്ന വാക്കുകൾ: "വഴിയും സത്യവും ജീവനും ഞാൻ തന്നെ. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലെത്തുന്നില്ല."

പിതാവിന്റെ സ്നേഹത്തെപ്പറ്റിയും സനാതനത്വത്തെപ്പറ്റിയുമാണല്ലോ ഇത്രനാൾ അവർ കേട്ടത്. അതിനാൽ പീലിപ്പോസിനു വലിയൊരു ആഗ്രഹം. അതവൻ എല്ലാവർക്കുംവേണ്ടി തുറന്നു പറഞ്ഞു: "കർത്താവേ, പിതാവിനെ ഞങ്ങൾക്കൊന്നു കാണിച്ചു തരണേ. ഞങ്ങൾക്കതു മാത്രം മതി."

അനേക തവണ വ്യക്തമാക്കിയ കാര്യംതന്നെ യേശു പറഞ്ഞുറപ്പിച്ചു: "പീലിപ്പോസേ, നിങ്ങൾക്കൊപ്പമുള്ള എന്നെ നിനക്കു കാണാൻ കഴിയുന്നില്ലേ?"

"ഉവ്വ് കർത്താവേ, അങ്ങയെ കാണാം."

"എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു നിങ്ങൾ ഇനിയെങ്കിലും വിശ്വസിക്കൂ".

വിതുമ്പുന്ന നെഞ്ചോടെ നാഥൻ തുടർന്നു: "മക്കളേ, ഞാനിനി നിങ്ങളോടു കൂടി ആയിരിക്കുന്ന നിമിഷങ്ങൾ തീരാൻ പോകുന്നു. ഇപ്പോൾ ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു."

ആ കല്പന ശ്രവിക്കാൻ കാതു കൂർപ്പിച്ചിരിക്കുകയാണവർ.



www.malankaralibrary.com

"......നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ. ലോകത്തിനു മുമ്പിൽ നിങ്ങൾ എന്റെ ശിഷ്യന്മാരായി അങ്ങനെ തിരിച്ചറിയപ്പെടട്ടെ."

സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പശ്ചാത്തലത്തിൽ അവസാനമായി ഒരുപമ കൂടി ഗുരു പറഞ്ഞു.

"പിതാവായ കർഷകൻ നട്ട മുന്തിരിച്ചെടിയാണു ഞാൻ. കായ്‌വുള്ള ശാഖകൾ കൂടുതൽ കായ്ക്കാനും ഫലശൂന്യശാഖകൾ തീയിട്ടു കളയാനുമായി അവിടുന്നതിനെ വെട്ടിയൊരുക്കുന്നു. തായ്ത്തണ്ടിൽ നിന്നും വെട്ടിയെറിയപ്പെട്ട ശാഖകൾക്ക് കായ്ക്കാനാവാത്തതു പോലെ എന്നിൽ വസിക്കാത്ത നിങ്ങൾക്ക് ഫലപ്രാപ്തി അസാദ്ധ്യമാണ്. നിങ്ങൾ എന്നിലായിരിക്കുകയും എന്റെ വചനങ്ങൾ നിങ്ങളിലുണ്ടായിരിക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചു കൊള്ളുക. തീർച്ചയായും നിങ്ങൾക്കു കിട്ടും."

പിന്നെ, ദൃഷ്ടികൾ മേലോട്ടുയർത്തി പിതൃഹൃദയത്തിൽ സ്വഹൃദയം സമർപ്പിച്ച്, എല്ലാ ദുരന്തചിന്തകളും ഒരു നിമിഷം മറന്ന് അപേക്ഷിച്ചു: "പിതാവേ, സമയമായിരിക്കുന്നു. പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങു മഹത്വപ്പെടുത്തേണമേ. എന്നെ അവിടുന്ന് ഏൽപ്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അങ്ങയെ ഞാൻ മഹത്വപ്പെടുത്തി. ആകയാൽ പിതാവേ, ലോകാരംഭത്തിനു മുമ്പ് അങ്ങയോടൊപ്പം എനിക്കുണ്ടായിരുന്ന മഹത്വത്താൽ ഇപ്പോൾ എന്നെ മഹത്വപ്പെടുത്തേണമേ."

തെല്ലു നിർത്തി, നിറമിഴികളോടെ നാഥൻ പറഞ്ഞു: "എഴുന്നേൽക്കുവിൻ. നമുക്കിനി ഇവിടെ നിന്നു പോകാം."

ഗുരുവിനൊപ്പം അവർ എഴുന്നേറ്റു. തളർന്ന മനസ്സോടെ വിറയാർന്ന പദങ്ങൾ നീട്ടിവച്ച് സെഹിയോൻ മാളികയോടു വിടപറഞ്ഞു നടന്നു.

കെദ്രോൺ ഇറക്കത്തിലൂടെ ഒലിവുമലയിലേക്കു തന്നെയാണു യാത്ര. അല്ലാതെ മറ്റെങ്ങും പോകാനില്ല. ദേവാലയത്തിലെ പെരുനാൾത്തിരക്കിൽ ഉൾപ്പെടാൻ തീരെ താല്പര്യമില്ല. ഗത്സമെനിയിലെ വിജനസ്വച്ഛതയിൽ ചെന്നിരുന്ന് ശേഷിക്കുന്ന നേരമത്രയും പ്രാർത്ഥനയിൽ മുഴുകാൻ മാത്രമാണു ദാഹം.

യാത്ര സുഖകരമാണ്. അനായാസയാത്രയ്ക്ക് യോഗ്യമായ ഇറക്കം. തണുത്ത മലങ്കാറ്റ്. വസന്തത്തിലെ പാലൊളിപ്പൂനിലാവും. എങ്കിലും,



www.malankaralibrary.com

വേദന കടിച്ചു വലിക്കുന്ന ഹൃദയങ്ങളോടെയാണവർ ഗത്സമെനിയിൽ എത്തിയത്. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഒലിവുമരനിരകളുടെ ശിഖര വിടവുകളിലൂടെ ചന്ദ്രികയുടെ നേർത്ത വെട്ടം ഒഴുകിപ്പരന്ന മലമ്പാതയിലൂടെ കാവൽപ്പുര കണ്ടുപിടിച്ച് അവർ നടന്നു.

ഹൃദയഭാരം താങ്ങാനാവാതെ പുരത്തിണ്ണയിൽ തളർന്നിരുന്ന ശിഷ്യരെ കടന്ന് ഗുരു ഒറ്റക്ക് മുമ്പോട്ടു നടന്നു. പെട്ടെന്നു പിന്തിരിഞ്ഞ് ശിഷ്യരിൽ നിന്നും മൂന്നുപേരെ പേരുചൊല്ലി വിളിച്ചു. അവർ മറ്റാരുമല്ല: ജായിരൂസിന്റെ ഗൃഹാന്തരത്തിലും താബോർ മലമുകളിലും പ്രത്യേകം വേർതിരിച്ചു വിളിക്കപ്പെട്ട മൂവർ തന്നെ. പത്രോസും സഹോദരങ്ങളായ യാക്കോബും യോഹന്നാനും. കുറച്ചു മുമ്പോട്ടു നടന്നു. പാഴ്മരങ്ങളും, പാറക്കൂട്ടവും നിറഞ്ഞ കാട്ടു പ്രദേശം. അവിടിരുന്നുകൊള്ളാൻ മൂവരോടും പറഞ്ഞ് വീണ്ടും മുന്നോട്ടു നടന്നു.

ഒലിവു മരങ്ങളുടെ എഴുന്നു നിന്ന വലിയ വേരുകൾ പീഠങ്ങളാക്കി മൂവരും ഇരുന്നു.

"എന്റെ ആത്മാവു മരണത്തോളം ദുഃഖപൂർണ്ണമായിരിക്കുന്നു. നിങ്ങൾ ഇവിടെ ഉണർന്നിരിക്കുവിൻ".

ഇതുപറഞ്ഞ് അവിടിരുന്നാൽ അവർക്കു കാണാവുന്ന ദൂരപരിധിയിൽ ഒരു പാറയുടെ അരികിൽ നിന്ന് ഇരുകരങ്ങളും നീട്ടിവിരിച്ച് പരമപിതാവിനെ വീണ്ടും വീണ്ടും വിളിക്കുകയാണ്. തീരാവേദനകളെല്ലാം സമർപ്പിക്കുകയാണ്. ശക്തി തരണമേ എന്നു നെഞ്ചുപൊട്ടി നിലവിളിച്ചപേക്ഷിക്കുകയാണ്.

പക്ഷെ നിൽക്കാനാവുന്നില്ല. പാദങ്ങൾ വിറയ്ക്കുകയാണ്. ഉള്ളം കിടുങ്ങുകയാണ്. ഹ്രസ്വമായ മാനുഷികജീവിതപരിധിക്കപ്പുറം പൂർത്തീകരിക്കേണ്ട പരമധർമ്മത്തെ മുന്നിൽകണ്ട് ഹൃദയം നുറുങ്ങുകയാണ്. നിലയറ്റ് തളർന്ന് കാൽമുട്ടുകളിൽ വീണുപോയി. മുട്ടുകളിലും നിൽക്കാൻ വയ്യ. വിരലുകൾ കോർത്തു പിടിച്ച കൈകൾ മുന്നിലെ പാറമേൽ അർപ്പിച്ച് കൈകളുടെ വിടവിൽ കുനിഞ്ഞു തല പൂഴ്ത്തി അശരണശിശുവിനെപ്പോലെ വാവിട്ടു നിലവിളിച്ചു പോയി.

മരച്ചോട്ടിൽ തളർന്നിരുന്ന മൂവരും വെള്ളക്കുപ്പായമണിഞ്ഞു കമഴ്ന്നു വീണു കരഞ്ഞു പ്രാർത്ഥിക്കുന്ന ഗുരുവിനെ മങ്ങിയ നിലാവിൽ കണ്ടു. ഈ കർമ്മകാണ്ഡത്തിന്റെ ആരോഹണപരിസമാപ്തി എങ്ങനാവുമെന്നവർക്ക് യാതൊരു നിശ്ചയവുമില്ല. ഗുരുവിന്റെ പ്രവചനങ്ങൾ സംഭവി



www.malankaralibrary.com

ക്കരുതേ എന്നൊരു പ്രാർത്ഥനയേ അവർക്കുള്ളു. പക്ഷേ, അവർക്കറിയാം തങ്ങളുടെ ഈ ആഗ്രഹപ്രാർത്ഥനകൾ കേവലം ആകാശക്കോട്ടകളാണെന്ന്. ആ ചിന്തപോലും അവരുടെ സിരാപടലത്തെ തളർത്തിക്കളയുകയാണ്. മനസും, ശരീരവും തളർന്ന് തെല്ലു കഴിഞ്ഞപ്പോൾത്തന്നെ മരച്ചുവടുകളിൽ ചാഞ്ഞിരുന്ന് അവർ ഉറങ്ങി പോയി. അതിനാൽ ഗുരുവിന്റെ നെഞ്ചുപൊട്ടി ഉയർന്ന വിലാപം അവർ കേട്ടില്ല.

"പിതാവേ, അങ്ങേയ്ക്കെല്ലാം സാദ്ധ്യമാകയാൽ ഈ പാനപാത്രം എന്നിൽ നിന്നും എടുത്തു മാറ്റണമേ...."

അടുത്തുകഴിഞ്ഞ സഹനത്തിന്റെ പാനപാത്രം എത്ര ദുസ്സഹമാണെന്ന് യേശുവിനറിയാം. ഏറ്റം ഭയങ്കരം, പാപത്തെ സ്വദേഹത്തിൽ ആവാഹിക്കുകയാണ്. ജന്മം കൊണ്ടോ കർമ്മംകൊണ്ടോ പിഴയുടെ ലാഞ്ചനയില്ലാത്ത മേനിയിൽ അത് ആവാഹിക്കുക ദുഃസഹമാണ്, അസാദ്ധ്യമാണ്. പാപത്തെപ്പറ്റിയുള്ള ചിന്തപോലും സിരാപടലങ്ങളെ വലിച്ചു മുറുക്കുന്നു. ഒരു നിമിഷത്തെ പാപമോ ഒരാളിന്റെ പാപമോ അല്ല ഈ കുഞ്ഞാടു ചുമക്കേണ്ടത്. ലോകത്തിന്റെ മുഴുവൻ പാപമാണ്. ചെയ്തിട്ടുള്ളതും ചെയ്യാൻ പോകുന്നതുമായ സർവ്വപാപങ്ങളേയുമാണ്. അതോർക്കുമ്പോൾ തന്നെ ഹൃദയമിടിപ്പ് ഇരട്ടി വേഗത്തിലായിക്കഴിഞ്ഞു. ഈ നിശ്ശബ്ദതയിൽ അതിന്റെ അതിദ്രുതതാളം തനിക്കുതന്നെ കേൾക്കാനാവുന്നല്ലോ. മൃദുലഞരമ്പുകളിലൂടെ ഇരട്ടി വേഗത്തിൽ കുതിച്ചുപായുന്ന ചോരയുടെ ഒഴുക്ക് വ്യക്തമായി അനുഭവപ്പെടുകയാണല്ലോ. നിമിഷാർദ്ധത്തിൽ ഒരു ഘോരവേദന പടർന്നു. തന്റെ ശരീരത്തിൽ എന്തോ ഒരു ഭയങ്കര മാറ്റം സംഭവിച്ചു കഴിഞ്ഞു. എന്താണത്? ചോരഞരമ്പുകൾ ത്രസിച്ചു പൊട്ടിയോ? മാംസത്തിൽ ചോര അധികരിച്ച് തൊലിയിലെ രോമസുഷിരങ്ങളിലൂടെ അസംഖ്യം രക്തത്തുള്ളികളായി പുറത്തേക്കു ഇറ്റിറങ്ങുന്നുവോ! അല്ലെങ്കിൽ, ചോരയുടെ ഗന്ധം ഇപ്പോൾ എവിടെ നിന്ന്? അല്ലെങ്കിൽ, വെള്ളക്കുപ്പായത്തിൽ നിറയെ ഈ ചോരത്തുള്ളികൾ എങ്ങനെ?



www.malankaralibrary.com

# മുപ്പത്

തീപ്പന്തങ്ങളേന്തി ഒരുപറ്റമാളുകൾ കെദ്രോൺ താഴ്ചയിൽ നിന്നും ഒലിവുമലയിലേക്കു വേഗം ഓടിക്കയറുന്നു. കുത്തുകയറ്റം കടന്ന് ഗത്സമനിയുടെ മതിൽക്കെട്ടിലെ ഒറ്റവാതിലിലൂടെ നേരേ തങ്ങളിരിക്കുന്ന പുരയിലേക്കാണവരുടെ വരവ്. അവരുയർത്തുന്ന ഉദ്വേഗഭരിതമായ ആരവം കേട്ട് കാവൽപ്പുരയിൽ ശിഷ്യന്മാർ ഭയന്നു വിറച്ചു. തളർന്നുറങ്ങിക്കിടന്ന ശിഷ്യരെയെല്ലാം നിശാപ്രാർത്ഥനക്കായി വിളിച്ചുണർത്തി നിൽക്കുന്ന ഗുരുവിന്റെ പക്കലേയ്ക്ക് അക്രമിസംഘം പാഞ്ഞെത്തി വളഞ്ഞു നിന്നു.

യേശുവിന്റെ പ്രശാന്തമിഴികൾ ആഗതരെ ഒന്നുഴിഞ്ഞു. പകനിറഞ്ഞ പുരോഹിത പ്രമുഖർ. പന്തങ്ങൾ പിടിച്ച കൂലിക്കാർ. ഒരുകയ്യിൽ റോമൻ വിളക്കും മറുകയ്യിൽ വാളും ഉയർത്തിപ്പിടിച്ച പടയാളികൾ. ജാള്യത തീരെയില്ലാതെ സംഘനായകനെപ്പോലെ അവരെ വഴിനടത്തുന്ന ഒരാൾ; യൂദാ. അയാൾ നേരെ ഗുരുവിന്റെ മുമ്പിലേക്ക്. അവനെ ശത്രുപക്ഷത്തു കണ്ടു ശിഷ്യന്മാർ സംഭ്രമിച്ചു. അപ്പോഴും ഗുരുവിന്റെ മിഴികളിലെ കാരുണ്യഭാവത്തിനു മങ്ങലില്ല. മുഖപ്രശാന്തതക്കു കുറവുമില്ല. തീവട്ടികളുടെ പ്രകാശപ്രളയത്തിൽ മുങ്ങി ആ നിഷ്ക്കളങ്കവദനം തിളങ്ങുകയായിരുന്നു.

യൂദാ മുന്നോട്ടു വന്നു. കരങ്ങൾ വിരിച്ച് ഗുരുവിനെ പുണർന്ന് മുഖം പിടിച്ചു കവിളിൽ ഉമ്മകൊടുത്തു പറഞ്ഞു: "ഗുരുവേ, സ്വസ്തി."

യൂദാ എന്ന വാക്കിന്റെ അർത്ഥം തന്നെ 'സ്വസ്തി' എന്നാണല്ലോ. മരങ്ങളുടെ നിഴലിൽ ഇരുണ്ടു നിന്ന യൂദായെ നോക്കി ഗുരു ചോദിച്ചു: "യൂദാസേ, ഉമ്മകൊടുത്തു കൊണ്ടു തന്നയോ മനുഷ്യപുത്രനെ നീ ഒറ്റിക്കൊടുക്കുന്നു?"

കരിങ്കൽ പ്രതിമ പോലെ യൂദാ നിശ്ശബ്ദം നിന്നു. പിന്നെ, പടയാളികളുടെ പിന്നിലേക്കു വലിഞ്ഞു.

യൂദാ നൽകിയ അടയാളം കണ്ട് പടയാളികൾ മുന്നോട്ടു കുതിച്ചു. ക്രൂദ്ധരായ യോദ്ധാക്കളോടു നാഥൻ ആരാഞ്ഞു.

"നിങ്ങൾ ആരെയാണു തെരയുന്നത്?"



www.malankaralibrary.com

"നസ്രത്തുകാരനായ യേശുവിനെ"

"അതു ഞാനാകുന്നു."

ഗുരുവിനെ ചാടിപ്പിടിക്കാൻ വെമ്പിനിന്ന പടയാളികൾ 'അതു ഞാനാകുന്നു' എന്ന സ്വരം കേട്ട് വെട്ടിവീഴ്ത്തിയ വാഴപ്പിണ്ടിപോലെ നിലം പറ്റി. 'ഞാൻ ആകുന്നു' എന്ന വാക്കുകൾ കേൾക്കാനുള്ള ത്രാണി അവർക്കില്ല. കാരണം അതു സർവ്വശക്തനായ യഹോവയുടെ പര്യായമാണ്. 'ഞാൻ, ആയിരിക്കുന്നവൻ ആരോ അവൻ' എന്ന ദൈവവിശേഷണത്തിന്റെ ചുരുക്കരൂപം പോലെ അതവർക്കു തോന്നിപ്പോയി.

വീണുകിടക്കുന്ന ഭടന്മാർക്കു പോലും നിശ്ചയം പോരാ, എന്തു സംഭവിച്ചെന്ന്. നിരപരാധികളായ ശിഷ്യന്മാർ ഓടി രക്ഷപ്പെടാൻ വേണ്ടിയുള്ള അവസരം ഈ അദൃശ്യപ്രഹരത്തിലൂടെ ഒരുക്കിക്കൊടുക്കുകയായിരുന്നു, ഗുരു. ഇരുട്ടിൽ, ഏതോ കല്ലിൽത്തട്ടി മറിഞ്ഞു വീണ ലാഘവത്തോടെ പടയാളികൾ ഉടൻ പൊടിതട്ടി പിടഞ്ഞു ചാടിയെഴുന്നേറ്റു.

വീണ്ടും യേശു ചോദിച്ചു: "നിങ്ങൾക്ക് ആരെയാണു വേണ്ടത്?"

"പറഞ്ഞതു കേട്ടു കൂടായോ? നസ്രയനായ യേശുവിനെ" വീഴ്ചയിൽ ഇരട്ടിച്ച അരിശത്തോടെ ഭടന്മാർ മുരണ്ടു.

"ഞാൻ പറഞ്ഞല്ലോ, അതു ഞാൻ തന്നെയാകുന്നു. നിങ്ങൾക്ക് എന്നെ മാത്രമല്ലേ വേണ്ടൂ. എങ്കിൽ എന്റെ ശിഷ്യന്മാർ പൊയ്ക്കൊള്ളട്ടെ."

എന്നിട്ടും തങ്ങളുടെ അരുമനാഥനായ ഗുരുവിനെ ഈ ദുഷ്ടശക്തികളുടെ നടുവിൽ ഒറ്റയ്ക്കാക്കി ഓടി ഒളിക്കാൻ ശിഷ്യർക്കാവുമോ? സാത്വികരെങ്കിലും എന്തുചെയ്തും ഗുരുവിനെ രക്ഷിക്കാൻ വെമ്പി നില്ക്കുകയാണവർ. എന്നാൽ പതിനൊന്നു ശിഷ്യന്മാരെയും അമർച്ച ചെയ്യാൻ വേണ്ട സന്നാഹങ്ങളെല്ലാം പടയാളികൾക്കുണ്ട്.

അവരുടെ ഉരുക്കു മുഷ്ടികൾ ഗുരുവിന്റെ മൃദുലഹസ്തങ്ങളിൽ മുറുകി. പിന്നൊന്നും ചിന്തിക്കാൻ പത്രോസിനായില്ല. സെഹിയോൻ മാളികയിൽ നിന്നിറങ്ങിയപ്പോൾത്തന്നെ രഹസ്യമായി കരുതിവച്ച ഉടവാൾ, കുപ്പായത്തിനുള്ളിൽ നിന്നും അവൻ വലിച്ചൂരിയെടുത്തു. അതുയർത്തി, പടയാളിയുടെ നേരെ ആഞ്ഞൊരു വെട്ട്.

ആദ്യമായാണു പത്രോസ് ആയുധം പ്രയോഗിക്കുന്നത്. അതിനാൽ പ്രത്യേകിച്ചൊരു ഉന്നം നോക്കിയില്ല. വെട്ടു കൊണ്ടത് മാൽക്കൂസ് എന്ന



www.malankaralibrary.com

പടയാളിയുടെ വലതു ചെവിയിൽ. മുഖ്യപുരോഹിതന്റെ വീട്ടുകാവൽക്കാരനാണയാൾ. ചെവിക്കുട പൂർണ്ണമായും അറ്റു നിലംപറ്റി.

നിണം ചീറ്റുന്ന ചെന്നി വലം കയ്യാൽ പൊത്തിപ്പിടിച്ച് അയാൾ അതിവേദനയാൽ പുളഞ്ഞലറി. ഈ പ്രതിരോധപ്രവർത്തനം കണ്ട് യേശു മുഖ്യശിഷ്യനു നേരെ ഗൗരവത്തോടെ തിരിഞ്ഞ് മാൽക്കൂസിന്റെ രോദനത്തേയും അതിജീവിക്കത്തക്ക സ്വരത്തിൽ ശാസിച്ചു.

"വാൾ അതിന്റെ ഉറയിലിടു. വാളെടുക്കുന്നവന്റെ നാശം വാളാൽത്തന്നെ ആയിരിക്കും. ഞാനെന്റെ പിതാവിനോടാവശ്യപ്പെട്ടാൽ അവിടുന്നെനിക്കു തന്റെ ദൂതന്മാരുടെ പന്ത്രണ്ടിലധികം വ്യൂഹങ്ങളെ അയച്ചുതരില്ലേ, പത്രോസേ? അങ്ങനെ ചെയ്താൽ മനുഷ്യപുത്രനെപ്പറ്റി എഴുതപ്പെട്ട പ്രവചനങ്ങൾ എങ്ങനെ നിവൃത്തിക്കപ്പെടും?"

എന്നിട്ട് യേശു കുനിഞ്ഞ് കരിയിലകൾക്കിടയിൽ നിന്നും നിലാവിന്റെ അരണ്ടവെട്ടത്തിൽ ചെവിക്കുട പരതിയെടുത്ത്, മണ്ണ് ഊതിക്കളഞ്ഞ്, അടുത്തു നിന്നാർത്തലച്ച് വേദനാ താണ്ഡവമാടുന്ന മാൽക്കൂസിന്റെ ചെന്നിയിൽ നിന്ന് പൊത്തിപ്പിടിച്ച കൈത്തലം അടർത്തിമാറ്റി ചെവിക്കുട യഥാസ്ഥാനത്തു ചേർത്തു വെച്ചു.

പത്രോസിനും കൂട്ടുകാർക്കും വീണ്ടുവിചാരമുണ്ടായി. സെഹിയോൻ മാളികയിൽ വച്ച് വാൾ കരുതാൻ പറഞ്ഞത് ഈ അർത്ഥത്തിലല്ലെന്നു ബോദ്ധ്യമായി. ചതിവിൽ, പിന്നിലൂടെ പതുങ്ങിവന്ന് വലതു കരണത്ത് ആഞ്ഞടിക്കുന്നവനു നേരെ പോലും തിരിഞ്ഞു നിന്ന് സ്വന്തം ഇടതു കരണം കൂടി കാട്ടിക്കൊടുക്കണമെന്നു പറഞ്ഞ ഗുരുവിനെ താൻ തെറ്റിദ്ധരിച്ചതിൽ പത്രോസിനു വല്ലാത്ത ഇച്ഛാഭംഗം. ഉള്ളിൽ ഭയത്തിന്റെ കൂരിരുട്ടും. വഴികാട്ടാൻ ഉള്ളിൽ ഒരു നൂൽത്തരി പോലും കത്തിനില്പില്ല. എന്തു ചെയ്യണമെന്നറിയില്ല. കരുതിയെടുത്ത വാളും ഉറയും ഇരുട്ടിലെവിടെയോ പത്രോസ് വലിച്ചെറിഞ്ഞു. ക്രൂരന്മാരുടെ പിടിയിൽ പെടാതെ എങ്ങനെയെങ്കിലും ഒളിച്ചേപറ്റു. ഗുരുനാഥൻ ഒരുപക്ഷേ, പിടിക്കപ്പെട്ടവനായി നടിക്കുകയാവാം. തക്കസമയം വരുമ്പോൾ അത്ഭുതം കാട്ടി രക്ഷപ്പെടാതിരിക്കില്ല.

തീവട്ടികളുടെ ദൃഷ്ടികളിൽ നിന്നും പിൻവലിഞ്ഞ് ഗത്സമനിയുടെ ഇരുളിൽ അവർ മറഞ്ഞു. പക്ഷേ, തന്റെ ഗുരുനാഥനെ പിരിയാനാവാതെ പറ്റിച്ചേർന്നു നിന്ന മർക്കോസിനെ പടയാളികൾ കണ്ടു. ഗത്സമെനി തോട്ടത്തിന്റെ ഉടമസ്ഥൻ എന്ന നിലയിലല്ല, യേശുവിന്റെ ആരാധകൻ എന്ന



www.malankaralibrary.com

നിലയിൽത്തന്നെ. അവന്റെ ഉടുപ്പിൽ അവർ കടന്നുപിടിച്ചു. തണുപ്പകറ്റാൻ വാരിച്ചുറ്റിയ പുതപ്പിലായിരുന്നു പിടുത്തം. മറ്റു കുപ്പായമൊന്നും ഇല്ലാതിരുന്നിട്ടും ആ പുതപ്പു പറിച്ചെറിഞ്ഞ് അവനും കുതറിയോടി.

പല കൊല്ലങ്ങളായി പിടിക്കാൻ പമ്മി നടന്ന ചെന്നായ്കൾക്ക് ഇന്നൊരുത്സവ ലഹരി. പിടികൂടിയ കുഞ്ഞാടിനെ അവിടെ നിന്നും കടിച്ചു തൂക്കി ഒലിവുമലയുടെ കുത്തിറക്കത്തിലൂടെ വലിച്ചിഴച്ച്, വരണ്ട കെദ്രോൺ താഴ്‌വരയിലൂടെ ദ്രുതഗതിയിൽ പായുന്ന ചെന്നായ്പ്പറ്റം. അബ്ശലോമിനെ ഭയന്ന് സ്വരക്തമായ ദാവീദുരാജാവ് കൊട്ടാരം വിട്ട് ഓടിപ്പോയ കെദ്രോൺ താഴ്‌വരയിലൂടെ, സ്വവംശത്താൽ പിടിക്കപ്പെട്ട 'യഹൂദന്മാരുടെ രാജാവ്' ആട്ടിപ്പായിക്കപ്പെടുകയാണ്. അങ്ങോട്ടും ഇങ്ങോട്ടും നടന്നു തളർന്ന കാലുകൾ വീണ്ടുമൊരു ജറുശലേം യാത്രക്കായി നിർബന്ധിക്കപ്പെടുന്നു. ഇരുളിൽ ആരവമുയർത്താതെ, തീവട്ടികൾ ഊതിക്കെടുത്തി, ദേവാലയ പ്രാന്തത്തിലൂടെ വേഗം നടത്തി. അല്ലെങ്കിൽ ഈ ബന്ധനരഹസ്യം പരസ്യമായെങ്കിലോ? എങ്കിൽ തിരുനാൾജനാവലി കലികൊണ്ടിളകും. ഈ കാരുണ്യമൂർത്തിയുടെ വിമോചനത്തിനായി അവർ പടപൊരുതും. യഹൂദരെ വെറുക്കുന്ന പീലാത്തോസിന്റെ ആജ്ഞപ്രകാരം ദേവാലയത്തിനടുത്തുള്ള അന്തോണിയാക്കോട്ടയിൽ പാളയമടിച്ചിട്ടുള്ള സർവ്വായുധധാരികളായ റോമാപ്പടയാളികൾ ലഹള അടിച്ചമർത്താൻ ചാടിവീഴും. അങ്ങനെ, അസംഖ്യങ്ങളായ യഹൂദകബന്ധങ്ങൾ ഈ മോറിയാമലയിൽ നിറഞ്ഞു കിടക്കും. ഒരുപക്ഷേ യഹൂദഹൃദയമായ ഈ ദേവാലയം പോലും വിപ്ലവത്തിൽ തകർക്കപ്പെട്ടേയ്ക്കാം. അതിനാൽ ആരും അറിയാൻ ഇട നൽകാതെ, നേരെ അന്നാസിന്റെ വസതിയിലേക്ക്. മുഖ്യപ്രവേശന കവാടത്തിലൂടെ അങ്കണത്തിലേക്കു കടന്നു. കുറ്റങ്ങൾ ആരോപിച്ച് അതു തെളിയിക്കാനുള്ള പുറപ്പാടാണ്.

ആദ്യം ആരോപിക്കപ്പെട്ടിരിക്കുന്നത് മതപരമായ കുറ്റം. അതു തെളിയിക്കപ്പെടേണ്ടത് മതാചാര്യന്മാരുടെ നേതൃത്വത്തിലും. മുഖ്യപുരോഹിതന്മാരായ അന്നാസും കയ്യഫാസും വാണരുളുന്ന രമ്യഹർമ്യത്തിലാണു വിചാരണം. യഹൂദമതത്തിന്റെ പരമോന്നത നീതിശാലയായ സാൻഹെദ്രിൻ സഭ അവിടെ സമ്മേളിക്കുകയാണ്. മെലിഞ്ഞു നീണ്ട വയസ്സനായ അന്നാസ് ഭയാനകമായ ദൃഷ്ടികളോടെ പീഠത്തിൽ ഗൂഢചിന്തകളുമായി ഇരിപ്പുണ്ട്. കൂർമ്മബുദ്ധിയായ അയാളുടെ തന്ത്രനീക്കം മൂലമാണ് ഇങ്ങനൊരവസരത്തിൽ ഈ സാൻഹെദ്രിൻ സമ്മേളനം.

യാതൊരു തിരുനാളിലും സാൻഹെദ്രിൻ സമ്മേളിക്കരുതെന്ന് യഹൂദ



www.malankaralibrary.com

നിയമത്തിൽ കർശന വിലക്കുണ്ട്. എന്നാണെങ്കിലും രാത്രിയിൽ സാൻഹെ ദ്രിൻ കൂടുകയും അരുത്. ഈ രണ്ടു വിലക്കുകളും തന്റെ പരമാധികാര മുപയോഗിച്ചു കാറ്റിൽ പറത്തിയിരിക്കുകയാണ് അന്നാസ്. തിടുക്കത്തിൽ വിളിച്ചു കൂട്ടിയ സമ്മേളനമാകയാൽ എത്തിച്ചേർന്ന അംഗങ്ങൾ വിരളം. പക്ഷെ നിഖദമൂസും അരിമഥ്യാക്കാരൻ യൗസേഫും ഇതിൽ എത്താതിരു ന്നത് യേശുവിനോടുള്ള ആരാധ്യമനോഭാവം കൊണ്ടുതന്നെ.

അർദ്ധവൃത്താകൃതിയിൽ ക്രമപ്പെടുത്തിയ ഇരിപ്പിട നിരയിൽ സഭാംഗ ങ്ങൾ ഇരുന്നു. ഇരുവശത്തും പടയാളികളുടെ അകമ്പടിയോടെ എണ്ണവിള ക്കിന്റെ വെട്ടം പടർന്ന വിചാരണമുറിയിൽ അവർ ചൂണ്ടിക്കാട്ടിയ പ്രതിക്കൂ ട്ടിൽ യേശു കയറിനിന്നു. അതോ, പ്രധാനാചാര്യനായ അന്നാസിന്റെ നേർ മുമ്പിൽ.

ചെവി തുളയ്ക്കുന്ന സ്വരത്തിൽ അന്നാസ് ചോദ്യം ചെയ്യൽ തുടങ്ങി: “നീ ആരാ? റബ്ബിയോ? എങ്കിൽ കേൾക്കട്ടെ, എന്തൊക്കെയാണു നിന്റെ പ്രബോധനങ്ങൾ?”

ക്ഷീണിച്ചവശനായി നിൽക്കുന്ന യേശുവിന് ഈ അനാവശ്യ ചോദ്യ ങ്ങൾ അസഹ്യമായിരുന്നു. അതിനാൽ അനിഷ്ടമനസോടെ തന്നെ പ്രതിക രിച്ചു: “എന്തിനാണെന്നോടിങ്ങനെ ചോദിക്കുന്നത്? രഹസ്യമായി യാതൊ ന്നും ഞാൻ പഠിപ്പിച്ചിട്ടില്ല. പരസ്യമായിട്ടാണ് ഞാൻ ലോകത്തോടു സംസാ രിച്ചിട്ടുള്ളത്. സകല യഹൂദരും തിങ്ങിക്കൂടുന്ന സിനഗോഗുകളിലും ദേവാ ലയത്തിലുമാണ് ഞാൻ പഠിപ്പിച്ചിട്ടുള്ളത്. എന്നിട്ടും ഞാൻ പഠിപ്പിച്ചതെ ന്താണെന്നറിയണമെന്നോ? എങ്കിൽ അതു കേട്ടവരോടു പോയി ചോദി ക്കുക.”

അന്നാസ് ചൂളിപ്പോയി. കോപാന്ധനായ അയാൾ ഞെളിഞ്ഞും പിരിഞ്ഞും കോപചേഷ്ടകൾ കാട്ടി. ഇത്ര നിർഭയഭാവം കണ്ട് സഭാംഗങ്ങൾ അമ്പരന്നു.

ഈ പരുഷഭാഷണം കേട്ട് അന്നാസിന്റെ ഭൃത്യൻ യേശുവിന്റെ നേർ ക്കൊരു ചാട്ടം. കരണത്ത് ആഞ്ഞൊരടിയും, ഒരലർച്ചയും: “ഇങ്ങനാണോ നീ പ്രധാനാചാര്യനോടു മറുപടി പറയുന്നത്?”

അടിയേറ്റു പുളഞ്ഞെങ്കിലും പൂർവ്വശാന്തത വീണ്ടെടുത്ത് ഭൃത്യനോടു രണ്ടു കാര്യങ്ങൾ ആവശ്യപ്പെട്ടു: “ഞാൻ പറഞ്ഞതു തെറ്റാണെങ്കിൽ നീ അതു തെളിയിക്കുക. ഞാൻ പറഞ്ഞതു ശരിയാണെങ്കിൽ പിന്നെന്തിനു നീ എന്നെ പ്രഹരിച്ചു?”



www.malankaralibrary.com

കലിയേറി തിരിഞ്ഞു നടക്കാനല്ലാതെ അതിനുത്തരം കൊടുക്കാൻ ഭൃത്യനു ശക്തിയില്ല.

പിന്നെ, അന്നാസിന്റെ മുന്നിലെ വിചാരണ തുടർന്നില്ല. തുടർന്നു ചോദ്യം ചെയ്യാനാവാത്തവിധം അന്നാസിന്റെ നാവിനെ യേശുവിന്റെ തർക്കഭാഷ്യം വരിഞ്ഞു ചുറ്റിക്കഴിഞ്ഞു. അതിൽ രോഷം പൂണ്ട അന്നാസ് ആജ്ഞാപിച്ചു: "പിടിച്ചുകെട്ടിവനെ."

ഇത്ര മൂർച്ചയേറിയ മറുപടി പറയുന്നവൻ സ്വതന്ത്രപാണികൾ നീട്ടി തന്റെ വൃദ്ധഗളത്തിൽ പിടിമുറുക്കിയാലോ എന്നാവാം അന്നാസിന്റെ ഭീതി.

ആജ്ഞാനുവർത്തികൾ കയറുമായി യേശുവിന്റെ പക്കൽ ഉടൻ ഓടിയെത്തി. പൂവള്ളികൾ പോലെ മൃദുലങ്ങളായ കരങ്ങൾ ഒന്നിച്ചു പിടിച്ച് മുന്നോട്ടു നീട്ടി ചുറ്റിക്കെട്ടി. ഇരട്ടക്കെട്ടിടത്തിന്റെ തൊട്ടടുത്ത വസതിയിൽ പാർക്കുന്ന മരുമകൻ, കയ്യഫാസിന്റെ പക്കലേക്കായി പിന്നത്തെ പ്രയാണം. ഇരുവരുടെയും വസതികൾ തമ്മിൽ ഒരു നെടുങ്കൻ ഇടനാഴിയുടെ വേർതിരിവു മാത്രം. അതിന്റെ കവാടം തുറന്ന് നടുരാവിൽ സാൻഹെദ്രിൻ സഭാംഗങ്ങൾ ബന്ധിതനെ തള്ളി കയ്യഫാസിന്റെ വിചാരണ മുറിയിലെത്തിച്ചു.

ഔദ്യോഗിക മഹാപുരോഹിതനായ കയ്യഫാസിന്റെ വിചാരണയാണ് ആധികാരികം. അതിനാൽ തെളിവുകൾ ഇവിടെ നിർണ്ണായകം. സാക്ഷികൾ ഇവിടെ അത്യാവശ്യം. പക്ഷെ, ആകെയുള്ള സാക്ഷികളായ ശിഷ്യന്മാർ ഭയന്നോടി മറഞ്ഞുകഴിഞ്ഞു. സത്യസാക്ഷ്യം നൽകാൻ അവർ സന്നദ്ധരായാൽ പോലും കൊട്ടാരത്തിലെത്താൻ അവർക്കു കഴിയുകയുമില്ല. ചിതറിപ്പാഞ്ഞ ശിഷ്യന്മാർ കൂടുതൽ അനുയായികളെ സാക്ഷികളായി കൂട്ടി, കൊട്ടാരത്തിലേക്ക് ഇരച്ചെത്തിയാലോ എന്നു ഭയന്ന് കൂടുതൽ കാവൽക്കാരെയും കൂലിപ്പട്ടാളത്തെയും എല്ലായിടത്തും നിരത്തി നിർത്തിക്കഴിഞ്ഞു. അതിനാൽ കയ്യഫാസിന്റെ വക്രബുദ്ധിയിൽ ഒരാശയം ഉണർന്നെണീറ്റു. കള്ളസാക്ഷികളെ അണിനിരത്തുക. ഒരു സാക്ഷിയുടെ മാത്രം മൊഴിയിൽ ആരും വിധിക്കപ്പെടരുത് എന്നു നിയമാവർത്തന പുസ്തകത്തിലുണ്ട്. അതിനായി രണ്ടു സാക്ഷികളെ കണ്ടെത്തി. അവരിരുവരും ഭരണപക്ഷത്തുതന്നെയുള്ളവരും.

വിചാരണവേളയിൽ കൊടുക്കേണ്ട വ്യാജമൊഴി നിയമജ്ഞർ അവരെ പറഞ്ഞു പഠിപ്പിച്ചു. ഇരുവർക്കും ഒരേ സാക്ഷ്യവിഷയങ്ങൾ തന്നെ. അവർ അതു മനഃപാഠമാക്കി പതുക്കെ ഉരുവിട്ട് പഠിച്ചു. പക്ഷെ, സത്യം പറയാൻ



www.malankaralibrary.com

സഭയിലേയ്ക്കു വിളിക്കപ്പെട്ടപ്പോൾ ഇരുവർക്കും നാവു പിഴച്ചു. നീതി സൂര്യനായ യേശുവിന്റെ മുഖശോഭ വന്നു തട്ടി അവരുടെ ഭാവം പതറിപ്പോയതാവാം.

അതിനാൽ പ്രഥമ വ്യാജൻ സാക്ഷ്യപ്പെടുത്തിയതിങ്ങനെ: "ഈ ദേവാലയം നശിപ്പിക്കാനും മൂന്നു ദിവസം കൊണ്ടു നിർമ്മിക്കാനും എനിക്കു കഴിയും എന്നിവൻ പറഞ്ഞു."

എന്നാൽ മറ്റവന്റെ മൊഴി ഇങ്ങനെയും: "കൈ കൊണ്ട് പടുത്തുയർത്തിയ ഈ ദേവാലയം ഞാൻ നശിപ്പിക്കുകയും കൈകളാൽ തീർക്കാത്ത മറ്റൊരു ദേവാലയം മൂന്നു ദിവസങ്ങൾകൊണ്ട് നിർമ്മിക്കുകയും ചെയ്യും എന്ന് ഇവൻ പറഞ്ഞു."

മൊഴികളിൽ ആദ്യത്തേതിന് ഭൗതികഭാവവും മറ്റതിന് ഒരദ്ധ്യാത്മ പരിവേഷവും.

പക്ഷേ, യേശു പണ്ടു പറഞ്ഞത് ഇതു രണ്ടുമല്ലല്ലോ, ഇങ്ങനെയല്ലേ: "നിങ്ങൾ ഈ ദേവാലയം തകർക്കുക. ഞാനതു മൂന്നു ദിവസത്തിനുള്ളിൽ പുതിക്കി പണിയും."

യേശു ഉദ്ദേശിച്ച ദേവാലയം തകർക്കുന്നത് താൻ തന്നെയല്ല, മറ്റുള്ളവരാണ്. അങ്ങനെ മറ്റുള്ളവരാൽ തകർക്കപ്പെടുന്ന ദേവാലയം താൻ സ്വയം പുനരുദ്ധരിക്കുമെന്നാണ് യേശു പറഞ്ഞത്.

ഈ സോദ്ദേശപ്രസ്താവമാണിവിടെ വളച്ചൊടിച്ച് ഗുരുതരമായ കുറ്റമായി ആരോപിക്കപ്പെട്ടിരിക്കുന്നത്.

'ഇവൻ ജറുസലേം ദേവാലയം തകർക്കുമെന്നു പറഞ്ഞു,' എന്നായിരുന്നു കള്ളസാക്ഷികൾ പറയേണ്ടിയിരുന്നത്. എന്നാൽ യേശുവിന്റെ സാന്നിദ്ധ്യത്തിൽ, പഠിച്ചുറപ്പിച്ച കള്ളമൊഴികളെല്ലാം ക്രമം തെറ്റി പതറിപ്പോവുകയായിരുന്നു. എങ്കിലും ഈ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ യേശുവിന്റെ നേരെ വിരൽചൂണ്ടി സിംഹാസനത്തിൽ നിന്നും ചാടിയെണീറ്റ് കയ്യഫാസ് ആക്രോശിച്ചു.

"കേട്ടല്ലോ ഈ ആരോപണങ്ങൾ? ഇതിൽ നിനക്കൊരു മറുപടിയും പറയാനില്ലേ?"

യേശു ഇതു കേട്ടഭാവം നടിച്ചില്ല. മൗനം കടഞ്ഞെടുത്ത സ്വപ്നശില്പമായി നിന്നതേയുള്ള. വിലപ്പെട്ട മുത്തുകൾ പന്നികളുടെ മുമ്പിൽ



www.malankaralibrary.com

ഇട്ടുകൊടുക്കരുതെന്നു പറഞ്ഞവൻ, അതു പ്രാവർത്തികമാക്കുകയാവാം.

ഈ മൗനം കയ്യഫാസിനു ഭീതികരമാണ്. സാക്ഷിമൊഴി കഴിഞ്ഞ് പ്രതിയുടെ മറുപടി ഇല്ലാതെ വിധി നടപ്പാക്കാൻ സാദ്ധ്യമല്ല. ഏതു കുടില മാർഗ്ഗത്തിലൂടെയായാലും യേശുവിനെ വിധിക്കുകയാണല്ലോ പ്രതിയോഗികളുടെ പദ്ധതി. ആ വിധി, വധത്തിൽ കുറഞ്ഞതാകാനും പാടില്ല. അതിനാൽ, മരവിച്ച മൗനം ചൂഴ്ന്നുറഞ്ഞ സാൻഹെദ്രിനിൽ കയ്യഫാസ് ചൂടു പകരുകയാണ്. എന്തെങ്കിലുമൊരു മറുപടിക്കായി വിഷയം മാറ്റി ചോദിക്കാൻ പോലും അയാൾ നിർബന്ധിതനായിരിക്കുന്നു.

"ദൈവനാമത്തിൽ നിന്നോടു ഞാൻ ആണയിട്ടു ചോദിക്കുകയാണ്. പറയൂ..... നീ ദൈവപുത്രനായ ക്രിസ്തുവാണോ?"

'ആണെന്നോ' 'അല്ലെന്നോ' ഉള്ള മറുപടിക്കായി ഉറ്റുനോക്കിയിരിക്കുകയാണ് സകലരും. മൗനത്തിന്റെ കനത്ത പുറന്തോടു ഭേദിച്ച് വാക്കുകൾ ഗുരുവദനത്തിൽ നിന്നും വിരിഞ്ഞിറങ്ങി.

"ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ല. ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം തരികയുമില്ല."

എന്തു കാരണത്താൽ നീ എന്റെ കരണത്തടിച്ചു എന്നു ചോദിച്ചതിന് ഉത്തരം തരാതിരുന്നതിനെ പരാമർശിച്ചുള്ള മറുപടി.

കയ്യഫാസിന്റെ ഉള്ളിൽ രോഷത്തിന്റെ വിഷത്തുള്ളികൾ നിറഞ്ഞു. ഈ ശൈത്യകാലപാതിരാത്രിയിൽ കമ്പിളി പുതച്ച് മാളികയ്ക്കുള്ളിൽ സുഖനിദ്രയിൽ ശയിക്കേണ്ട താൻ, ഉറക്കമിളച്ചു വെറുതെ ഇങ്ങനെ നേരം കൊല്ലുന്നതിൽ വല്ലാത്ത അസഹിഷ്ണുത. എങ്കിലും അതേ ചോദ്യം ആവർത്തിക്കാൻ തന്നെ തീരുമാനിച്ചു.

"ചോദിച്ചതു കേട്ടില്ലേ? നീ ക്രിസ്തുവാണോ?"

താൻ ക്രിസ്തുവാണോ എന്ന ചോദ്യവുമായി മൂന്നുകൊല്ലം ജനം കൂടെ നടന്നിട്ടും താനവർക്കു മറുപടി നൽകിയില്ല. എല്ലാം മറച്ചു വയ്ക്കുകയായിരുന്നു. ക്രിസ്ത്വവതാരധർമ്മങ്ങൾ ഓരോ തവണ പ്രവർത്തിച്ച ശേഷവും ഇതു പരസ്യമാക്കരുതെന്നാണ് താൻ ശഠിച്ചിട്ടുള്ളത്. മനുഷ്യപുത്രൻ എന്ന സാധാരണ പേരിൽ താൻ അറിയപ്പെടാൻ ഇച്ഛിച്ചതും അക്കാരണത്താൽത്തന്നെ. എന്നാലിപ്പോൾ തന്റെ സ്വത്വം പരസ്യമാക്കാനുള്ള സമയം സമാഗതം. അതിനാൽ പാറപോലെ ഉറച്ച സുധീര മറുപടി ഉടൻ നൽകി.



www.malankaralibrary.com

“അതേ.”

അതു പറഞ്ഞ് പ്രധാനാചാര്യനു പുറം തിരിഞ്ഞ് സാൻഹെദ്രിൻ സഭയുടെ നേരെ നിന്ന് ഉള്ളിൽ തെളിഞ്ഞുവന്ന, ദാനിയേൽ പ്രവചനങ്ങളുടെയും സങ്കീർത്തന ഭാഗങ്ങളുടെയും അടിസ്ഥാനത്തിൽ ‘ക്രിസ്തു’ താൻ തന്നെ എന്നു സ്ഥിരീകരിച്ചു.

“അതേ, ഇപ്പോൾ മുതൽ മനുഷ്യപുത്രൻ മഹാശക്തിയുടെ വലതുവശത്ത് എഴുന്നെള്ളിയിരിക്കുന്നതും വാനമേഘങ്ങളിൽ ആഗതനാകുന്നതും നിങ്ങൾ കാണും.”

തൽക്ഷണം കയ്യഫാസ് രോഷാഗ്നിയാൽ എരിഞ്ഞ്, ധരിച്ചിരുന്ന സ്വന്തം പട്ടുമേലങ്കിയിൽ ഇരുകരങ്ങളും മുറുകെ പിടിച്ച് വിലാപപ്രകടനമായി വശങ്ങളിലേക്ക് അതിശക്തമായി വലിച്ചു കീറി. എന്നിട്ട് ഇടതു കൈപ്പത്തി സ്വന്തം തലയിലമർത്തി, പുറകോട്ടു തെല്ലു വളഞ്ഞ് ശപിച്ചലറി: “അയ്യോ! ഈ മഹാപാപി ദൈവദോഷം പറഞ്ഞു കഴിഞ്ഞു. ഇനി നമുക്കെന്തിനാ സാക്ഷികൾ!”

ഉടൻ കയ്യഫാസ് ഭയാനക ചേഷ്ടകളോടെ സഭാംഗങ്ങൾക്കു നേരെ തിരിഞ്ഞ് ഉറക്കെ പറഞ്ഞു: “നിങ്ങൾ ഇവന്റെ നാവിൽ നിന്നുതന്നെ കേട്ടല്ലോ ദൈവദോഷം. നിങ്ങൾതന്നെ പറ, ഇവനെ എന്തു ചെയ്യണം?”

അവർ ഒന്നടങ്കം ചാടിയെണീറ്റ് മുഷ്ടി ചുരുട്ടി വായുവിൽ ഉയർത്തി ഇടിച്ച് അലറി: “ഇവനെ കൊല്ലണം.”

കാരണം, അവർക്കറിയാം ദൈവദോഷാരോപണശിക്ഷ മരണമാണെന്ന്. നിയമദാതാവായ മോശ എഴുതിത്തന്ന ലേവ്യരുടെ പുസ്തകത്തിൽ അങ്ങനെയാണല്ലോ കാണുന്നത്.

മാത്രമല്ല, ഇവനെ എന്തുചെയ്യണം എന്നു ചോദിച്ചിരിക്കുന്നതു കയ്യഫാസാണ്. ഈ കയ്യഫാസു തന്നെയാണു കുറച്ചു നാളുകൾക്കു മുമ്പ്, യഹൂദ ജനത്തെ വലയിലാക്കുന്ന യേശുവിന്റെ മുന്നേറ്റത്തെ തടയാൻ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങിയ സാൻഹെദ്രിൻ സഭാംഗങ്ങളോട് ക്രൂദ്ധ ഗോഷ്ടികളോടെ ഇങ്ങനെ പറഞ്ഞത്.

“പരിഹാരം എന്താണെന്ന് നിങ്ങൾക്കറിയില്ലെന്നോ? കഷ്ടം! രാജ്യം മുഴുവനായി നശിച്ചുപോകാതിരിക്കാൻ സർവ്വജനത്തിനും വേണ്ടി ഒരുത്തൻ ചാകുന്നതു നല്ലതാണെന്ന് നിങ്ങളെന്താ, ചിന്തിക്കാത്തത്?”



www.malankaralibrary.com

# മുപ്പത്തൊന്ന്

മാതപരമായ വിചാരണയുടെ ഒടുവിൽ വിധിക്കപ്പെട്ടിരിക്കുന്നതു മരണം! യഹൂദ സാൻഹെദ്രിനിൽ അനേക വർഷങ്ങൾക്കു ശേഷം ഔദ്യോഗികമായി വിധിക്കപ്പെടുന്ന മരണശിക്ഷ. എത്ര ഭയങ്കരകൊലപാതകിയെ പോലും മരണശിക്ഷയിൽ നിന്നു രക്ഷപ്പെടുത്താൻ സർവ്വ പഴുതുകളും തെരയുന്ന സാൻഹെദ്രിനാണ് ഇന്നീ അത്യപൂർവ്വശിക്ഷാവിധി ഉച്ചരിച്ചിരിക്കുന്നത്.

വിചാരണയും വിധിയും ഒരുദിവസം തന്നെ നടത്താൻ പാടില്ലെന്ന് യഹൂദനിയമം അനുശാസിക്കുന്നു. അത്ര സാവധാനമായേ വിധി പ്രസ്താവിക്കാൻ പാടുള്ളൂ എന്നു ചുരുക്കം. പക്ഷേ വിചാരണ ചെയ്ത രാത്രി ഒരു ദിവസമായും, വിധി പ്രസ്താവിച്ച പ്രഭാതത്തെ മറ്റൊരു ദിവസമായും അവർ കണക്കാക്കിയിരിക്കുന്നു. പക്ഷെ, വിധിച്ചെങ്കിലും വിധി നടപ്പാക്കാൻ സാൻഹെദ്രിന് അവകാശമില്ല.

പാപികളെ കല്ലെറിഞ്ഞു കൊല്ലാൻ ഉത്സാഹിക്കുന്ന യഹൂദ മതമേധാവികൾ പോലും 'നീ കൊലപാതകം ചെയ്യരുത്' എന്ന അടിസ്ഥാന കല്പന പാലിക്കാൻ കടപ്പെട്ടവനാണ്. അതായത് ആരെയും കൊല്ലാൻ യഹൂദനു നിയമമില്ല. അതു നടപ്പാക്കേണ്ടതു പീലാത്തോസാണ്. സർവ്വ സൈന്യാധിപനായ പീലാത്തോസിന്റെ കല്പനയില്ലാതെ പരസ്യമായൊരു വധോദ്യമം നടന്നാൽ പ്രധാനാചാര്യന്മാരെപോലും വിറപ്പിക്കാൻ അദ്ദേഹത്തിനറിയാം. അയാൾക്കതിനു മടിയുമില്ല.

പക്ഷെ നേരം പുലരാതെ പീലാത്തോസിനെ കാണുക അസാദ്ധ്യം. ജനാവലി ഉണരും മുമ്പേ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കി രാഷ്ട്രീയ വിചാരണകൂടി നടത്തിക്കിട്ടാൻ മതമേധാവികൾക്കു തിടുക്കമുണ്ട്. അതിനായി യൂദയായുടെ തലസ്ഥാനമായ സീസറിയാവരെ സഞ്ചാരം നടത്തുകയും വേണ്ടാ. അവിടെ മെഡിറ്ററേനിയൻ കടൽത്തീരത്തിലാണ് റോമൻ സ്ഥാനപതിയുടെ ആസ്ഥാനമെങ്കിലും എല്ലാ പെസഹാക്കാലത്തും അദ്ദേഹം ജറുസലേമിൽ മഹാദേവാലയത്തോടു ചേർന്നുള്ള ഹേറോദേസിന്റെ അരമനയിൽ ഉണ്ടായിരിക്കുമല്ലോ.



www.malankaralibrary.com

അതായത് പ്രിത്തോറിയത്തിൽ. ദേവാലയത്തിന്റെ തൊട്ടുവടക്കുള്ള ശക്തിദുർഗ്ഗമായ അന്തോണിയാക്കോട്ടയിൽ കാലാൾപ്പടയിലും, കുതിരപ്പട യിലും പെട്ട മൂവായിരത്തിൽ പരം പടയാളികൾ അദ്ദേഹത്തിന്റെ ആജ്ഞ കാത്തുകിടപ്പുണ്ട്. അവരോ, സമറിയ, സിറിയാ, ഗ്രീസ് എന്നിവിടങ്ങളിൽ നിന്നുള്ള യഹൂദേതരയുദ്ധവീരന്മാരും. ഈ സാഹചര്യത്തിൽ പീലാത്തോ സിന്റെ നിദ്രയ്ക്കു ഭംഗമുണ്ടാക്കി അവിടേയ്ക്കു ചെന്നാൽ അത്യുന്നത മതമേധാവികളെപോലും പ്രിത്തോറിയത്തിനു ചുറ്റും കാവൽ നിൽക്കുന്ന പോരാളികൾ തടയും. അതിനാൽ തന്റെ കാവൽക്കാരോട് അസഹ്യനായി കയ്യഫാസ് ഗർജ്ജിച്ചു.

"നേരം വെളുക്കുന്നതുവരെ ഇവനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളണം." വാപൊളിച്ച് ഒന്നു കോട്ടി കയ്യഫാസ് വേഗം ഉറക്കറയിലേക്കു കാൽ വലി ച്ചു നടന്നു. ഇതര സഭാംഗങ്ങളും നാനാവഴിക്കു തിരിഞ്ഞു.

കൈകൾ കൂട്ടിക്കെട്ടിയ നിലയിൽ അതിക്ഷീണിതനായി അവിടെ യേശു മാത്രം. ചുറ്റും നാലഞ്ചു കാവൽക്കാർ. അവർ അദ്ദേഹത്തെ അവി ടെ നിന്നും തള്ളിയിറക്കി മുറ്റത്തിന്റെ നിരപ്പിലുള്ള വിശാലമായ പുറം തിണ്ണയിലേയ്ക്കു കൊണ്ടുവന്നു. അവിടുള്ള അകത്തളത്തിലേയ്ക്കു കട ത്തി. നിലാവിന്റെ നേർത്ത വെട്ടവും എണ്ണത്തിരിയുടെ പ്രകാശവും ഉണ്ടാ യിട്ടും ഇരുട്ടിന്റെ കട്ടി കുറഞ്ഞിരുന്നില്ല. ഓരോ വളച്ചുവാതിലിന്റെയും നടുക്കുള്ള ഉരുണ്ട കൽത്തൂണുകളിലൊന്നിൽ നാഥനെ അവർ ചേർത്തു നിർത്തി. രക്ഷപ്പെടാനാവാത്ത വിധം തൂണിൽ ചേർത്തു കെട്ടി. അന്നാസി ന്റെയും കയ്യഫാസിന്റെയും അംഗരക്ഷകരാണീ കാവൽക്കാർ. മൃഗീയ ക്രൂരതകൾക്കു പേരെടുത്തവർ. തൂണിൽ തളർന്നു ചാഞ്ഞു നിൽക്കുന്ന നാഥൻ അവർക്കൊരു കപടമൂർത്തിയാണ്. യഹൂദമതമേധാവിത്വത്തിനു പോലും ഭീഷണിയായ നേതാവ്. ഇദ്ദേഹത്തെ വകവരുത്തേണ്ടത് അവരു ടെയും ആവശ്യമാണ്. അല്ലെങ്കിൽ നാളത്തെ ജനാധിപൻ ഇദ്ദേഹമായി രിക്കും. അതു തങ്ങളുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കും. മാത്രമല്ല, തങ്ങളുടെ ആരാദ്ധ്യരായ മഹാപുരോഹിതന്മാരെ അരിശപ്പെടുത്തുന്ന ഈ നേതാവിനോടുള്ള പക പ്രകടമാക്കാൻ പറ്റിയ അവസരമാണിത്. ഈ ക്രൗര്യഭാവത്തോടെ ഒരാൾ ചീറിയടുത്ത് നാഥന്റെ കന്നത്ത് കൈ നിവർ ത്തി ആഞ്ഞൊരടി. അണപ്പല്ലുകൾ ഇളകിയോ! അതിവേദനയാൽ കയർ ക്കെട്ടിനുള്ളിൽ ഒന്നു പുളഞ്ഞുതിരിഞ്ഞു. തലതാഴ്ത്തി തളർന്നു നിന്നു.

മറ്റൊരു പാറാവുകാരൻ ആഞ്ഞുകാർക്കിച്ചു കഫം നാഥന്റെ മുഖത്തേ യ്ക്ക് നീട്ടിയൊരു തുപ്പ്. കഷ്ടം! അതു തുടയ്ക്കുവാൻ തൂണിൽ കെട്ടിവച്ച കൈകൾ ഉയരുകില്ലല്ലോ.



www.malankaralibrary.com

എന്നിട്ടും മിണ്ടാതെ നിൽക്കുന്ന നാഥന്റെ സാത്വികഭാവത്തിൽ പാറാവുകാർക്കു രോഷം. ബന്ധിതൻ പ്രകോപിതനായി കാണാനാണവർക്കു രസം. അതിനാൽ നീളമുള്ളൊരു കട്ടിത്തുണി കൊണ്ടു നാഥന്റെ കണ്ണു രണ്ടും മൂടിക്കെട്ടി. എന്നിട്ട് കാവൽക്കാർ ഓരോരുത്തരായി അടുത്തുവന്ന് ബലിഷ്ഠഹസ്തങ്ങളുടെ ഊക്ക് മുഖത്തു മാറി മാറി പ്രയോഗിച്ചു. അടിയേറ്റ്, നാസാരന്ധ്രങ്ങളെ വേർതിരിക്കുന്ന തരുണാസ്ഥി പൊട്ടാറായി. മുകളിലേക്കു തലനീട്ടി, വാതുറന്നു ഉച്ചത്തിൽ അവിടുന്ന് നിലവിളിച്ചു പോയി. അതു കണ്ടു രസം പൂണ്ട പാറാവുകാർ ഓരോ അടിയും കഴിഞ്ഞ് 'നിന്നെ അടിച്ചത് ആരാണെന്നൊന്നു പറയാമോ....' എന്നു പരിഹസിച്ച് വിനോദിക്കുകയാണ്.

ഗത്സമെനിയുടെ ഇരുട്ടിൽ ചിതറി ഒളിച്ച ശിഷ്യരിൽ പലരും വിഭ്രാന്തിയോടെ അലയുകയാണ്. രണ്ടുപേർ ഗുരുവിനെപ്രതി അത്യുൽകണ്ഠയാൽ ഭയചകിതരായി കൂടെയുണ്ടായിരുന്നു, പത്രോസും യോഹന്നാനും. തങ്ങളെ ആരും തിരിച്ചറിയാതിരിക്കാൻ തലയും മുഖവും തുണിചുറ്റി മറച്ച് എതിരാളികളുടെ ഏറ്റവും പിന്നിൽ അനുധാവനം ചെയ്തുകൊണ്ടിരുന്നു.

സാൻഹെദ്രിൻ സഭാസമ്മേളനത്തിനായി പ്രധാനാചാര്യന്മാരുടെ വസതിയിലേക്കു ശത്രുപക്ഷം കടന്നപ്പോൾത്തന്നെ യോഹന്നാനും ഉള്ളിലേയ്ക്കു കടന്നതാണ്. കൂറ്റൻ മതിൽകെട്ടിനുള്ളിലെ പുറം വാതിലിൽ കാവൽനിന്ന പാറാവുകാരി യോഹന്നാനെ കണ്ടതുമാണ്. പക്ഷെ അവൻ യേശുവിന്റെ ശിഷ്യനാണെന്നൊന്നും അവൾക്കറിയില്ല. അറിഞ്ഞിരുന്നെങ്കിൽ അവൾ കടത്തി വിടില്ലായിരുന്നു. അപ്പൻ, സെബദിയുടെ നിർദ്ദേശപ്രകാരം യോഹന്നാൻ എത്രയോ തവണ ഈ അരമനയിൽ ഇതിനുമുമ്പും വന്നിട്ടുണ്ട്. ജറുസലേമിൽ സെബദി നടത്തുന്ന മത്സ്യക്കടയിൽ നിന്നാണല്ലോ ഇവിടേയ്ക്ക് ആവശ്യമുള്ളവ എത്തിച്ചിരുന്നത്. ആ പതിവു മുടങ്ങിയിട്ട് മൂന്നുകൊല്ലത്തോളമായെങ്കിലും സ്വഭവനം പോലിവിടം യോഹന്നാനു പരിചിതം.

പക്ഷെ പത്രോസ്, കവാടം കടക്കാൻ മടിച്ചു വെളിയിൽത്തന്നെ നിന്നു. പത്രോസിനിവിടം അപരിചിതം. ഉള്ളിൽ കയറിയ യോഹന്നാൻ കൂടെ പത്രോസിനെ കാണാതെ, ചുറ്റും തെരഞ്ഞപ്പോൾ കണ്ടത് കവാടത്തിനു പുറത്തുള്ള പെരുവഴിയിൽ നിന്ന് കൈകൊണ്ട് ആംഗ്യം കാട്ടുന്ന കൂട്ടുകാരനെ. 'കാവൽക്കാരിയെ സ്വാധീനിച്ച് എന്നെക്കൂടി ഉള്ളിലേക്കൊന്നു കയറ്റിവിട്' എന്നാണ് ആംഗ്യത്തിന്റെ പൊരുൾ. ഉടൻ യോഹന്നാൻ ഓടി പുറം വാതില്ക്കലെത്തി കാവൽക്കാരിയോടു പറഞ്ഞു.



www.malankaralibrary.com

"എന്റെ കൂട്ടുകാരനാ. ഇയാളെയും കേറ്റിക്കോട്ടെ."

അവർ സമ്മതം മൂളി. എങ്കിലും കൂട്ടുകാരന്റെ മുഖം കാണാൻ ഇരുളിൽ വിളക്കുയർത്തി അവൾ സൂക്ഷിച്ചുനോക്കി. ആഞ്ഞുവീശിയ തണുത്ത മലങ്കാറ്റിൽ പത്രോസിന്റെ മുഖത്തു വലിച്ചിട്ട തുണി പറന്നു മാറി മുഖം തെളിഞ്ഞു. തന്നെ തിരിച്ചറിഞ്ഞേക്കുമെന്നു പേടിച്ച് വിഭ്രമത്തോടെ പത്രോസ്, തുണി പഴയപടി ഇടാൻ വെപ്രാളപ്പെട്ടു.

കാവൽക്കാരിയുടെ ഉള്ളിൽ സംശയത്തിന്റെ നിഴലാട്ടം. അവളുടെ മുമ്പിൽ നിന്നും വേഗം രക്ഷപ്പെടാൻ ശ്രമിച്ച പത്രോസിന്റെ മുഖത്തേക്കു വിരൽ ചൂണ്ടി അവൾ ചോദിച്ചു: "താൻ യേശുവിന്റെ ശിഷ്യനല്ലേ?"

"ഏയ്.... അല്ല,.... അല്ല...."

പത്രോസ് വേഗം, ചരൽ വിരിച്ച വിശാലമായ നടുമുറ്റത്തേക്കു കടന്നു. തണുത്ത കാറ്റിൽ ദേഹം വിറയ്ക്കുന്നു. ഭാഗ്യത്തിന് മുറ്റത്തു തീ കൂട്ടി ആരൊക്കയോ കായുന്നു. അവർ കാവൽക്കാരോ മറ്റോ ആണോ? എങ്കിൽ പോലും തീയ്ക്കടുത്തേയ്ക്കു പോകാതിരിക്കാൻ കഴിയാത്തവിധം തണുത്തു വിറയ്ക്കുകയാണ്. ആരും ശ്രദ്ധിക്കാത്ത മട്ടിൽ മുഖം കുനിച്ച് തീയ്ക്കരികിൽ കുത്തിയിരുന്നപ്പോൾ ആരോ പിന്നിൽ നിന്നു വിളിക്കുന്നതു പോലെ. പത്രോസ് ഞെട്ടിത്തിരിഞ്ഞു. അതേ കാവൽക്കാരി.

തീക്കനലുകളുടെ ചുവന്ന വെളിച്ചത്തിൽ പത്രോസിന്റെ മുക്കാലും മറയ്ക്കപ്പെട്ട മുഖം നോക്കി അവൾ മറ്റുള്ളവർ കേൾക്കെ പറഞ്ഞു.

"ഈ മനുഷ്യനും നസ്രായനായ യേശുവിന്റെ കൂട്ടത്തിൽപ്പെട്ട ആളു തന്നെ".

പത്രോസ് ചാടിയെഴുന്നേറ്റ് അതു ശക്തിയായി നിഷേധിച്ചു ശപഥം ചെയ്തു: "ശ്ശോ! ഞാനവനെ അറിയത്തുപോലുമില്ല."

പക്ഷെ അവന്റെ സംസാരശൈലി കേട്ട് തീ കാഞ്ഞുകൊണ്ടിരുന്ന കാവൽക്കാരെല്ലാം അവനെ നോക്കി പറഞ്ഞു: "നിന്റെ സംസാരരീതി കേട്ടാലറിയാമല്ലോ, നീയൊരു ഗലീലിയക്കാരനാണെന്ന്. അതിനാൽ നീ തീർച്ചയായും യേശുവിന്റെ ശിഷ്യൻ തന്നെ."

രക്ഷപ്പെടാൻ അഭിനയപൂർവ്വം വീണ്ടും ആണയിട്ടു ശപിച്ച് പത്രോസ് ഉറക്കെ പറഞ്ഞു: "ഇല്ല! ഇല്ല! ഇല്ല! യേശു എന്നൊരാളെപ്പറ്റി ഞാൻ കേൾക്കുന്നതുതന്നെ ഇന്നാദ്യമായിട്ടാണ്."



www.malankaralibrary.com

ഉടൻ നീട്ടിവിളിച്ചുറക്കെ കൂവുന്ന ഒരു ശബ്ദം പത്രോസ് കേട്ടു. അടുത്തേതോ കൂട്ടിൽ കിടന്നു ചിറകിട്ടടിച്ചു വിളിച്ചുകൂവുന്ന പൂവൻ കോഴിയുടെ നീണ്ട കൂവൽ. പെട്ടെന്ന്, പത്രോസിന്റെ ഉള്ളിൽ ഇന്നലത്തെ പ്രവചനം പാഞ്ഞെത്തി. പുലർച്ചക്കോഴി കൂവും മുമ്പ് മൂന്നുതവണ നീ എന്നെ ഉപേക്ഷിച്ചു പറയും എന്ന ഗുരുപ്രവചനം.

മുറ്റത്തിന്റെ അതിർത്തിയിൽ തുടങ്ങുന്ന പടികൾ കടന്ന്, വിശാലമായ പുറം തിണ്ണയും കഴിഞ്ഞ്, വെട്ടം കുറഞ്ഞ ഉൾമുറിയിലെ തൂണിൽ കുരുങ്ങിക്കിടക്കുകയാണ് അരുമനാഥൻ. പുലർച്ചക്കോഴിയുടെ കൂവൽകേട്ട്, അടികളേറ്റു നീരുവച്ച കഴുത്തു വളരെ വേദനയോടെ മെല്ലെമെല്ലെ തിരിച്ച് വാതിലിലൂടെ നോക്കി. അങ്കണത്തിൽ കത്തുന്ന തീയുടെ വെട്ടത്തിൽ തന്നെ നോക്കിനിൽക്കുന്ന പത്രോസിന്റെ കണ്ണുകൾ അടിയേറ്റു കലങ്ങിയ ശാന്തമിഴികളുമായി കൂട്ടിമുട്ടി. പളുങ്കു പ്രതിമ പൊട്ടിത്തകർന്നടിയും പോലൊരു കരച്ചിലോടെ പ്രവേശനകവാടത്തിലേക്ക് ഉടൻ അവൻ തിരിഞ്ഞോടി. പുറത്തെ കൽമതിലിൽ ആഞ്ഞാഞ്ഞു തലതല്ലി ഈ സ്വാമിദ്രോഹത്തിനു പ്രതിക്രിയ ചെയ്യുകയായിരുന്നു ഈ പ്രഥമശിഷ്യൻ.



www.malankaralibrary.com

# മുപ്പത്തിരണ്ട്

ഇങ്ങനെയൊന്നും സംഭവിക്കുമെന്നു യൂദാ നിനച്ചിരുന്നില്ല. സാൻഹെദ്രിൻ സഭ വധശിക്ഷ വിധിക്കുന്നത് തന്റെ അറിവിൽ ഇതാദ്യം! അത്ഭുതപ്രവർത്തകനായ യേശു, അത്തരമൊരു വേലകാട്ടി ശത്രുക്കളെ നിഷ്പ്രഭരാക്കുമെന്നു തന്നെയാണ് വിശ്വസിച്ചിരുന്നത്. പക്ഷേ അങ്ങനെയാതൊന്നുമുണ്ടായില്ല. അടിയും തുപ്പും എല്ലാം നിന്നു കൊള്ളുന്നത് താൻ ഒളിഞ്ഞുനിന്ന് കണ്ടതാണല്ലോ. അങ്ങനെ, മരണത്തിന്റെ താഴ്വരയിലേയ്ക്കാണോ അദ്ദേഹത്തിന്റെ സഞ്ചാരം? എങ്കിൽ അതെത്ര ഭയാനകം! അചിന്ത്യം! അതുകാണാൻ എന്തായാലും തനിക്കാവില്ല. പരാജയത്തിന്റെ നിഴൽപോലും എങ്ങും കാണുന്നതു തനിക്കിഷ്ടമല്ല. ഓർമ്മവച്ചനാൾ മുതൽ താൻ വിജയികളുടെ പക്ഷത്തായിരുന്നു. അതിനാലാണ് വിപ്ലവ നേതാവായ ബർബ്ബാസിന്റെ പിന്നാലെ നടന്നു തുടങ്ങിയത്. എന്നാൽ അയാൾ കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ ഇനി ആരെ കൂട്ടുപിടിക്കും എന്നാലോചിച്ചു. ആയിടയ്ക്കാണ് യേശുവിനെ കണ്ടത്. ജറുസലേം ദേവാലയത്തിൽ അജയ്യശക്തിയോടെ കയർ ചുഴറ്റി ആക്രോശിച്ചു നിന്നപ്പോൾ. ജറുസലേമിന്റെ പുത്തൻ ഭരണാധിപനായി യേശുവിനെ താൻ സ്വപ്നം കണ്ടു. ആ ഒരൊറ്റ ലക്ഷ്യത്തോടെ മൂന്നുകൊല്ലം കൂടെ നടന്നു. പക്ഷെ ഒന്നും നടപ്പിലാകുന്ന ലക്ഷണം കണ്ടില്ല. അപ്പോൾ കരുതി, കുറച്ചു കാശെങ്കിലും സമ്പാദിച്ച് ഈ ശിഷ്യത്വവും ഉപേക്ഷിച്ച് മറ്റേതെങ്കിലും വഴി നോക്കാം എന്ന്. അങ്ങനെ കാശുകിട്ടി, മുപ്പതു വെള്ളിക്കാശ്. സ്വന്തം ഗുരുവിനെ ഒറ്റിക്കൊടുത്ത നീചൻ എന്നൊരു മാറാപ്പേരു വീഴുമെന്നറിയാം. എങ്കിലും അതൊന്നും തനിക്കു പ്രശ്നമല്ല. എന്നാൽ ഇതാണിപ്പോൾ പ്രശ്നമായിരിക്കുന്നത്. യേശുവിനു വധശിക്ഷ വിധിച്ചിരിക്കുന്നു.

യേശു, രാജാവാകില്ലെന്നുറപ്പായിട്ടാണ് താൻ ഒറ്റിക്കൊടുത്തത്. മൂന്നു കൊല്ലങ്ങളായി താൻ താലോലിച്ചിരുന്ന ഓമൽ പ്രതീക്ഷകളെ തകർത്തവനുള്ള ശിക്ഷ മാത്രമായിരുന്നു അത്. അത്ഭുതമൊന്നും കാട്ടി രക്ഷപ്പെട്ടില്ലെങ്കിലും കുരുതിചെയ്യാൻ വിധിക്കുമെന്ന് ആരു കരുതി!

ഇതു ഭയങ്കരമാണ്, ചതിയാണ്.

രാജാവായില്ലെങ്കിലും യേശു നീതിമാനാണെന്നു തീർച്ച. അദ്ദേഹത്തി



www.malankaralibrary.com

ന്റെ ഓരോ വാക്കും കേൾവിക്കാരിൽ നീതിബോധത്തിന്റെ പ്രകമ്പനം കൊള്ളിക്കും. മാത്രമല്ല, സാത്വികത മാത്രം നിറഞ്ഞ ഇത്ര ശ്രേഷ്ഠനായൊരു ശാന്തശീലനെ താനിന്നോളം കണ്ടിട്ടില്ല. പാപത്തെ വെറുക്കുകയും പാപിയെ വാരിപ്പുണരുകയും ചെയ്ത സ്നേഹാവതാരമാണദ്ദേഹം. എന്നാൽ നന്മയുടെ ഈ കുലപർവ്വതം തകർക്കപ്പെടുവാൻ പോകുന്നു. കാരണക്കാരൻ താൻ..... താൻമാത്രം.!

പൊതുനിരത്തിൽ നിന്നും യൂദാ മഹാപുരോഹിതന്മാരുടെ അരമനയിലേയ്ക്കു കടന്നു. ഭ്രാന്തമായ കൊടുങ്കാറ്റുപോലെ കടന്നു കയറിയ അവനെ തടയാൻ കാവൽക്കാരിക്കു കഴിഞ്ഞില്ല. തൂണിൽ കുരുങ്ങി നിൽക്കുന്ന യേശുവിന്റെ കണ്ണിൽപ്പെടരുതേ എന്നാഗ്രഹിച്ചുപോയി. അതിനാൽ വേഗം മുകളിലത്തെ നിലയിലേക്കു ചാടിക്കയറി. നേരം വെളുക്കാൻ ഇനിയും നാഴികകൾ ബാക്കിയുണ്ടെങ്കിലും അന്നാസും കയ്യഫാസും തിരക്കിട്ടു ചർച്ച ചെയ്ത് ഇരിക്കുന്നു. കൂടെ ഉദ്വേഗഭരിതരായ സാൻഹെദ്രിൻ സഭാംഗങ്ങളും. അവരുടെ നടുവിലൂടെ ഇരച്ചു ചെന്ന യൂദാ ഭയാനക മുഖഭാവത്തോടെ പുരോഹിതശ്രേഷ്ഠരുടെ മുമ്പിൽ നിന്നു. പുറങ്കുപ്പായത്തിനുള്ളിൽ കെട്ടഴിച്ചു തുറന്ന മടിശീലയിൽ നിന്നു മുപ്പതു വെള്ളിനാണയങ്ങളും കൈക്കുടന്നയിലെടുത്തു. അതവരുടെ നേരെ നീട്ടി സംഭ്രമവിലാപത്തോടെ പറഞ്ഞു.

"ഞാനൊറ്റിക്കൊടുത്തത് നീതിമാന്റെ രക്തത്തെയാണ്. ഞാൻ മഹാപാപിയാണ്. ആർക്കും ഇനി എന്റെ പാപക്കറ കഴുകിക്കളയാനാവില്ല....."

യൂദായുടെ ഭയാനക ചേഷ്ടകൾ കണ്ട് സകലരും നടുങ്ങി. അസഹിഷ്ണുതയോടെ മഹാപുരോഹിതർ പുച്ഛിച്ചു പുലമ്പി: "ഇനി ഇതിൽ ഞങ്ങൾക്കെന്തു കാര്യം? നീ പോയി നിന്റെ കാര്യം നോക്ക്."

യൂദായുടെ തുറിച്ച ദൃഷ്ടികൾ ഇരുകൈത്തലത്തിലും കിടന്ന് എണ്ണത്തിരിവെട്ടത്തിൽ മിന്നുന്ന വെള്ളിനാണയങ്ങളിൽ തറഞ്ഞു. മഹാഭാരം പെരുകി അതു തന്റെ കൈത്തണ്ടകളെ താഴ്ത്തി ഒടിക്കുമെന്നവനു തോന്നി. അഗ്നിക്കട്ടകൾപോലെ അതു കൈത്തലങ്ങളെ ചുട്ടുപൊള്ളിക്കുമെന്നു തോന്നി. പെട്ടെന്നതു മടിശീലയിലേക്കു തിരികെയിട്ടു. അതിന്റെ കിലുകിലാരവം, നിലയ്ക്കാത്ത മരണമണി പോലെ അവന്റെ ഉള്ളിൽ മുഴങ്ങി. പുരോഹിതന്മാരുടെ കഴുത്തു ഞെരിച്ചു കൊല്ലാനുള്ള വാശിയുണ്ട് യൂദായ്ക്ക്.

അവൻ ഞെട്ടിത്തിരിഞ്ഞു. ഭ്രാന്തുപിടിച്ചവനെ പോലെ അതിദ്രുതം



www.malankaralibrary.com

ഇറങ്ങി ഓടി. പേപ്പട്ടിയെപ്പോലെ ലക്ഷ്യമില്ലാതെ പായുകയാണ്. മാർഗ്ഗ മദ്ധ്യേ കണ്ട മഹാദേവാലയത്തിന്റെ എല്ലാ വാതിലുകളും തുറന്നു കിടക്കുന്നു. രാത്രിയാണെങ്കിലും അതിനുള്ളിൽ ഉണർന്നിരുന്നു പ്രാർത്ഥിക്കുന്ന ജനം. മുറ്റം നിറയെ പുതച്ചു മൂടിയുറങ്ങുന്ന ജനലക്ഷങ്ങൾ.

യൂദാ ദേവാലയത്തിലേക്കു കുതിച്ചു കയറി. ഈ മുപ്പതു വെള്ളി നാണയങ്ങൾ തനിക്കുവേണ്ടാ! മഹാപുരോഹിതന്മാർക്കും വേണ്ടാ! എങ്കിൽ പിന്നെ ഇതീ പള്ളിക്കുള്ളിൽ കിടക്കട്ടെ. മണ്ഡപങ്ങളെല്ലാം ഓടി ക്കടന്ന്, അതിവിശുദ്ധ സ്ഥലത്തിനു തൊട്ടടുത്തുവരെ ചെന്നു നിന്നു കിതച്ചു. സഞ്ചിതുറന്ന് ഓരോ നാണയവും എടുത്ത് ഭണ്ഡാരത്തിലെ കുഴൽ ദ്വാരത്തിലൂടെ ശ്രദ്ധയോടെ നിക്ഷേപിക്കാനൊന്നും നേരമില്ല. സഞ്ചിയോടെ പുറത്തെടുത്ത് എവിടേക്കോ വലിച്ചൊരേറ്!

എന്നിട്ടും സ്വസ്ഥതയില്ല. കൊടും തണുപ്പിലും കത്തിയെരിയുന്ന ഹൃദയതാപം കുറയുന്നില്ല. പടികൾ ചവിട്ടിയിറങ്ങാൻപോലും നേരമില്ലാത്ത പോലെ ദേവാലയത്തിനുള്ളിൽ നിന്നും പുറം തിണ്ണയിലേക്ക് എടുത്തൊരു ചാട്ടം. അവിടെ നിന്നും മുറ്റത്തേക്കും. വീണ്ടും തെക്കോട്ടു പായുകയാണ്. മുറ്റത്തിന്റെ അതിർത്തി കഴിഞ്ഞ് മഹാഭീകരരക്ഷസ്സിനെ പോലെ വാപിളർന്നു കിടക്കുന്ന തമോഗർത്തങ്ങളുടെ മുകൾ വഴികളിലൂടെ എന്തിനോ ഉഴറി കുതിക്കുകയാണ്.

നിരാശയുടെ കൂരിരുൾ നിറഞ്ഞ ഹൃദയത്തിൽ ഇനി ശാന്തിയുടെ ഒരു പ്രകാശപ്പൊരി പോലുമില്ല. ഇനി തനിക്കു ജീവിതമെന്തിന്? തനിക്കിനി ഒരു നിമിഷം പോലും ജീവിക്കാനാവില്ല. ജീവിതം അസഹ്യമാണ്, അസാദ്ധ്യമാണ്. ഈ ഓട്ടത്തിനിടയിൽ കാൽതെറ്റി ഭയങ്കരമായ ഈ ഗേഹന്നായുടെ ശാപത്താഴ്വരയിൽ മറിഞ്ഞു വീണ് താൻ ചത്തൊടുങ്ങിയെങ്കിൽ! അല്ലെങ്കിൽ ഈ താഴ്ചയിലേക്കു സ്വയം ചാടിച്ചത്താലോ? ഒരു പക്ഷേ ആ വീഴ്ചയിൽ താൻ ചത്തില്ലെങ്കിലോ? എങ്കിൽ കയ്യോ കാലോ ഒടിഞ്ഞ് ഭൂമിക്കു ഭാരമായി വീണ്ടും കഴിയേണ്ടിവരാം.

പെട്ടെന്നാണ് വഴി മുടക്കി നിന്ന ആ അത്തിമരം യൂദായുടെ ദൃഷ്ടിയിലുടക്കിയത്. സ്രഷ്ടാവിന്റെ മുമ്പിൽ അഹങ്കാരത്താൽ പിഴച്ചുപോയ ആദം ഹവ്വാമാർ നഗ്നത മറയ്ക്കാൻ തെരഞ്ഞെടുത്ത ഇലകൾ ഈ അത്തിയുടേതായിരുന്നില്ലേ. ശപിക്കപ്പെട്ട ഗേഹന്നായുടെ പിളർന്നു കീറിയ ഭയാനക വക്ത്രത്തിലേയ്ക്കു ചാഞ്ഞു വളർന്നു നിൽക്കുന്ന അതിന്റെ തെക്കോട്ടുള്ള ബലിഷ്ഠമായ കൊമ്പു ലക്ഷ്യമാക്കി യൂദാ വലിഞ്ഞു കയറി. ബലി മൃഗങ്ങളുടെ കഴുത്തിൽ നിന്നും അഴിച്ചെറിഞ്ഞ കയറുകൾ അവിടെങ്ങും



www.malankaralibrary.com

ചിതറിക്കിടന്നത് സഹായകമായി. അതിൽ നിന്നെടുത്ത ഒരു കയർ കടിച്ചു പിടിച്ചുകൊണ്ട് ചാഞ്ഞ മരക്കൊമ്പിൽ കയറിപ്പറ്റി. അവിടിരുന്ന് അത്യഗാധമായ താഴ്ചയിലേക്കു നോക്കി. കണ്ണുകളിൽ ഇരുട്ടു തിങ്ങി. തലചുറ്റി. സകല പ്രപഞ്ചജാലവും തന്നെ നോക്കി, മഹാപാപീ, നീ പിറക്കാതെ പോയെങ്കിൽ എന്നു പ്രാകുന്നു. പിടിവിട്ടു വീഴാതിരിക്കാൻ വേഗം കയറിന്റെ ഒരറ്റം മരക്കൊമ്പിൽ മുറുക്കി. മറുതുമ്പു കഴുത്തിലും. ആ ഇരുപ്പിൽ ചുറ്റും നോക്കി. ദേവാലയത്തിന്റെ താഴികക്കുടം നിലാവിൽ തിളങ്ങുന്നതു കാണാം.

അവൻ, വായിൽ തോന്നിയ വഷളൻ പദങ്ങളുപയോഗിച്ച് പുരോഹിതന്മാരെ ശപിച്ചു. തന്റെ ജന്മത്തെ ശപിച്ചു. പിന്നെടുത്തൊരു ചാട്ടം. മരണവെപ്രാളത്തോടെ കുറേനേരം അലറി. കയറിൽ തൂങ്ങിപ്പിടഞ്ഞു. കണ്ണുകൾ തുറിച്ചുതള്ളി. നാവുപുറത്തേക്കു ചാടി. തല ഒരു വശത്തേയ്ക്കു ചരിഞ്ഞു. പിടച്ചിൽ നിലച്ചു. പക്ഷെ കയർ പൊട്ടി. അവന്റെ പാപഭാരം താങ്ങാൻ ലോകത്തിലെ ഏറ്റം കനത്ത കയറിനു പോലും കഴിയുമോ! ഗേഹന്ന താഴ്ചയിൽ അവൻ ചെന്നു വീണതു, തലകുത്തി. വീഴ്ചയുടെ ആഘാതത്തിൽ ഉദരം പൊട്ടിപ്പിളർന്നു കുടൽ മാല പുറത്തു ചാടി, വിപ്ലവവീരന്റെ അന്ത്യരക്തഹാരമായി.

നേരം പുലർന്നു തുടങ്ങി. വിളക്കില്ലാതെ സഞ്ചരിക്കത്തക്ക മങ്ങിയ വെട്ടമുണ്ട്. സാൻഹെദ്രിൻ അംഗങ്ങൾ ഉഷാറായി. ഇനി തെല്ലും വൈകരുതെന്നവർക്ക് ആഗ്രഹമുണ്ട്. നേരം വെളുക്കും മുമ്പേ പീലാത്തോസിനെ കണ്ട് യേശുവിനു വധശിക്ഷ വിധിക്കണം. നേരം വെളുത്തുകഴിഞ്ഞാൽ ജനം വിവരം അറിയും. അവർ ഇളകും.

യേശുവിന്റെ എതിരാളികളെ അവർ വിളിച്ചു കൂട്ടിക്കഴിഞ്ഞു. എന്തും ചെയ്യാൻ സന്നദ്ധരായി അവർ മുറ്റത്തു നിരന്നു നില്ക്കുന്നു. ഭീകരരായ രണ്ടു കാവൽക്കാർ വന്ന് തൂണിൽ നിന്നും യേശുവിനെ അഴിച്ചു. നടന്നലഞ്ഞും ഉറക്കമിളച്ചും ക്രൂരഭേദ്യങ്ങളേറ്റും പിഴുതു തീവെയിലിലിട്ട താമരപ്പൂപോലെ നാഥൻ വാടിത്തളർന്നുപോയി.

ഇപ്പോൾ ചുമത്തപ്പെട്ടിരിക്കുന്നതു മതപരമായ കുറ്റം. 'താൻ ദൈവപുത്രനാണെന്നു' തുറന്നുപറഞ്ഞതാണു കാരണം. എന്നാൽ ഇനി ചുമത്തപ്പെടേണ്ടത് രാഷ്ട്രീയപരമായ കുറ്റം. 'താൻ രാജാവാണ് എന്നു തുറന്നു പറയുന്ന നിമിഷം അതു ചുമത്തപ്പെടും. അതിനായി ജറുസലേമിലെ ഏറ്റം ഉയരമുള്ള ബസാത്താമലയിൽ നിലകൊള്ളുന്ന ഗംഭീരാകാരമാർന്ന അന്തോണിയാക്കോട്ടയിലേക്കു പുറപ്പെടാൻ തുടങ്ങുകയാണ്. അവിടെയാ



www.malankaralibrary.com

ണ്ടു റോമാസ്ഥാനപതിയായ പന്തിയോസ് പീലാത്തോസിന്റെ അരമന. അതിനുള്ളിൽ പ്രിത്തോറിയം എന്ന നീതിന്യായകോടതിയും. അവിടേയ്ക്കു ചെല്ലാൻ യഹൂദന്മാർക്കു താല്പര്യമില്ല. അത്രമാത്രം അകൽച്ചയുണ്ട് അവരും പീലാത്തോസും തമ്മിൽ. അകൽച്ചയുടെ കാരണങ്ങൾ പലതാണ്. ഒന്നാമതായി പീലാത്തോസ് യഹൂദനല്ല. ഇപ്പോഴത്തെ റോമാ ചക്രവർത്തിയായ തിബേരിയൂസ് സീസർ അതിനു തൊട്ടുമുമ്പു ഭരിച്ച അഗസ്റ്റസ് സീസറിനേക്കാൾ വലിയ യഹൂദവിരോധിയാണല്ലോ. അദ്ദേഹത്തിന്റെ താല്പര്യത്താൽ യൂദയായുടെ അഞ്ചാമത്തെ സ്ഥാനപതിയായി നിയമിക്കപ്പെട്ട പീലാത്തോസും, ചക്രവർത്തിയുടെ പ്രീതി നേടാനെന്ന വണ്ണം യഹൂദരെ വെറുക്കുകയാണ്.

അധികാരമേൽക്കാൻ യൂദയാ നാട്ടിലേക്ക് പീലാത്തോസ് എഴുന്നെള്ളിയതു തന്നെ യഹൂദവംശത്തെ ഒന്നടങ്കം പ്രകോപിപ്പിച്ചുകൊണ്ടായിരുന്നു. അതായത്, റോമാചക്രവർത്തിയുടെ ചിത്രങ്ങൾ ആലേഖനം ചെയ്ത ആയിരക്കണക്കിനു തുണിക്കൊടികൾ കൊണ്ടുവന്ന് തന്റെ ഭരണാതിർത്തി മുഴുവൻ കുത്തിനാട്ടി. വിഗ്രഹാരാധനയെ നഖശിഖാന്തം എതിർക്കുന്ന യഹൂദന്മാർക്ക് ഈ ചിത്രക്കൊടികൾ വിഗ്രഹതുല്യം. അതിശക്തമായ തന്റെ ഭരണമുഷ്ടിക്കുള്ളിൽക്കിടന്ന് അതിനെതിരെ രോഷാകുലരായി മുറവിളി കൂട്ടുന്ന യഹൂദരെ കണ്ട് ആസ്വദിക്കുകയായിരുന്നു പക്ഷേ, പീലാത്തോസ്. അന്നുമുതൽ പീലാത്തോസിനെ യഹൂദർ വെറുത്തു പോന്നു.

എങ്കിലും ഇന്നവർക്ക് പീലാത്തോസിന്റെ വസതിയിലേയ്ക്കു പോകാതെ തരമില്ല. കാരണം അയാളേക്കാൾ യേശുവിനെ അവർ വെറുക്കുന്നു. തങ്ങളുടെ സുഗമസഞ്ചാരപാതയിൽ വഴിമുടക്കി നിൽക്കുന്ന ഈ പ്രതിയോഗിയെ ഉന്മൂലനാശം വരുത്താതെ അവർ അടങ്ങില്ല. അന്നാസും കയ്യഫാസും ഔദ്യോഗികവേഷഭൂഷാദികളോടെ കുതിരവണ്ടിയിൽ കയറി അടുത്തുള്ള പ്രിത്തോറിയത്തിലേക്കു തിരിച്ചു. പ്രതിയുടെ പിന്നാലെ എതിരാളികളും വേഗം നടന്നു.

പ്രതികാരദാഹം പൂണ്ട ബഹളസംഘം, പീലാത്തോസിന്റെ ബന്ധിത കവാടത്തിനപ്പുറം വന്നുനിന്നു. കനത്ത കൂറ്റൻ മതിൽക്കെട്ടിനാൽ നാലു വശങ്ങളും അടച്ചു ഭദ്രമാക്കപ്പെട്ട അന്തോണിയാകോട്ട. നാലു മൂലയ്ക്കും ഗംഭീരങ്ങളായ ഗോപുരങ്ങൾ. അതിന്റെ അകത്തളങ്ങളിൽ കാവൽപ്പട. റോമാക്കാരുടെ ശില്പശൈലി കടമെടുത്തു ഹേറോദേസ് രാജാവ് പണി തീർത്ത കൊത്തളസമുച്ചയമാണ്. അതിന്റെ മുഖ്യകവാടത്തിനു പുറത്തു നിന്നാണ് ഒച്ചയും ബഹളവും.



www.malankaralibrary.com

കുളിരുന്ന അതിരാവിലെ പട്ടുമെത്തയിൽ മൂടിപ്പുതച്ചുറങ്ങിക്കിടന്ന പീലാത്തോസ്, പുറംവാതില്ക്കൽ ഉയരുന്ന ബഹളം കേട്ട് ഞെട്ടിയുണർന്നു. ഭാര്യ, ക്ലാവൂദിയായും അതുകേട്ട് അമ്പരന്ന് എഴുന്നേറ്റു. ദേവാലയത്തിൽ പെസഹായുടെ ഏറ്റം പ്രാധാനപ്പെട്ട പെരുനാൾ ദിവസം ഇന്നാണ്. ജനലക്ഷങ്ങളുടെ സമ്പൂർണ്ണ സംഗമദിവസമാണിന്ന്. എന്തെങ്കിലുമൊരു വിപ്ലവത്തീപ്പൊരി പാറിവീണാൽ മതി എല്ലാം നശിക്കാൻ. അക്കാര്യത്തിൽ ജാഗ്രത പുലർത്താനാണ് ദൂരെ കേസറിയായിലുള്ള തന്റെ കടലോര വസതി വിട്ട് ജറുസലേമിലെ ഈ അന്തോണിയാക്കോട്ടയിൽ വന്ന് ഒരാഴ്ചയായി പാർക്കുന്നത്. ആയിരം പേർ വീതമുള്ള അഞ്ചുഗണം പോരാളികൾ തന്റെ ഏതാജ്ഞയും പാലിക്കാൻ ഉത്സുകരായി സദാ ഈ കോട്ടയിലുണ്ട്.

കമ്പിളിപ്പുതപ്പു വലിച്ചെറിഞ്ഞ് മെത്തയിൽ നിന്നു ചാടിയെണീറ്റ് ഉറക്കവേഷത്തിൽത്തന്നെ വേഗം മട്ടുപ്പാവിലേയ്ക്കു പാഞ്ഞ് ഗൗരവത്തോടെ പീലാത്തോസ് നോക്കി. വടിവാളുകളേന്തിയ വലിയൊരു സംഘം, മുന്നിൽ കുനിഞ്ഞു നിൽക്കുന്ന ഒരുവനെ ചൂണ്ടി ബഹളം കൂട്ടുന്നു. അവരുടെ ആക്രോശങ്ങൾ പീലാത്തോസിന്റെ ചെവികളിൽ പതിച്ചു. അതിൽ നിന്നും പീലാത്തോസ് ചില നിഗമനങ്ങളിലെത്തി. മുന്നിൽ മുഖം ചാഞ്ഞു നിൽക്കുന്ന ബന്ധിതൻ അതിപ്രശസ്തനായ യേശുവാണ്. അദ്ദേഹം യഹൂദമതമേധാവികളാൽ പിടിക്കപ്പെട്ടിരിക്കുന്നു. അവർ അദ്ദേഹത്തിനെതിരെ എന്തൊക്കെയോ ദോഷങ്ങൾ ആരോപിക്കുന്നു.

പെരുനാളിൽ ലഹളയുണ്ടാക്കാൻ തുനിയുന്ന യഹൂദരെ ശപിച്ചുകൊണ്ട് പീലാത്തോസ് മുറുമുറുപ്പോടെ മുറിക്കുള്ളിൽ കയറി. പുറംവാതിൽ തുറന്നിടാൻ പാറാവുകാർക്ക് കല്പനയും നൽകി. ഉറക്കച്ചടവാർന്ന മുഖം ഒന്നു കഴുകി, ഔദ്യോഗികവസ്ത്രങ്ങൾ എടുത്തണിഞ്ഞ് കൽപ്പടികൾ ചവുട്ടി താഴത്തെ നിലയിലേയ്ക്കിറങ്ങി.

വാതിൽ തുറന്നു കിട്ടിയ ഉടൻ യേശുവിനെ മാത്രം അവർ തള്ളി മുന്നോട്ടുവിട്ടു. അവർ പ്രാത്തോറിയത്തിലേക്കു കടക്കാതെ പൊതുനിരത്തിലും അതിനോടു ചേർന്ന അങ്കണഭാഗത്തും നിന്നതേയുള്ളൂ. യഹൂദരായ തങ്ങൾ വിജാതീയനായ പീലാത്തോസിന്റെ ഭവനത്തിൽ കാലുകുത്തിയാൽ അശുദ്ധരാകുമത്രേ. യഹൂദരുടെ നിയമപ്രകാരം ഒരു സാധുവിനെ കല്ലെറിഞ്ഞു കൊല്ലുന്നത് അത്ര വലിയ പാപമൊന്നുമല്ല. എന്നാൽ വിജാതീയഭവനത്തിൽ യഹൂദർ കടക്കുന്നത് മഹാപാപമാണ്. അക്കാരണത്താൽത്തന്നെ ഇന്നത്തെ പെസഹാ ചടങ്ങുകളിൽ പങ്കുകൊള്ളാൻ അവർക്കു കഴിയാതെ പോകും. ഏഴു ദിവസത്തേക്ക് തങ്ങൾ അശുദ്ധരായിത്തീരു



www.malankaralibrary.com

കയും ചെയ്യും. അതു തങ്ങളുടെ മതാത്മകജീവിതത്തിനു ഭൂഷണമല്ല.

അതിനാൽ പ്രിത്തോറിയത്തിലെ ഔദ്യോഗികന്യായവേദിയിൽ നിന്നും ഭൃത്യരെക്കൊണ്ട് സിംഹാസനം എടുപ്പിച്ച് പ്രധാനമണ്ഡപം കഴിഞ്ഞുള്ള 'കൽത്തളം' എന്നു വിളിക്കുന്ന ചെറിയ അങ്കണത്തിൽ പീലാത്തോസ് മാറ്റി പ്രതിഷ്ഠിച്ചു. പെട്ടെന്നൊരു നീതിന്യായാലയം ഈ അകത്തളത്തിൽ സജ്ജീകരിക്കാൻ കാരണക്കാരായ യഹൂദരോടുള്ള കോപം പീലാത്തോസിൽ ഇരട്ടിച്ചു.

ഏന്തിവലിഞ്ഞ് യേശു, പീലാത്തോസിന്റെ സന്നിധിയിലേക്കു നടന്നു. ഒന്നു മടക്കാൻ പോലും സമ്മതിക്കാതെ ഇന്നലെ രാത്രി മുഴുവൻ ദേഹഭാരം താങ്ങിനിന്ന് ഇരുകാലുകളും നീരുവച്ചു വീർത്തിരിക്കുന്നു. മൂക്കിലൂടെ ചോര ഒലിച്ചിറങ്ങി ഉറഞ്ഞു കിടക്കുന്നു. കൽത്തളത്തിലേക്കുള്ള പടികൾ ഏറെ പണിപ്പെട്ട് ഒരു വശത്തുള്ള അരഭിത്തിയിൽ പിടിച്ച് നാഥൻ കയറി. അകന്നുമാറി നിലകൊള്ളുന്ന ജനക്കൂട്ടത്തെ കാണത്തക്കവിധം വാതിലിന്നരികിൽ നിവർന്നു നില്ക്കുന്ന പീലാത്തോസിന്റെ മുമ്പിൽ നാഥൻ എത്തി.

പീലാത്തോസ്, യേശുവിനെ ആപാദചൂഡം ഒന്നു നോക്കി. നിഷ്കളങ്ക വദനം!

കണ്ടാൽ ഹൃദയം നുറുങ്ങിപ്പോകുന്നത്ര ദീനഭാവം. കാവൽക്കാരുടെ കൈപ്പത്തികൾ മുഖത്തു പ്രഹരമുദ്രകളായി ചുവന്നു തിണർത്തു കിടക്കുന്നു. തുപ്പൽ മുഖമാകെ ഉണങ്ങിപ്പറ്റി കിടക്കുന്നു. അടികളേറ്റു മിഴികൾ കലങ്ങിപ്പോയിരിക്കുന്നു. അവ കാണാൻ പ്രയാസമായ വിധം കൺപോളകൾ നീരുപിടിച്ചു വീർത്തും. എങ്കിലും ആ കണ്ണുകളിൽ നിന്നു പുറപ്പെടുന്ന പ്രകാശം അപാരം. അതു തന്റെ ക്രോധത്തെ തണുപ്പിക്കുന്ന ശീതളൗഷധം പോലെ അനുഭവപ്പെടുകയാണു പീലാത്തോസിന്.

ക്ഷീണിച്ചു കുഴഞ്ഞു നില്ക്കുമ്പോഴും പ്രതിയുടെ തേജസിൽ ഒരു നിമിഷത്തേയ്ക്കെങ്കിലും ഭ്രമിച്ചു നിന്നുപോയി, ഭരണാധിപൻ. തന്റെ ചക്രവർത്തിയായ തിബേരിയൂസ് സീസറിനേക്കാൾ വലിയവനാണിവൻ എന്നുപോലും തന്റെ അന്തരംഗം മന്ത്രിക്കുകയല്ലേ!

യേശുവിൽ നിന്നും നോട്ടം പറിച്ചെടുത്ത് ജനാവലിയിലേക്കു നട്ട് അസഹിഷ്ണുതയോടെ ആംഗ്യം കാട്ടി ഉച്ചത്തിൽ ആരാഞ്ഞു: "ഈ മനുഷ്യനെതിരെ നിങ്ങൾ കൊണ്ടുവന്നിരിക്കുന്നത് എന്താരോപണമാണ്?"

പുറത്തുനിന്ന് യഹൂദന്മാർ ഉറക്കെ തിരിച്ചു ചോദിച്ചു: "കുറ്റമൊന്നു



www.malankaralibrary.com

മില്ലാതെ ഇവനെ ഞങ്ങൾ പിടിച്ചുകെട്ടി ഇവിടെ കൊണ്ടു വരുമോ? അതും ഈ വെളുപ്പാൻ കാലത്ത്!"

തന്റെ നേർക്കുയർന്ന ഈ പരുഷഭാഷണം കേട്ട് പീലാത്തോസ് ചോദിച്ചു: "ഇദ്ദേഹത്തെ നിങ്ങൾ കൊണ്ടുപോയി നിങ്ങളുടെ നിയമപ്രകാരം വിധിക്ക്."

പീലാത്തോസ് കയ്യൊഴിയുകയാണ്. കാരണം പ്രഥമദൃഷ്ട്യാ ഇദ്ദേഹം നിരപരാധിയാണ്. കേട്ടറിഞ്ഞിട്ടുള്ളതുപോലെ കാരുണ്യത്തിന്റെ പുണ്യാവതാരമാണ്. പ്രേമത്തിന്റെ മഹാമൂർത്തിയാണ്. എന്തെങ്കിലും ചെറിയ കുറ്റങ്ങൾ ഇദ്ദേഹത്തിൽ ആരോപിക്കുന്നെങ്കിൽത്തന്നെ അതിനുള്ള നിസ്സാര ശിക്ഷ അവർക്കുതന്നെ വിധിക്കാനേയുള്ളൂ. അവരുടെ മത വിശ്വാസവുമായി കെട്ടുപിണഞ്ഞ വല്ല പ്രശ്നവുമാണെങ്കിൽ അവർതന്നെ തീർത്തുകൊള്ളട്ടെ. ഗൗരവവിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യാനുള്ളതാണല്ലോ ഈ പ്രിത്തോറിയം.

അതുകേട്ട് മതമേധാവികൾ ഒന്നുപതറി. പീലാത്തോസ് കയ്യൊഴിഞ്ഞാൽ തങ്ങളുടെ വധോദ്യമം പാഴായിപ്പോകും. അതിനാൽ പീലാത്തോസിനെ പ്രകോപിപ്പിക്കാതെ അവർ അങ്കണത്തിലേക്കു രണ്ടടികൂടി മുന്നോട്ടു കടന്ന് വിളിച്ചു പറഞ്ഞു.

"....പക്ഷെ ആരേയും കൊല്ലാൻ ഞങ്ങളുടെ നിയമം അനുവദിക്കുന്നില്ലല്ലോ."

അതുകേട്ട് കരുത്തനായ പീലാത്തോസ് പോലും ഉള്ളുലഞ്ഞ് ഒരു നിമിഷം നിശ്ചലനായി നിന്നുപോയി. അവരുടെ ലക്ഷ്യം ഇപ്പോഴാണ് മനസ്സിലായത്.

ജനപ്രതിനിധികൾ കുറ്റങ്ങൾ ഓരോന്നായി വിളിച്ചുപറഞ്ഞുതുടങ്ങി: "ഇവൻ ഞങ്ങടെ ജനത്തെ മുഴുവൻ വഴിപിഴപ്പിക്കുന്നു. സീസറിനു നികുതി കൊടുക്കുന്നതിനെ എതിർക്കുന്നു. രാജാവതാരമായ ക്രിസ്തുവാണെന്നു സ്വയം അവകാശപ്പെടുകയും ചെയ്യുന്നു."

പീലാത്തോസ് എല്ലാം സശ്രദ്ധം കേൾക്കുകയാണ്. പക്ഷേ അദ്ദേഹത്തിനറിയാം, ഇതെല്ലാം വെറും നുണകളാണെന്ന്. തന്റെ രഹസ്യാന്വേഷക സംഘത്തെ ഈ വിവാദപുരുഷന്റെ പിന്നാലെ താൻ പറഞ്ഞയച്ചിരുന്നല്ലോ. അവരാരും യേശുവിൽ ഒരാരോപണവും ഉയർത്തിയില്ല. സീസറിനു കൊടുക്കേണ്ട നികുതി കൊടുക്കുക തന്നെ വേണമെന്നല്ലേ ഇദ്ദേഹം ഉപദേശി



www.malankaralibrary.com

ച്ചത്. മാത്രമല്ല സീസറിനുവേണ്ടി ചുങ്കം പിരിച്ചിരുന്ന ലേവിയേയും സഖേവുസിനേയും കഫർണാമിലെ റോമൻ പട്ടാളമേധാവിയേയും മറ്റും യേശു സ്നേഹിച്ചിരുന്നതായും അന്വേഷണസംഘം അറിയിച്ചിട്ടുണ്ടല്ലോ. അപ്പോൾ ഇവർ ആരോപിക്കുന്നതുപോലെ റോമാധികാരത്തെ ധിക്കരിക്കുന്നവനല്ല യേശു എന്നു വ്യക്തം. മാത്രമല്ല, രാഷ്ട്രീയമായ ഈ ആരോപണങ്ങൾ യേശുവിലുണ്ടെങ്കിൽ ഒരിക്കലും അദ്ദേഹത്തെ റോമാവിധിക്കു വിട്ടുകൊടുക്കുമായിരുന്നില്ല. രഹസ്യമായ നിരോധനമാർഗ്ഗങ്ങൾ അവർ തന്നെ കണ്ടെത്തുമായിരുന്നു. അപ്പോൾ എങ്ങനെയെങ്കിലും വധശിക്ഷ വിധിക്കാനായി യഹൂദർ പ്രയോഗിക്കുന്ന കുതന്ത്രങ്ങൾ മാത്രമാണിതെന്നു വ്യക്തം. എങ്കിലും, രാജാവാണെന്ന് അദ്ദേഹം സ്വയം പ്രഖ്യാപിച്ചുവോ എന്നകാര്യം തനിക്കറിയില്ല. അതിനാൽ പീലാത്തോസ് ശാന്തഭാവം വീണ്ടെടുത്ത് യേശുവിന്റെ അടുത്തേക്കു നീങ്ങി പതിഞ്ഞ സ്വരത്തിൽ ആരാഞ്ഞു.

"താങ്കൾ യഹൂദന്മാരുടെ രാജാവാണോ?"

നീരുവച്ചു വീർത്ത മുഖം തെല്ലുയർത്തി, കനത്തുമൂടിയ കൺ പോളകൾക്കിടയിലൂടെ പീലാത്തോസിനെ നോക്കി യേശു ചോദിച്ചു: "താങ്കൾ ഇതു സ്വയം ചോദിക്കുന്നതോ, അതോ മറ്റുള്ളവരിൽ നിന്നും കേട്ടതിന്റെ അടിസ്ഥാനത്തിൽ ചോദിക്കുന്നതോ?"

മറുചോദ്യം കേട്ട് പീലാത്തോസിന്റെ നെറ്റി ചുളിഞ്ഞു. തന്നോടീ ചോദ്യം ചോദിക്കേണ്ട കാര്യമെന്ത്?

യഹൂദനല്ലാത്ത തന്നെ സംബന്ധിച്ച് ഇദ്ദേഹം യഹൂദന്മാരുടെ രാജാവാണെങ്കിലെന്ത്, അല്ലെങ്കിലെന്ത്? റോമാരാജാധികാരത്തെ ചോദ്യം ചെയ്യരുതെന്നേയുള്ളൂ. അതിനാൽ പീലാത്തോസ് നീരസത്തോടെ പറഞ്ഞു.

"ഞാനൊരു യഹൂദനല്ലല്ലോ. യഹൂദരും യഹൂദപുരോഹിതന്മാരുമൊക്കെയാണ് താങ്കളെ എന്റെ പക്കൽ കൊണ്ടുവന്നിട്ടുള്ളത്. ...പറയൂ, താങ്കൾ എന്താണു ചെയ്തത്?"

പീലാത്തോസ് ചോദിക്കുന്ന രണ്ടാമത്തെ ചോദ്യമാണിത്. ആദ്യത്തേതിനു താൻ കൊടുത്തത് ഒരു മറുചോദ്യം. എന്നാൽ ഇതിനുള്ള ഉത്തരം ഇങ്ങനെ: "എന്റെ രാജ്യം ഭൗമികമല്ല. ആയിരുന്നെങ്കിൽ ഈ യഹൂദർക്കെതിരെ എന്റെ പടയാളികൾ പൊരുതുമായിരുന്നു?"

"ഇതിനർത്ഥം താങ്കൾ രാജാവാകുന്നു എന്നല്ലേ?", വിസ്മയത്തോടെ പീലാത്തോസ് ചോദിച്ചു.

"ഞാൻ രാജാവാകുന്നു എന്നു താങ്കൾ തന്നെ പറഞ്ഞുവല്ലോ" സ്ഫടിക സ്ഫുടമായ മറുപടി.



www.malankaralibrary.com

യേശു തുടർന്നു: "ഞാൻ ലോകത്തിലേയ്ക്കു വന്നത് ഇതിനു വേണ്ടി മാത്രമാണ്. സത്യത്തിനു സാക്ഷ്യം നൽകുകയാണ് എന്റെ ലക്ഷ്യം. സത്യം ഉള്ളവർക്ക് എന്റെ സ്വരം തിരിച്ചറിയാൻ കഴിയും."

ദുർഗ്രഹമായ ഈ ആശയക്കുരുക്കിൽപ്പെട്ട് അസഹിഷ്ണുതയോടെ പീലാത്തോസ് ചോദിച്ചു: "സത്യം? അതെന്താണ്?"

ഉത്തരത്തിനു വേണ്ടിയുള്ള ചോദ്യമായിരുന്നില്ല ഇത്. നീരസത്തിന്റെ പ്രതിഫലനം മാത്രം. സംസാരിക്കുന്തോറും പ്രശ്നക്കുരുക്കു കൂടുകയല്ലേ എന്നു ദേശാധിപതിക്കു തോന്നുകയാണ്. പ്രതിയുടെ വചനങ്ങൾ അത്രത്തോളം ദുർഗ്രഹം. എങ്ങനെയെങ്കിലും ഈ പ്രശ്നം ഒന്നു കയ്യൊഴിഞ്ഞാൽ മതിയെന്നായി. പക്ഷെ വാതിലിൽ തടിച്ചു കൂടി നിൽക്കുന്ന യഹൂദന്മാർ അതിനു സമ്മതിക്കേണ്ടേ? യേശുവിൽ ആരോപണങ്ങളുടെ കൂരമ്പുകൾ ഒന്നിനുപിന്നാലെ തൊടുത്തു വിട്ടു കൊണ്ടിരിക്കുകയാണവർ. അവരുടെ അട്ടഹാസം ഈ കൂറ്റൻ ഭിത്തികളിൽത്തട്ടി പ്രതിദ്ധ്വനിക്കുകയാണ്. അതുകേട്ട് അസ്വസ്ഥനായി യേശുവിനോട് പീലാത്തോസ് ചോദിച്ചു.

"താങ്കൾക്കൊന്നും ന്യായീകരിക്കാനില്ലേ? എന്തെല്ലാം ആക്ഷേപങ്ങളാണിവർ താങ്കളുടെ മേൽ ചൊരിയുന്നത്!"

അപ്പോഴും കനത്ത മൗനം.

'രോമം വെട്ടുന്നവന്റെ മുമ്പിൽ ചെമ്മരിയാട്ടിൻ കുട്ടിയെപ്പോലെ അവൻ മൗനമായിരിക്കും' എന്ന ഏശയ്യാ പ്രവചനത്തിന്റെ പൂർത്തീകരണമായ മൗനം!

അസഹനീയമായ അസ്വസ്ഥതയോടെ പീലാത്തോസ് മുറ്റത്തേയ്ക്കിറങ്ങിച്ചെന്ന് ജനത്തോടു തന്റെ നിസ്സഹായാവസ്ഥ തുറന്നറിയിച്ചു: "ഈ മനുഷ്യനിൽ യാതൊരു കുറ്റവും ഞാൻ കാണുന്നില്ല."

ദിഗന്തം നടക്കുന്നൊരലർച്ചയായിരുന്നു അതിനുള്ള പ്രതികരണം. ശൂരന്മാരായ യഹൂദയുവാക്കൾ പീലാത്തോസിന്റെ പട്ടാളത്തെപ്പോലും മറന്ന് അലറി: "അയാൾ ഗലീലാ മുതൽ രാജ്യം മുഴുവൻ നടന്ന് അനാവശ്യം പഠിപ്പിച്ച് ജനത്തെ ഇളക്കിവിടുകയാണ്."

'ഗലീലാ' എന്ന രാജ്യപ്പേരു കേട്ട് പീലാത്തോസ് ചിന്തിച്ചു.

ഗലീലാ തന്റെ ഭരണാതിർത്തിയിൽപ്പെട്ട സ്ഥലമല്ല. അത് അന്തിപ്പാസ് രാജാവിന്റെ രാജ്യമാണ്. അന്തിപ്പാസ് ഇപ്പോൾ പെസഹാത്തിരുനാളിൽ പങ്കുകൊള്ളാനായി ജറുസലേമിലെ അരമനയിൽത്തന്നെ ഉണ്ടുതാനും. യേശു, ഗലീലയിലെ നസ്രത്തിൽ നിന്നുള്ളവനാകയാൽ ഇദ്ദേഹത്തെ അന്തിപ്പാസിന്റെ പക്കലേക്കു പറഞ്ഞയയ്ക്കാം. അങ്ങനീ പ്രശ്നം തന്നിൽ നിന്നകന്നുപോവുകയും ചെയ്യട്ടെ.



www.malankaralibrary.com

# മുപ്പത്തിമൂന്ന്

കടും ചുവപ്പുള്ള പഴകിയ ഒരു പട്ടു കുപ്പായം. യേശുവിന്റെ ശരീര ഘടനയ്ക്ക് അതു തീരെ ചേരുന്നില്ല. അന്തിപ്പാസ് രാജാവ് അഴിച്ചു മാറ്റിയ നീളം കുറഞ്ഞ് വണ്ണം കൂടിയ അയാളുടെ രാജകീയ സ്ഥാന വസ്ത്രം. പരിഹാസപൂർവ്വം അത് യേശുവിനെ, നിർബന്ധിച്ചു ധരിപ്പിക്കുക യായിരുന്നു. കാരണമുണ്ട്. അന്തിപ്പാസിന്റെ അരമനയിൽ വിചാരണയ്ക്കാ യി നിർത്തിയിരുന്ന യേശുവിനോട് അയാൾ ചോദ്യങ്ങൾ പലതു ചോദിച്ചു. അത്ഭുതങ്ങൾ കാട്ടുന്നവനാണെന്നു നേരത്തെതന്നെ കേട്ടിരുന്നു. നേരിൽ അത്ഭുതവിദ്യകൾ കാണാം എന്ന പ്രതീക്ഷയിലായിരുന്നു ചോദ്യങ്ങൾ. പക്ഷെ തനിക്കു വഴിതെളിക്കാൻ വന്ന സ്നാപകയോഹന്നാന്റെ തലയറു ത്ത ദുഷ്ടനായ അന്തിപ്പാസിന്റെ മുമ്പിൽ ഒന്നിനും മറുപടി കൊടുക്കാൻ യേശു കൂട്ടാക്കിയില്ല. അതയാളെ ക്രുദ്ധനാക്കി. ധരിച്ചിരുന്ന വെള്ളക്കുപ്പാ യം വലിച്ചു കീറി പകരം ഈ ചുവപ്പു കുപ്പായം ഉടുപ്പിക്കുകയായിരുന്നു, അന്തിപ്പാസ്. അതിനു മുകളിൽ നീലമേലങ്കിയും. രാജാവെന്നു സ്വയം പറയുന്നവന് ഈ രാജവസ്ത്രമെങ്കിലും ഇരിക്കട്ടെ എന്നാവും ആക്ഷേപം. ആ വേഷത്തിൽ വീണ്ടും പീലാത്തോസിന്റെ പ്രിത്തോറിയത്തിലേയ്ക്കു തന്നെ ആട്ടിപ്പായിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു.

പ്രശ്നങ്ങളുടെ കാർമേഘങ്ങൾ ഒഴിഞ്ഞു പോയല്ലോ എന്നാശ്വസിച്ച് വിശ്രമിക്കാൻ പോയ പീലാത്തോസിന്റെ കാതുകളിൽ ഏറെത്താമസിയാ തെ അതാ പഴയ ആരവം!

വെള്ളക്കുപ്പായം ധരിച്ചു നിന്ന യേശു ഇപ്പോൾ ചുവപ്പു രാജകീയ വേഷത്തിലാണെന്നൊരു വ്യത്യാസം മാത്രം. അന്തംവിട്ടു നോക്കി നിൽക്കുന്ന പീലാത്തോസിന്റെ മുമ്പിലേക്ക് യേശുവിനെ തള്ളിവിട്ട ശേഷം മതമേധാവികൾ പഴയസ്ഥലത്തു തന്നെ നിലകൊണ്ടു. ആ തള്ളലിൽ മുന്നോട്ടാഞ്ഞു വീഴാൻ തുടങ്ങിയതാണ്. സമനില വീണ്ടെടുക്കാൻ പിന്നിൽ വരിഞ്ഞു കെട്ടിവച്ചിരിക്കുന്ന കൈകൾക്ക് സാദ്ധ്യമല്ലല്ലോ.

മുമ്പത്തേതിനേക്കാൾ വലിയൊരു ജനാവലി ഇപ്പോൾ വാതില്ക്കൽ തടിച്ചു കൂടിയിട്ടുണ്ട്. കേട്ടറിഞ്ഞവരും കണ്ടവരും എത്തിക്കൊണ്ടിരിക്കുന്നു. യേശുവിന്റെ അമ്മയായ മറിയം പുത്രനെ തേടിയലഞ്ഞ് അവസാനം ഇവി



www.malankaralibrary.com

ടെത്തി നിൽപ്പുണ്ട്. പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടായാൽ നേരിടാനായി പടയാളികൾ ജാഗ്രതയോടെ കൊത്തളത്തിന്റെ നാലുഭാഗത്തും വിന്യസിച്ചു നിന്നു.

ഏറെ ക്ഷീണിച്ചു തന്റെ മുന്നിലേക്ക് കഴലുകൾ ഇഴച്ചിഴച്ച് പാടുപെട്ടു കയറിവരുന്ന ദീനസ്വരൂപനായ യേശുവിനെ വീണ്ടും കണ്ട് പീലാത്തോസിന്റെ ഉരുക്കു ഹൃദയം അസ്വസ്ഥമായി. ഉടൻ ജനാവലിയുടെ നേരെ ഏതാനും പടികൾ ഇറങ്ങി നിന്ന് പീലാത്തോസ് ആവർത്തിച്ചു പറഞ്ഞു: "നിങ്ങളെല്ലാവരുടെയും കൺമുമ്പിൽ വച്ചല്ലേ ഞാൻ ഇദ്ദേഹത്തെ വിസ്തരിച്ചത്? നിങ്ങൾ ആരോപിക്കുന്ന യാതൊരു കുറ്റവും ഞാൻ ഇവനിൽ കാണുന്നില്ല. നിരപരാധിയാണെന്ന പൂർണ്ണ ബോദ്ധ്യമുള്ളതുകൊണ്ടല്ലേ അന്തിപ്പാസ് രാജാവ് പോലും ഇദ്ദേഹത്തെ തിരിച്ചയച്ചിരിക്കുന്നത്?"

ഇതൊന്നും കേൾക്കാൻ മിനക്കെടാതെ ജനാവലി ബഹളം ശക്തമാക്കി. വധശിക്ഷ വിധിച്ചു കേൾക്കാതെ അടങ്ങുകയില്ലെന്ന വാശിയിലാണവർ. പീലാത്തോസ് കുഴങ്ങി. നിരപരാധിയെ എങ്ങനെ ശിക്ഷയ്ക്കു വിധിക്കും? തെറ്റാണെന്നറിയാമെങ്കിൽ പോലും ജനത്തെ തൃപ്തിപ്പെടുത്താനായി ഒരുപായം പ്രയോഗിക്കാൻ പീലാത്തോസ് നിശ്ചയിച്ചു. അതവരോടു തുറന്നു പറഞ്ഞു: "നിങ്ങൾക്കു നിർബന്ധമെങ്കിൽ ഞാനിയാളെ ചമ്മട്ടി കൊണ്ടടിച്ച് പറഞ്ഞു വിടാൻ പോവുകയാണ്."

എന്നിട്ടും എന്തൊക്കെയോ വിളിച്ചലറുന്ന ജനാവലിയെ തീരെ ഗൗനിക്കാതെ പിന്നിൽ കരങ്ങൾ കൊരുത്ത് തലകുനിച്ച് ചിന്താഭാരത്തോടെ പീലാത്തോസ് ഉൾമുറിയിലേക്ക് വേഗത്തിൽ കടന്നു.

ദേശാധിപതിയുടെ ആജ്ഞാവാഹകരായ കിങ്കരന്മാർ യേശുവിന്റെ പക്കൽ പാഞ്ഞെത്തി. കൈകളിലെ ബന്ധനം അവർ അഴിച്ചുമാറ്റി. അന്തിപ്പാസ് അണിയിച്ച രാജവസ്ത്രം തളർന്നു കുനിഞ്ഞ ശിരസിലൂടെ അവർ വലിച്ചൂരി. അല്പവസ്ത്രനായി നിന്ന നാഥന്റെ തങ്കനിറമാർന്ന ക്ഷീണദേഹം ശിലാസ്തൂപത്തിൽ നെഞ്ചുചേർത്തു പിടിച്ചു കെട്ടി. അസ്ഥികളെഴുന്ന ചുമലിനു നേരെ ശക്തരായ യഹൂദേതര പടയാളികൾ അടിക്കാൻ തയ്യാറായി നിരന്നു. അസ്ഥിക്കഷണങ്ങളും ഉരുക്കു കൊണ്ടുള്ള ഉണ്ടകളും കനത്ത മൂന്നു തോൽവാറുകളിൽ ഘടിപ്പിച്ച ചമ്മട്ടി ഓങ്ങി അവർ നിന്നു. ജനാവലിയുടെ ആർപ്പുവിളികൾക്കിടയിൽ ഭയാനകമായൊന്നു മൂളി ആദ്യത്തെ ചാട്ടവാർ ചുമലിൽ ആഞ്ഞു വീണു. നാഥൻ വാവിട്ടലറിക്കരഞ്ഞു പോയി. ചുമലിൽനിന്നു മാംസക്കഷണങ്ങൾ തെറിച്ചുവീണു. മുറിഞ്ഞുപോയ ഞരമ്പുകളിൽനിന്നും ചോര ചീറ്റി. ചുമലാകെ കരിനീലപ്പാടു



www.malankaralibrary.com

കളും ചോരക്കട്ടകളും. ചുമലിലൂടെ ഒലിച്ചിറങ്ങുന്ന ചോരത്തുള്ളികൾ മിനുസത്തറയിൽ ഇറ്റുവീഴുകയാണ്. കുഴഞ്ഞു തളർന്ന പാദങ്ങൾ മാറി മാറിച്ചവിട്ടുമ്പോൾ ആ ചോരത്തുള്ളികൾ വെണ്ണക്കല്ലു പാകിയ മിനുസത്ത റയിൽ പടർന്ന് അതിദുസ്സഹചിത്രങ്ങളായി പരിണമിക്കുകയാണ്. ലോകം കണ്ട ഏറ്റം കരുണാർദ്രമായ വിഷാദചിത്രം. സൂര്യാസ്തമന വേളയിൽ സന്ധ്യാകാശത്തു പടരുന്ന ശോകച്ഛവിപോലെ വെളുത്ത വെണ്ണക്കല്ലിൽ അതു പടർന്നു കിടന്നു.

ഒരൊറ്റ അടിയേറ്റുതന്നെ നിലയറ്റ്, കുഴഞ്ഞ്, ചുരുണ്ട് തൂണിന്റെ ചുവട്ടിൽ നാഥൻ വീണടിഞ്ഞുപോയി. റോമൻ പ്രഹരനിയമപ്രകാരം മുപ്പത്തൊൻപത് അടികളാണ് ഒരു എബ്രായനു വിധിക്കുന്നത്. വധശിക്ഷ വിധിച്ചവർക്കുമാത്രമേ അത്രയും അടി നൽകാറുള്ളൂ. എന്നാൽ യേശുവിനെ അടിക്കുന്നതു ശിക്ഷയ്ക്കുവേണ്ടിയല്ല. നിരപരാധിയായ യേശു ശിക്ഷിക്കപ്പെടരുതെന്നു തന്നെയാണ് പീലാത്തോസിന്റെ ആഗ്രഹം. എങ്കിലും, ശിക്ഷിച്ചേ അടങ്ങൂ എന്നു ശഠിക്കുന്ന ദുഷ്ടരുടെ മുമ്പിൽ ഏതാനും അടികൊടുത്ത് ഈ നീതിമാനെ രക്ഷപ്പെടുത്താനാണ് ദേശാധിപതിയുടെ ശ്രമം. അടിയേറ്റു ബോധം കെടാറായിരിക്കുന്നു. വല്ലാതെ കിതയ്ക്കുകയും അസ്ഥികൾ തെളിഞ്ഞ നെഞ്ചുയർത്തി ശ്വസിക്കാൻ ബദ്ധപ്പെടുകയും ചെയ്യുന്നു.

ഉള്ളുകലങ്ങിയ പീലാത്തോസ് പക്ഷെ അതു മുഖത്തു കാട്ടാതെ വേഗം ഇറങ്ങിവന്നു. നിരപരാധിയെ പ്രഹരിക്കുന്നതു കാണാൻ ഇഷ്ടമില്ലാതെ അകത്തെവിടെയോ പോയി ഇരിക്കുകയായിരുന്നു. അടിനിർത്തിയ പടയാളികൾ തൂണിൽ നിന്നും നാഥനെ അഴിച്ച് താങ്ങി എഴുന്നേല്പിച്ചു നിർത്തി. ഏവരുടെയും ദയാകടാക്ഷം ഏറ്റുവാങ്ങത്തക്ക വിധം കുറേക്കൂടി അപഹാസ്യനാക്കുവാനാണ് ദേശാധിപതിയുടെ തന്ത്രം. സ്വയം രാജാവാണെന്നു പറഞ്ഞു എന്നതാണല്ലോ ഇദ്ദേഹത്തിലുള്ള ആരോപണം. അതിനാൽ ഒരപഹാസ്യരാജവേഷം തന്നെ കെട്ടിക്കുക. ആജ്ഞപ്രകാരം, അഴിച്ചുമാറ്റിയ ചുവന്ന കുപ്പായം പടയാളികൾ അണിയിച്ചു. അവർ യഹൂദരെ വെറുക്കുന്ന സമറിയായിൽ നിന്നുള്ള കൂലിപ്പട്ടാളക്കാർ. അതിനാൽ ഒരു യഹൂദനു നേരെ അരിശം തീർക്കാൻ അവർക്കു കിട്ടിയ നല്ലോരവസരം.

ആഹ്ലാദ വേളകളിൽ പങ്കെടുക്കാനെത്തുന്ന റോമാചക്രവർത്തിയെ അനുസ്മരിപ്പിക്കുന്ന ചെങ്കുപ്പായം ധരിച്ച് യേശു അവശനായി നിന്നു.

ഇനി ഒരു കിരീടം വേണം. തങ്ക നിർമ്മിതമാവണമെന്നില്ല. നിറയെ



www.malankaralibrary.com

മുള്ളുകളുള്ള നീണ്ടു കനത്ത വള്ളികൾ മലയോരപ്പൊന്തയിൽ നിന്നും പടയാളികൾ ഓടിച്ചെന്ന് ഒടിച്ചെടുത്തു. തലയുടെ അളവൊപ്പിച്ച് വട്ടത്തിൽ പിണച്ചു ശിരസിൽ ചാർത്തി.

ഇനി വേണ്ടതു ചെങ്കോൽ. ഈ രാജാവിന് ഞാങ്ങണത്തണ്ടു കൊണ്ടുള്ള ചെങ്കോൽ ധാരാളം. മുമ്പിൽ കൂട്ടിക്കെട്ടി വച്ചിരിക്കുന്ന കൈകളിലേയ്ക്കു ഞാങ്ങണച്ചെങ്കോൽ ഒരു വിധത്തിൽ പിടിപ്പിച്ചു. പക്ഷെ, ബലക്ഷയമാർന്ന വിരലുകളിൽനിന്നും ചെങ്കോൽ നിലത്തുവീണു പോയി. പടയാളി ഓടിവന്ന്, ചെങ്കോൽ താഴെയിട്ടതിനുള്ള ശിക്ഷയെന്നവണ്ണം തലയിൽ ഇളകിയാടുന്ന മുൾക്കിരീടം ഞാങ്ങണത്തണ്ടുകൊണ്ട് ഇടിച്ചുറപ്പിച്ചു. ഇടി അല്പം ശക്തമായതും കൂർത്തമുള്ളുകൾ തലയോട്ടിയോളം ആഴ്ന്നിറങ്ങിയതും അപഹാസ്യരാജാവിന്റെ കരച്ചിൽ കണ്ടപ്പോൾ മാത്രമേ പടയാളികൾക്കു ബോദ്ധ്യപ്പെട്ടുള്ളൂ. വീണ്ടും ഞാങ്ങണത്തണ്ടു കൈകളിൽ പിടിപ്പിക്കുകയും ചെയ്തു. പിടിവിട്ടാൽ കുഴഞ്ഞു താഴെ വീഴുമെന്നുറപ്പുള്ള പീലാത്തോസ് സ്വയം മുന്നോട്ടാഞ്ഞ് ജനാവലിയെ സാക്ഷി നിർത്തി ഇടതു കൈ കൊണ്ട് യേശുവിനെ പിടിച്ച് മൃതാവസ്ഥയിലെത്തി നിൽക്കുന്ന അദ്ദേഹത്തിനു നേരെ വലതു കൈ മലർത്തി നീട്ടി വിഷാദസ്വരത്തിൽ ഉറക്കെ പറഞ്ഞു.

"എച്ചേ ഹോമോ."

ഇതാ മനുഷ്യൻ എന്നർത്ഥമുള്ള അപ്പദത്തിൽ എല്ലാം അടങ്ങിയിട്ടുണ്ടെന്നു ദേശാധിപതി കരുതുകയാവാം.

ഹേ! മൃഗങ്ങളേ, നിങ്ങളുടെ മുമ്പിൽ ഇതാ മനുഷ്യൻ, ഇതാ ഒരേ ഒരു മനുഷ്യൻ എന്നാണോ പീലാത്തോസിന്റെ ഭാവം? മറിച്ച് യഹൂദേതരനായ അയാൾ പഴയനിയമത്തിലെ മനുഷ്യൻ അഥവാ മനുഷ്യപുത്രൻ എന്ന പദത്തിന്റെ പൊരുളറിയിക്കുകയായിരുന്നോ?

അതിക്രൂരറോമാശിക്ഷയായ ചമ്മട്ടി പ്രഹരമേറ്റു തകർന്ന ഈ മനുഷ്യനെ കണ്ട്, പകയൊടുങ്ങി ജനാവലി പിരിഞ്ഞു പൊയ്ക്കൊള്ളും എന്നാണു പീലാത്തോസ് കരുതിയത്. അല്ലെങ്കിൽ, ശിശുഹൃദയനായ ഈ തേജോമയനെ ഇത്ര ഭയങ്കരമായി അടിപ്പിക്കുമായിരുന്നില്ല. വധശിക്ഷ വിധിക്കാതിരിക്കാൻ താൻ കണ്ടെത്തിയ ഉപായമായിരുന്നു ഇത്.

പക്ഷെ, ഉരുക്കിനേക്കാൾ കഠോരമായ യഹൂദഹൃദയം ഈ 'എച്ചേ ഹോമോ' കേട്ട് ആർദ്രമായില്ല. പൂർവ്വാധികം ശക്തിയോടെ അവർ അലറി.



www.malankaralibrary.com

“അവനെ കൊല്ലാൻ വിധിച്ച് ഞങ്ങൾക്ക് വിട്ടുതരൂ.....”

കോപം മൂത്തു കാലുയർത്തി തറയിൽ ആഞ്ഞുചവുട്ടി പീലാത്തോസ് പിന്നിൽ കൈപ്പത്തികൾ ചേർത്തുപിടിച്ച് മുഖം കുനിച്ചു മുരണ്ട് അങ്ങോട്ടു മിങ്ങോട്ടും പാഞ്ഞു. പാച്ചിലിനിടയിൽ കരളുതകർന്ന് യേശുവിനെ ഒന്നു നോക്കും. പിന്നെ ശാപോക്തികളോടെ യഹൂദരേയും. അവസാനമായി, ചെന്നായ്ക്കളുടെ പല്ലുകളിൽ നിന്നും ഈ കുഞ്ഞാടിനെ രക്ഷപ്പെടുത്താനു ള്ള ഒരു പഴുതുകൂടി തേടുകയാണ് ദേശാധിപതി. ഇനിയെങ്കിലും യഹൂദ കോപം കെട്ടടങ്ങും എന്ന പ്രതീക്ഷയോടെ പീലാത്തോസ് അവരോടു വിളിച്ചു ചോദിച്ചു.

“പെസഹാതിരുനാളിൽ ജനത്തിനിഷ്ടമുള്ള ഏതെങ്കിലും ഒരു തടവു കാരനെ കാരാഗൃഹത്തിൽ നിന്നും തുറന്നുവിടുന്ന പതിവ് നിങ്ങൾക്കുണ്ട ല്ലോ. ഇപ്പോൾ ഞാനാരെ മോചിപ്പിക്കണം? തടവുപുള്ളിയായ ബറബ്ബാസി നെയോ ‘ക്രിസ്തു’ എന്നു വിളിക്കപ്പെടുന്ന യേശുവിനെയോ?”

‘യേശുവിനെ’ എന്നുത്തരം കിട്ടാൻ പ്രതീക്ഷയോടെ കാത്തുനിന്ന ദേശാധിപതിയുടെ ചെവികളിൽ തിളച്ച എണ്ണപോലെ വന്നു വീണത് ഒരു ദുരന്താരവം!

“ബറബ്ബാസിനെ സ്വതന്ത്രനാക്കൂ.”

അതുകേട്ടു പീലാത്തോസ് ഞെട്ടിപ്പോയി. വിദേശികളെ തുരത്താനു ള്ള വിപ്ലവത്തിൽ അനേകം റോമാപൗരന്മാരെ കൊന്നൊടുക്കിയവനാണു ബറബ്ബാസ്. അതോർത്ത് നിശ്ചലാകാരനായി നിൽക്കേ മുകളിൽനിന്നും പടികളിറങ്ങി ഓടിവരുന്ന ഭാര്യ ക്ലാവൂദിയായുടെ കാൽപ്പെരുമാറ്റം കേട്ട് പീലാത്തോസ് തലതിരിച്ചുനോക്കി. പരിഭ്രാന്തി പടർന്ന മുഖവുമായി നിൽക്കുന്ന ഭാര്യയെക്കണ്ട് പീലാത്തോസ് വീണ്ടും അസ്വസ്ഥനായി.

ക്ലാവൂദിയാ കൽത്തളത്തിലേയ്ക്കിറങ്ങാതെ മറഞ്ഞുനിന്നു ഭർത്താവി നെ ഉദ്വേഗത്തോടെ മാടിവിളിച്ചു. അടുത്തുചെന്ന പീലാത്തോസിനോടു ക്ലാവുദിയാ കേണപേക്ഷിച്ചു: “ഈ നീതിമാന്റെ കാര്യത്തിൽ അങ്ങിടപെടരു തേ. അദ്ദേഹത്തെപ്പറ്റി വല്ലാത്തൊരു സ്വപ്നം കണ്ട് എനിക്കു ഭയം തോന്നുന്നു.”

പ്രിത്തോറിയത്തിൽ വിചാരണ നടക്കുകയാണ്. ഈ ഉദ്വേഗമുഹൂർ ത്തത്തിൽ ഒരു സ്ത്രീയുടെ ആഗമനം റോമാ നിയമപ്രകാരം അനുവദനീയ മല്ല. പക്ഷേ ക്ലാവുദിയായുടെ സാന്നിദ്ധ്യത്തെ ചോദ്യം ചെയ്യാൻ



www.malankaralibrary.com

പീലാത്തോസിനാവില്ല. അഗസ്റ്റസ് സീസറിന്റെ പുത്രിയായ ജൂലിയായുടെ ഇളയ മകളായ ഈ ക്ലാവുദിയാ പ്രോക്കുലയാണല്ലോ പീലാത്തോസിന്റെ ജീവിത നേട്ടങ്ങൾക്കെല്ലാം കാരണക്കാരി.

അതിരാവിലെ ഉറക്കം മുറിഞ്ഞുപോയ ക്ലാവൂദിയ പുലർച്ചയിൽ വീണ്ടുമൊന്നു മയങ്ങിപ്പോയി. യേശുവിനെപ്പറ്റിയൊരു ഭയാനകസ്വപ്നം കണ്ടു ഞെട്ടിയുണരുകയായിരുന്നു.

ഇതു കൂടി കേട്ടപ്പോൾ പീലാത്തോസ് വിയർത്തുപോയി. സ്വപ്നങ്ങൾക്ക് അർത്ഥമുണ്ടെന്നു ചരിത്രബോധത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനറിയാം.

നിയമസഭയിലേക്കു പോകാനിറങ്ങിയ റോമാ സാമ്രാജ്യാധിപൻ ജൂലിയസ് സീസറിന്റെ പിന്നിൽ നിന്ന് ഭാര്യ കൽപൂർണ്ണിയാ 'പോകരുതേ...' എന്നു കരഞ്ഞു പറഞ്ഞതാണ്. അതും ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലായിരുന്നല്ലോ. പക്ഷെ, അനുസരിക്കാൻ കൂട്ടാക്കാതെ നടന്നിറങ്ങിയ സീസർ, ബ്രൂട്ടസിന്റെ കഠാരക്കുത്തേറ്റു നിയമസഭാ വേദിയിൽ പിടഞ്ഞു മരിക്കുകയായിരുന്നില്ലേ!

അതിനാൽ ക്ലാവൂദിയായുടെ പ്രതിരോധം താൻ ഗണ്യമാക്കണം. അവളുടെ സ്വപ്നത്തെ മാനിക്കുക തന്നെ വേണം. അതായതു നീതിമാന്റെ കാര്യത്തിൽ നിന്നും ഒഴിഞ്ഞു മാറുക തന്നെ.

പക്ഷെ, അതിനു സമ്മതിക്കാതെ മഹാജനം അട്ടഹസിച്ചു കൊണ്ടിരിക്കുകയാണ്.

അതിനാൽ അവരോടു ചോദിച്ചു: "അപ്പോൾ.... ക്രിസ്തു എന്ന ഈശോയെ ഞാനെന്തു ചെയ്യണം?"

അവർ ഒന്നടങ്കം ആർത്തലറി: "അവനെ കുരിശിൽ തറച്ചു കൊല്ലണം."

ഇനി പീലാത്തോസിനു ശക്തിയില്ല. യൂദയായുടെ അതിശക്ത ഭരണാധിപൻ പരാജിതനായിരിക്കുന്നു. തകർന്ന മനസോടെ ഒരു നിമിഷം മുഖം താഴ്ത്തി നിന്നു. പിന്നെ ഭൃത്യനോടാവശ്യപ്പെട്ടു: "ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവരൂ."

അവൻ കൊണ്ടുവന്നു.



www.malankaralibrary.com

ജനക്കൂട്ടത്തെ സാക്ഷിനിർത്തി, വിസ്താരമുള്ള പാത്രത്തിലേയ്ക്ക് ഇരുകൈത്തലങ്ങളും താഴ്ത്തി, വെള്ളം കോരിയെടുത്തു കൈകൾ കഴുകി.

പൊരുളറിയാതെ നിശബ്ദരായി നിന്ന ജനക്കൂട്ടത്തോട് അവസാനമായി പീലാത്തോസ് പറഞ്ഞു.

"ഈ നീതിമാന്റെ ചോരയിൽ എനിക്കു യാതൊരു പങ്കുമില്ല. പങ്കുള്ളതു നിങ്ങൾക്കായിരിക്കും. ഇതാ, നിങ്ങളെ സാക്ഷിനിർത്തിത്തന്നെ ഞാൻ കൈകൾ കഴുകുന്നു."

പൈശാചികമായ അലർച്ചയോടെ അവർ ആർത്തിരമ്പി: "അവന്റെ ചോര ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതിപരമ്പരകളുടെ മേലും വീണുകൊള്ളട്ടെ....."

നിയന്ത്രണാതീതദുഷ്ടശക്തിയായി അവർ മുഖ്യകവാടത്തിൽ നിന്നും അങ്കണത്തിലേയ്ക്ക് ഇരച്ചുകയറാൻ തള്ളുകയാണ്. തള്ളുന്നതിനിടയിൽ അവർ ആക്രോശിച്ചു: "സ്വയം രാജാവാണെന്നു പറയുന്ന ഇവൻ റോമാ ചക്രവർത്തിയുടെ എതിരാളിയാണ്. അക്കാരണത്താൽത്തന്നെ ഇവനെ കുരിശിൽത്തറയ്ക്കാൻ ഉടൻ വിധിക്കണം. അല്ലെങ്കിൽ ദേശാധിപതിക്കെതിരെ ഞങ്ങൾ ചക്രവർത്തിക്കു പരാതി കൊടുക്കും."

ഈ ഭീഷണിയിൽ പീലാത്തോസ് നടുങ്ങി. ചക്രവർത്തിയുടെ അഭിനന്ദന പാത്രമാകാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്ന തനിക്ക് അദ്ദേഹത്തിന്റെ ശാസന ഏൽക്കേണ്ടിവരിക ദുഃസഹമാണ്. എന്തുവില കൊടുത്തും തന്റെ ഭരണ ജീവിതം ഭദ്രമാക്കുകതന്നെ വേണം. അതാണു തന്റെ പ്രഥമദൗത്യം.

അതിനാൽ പീലാത്തോസ് ഉത്തരവിട്ടു: "കാരാഗൃഹത്തിൽ കിടക്കുന്ന ബറബ്ബാസിനെ തുറന്നു വിടൂ. യേശുവിനെ ക്രൂശിക്കാൻ ഇവർക്കു വിട്ടുകൊടുത്തേയ്ക്കൂ."



www.malankaralibrary.com

# മുപ്പത്തിനാല്

യഹൂദമതാചാര്യന്മാർക്ക് ഒരുത്സവലഹരി. പെസഹാ മഹോത്സവം മൂലമല്ല, തങ്ങളുടെ ദുശ്ശകുനമായ യേശുവിനെ വധിച്ചു കളയാൻ വിധിച്ചിരിക്കുന്നതിനാൽ. എത്രയോ തവണ പദ്ധതിയൊരുക്കിയതാണ് കല്ലെറിഞ്ഞു കൊല്ലാൻ. പക്ഷെ തരം കിട്ടിയില്ല. എന്നാൽ ഇന്ന് അതിനേക്കാൾ അതിനിന്ദ്യവും ഭയാനകവും നിഷ്ഠൂരവുമായ ശിക്ഷ തന്നെ വിധിച്ചു കിട്ടുന്നതിൽ തങ്ങൾ വിജയിച്ചിരിക്കുന്നു, കുരിശിൽ തറച്ചുള്ള മരണശിക്ഷ. അടിമകൾക്കു വേണ്ടിമാത്രം റോമാഭരണകൂടം മാറ്റിവച്ചിരുന്ന ശപിക്കപ്പെട്ട ശിക്ഷാരീതിയാണിത്. അതോ, കൊള്ളയും കൊലയും നടത്തുന്ന ഭയങ്കരന്മാർക്കു വേണ്ടി മാത്രമുള്ളത്.

തറയ്ക്കപ്പെടേണ്ട കഴുകുമരം ശിക്ഷാർഹർ തന്നെ കൊലക്കളം വരെ സ്വയം ചുമക്കണം. പ്രിത്തോറിയത്തിൽ നിന്നും യേശുവിനെ പിടിച്ചിറക്കി പ്രതികാരദാഹികളായ ജനാവലിയുടെ മുമ്പിലേക്ക് കൊണ്ടുവരികയാണു പടയാളികൾ. എട്ടൊമ്പതടി നീളമുള്ള തടിയിൽ, കുറിയ ഒരു തടി കുറുകെ ത്തറച്ചുറപ്പിച്ച് തയ്യാറാക്കിയ കുരിശ് നാലു റോമാ പടയാളികൾ താങ്ങിപ്പിടിച്ചു നില്ക്കുന്നു. കയ്യുടെ കെട്ടുകളഴിച്ച് ഇറങ്ങിവരുന്ന യേശുവിന്റെ ചുമലിൽ പടയാളികൾ അതുയർത്തി വയ്ക്കുകയാണ്. എന്നിട്ടു ജനക്കൂട്ടത്തെ നിയന്ത്രിച്ചു നയിക്കാൻ അവർ ഓടി.

യേശുവിന്റെ ആരാധകരും വിവരമറിഞ്ഞ് തടിച്ചുകൂടിയിട്ടുണ്ട്. പക്ഷെ അവരെ തെരഞ്ഞു പിടിച്ചു ഭയപ്പെടുത്തുകയാണ് പടയാളികൾ. ഈ ഘോഷയാത്രയിൽ അവർ കടന്നുകൂടി പ്രതിരോധം സൃഷ്ടിക്കാതിരിക്കാൻ ജാഗരൂകരാണ് അധികാരികൾ. എങ്കിലും സർവ്വവിലക്കുകളും മറന്നു ഘോഷയാത്രയിലേയ്ക്ക് ഇരച്ചുകയറുകയാണവർ. സ്ത്രീകളുടെ ഒരു മഹാവ്യൂഹം ഇങ്ങനെ കടന്നുകയറിക്കഴിഞ്ഞു. തങ്ങളുടെ വംശത്തിന്റെ സ്വാതന്ത്ര്യത്തിനും അംഗീകാരത്തിനും വേണ്ടി ഉറക്കെ വാദിച്ച ധീര ഗുരുനാഥന്റെ ദുർവിധി കണ്ട് അവർ പൊട്ടിക്കരയുകയാണ്. അഥവാ നാഥന്റെ ദൈന്യഭാവം കാണാൻ കരളുറപ്പില്ലാതെ മുഖംപൊത്തി വിങ്ങിപ്പൊട്ടുകയാണ്. അക്കൂട്ടത്തിൽ പെറ്റമ്മയായ മറിയത്തിന്റെ വിലാപമാണു കരുണാർദ്രം. മഗ്ദലന മറിയത്തിന്റേയും ബഥനി മറിയത്തിന്റേയും കൈത്താങ്ങലു



www.malankaralibrary.com

കളിലാണ് ഈ അമ്മ താഴെ വീഴാതെ നില്ക്കുന്നത്. മുപ്പത്തിമൂന്നു കൊല്ലങ്ങൾക്കു മുമ്പ് പ്രവാചകനായ ശിമയോൻ ഈ ദേവാലയപരിസരത്തിൽ വച്ച് തന്നെ നോക്കി 'നിന്റെ ഹൃദയത്തെ ഒരു വാൾ കുത്തിത്തുളയ്ക്കു'മെന്നു പറഞ്ഞത് അമ്മയ്ക്ക് ഓർമ്മയുണ്ട്. അതിനാൽ, ഈ ദുഃസഹ പീഡകൾ എല്ലാം അനുഭവിക്കേണ്ടതു തന്റെ സഹനനിയോഗമാണെന്നും അമ്മയ്ക്കറിയാം. വെയിൽച്ചൂടിൽ വാടിയ തൂവെള്ള ലില്ലിപ്പൂ പോലെ മറിയം തളർന്നു നില്ക്കുന്നു.

യാത്ര മുന്നേറിത്തുടങ്ങി. ഒരു കൂട്ടർക്കതു ഘോഷയാത്ര, മറ്റൊരു കൂട്ടർക്കു വിലാപയാത്രയും. വളരെ അടുത്തായ കാൽവരിക്കുന്നാണു ലക്ഷ്യം. തലയോട്ടികൾ കൂട്ടിയിടുന്ന ശവപ്പറമ്പാകയാലോ, ഏതാണ്ടു തലയോട്ടിയുടെ രൂപസാമ്യമുള്ള കുന്നാകയാലോ, 'ഗോൽഗോഥാ' എന്നൊരു പേരും ആ മലയ്ക്കുണ്ട്.

നിവർന്നു നിൽക്കാൻപോലും ശേഷിയില്ലാത്ത നാഥൻ, ഭാരമേറിയ കുരിശു പേറി സഹതാപാർഹമാം വിധം താണിഴയുകയാണ്. ഇരു കരങ്ങളിലും അവനവന്റെ മരണക്കുരിശും പേറി രണ്ടു കൊള്ളക്കാരും നടക്കുന്നുണ്ട്. ക്രൂരകൃത്യങ്ങൾ ചെയ്തു തഴമ്പിച്ച ഇവർ ബറബ്ബാസിനൊപ്പം കാരാഗൃഹത്തിലായിരുന്നു. മൂവരും ഇന്നു പുറത്തിറങ്ങി, ഇവർ ഇരുവർ ക്രൂശീകരണത്തിനും അപരൻ സ്വതന്ത്രജീവിതത്തിനും. ചങ്ങല പൊട്ടിച്ചു പുറത്തുചാടിയ മദയാനയെ പോലെ ബറബ്ബാസും ഈ ഘോഷയാത്രയിലുണ്ട്. ഏറ്റം മുമ്പിൽ അരോഗദൃഢഗാത്രരായ ഭീകരചോരന്മാർ കുരിശും പേറി അനായാസം നടക്കുകയാണ്. പക്ഷെ അവർക്കൊപ്പം നീങ്ങാനുള്ള ത്രാണി യേശുവിനില്ല. ഏതാണ്ടു പതിനാറു മണിക്കൂർ ദീർഘിച്ച ദേഹപീഡകളാൽ മരണത്തോളം താൻ താണിറങ്ങിയിരിക്കുന്നു. എന്നാൽ നടത്തയുടെ വേഗം കൂട്ടാൻ ചാട്ടവാറുകൾ പിന്നിൽ ആക്രോശിക്കുന്നു.

മരണത്തിനു വിധിക്കപ്പെട്ട മൂവരുടെയും കഴുത്തിൽ ചരടുകൊണ്ടു കെട്ടിത്തൂക്കിയ കനംകുറഞ്ഞ ദീർഘചതുരത്തിലുള്ള ഓരോ പലകക്കഷണങ്ങൾ കിടന്നാടുന്നു. മരണശിക്ഷയ്ക്ക് അവരവർ ചെയ്ത പിഴകളാണിതിൽ ആലേഖിതം. പീലാത്തോസിന്റെ അംഗീകാരമുദ്രയുള്ള ലിഖിതങ്ങൾ. കള്ളന്മാർ ഇരുവരുടെയും പലകകൾ താരതമ്യേന വലുത്. കാരണം അവരുടെ നിഷ്ഠൂരചെയ്തികൾ നിരവധിയായിരുന്നു. പലകയിൽ സ്ഥലം പോരാ എന്നു തോന്നുമാറ് അവരുടെ പിഴകൾ തിക്കി എഴുതി നിറച്ചിരിക്കുന്നു. എന്നാൽ യേശുവിന്റെ കഴുത്തിൽ തൂങ്ങിയാടുന്ന ചെറുപലകയിൽ



www.malankaralibrary.com

പീലാത്തോസ് ഗ്രീക്കു ഭാഷയിൽ ആലേഖനം ചെയ്തത് ഇത്രമാത്രം.

'യഹൂദന്മാരുടെ രാജാവായ നസ്രത്തുകാരൻ യേശു'.

എന്നിട്ടും പലകയിൽ സ്ഥലം മിച്ചമുള്ളതിനാൽ അതേ വാക്യം തന്നെ രണ്ടു ഭാഷകളിൽ കൂടി എഴുതിവച്ചു, അരമായായിലും ലത്തീനിലും.

അല്ലാതെ, 'ഈ നീതിമാനിൽ യാതൊരു കുറ്റവും കാണുന്നില്ലെന്ന്' അസന്ദിഗ്ദ്ധമായി വിധികല്പിച്ച പീലാത്തോസിന് യേശുവിനെപ്പറ്റി മറ്റൊന്നും എഴുതാനില്ല.

പക്ഷെ, ഇതൊരു പ്രശ്നമായി. ഈ വാക്യം ഗൗരവമായ തെറ്റാണെന്നു കണ്ടു പിടിച്ചത് യഹൂദ മതാചാര്യന്മാർ തന്നെ. അതിനാൽ അവർ ഘോഷയാത്രയിൽ നിന്നും തിരിഞ്ഞോടി പ്രിത്തോറിയത്തിന്റെ വാതില്ക്കലെത്തി ദൂതന്മാർ മുഖേന ദേശാധിപതിയെ വിളിപ്പിച്ചു.

ദുഃസ്സഹമനോപീഡയാൽ അകത്തളത്തിൽ തളർന്നിരുന്ന പീലാത്തോസ് കാര്യമെന്തെന്നറിയാൻ ഉത്കണ്ഠയോടെ പടികളിറങ്ങി കവാടത്തിലെത്തി. പിന്നെ ഈർഷ്യയോടെ ചോദിച്ചു: "ഉം? എന്താ?"

"ഇവൻ യഹൂദന്മാരുടെ രാജാവ് എന്നാണല്ലോ യേശുവിനെപ്പറ്റി അങ്ങെഴുതിയത്. അങ്ങനെയല്ല എഴുതേണ്ടത്. ഇവൻ യഹൂദന്മാരുടെ രാജാവാണെന്നു സ്വയം പറഞ്ഞുനടന്നു എന്നാണ് വേണ്ടത്. എങ്കിലേ അതൊരു കുറ്റാരോപണമാകൂ."

'നീ രാജാവാകുന്നോ' എന്നാരാഞ്ഞപ്പോൾ 'അതേ' എന്നുച്ചരിച്ച യേശുവിന്റെ കുലിനത്വം തുടിക്കുന്ന ഓരോ വാക്കും പെരുമാറ്റവും അദ്ദേഹത്തിന്റെ രാജത്വപ്രഭാവത്തെയാണു വെളിപ്പെടുത്തുന്നതെന്ന് ഉറപ്പുള്ള പീലാത്തോസ് ഇതുകേട്ടു കലിപൂണ്ടു ഗർജ്ജിച്ചു:

"ഞാൻ എഴുതിയത് എഴുതിയതു തന്നെ. നിങ്ങൾക്കു പോകാം."

ജനത്തിരക്കേറിയ പൊതുനിരത്തു നിറഞ്ഞു നീങ്ങുകയാണു ഘോഷയാത്ര. ദേവാലയത്തിൽ പെസഹാ ഒരുക്കാൻ തടിച്ചുകൂടിയ മഹാജനം, കാട്ടുതീ പോലെ പടർന്നെരിഞ്ഞ വാർത്തയുടെ ചൂടേറ്റ് ഓടിക്കൂടി നഗരനിരത്തിന്റെ ഇരുവശങ്ങളിലും നിരന്നു കഴിഞ്ഞു. കുഞ്ഞാടുകളെ ബലിക്കല്ലിലേയ്ക്ക് ആട്ടിത്തെളിച്ചു പോയവർ കുരിശു ചുമന്നു തളരുന്ന യേശുവിനെ കണ്ടു നിശ്ചലരായി നിന്നുപോയി.



www.malankaralibrary.com

മരണാസന്നരായ ആയിരമായിരം ബലിയാടുകളുടെ വരണ്ട തൊണ്ടകളിൽ നിന്നുയരുന്ന ദീനരോദനം ഘോഷയാത്രയിലെ ആർപ്പുവിളികളിലും വിലാപധ്വനികളിലും മുങ്ങിത്താഴുന്നു. തങ്ങളുടെ വ്യക്തിപരമായ പാപങ്ങൾ പരിഹരിച്ചു കിട്ടാൻ ബലിക്കുഞ്ഞാടുകളെ വലിച്ചിഴയ്ക്കുന്നവർ നൂറ്റാണ്ടുകൾ പഴക്കമുള്ള എശയ്യായുടെ ഈ പ്രവചനം അപ്പോൾ ഓർത്തതിനാലാണോ നിന്നുപോയത്!

"സത്യമായും അവിടുന്നു ചുമന്നത് നമ്മുടെ വേദനകളായിരുന്നു. അദ്ദേഹം നമ്മുടെ പാപങ്ങൾ നിമിത്തം മുറിവേൽക്കപ്പെടുകയും നമ്മുടെ അക്രമങ്ങളാൽ ഞെരുക്കപ്പെടുകയും ചെയ്തു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നല്കി."

ജനാവലിയെ നയിക്കുന്നത് സിറിയാക്കാരായ നാലു റോമൻ പടയാളികൾ. സസൂക്ഷ്മം വീക്ഷിച്ചു കുതിരപ്പുറത്തു നീങ്ങുന്ന ശതാധിപനായ ലോഞ്ചിനൂസ് ആണവരുടെ മേലധികാരി. ഒറ്റക്കണ്ണനാണെങ്കിലും രണ്ടു കണ്ണും കാഴ്ചയുള്ളവന്റെ വിരുതോടെയാണയാൾ കാര്യങ്ങൾ നിയന്ത്രിക്കുന്നത്.

വഴിയിൽ പലതവണ നാഥൻ കാലുഴറി കുഴഞ്ഞുവീണു. അപ്പോഴെല്ലാം, കുരിശു പൊക്കിക്കൊടുത്തു സഹായിക്കാനല്ല പടയാളികളുടെ ശ്രമം, ചാട്ട ചുഴറ്റി അടിച്ചു ഭയപ്പെടുത്തി എഴുന്നേല്പിക്കാനാണ്. തലയിൽ അടിച്ചു താഴ്ത്തിയ മുൾക്കിരീടത്തിലൂടെ ചോരത്തുള്ളികൾ ഒലിച്ചിറങ്ങി കൺപോളകളിൽ കട്ടപിടിച്ചു കിടക്കുന്നു. ചോരപ്പശയിൽ ചുരുൾമുടിയും താടിമീശയും ഒട്ടിപ്പിടിച്ചിരിക്കുന്നു. കല്ലുകളിൽ മറിഞ്ഞുവീണ് കാൽമുട്ടുകളിൽ ചോരക്ഷതങ്ങൾ നിറഞ്ഞുകഴിഞ്ഞു. ഭാരംപേറി എഴുന്നേൽക്കാൻ ശേഷിയില്ലാതെ നിസ്സഹായനായി നോക്കി വിറയ്ക്കുന്നു. അപ്പോൾ പടയാളികൾക്ക് ഒരാശങ്ക. വഴിയിൽത്തന്നെ യേശു വീണു മരിച്ചെങ്കിലോ? ഇക്കാര്യം, ഗർവ്വോടെ ഞെളിഞ്ഞു നടക്കുന്ന മതാചാര്യന്മാരോടു പറഞ്ഞു. അവർക്കും അക്കാര്യത്തിൽ തർക്കമില്ല. ഇതിനെന്തെങ്കിലും പരിഹാരം ഉണ്ടാക്കിയേ പറ്റൂ.

ജനക്കുരുക്കിൽപ്പെട്ട ശക്തനായൊരു മദ്ധ്യവയസ്കൻ ശതാധിപന്റെ കണ്ണിൽപ്പെട്ടു. ആഫ്രിക്കയുടെ വടക്കു ദേശത്തുള്ള സിറീനിൽ മൂല കുടുംബമുള്ള ശെമയോൻ എന്ന ഗ്രാമീണ യഹൂദൻ. ജറുസലേമിനടുത്തുള്ള സ്വന്തം കൃഷിഭൂമിയിൽ പണികഴിഞ്ഞ് ഉച്ചഭക്ഷണത്തിനായി പുറപ്പെട്ടതാണ്. വഴി നിറഞ്ഞു നീങ്ങുന്ന ബഹള ജനാവലിയുടെ മുമ്പിൽ കുരിശിന്റെ കീഴിൽ വേച്ചുവീഴുന്ന യേശുവിനെ കണ്ടു മനം തപിച്ചു നിന്നു. അപ്പോഴാ



www.malankaralibrary.com

ണ് ശതാധിപൻ കടന്നുപിടിച്ച് ആജ്ഞാപിച്ചത്: "ഇങ്ങോട്ടിറങ്ങിവന്ന് ഈ കുരിശൊന്നു ചുമക്ക്."

യേശുവിനെപ്പറ്റി ശെമയോൻ കേട്ടിട്ടേയുള്ളൂ. ആദ്യമായാണ് കാണുന്നത്. സഹതാപം തോന്നി. പക്ഷെ ഇത്രഭാരമുള്ള കുരിശ് താൻ ഒറ്റയ്ക്ക് വഹിക്കുകയോ! പക്ഷെ അനുസരിക്കാതെ തരമില്ല. അല്ലെങ്കിൽ, ശതാധിപന്റെ കനത്ത തുകൽച്ചാട്ട തന്റെ പുറത്തു വീഴും. അതു പേടിച്ച് യേശുവിന്റെ മുമ്പിലേയ്ക്ക് ഇറങ്ങിച്ചെന്നു. യേശുവിന്റെ തോളിലമർന്ന കുരിശിന്റെ മുകൾ ഭാഗത്ത് പിടിമുറുക്കി. അതെടുത്തു സ്വന്തം ചുമലിൽ കയറ്റിവച്ച്, ശിക്ഷാർഹരായ ഇരുചോരന്മാരുടെ നിരയിലേക്ക് കയറിച്ചെന്നു നടന്നു.

കുരിശിന്റെ ഭാരം എടുത്തുമാറ്റിയപ്പോൾ നാഥന്റെ ദേഹം ഒന്നു നിവർന്നു. എങ്കിലും ലോകപാപമഹാഭാരം മുഴുവൻ ചുമക്കാൻ വിധിക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാട് ഇഴഞ്ഞിഴഞ്ഞു നീങ്ങുകയാണ്. പെരുവഴിയിൽ കിടക്കുന്ന പാറക്കല്ലുകളിൽ തട്ടിവീണ് മുട്ടുകൾ രണ്ടും പൊട്ടി നിണം പടർന്നിരിക്കുന്നു.

കൂലിപ്പട്ടാളത്തിന്റെ കൈപ്പത്തിയുടെയും റോമൻ തുകൽച്ചാട്ടയുടെയും അടിത്തിണർപ്പുകൾ ആ മോഹനാകാരത്തെ ബീഭത്സമാക്കിയിരിക്കുന്നു. സർവ്വസഹതാപവികാരങ്ങളും കുത്തിയുണർത്തുന്ന ഒരനന്യരൂപനായിക്കഴിഞ്ഞിരിക്കുന്നു, യേശു.

ആ ദൈന്യഭാവം കാണാൻ കെല്പില്ലാതെ അലമുറയിടുന്ന ഒരുപറ്റം സ്ത്രീകൾ തൊട്ടുപിന്നിൽ. ഏറെ പണിപ്പെട്ട് അലമുറയുയരുന്ന പിൻഭാഗത്തേയ്ക്കു തല മെല്ലെ തിരിച്ച് നാഥൻ നോക്കി. ചുവന്നു കലങ്ങിയ തോരാത്ത മിഴികളോടെ നീങ്ങുന്ന അമ്മ. മകനെ കണ്ട് അമ്മയുടെ നെഞ്ചിൽ ഒരുപറ്റം ഓർമ്മകൾ പറന്നിറങ്ങി. കഴിഞ്ഞ ഞായറിലെ സംഭവം. അതായത് നീസാൻ മാസം പത്താം തീയതിയിലെ ആഹ്ലാദവേള. ഊനമില്ലാത്ത കുഞ്ഞാടിനെ പെസഹാബലിക്കായി വേർതിരിക്കുന്ന ദിനം. അന്നു ശിരോഭൂഷണമായി വട്ടത്തിൽ ചുറ്റിയ പൂവള്ളിയുമായി നാഥൻ വേർതിരിക്കപ്പെട്ടു. ഇന്നു പതിനഞ്ചാം തീയതി, വെള്ളി. പക്ഷെ ഇന്നു ശിരസിൽ മുൾമുടി. പെസഹാ പെരുനാളായ ഇന്ന് ഓരോരുത്തനും അവനവന്റെ ജന്മമോക്ഷത്തിനായി കുഞ്ഞാടുകളുടെ കഴുത്തറുക്കുന്ന ദിനം. എന്നാൽ കുരലറുക്കപ്പെടാൻ കാൽവരി ഗിരിയിലേക്ക് ഇതാ ദൈവത്തിന്റെ കുഞ്ഞാട്.

നിഷ്ക്കന്മഷന് പാപപ്രതീകം ഇല്ല. പിന്നെന്തിന്റെ പ്രതീകമാണീ കുരിശ്? ലോകത്തിന്റെ ആദ്യന്തപാപപ്രതീകമോ? അതായത്, സമസ്താ



www.malankaralibrary.com

പരാധങ്ങളും ദൈവകുഞ്ഞാടിന്റെ ഏകബലിയിൽ കഴുകപ്പെടുമെന്നോ? സകല മനുഷ്യരും ദൈവപുത്രന്മാർ എന്ന പദവിയിലേക്ക് ഉയർത്തപ്പെടുമെന്നോ? പാപത്താൽ കളഞ്ഞുകുളിച്ച നിത്യസ്വർഗ്ഗത്തിന്റെ അവകാശികളാകാൻ ഈ പുത്രന്മാർ തിരിച്ചുവിളിക്കപ്പെടുമെന്നോ? എങ്കിൽ അസംഖ്യം ബലിമൃഗങ്ങൾക്ക് അതെത്ര വലിയ ശാപമോക്ഷമായിരിക്കും! എങ്കിൽ ഈ സൗജന്യ മോക്ഷദാനം ദരിദ്ര മഹാജനതയ്ക്ക് എത്രയേറെ ആശ്വാസകരമായിരിക്കും! ഈ ചിന്തകളുടെ മുമ്പിൽ അമ്മ എല്ലാം സഹിക്കാൻ ശ്രമിക്കുകയാണ്. അതിനാൽ ഒരു പ്രാർത്ഥനാശംസ ഈ സർവ്വംസഹയുടെ മാതൃഹൃത്തിൽ തുളുമ്പി:

'സഹനത്തിന്റെ കുഞ്ഞാടേ, നീ പോവുക
കാൽവരി മലയിലേയ്ക്കു കയറുക.
ഏക രക്ഷാബലിയായി തീരുക.
അതുവഴി സകലരും ഇവളെ
ഭാഗ്യവതി എന്നു പ്രകീർത്തിക്കട്ടെ.'

യാത്രയിൽ അമ്മയുടെ കൂടെ പരിചിതർ, ശിഷ്യരുടെ ബന്ധുക്കൾ, കൂട്ടുകാർ. അങ്ങനൊരു വലിയ നിസ്സഹായ നിര. ചിലർ നെഞ്ചിൽ സ്വയം ആഞ്ഞിടിച്ചു പൊട്ടിക്കരയുന്നു. ചിലർ കരഞ്ഞുതളർന്ന് മറ്റുള്ളവരുടെ തോളിൽ ചാഞ്ഞു നീങ്ങുന്നു. അവർക്കാശ്വാസമായി കുറച്ചു വാക്കുകൾ അരുളാൻ കഴിഞ്ഞെങ്കിൽ എന്നാണു നാഥന്റെ ആശ. ഒന്നു മൂളാൻപോലുമാകാത്തവിധം വാക്കുകളുടെ ഉറവ നിലച്ചു പോയിരിക്കുന്നുവോ! ഉമിനീരിന്റെ അവസാന നനവും ഉണങ്ങി തൊണ്ട വരണ്ടുപോയോ! എങ്കിലും ഹൃദയം വാചാലമാണ്. അതു പരമപിതാവിൽ ഉൾച്ചേർന്നിരിക്കുന്നു. വചനസാക്ഷാത്ക്കാരമായ തന്നിൽ വചനസ്നിഗ്ദ്ധതയുടെ ഉറവ നിലച്ചു പോയിട്ടില്ല. അതൊരു പ്രവചനത്തിന്റെ തിരുവചനങ്ങളായി ഉള്ളിൽനിന്നും പതഞ്ഞുയർന്നു നിർഗ്ഗളിക്കുകയല്ലേ?

"ജറുസലേം പുത്രിമാരേ...., നിങ്ങൾ..... എന്നെ ഓർത്തു കരയരുത്. നിങ്ങളെപ്പറ്റിയും നിങ്ങളുടെ കുഞ്ഞുങ്ങളെപ്പറ്റിയും ഓർത്ത് അലമുറയിടുവിൻ."

ആർപ്പുവിളികൾക്കിടയിൽ, നന്നേ പതിഞ്ഞ ആ സ്വരം വേർതിരിച്ചു കേൾക്കാൻ അവർ കരച്ചിലൊന്നടക്കി.

ഓസിയായുടെ പ്രവചനം ഓർത്തുകൊണ്ടെന്നപോലെ, ജറുസലേമിന്റെ തകർച്ചയെ സ്ഥിരീകരിച്ചുകൊണ്ട് നാഥൻ തുടർന്നു:



www.malankaralibrary.com

"…. എന്തെന്നാൽ മക്കളില്ലാത്തവർ ഭാഗ്യമുള്ളവർ എന്നു നിങ്ങൾ പറയുന്ന ദിനങ്ങൾ വരാൻപോകുന്നു. അന്നവർ പർവ്വതങ്ങളോടു പറയും: 'ഞങ്ങളുടെ മേൽ വീഴുക'. കുന്നുകളോടു പറയും 'ഞങ്ങളെ മൂടിക്കളയുക."

എന്തെല്ലാം ദുരന്തങ്ങളാണു വരുന്ന തലമുറയ്ക്കുണ്ടാകാൻ പോകുന്നതെന്നോർത്ത് അവർ ഭയന്നുപോയി.

സ്ത്രീകളുടെ ഇടയിൽനിന്നും വെളുത്തു വിളറിയ ഒരുവൾ മുമ്പിലേക്കു തള്ളിക്കയറി. ഒരു വെള്ളത്തൂവാല അവൾ ഇരുകൈകളിലും നിവർത്തിപ്പിടിച്ചിട്ടുണ്ട്. പടയാളികളുടെ വിലക്കുകൾ അവൾ ഗൗനിക്കുന്നില്ല. തിക്കും തിരക്കും പ്രശ്നമാക്കുന്നുമില്ല. നാഥന്റെ മുമ്പിലെത്തി ചോരയും വേർപ്പും പൂഴിയും നിറഞ്ഞ ആ ക്ഷീണമുഖം ഒന്നു തുടച്ചാശ്വസിപ്പിക്കാതെ പിൻവാങ്ങുകില്ലെന്ന ഉറപ്പുണ്ടവൾക്ക്. മുമ്പും എത്രയോ തവണ നാഥനെ അവൾ കണ്ടിട്ടുണ്ട്. ജായിറോസിന്റെ മകളെ രക്ഷിക്കാൻ ജനത്തിരക്കിലൂടെ നടന്നു പോയ നാഥന്റെ പിന്നിൽ തള്ളിക്കയറി ആരുമറിയാതെ ആ കുപ്പായതൊങ്ങലിൽ തൊട്ടു സുഖപ്രാപ്തി നേടിയവളാണു താൻ. അന്നുമുതൽ ചോരവാർച്ചയുടെ യാതൊരു പ്രശ്നവും ഉണ്ടായിട്ടില്ല. അതിനു പ്രത്യുപകാരമായി ഈ തിരുമുഖം തുടയ്ക്കാനെങ്കിലും തനിക്കു കഴിഞ്ഞെങ്കിൽ. വെറോനിക്കാ തള്ളിക്കയറി നാഥന്റെ മുമ്പിലെത്തി. തൂവാലയുടെ ഇരു തുമ്പുകൾ കൈകളിൽ അകത്തിപ്പിടിച്ച് നാഥന്റെ മുഖത്തോടു ചേർത്ത് ഒന്നൊപ്പിയെടുത്തു. മുറിവുകൾ നിറഞ്ഞ മുഖം നോവാതിരിക്കാനാണ് ഒപ്പുകമാത്രം ചെയ്തത്. അത്ഭുതം! തന്റെ വെള്ളത്തൂവാലയിൽ ഒരു ചിത്രം ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ചോരയിൽ വിരൽ മുക്കി ആരോ വരച്ച ഒരു ദുരന്തമുഖം. അതു നാഥന്റെ മുഖം തന്നെ എന്ന തിരിച്ചറിവ് അവളെ അമ്പരിപ്പിച്ചു. കൊടും വേദനയിലും അവളത് സകലരേയും ഉയർത്തിക്കാട്ടി. പിന്നെ അതു ചുളുക്കാതെ ആത്മാവിലേക്കു ചേർത്തു കരഞ്ഞു. തൊടുമ്പോഴെല്ലാം അത്ഭുതങ്ങൾ ദാനം ചെയ്യുന്ന നാഥന്റെ മുമ്പിൽ താണു വീണു കിടന്നു വിളിച്ചുപറഞ്ഞു, "യേശുവേ സ്തോത്രം."



www.malankaralibrary.com

# മുപ്പത്തഞ്ച്

ജെറുസലേമിനു വടക്ക്, നഗരമതിലിനോടു ചേർന്ന് പാറക്കൂട്ടം നിറഞ്ഞ ഒരു കൊച്ചുകുന്ന്. ഗോൽഗോഥാ അഥവാ കാൽവറി. അതിന്റെ ഒത്ത മുകൾത്തട്ടിൽ മൂന്നുകുഴികൾ തുല്യഅകലത്തിൽ തീർത്തു കഴിഞ്ഞു. റോമാപടയാളികൾ മറ്റു ക്രമീകരണങ്ങളിൽ മുഴുകി നിൽക്കുന്നു. ചുറ്റികയും ആണികളും മരക്കഷണങ്ങളും കയറും നിറച്ച കുട്ടകൾ ഒരാൾ എടുത്തു വച്ചു. മറ്റൊരു പടയാളി ഒരു ഗോവേണിയുമായി വന്ന് അതു പടിഞ്ഞാറുവശത്തുള്ള പാറക്കെട്ടിൽ കുത്തിച്ചാരി. കൂർത്ത കല്ലുകൾ കുട്ടയിൽ പെറുക്കി ഒരാൾ പാറക്കെട്ടിന്റെ അള്ളയിൽ കൊണ്ടുപോയിടുന്നു. കുരിശിൽ പണ്ടെങ്ങോ മരിച്ചവരുടെ അസ്ഥികൂടങ്ങളും തലയോടുകളും അള്ളയിൽ നിറഞ്ഞുകിടക്കുന്നു. മുൾപ്പടർപ്പും കള്ളിമുൾച്ചെടികളും ചെത്തിപ്പറിച്ച് മറ്റൊരു പടയാളി തന്റെ മേലാളന്മാർക്കു പെരുമാറ്റയോഗ്യമാക്കി. എന്തോ കൊഴുത്ത ദ്രാവകം നിറച്ച ഭരണികൾ ഒരു മൂലയിൽ മറ്റൊരാൾ വയ്ക്കുന്നു.

എല്ലാം ഒരുക്കി തെക്കുവഴിക്കു നോക്കി നില്ക്കുകയാണവർ. വളവു തിരിഞ്ഞ് ആരവമുയർത്തി ഘോഷയാത്രയുടെ മുൻനിര അടുത്തു കഴിഞ്ഞു. നഗരകവാടത്തിനടുത്താകയാൽ പെരുനാൾ ജനം ഗോൽഗോഥായുടെ ചുറ്റും തടിച്ചു കൂടുകയാണ്. പക്ഷെ ഒരാളിനെ പോലും കുന്നിലേയ്ക്കു കയറ്റാതെ കൈകൾ കോർത്തുപിടിച്ച് വലയം തീർത്തു നില്ക്കുകയാണ് കൂലിപ്പട്ടാളം.

സകല ദൃഷ്ടികളും യേശുവിൽ. ഒറ്റക്കണ്ണനായ ശതാധിപൻ നാലു പടയാളികൾക്കൊപ്പം കുതിരപ്പുറത്തു വന്നുചേർന്നു. കുന്നു കയറാൻ ശേഷിയില്ലാതെ അവശനായി താഴെ നിൽക്കുന്ന യേശുവിനെ പടയാളികൾ നാലുപേരും താങ്ങിയെടുത്ത് കുന്നിന്റെ മുകൾത്തട്ടിലെത്തിച്ചു. മറ്റു രണ്ടു ശിക്ഷാർഹരും കുരിശുകൾ പേറി സ്വയം കയറിവരുന്നു.

ഉടലാകെ മുറിവുകൾ നിറഞ്ഞു ചോരയിൽ കുതിർന്ന് പൊടിയും വിയർപ്പും കൂടിക്കുഴഞ്ഞ്, കൊടും ചൂടിൽ ജലമയമെല്ലാം നഷ്ടപ്പെട്ട്, ദാഹത്താൽ എരിഞ്ഞു പൊരിഞ്ഞു കയറിവന്ന പാടെ യേശു വീഴുകയായിരുന്നു.



www.malankaralibrary.com

പടയാളികൾ ഉടൻ ഭരണിയിൽ നിറച്ച കൊഴുത്ത ദ്രാവകം ഒരു കോപ്പയിൽ പകർന്ന് നാഥനു നേരേ നീട്ടി. മീറായും വീഞ്ഞും മയക്കുമരുന്നും കൂട്ടി കലർത്തിയ മിശ്രിതമാണ്. കയ്പും ലഹരിയും നിറഞ്ഞ അത് ഇരു കൊള്ള ക്കാരും വാങ്ങി ഒറ്റവലിക്കു കുടിച്ചു. സകല ഇന്ദ്രിയങ്ങളേയും തളർത്തുന്ന വേദന സംഹാരിയാണത്. പക്ഷെ നാഥൻ അതു വാങ്ങിയില്ല. അതു കുടിച്ചു തന്റെ ദുഃസഹവേദനയെ മറക്കാൻ അവിടുത്തേക്കു സാദ്ധ്യമല്ല. അങ്ങനെ ചെയ്താൽ പരമപിതാവിന്റെ ഇംഗിതത്തിന് അത് എതിരാകും. ലോകരക്ഷയ്ക്കു വേണ്ടി തന്റെ ആത്മവത്ത മനുഷ്യ സ്ത്രീയിൽ നിന്നും ജഡാവസ്ഥ കൈക്കൊണ്ടു ഇമ്മാനുവേലായി. സകല നൊമ്പരങ്ങളും മെയ്യിലണിഞ്ഞ് മരണത്തിന്റെ കൂരിരുൾ താഴ്വരയിലും ഒന്നിറങ്ങി ഉയരുക തന്നെ വേണം. മനുഷ്യപുത്രന്റെ ഈ ധർമ്മത്തിനെതിരെ ആർക്കു നില കൊള്ളാനാകും?

കുഴികൾക്കടുത്തു ചുവടുകൾ വരത്തക്കവിധം മൂന്നു കുരിശുകളും നിലം പറ്റെ നീക്കിവച്ചു. നടുവിലുള്ള കുരിശിൽ യേശുവിനെ കിടത്താനാ യി രണ്ടുപടയാളികൾ ഓരോ കയ്യിലും പിടിച്ച്, കിടന്ന അവസ്ഥയിൽ വലി ച്ചിഴച്ചു. കുന്നിൽ വളർന്ന മുൾച്ചെടികൾ നാഥന്റെ പുറത്ത് ചോരച്ചാലുക ൾ വീണ്ടും ഒഴുക്കി.

കുരിശിൽ കിടത്തും മുമ്പ് ചുവപ്പുകുപ്പായം താഴെ നിന്നും ചുരുട്ടി തലയിലൂടെ അവർ ഊരാൻ തുടങ്ങി. നിണച്ചാലുകളുടെ ചോരപ്പശയിൽ ദേഹത്തിൽ ഒട്ടിപ്പിടിച്ചുകിടന്ന കുപ്പായം അവർ ശക്തമായി വലിച്ചൂരി. ഉണങ്ങിക്കൂടിയ മുറിവുകളുടെ ഉറവക്കണ്ണുകൾ വീണ്ടും തുറന്ന് ശേഷിച്ച ചോര നാലുപാടും ഒഴുകിപ്പരന്നു.

ഉരിഞ്ഞെടുത്ത കുപ്പായം നടുവേയും കുറുകെയും കീറി നാലു കഷണങ്ങളാക്കി പടയാളികളിൽ ഓരോരുത്തരും ഓരോ ഭാഗം എടുത്തു. അതവരുടെ അവകാശമാണ്. എത്ര ക്രൂശാരോഹണം നടത്തിയിട്ടുണ്ടെന്ന തിനുള്ള ഒരു പരസ്യ തെളിവുകൂടിയാവാം ഇത്.

തങ്കദ്യുതി ചൂഴ്ന്ന സുഭഗദേഹം അസ്ഥികളെഴുന്ന് നിണത്തിൽ കുതി ർന്ന് ശോഷിച്ചവശമായിരിക്കുന്നു. കടുത്ത എതിർപ്പുകൾ മറന്ന് അമ്മയും ശിഷ്യസ്ത്രീകളും ഗോൽഗോഥായുടെ അങ്ങേയറ്റത്തുള്ള പാറക്കെട്ടിനടു ത്ത് എത്തിനിൽപ്പുണ്ട്.

ചുവന്ന കുപ്പായം കീറിമുറിച്ചു പങ്കുവച്ചു കഴിഞ്ഞു. ഇനിയുള്ളതു നീല മേലങ്കിയാണ്. യഹൂദന്റെ മേലങ്കി സാധാരണയായി രണ്ടുതുണികൾ



www.malankaralibrary.com

ചേർത്തു തയ്ച്ചുണ്ടാക്കുന്നതാണ്. എന്നാൽ ഇതു മുകൾതൊട്ട് താഴെവരെ ചേർപ്പില്ലാതെ ഒറ്റനെയ്ത്തിൽ നിർമ്മിച്ചത്. മഹാപുരോഹിതനു മാത്രമേ ഇത്തരം മേലങ്കിയുള്ളൂ. അതിനാൽ പടയാളികൾ പറഞ്ഞു: "നമുക്കിതു കീറണ്ടാ. പകരം നറുക്കിടാം. നറുക്കു വീഴുന്ന ആൾ ഇതെടുത്തു കൊള്ള ട്ടെ."

ഇവിടെ നിറവേറ്റപ്പെട്ടതു സങ്കീർത്തനത്തിലെ ഒരു പ്രവചനഭാഗം: "അവർ എന്റെ വസ്ത്രങ്ങൾ പങ്കുവച്ചെടുക്കുന്നു. എന്റെ അങ്കിക്കു വേണ്ടി നറുക്കിടുന്നു."

അരയിൽ ഒരു ചെറുമുണ്ടുടുപ്പിച്ച് പടയാളികൾ യേശുവിന്റെ കൈ കാലുകളിൽ പിടിച്ചുപൊക്കി കുരിശിൽ മലർത്തിക്കിടത്തി. എന്നിട്ടു കുറു കെയുള്ള തുലാത്തിന്റെ ഇരുവശത്തേക്കും ഇടതുകൈയ്യും വലതുകൈയ്യും വലിച്ചു നീട്ടി ഓരോരുത്തർ അമർത്തിപ്പിടിച്ചു. കുട്ടയിൽ നിന്നും കൂർത്തു കനത്ത നീളമുള്ള രണ്ടാണികൾ ഓരോ പടയാളിയും എടുത്തു. അതി വേദനയാൽ കാലുകൾ വലിച്ചു കുടയാതിരിക്കാൻ മൂന്നാമൻ കാലുകൾ അമർത്തിപ്പിടിച്ചു കുത്തിയിരുന്നു.

കാര്യങ്ങൾ വേഗം ചെയ്തു തീർക്കാൻ പടയാളികൾക്കു പ്രത്യേക ആജ്ഞ നല്കിയിട്ടുണ്ട്, ശതാധിപനായ ലോഞ്ചിനൂസ്. എന്നിട്ടു വേണം എല്ലാവർക്കും തിരിച്ചുപോയി പെസഹാ വിരുന്നൊരുക്കാൻ. അതിനാൽ മഹാപുരോഹിതന്മാരും സാൻഹെദ്രിൻ അംഗങ്ങളും അക്ഷമരായി കാത്തു നിൽക്കുകയാണ്. എങ്ങനെയെങ്കിലും ഇതു തീർത്തിട്ടു വേണം ദേവാലയ കർമ്മങ്ങൾക്കു നേതൃത്വം കൊടുക്കാൻ. എങ്കിലും യേശുവിന്റെ ശല്യം എന്നേയ്ക്കുമായി തീരാൻ പോകുന്നതോർത്ത് അവർ ആശ്വസിച്ചു.

പാറക്കെട്ടിനടുത്തു തളർന്നു ചാരി മൃതാവസ്ഥയിൽ നിൽക്കുന്ന അമ്മ യുടെയും സഹസ്ത്രീകളുടെയും അലമുറയ്ക്കിടയിൽ പടയാളികൾ ഉരു ക്കു മുഷ്ടികളിൽ ചുറ്റികകൾ വലിച്ചുയർത്തി. തളിർ പോലെ മൃദുലസുന്ദര ങ്ങളായ കൈവെള്ളകൾക്കുള്ളിൽ കുത്തിപ്പിടിച്ച ഇരുമ്പാണികളുടെ പരന്ന കുടയിൽ ചുറ്റികകൾ ആഞ്ഞുവീണു. ധമനികൾ തകർന്ന് ചുറ്റുപാടും ചോരചീറ്റി. അലറിക്കരഞ്ഞ് നാഥൻ ഞെളിഞ്ഞു പിരിഞ്ഞു. ആ പിടച്ചിലി ൽ കൈകൾ പറിച്ചെടുക്കാതിരിക്കാൻ നാലാമത്തെ പടയാളി നാഥന്റെ ഉദരഭാഗത്തു കയറിയിരുന്നു. മുന്നോട്ടാഞ്ഞ് തറയ്ക്കപ്പെട്ട കൈകൾ രണ്ടും അമർത്തിപ്പിടിച്ചു. ആണിക്കുട കൈവെള്ളയിൽ പറ്റിച്ചേരത്തക്കവി ധം വീണ്ടും അടിച്ചു താഴ്ത്തി. തല ഇടത്തോട്ടും വലത്തോട്ടും അതി ദ്രുതം തിരിച്ച് സഹിക്കാനാവാത്ത വേദനയോടെ മുഖം കോട്ടി കരയുകയാ



www.malankaralibrary.com

ണ്ണു നാഥൻ. ലോകത്തിന്റെ സർവ്വവേദനകളും ഒരു ശരീരത്തിലേക്ക് ഇര ച്ചൊഴുകിക്കൂടുകയല്ലേ!

കരുണയുടെ ഒരു കണം പോലും എങ്ങും കാണാനില്ല. ഉള്ളവർ ആരെങ്കിലുമുണ്ടെങ്കിൽ അവർക്കാർക്കും അടുക്കാനാവില്ല. അഗ്നി നിറയു ന്ന ഉദരത്തിലേക്ക് ഒരു നീർക്കണമിറ്റിക്കാൻ അവർക്കാവില്ല. പിഴകൾക്കതീ തനായ താൻ മഹാപരാധിയെപോലെ ശിക്ഷയേൽക്കേണ്ടത് ഈ സഹന പരമ്പരകളുടെ അന്ത്യയാമങ്ങളിൽ അനിവാര്യമായിരിക്കുന്നു.

കൈകൾ അടിച്ചുറപ്പിച്ച് പടയാളികൾ വീണ്ടും ആണിയുമായി പാദാ ന്തികത്തിലെത്തി. ഉപ്പൂറ്റികൾ മുകളിലേയ്ക്കു തള്ളി കാൽവെള്ളയുടെ മദ്ധ്യഭാഗം വീതിയുള്ള തടിയോടു ലംബമാകത്തക്കവിധം അമർത്തിപ്പിടിച്ച് മറ്റേ പാദം അതിനുമുകളിൽ വച്ച് ആണി അടിച്ചുകയറ്റി. കുരിശുയർത്തു മ്പോൾ ദേഹഭാരത്താൽ കൈപ്പത്തികൾ കീറി ശരീരം താഴേക്കു കുത്തി വീഴാതിരിക്കാൻ തുലാങ്ങളോടു ചേർത്തു കൈകൾ കയറുകൊണ്ടു കെട്ടി. കാൽപ്പാദത്തിനു തൊട്ടുതാഴെ ഒരു താങ്ങുപലകയും അടിച്ചുറപ്പിച്ചു. പീലാത്തോസ് മൂന്നു ഭാഷകളിലെഴുതിയ പലക കഴുത്തിൽ നിന്നും അഴിച്ച് തലയ്ക്കു മുകളിലായി തടിയിൽ തറച്ചു.

പിന്നെ മുകളിലും തുലാങ്ങളുടെ ഇരുപാർശ്വങ്ങളിലും വടംകെട്ടി. വടത്തിന്റെ മറ്റേ അറ്റങ്ങൾ ബലമായി പിടിച്ച് മൂന്നു പടയാളികൾ മുന്നിൽ നിന്നു. മറ്റുള്ളവർ കുരിശിന്റെ തലഭാഗം പൊക്കിക്കൊടുത്തു. അതനുസരി ച്ച് വടങ്ങൾ ശക്തമായി മുന്നോട്ടു വലിച്ചു. കുരിശിന്റെ കീഴ്ത്തല മൂന്നടി താഴ്ചയുള്ള ഇടുങ്ങിയ കുഴിയിലേക്ക് ആഞ്ഞുകുത്തി വീണു. അതിന്റെ ഉലച്ചിലിൽ ആണിത്തുളകൾ വലിഞ്ഞു കീറി. ഉൽക്കട വേദനയിൽപ്പോലും തന്റെ ജന്മത്തെ പരമപിതാവിൽ ഒരു മഹായാഗമായി സമർപ്പിക്കുകയാണ്. കൊള്ളക്കാരെ തറച്ച കുരിശുകളും ഇരുവശത്തായി ഉയർന്നു. അവർ മയക്കുമരുന്നു കുടിച്ചിട്ടും ദേഹമിളക്കി അലറുകയാണ്.

യേശുവിന്റെ മുഖം ഒരു വശത്തേക്കു തളർന്നു ചാഞ്ഞു. മിഴികളിൽ തെളിയുന്നത്, താഴെനിന്നാസ്വദിച്ചു തുള്ളിയാർത്തു ചിരിക്കുന്ന യഹൂദ ന്മാർ. ഹൃദയത്തിൽ പതിഞ്ഞ പ്രാർത്ഥന വരണ്ട തൊണ്ടയിലൂടെ ഉയർന്ന് ഉണങ്ങിയ ചുണ്ടുകളിലൂടെ ഒരു ഗദ്ഗദമായി ഒഴുകിവീണു.

"....പരമപിതാവേ...., ഇവർ..... എന്താണു ചെയ്യുന്നതെന്ന് ഇവർക്കറി യില്ല. അതിനാൽ ഇവരോടു പൊറുക്കേണമേ."

സഹോദരദ്രോഹങ്ങൾക്കു മുമ്പിൽ ഏഴേഴുവീതം എഴുപതു തവണ



www.malankaralibrary.com

ക്ഷമിക്കാൻ കല്പിച്ചവൻ അതിവിടെ പ്രായോഗികമാക്കിത്തരുകയാണ്.

അതു കേട്ട ഫരിസേയർ പുച്ഛഭാവത്തിൽ മുഖം കോട്ടി തല കുലുക്കി പിന്നിൽ കൈകൾ പിണച്ച് അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞ് ഇടയ്ക്കിടയ്ക്ക് തലവെട്ടിച്ച് കുരിശിലേക്കു നോക്കി പുലമ്പി.

"ഹൊ! പള്ളിപൊളിച്ച് മൂന്നുദിവസം കൊണ്ട് പുതുക്കിപണിയുമെന്നു പറഞ്ഞോനേ..., നിനക്കു കഴിയുമെങ്കിൽ ഒന്നു രക്ഷപ്പെട്. നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നൊന്നിറങ്ങി വാ."

അതുകേട്ടു കുലുങ്ങിച്ചിരിക്കാനും ആർപ്പുവിളിക്കാനും ഒരായിരം പേരുണ്ടായിരുന്നു. ഇടതുവശത്തെ കുരിശിൽ തൂങ്ങിക്കിടക്കുന്ന കള്ളനും ആ ചിരിയിൽ പങ്കുചേർന്നു. സകലരെയും തെറി പറഞ്ഞലറുന്നതിനിടയിൽ അയാൾ നാഥനെതിരെയും പുലമ്പി. എന്നാൽ വലത്തു വശത്തെ കള്ളൻ നിശ്ശബ്ദൻ. നന്മകൾ ആഗ്രഹിച്ചെങ്കിലും തിന്മകൾ മാത്രം ചെയ്യത്തക്കവിധം ശരീരം ദുർബ്ബലമായിപ്പോയവൻ. യേശു നിർമ്മലനാണെന്ന് അവനറിയാം. അദ്ദേഹത്തെ പരിഹസിക്കുന്നത് ദൈവനിന്ദയാണെന്നും. അതിനാൽ ഇടതു കള്ളനെ മുഖം തിരിച്ചുനോക്കി അവൻ ശാസിച്ചു.

"ഛെ! നിനക്കു ദൈവഭയമില്ലല്ലോ! നമ്മൾ രണ്ടുപേരും ശിക്ഷയ്ക്ക് അർഹന്മാരാണ്. എന്നാൽ ഈ മനുഷ്യൻ യാതൊരു തെറ്റും ചെയ്തിട്ടില്ല." അത്രയും പറഞ്ഞ് അവൻ യേശുവിനെ നോക്കി അപേക്ഷിച്ചു.

"കർത്താവേ, അങ്ങ് അവിടുത്തെ രാജ്യത്തിൽ ചെല്ലുമ്പോൾ പാപിയായ എന്നെ ഓർത്തുകൊള്ളണമേ...." വേദനയിൽ മുങ്ങിത്താണ നാഥൻ അവനു വാക്കുകൊടുത്തു.

"ഞാൻ.... സത്യമായി.... നിന്നോടു പറയുന്നു. നീ.... ഇന്ന് എന്നോടൊപ്പം.... പറുദീസായിൽ... ആയിരിക്കും."

ഇനി ഏതാനും നിമിഷങ്ങൾ മാത്രമേ ബാക്കിയുള്ളൂ. മിഴികൾ അടയും മുമ്പ് കുരിശിനു താഴെ ആരെയോ നാഥൻ തെരയുകയാണ്. മിഴികൾ ചെന്നെത്തുന്ന ഇത്തിരി അർദ്ധവൃത്തത്തിൽ ക്ലേശിച്ചു തല തിരിച്ചു നോക്കുന്നു. കുന്നിന്റെ അതിർത്തിയിൽ പാറക്കെട്ടിനരികിൽ വിധിയുടെ വാൾമുനക്കുത്തുകളേറ്റ് ഹൃദയം കീറി നുറുങ്ങി നിൽക്കുന്ന ആ രൂപം ചോര ഉറഞ്ഞ കണ്ണുകളിൽ തെളിഞ്ഞു. അമ്മ! നാഥന്റെ മിഴികൾ തുളുമ്പി. കണ്ണീർമണികൾ ഗോൽഗോഥായുടെ വരണ്ട നെഞ്ചിൽ വീണ് തകർന്നു ചിതറി. അമ്മയുടെ അരികിൽ സെബദിയുടെ ഭാര്യ സലോമിയുണ്ട്.



www.malankaralibrary.com

അഥവാ, ശിഷ്യസഹോദരങ്ങളായ യാക്കോബ്, യോഹന്നാൻ എന്നിവരുടെ അമ്മ. മഗ്ദലനമറിയമുണ്ട്. ശിഷ്യനായ ചെറിയ യാക്കോബിന്റെ അമ്മ യായ മറിയമുണ്ട്. അവർക്കു തൊട്ടരികിലായി സ്വശിഷ്യനായ യോഹന്നാനും. ഇടയൻ അടിയേറ്റിട്ടും ചിതറി ഓടാത്ത ഏക ആട്. കരളു തകർന്നുള്ള അവന്റെ നോട്ടം എത്ര ദാരുണം.

ക്രൂശിതന്റെ ഹൃദയം ലോകത്തിന്റെ രക്ഷയിലാണ് ഊന്നി നില്ക്കുന്നത്. താൻ പകർന്ന സുവിശേഷം ലോകാതിർത്തിയോളം, ലോകാന്ത്യത്തോളം പടർന്നുല്ലസിക്കണം. അതു മരുഭൂമികളിൽ കുളുർമ്മ പകരണം. അതിനുള്ള പദ്ധതികളാണ് ഈ അന്ത്യ നിമിഷത്തിൽപോലും നാഥന്റെ ഉള്ളിൽ. സ്വന്തം പെറ്റമ്മയെ ലോകത്തിന്റെ അമ്മയായി സമർപ്പിക്കാനാണു ദാഹം. ലോക നവീകരണത്തിനായി വേർതിരിച്ചെടുത്ത ശിഷ്യഗണത്തിന്റെ പ്രതിനിധിയായ യോഹന്നാനേയും പെറ്റമ്മയേയും നോക്കി നാഥൻ ക്ലേശത്തോടെ മൊഴിഞ്ഞു: "സ്ത്രീയേ, ഇതാ നിന്റെ പുത്രൻ."

സ്വപുത്രൻ വിടപറയുന്ന ഈ ദുഃസ്സഹനിമിഷത്തിൽ അമ്മ ഒരുൽക്കട രോദനത്തോടെ അരികിലുള്ള യോഹന്നാനെ കൈകൾ നീട്ടി സ്വീകരിച്ചു.

പിന്നെ യോഹന്നാനെ നോക്കി അതേപോലെ യേശു പറഞ്ഞു: "യോഹന്നാനേ, ഇതാ നിന്റെ അമ്മ."

അതുകേട്ട് പൊട്ടിക്കരഞ്ഞ് യോഹന്നാൻ അമ്മയുടെ നെഞ്ചിലേക്ക് ഒരു കൈക്കുഞ്ഞിനെ പോലെ പറ്റിച്ചേർന്നു.

തൂങ്ങിക്കിടന്നു കൈകാലുകളിലെ കീറൽ ക്രമേണ വളരുകയാണ്. അതിലൂടെ അവസാന തുള്ളി ചോരയും ഇറ്റിറങ്ങുകയാണ്. കെട്ടടങ്ങും മുമ്പ് ആളിക്കത്തുന്ന എണ്ണ വിളക്കു പോലെ മുഖം ഒന്നുണർന്നു.

ശേഷിക്കുന്ന ശേഷിയുടെ പിൻബലത്തിൽ അത്യുച്ചത്തിൽ വാവിട്ടു നിലവിളിച്ചു: "ഏലീ.... ഏലീ.... ലമാ സബക്താനി......."

കഴുത്തിലെ ഞരമ്പുകൾ മുഴുവൻ അതുച്ചരിച്ചപ്പോൾ എഴുന്നുനിന്നു.

സ്വന്തം സംസാരഭാഷയായ അരമായയിലാണ് പരമപിതാവിനെ വിളിച്ചത്. 'എന്റെ ദൈവമേ!, എന്റെ ദൈവമേ!.... എന്തുകൊണ്ട് അങ്ങെന്നെ ഉപേക്ഷിച്ചു കളഞ്ഞു?' എന്നാണ് അതിന്റെ അർത്ഥമെന്ന് പലർക്കുമറിയാം. അതു സങ്കീർത്തന ഭാഗമാണെന്നും അറിയാം.

പരമപിതാവുപോലും തന്നെ ഉപേക്ഷിച്ച് ഏകാന്തതയിലേക്കു വലി



www.malankaralibrary.com

ച്ചെറിഞ്ഞ ഭയാനകമായ അനുഭവം.

ജീവൻ വെടിയും മുമ്പ് ഈ സങ്കീർത്തനം മുഴുവൻ ഈ നിലയിൽ കിടന്ന് ഉച്ചരിക്കണമെന്ന് ആശ ഇല്ലാഞ്ഞല്ല. പക്ഷെ ഒരക്ഷരം ഇനി പറയാനാവാത്ത വിധം നാവു തളർന്നു പോയി.

എങ്കിലും അതിന്റെ ബാക്കിഭാഗം ആത്മാവിൽ ഉരുവിട്ടുകൊണ്ടു കിടന്നു.

"....എന്റെ വിലാപത്തിലും അപേക്ഷകളിലും നിന്ന് അങ്ങ് അകന്നു പോയിരിക്കുന്നു.
എന്റെ പിതാവേ, പകൽ ഞാൻ അങ്ങയെ വിളിച്ചു, അങ്ങുത്തരമരുളിയില്ല.
രാത്രിയിലും ഞാൻ നിലവിളിച്ചു, എനിക്കൊരാശ്വാസവും കിട്ടിയില്ല.
എന്നെ കാണുന്നവർ കൊഞ്ഞനം കുത്തുന്നു.
നിന്ദിച്ചു തലകുലുക്കുന്നു.
'കർത്താവിൽ ശരണം വച്ചെന്നു പറയുന്ന അവനെ കർത്താവു രക്ഷിക്കട്ടെ' എന്നവർ പുച്ഛിക്കുന്നു.
അനേകം നായ്ക്കൾ എന്നെ വളഞ്ഞിരിക്കുന്നു.
അവർ എന്റെ കൈകാലുകൾ തുളച്ചു.
എന്റെ അസ്ഥികളെല്ലാം അവർ എണ്ണി"

പക്ഷെ "ഏലീ... ഏലീ...." എന്ന നിലവിളിയുടെ അർത്ഥം ഗ്രീക്കു മാത്രം വശമുള്ള റോമാക്കാർക്കറിഞ്ഞു കൂടാ. അവർ പ്രതികരിച്ചു.

"ഓ! അവൻ ഇതാ ഏലിയായെ വിളിക്കുന്നു."

അർത്ഥമറിയാവുന്ന യഹൂദന്മാർ അതുകേട്ട് പൊട്ടിച്ചിരിച്ചു. ഇതിനോടകം മഹാപുരോഹിതന്മാരും സാൻഹെദ്രിൻ നേതാക്കളും തിരക്കുപിടിച്ച് ദേവാലയത്തിലേയ്ക്കു പാഞ്ഞു. ഇനിയൊന്നും ഭയപ്പെടാനില്ലല്ലോ.

നാഥന്റെ തൊണ്ട, ഉണങ്ങിയ ഓട്ടുകഷണം പോലെ വരണ്ടുണങ്ങി. നാവു തൊണ്ടക്കുഴിയിൽ പറ്റിച്ചേർന്നു. ചോരയും നീരും തീർത്തും നഷ്ടപ്പെട്ടു.

വീണ്ടും കേണുയാചിച്ചു: "എനിക്കു ദാഹിക്കുന്നു."

അവസാനത്തെ ആശയല്ലേ, സാധിച്ചു കൊടുത്തേക്കാം എന്നു കരുതി



www.malankaralibrary.com

ഒരു പടയാളി ഭരണി തുറന്ന് എന്തോ ദ്രാവകം പഞ്ഞിയിൽ കുതിർത്ത് നീളമുള്ളൊരു ഞാങ്ങണക്കമ്പിന്റെ അറ്റത്തു കെട്ടി ചുണ്ടുകൾക്കു നേരെ അടുപ്പിച്ചു. പരവശൻ, ആർത്തിയോടെ നാവുനീട്ടി. ഒരു തുള്ളി കഷ്ടിച്ചു നാവിൽപ്പറ്റിക്കാണും. ഉടൻ സഹഭടന്മാർ ചാടിവന്ന് കമ്പു തട്ടി മാറ്റി അലറി.

"കൊടുക്കരുത്. ഏലിയാ വന്ന് അവനെ രക്ഷിക്കുമോ എന്നു നോക്കാം."

എനിക്കു ദാഹിച്ചപ്പോൾ അവർ എനിക്കു കയ്പുനീർ കുടിക്കാൻ തന്നു എന്ന സങ്കീർത്തന പ്രവചനത്തിന്റെ സാഫല്യത്തികവിനു വേണ്ടിയായിരുന്നു ഇത്.

അതിനാൽ വീണ്ടും പറഞ്ഞു: "സകലതും ഇതാ പൂർത്തിയായി."

പെട്ടെന്നു ഭൂമിയുടെ പ്രകാശം മങ്ങി. സൂര്യൻ കറുത്തിരുണ്ടു. ക്രമേണ ഇരുട്ടിന്റെ കട്ടി കൂടി. ആർക്കും ഒന്നും കാണാൻ പറ്റുന്നില്ല. ആദിമദ്ധ്യാന്തജനാവലിയുടെ തിന്മകൾ മുഴുവൻ കനത്തുകൂടി തന്നിൽ വന്നു നിറയുകയല്ലേ. കൂരിരുട്ടു ദീർഘിക്കുകയാണ്. പഴയനിയമത്തിന്റെ സൂര്യൻ ഈ മദ്ധ്യാഹ്നത്തിൽ കെട്ടടങ്ങുകയാണ്. പുതിയ നിയമത്തിന്റെ സൂര്യൻ ഇനി ഉദിച്ചുയരണം. കൂരിരുട്ടിൽപ്പെട്ടു ജനം പരിഭ്രാന്തരായി.

അത്യുഷ്ണവും അതിശൈത്യവും യേശുവിന്റെ ശരീരത്തിൽ മാറി മാറി അനുഭവപ്പെടുന്നു. ജ്വരത്തിന്റെ ലക്ഷണം. പാദം മുതൽ ഉച്ചിവരെ ദേഹം ഒന്നു കിടുകിടുത്തു. ചോര തീർന്ന് ശരീരം വിളറിവെളുത്തു.

മിഴികൾ ഉയർന്നു. ഇത്തിരി ശ്വാസത്തിനു വേണ്ടി പാടുപെട്ടു നെഞ്ചുയർത്തി വലിയ സ്വരത്തിൽ നിലവിളിച്ചു.

"പിതാവേ......, അവിടുത്തെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ.... ഇതാ..... സ... മ... ർ... പ്പി... ക്കു... ന്നു..."

ശിരസ് ഒരു വശത്തേക്കു ചരിഞ്ഞു താണു. ഒന്നു പിടഞ്ഞു. ചേതന പരമപിതാവിലേക്കു പറന്നുയരുകയായിരുന്നു.



www.malankaralibrary.com

# മുപ്പത്താറ്

കൊന്നുകളഞ്ഞാൽ സ്വസ്ഥമായി എന്നുകരുതിയവർക്കെല്ലാം പിഴയ്ക്കുകയാണ്. പ്രശ്നങ്ങൾ ഒന്നൊന്നായി തലപൊക്കിത്തുടങ്ങി. ആദ്യം സൂര്യനിരുണ്ടു. നട്ടുച്ചയ്ക്ക് കൂരിരുൾ പരന്നു. മരണനിമിഷത്തിൽത്തന്നെ അതിഭയങ്കരമായൊരു സ്ഫോടനധ്വനി കേട്ടു. അവിടെമാകെ കുലുങ്ങി വിറച്ചു. കാൽവരിയിലെ കൂറ്റൻ കരിമ്പാറക്കെട്ടുകൾ ഭൂകമ്പത്തിൽ പിളർന്നു പോയി. ശവക്കല്ലറകൾ താനേ തുറന്നു. അതിൽക്കിടന്ന അസ്ഥിപഞ്ജരങ്ങളിൽ മാംസവും ചോരയും തുടിച്ചു. ജീവൻകിട്ടി അവ പഴയമനുഷ്യരായി ശവക്കുഴിയിൽ നിന്നെഴുന്നേറ്റു നടന്നു. ലാസറിനെ ഉയിർപ്പിച്ചവന്റെ പേരിൽ ജനപ്രീതി കൂടുമെന്നു ഭയന്നു കഴുവിലേറ്റി കൊന്നിട്ടും മരിച്ചവരെ ജീവിപ്പിക്കുന്ന യേശുവിനെ ഓർത്ത് ഫരിസേയർ നടുങ്ങി.

ജറുസലേം ദേവാലയത്തിലെ അതിവിശുദ്ധസ്ഥലവും മദ്ബഹായും തമ്മിൽ വേർതിരിക്കുന്ന ചിത്രത്തുന്നലുകളുള്ള പട്ടു തിരശ്ശീല മുകൾ മുതൽ അടിവരെ ഒത്തനടുവിലൂടെ താനേ രണ്ടായി വലിച്ചു കീറിമാറ്റിയിരിക്കുന്നു. അതിവിശുദ്ധ സ്ഥലത്തു ബലിമൃഗച്ചോര തളിച്ചുകൊണ്ടുനിന്ന മഹാപുരോഹിതൻ ഈ തിരശ്ശീല സ്വയം കീറി മാറുന്നതു കണ്ട് അലറിവിളിച്ച് മദ്ബഹായിലേക്കും അവിടെ നിന്നു പുരോഹിതമണ്ഡപത്തിലേയ്ക്കും ഭയന്നു ചാടിയിറങ്ങി. തങ്ങളെ സംബന്ധിച്ച് എന്തോ ദുഃസൂചനയാണിതെന്നു വ്യക്തം. ഇതര പുരോഹിതരേയും ഉടൻ ഇതു വിളിച്ചു കാട്ടി. സകലരും നടുങ്ങി. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള വേർതിരിവിന്റെ മറയാണിവിടെ യേശുവിന്റെ മരണത്തിലൂടെ ചീന്തപ്പെട്ടിരിക്കുന്നത്. അതോ, മുകളിൽ നിന്നു താഴോട്ട്. അതായത് സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേയ്ക്ക്. യഹൂദചരിത്രത്തിൽ ഇന്നാദ്യമായി ദൈവത്തിന്റെ ഇരിപ്പിടമെന്നു കരുതപ്പെടുന്ന അതിവിശുദ്ധ പേടകസ്ഥലം സകലരുടേയും കൺമുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട വർഗ്ഗമെന്നു വിശ്വസിച്ചു പോരുന്ന യഹൂദനു മാത്രമല്ല, പുറജാതി മണ്ഡപങ്ങളിൽ പരിത്യക്തരായി കഴിയുന്നവർക്കുപോലും ഇപ്പോൾ എന്താണ് അതിവിശുദ്ധസ്ഥലമെന്ന് വ്യക്തമായി കാണാം. പരിച്ഛേദനകർമ്മം നടത്താത്ത വിജാതീയനും ശുദ്ധിയില്ലാത്തവരെന്നു യഹൂദർ മുദ്രകുത്തി പുറന്തള്ളിയവർക്കും ഇന്നിവി



www.malankaralibrary.com

ടം പ്രാപ്യമായിരിക്കുന്നു.

എന്താണിതിനർത്ഥം? ഫരിസേയർ നടുക്കത്തോടെ കൂടിയാലോചിച്ചു. ബലിമൃഗങ്ങളെ കുരുതിചെയ്ത് വർഷന്തോറും ആചരിച്ചു പോരുന്ന ഈ പാപപരിഹാരബലിയുടെ പ്രസക്തി നഷ്ടപ്പെടുന്നുവെന്നോ? എങ്കിൽ ഫരിസേയപുരോഹിത വർഗ്ഗത്തിന്റെ ഗതി അപകടത്തിൽത്തന്നെ. എന്നാൽ ഇതിനെതിരെ ആരോട് പൊരുതാൻ! അഥവാ ഇതിനു കാരണക്കാരൻ ജീവിച്ചിരുന്നപ്പോഴെന്നപോലെ മരിച്ചു കഴിഞ്ഞും ശല്യം തുടരുന്നുവെന്നോ? എങ്കിൽ അതോർക്കാനേ വയ്യ.

ഈ വിസ്മയപരിണാമങ്ങളെല്ലാം മരണനിമിഷത്തിൽത്തന്നെ സംഭവിച്ചു. അതുകണ്ട ഒറ്റക്കണ്ണൻ ശതാധിപൻ ലോഞ്ചിനൂസിന്റെ മട്ടും ഭാവവും പെട്ടെന്നുമാറി. മറ്റൊരു ലോകത്തു ചെന്നെത്തിയ പ്രതീതിയിൽ സ്വയമറിയാതെ ആവേശഭരിതനായി അയാൾ വിളിച്ചുപറഞ്ഞു: "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനാണ്."

മണിക്കൂറുകളായി കാത്തുനിന്നവർ മരണത്തെത്തുടർന്നുണ്ടായ പ്രക്രൃതിക്ഷോഭത്തിൽ ഭയന്നു ചിതറിയോടി. ഗോൽഗോഥായിൽ ഇനി അവശേഷിക്കുന്നത് പടയാളികളും അമ്മയും ശിഷ്യസ്ത്രീകളും യോഹന്നാനും മാത്രം.

പക്ഷെ ഫരിസേയരിൽ ചിലർ അവിടേക്കു തിരിച്ചോടിയെത്തി.

ഇന്നത്തെ സൂര്യാസ്തമനത്തോടെ ശാബത്ത് ആരംഭിക്കുകയാണല്ലോ. അതിനുമുമ്പ് ശവശരീരം മറവു ചെയ്യണമെന്ന് ആവർത്തനപുസ്തകത്തിൽ നിയമമുണ്ട്. അല്ലെങ്കിൽ ഈ ദേശത്തിനു പൊതുവേ അതു ശാപകാരണമാകും. ഇക്കാര്യം അവർ ഇപ്പോഴാണ് ഓർത്തത്.

സാബത്തല്ലെങ്കിൽ ശവം കുരിശിൽത്തന്നെ കിടത്താം. വിജനതയിലാണെങ്കിൽ കുരിശിൽ കിടന്നു തന്നെ ശവം ചീഞ്ഞളിഞ്ഞു നശിച്ചുകൊള്ളും. അല്ലെങ്കിൽ കഴുകന്മാർ തിന്നു തീർത്തുകൊള്ളും.

സാബത്തിനു മുമ്പ് ക്രൂശിതർ മരിച്ചില്ലെങ്കിൽ എന്തുചെയ്തും അവരെ കൊല്ലും. ശ്വാസം മുട്ടിച്ചാകാനായി കുരിശിനു കീഴിൽ തീകത്തിച്ചു പുകയ്ക്കും. അല്ലെങ്കിൽ കാലുകൾ വെട്ടിമുറിച്ചെറിയും. വൻ ഞരമ്പുകൾ അറ്റ്, ശേഷിക്കുന്ന ചോര മുഴുവൻ വാർന്നൊഴുകി പെട്ടെന്നു മരിക്കും.

ഗോൽഗോഥായിൽ പടയാളികൾ ക്രൂശിതരുടെ മരണം ഉറപ്പാക്കുക



www.malankaralibrary.com

യാണ്. രണ്ടു കള്ളന്മാരും ഇപ്പോഴും അലറി വിളിച്ചു കിടക്കുന്നതേയുള്ളൂ. യേശുവിനെപോലെ അവർ ക്രൂരഭേദ്യങ്ങൾക്ക് ഇരയായിരുന്നില്ല. പടയാളികൾ വാളൂരി, കരഞ്ഞുവിളിക്കുന്ന കൊള്ളക്കാരുടെ കാലുകൾ, മുട്ടുകളിൽ വെട്ടി വേർപെടുത്തി.

യേശു മുമ്പേ മരിച്ചെന്ന് അവർക്കുറപ്പുണ്ട്. എങ്കിലും സ്ഥിരീകരിക്കേണ്ടതു അവരുടെ കടമയാണ്. അതിനാൽ വലത്തുവശത്തു നിന്ന പടയാളി കുന്തമുയർത്തി യേശുവിന്റെ നെഞ്ചിൽ ആഞ്ഞൊരു കുത്ത്. കുത്തുകൊണ്ടതു വലതു നെഞ്ചിലാണെങ്കിലും ചങ്കിനെ പൊതിയുന്ന ആവരണം ഭേദിച്ച് ഹൃദയത്തിന്റെ വലതുവശത്തുള്ള മുകളിലെ അറയിലേയ്ക്ക് കുന്തമുന മുഴുവൻ തുളഞ്ഞു കയറി. അപാരവേദനയാൽ പൊട്ടിപ്പിളർന്നു പോയ ചങ്കിൽ ഊറിക്കൂടിക്കിടന്ന ഒരിത്തിരി ചോരയും നീരും കുന്തദ്വാരത്തിലൂടെ താഴേക്ക് ഒഴുകി വീണു. അതിലൊരു തുള്ളി, മേലേയ്ക്കു നോക്കി നിന്ന ശതാധിപനായ ലോഞ്ചിനൂസിന്റെ പൊട്ടക്കണ്ണിൽ വീണു. ജന്മനാൽ അന്ധമായ ആ ഒറ്റക്കണ്ണ് പെട്ടെന്ന് പൊട്ടിവിടർന്നു. മറ്റേക്കണ്ണിലെന്ന പോലെ തെളിച്ചമുള്ള കാഴ്ചകൾ ആ കണ്ണിലും പൂത്തു തുടങ്ങി. നിറമിഴികളോടെ തന്റെ ദുഷ്ക്കർമ്മജന്മത്തെ ശപിച്ച് നാഥന്റെ ദൈവത്വത്തെ വീണ്ടും പ്രകീർത്തിച്ച് അയാൾ വിസ്മയത്തോടെ ക്രൂശിതന്റെ മുമ്പിൽ നിന്നു.

ഇതുവരെ കാണാത്ത ഒരതിവിശുദ്ധഭാവം യേശുവിൽ അയാൾ ദർശിക്കുകയാണ്. തന്നെ വാരിപ്പുണരാൻ ഇരുകരങ്ങളും വശങ്ങളിലേക്കു വിരിച്ചു നില്ക്കുന്ന നാഥൻ!

തനിക്കൊരുമ്മ തരാൻ അതാ മുഖം താഴ്ത്തി നിൽക്കുന്നു. സ്നേഹത്തിന്റെ അനന്ത ലോകത്തിലേയ്ക്കു തന്നെ ആനയിക്കാൻ ആ ഹൃദയം തുറന്നു തന്നിരിക്കുന്നു!

മൂവരുടെയും മരണം ഉറപ്പാക്കിക്കഴിഞ്ഞു. ഇനി ജഡങ്ങൾ കുരിശിൽ നിന്നും താഴെയിറക്കണം. അതു വളരെ ശ്രമകരമായൊരു പണിതന്നെ. കാരണം പ്രകൃതിക്ഷോഭത്തെ തുടർന്ന് സകലരും ഭയന്നോടി മറഞ്ഞു. റോമാപ്പടയാളികൾ കൂട്ടത്തോടെ ദേവാലയത്തിലേക്കുപോയി ജനലക്ഷങ്ങൾക്കിടയിൽ ജാഗ്രത പുലർത്തുന്നു. ഇനി അവിടെ ജോലിക്കാരായി അവശേഷിക്കുന്നത് ശതാധിപനായ ലോഞ്ചിനൂസും അയാളുടെ സേവകരായ നാലു പടയാളികളും. ഈ സാഹചര്യത്തിൽ ജഡഭാരം പേറുന്ന വലിയ കഴുകുമരം പിഴുതു താഴ്ത്തുവാനുള്ള ആൾബലമില്ല. അതിനാൽ അവർ ഒരു മാർഗ്ഗം കണ്ടെത്തി. കുരിശിൽ ഗോവേണി കുത്തിച്ചാരി അതു



www.malankaralibrary.com

വഴി കനത്ത ഒരു കയറുമായി ഒരാൾ മുകളിലെത്തി. നാഥന്റെ നെഞ്ചിനു താഴെയായി കയറിന്റെ ഒരറ്റം എടുത്ത് വട്ടത്തിൽക്കെട്ടി. കയറിന്റെ നീണ്ട ഭാഗം മുകളിലെ തുലാത്തിൽ ഒന്നുചുറ്റി പിന്നിലേക്കു താഴ്ത്തിയിട്ടു. താഴ്ത്തിയ അറ്റം നിലത്തുനിന്ന ഒരാൾ മുറുകെപിടിച്ചു. പിന്നെ ഗോവേണിയിൽ നിന്നുകൊണ്ട് കൈകളിലെ ആണികൾ തല്ലിയൂരി. വിരിച്ചുനിന്ന ഇരുകരങ്ങളും ഇപ്പോൾ ശരീരത്തോട് ചേർന്നുകിടന്ന് വായുവിൽ അങ്ങോട്ടുമിങ്ങോട്ടും ആടി. കഴുത്തു കുത്തിവളഞ്ഞ്, മുഖം നെഞ്ചോടു മുട്ടിക്കിടക്കുന്നു. ഭടൻ താഴെയിറങ്ങി കാലുകളിലെ ആണിയും ഊരി. ഇപ്പോൾ ദേഹം പൂർണ്ണമായും കയറിൽത്തൂങ്ങിക്കിടക്കുകയാണ്. പിന്നിൽ നിന്ന പടയാളി കയർ സാവധാനം അയച്ചുകൊണ്ടിരുന്നു. കണങ്കാലുകൾ നിലത്തുമുട്ടി മടങ്ങിത്തുടങ്ങിയപ്പോൾ മറ്റുള്ളവരും ചേർന്നുതാങ്ങി. നിലത്തു കിടത്താൻ തുടങ്ങവേ, 'അരുതേ' എന്നപേക്ഷിച്ച് കേണു തളർന്ന അമ്മ കുരിശിനു തൊട്ടുതാഴെ ഓടിയെത്തി, മുട്ടുകുത്തിയിരുന്നു. ഒരു കൈക്കുഞ്ഞിനെ എന്നപോലെ നാഥനെ മടിയിൽ കിടത്താൻ കൊതിക്കുകയാണാ അമ്മ.

അപ്പോഴേക്കും രണ്ടുപേർ പാഞ്ഞുവരുന്നു. അരിമഥ്യാ ദേശക്കാരനായ യൗസേഫും നിക്കദമൂസും. നിക്കദമൂസിന്റെ കയ്യിൽ വലിയൊരു പൊതിക്കെട്ടുണ്ട്. പ്രഭുകുടുംബങ്ങളിൽ നിന്നുള്ള ഇരുവരും സാൻഹെദ്രിൻ അംഗങ്ങളുമാണ്. അതിലുപരി നാഥന്റെ രഹസ്യശിഷ്യന്മാരും.

അവർക്കറിയാം, യഹൂദന്മാരുടെ ശവം റോമാപ്പടയാളികൾ മലഞ്ചെരുവിലെ കുറ്റിക്കാട്ടിലേക്കു വലിച്ചെറിഞ്ഞുകളയുകയേയുള്ളൂ. അല്ലെങ്കിൽ കെദ്രോണിന്റേയോ ഗേഹന്നയുടെയോ വിജനമഹാഗർത്തങ്ങളിലെ പാറക്കെട്ടുകളിലേയ്ക്ക്. തങ്ങളുടെ ആത്മനാഥന്റെ ദേഹത്തിന് ഈ ദുർഗതി വന്നു ഭവിക്കരുതെന്ന് അവർക്കാശയുണ്ട്. അതിനാൽ ഇരുവരും പ്രിത്തോറിയത്തിൽ പോയി പീലാത്തോസിനെ കണ്ടിട്ടാണു വരുന്നത്. നാഥന്റെ ദേഹം സംസ്ക്കരിക്കാനുള്ള അനുവാദത്തിനു വേണ്ടിയാണു പ്രിത്തോറിയത്തിൽ പോയത്. സമ്മതം കിട്ടുകതന്നെ ചെയ്തു.

ഇനി കഷ്ടിച്ച് ഒരു മണിക്കൂർ കഴിയുമ്പോൾ ശാബത്ത് ആരംഭിക്കും. അതിനുള്ളിൽ വേഗം ജഡം സംസ്ക്കരിക്കണം. പുതിയൊരു ശവക്കുഴി വെട്ടാൻ നേരമില്ല. ഭാഗ്യത്തിന് അതിന്റെ ആവശ്യവുമില്ല. കാൽവരിയുടെ തൊട്ടടുത്ത പറമ്പ് ഈ അരിമഥ്യാക്കാരൻ യൗസേഫിന്റേതാണ്. പാറക്കെട്ടു നിറഞ്ഞ പറമ്പുതന്നെ. അതിൽ നിറയെ ഒലിവും അത്തിയും പന്തലിച്ചു നിൽക്കുന്നു. അതിലൊരു പാറതുരന്ന് ഈയിടെ പുതുതായി പണിതീർത്ത



www.malankaralibrary.com

കല്ലറയുണ്ട്. സ്വന്തം ശവസംസ്കാരത്തിനായി യൗസേഫ് തീർത്തതാണ്. നാഥനെ അതിനുള്ളിൽ അടക്കാനാണ് ഇരുവരുടെയും ശ്രമം. കാൽവരിയിലെ കൂറ്റൻ കരിമ്പാറ ഭൂകമ്പത്തിൽ പിളർന്നു മാറിയിട്ടും തൊട്ടടുത്ത പറമ്പിലെ ഈ ശ്മശാനപ്പാറയ്ക്ക് യാതൊരു കേടും വരാതിരുന്നത് എത്രയോ ഭാഗ്യം!

കാൽവരിയിലെത്തിയ ഉടൻ അവർ അമ്മയുടെ മടിയിൽ നിന്നും നാഥന്റെ ജഡം ഏറ്റുവാങ്ങി നല്ലൊരു കട്ടിപ്പായിൽ കിടത്തി. അമ്മ കുനിഞ്ഞ് പുത്രവദനത്തിൽ അമർത്തിപ്പിടിച്ചൊരു ഉമ്മവച്ചു. പിന്നാലെ കണ്ണീരണിഞ്ഞ യോഹന്നാനും. ദേഹമാസകലം കട്ടപിടിച്ച ചോരയും വിയർപ്പും പൊടിയും. അതെല്ലാം പഞ്ഞികൊണ്ട് തുടച്ചുവെടിപ്പാക്കി. മേൽത്തരം വാസനദ്രവ്യം പൂശി. യൗസേഫ് കരുതിക്കൊണ്ടുവന്ന വിലകൂടിയ വെള്ളലിനൻ തുണി നിവർത്തി ശരീരം നന്നായി പൊതിഞ്ഞു. അതും സ്വന്തം ശവസംസ്കാരത്തിനായി യൗസേഫ് നേരത്തേ വാങ്ങി വീട്ടിൽ വച്ചിരുന്നതാണ്.

പിന്നൊട്ടും വൈകിയില്ല. പായയിൽ വച്ചുതന്നെ നാഥനെ ഭംഗിയായി പൊതിഞ്ഞു. അമ്മയും അവിടെയുണ്ടായിരുന്ന ശിഷ്യരും ചേർന്ന് പാദം മുതൽ ശിരസുവരെ താങ്ങി കൈകളിലേറ്റു. പിന്നെ അടുത്ത പറമ്പിലേയ്ക്കു സംവഹിച്ചു. അവിടെയെത്തിയ ഉടൻ നിഖദമൂസ് ഓടിച്ചെന്നു പാറക്കുഴി ഒന്നുകൂടി തുടച്ചു വൃത്തിയാക്കി. താൻ ജറുസലേം ചന്തയിൽ നിന്നു വാങ്ങിക്കൊണ്ടുവന്ന നൂറോളം റാത്തൽ വരുന്ന വാസനക്കൂട്ടുകൾ നിഖദമൂസ് അതിനുള്ളിൽ വാരി നിരത്തി.

വിതുമ്പലോടെ മാതാവു പാടിത്തുടങ്ങിയ സങ്കീർത്തനത്തിന്റെ ബാക്കി പാദങ്ങൾ സകലരും ചേർന്നാലപിച്ചുകൊണ്ട് നാഥന്റെ ദേഹം വലിയ പാറത്തുരങ്കത്തിലേയ്ക്കു പൂർണ്ണമായും കയറ്റി വച്ചു.

എല്ലാത്തിനും സാക്ഷികളായി റോമാ ശതാധിപനും പടയാളികളും. അവരുടെ സഹായത്തോടെ വയസ്സരായ നിക്കദമൂസും അരിമഥ്യാക്കാരൻ യൗസേഫും യോഹന്നാനും ചേർന്ന് കൂറ്റൻ കവാടക്കല്ല് ബദ്ധപ്പെട്ടുരുട്ടി തുരങ്കവാതിൽ അടച്ചുവച്ചു.



www.malankaralibrary.com

# മുപ്പത്തേഴ്

പ്രേതാലയത്തിനു ശക്തമായ കാവൽ. അതു വേണമെന്നു ശഠിച്ചതു സാൻഹെദ്രിൻ സംഘം. അവർ അധികവും ഫരിസേയരല്ല, സദുക്കായരാണ്! അതായത് ആത്മാവിലോ ഉയർത്തെഴുന്നേല്പിലോ മരണാനന്തര ജീവിതത്തിലോ വിശ്വാസമില്ലാത്തവർ! നസ്രായന്റെ ശല്യം തീർന്നെന്നു കരുതി ആശ്വസിക്കാൻ തുടങ്ങുകയായിരുന്നു അവർ. പക്ഷെ പെട്ടെന്നാണൊരു കാര്യം ഓർത്തത്. യേശു പലപ്പോഴും ആവർത്തിച്ചിരുന്ന ഒരു വാക്യം.

'നിങ്ങൾ കൊന്നോളൂ, പക്ഷെ മൂന്നാം ദിനത്തിൽ ഞാനുയിർത്തെഴുന്നേല്ക്കും.' പൊങ്ങച്ചക്കാരന്റെ വെറും ജല്പനമാണിതെന്ന് അവർ കരുതി. എന്നാലിതു സത്യപ്രസ്താവനയായിരുന്നെന്നു ജനത്തെ ബോദ്ധ്യപ്പെടുത്താൻ യേശുവിന്റെ ശിഷ്യന്മാർ എന്തെങ്കിലും കുതന്ത്രങ്ങൾ പ്രയോഗിച്ചാലോ? രാത്രിയിലോ മറ്റോ ഒളിച്ചുവന്നു ഗുഹയിൽ നിന്നും അവർ ശവം എടുത്തു മാറ്റിയാലോ? അങ്ങനെ യേശു ഉയിർത്തെഴുന്നേറ്റു എന്ന് കള്ളം പറഞ്ഞുപരത്തിയാലോ? എങ്കിൽ യേശു ജീവിച്ചിരുന്നപ്പോഴുണ്ടായതിനേക്കാൾ വലിയ പ്രശ്നങ്ങളാണ് ഈ കിംവദന്തിമൂലം തങ്ങൾക്കുണ്ടാവാൻ പോകുന്നത്. അതിനാൽ പ്രേതാലയത്തിനു ശക്തമായ കാവൽ അത്യാവശ്യം. അങ്ങനെ അവർ തിരിക്കുപിടിച്ച് പ്രിത്തോറിയത്തിലേയ്ക്കു പാഞ്ഞു. സാബത്ത് ആരംഭിച്ചിരിക്കയാൽ അൻപതു വാരയിലേറെ നടക്കാൻ പാടില്ലെന്ന നിയമം പോലും ഉപേക്ഷിച്ചു കൊണ്ടുള്ള പുറപ്പാട്. ക്രൂശീകരണം നടത്തിയത് റോമാപ്പടയാളികളാണ്. അതിനാൽ കാവൽ നിൽക്കേണ്ടതും അവർ തന്നെ.

സാൻഹെദ്രിൻ സംഘത്തിന്റെ ആഗമനം അറിഞ്ഞ പീലാത്തോസ് നിസ്സംഗനായി പുറത്തേയ്ക്കിറങ്ങി നിന്നു. ഈർഷ്യഭാവം കനത്ത മുഖത്തോടെ ദേശാധിപൻ കാര്യം തെരക്കാനെന്നവണ്ണം ചോദ്യരൂപത്തിൽ അമർത്തിമൂളി.

അവർ ആവശ്യം ഉന്നയിച്ചു.

പീലാത്തോസിന്റെ പുരികക്കൊടികൾ ഉയർന്നു. അരിശപ്പെട്ടു മുഖം



www.malankaralibrary.com

വെട്ടിത്തിരിച്ചു പിൻവാങ്ങി, പ്രിത്തോറിയത്തിലേക്കു നടക്കുന്നതിനിടയിൽ ശബ്ദിച്ചു: "കാവൽക്കാർ നിങ്ങൾക്കുമില്ലേ? വേണമെങ്കിൽ അവരെ പിടിച്ചു കാവൽ നിർത്ത്."

അങ്ങനെയാണ്, പുനരുത്ഥാനത്തിൽ വിശ്വാസമില്ലാതിരുന്നിട്ടും സദൂക്കായർ കാവൽക്കാരെ നിയോഗിച്ചത്. കാവൽ നിൽക്കുന്നതോ, ശൂരന്മാരായ യഹൂദപ്പടയാളികൾ. പക്ഷെ അതുകൊണ്ടും സാൻഹെദ്രിൻ സംഘം തൃപ്തമായില്ല.

അരിമഥ്യാക്കാരന്റെ പറമ്പിലാണു ശവകുടീരം. അയാളും നിക്കദമൂസും ചേർന്നാണു ശവം അടക്കിയത്. അവർ ഇരുവരും സാൻഹെദ്രിൻ അംഗങ്ങളായിട്ടും യേശുവിനെതിരെയുള്ള വിചാരണവേളകളിൽ ഒരിക്കൽ പോലും പങ്കെടുത്തിരുന്നില്ല. മാത്രമല്ല, ഇരുവരും യേശുവിന്റെ രഹസ്യ ശിഷ്യന്മാരാണെന്നും തങ്ങൾക്കറിയാം. പോരാത്തതിന് ധനാഢ്യരും. അവർ രാത്രിയിൽച്ചെന്ന് കാവൽപ്പടയാളികൾക്ക് കൈനിറയെ കൈക്കൂലി പണം കൊടുത്ത് ശവം എടുത്തുമാറ്റിയാലോ? അതുണ്ടാകാതിരിക്കാൻ ശവഗുഹയുടെ വാതിൽക്കൽ ഉരുട്ടിവച്ചിരിക്കുന്ന കൂറ്റൻ കല്ലിനുചുറ്റും മുദ്ര വയ്ക്കുക. അതും ചെയ്തു.

അങ്ങനെ രണ്ടു രാവും ഒരു പകലും പടയാളികൾ മാറി മാറി കാവൽ തുടർന്നു. പക്ഷെ, ഞായറാഴ്ച്ച ഇരുൾ മാറാത്ത പ്രഭാതത്തിൽ ക്ഷീണാധിക്യത്താൽ അവരൊന്നുറങ്ങിപ്പോയി. അതിഭയങ്കരമായൊരു സ്ഫോടന ധ്വനി കേട്ടാണവർ ഉണർന്നത്. മിനിഞ്ഞാന്ന് ഉച്ചകഴിഞ്ഞ് കാൽവരിയിലുയർന്ന അതേ ശബ്ദം. ഭൂമി കിടുങ്ങി. അലറി വിളിച്ചു പിടഞ്ഞെണീറ്റ പടയാളികളുടെ ഭയചകിതദൃഷ്ടികളിൽ തീവട്ടികളുടെ വെട്ടത്തിൽ ആദ്യം കണ്ടത് മലർക്കെ തുറന്നു കിടക്കുന്ന പ്രേതാലയം. അതു വാപിളർന്നു തങ്ങളെ വിഴുങ്ങാൻ കിടക്കുന്നതുപോലൊരു തോന്നൽ. അവിടവിടെ കുത്തി നാട്ടിയ തീപ്പന്തങ്ങൾ വലിച്ചൂരി അവർ വിറയലോടെ ഗുഹാന്തരത്തിലേയ്ക്കു വെളിച്ചം വീഴ്ത്തി നോക്കി. വെറും ശൂന്യം.

തങ്ങളൊന്നു മയങ്ങാൻ തുടങ്ങിയതേയുള്ളൂ അപ്പോഴേയ്ക്കും മുദ്ര ഭേദിച്ച് കൂറ്റൻ വാതിൽക്കല്ലു തള്ളിക്കളഞ്ഞ് ശവം എടുത്തോടാൻ ഏതു ശക്തിമാൻ ഇവിടെ വന്നു!

ഇനി ഇവിടെ നിന്നാൽ അപകടമാണ്. അവർ ഉൾക്കിടിലത്തോടെ തോട്ടത്തിൽ നിന്നും ഇറങ്ങി ഓടി. കാൽവരിമലയുടെ താഴെയുള്ള പെരുവഴിയിലൂടെ നഗരകവാടവും കടന്ന് സാൻഹെദ്രിൻ സഭയെ ലക്ഷ്യം വച്ച്



www.malankaralibrary.com

സംഭ്രമത്തോടെ പറഞ്ഞു.

ഇതേ നേരത്തുതന്നെയാണ് ദുഃഖാർത്തരായ മൂന്നു സ്ത്രീകൾ അവിടെത്തിയത്. മഗ്നലന മറിയവും യാക്കോബിന്റെ അമ്മയായ മറിയവും സെബദിയുടെ സഹധർമ്മിണിയായ ശലോമിയും. മഗ്ദലനമറിയത്തിന്റെ കയ്യിലെ തൂക്കുവിളക്കിന്റെ വെട്ടത്തിൽ അവരുടെ കരഞ്ഞു വാടിയ മുഖങ്ങൾ കാണാം. ഭക്ഷണമോ, നിദ്രയോ ഇല്ലാതെ ജീവച്ഛവങ്ങളായിത്തീർന്നിരിക്കുന്നു. മൂവരുടെയും കയ്യിൽ ഓരോ പൊതിക്കെട്ട്.

യഹൂദാചാരപ്രകാരം സംസ്ക്കാരത്തിനു മുമ്പ് മൃതദേഹം പരിമളദ്രവ്യങ്ങളാൽ പൊതിയണം. അതു നിക്കദമൂസും അരിമഥ്യാക്കാരനും ചെയ്തുകഴിഞ്ഞു. എന്നാൽ തങ്ങളുടേതായി ഒന്നും ചെയ്യാൻ അപ്പോൾ കഴിയാതെ പോയി. കാരണം സാബത്തു തുടങ്ങും മുമ്പേ സംസ്ക്കരിക്കേണ്ടിയിരുന്നതിനാൽ ഒട്ടും സാവകാശം കിട്ടിയില്ല. സാബത്തായിരുന്നതിനാൽ ഇന്നലെയും വരാൻ അനുവാദമുണ്ടായിരുന്നില്ല. കുറ്റബോധത്താൽ ഹൃദയം വല്ലാതെ നീറുന്നു. അതുകൊണ്ടാണു സാബത്ത് അവസാനിച്ച ഉടൻ ഇരുട്ടാണെങ്കിലും ഈ പുലർച്ചയിൽ വാസനക്കൂട്ടുമായി ഓടി വന്നത്.

പക്ഷെ, ഒരാശങ്ക. പ്രേതാലയത്തിനു കാവൽക്കാർ ഉണ്ടെന്ന് ശിഷ്യരിൽ ആരോ പറഞ്ഞുകേട്ടു. അതു ശരിയാണെങ്കിൽ തങ്ങളുടെ ആഗ്രഹം അവർ നിറവേറ്റിത്തരുമോ? മാത്രമല്ല, ഗുഹാമുഖം അടച്ചുവച്ചിരിക്കുന്ന വലിയ കല്ല് തള്ളിമാറ്റാൻ അബലകളായ തങ്ങൾക്കാവുമോ? അതു സാധിച്ചുതരാൻ ശിഷ്യന്മാർ ആരെങ്കിലും അവിടെത്തിയിട്ടുണ്ടാവുമോ? ഇത്തരം ആശങ്കകളോടെ തോട്ടത്തിലെത്തിയ അവർ തൂക്കുവിളക്കിന്റെ വെട്ടത്തിൽ ആ കാഴ്ചകണ്ടു നടുങ്ങി നിലവിളിച്ചു.

വാതിൽക്കല്ലു മാറിക്കിടക്കുന്നു!

കാവൽക്കാരെ കാണാനില്ല!

തുറന്ന കല്ലറയിൽ നാഥൻ ഇല്ലതാനും!

കരയാൻപോലും കഴിയാതെ ബോധംകെട്ടു വീഴുമെന്ന നിലയിലായി അവർ. പിന്നൊരു നിമിഷം നിൽക്കാതെ വിഭ്രാന്തി പടർന്നെരിയുന്ന ചിന്തകളോടെ അവർ തിരിഞ്ഞോടി. ഈ സങ്കടം ആരോടു പറയാനാണ്? യഹൂദരെ ഭയന്ന് ശിഷ്യന്മാരും അമ്മയും എവിടെയോ ഒളിച്ചു കഴിയുകയാണ്. അതു മർക്കോസിന്റെ സെഹിയോൻ മാളികയിൽത്തന്നെ ആകാനാണു സാദ്ധ്യത. അവിടേയ്ക്കു കുറച്ചു ദൂരമേയുള്ളൂ താനും. അവർ



www.malankaralibrary.com

അവിടേയ്ക്കോടി.

വിചാരിച്ചതുപോലെ സകലരും അവിടുണ്ട്! അമ്മയും പതിനൊന്ന് അപ്പസ്തൊലന്മാരും. ഉറക്കമില്ലാത്ത രാത്രികളാണവരുടേതും. എങ്കിലും വ്യാകുലശിഷ്യരെ ആശ്വസിപ്പിക്കാൻ അമ്മയ്ക്കു കഴിഞ്ഞിരിക്കുന്നു. അമ്മ ഇനി, സർവ്വനാഡികളും തളർന്നു കിടക്കയിൽ പറ്റിക്കിടക്കുകയേയുള്ളൂ എന്നു വിലപിച്ച തങ്ങളുടെ മുമ്പിൽ പുതിയനിയമത്തിന്റെ ആവേശമായി അമ്മ ഉണർന്നിതാ പ്രവർത്തിക്കുന്നു.

ഓടിത്തളർന്ന മഗ്നലനാ മറിയവും കൂട്ടരും അവിടെത്തുമ്പോൾ പ്രഭാതയാമത്തിന്റെ പ്രാർത്ഥനകളും സങ്കീർത്തനവും ചൊല്ലി പതിനൊന്നു പേരുടെയും നടുവിൽ ഇരിക്കുകയാണ് അമ്മ. മർക്കോസിന്റെ സഹായത്തോടെ അവിടേയ്ക്കു കയറിച്ചെന്ന മൂവരേയും കണ്ട് എല്ലാവരും എഴുന്നേറ്റു.

കാര്യം തിരക്കുംമുമ്പ് കിതപ്പോടെ മഗ്നലനമറിയം നടുക്കുന്ന വാർത്ത അറിയിച്ചു.

പരിശുദ്ധനായ പച്ചമനുഷ്യനെ അടിച്ചും ഇടിച്ചും കൊന്ന കശ്മലന്മാർ ശവം കൂടി മോഷ്ടിച്ച് ക്രൂരതകൾ കാട്ടി തൃപ്തിപ്പെടട്ടെ എന്നു മാത്രമേ സാധുക്കളായ ഈ സാത്വികശിഷ്യന്മാർക്ക് ചിന്തിക്കാൻ കഴിഞ്ഞുള്ളൂ. പക്ഷെ, ശൂരനായ പത്രോസിന്റെ ഭാവം മാറി. മറ്റൊന്നും ചിന്തിക്കാതെ അയാൾ പുറത്തേക്കു ചാടിയിറങ്ങി. യോഹന്നാനും കൂടെയിറങ്ങി. ഇരുവരും അതിശീഘ്രം ഓടി.

വാശിയേറിയ ഓട്ടമത്സരത്തിലെന്നപോലെയാണ് ഇരുവരുടെയും കുതിപ്പ്. ഇരുട്ട് അല്പാല്പം നേർത്തു തുടങ്ങിയതു സഹായകമായി. പൊതു നിരത്തുകടന്ന് നഗരകവാടത്തിലൂടെ ഇടവഴി കയറി പാറക്കെട്ടു നിറഞ്ഞ കാൽവരി മലയും കടന്ന് കല്ലറത്തോട്ടത്തിലേക്ക് മാൻപേടകളെ പോലെ കുതിച്ചുചാടി. കല്ലറമുഖത്ത് ആദ്യം പാഞ്ഞെത്തിയത് യോഹന്നാൻ. ഇരു കൈകളും പ്രേതഗുഹയുടെ മുൻഭാഗത്ത് ഊന്നി നിന്ന് കിതപ്പോടെ ഉള്ളിലേക്കു പരതി. കട്ടപിടിച്ച ഇരുട്ടുമാത്രം. എന്നാൽ ഒരു വെള്ളത്തുണി അവിടെ കിടക്കുന്നതുപോലെ തോന്നുന്നു. എങ്കിലും ഉള്ളിൽ കടക്കാൻ ഭയം. നിലത്തു മാറിക്കിടക്കുന്ന മൂടിക്കല്ലും കണ്ടു.

വല്ലപ്പോഴും ഒന്നു വന്നിരുന്നു പ്രാർത്ഥിക്കാൻ നാഥന്റെ ശവകുടീരം പോലും ഇനി ഇല്ലാതെ പോയല്ലോ എന്നോർത്ത് യോഹന്നാൻ നെഞ്ചിൽ ആഞ്ഞിടിച്ചു കരഞ്ഞു.



www.malankaralibrary.com

പിന്നാലെ പത്രോസും ഓടിയെത്തി. വന്നപാടെ തുറന്നു കിടക്കുന്ന പ്രേതഗുഹയിലേക്കയാൾ ചാടിക്കയറി. ഒരാൾക്കു കഷ്ടിച്ച് ഇരുന്നു തിരിയാനുള്ള വിസ്തൃതിയുണ്ട്. ഇരുൾ നിറഞ്ഞ ഗുഹാന്തരത്തിൽ പത്രോസ് സസൂക്ഷ്മം പരതി. ശരീരാകൃതിയിൽ വെള്ളത്തുണിയിൽ തീർത്ത ഒരു കൂടുപോലെ ശവക്കച്ച ഒരുവശത്ത്. തലയിൽ കെട്ടിവച്ചിരുന്ന തുണിക്കീറും മറ്റൊരുവശത്ത് അഴിച്ചു ചുരുട്ടിവച്ചിരിക്കുന്നു. ചോരയുടെയും സുഗന്ധക്കൂട്ടിന്റെയും ഗന്ധം ഗുഹയിൽ തുടിച്ചുനില്ക്കുന്നു.

പത്രോസ് അകത്തുള്ളതിനാൽ യോഹന്നാനും ധൈര്യത്തോടെ ഗുഹയ്ക്കുള്ളിൽ കടന്നു. നിറമിഴികളോടെ എല്ലാം കണ്ടറിഞ്ഞു. കച്ച അഴിച്ചു വച്ചിരിക്കുന്നതിനാൽ ശവം മോഷ്ടിച്ചതാകാൻ ഇടയില്ലെന്ന നിഗമനത്തിൽ അവർ എത്തി. എന്താണു സംഭവിച്ചതെന്ന് അറിയാനും വയ്യ.

ഇനി ഇവിടെ നിന്നിട്ടു യാതൊരു വിശേഷവും ഇല്ലെന്നവർക്കറിയാം. അതിനാൽ സെഹിയോൻ മാളികയിലേക്കുതന്നെ ഇരുവരും മുഖം താഴ്ത്തി നടന്നു പോയി.

മഗ്നലന മറിയം വീണ്ടും കല്ലറത്തോട്ടത്തിലെത്തി. അവളിപ്പോൾ ഏകയാണ്. കൂട്ടുകാരികൾക്ക് ഇനി ഇവിടേയ്ക്കു വരാൻ ഭയം. പക്ഷെ, പാപത്തിന്റെ കൂരിരുൾ താഴ്വരയിലായിരുന്ന തന്നെ, വിശ്വപ്രകാശത്തിന്റെ ഗിരിഗോപുരത്തിലേക്ക് കരം പിടിച്ചാനയിച്ച ആത്മനാഥനുവേണ്ടി മരിക്കാൻ പോലും ഈ മഗ്നലനമറിയത്തിനു ഭയമില്ല. ഈ കല്ലറ വാതിലിൽ തനിക്കു ഭജനമിരിക്കണം. മരിക്കുംവരെ ഇരുന്നു ധ്യാനിച്ചു കരയണം.

ആ നിൽപ്പിൽ, ഉൾക്കണ്ണിലോ, ശാന്തമായ ബാഹ്യനേത്രങ്ങളിലോ എന്നറിയില്ല അതാ മഞ്ഞുപോലെ തൂവെള്ള വസ്ത്രധാരിയായി ഒരാൾ രൂപം. അദ്ദേഹം എന്തോ മൊഴിയുകയുമാണല്ലോ. വേദനതിന്നു തിന്ന് ഇനിയും അസ്തമിച്ചിട്ടില്ലാത്ത തന്റെ അന്തർബോധങ്ങളിൽ ആ യുവധ്വനി ഒരു ചോദ്യമായി മുഴങ്ങുന്നതുപോലെ.

"എന്തിനാണ് നീ കരയുന്നത്? ആരെയാണു നീ അന്വേഷിക്കുന്നത്?"

കനത്ത മഞ്ഞുമൂടിയ പ്രഭാതത്തിൽ അതാരെന്നു തിരിച്ചറിയുന്നില്ല. അവൾ കരുതി, തോട്ടത്തിന്റെ ഉടമസ്ഥനായിരിക്കും. അവൾ ഹൃദയം തകർന്നു കരഞ്ഞു പറഞ്ഞു:

"പ്രഭോ, നാഥനെ ഇവിടെ നിന്നും എടുത്തു മാറ്റിയത് അങ്ങാണോ? എങ്കിൽ എവിടെയാണ് വച്ചിരിക്കുന്നത്? പറയൂ. ഞാനവിടെ നിന്നും



www.malankaralibrary.com

എടുത്തുകൊള്ളാം."

ഉടൻ 'തോട്ടക്കാരന്റെ' നാവിൽ നിന്നും ഉറച്ച ആ വിളി അവൾ കേട്ടു: "മറിയം!"

അവൾ കോരിത്തരിച്ചു. വിസ്മയഭരിതയായി. ആ തോട്ടക്കാരന്റെ ശബ്ദം അവൾക്കു തിരിച്ചറിയാം. ലോകം മുഴുവൻ നട്ടു നനച്ചു വളർത്തുന്ന തോട്ടക്കാരന്റെ ശബ്ദം. മുന്തിരിത്തോട്ടത്തിലെ വിളവെടുക്കാനായി പിതാവയച്ച ഈ തോട്ടക്കാരന്റെ ശബ്ദം. ഇതൊരിക്കൽ കൂടി കേൾക്കാനാവുമെന്നു താൻ സ്വപ്നത്തിൽ പോലും നിനച്ചിരുന്നില്ല. അങ്ങനെ പ്രതീക്ഷിക്കത്തക്ക ഒരാത്മജ്ഞാനവും തനിക്കില്ലായിരുന്നു. ചുട്ടുപഴുത്ത തന്നിൽ ഇറ്റിറങ്ങിയ ഹിമകണമായിരുന്നു ആ വിളി.

സ്വർഗ്ഗലോകത്തിലെത്തിയ ആനന്ദാവേശത്തോടെ, 'റബ്ബോനി' എന്നുറക്കെ വിളിച്ച് അവൾ ആ കാൽക്കൽ വീണടിഞ്ഞുപോയി. മരണവസ്ത്രം വെടിഞ്ഞു പുനരുത്ഥാനത്തിന്റെ പുതുവസ്ത്രം ധരിച്ച ആത്മനാഥന്റെ പാദങ്ങളിൽ അവൾ കൈകൾ ചുറ്റിപ്പിടിച്ചു കരഞ്ഞു. ഈ പുണ്യ പാദങ്ങൾ കണ്ണീരാൽ കഴുകി, മുടികൊണ്ടുതുടച്ച പഴയ ധന്യമുഹൂർത്തത്തിന്റെ പുനരാവിഷ്കാരം പോലെ.

അവൾക്കിപ്പോൾ പലതും ഗ്രഹിക്കാൻ കഴിയുന്നു. ദുരൂഹമെന്ന് ഒരിക്കൽ കരുതിയ ഗുരുവചനങ്ങളുടെ പൊരുളുകൾ മനസിൽ ചുരുൾ നിവരുന്നു. കത്തിജ്ജ്വലിക്കുന്ന മഹാസൂര്യനെ ഒരു കീറു തുണിയാൽ മറച്ചുപിടിക്കാനാവില്ലെന്നു തെളിഞ്ഞിരിക്കുന്നു.

മരണത്തെ വെല്ലുവിളിച്ച ശക്തനായ ദൈവകുമാരന്റെ മുഖപ്രകാശത്തിലേയ്ക്കു മറിയം നിർന്നിമേഷയായി നോക്കിയിരുന്നു.

പക്ഷെ, ഉത്ഥിതൻ കുനിഞ്ഞ് പാദങ്ങളിൽ പിടിച്ചു കേഴുന്ന അവളെ നോക്കി പറഞ്ഞു: "നീ എന്നെ തടഞ്ഞുനിർത്താതിരിക്കുക. എനിക്കെന്റെ പിതാവിങ്കലേയ്ക്ക് ആരോഹണം ചെയ്യേണ്ടതുണ്ട്. നീ പോയി സഹോദരങ്ങളുടെ പക്കലെത്തി ഇക്കാര്യങ്ങൾ അവരെ അറിയിക്കുക."



www.malankaralibrary.com

# മുപ്പത്തെട്ട്

ഏഴുമൈൽ ദൂരത്തുള്ള എമ്മാവൂസിലേക്കു പോവുകയായിരുന്നു അവർ, ക്ലെയോപ്പാസും സുഹൃത്തും. പെസഹാതിരുനാളിൽ പങ്കുകൊള്ളാനായി ജറുസലേമിൽ എത്തിയതാണവർ. പക്ഷെ, അതിദാരുണമായ പല സംഭവങ്ങൾക്കും സാക്ഷികളാകേണ്ടിവന്നു. റോമൻ അടിമത്തത്തിൽ നിന്നും ഇസ്രായേലിനെ മോചിപ്പിക്കുവാൻ അവതരിച്ചവനെന്നു തങ്ങൾ പ്രതീക്ഷിച്ചിരുന്ന മഹാപുരുഷനാണ് ദുരന്തത്തിനിരയായത്. തിരുനാൾ കഴിഞ്ഞ് അന്നുതന്നെ സ്വഗ്രാമമായ എമ്മാവൂസിലേയ്ക്കു പോകേണ്ടതാണ്. പക്ഷെ പോകാൻ തോന്നിയില്ല. മനം തകർന്നു മറ്റുള്ളവരുമായി ഇക്കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്ത് അങ്ങനെ കഴിഞ്ഞു. മൂന്നാം ദിവസം മടങ്ങാമെന്നാണ് നിശ്ചയിച്ചിരുന്നത്. അദ്ദേഹത്തിന്റെ സംസാരത്തിൽ മരണശേഷമുള്ള മൂന്നാം ദിവസത്തെപ്പറ്റി പലപ്പോഴും പ്രത്യേക പരാമർശങ്ങൾ ഉണ്ടായിരുന്നല്ലോ. മൂന്നാം ദിനത്തിൽ എന്തൊക്കെയോ സംഭവിച്ചു. പക്ഷെ അതെന്താണെന്ന് വ്യക്തമായി പറയാനാവുന്നില്ല. മഗ്ദലന മറിയവും മറ്റും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണെങ്കിൽ മൃതദേഹം അവിടെ കാണാനില്ല.

തലകുനിച്ചു മ്ലാനമുഖരായി നടക്കുമ്പോഴും കഴിഞ്ഞ സംഭവങ്ങൾ ഒന്നൊന്നായി അവരുടെ തകർന്ന മനസിലൂടെ കടന്നുപോവുകയായിരുന്നു. അതുകൊണ്ടാണോ എന്തോ കണ്ണുകൾക്കുപോലും വല്ലാത്തൊരു മൂടൽ പോലെ. കഴിഞ്ഞവയെപ്പറ്റിയുള്ള അവരവരുടെ നൊമ്പരങ്ങൾ പങ്കുവെച്ചു. ആകാംക്ഷയോടെ ചർച്ചചെയ്തു. പരസ്പരം യോജിക്കാൻ കഴിയാത്ത ചിന്തകളിൽ തെല്ലു സ്വരമുയർത്തി വാദിച്ചു.

ഇതെല്ലാം കേട്ടു പുറകെ നടന്ന ഒരാൾ അവരുടെ നിരയിലേക്കു വന്നു, വെള്ള വസ്ത്രം കൊണ്ടു ശിരസു മറച്ച ഒരാൾ. ആഗതൻ അവരോട് ആരാഞ്ഞു.

“എന്തിനെപ്പറ്റിയാണ് നിങ്ങൾ സംസാരിക്കുന്നത്?” ആ ചോദ്യം അത്ര രസിക്കാത്തതുപോലെ ക്ലെയോപ്പാസ് തിരിച്ചു ചോദിച്ചു.

“കഴിഞ്ഞ ദിവസങ്ങളിൽ ജറുസലേമിൽ നടന്ന സംഭവങ്ങളൊന്നും നിങ്ങൾ അറിഞ്ഞില്ലേ?”



www.malankaralibrary.com

ഒന്നും അറിയാത്തവനെപോലെ ആഗതൻ ചോദിച്ചു: "ഏതു കാര്യങ്ങൾ?"

അവർ എല്ലാം വിശദമാക്കി.

അവസാനം ഇങ്ങനെ വിഷാദത്തോടെ പറഞ്ഞു. "ഉയിർത്തെഴുന്നേറ്റെന്നു കേട്ടു ഞങ്ങളുടെ കൂടെ ഉള്ളവരും കല്ലറത്തോട്ടത്തിലേക്കു പോയി. പക്ഷേ അവനെ അവർ കണ്ടില്ല."

"മണ്ടന്മാരേ", ആഗതൻ അവരെ ശാസനയോടെ വിളിച്ചു.

ക്ലയോപ്പാസും സഹചരനും അതുകേട്ടു വല്ലാതായി. തലമൂടി നടക്കുന്നവൻ ആരെന്ന് അവർക്കറിയില്ല. അഥവാ അതു ചിന്തിക്കാനുള്ള തോന്നൽ പോലുമില്ല. തോന്നിയാൽ തന്നെ ശരിക്കൊന്നു നോക്കാൻ പറ്റാത്ത വിധം ചെതുമ്പലുകൾ കണ്ണുകളിൽ മൂടിക്കിടക്കുന്നതുപോലെ.

ആഗതൻ തുടർന്നു: "ദീർഘദർശികളുടെ പ്രവചനങ്ങൾ വിശ്വസിക്കാനാവാത്ത വിധം നിങ്ങൾ മന്ദഹൃദയരായിപ്പോയല്ലോ. ക്രിസ്തു ഇതെല്ലാം സഹിച്ചു മഹത്വത്തിലേക്കു കരേറുമെന്നു നിങ്ങൾക്കറിയില്ലേ."

തുടർന്ന് മോശയുടേതു മുതലുള്ള പഴയനിയമപ്രവചനങ്ങൾ ഓരോന്നും ആഗതൻ ഉദ്ധരിച്ചുതുടങ്ങി. അതെല്ലാം ക്രിസ്തുവിന്റെ ജീവിതത്തിൽ എങ്ങനെ നിറവേറ്റപ്പെട്ടു എന്നു വളരെ വ്യക്തമായും ആധികാരികമായും പഠിപ്പിച്ചു.

അതുകേട്ട് ഇരുവരുടെയും ഉള്ളുണർന്നു. പിന്നെപ്പിന്നെ ജ്ഞാനാഗ്നി പടർന്ന് തമോഹൃദയത്തെ തീക്കട്ടയാക്കി മാറ്റുന്ന അനുഭവം.

ഉച്ചയ്ക്ക് തിരിച്ച യാത്ര എമ്മാവൂസിലെത്തിയപ്പോഴേക്കും നേരം സന്ധ്യകഴിഞ്ഞിരിക്കുന്നു. മുഖ്യനിരത്തുവിട്ട് ഇരുവരുടെയും വീടുകളിലേയ്ക്കുള്ള ഇടവഴിയുടെ തുടക്കത്തിലവർ എത്തി. ഇരുവരും ഇടവഴിയിലേയ്ക്കു കടന്നു. ആഗതൻ പക്ഷെ, മുഖ്യനിരത്തിലൂടെത്തന്നെ മുന്നോട്ടു പോകാനാണു ഭാവം. അതുകണ്ട് ഇരുവരും നിർബന്ധിച്ച് പറഞ്ഞു.

"രാത്രി ആകാറായല്ലോ. ഇന്നിനി തനിച്ചുപോകണ്ടാ. വരൂ. ഞങ്ങൾക്കൊപ്പം ഇന്നിവിടെ താമസിക്കാം". ദീർഘയാത്രയിൽ ആഗതനും തങ്ങളെപ്പോലെ വല്ലാതെ വിശന്നിട്ടുണ്ടെന്ന് അവർ കരുതി. ആഗതൻ മുന്നോട്ടു വച്ച കാൽ പുറകോട്ടു വച്ചു. അവരുടെ ഇച്ഛപോലെ വീട്ടിലേയ്ക്കു കടന്നു.



www.malankaralibrary.com

ചെന്നപാടെ കൈകാൽ കഴുകി ഭക്ഷണത്തിനിരുന്നു. അപ്പവും കറിയും കുടിവെള്ളവും വീട്ടുകാർ മേശമേൽ നിരത്തി. പാത്രത്തിൽ നിന്നും ആദ്യം അപ്പമെടുത്തത് ആഗതൻ. എന്നിട്ട് അനുഗ്രഹ പ്രാർത്ഥനയോടെ അപ്പം മുറിച്ച് രണ്ടുപേരുടെയും നേരെ ഓരോ കഷണം നീട്ടി.

തങ്ങളാണു സൽക്കരിക്കേണ്ടതെങ്കിലും അതിഥി നീട്ടിയ ഭക്ഷണം ഇരുവരും വാങ്ങി. അതു കഴിച്ചു.

ഉടൻ ഇരുവരിലും ഒരു പരിണാമം സംഭവിക്കുന്നതുപോലെ.

കണ്ണുകളിലെ മൂടൽ പതുക്കെ അകന്നു മാറുന്നതു പോലെ. മയങ്ങിത്തുടങ്ങിയ സന്ധ്യയിൽ പോലും വ്യക്തമായി കാണാൻ പറ്റുന്ന അനുഭവം.

തങ്ങൾ കഴിച്ച അപ്പക്കഷണം ദിവ്യൗഷധമാണെന്നു തന്നെ അവർക്കു തോന്നി. കൺതെളിവോടെ ആദ്യം നോക്കിയത് അതിഥിയുടെ മുഖത്തേയ്ക്ക്.

അവർ സ്തബ്ധരായിപ്പോയി.

യാത്രയിലുടനീളം തങ്ങൾ ആരെപ്പറ്റി മനംതപിച്ചു പറഞ്ഞുവോ ആ ദിവ്യമൂർത്തി തന്നെ.

ഭക്തിപരവശ്യത്തോടെ ഉത്ഥിതന്റെ തിരുമുഖം ഉറ്റുനോക്കി ഇരിക്കുമ്പോൾ ആ രൂപം, തൽക്ഷണം അന്തരീക്ഷത്തിൽ അലിഞ്ഞു മറഞ്ഞു കഴിഞ്ഞു.

വിസ്മയപരവശ്യത്താൽ ഇരുവരും ചാടിയെണീറ്റു. ഉത്ഥാനവാർത്ത കിംവദന്തിയല്ലെന്നു ജറുസലേമിൽച്ചെന്നു ശിഷ്യന്മാരെ ഉടൻ അറിയിക്കണം.

പക്ഷെ, ഇപ്പോൾ രാത്രി. ഇവിടെനിന്നും തിരിച്ചു നടന്ന് ജറുസലേമിലെത്തുമ്പോഴേയ്ക്കും പാതിരാത്രി കഴിയും. പക്ഷെ അതുവരെ ക്ഷമിക്കാൻ വയ്യ. എത്രയും വേഗം പാഞ്ഞെത്താനുള്ള മാർഗ്ഗമെന്തെന്നാണു ചിന്ത.

അങ്ങനെയാണു കുതിരപ്പുറത്ത് പോകാൻ തീരുമാനിച്ചത്. കുതിരാലയത്തിൽ നിന്നും കുതിരകളെ അഴിച്ച് അതിന്മേൽ ഇരുവരും പാഞ്ഞു.

ജറുസലേമിൽ ശിഷ്യന്മാരുടെ രഹസ്യസങ്കേതം കണ്ടെത്തി. അസമയത്ത് വേർപ്പും പൊടിയും പൂണ്ട് മുഷിഞ്ഞെത്തിയ അവരെക്കണ്ട് ശിഷ്യന്മാർ അമ്പരന്നു. മുറിയിലേയ്ക്ക് അവരെ കയറ്റി മറ്റാരും അറിയാതിരിക്കാൻ



www.malankaralibrary.com

കതകടച്ചു സാക്ഷയിട്ടു.

അവർ ഉദ്വേഗത്തോടെ സംഭ്രമവാർത്ത അറിയിച്ചു.

ഇത്തരം വാർത്തകൾ അവർ മഗ്നലനക്കാരിയിൽനിന്നും കേട്ടതാണ്. പക്ഷെ ഒന്നും യാഥാർത്ഥ്യമായിരിക്കില്ല. എല്ലാം വെറും സ്വപ്നങ്ങളോ തോന്നലുകളോ പ്രതീക്ഷകളോ വിഭ്രാന്തനിനവുകളോ ആവും.

അതിനാൽ ആരും അതു മുഖവിലയ്ക്കെടുത്തില്ല.

എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്ന അമ്മ കൂടെയുണ്ട്. സമയത്തിന്റെ പൂർണ്ണതയിൽ എല്ലാം വെളിപ്പെടുത്തപ്പെടുമെന്ന നിശ്ചയത്തോടെ പക്ഷെ, നിശ്ശബ്ദയായിരിക്കുന്നു.

എങ്കിലും എണ്ണവിളക്കിന്റെ വെളിച്ചത്തിൽ അവർ രഹസ്യമായി ഇക്കാര്യങ്ങളെപ്പറ്റി ചർച്ചചെയ്തുകൊണ്ടിരുന്നു.

പൊടുന്നനെ അവരുടെ നടുവിൽ അതാ, അതുവരെ ഇല്ലാതിരുന്ന ഒരാൾകൂടി വന്നുനില്ക്കുന്നു.

മുറി ഭദ്രമായി പൂട്ടിയിരുന്നു. പിന്നെങ്ങനിദ്ദേഹം കടന്നുവന്നു? അഥവാ, അങ്ങനെ പ്രത്യക്ഷപ്പെടാൻ ഇതാരാണ്? ഭൂതമോ മറ്റോ ആണോ?

ശിഷ്യന്മാർ ഭയന്നു വിറച്ചു.

ഭൂതമെന്നു കരുതപ്പെട്ടവൻ അപ്പോൾ കരങ്ങളുയർത്തി. ഒരു സാന്ത്വനവാക്യം ആഗതന്റെ ചുണ്ടിലുയർന്നു: "നിങ്ങൾക്കു സമാധാനം."

ചിരപരിചിതസ്വരം കേട്ട് അവർ ഞെട്ടി. എങ്കിലും ഉറ്റുനോക്കി.

തന്നെത്തന്നെ ചൂണ്ടിക്കാട്ടിക്കൊണ്ട് അവിടുന്നു തുടർന്നു: "നിങ്ങൾ എന്തിനു ഭയക്കുന്നു? എന്തിനു സംശയിക്കുന്നു? നോക്കൂ ഇതാ എന്റെ കൈകളും കാലുകളും."

നാലു തുളകളുള്ള കരചരണങ്ങൾ അവർ കണ്ടു.

അവർ തങ്ങളുടെ ഗുരുവിനെ തിരിച്ചറിഞ്ഞു. അതിരുകളില്ലാത്ത ആനന്ദത്തേൻകടലിൽ അവർ നീന്തിത്തുടിച്ചു. ദീർഘനാളുകൾ കഴിഞ്ഞ് വിദൂരതയിൽ നിന്നെത്തിയ അപ്പനു ചുറ്റും കുഞ്ഞുങ്ങൾ ഒത്തുകൂടുന്നതു പോലെ അവർ ആഹ്ലാദിച്ചു.



www.malankaralibrary.com

യേശു ഒരു നറും പുഞ്ചിരിയോടെ ചോദിച്ചു: "മക്കളേ, കഴിക്കാൻ എന്തെങ്കിലും ഇവിടുണ്ടോ?"

ഉത്ഥിതനും വിശപ്പുണ്ടെന്നവരറിഞ്ഞു. ലോകത്തിന്റെ വിശപ്പും ദാഹവും തീർക്കാൻ വന്നവന് ഇതാ വിശക്കുന്നു.

ശിഷ്യന്മാരുടെ ഉള്ളിലൂടെ എന്തൊക്കെയോ ചിന്തകൾ മിന്നിപ്പൊലിഞ്ഞു.

നാഥനെ കൊതി തീരാതെ നോക്കി നില്ക്കുകയാണവർ.

പഴയതുപോലെ ജീവിക്കാൻ നിയോഗം കിട്ടിയ അനന്യ ജീവിതത്തെയാണു കൺവിടർത്തി കാണുന്നത്! മരണം ഈ ജീവിതത്തിൽ ഒരു മഹാസത്യത്തിന്റെ സാക്ഷീകരണം. ആ മരണം പക്ഷേ ഇത്ര ക്രൂരവും ഭയാനകവുമായതെന്തിന് എന്നാവാം ശിഷ്യരിലുയരുന്ന വേദനാത്മകമായ ചോദ്യം.

എങ്കിലല്ലേ, ഇസ്രായേൽ ആചരിച്ചു പോന്ന പാപപരിഹാരബലിയുടെ അനുഷ്ഠാനം തന്റെ ജീവിതത്തിലൂടെ പുനരവതരിക്കൂ. ചത്തതിനെ തിന്നരുതെന്നും കൊന്നതിനെ മാത്രം ഭക്ഷിക്കണമെന്നും എബ്രായ നിയമത്തിലുണ്ട്. അക്കാരണത്താലാണ് കുഞ്ഞാടുകളെ കൊന്ന് മാംസം തിന്നുന്നത്. ഇവിടിതാ ദൈവത്തിന്റെ കുഞ്ഞാടിനെ കൊന്നിരിക്കുന്നു. അതോ പാപപരിഹാരമഹാബലിയുടെ അതേ ദിനത്തിൽ തന്നെ. അപ്പോൾ, ഇനി മാംസം ഭക്ഷിക്കാം. 'ഇതെന്റെ മാംസമാകുന്നു' എന്നു പറഞ്ഞുതരുന്ന അപ്പത്തിലൂടെ അതു പോഷകാഹാരമായിത്തീരുന്നു.

പക്ഷെ, ഒരു വ്യത്യാസം. ചോര ജീവൽപ്രതീകം ആകയാൽ ഒന്നിന്റെയും ചോര കുടിക്കരുതെന്നു പഴയനിയമം ശഠിക്കുന്നു.

എന്നാൽ ഞാൻ വന്നിരിക്കുന്നത് ജീവൻ സമൃദ്ധിയായി ഉണ്ടാകുവാൻ വേണ്ടിയാണെന്നു പറഞ്ഞവൻ ജീവൽ പ്രതീകമായ ഈ ചോരയെ മുന്തിരിനീരായിത്തന്ന് ആത്മദാഹം ശമിപ്പിക്കുന്നു.

ഭക്ഷണം ആവശ്യപ്പെട്ടു നിൽക്കുന്ന ഗുരുനാഥന്റെ ചോദ്യം പോലും മറന്ന് ശിഷ്യന്മാർ ഇങ്ങനെ പല നിഗൂഢസത്യങ്ങളും ചിന്തിച്ചു പോയി.

എന്നാൽ അമ്മയുടെ കരങ്ങൾ മേശമേൽ പൊതിഞ്ഞു വച്ചിരിക്കുന്ന ഭക്ഷണത്തിലേക്കു നീങ്ങി. എല്ലാവരും ഭക്ഷിച്ചശേഷം ഇനി ശേഷിക്കുന്നത് ഈ ഒരു കൊച്ചുപൊതിമാത്രം. ആനന്ദാതിരേകത്താൽ അമ്മ അതെടുത്ത് തുളവീണ കൈയിലർപ്പിച്ചു.



www.malankaralibrary.com

ഇലപ്പൊതി ഇടം കൈയ്യിൽ വച്ചു തുറന്ന് അതിനുള്ളിലെ വറുത്ത ഒരു കഷണം മീൻ വലതു കൈവിരലുകളാൽ അടർത്തി വായിലിട്ട് നാഥൻ ചവച്ചിറക്കി.

പിന്നൊരിക്കൽ കൂടി ശിഷ്യഗണത്തെ നോക്കി.

ഒരാളുടെ കുറവുണ്ട്, തോമ്മായുടെ. എങ്കിലും പത്തുപേരെയും അരികിൽ നിർത്തി ഗൗരവബുദ്ധ്യാ പറഞ്ഞു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു."

എന്നിട്ട് തന്റെ മുമ്പിൽ അർദ്ധവൃത്താകൃതിയിൽ നിരന്നു നിൽക്കുന്ന ശിഷ്യരുടെ ശിരസുകളിൽ ശക്തിയായി ഊതി.

ഇതിന്റെ പൊരുൾ എന്തെന്ന് അവരിൽ പലർക്കും നിശ്ചയമുണ്ട്. ദൈവാത്മാവിന്റെ പ്രതീകമായി കാറ്റിനെ അവതരിപ്പിച്ച് നിഖദമൂസിനെ പഠിപ്പിച്ചതിന് അവർ സാക്ഷികളായിരുന്നല്ലോ. അതേ വായുവാണ് തങ്ങളിലേയ്ക്ക് ഊതി നിറച്ചിരിക്കുന്നത്. എല്ലാം പഠിപ്പിക്കുന്ന, പൂർത്തീകരിക്കുന്ന ശക്തിദായകമായ നിശ്വാസത്തെ അവർ ആദരവോടെ വരവേറ്റു.

അതുൾക്കൊണ്ട നിമിഷത്തിൽത്തന്നെ ശരീരം അടിമുടി രോമാഞ്ചമണിയുന്ന അനുഭവം. ഒരിക്കലും നുകരാത്ത അതുല്യമായൊരു ആത്മശാന്തി ഉള്ളിൽ പൂത്തുലയുന്ന അനുഭൂതി. ആനന്ദമൂർച്ഛയിൽ അങ്ങനെ നിൽക്കുമ്പോൾ നാഥന്റെ കൃപാവർഷം തുടർന്നു.

"നിങ്ങൾ ഭൂമിയിൽ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ സത്യമായും ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിച്ചു വയ്ക്കുന്നുവോ അതു ബന്ധിക്കപ്പെട്ടുമിരിക്കും."

ഇതു പറഞ്ഞ് ഗുരു മറഞ്ഞു.

പെട്ടെന്ന് പത്രോസിന്റെ ഉള്ളിൽ കുറച്ചുനാൾ മുമ്പുണ്ടായ ഒരു സംഭവത്തിന്റെ ഓർമ്മ നിഴലിച്ചു. ഉടൻ യോഹന്നാനേയും യാക്കോബിനേയും അടുത്തുവിളിച്ച് എന്തോ സംസാരിച്ചു. അതുകേട്ടപ്പോഴാണ് ഇരുവരും അക്കാര്യം ഓർത്തത്.

അവർ ആശ്ചര്യത്തോടെ പത്രോസിനോടു പറഞ്ഞു: ".....ശരിയാ പത്രോസേ, അന്നു നമ്മൾ താബോർ മലയിൽകണ്ട രൂപാന്തരം ഈ പുനരുത്ഥാനത്തിന്റെ മുന്നോടിയായിരുന്നിരിക്കണം."



www.malankaralibrary.com

“അതെ, അതെ. അതുകൊണ്ടാണല്ലോ നാഥൻ പ്രത്യേകം പറഞ്ഞത്, മനുഷ്യപുത്രൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റുകഴിഞ്ഞു മാത്രമേ ഈ രൂപാന്തരരഹസ്യം മറ്റുള്ളവരോടു പറയാവൂ എന്ന്.”

മൂവരുടെയും സംസാരം കേട്ട് ഒന്നും മനസിലാകാതെ മിഴിച്ചു നിന്ന മറ്റുള്ളവർ ഇടയ്ക്കു കയറി ചോദിച്ചു:

“നിങ്ങളെന്താ പറയുന്നത്? താബോർ മലയോ? രൂപാന്തരമോ? ഞങ്ങൾക്കൊന്നും മനസിലാവുന്നില്ലല്ലോ. ഒന്നു തെളിച്ചു പറ.”

അവർക്കെങ്ങനെ മനസിലാകാനാണ്! താബോർ മലയിലേക്ക് നാഥൻ അന്നു കൂട്ടിക്കൊണ്ടു കയറിയത് ഈ ശിഷ്യത്രയത്തെ മാത്രമായിരുന്നല്ലോ.

താബോർ മലമുകളിൽ സൂര്യകോടിപ്രഭോജ്ജ്വലനായി രൂപഭേദം വന്ന് മോശയോടും ഏലിയായോടും വർത്തമാനം പറയുന്ന നാഥനെ തങ്ങൾ മൂവരും കണ്ട കാര്യം അവർ മറ്റുള്ളവരോടും തുറന്നു പറഞ്ഞു.

ഇരുളിൽ ഒരു കൈവിളക്കുമായി അപ്പോഴേക്കും തോമ്മാ എത്തി. ത്രസിക്കുന്ന ഹൃദയങ്ങളോടെ ഉടൻ പതിനൊന്നു പേരും അവന്റെ ചുറ്റും വട്ടംകൂടി അടക്കാനാവാത്ത ആഹ്ലാദത്തോടെ ഏകസ്വരത്തിൽ പറഞ്ഞു:

“ഞങ്ങൾ നാഥനെ കണ്ടു.”

നിസ്സംഗനായി അതു കേട്ട്, ‘കള്ളം പറയാതെ പോ’ എന്ന മട്ടിൽ മുഖമൊന്നു കോട്ടി തോമ്മാ ആംഗ്യം കാട്ടി.

പക്ഷെ മറ്റുള്ളവർ വിടുമോ: “കള്ളമല്ല തോമ്മാ. സത്യമായും കുറച്ചു മുൻപ് കർത്താവിവിടെ ഞങ്ങളെല്ലാവരുടേയും മുമ്പിൽ വന്നു. വിശക്കുന്നെന്നു പറഞ്ഞ് ഒരു കഷണം വറുത്ത മീൻ വാങ്ങിക്കഴിച്ചു. പിന്നെ ഞങ്ങളെല്ലാവരുടെയും മേൽ ഊതി. സകലരുടെയും പാപങ്ങൾ ക്ഷമിക്കാനും ക്ഷമിക്കാതിരിക്കാനുമുള്ള അധികാരവും തന്നു.”

തോമ്മായ്ക്കിതത്ര രസിച്ചില്ല,

കൃപാവരങ്ങൾ ഇവർക്കുമാത്രം കൊടുത്ത്, തന്നെ ഒറ്റപ്പെടുത്തുന്നവനല്ല തന്റെ നാഥൻ എന്നു തോമ്മായ്ക്കുറപ്പുണ്ട്.

അതിനാൽ കർക്കശഭാഷയിൽ തുറന്നു പറഞ്ഞു: “ഞാൻ ഇതു



www.malankaralibrary.com

വിശ്വസിക്കണമെങ്കിൽ, നാഥന്റെ കൈത്തലങ്ങളിൽ ആണികൾ കയറിയ ദ്വാരങ്ങൾ കാണണം. എന്റെ ചൂണ്ടുവിരൽ കൊണ്ട് ആ പഴുതുകളിൽ തൊടണം. കുന്തമുന കയറിയ ആ നെഞ്ചിൽ എന്റെ കൈ വയ്ക്കണം."

അതു പറയുമ്പോൾ തോമ്മായുടെ ഹൃദയം വല്ലാതെ നോവുകയായിരുന്നു. 'വരൂ നമുക്കും അവനോടൊപ്പം പോയി മരിക്കാം' എന്നു പറഞ്ഞ താൻ പക്ഷേ, നാഥന്റെ പീഡാദിനങ്ങളിൽ ഭയന്നോടി ഒളിച്ചിരിക്കുകയായിരുന്നല്ലോ. ഇനി ഒരിക്കലും കാണാനാവാത്തവിധം മൺമറഞ്ഞ തന്റെ ആത്മനാഥൻ ഉയിർത്തെഴുന്നേറ്റു എന്നു കേൾക്കാൻ എരിപെരികൊണ്ടു കഴിയുകയായിരുന്നു താൻ. പക്ഷെ, ഇവരൊക്കെ പറയുന്നത് വെറും കളവാകാനേ തരമുള്ളൂ.

അന്നുമുതൽ തോമായ്ക്ക് ഒരു വിചാരമേയുള്ളൂ. ഇടവിടാതെ പ്രാർത്ഥിക്കുക. പരമപിതാവിനെ തന്റെ ഗുരുനാഥൻ എപ്പോഴും പ്രാർത്ഥനയിലൂടെ മുഖാമുഖം ദർശിച്ചു കഴിഞ്ഞതുപോലെ അവിടുത്തെ തേജോമുഖം കാണാൻ താനും ശ്രമിക്കുക.

അങ്ങനെ പ്രാർത്ഥനയുടെ എട്ടുദിനങ്ങൾ കഴിഞ്ഞു. ശിഷ്യരിൽ ഇന്നൊരാളും കുറവില്ല. കതകടച്ച് വട്ടം കൂടിയിരുന്നു പ്രാർത്ഥിക്കുകയായിരുന്നു, അന്നും. പെട്ടെന്നതാ, ഒരു സ്വരം: "നിങ്ങൾക്കു സമാധാനം."

പൊടുന്നനെ ശിഷ്യമദ്ധ്യേ നിൽക്കുന്ന നാഥനെകണ്ട് അവർ പിടഞ്ഞെണീറ്റു. തോമ്മായാകട്ടെ, അത്യത്ഭുതഭാവത്തോടെ ഗുരുമുഖത്തേയ്ക്കു മിഴികൾ നട്ട്, നോട്ടം പതറാതെ, വളരെ പതുക്കെ നിലത്തുനിന്നും പൊങ്ങിയെണീറ്റു.

അപ്പോൾ നാഥന്റെ ആജ്ഞാശബ്ദം തോമ്മായുടെ ചെവികളിൽ മുഴങ്ങി: "നിന്റെ വിരൽ ഇവിടെ കൊണ്ടുവരൂ. തുളയ്ക്കപ്പെട്ട എന്റെ കൈകളിൽ നീ വന്നു സ്പർശിക്കുക. കുന്തമുറിവേറ്റ എന്റെ നെഞ്ചിൽ നീ കൈവച്ചു നോക്കുക."

ഇനി അമാന്തിക്കാൻ തോമ്മായ്ക്കാവില്ല.

മനസിന്റെ മന്ദഗതി വലിച്ചെറിഞ്ഞ് തീക്ഷ്ണചിത്തനായി ചുറുചുറുക്കോടെ തോമാ ഗുരുസവിധത്തിലെത്തി.

ഒരു പരീക്ഷണവും തോമായ്ക്കിനി വേണ്ട. എല്ലാം വെറും ശാഠ്യങ്ങൾ മാത്രമായിരുന്നില്ലേ? ഒരിക്കലും സംഭവിക്കില്ലെന്നു കരുതി മനം



www.malankaralibrary.com

തകർന്നു കഴിയവേ അതെല്ലാം സംഭവിച്ചിരിക്കുന്നു എന്നു കേട്ടറിഞ്ഞു ണ്ടായ ഒരു തരം ശാഠ്യം. എന്നാൽ ഇന്നിതാ എല്ലാം സത്യമാണെന്നു കണ്ടറിഞ്ഞു കഴിഞ്ഞു. അവിശ്വാസത്തിന്റെ ചെതുമ്പലുകൾ തന്റെ മനഃക്ക ണ്ണിൽ നിന്നും അടർത്തി മാറ്റപ്പെട്ടിരിക്കുന്നു. ഈ ദർശനത്താൽത്തന്നെ, തന്റെ അസാന്നിദ്ധ്യത്തിൽ ഇതര ശിഷ്യന്മാർക്കു ലഭ്യമായ കൃപാവര സമൃദ്ധി തനിക്കും കിട്ടിയിരിക്കുന്നു.

ഒരാർത്ത നിലവിളിയോടെ മുട്ടുകളിൽ വീണ് ഗുരുചരണങ്ങൾ കെട്ടി പ്പിടിച്ച് തോമ്മാ ഗദ്ഗദപ്പെട്ടു: "എന്റെ നാഥാ! എന്റെ ദൈവമേ."

തെല്ലു കുനിഞ്ഞ് ദീപ്തമിഴികളയച്ച് ശാന്തിദായകമായൊന്നു നോക്കി നാഥൻ മൊഴിഞ്ഞു: "നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. എന്നാൽ, കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ".



www.malankaralibrary.com

# മുപ്പത്തൊമ്പത്

ശിഷ്യന്മാർ ആദ്യമായാണ് ഗുരുവിന്റെ അസാന്നിദ്ധ്യത്തിൽ വിദൂരതയിലുള്ള ഗലീലായിലേക്കു യാത്രയാവുന്നത്. ഉത്ഥിതൻ തങ്ങൾക്കു മുമ്പേ ഗലീലായിൽ എത്തുമെന്നുള്ള അറിവിന്റെ അടിസ്ഥാനത്തിലാണു പ്രയാണം. ഗുരുവിന് ഏറെ ഹൃദയഹാരിയായ ദേശമായിരുന്നല്ലോ ഗലീലി. അവിടെയുള്ള നസ്രത്തിൽ വളർന്നു, കനാവിൽ ആദ്യത്ഭുതം കാട്ടി, ഗലീലാക്കടൽക്കരയിലും കഫർണാമിലും ബത്സയ്ദായിലും സുവിശേഷം പ്രഘോഷിച്ചും നന്മചെയ്തും ചുറ്റി സഞ്ചരിച്ചു. താബോർ മലമുകളിൽ പ്രഭോജ്ജ്വലനായി രൂപാന്തരപ്പെട്ടു. തന്റെ പുനരുത്ഥാനം കഴിഞ്ഞും അവിടേയ്ക്കു മടങ്ങിച്ചെല്ലാൻ നാഥൻ ആശിച്ചെങ്കിൽ അതു സ്വാഭാവികം.

വളരെയേറെ നടക്കണമെങ്കിൽപോലും ശിഷ്യർക്കും ഈ മടക്കയാത്ര ഏറെ ഹൃദ്യം. കാരണം, ശിഷ്യരിൽ മിക്കവരും ഗലീലിദേശവാസികൾ. നാഥന്റെ മരണത്തോടെ നിരാശരായിപ്പോയതാണ്. യഹൂദന്മാരുടെ വെട്ടേറ്റു തങ്ങളും ചത്തുകൊള്ളട്ടെ എന്നായിരുന്നു ചിന്ത. എന്നാൽ നാഥന്റെ മഹത്വപൂർണ്ണമായ ഉത്ഥാനത്തെ തുടർന്ന് ഉണക്കമരങ്ങൾ പൂത്തുലയും പോലൊരു അനുഭവമായിരുന്നു തങ്ങൾക്ക്! ഈ വാർത്ത തങ്ങളുടെ നാട്ടുകാരും വീട്ടുകാരും ഒന്നും അറിഞ്ഞിരിക്കില്ല. പെസഹാതിരുനാൾ കഴിഞ്ഞ് മടങ്ങിയെത്തിയവരിൽ നിന്നും നാഥന്റെ അതിദാരുണമായ മരണവിവരമറിഞ്ഞ് കണ്ണീരിൽ ആഴ്ന്നു കഴിയുകയാവും ബന്ധുമിത്രാദികൾ. അവരുടെ പക്കലേക്ക് ഉയിർത്തെഴുന്നേല്പിന്റെ സുവിശേഷവുമായി തങ്ങളാവും ആദ്യം കടന്നു ചെല്ലുക!

ഗലീലായുടെ മണ്ണിൽ കാലൂന്നിയപ്പോൾ തങ്ങൾ കരുതിയ അതേ നിരാശാന്തരീക്ഷം. നാഥനെയോർത്ത് വിലപിക്കുന്ന ഓരോ ഗ്രാമാന്തരത്തിലേയ്ക്കും ഗൃഹാന്തരത്തിലേയ്ക്കും പാഞ്ഞുചെന്ന് സത്യം വിളിച്ചറിയിച്ചു.

ശിഷ്യന്മാരുടെ നിലനില്പിനുവേണ്ടി കെട്ടിച്ചമച്ച നുണക്കഥയായി ഈ സദ്വാർത്തയെ കരുതിയവരുണ്ടാവാം. എന്നാൽ കാണാതെ വിശ്വസിച്ച ഭാഗ്യവാന്മാരും കുറവായിരുന്നില്ല.



www.malankaralibrary.com

തങ്ങൾക്കുമുമ്പേ ഗലീലായിലെത്തുമെന്നു പറഞ്ഞവനെ ശിഷ്യർ എല്ലായിടത്തും തെരഞ്ഞു. ആ ഉത്ഥിതമുഖം വീണ്ടും വീണ്ടും കാണാൻ എന്തൊരു ദാഹം! എങ്ങും കാണാതായപ്പോൾ വീണ്ടും വട്ടംകൂടിയിരുന്ന് ആകുലതകളും പ്രതീക്ഷകളും കെട്ടുപിണയുന്ന ഒരുപിടിച്ചിന്തകൾ ഓരോരുത്തരും വിളമ്പിക്കൊണ്ട് പകൽ കഴിച്ചുകൂട്ടി. ഭാവിയെപ്പറ്റി യാതൊരു നിശ്ചയവുമില്ല. പഴയതുപോലെ ഗുരുനാഥൻ തുടർന്നും തങ്ങളെ കൂട്ടി സഞ്ചരിച്ചു പ്രസംഗിക്കുമോ? ഒരുപക്ഷെ, ഇനിയുമായിരിക്കുമോ സകലരും കാത്തുകഴിയുന്ന ആ അനന്യരാജ്യസ്ഥാപനം. ആ രാജ്യത്തിൽ തങ്ങളോരോരുത്തരും ആരെല്ലാമായിത്തീരും? ഒന്നും വ്യക്തമല്ല.

പക്ഷെ എന്തായാലും ഒരു കാര്യം അവർക്കറിയാം. നാഥൻ കൂടെയില്ലെങ്കിൽ തങ്ങൾക്കു സ്വയം യാതൊന്നും ചെയ്യാനാവില്ല. അപ്പോൾ പിന്നെ അവരവരുടെ വീടുകളിലേയ്ക്കു മടങ്ങുകയേ മാർഗ്ഗമുള്ളൂ. കഴിയുന്ന സഹായങ്ങൾ വീട്ടുകാർക്കു ചെയ്തുകൊണ്ട് ജീവിക്കുക. ഈ ചിന്തകളോടെ പത്രോസ് എല്ലാവരോടും പറഞ്ഞു: "ഞാൻ മീൻ പിടിക്കാൻ പോവാ."

അതുപറഞ്ഞ് കഫർണാമിലെ വീട്ടിൽ നിന്നും വല വലിച്ചെടുത്ത് ഗലീലാക്കടൽത്തീരത്തേക്കു ചാടിയിറങ്ങി. വീട്ടുകാർക്കുമാത്രമല്ല, തങ്ങൾക്കുപോലും കഴിയാനുള്ള വക കൈവശമില്ല. ആകെയുണ്ടായിരുന്ന തുട്ടുകളുമായി ആ കശ്മലൻ കടന്നു കളഞ്ഞല്ലോ! അപ്പോൾ പിന്നെ മീൻ പിടിച്ചു വിറ്റ് അന്നന്നത്തെ അപ്പമെങ്കിലും വാങ്ങാം.

"എന്നാൽ ഞങ്ങളും വരുന്നു പത്രോസേ...." വട്ടം കൂടിയിരുന്ന തോമ്മായും ശിഷ്യസഹോദരന്മാരായ യാക്കോബും യോഹന്നാനും നഥാനിയേലും അന്ത്രയോസും പീലിപ്പോസും അതുപറഞ്ഞ് പത്രോസിന്റെ പിന്നാലെ നടന്നിറങ്ങി.

ഗലീലാക്കടലിലെ അലമാലകൾ കൈകൾ നീട്ടി മാടിവിളിക്കുന്നതുപോലെ അവർക്കു തോന്നി.

ഭൂമികന്യക ഇരുട്ടിന്റെ മൂടുപടം വലിച്ചു മുഖത്തിട്ടു കഴിഞ്ഞു. പഴയ മീൻപിടുത്തക്കാരന്റെ കരവിരുതോടെ പണിചെയ്യാനുള്ള സൗകര്യാർത്ഥം കുപ്പായം അഴിച്ചുവച്ച്, ഒരു തോർത്തുടുത്ത്, വഞ്ചിയിലിരുന്ന്, വലിയ വല വലിച്ച് അലകടലിലേക്കെറിയുകയാണ്. കുറച്ചു കഴിഞ്ഞ് വലവലിച്ചു കയറ്റി. ശൂന്യം. വീണ്ടും എറിഞ്ഞു. അതും വിഫലം. വീണ്ടും വല വിരിച്ചു. എന്നിട്ടും വിശേഷമൊന്നുമില്ല. രാത്രി മുഴുവൻ ഈ വേല തുടർന്നു.



www.malankaralibrary.com

ഫലമോ വിയർപ്പും തളർച്ചയും നിരാശയും. പണി നിർത്തി വഞ്ചി തീരത്തേയ്ക്കു തിരിച്ചു തുഴഞ്ഞു.

മൂടൽ മഞ്ഞിൽ ആരോ തീരത്തു വന്നു തങ്ങളെ കാത്തു നിൽക്കുന്ന പോലൊരു തോന്നൽ. പത്രോസ് സൂക്ഷിച്ചു നോക്കി. അപ്പോൾ കാത്തു നിൽക്കുന്നവന്റെ ആർദ്രമൊഴികൾ ഉയർന്നു: "മക്കളേ, മീൻ വല്ലതും കിട്ടിയോ?"

തിരമാലകളുടെ ആരവത്തിനിടയിൽ സ്വരം ആരുടേതെന്നു തിരിച്ചറിയാനായില്ല. എങ്കിലും പറഞ്ഞു: "ഇല്ല"

"വഞ്ചിയുടെ വലതു വശത്തു വല വീശ്"

പത്രോസ് കരുതി, ഒരുപക്ഷെ, തന്നെക്കാൾ മിടുക്കനായൊരു മീൻ പിടുത്തക്കാരനാവും ഇതു നിർദ്ദേശിക്കുന്നത്. അതിനാൽ ഒരു പരീക്ഷണം കൂടി ആവട്ടെ.

ചുരുട്ടിവച്ച വല എടുത്തുപൊക്കി, ആയമെടുത്തു സ്വയം ഒരു വട്ടം കറങ്ങി പറഞ്ഞു തന്ന സ്ഥലത്തേക്ക് പത്രോസ് ചുറ്റി വലിച്ചൊരു വീശ്. ജിജ്ഞാസയോടെ വല വലിച്ചുനോക്കി. ചലിക്കുന്നില്ല.

അത്രയേറെ ഭാരം വലയിൽ തിങ്ങിയിരിക്കുന്നു. പെട്ടെന്നു പത്രോസിൽ ഒരോർമ്മ നിറഞ്ഞു. മൂന്നാണ്ടുകൾക്കുമുമ്പ് ഇതേ കടലിൽ രാത്രി മുഴുവൻ പ്രയത്നിച്ചിട്ടും മീൻ കിട്ടാതിരുന്നകാര്യം. ആരോപറഞ്ഞ പ്രകാരം വല വിരിച്ചപ്പോൾ വലനിറയെ മീൻ കിട്ടുകയും ചെയ്തു. ആ മഹാനുഭാവൻ തന്നെയാവുമോ ഇതും?

ഈ ഓർമ്മകളോടെ കരയിൽ നിൽക്കുന്ന ആളിനെ പത്രോസ് ഒന്നുകൂടി സൂക്ഷിച്ചുനോക്കി. യോഹന്നാനും ജിജ്ഞാസയോടെ കരയിലേയ്ക്കു നോക്കി. ഇപ്പോൾ മൂടൽമഞ്ഞ് നേർത്തുവരുന്നു. ധവളാംബരധാരിയായി തീരത്തു നില്ക്കുന്നത് ആരെന്ന് ആദ്യം തിരിച്ചറിഞ്ഞതു യോഹന്നാൻ. ആവേശഭരിതനായി അയാൾ വിളിച്ചു പറഞ്ഞു.

"അതു നമ്മുടെ നാഥനാണ്!"

അതുകേട്ട ഉടൻ പത്രോസ് കുനിഞ്ഞ്, വഞ്ചിപ്പടിയിൽ അഴിച്ചുവച്ച കുപ്പായം എടുത്ത് ധൃതിയോടെ തലയിലൂടെ താഴ്ത്തിയിറക്കി കടലിലേക്ക് എടുത്തൊരു ചാട്ടം.



www.malankaralibrary.com

വള്ളം തുഴഞ്ഞെത്തുന്നതുവരെ പത്രോസിനു കാത്തിരിക്കാൻ വയ്യ. ക്ഷീണമെല്ലാം മറന്ന് ശക്തിയോടെ കുതിച്ചുനീന്തി, തീരത്തേക്കു പാഞ്ഞു.

മറ്റു ശിഷ്യന്മാരും തിടുക്കത്തിൽ വലവലിച്ചു വഞ്ചിയിൽ കയറ്റി ഇരുവശത്തും പങ്കായമാഴ്ത്തിത്തുഴഞ്ഞ് പത്രോസിന്റെ പിന്നാലെ കരപറ്റി.

കടൽക്കരയിൽ നനഞ്ഞ മണ്ണിനുമപ്പുറം ആരോ തീക്കനലുകൾ കൂട്ടിവച്ചിരിക്കുന്നു. ജ്വലിക്കുന്ന തീക്കട്ടകളുടെ മുകളിൽ ചുട്ടെടുക്കാനായി ഒരു മത്സ്യം. അടുത്തു തന്നെ സാമാന്യം വലിയ ഒരു അപ്പവും. എല്ലാം ഒരുക്കിവച്ചു കാത്തുനില്ക്കുന്ന ഗുരുവിനു ചുറ്റും അവർ ആദരവോടെ നിരന്നു.

യേശു ആവശ്യപ്പെട്ടു: "ഇപ്പോൾ നിങ്ങൾ പിടിച്ച മത്സ്യത്തിൽ കുറെ കൊണ്ടുവരുവിൻ." അതു കേട്ടയുടൻ പത്രോസ് വഞ്ചിയിലേക്കു ചാടിക്കയറി. മീൻ നിറഞ്ഞ വല ഒരു വിധത്തിൽ വളരെ ക്ലേശിച്ചു പിടിച്ചു വലിച്ചു കരയിലെത്തിച്ചു. മുഴുത്ത അഞ്ചാറുമീൻ ഞൊടിയിടയിൽ വാലിൽ തൂക്കിയെടുത്തു പത്രോസ്, ഗുരുവിന്റെ പക്കലെത്തി. അതും തീക്കനലുകൾക്കു മുകളിൽ നിരത്തി.

അപ്പോഴും കിടന്നു പിടയ്ക്കുന്ന മീൻ ശേഖരത്തിലേക്കു പീലിപ്പോസ് ഒരേകദേശനോട്ടം നോക്കി എണ്ണി. നൂറ്റമ്പത്തിമൂന്ന്. അതു ശരിയായിരിക്കാം. അല്ലെങ്കിൽപോലും വീണ്ടും എണ്ണുവാനുള്ള മനോഭാവമില്ല. എല്ലാ കണക്കും മറന്നു തനിക്കു നാഥന്റെ മുഖം നോക്കി നില്ക്കണം.

കനൽപ്പുറത്തിരുന്ന മീൻ നിരയുടെ ഒരുവശം പൊള്ളി. നാഥൻ തന്നെ കുനിഞ്ഞു താണിരുന്ന് ഓരോന്നുമെടുത്തു തിരിച്ചു പൊള്ളിച്ചു. എല്ലാം തന്റെ മക്കൾക്കു വേണ്ടിയുള്ള കരുതൽ.

രാത്രി മുഴുവൻ അദ്ധ്വാനിച്ചു തളർന്ന അവർക്കു വേണ്ടി എല്ലാം ഒരുക്കി വച്ചു വിളിച്ചു: "മക്കളെ വന്നു പ്രാതൽ കഴിക്ക്."

ക്ലയോപ്പാസിന്റെ വീട്ടിൽച്ചെന്ന് അവർക്കു ആഹാരം വിളമ്പിയോൻ ഇവിടെ ശിഷ്യന്മാരുടെ ദേശത്തും ആതിഥേയനാവുകയാണ്.

അവർ ഗുരുവിനൊപ്പം മണൽപ്പരപ്പിൽ പടിഞ്ഞിരുന്നു. നാഥൻ അപ്പമെടുത്ത് മുറിച്ച് ഓരോരുത്തർക്കും കൊടുത്തു. പിന്നെ ചുട്ടെടുത്ത മീനും.

ആരും ഒരക്ഷരം ഉരിയാടാതെ ഗുരുമുഖത്തുതന്നെ ആവേശത്തോടെ നോക്കിയിരുന്ന് കഴിച്ചു. ഭക്ഷിച്ചു തൃപ്തിയോടെഴുന്നേറ്റു കടൽ ജലത്തിൽ



www.malankaralibrary.com

വായ് കഴുകി തിരികെ ഗുരുവിന്റെ ചാരത്തുതന്നെ നിരന്നിരുന്നു. നേർമുമ്പിലിരിക്കുന്ന പത്രോസിനെത്തന്നെ സസൂക്ഷ്മം നോക്കിയിരിക്കുകയാണ് ഗുരു. പത്രോസിന്റെ ഹൃദയത്തിൽ ഒരു കൊള്ളിയാൻ മിന്നി. വളരെ വിരളമായേ ഗുരുനാഥൻ ഇപ്രകാരം തന്നെ നോക്കിയിട്ടുള്ളൂ. അപ്പോഴെല്ലാം ഇതര ശിഷ്യരിൽ നിന്നു വ്യതിരിക്തമായി പല പദവികളും തനിക്കു കല്പിച്ചു തരികയും ചെയ്തു. അതേ നോട്ടത്തിലിരുന്നു നാഥൻ ആരാഞ്ഞു.

"യോനയുടെ മകനായ ശിമയോനേ, ഇവരിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുണ്ടോ?"

"ഉവ്വ്, നാഥാ, ഞാനങ്ങയെ സ്നേഹിക്കുന്നു." ചോദ്യം തീർന്നയുടൻ പത്രോസിന്റെ മറുപടി.

നാഥൻ മൊഴിഞ്ഞു: "നീ എന്റെ ആടുകളെ എനിക്കായി മേയിക്കുക."

ആടുകൾ എന്തിന്റെ പ്രതീകമാണെന്ന് ശിഷ്യമുഖ്യനറിയാം. കളഞ്ഞുപോയ ആടിന്റെ കഥ പറഞ്ഞ് അതിനെ തെരഞ്ഞു നടക്കുന്ന നല്ലിടയനാണു താനെന്നു വ്യക്തമാക്കിയ നാഥനാണ് ഇതു പറയുന്നത്.

ആ ഇടയൻ വീണ്ടെടുത്ത ആടുകളെ തീറ്റിപ്പോറ്റുവാനുള്ള ഭാഗ്യം എത്രയോ വലുതാണ്. രാജാക്കന്മാരെ ഗ്രീസിലെ ഹോമർ വിളിച്ചിരുന്നത് 'ഇടയൻ' എന്നാണെന്നും കേട്ടിട്ടുണ്ട്. ഇത്തരം ആത്മാഭിമാനത്തോടെ പത്രോസ് ഇരിക്കുമ്പോൾ വീണ്ടും ചോദ്യം.

"യോനയുടെ മകനായ ശിമയോനെ നീ എന്നെ സ്നേഹിക്കുന്നുണ്ടോ?"

കടലിരമ്പലിൽ തന്റെ ആദ്യമറുപടി ഗുരുനാഥന്റെ കർണ്ണങ്ങളിൽ വ്യക്തമാകാതെ പോയിരിക്കും എന്നു കരുതി പത്രോസ് തന്റെ ഉത്തരം ആവർത്തിച്ചു.

"ഉവ്വ്, നാഥാ ഞാനങ്ങയെ സ്നേഹിക്കുന്നവെന്ന് അങ്ങ് അറിയുന്നുണ്ടല്ലോ."

"നീ എന്റെ കുഞ്ഞാടുകളെ മേയിക്കുക."

എന്നിട്ടും മതിയാകാത്തപോലെ വീണ്ടും നാഥന്റെ ചോദ്യമുയർന്നു.



www.malankaralibrary.com

“യോനയുടെ മകനായ ശിമയോനെ നീ എന്നെ സ്നേഹിക്കുന്നു ണ്ടോ?”

ഉത്തരം കേൾക്കാതെയല്ല പേർത്തും പേർത്തുമുള്ള ഈ ചോദ്യങ്ങളെ ന്നു വ്യക്തമായപ്പോൾ പത്രോസിന്റെ ഹൃദയം ചുട്ടുപൊള്ളി. പൊട്ടിക്കര ഞ്ഞുകൊണ്ടാണതിനുത്തരം കൊടുത്തത്.

“നാഥാ അങ്ങെല്ലാം അറിയുന്നല്ലോ. ഞാനങ്ങയെ സ്നേഹിക്കുന്നു വെന്നും അങ്ങയ്ക്കറിയാമല്ലോ.”

“നീ എന്റെ പെണ്ണാടുകളെ മേയിക്കുക.”

സ്ത്രീ പുരുഷന്മാരും കുഞ്ഞുങ്ങളുമടങ്ങുന്ന ലോകമനുഷ്യപ്രതീക മായ അജഗണത്തിനു മുമ്പിൽ അവയുടെ ആവശ്യങ്ങളറിഞ്ഞുണരാൻ വര മരുളപ്പെട്ട പത്രോസ് ഒരു വിസ്മയഭാവത്തോടെ ഇരുന്നുപോവുകയാണ്. ഈ പരമദൗത്യം തനിക്കുമാത്രം തരാൻ കാരണമെന്തെന്നു ചിന്തിക്കു ന്തോറും പത്രോസിനു വല്ലാത്ത അസ്വസ്ഥത. ആദ്യം മുതൽ മുഖ്യസ്ഥാനം തനിക്കാണു തന്നിരുന്നതെന്നുള്ളതു സത്യം. എന്നാൽ താൻ ചതിയനാണ്. യൂദായെപ്പോലെതന്നെ ചതിയൻ. ആത്മനാഥനെ അറിയുക പോലു മില്ലെന്നു കോഴികൂവും മുമ്പ് മൂന്നുതവണ ആണയിട്ടു നിഷേധിച്ച നീചനാ ണു താൻ. കഴിഞ്ഞ രണ്ടുതവണ പ്രത്യക്ഷനായപ്പോഴും നാഥൻ ഇക്കാര്യ ത്തിൽ തന്നെ ശപിക്കാതിരുന്നതിൽ അത്ഭുതപ്പെടുകയായിരുന്നു. ‘ഇവനു ദുരിതം! ഇവൻ പിറക്കാതെ പോയെങ്കിൽ അതായിരുന്നു ഇവനു നല്ലത്’ എന്നു യൂദായെപ്പറ്റി പറഞ്ഞ ഗുരുനാഥൻ പക്ഷെ, ഈ ഗുരുനിന്ദകനെ ഇതാ ഇടയപദവി തന്ന് അനുഗ്രഹിക്കുന്നു.

ഒരുപക്ഷെ ദൈവിക പദ്ധതിയിൽ യൂദായുടെ നീചത്വത്തിന് നിവൃത്തീ കരണധർമ്മം തെല്ലുമില്ലായ്കയാലാവാം അവന്റെ ജന്മം ശാപാർഹമായത്. പാപികളുടെ കൈകളിൽ ഏൽപ്പിക്കപ്പെടണം എന്നതു മാത്രമാണാ ദൈവികപദ്ധതി. എന്നാൽ തന്റെ ഗുരുനിന്ദ പശ്ചാത്താപവിവശമായ ഒരു വലിയ മടങ്ങിവരവിനു വേണ്ടിയുള്ള നിയോഗമായിരുന്നോ?

മൂന്നുതവണ ഗുരുവിനെ തള്ളിപ്പറഞ്ഞതിനുള്ള പ്രതിക്രിയാപ്രായശ്ചി ത്തമായിരുന്നില്ലേ ഇപ്പോഴത്തെ തന്റെ സ്നേഹസാക്ഷ്യത്തിന്റെ മൂന്ന് ആവർത്തനങ്ങൾ.

ഇതോടെ തനിക്കു മാത്രമല്ല, ശിഷ്യഗണത്തിനാകമാനം ഒരു നവോ ന്മേഷമുണ്ടായിരിക്കുന്നു. നാഥന്റെ ഓരോ തവണത്തേയും പ്രത്യക്ഷീകര



www.malankaralibrary.com

ണം തങ്ങളിൽ പുതിയ ഉൾക്കാഴ്ചകൾ സമ്മാനിക്കുന്നു.

നിത്യനായ വചനത്തിന്റെ ദുരൂഹാവരണം കടന്ന് ആഴപ്പൊരുൾ ഗ്രഹിക്കാൻ വരം ലഭിച്ചുകൊണ്ടിരിക്കുന്നു.

ഗലീലായിലേക്കു വന്നപ്പോൾ ഈ ഉൾത്തെളിവുണ്ടായിരുന്നില്ല. എന്നാലിപ്പോൾ ഭാവിയുടെ ദീർഘപഥം ഉള്ളിൽ തെളിഞ്ഞുണരുന്നു. ആ വഴിയിലൂടെ ആടുകളെ തെളിക്കുന്ന ഇടയരായി നിവർന്നു നടക്കാൻ കരളുറപ്പുണ്ടാകുന്നു.

ഇനി, ഈ സ്വദേശത്തെ അഭയകുടീരമാക്കുക വയ്യ. ബന്ധുമിത്രാദികൾക്കു മാത്രമായി ജീവനർപ്പിക്കാനും വയ്യ. അതിനാൽ തിരിഞ്ഞു നടക്കുക. ജറുസലേമിലേയ്ക്കു തന്നെ. അവിടെ തങ്ങളെ കാത്തിരിക്കുന്ന ഒരു പറ്റം സഹചരന്മാരുണ്ട്.

നാഥന്റെ പ്രത്യക്ഷവൃത്താന്തം അവരെ അറിയിക്കണം. അതിലെല്ലാം വലുത്, യഹൂദജനത്തിന്റെ സിരാകേന്ദ്രമായ ജറുസലേമിൽത്തന്നെ ഗുരുവചനത്തിന്റെ ആദ്യവിത്തു കുഴിച്ചിടുക. പിന്നീടാവട്ടെ സ്വദേശമായ ഈ ഗലീലായിലും സമീപദേശങ്ങളിലും.

ഈ ലക്ഷ്യത്തോടെ ശിഷ്യർ യാത്രയായി. ജറുസലേമിൽത്തന്നെ മടങ്ങിച്ചെന്നു.

തിരുവചനപ്പൊരുളറിയിച്ചുള്ള ഗുരുസാന്നിദ്ധ്യം ഇവിടെയും ശിഷ്യർക്ക് ശക്തിദായകമായിരുന്നു.

പഴയ നിയമ വ്യാഖ്യാനങ്ങൾ ദൈവപുത്രനിൽ എപ്രകാരം ആവിഷ്കൃതമായിരിക്കുന്നു എന്ന സത്യം ശിഷ്യഹൃദയങ്ങളിൽ തെളിഞ്ഞു തെളിഞ്ഞു ജ്വലിച്ചു വരുന്നു.

ജ്ഞാനദാന പരമ്പരകളുടെ ഒടുവിൽ നാഥൻ ഒരു സാർവ്വത്രിക ദൗത്യം ഭരമേൽപ്പിക്കുകയാണ്.

"സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വഅധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ ജറുസലേമിൽ നിന്നാരംഭിച്ച് സകല ജനങ്ങളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് അനുതാപത്തിന്റെ സ്നാനമേൽക്കുന്നവൻ രക്ഷപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും. ഞാൻ നിങ്ങളോടു കല്പിച്ചവ എല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. എക്കാലവും ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും."



www.malankaralibrary.com

ഇതരുളുന്നതു നാഥനു ഹൃദയഹാരിയായ ബഥാനിയാ ഗ്രാമത്തിനടുത്തുള്ള ഒലിവുമലയിലായിരിക്കുമ്പോൾ. പരമപിതാവുമായി പ്രാർത്ഥനയിൽ ഒന്നുചേരാൻ പലപ്പോഴും തെരഞ്ഞെടുത്ത സ്വച്ഛശാന്തമായ മല.

യഹൂദജനതയുടെ മതജീവിതത്തിൽ വലിയ സ്ഥാനമുള്ള മലയാണിത്. ലോകത്തിന്റെ ഏതുഭാഗത്തും മരിച്ചടക്കപ്പെടുന്ന എല്ലാ യഹൂദന്മാരുടെയും ശവശരീരങ്ങൾ ഭൂമിക്കടിയിലൂടെ താനേ നിരങ്ങി സഞ്ചരിച്ച് ഈ ഒലിവുമലയുടെ വിസ്തൃതമായ അന്തർഭാഗത്ത് അടിഞ്ഞു കിടക്കുകയും അവരോരുത്തനും ഈ മലമുകളിൽ ഒരുനാൾ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുമെന്ന് യഹൂദ റബ്ബിമാരുടെ പാരമ്പര്യത്തിൽ പറയുന്നു. അതിനാൽ പ്രതീക്ഷയുടെ മലയാണിതെന്നു പറയാം. പ്രതീക്ഷ അറ്റുപോകാതിരിക്കാൻ ശിഷ്യഹൃദയങ്ങളിൽ വെളിച്ചം തൂകി നിന്ന നാഥൻ തന്റെ കർമ്മജീവിതത്തിന്റെ പൂർണ്ണതയ്ക്കായി ഈ മലതന്നെ തെരഞ്ഞെടുത്തത് എത്ര അർത്ഥപൂർണ്ണം.

മരണ കുടീരത്തിൽ നിന്നും പുനരവതരിച്ചതിന്റെ നാല്പതാം നാളാണിന്ന്. കൂടെയുള്ളത് അമ്മയും അപ്പോസ്തലന്മാരും മാത്രമല്ല. നാഥന്റെ വാക്കാൽ പുനർജ്ജീവിക്കപ്പെട്ട ലാസറും ചോരനീരിറ്റു വീണ് കൺതുറക്കപ്പെട്ട ലോഞ്ചിനൂസും യഹൂദപ്പാളയങ്ങളിലെ ജഡികാചാരങ്ങളിൽ നിന്നും നാഥന്റെ പുതിയ ആകാശവും പുതിയ ഭൂമിയും കണികണ്ടുണരാൻ ഇറങ്ങിത്തിരിച്ച മനോശുദ്ധരും. അപ്പസ്തലന്മാരെ കൂടാതെ എഴുപത്തിരണ്ടു പ്രഘോഷകരെ കൂടി തെരഞ്ഞെടുത്ത് നാനാദേശത്തേക്കും നാഥൻ അയച്ചിരുന്നല്ലോ. ഉൽപ്പത്തി ഗ്രന്ഥപ്രകാരം ലോകത്താകെയുള്ള എഴുപത്തിരണ്ടു ജനതകൾക്കും വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഇവരും കൂട്ടത്തിലുണ്ട്. ആകെക്കൂടി ഏതാണ്ട് അഞ്ഞൂറോളം വരുന്ന ശിഷ്യഗണം.

അവരെ അവിടെ നിർത്തി ഒലിവുമലയുടെ നെറുകയിലേക്ക് നാഥൻ കയറിത്തുടങ്ങി. മുകളിലെത്തി ജനാഭിമുഖമായി നിന്നു. വചനത്തിൽ നിന്നുരുവായ ശരീരം അഥവാ വചനമായ ശരീരം, വചനം തന്നെയായ സൃഷ്ടാവിൽ തിരികെച്ചെന്നുചേരാനുള്ള സമയമായിരിക്കുന്നു. വചനമായ ഈ ദേഹം മനുഷ്യദൃഷ്ടികളിൽ നിന്നു മറഞ്ഞു കഴിഞ്ഞാലും അതിന്റെ സ്പന്ദനം അശ്ശരീരിയായി അവരുടെ ഹൃദയകർണ്ണങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കും. കാലക്രമേണ, അത് ഈ വിശ്വത്തിന്റെ ഹൃദയത്തുടിപ്പായി മാറും.

നാഥൻ, പ്രശാന്തദീപ്തമിഴികളാൽ സകലരെയും കണ്ടു. തങ്ങൾക്കു വേണ്ടി കുത്തിത്തുളയ്ക്കപ്പെട്ട ഇരുകരങ്ങളും അവർക്കുനേരെ നീട്ടി.



www.malankaralibrary.com

അനുഗ്രഹത്തിന്റെ അദൃശ്യരശ്മികൾ അവരുടെ ഹൃദയങ്ങളിൽ സമൃദ്ധ വർഷമായി.

പിന്നെ, പാദങ്ങൾ പതുക്കെ ഉയരുകയായി. താനേ മുകളിലേയ്ക്ക്, മുകളിലേയ്ക്ക്! പറന്നിറങ്ങിയ വെൺമേഘക്കീറിൽ തേജസ്വരൂപൻ മറയുകയായി. നിത്യസത്യപൊരുളായി ഉള്ളിൽ നിറയുകയായി.



www.malankaralibrary.com

## സഹായകകൃതികൾ


| | | |
|---|---|---|
| സുവിശേഷങ്ങൾ | - | വി.മത്തായി, വി.മർക്കോസ്, വി.ലൂക്കോസ്, വി.യോഹന്നാൻ |
| The Life of Christ | - | Guiseppe Ricciotti |
| Life of Christ | - | Fulton J. Sheen |
| ക്രിസ്തുദേവചരിതം | - | മഹാകവി ഇടയാറന്മുള കെ.എം. വർഗീസ് |
| ക്രിസ്തു ഭാഗവതം | - | പ്രൊഫ. പി.സി. ദേവസ്യ |
| യേശുദേവൻ | - | കെ.പി. കേശവമേനോൻ |
| ക്രിസ്തുദർശനം | - | ഡോ. ജെ. കട്ടയ്ക്കൽ |
| അന്ത്രയോസ് മുതൽ യൂദാസ് വരെ | - | ബിജു ഐസക് |
| വേദപുസ്തക വിജ്ഞാന സംഗ്രഹം | - | റവ. എം.എസ്. ജോൺ |
| ബൈബിൾ വ്യാഖ്യാനം | - | ഡോ. തോമസ് കയ്യാലപ്പറമ്പിൽ |
| വിശ്വാസ സംഹിത | - | ചങ്ങനാശ്ശേരി അതിരൂപത |
| ആ മനുഷ്യസ്നേഹി | - | സന്തോഷ് |
| ക്രിസ്തുവാകുന്ന വെളിച്ചം | - | ഫാ. സേവ്യർ ചെറുപള്ളിക്കാട്ട് |
| സുവിശേഷങ്ങൾ ഒരാമുഖം | - | ഡോ. ജെ. പാത്രപാങ്കൽ |
| സുവിശേഷ പശ്ചാത്തലങ്ങൾ | - | ഫാ. വൈൻ ഗാർഡ്സ് |
| ഗിരി പ്രഭാഷണം | - | ചങ്ങനാശ്ശേരി അതിരൂപത |
| Vita di Gesu Christo | - | (പരിഭാഷ) വി.സി. ജോർജ്ജ് |
| ദൈവമനുഷ്യന്റെ സ്നേഹഗീത (5 വാല്യങ്ങൾ) | - | മരിയ വാൾതോർത്ത |
| കർത്താവിന്റെ നാട്ടിലൂടെ | - | ഫാ. ജോസഫ് കാപ്പിൽ |




www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com





## പീറ്റർ സി. ഏബ്രഹാം

യേശുക്രിസ്തുവിന്റെ രക്ഷാകരജീവിതത്തെ, അതിന്റെ മഹത്വം ഒട്ടും നഷ്ടപ്പെടാത്ത രീതിയിൽ, ഹൃദ്യമായ വർണ്ണനയോടുകൂടി, പണ്ഡിതനും പാമരനും ഒരുപോലെ സ്വീകാര്യമായ വിധത്തിൽ അവതരിപ്പിക്കുവാൻ ശ്രീ. പീറ്ററിനു കഴിഞ്ഞിരിക്കുന്നു. ഇത്തരത്തിലുള്ള അദ്ദേഹത്തിന്റെ കഴിവ് അദ്ദേഹത്തിന്റെ മറ്റു കൃതികളിലൂടെ നാം അറിഞ്ഞിട്ടുള്ളതാണ്. തിരുവചനത്തോടുള്ള തികഞ്ഞ ഭക്തിയും ദൈവാത്മനിറവും ഉള്ള ഒരു വ്യക്തിക്കുമാത്രമേ ദൈവികകാര്യങ്ങൾ ശുദ്ധമായ ഭാവനകളിൽ ചാലിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഒരളവുവരെ വിജയിക്കാൻ കഴിഞ്ഞ ശ്രീ. പീറ്റർ തീർച്ചയായും അനുഗ്രഹീതനാണ്. നേടിയെടുത്ത അറിവും, പൈതൃകമായി ലഭിച്ച ദൈവഭയവും, പ്രാർത്ഥനാഭിരുചിയും അദ്ദേഹത്തിന്റെ തൂലികയെ ശക്തമാക്കിയെന്നതിൽ സംശയമില്ല.

**— മോസ്റ്റ് റവ. ഡോ. സിറിൽ മാർ ബസേലിയോസ്.**

ക്രിസ്തുവിന്റെ മനോഹരമായ ജീവിതകഥയാണ് പീറ്റർ സി. ഏബ്രഹാമിന്റെ 'ക്രിസ്തുദേവൻ'. യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങൾ ഉള്ളിൽ തട്ടും വിധം ഉജ്ജ്വലമായി ഗ്രന്ഥകാരൻ ആവിഷ്കരിച്ചിരിക്കുന്നു. പ്രബോധനങ്ങൾ, പ്രത്യേകിച്ചും ഉപമകളിൽ കൂടിയുള്ളവ ജീവൻ തുടിക്കുന്ന പദങ്ങളാൽ മിഴിവോടെ അവതരിപ്പിച്ചിരിക്കുന്നു. ആഖ്യാനത്തിന് സംവിധാനസൗന്ദര്യം സംലബ്ധമായിരിക്കുന്നു. ഭാഷയ്ക്ക് ഓജസ്സും സഹജമാണ്. ഇത് അത്യധികം പാരായണക്ഷമമാണ്. ആഖ്യാനം ആദ്യന്തം അനർഗ്ഗളമാണ്; കാന്തിയും മൂല്യവുമുള്ളതാണ്. സ്വർണ്ണത്തോടൊപ്പം സുഗന്ധവുമുള്ള ഒരു ദിവ്യനിധിയാണ് ഈ ജീവചരിത്രം എന്നു പറയാൻ ഞാൻ മടിക്കുന്നില്ല.

**— ഡോ. കെ. എം. തരകൻ.**

www.malankaralibrary.com